# ശ്രീവാല്മീകിരാമായണം

(അയോദ്ധ്യാകാണ്ഡം)

VALLATHOL GRANDHALAYAM

വള്ളത്തോൾ

# ശ്രീവാല്മീകിരാമായണം

വൃത്താനുവൃത്തതർജ്ജമ

## അയോധ്യാകാണ്ഡം

Digitized By Kerala Sahitya Akademi

കോപ്പി 750 വില 3ക. 8ണ.

(പരിഷ്കരിച്ച രണ്ടാംപതിപ്പ്)

1950 മേയ്.

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം
ചെറുതുരുത്തി.

തൃശ്ശിവപേരൂർ
വി. പി. & പി. ഹൌസിൽ
അച്ചടിച്ചതു്.

Digitized By Kerala Sahitya Akademi

# വിഷയാനുക്രമണിക

## അയോധ്യാകാണ്ഡം


| സർഗ്ഗം | | വിഷയം | ഭാഗം |
|---|---|---|---|
| ഒന്നാം | സർഗ്ഗം | രാമാഭിഷേകചിന്തനം | 1 |
| രണ്ടാം | ,, | രാമാഭിഷേകാനുവാദം | 5 |
| മൂന്നാം | ,, | സംഭാരസംഭരണം | 9 |
| നാലാം | ,, | അഭിഷേകകാലനിർണ്ണയം | 12 |
| അഞ്ചാം | ,, | രാമോപവാസം | 16 |
| ആറാം | ,, | അഭിഷേകസന്നാഹം | 18 |
| ഏഴാം | ,, | അഭിഷേകവിഘ്നപ്രസ്താവനം. | 20 |
| എട്ടാം | ,, | മന്ഥരാകൈകേയീസംവാദം | 22 |
| ഒമ്പതാം | ,, | അഭിഷേകവിഘ്നോപായപ്രദർശനം | 25 |
| പത്താം | ,, | ക്രുദ്ധകൈകേയീദർശനം | 30 |
| പതിനൊന്നാം | ,, | കൈകേയീവരപ്രാർത്ഥനം | 33 |
| പന്തിരണ്ടാം | ,, | ദശരഥശോകം | 35 |
| പതിമ്മൂന്നാം | ,, | കൈകേയ്യനുനയം | 44 |
| പതിന്നാലാം | ,, | രാമവിവാസനനിർദ്ധാരണം | 47 |
| പതിനഞ്ചാം | ,, | അഭിഷേകസജ്ജീകരണം | 52 |
| പതിനാറാം | ,, | രാമന്റെ ദശരഥോപസ്ഥാനം | 56 |
| പതിനേഴാം | ,, | രാമന്റെ രാജഗൃഹപ്രവേശം | 60 |
| പതിനെട്ടാം | ,, | കൈകേയീരാമസംവാദം | 61 |
| പത്തൊമ്പതാം | ,, | രാമന്റെ വനയാത്രാപ്രതിജ്ഞ | 64 |
| ഇരുപതാം | ,, | കൌസല്യാവിലാപം | 67 |
| ഇരുപത്തൊന്നാം | ,, | കൌസല്യാശ്വാസനം | 71 |
| ഇരുപത്തിരണ്ടാം | ,, | ലക്ഷ്മണാശ്വാസനം | 77 |
| ഇരുപത്തിമ്മൂന്നാം | ,, | ലക്ഷ്മണകോപം | 80 |
| ഇരുപത്തിനാലാം | ,, | കൌസല്യാനുജ്ഞാപനം | 83 |
| ഇരുപത്തഞ്ചാം | ,, | സ്വസ്ത്യയനവിധാനം | 86 |
| ഇരുപത്താറാം | ,, | സീതാരാമസംവാദം | 89 |


Digitized By Kerala Sahitya Akademi

| സർഗ്ഗം. | | വിഷയം. | ഭാഗം |
|---|---|---|---|
| ഇരുപത്തേഴാം | സർഗ്ഗം | സീതാവാക്യം | 92 |
| ഇരുപത്തെട്ടാം | ,, | വനദുഃഖകഥനം | 94 |
| ഇരുപത്തൊമ്പതാം | ,, | സീതയുടെ അപേക്ഷ | 96 |
| മുപ്പതാം | ,, | സീതാഗമനാനുവാദം | 98 |
| മുപ്പത്തൊന്നാം | ,, | ലക്ഷ്മണാനുവാദം | 101 |
| മുപ്പത്തിരണ്ടാം | ,, | യാത്രാദാനം | 104 |
| മുപ്പത്തിമൂന്നാം | ,, | രാമന്റെ രാജാലയപ്രവേശം | 108 |
| മുപ്പത്തിനാലാം | ,, | ദശരഥാമന്ത്രണം | 110 |
| മുപ്പത്തഞ്ചാം | ,, | സുമന്ത്രകോപവചനം | 115 |
| മുപ്പത്താറാം | ,, | സിദ്ധാത്ഥവാക്യം | 118 |
| മുപ്പത്തേഴാം | ,, | വല്ക്കലധാരണം | 120 |
| മുപ്പത്തെട്ടാം | ,, | സീതാചീരനിവാരണം | 123 |
| മുപ്പത്തൊമ്പതാം | ,, | കൌസല്യയുടെ സദുപദേശം | 125 |
| നാല്പതാം | ,, | വനപ്രയാണം | 128 |
| നാല്പത്തൊന്നാം | ,, | അന്തഃപുരസ്ത്രീവിലാപം | 132 |
| നാല്പത്തിരണ്ടാം | ,, | ദശരഥവിലാപം | 134 |
| നാല്പത്തിമൂന്നാം | ,, | കൌസല്യാവിലാപം | 137 |
| നാല്പത്തിനാലാം | ,, | സുമിത്രാവാക്യം | 138 |
| നാല്പത്തഞ്ചാം | ,, | ബ്രാഹ്മണാനുഗമനം | 141 |
| നാല്പത്താറാം | ,, | പൌരവഞ്ചനം | 143 |
| നാല്പത്തേഴാം | ,, | പൌരനിവത്തനം | 146 |
| നാല്പത്തെട്ടാം | ,, | പൌരസ്ത്രീവിലാപം | 147 |
| നാല്പത്തൊമ്പതാം | ,, | കോസലത്യാഗം | 150 |
| ഐമ്പതാം | ,, | ഗുഹസമാഗമം | 151 |
| ഐമ്പത്തൊന്നാം | ,, | ഗുഹലക്ഷ്മണസംവാദം | 155 |
| ഐമ്പത്തിരണ്ടാം | ,, | ജടാധാരണം | 157 |
| ഐമ്പത്തിമൂന്നാം | ,, | രാമാശ്വാസനം | 165 |
| ഐമ്പത്തിനാലാം | ,, | ഭരദ്വാജദശനം | 168 |
| ഐമ്പത്തഞ്ചാം | ,, | കാളിന്ദീതരണം | 171 |
| ഐമ്പത്താറാം | ,, | ചിത്രകൂടപ്രാപ്തി | 174 |
| ഐമ്പത്തേഴാം | ,, | സുമന്ത്രപ്രത്യാഗമനം | 177 |

Digitized By Kerala Sahitya Akademi

| സർഗ്ഗം. | | വിഷയം. | ഭാഗം |
|---|---|---|---|
| ഐമ്പത്തെട്ടാം | സർഗ്ഗം | സന്ദേശകഥനം | 180 |
| ഐമ്പത്തൊമ്പതാം | ,, | ദശരഥവിലാപം | 182 |
| അറുപതാം | ,, | കൌസല്യാശ്വാസനം | 185 |
| അറുപത്തൊന്നാം | ,, | കൌസല്യാപരുഷവാക്യം | 187 |
| അറുപത്തിരണ്ടാം | ,, | കൌസല്യാപ്രസാദനം | 189 |
| അറുപത്തിമൂന്നാം | ,, | ദശരഥപാപപ്രസ്താവം | 191 |
| അറുപത്തിനാലാം | ,, | ദശരഥമരണം | 195 |
| അറുപത്തഞ്ചാം | ,, | അന്തഃപുരാക്രന്ദനം | 200 |
| അറുപത്താറാം | ,, | തൈലദ്രോണീനിവേശനം | 203 |
| അറുപത്തേഴാം | ,, | അരാജകദോഷകഥനം | 205 |
| അറുപത്തെട്ടാം | ,, | ദൂതപ്രേഷണം | 208 |
| അറുപത്തൊമ്പതാം | ,, | ഭരതദുസ്സ്വപ്നകഥനം | 210 |
| എഴുപതാം | ,, | ഭരതപ്രതിയാനം | 211 |
| എഴുപത്തൊന്നാം | ,, | ഭരതപ്രത്യാഗമനം | 214 |
| എഴുപത്തിരണ്ടാം | ,, | കൈകേയീഭരതസംവാദം | 217 |
| എഴുപത്തിമൂന്നാം | ,, | കൈകേയീഗർഹണം | 221 |
| എഴുപത്തിനാലാം | ,, | ഭരതക്രോധവാക്യം | 224 |
| എഴുപത്തഞ്ചാം | ,, | ഭരതശപഥവാക്യം | 226 |
| എഴുപത്താറാം | ,, | ദശരഥസംസ്കാരം | 231 |
| എഴുപത്തേഴാം | ,, | അസ്ഥിസഞ്ചയനം | 233 |
| എഴുപത്തെട്ടാം | ,, | മന്ഥരാമോചനം | 235 |
| എഴുപത്തൊമ്പതാം | ,, | ഭരതപ്രതിജ്ഞ | 237 |
| എണ്പതാം | ,, | ഭരതമാർഗ്ഗനിർമ്മാണം | 239 |
| എണ്പത്തൊന്നാം | ,, | സഭാസമ്മേളനം | 240 |
| എണ്പത്തിരണ്ടാം | ,, | ഭരതന്റെ വനപ്രസ്ഥാനം | 242 |
| എണ്പത്തിമൂന്നാം | ,, | ഭരതവനയാത്ര | 244 |
| എണ്പത്തിനാലാം | ,, | ഭരതഗുഹസമാഗമം | 246 |
| എണ്പത്തഞ്ചാം | ,, | ഭരതഗുഹസംവാദം | 248 |
| എണ്പത്താറാം | ,, | ഗുഹവാക്യം | 249 |
| എണ്പത്തേഴാം | ,, | രാമവൃത്താന്തകഥനം | 251 |
| എണ്പത്തെട്ടാം | ,, | ഭരതമനോരഥം | 253 |


Digitized By Kerala Sahitya Akademi

| സർഗ്ഗം. | | വിഷയം. | ഭാഗം |
|---|---|---|---|
| എണ്പത്തൊമ്പതാം | സർഗ്ഗം | ഭരതഗംഗാതരണം | 255 |
| തൊണ്ണൂറാം | ,, | ഭരതഭരദ്വാജസമാഗമം | 257 |
| തൊണ്ണൂറെറാന്നാം | ,, | ഭരതാതിത്ഥ്യം | 259 |
| തൊണ്ണൂററിരണ്ടാം | ,, | ചിത്രകൂടമാർഗ്ഗകഥനം | 265 |
| തൊണ്ണൂററിമൂന്നാം | ,, | ഭരതവനപ്രവേശം | 268 |
| തൊണ്ണൂററിനാലാം | ,, | ചിത്രകൂടവർണ്ണനം | 271 |
| തൊണ്ണൂററിഅഞ്ചാം | ,, | മന്ദാകിനീവർണ്ണനം | 273 |
| തൊണ്ണൂററി ആറാം | ,, | ഭരതാഗമനദർശനം | 274 |
| തൊണ്ണൂററിഏഴാം | ,, | ഭരതാഗമനനിർണ്ണയം | 276 |
| തൊണ്ണൂറെറട്ടാം | ,, | രാമാശ്രമദർശനം | 279 |
| തൊണ്ണൂറെറാമ്പതാം | ,, | രാമഭരതസമാഗമം | 280 |
| ഒരു നൂറാം | ,, | കുശലപ്രശ്നം | 284 |
| ഒരുനൂററി ഒന്നാം | ,, | ദശരഥമരണകഥനം | 289 |
| ഒരുനൂററി രണ്ടാം | ,, | സൈന്യസമാഗമം | 290 |
| ഒരുനൂററി മൂന്നാം | ,, | മാതൃസമാഗമം | 294 |
| ഒരുനൂററി നാലാം | ,, | രാമഭരതസംവാദം | 297 |
| ഒരുനൂററഞ്ചാം | ,, | തത്വോപദേശം | 299 |
| ഒരുനൂററാറാം | ,, | ഭരതാഭ്യർത്ഥനം | 302 |
| ഒരുനൂററിയേഴാം | ,, | ഭരതാനുനയം | 305 |
| ഒരുനൂറെറട്ടാം | ,, | ജാബാലിവാക്യം | 307 |
| ഒരുനൂറെറാമ്പതാം | ,, | ജാബാലിവാക്യഖണ്ഡനം | 308 |
| ഒരുനൂററിപ്പത്താം | ,, | വസിഷ്ഠവാക്യം | 312 |
| ഒരുനൂററിപ്പതിനൊന്നാം | ,, | വസിഷ്ഠവാക്യപ്രതിഷേധം | 314 |
| ഒരുനൂററിപ്പന്തിരണ്ടാം | ,, | പാദുകാദാനം | 317 |
| ഒരുനൂററിപ്പതിമ്മൂന്നാം | ,, | ഭരതപ്രത്യാഗമനം | 319 |
| ഒരുനൂററിപ്പതിനാലാം | ,, | ഭരതന്റെഅയോദ്ധ്യാപ്രത്യാഗമനം | 321 |
| ഒരുനൂററിപ്പതിനഞ്ചാം | ,, | നന്ദിഗ്രാമവാസം | 323 |
| ഒരുനൂററിപ്പതിനാറാം | ,, | ഋഷിപ്രസ്ഥാനം | 326 |
| ഒരുനൂററിപ്പതിനേഴാം | ,, | അത്രിദർശനം | 328 |
| ഒരുനൂററിപ്പതിനെട്ടാം | ,, | സീതാനസൂയാസംവാദം | 330 |
| ഒരുനൂററിപ്പത്തൊമ്പതാം | ,, | അത്ര്യാശ്രമനിർഗ്ഗമനം | 334 |


Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

## അയോദ്ധ്യാകാണ്ഡം

### ഒന്നാം സർഗ്ഗം: രാമാഭിഷേകചിന്തനം.

അമ്മാത്തേയ്ക്കു ഗമിക്കുമ്പോൾക്കൊണ്ടുപോയ് ഭരതൻകൂടെ
നിത്യശത്രുഘ്നനെ പ്രീത്യാ ശത്രുഘ്നനെയപാപനെ.
ഭ്രാതാവൊത്തവിടെപ്പാർത്താൻ ഭൂരിസൽക്കാരമേററവൻ,
അമ്മാമനാം യുധാജിത്താൽപ്പുത്രസ്നേഹേന ലാളിതൻ. ൨
അങ്ങു വേണ്ടുന്നതെല്ലാമേ നേടിക്കൊണ്ടു വസിക്കിലും,
ഓർത്താർ ഭ്രാതാക്കളാ വീരരച്ഛനാം വൃദ്ധഭൂപനെ.
ഓർത്താൻ തേജസ്വി രാജാവുമാ വിദേശഗപുത്രരെ,
ശത്രുഘ്നഭരതന്മാരെ, വരുണേന്ദ്രസമാനരെ: ൪
പ്രിയരല്ലോ സമമവനാ നരർഷഭർ നാൽവരും
തന്മെയ്യിൽനിന്നിട്ടുണ്ടായ നാലു കയ്യുകൾ പോലവേ;
അതിൽവെച്ചതിതേജസ്വി രാമനച്ഛന്നു തുഷ്ടിദൻ,
ഭൂതങ്ങളിൽ സ്വയംഭൂവു പോലവേ ഗുണവത്തരൻ. ൬
കുറുമ്പനാം രാവണനെക്കൊല്ലാൻ വാനോരിരക്കയാൽ
മന്നിങ്കൽജ്ജാതനാം നിത്യൻ വിഷ്ണുവല്ലോ ശരിക്കവൻ.
കൌസല്യയാസ്സുതേജസ്സാം പുത്രനാലേ വിളങ്ങിനാൾ,
ത്രിദശശ്രേഷ്ഠനാം വജ്രഭൃത്താലദിതി പോലവേ. ൮
അവനോ, സുന്ദരൻ വീര്യവാനനസൂയകൻ
മന്നിൽ നിസ്തുല്യനാം പുത്രൻ ഗുണാൽദ്ദശരഥോപമൻ.
സദാ മയത്തിൽസ്സംസാരിച്ചരുളും ശാന്തിമാനവൻ,
അങ്ങോട്ടു പരുഷം ചൊന്നാൽപ്പോലുമുത്തരമോതിടാ; ൧൦
ഉപകാരമൊരാളൊന്നെങ്ങാനും ചെയ്താൽത്തെളിഞ്ഞിടും;
സ്മരിക്കാ കരളാഴത്താ,ലൊരുനൂറപകാരവും;

Digitized By Kerala Sahitya Akademi

ശീലവൃദ്ധവയോവൃദ്ധജ്ഞാനവൃദ്ധവിശിഷ്ടരായ്
സംസാരിച്ചരുളും നിത്യമസ്ത്രാഭ്യാസാന്തരത്തിലും; ൧൨
ധീമാൻ മധുരവാക്യൻ മുൻസംസാരിപ്പോൻ പ്രിയംവദൻ
വീൎയ്യവാനെങ്കിലും, വായ്ക്കും തൻ വീൎയ്യാൽ തെളിയാത്തവൻ;
വിദ്വാൻ ഭോഷ്കുരചെയ്യാത്തോൻ വൃദ്ധരെപ്പൂജചെയ്യുവോൻ
നാട്ടാർ സ്നേഹിപ്പവൻ, സ്നേഹം നാട്ടാരിലുമിയന്നവൻ; ൧൪
ജിതക്രോധൻ ദയാശീലൻ വിപ്രരെപ്പൂജചെയ്യുവോൻ
ദീനാനുകമ്പി ധൎമ്മജ്ഞൻ നിത്യം നിയമവാൻ ശുചി;
കലാർഹബുദ്ധി, തൻക്ഷാത്രധൎമ്മത്തെ വിലവെപ്പവൻ
അതിലൂറ്റ യശസ്സാലേ വൻസ്വൎഗ്ഗഫലമേല്പവൻ; ൧൬
വിദ്വാൻ തിന്മയെക്കൊതുങ്ങാത്തോൻ ധൎമ്മമേറ്റം പെടാത്തവൻ
മേല്ക്കുമേൽ യുക്തിയിൽ ച്ചൊൽവോൻ വ്യാഴമെന്നകണക്കിനെ;
വപുഷ്മാൻ ദേശകാലജ്ഞൻ തരുണൻ രോഗവൎജ്ജിതൻ
ആളന്തരം കാണുവോൻ വാഗ്മി തീൎത്താ ലോകൈകസത്തമൻ; ൧൮
പ്രശസ്തഗുണസംയുക്തൻ പ്രജകൾക്കാ നൃപാത്മജൻ
പുറത്തുള്ളൊരുയിർക്കൊപ്പം പ്രിയനായി ഗുണങ്ങളാൽ.
നന്നായ് വിദ്യാവ്രതസ്നാതൻ സാംഗവേദാൎത്ഥകോവിദൻ
ഇഷ്വസ്ത്രത്തിലുമച്ഛന്നു മേലെയായ് ഭരതാഗ്രജൻ. ൨൦
സുശോഭനാനനായൻ നല്ലാളദീനൻ സത്യവാക്കൃജു
ധൎമ്മാൎത്ഥവിജ്ഞരാം വൃദ്ധവിപ്രന്മാരാൽസ്സുശിക്ഷിതൻ
ധൎമ്മകാമാൎത്ഥതത്വജ്ഞൻ പ്രതിഭാസ്മൃതിസംയുതൻ
നാട്ടാചാരത്തെ നിലനിൎത്തുന്നവൻ ത്രാണിയുള്ളവൻ ൨൨
വിനീതനുള്ളു കാട്ടാത്തോൻ ഗുപ്തമന്ത്രൻ സഹായവാൻ
ദാനോപാൎജ്ജനകാലജ്ഞൻ അമോഘക്രോധഹർഷവാൻ
ദൃഢഭക്തി സ്ഥിരപ്രജ്ഞൻ തിന്മയാതില്ലെട്ടത്തിടാ
സ്വദോഷപരദോഷജ്ഞൻ മടിയും തെററുമററവൻ ൨൪
കൃതജ്ഞനഥ ശാസ്ത്രജ്ഞനാൾഭേദങ്ങളറിഞ്ഞവൻ
പ്രഗ്രഹാനുഗ്രഹം വേണ്ടുംവണ്ണമേ ചെയ്തിടുന്നവൻ

Digitized By Kerala Sahitya Akademi

സത്സംഗ്രഹപ്രഗ്രഹജ്ഞൻ നിഗ്രഹസ്ഥാനപണ്ഡിതൻ
വരവികല്പപായജ്ഞൻ ചെലവും കണ്ടറിഞ്ഞവൻ ൨൬
ശാസ്ത്രവർഗ്ഗത്തിലും വ്യാമിശ്രത്തിലും മേന്മ നേടിയോൻ
അർത്ഥധർമ്മങ്ങളാർജ്ജിച്ചു സുഖം കൊൾവോനതന്ദ്രിതൻ
ക്രീഡാശില്പവിശേഷജ്ഞനർത്ഥഭാഗമറിഞ്ഞവൻ
ഗജാശ്വങ്ങളിലേറാനും പഠിപ്പിപ്പതിനും പടു ൨൮
ധനുർവേദജ്ഞരിൽ ശ്രേഷ്ഠൻ പാരിൽത്തേരാളിമാനിതൻ
ചെന്നേല്പോൻ പ്രഹരിയ്ക്കുന്നോൻ പട കൂട്ടാൻ പഠിച്ചവൻ
ക്രുദ്ധദേവാസുരന്മാർക്കും യുദ്ധത്തിങ്കൽദ്ദുരാസദൻ
അനസൂയൻ ജിതക്രോധൻ ഗർവ്വദ്വേഷവിവർജ്ജിതൻ ൩൦
ആരിലും നിന്ദയില്ലാത്തോൻ കാലത്തിൻ കീഴ്പ്പെടാത്തവൻ;
ഏവം നാട്ടാരിൽ മുന്തുന്ന നന്മയുള്ള നൃപാത്മജൻ
സമ്മതൻ മൂന്നുലകിലും, ക്ഷമാവാസ്സാലെ മന്നിനാം
ധീയാൽ വ്യാഴത്തിനും തുല്യൻ വീര്യം കൊണ്ടുമ്പർകോനുമേ; ൩൨
അച്ഛന്നൻപേകുമസ്സർവ്വപ്രജാപ്രിയഗുണങ്ങളാൽ
ശോഭിച്ചു രാമനദ്ദീപ്തരശ്മിയാം രവി പോലവേ.
ഇവ്വണ്ണമാം നടപ്പൊക്കുമവൻ ദുർദ്ധർഷവിക്രമൻ
ലോകപാലോപമൻ ഭർത്താവാകാനിച്ഛിച്ചു മേദിനി. ൩൪
പുത്രന്റെയസമാനങ്ങളാമിബ്ബഹുഗുണങ്ങളെ
കണ്ടദ്ദശരഥക്ഷ്മാപൻ വിചാരിച്ചാൻ പരന്തപൻ;
ഉണ്ടായ്, വൃദ്ധൻ ചിരഞ്ജീവി മനസ്സു നിനവിങ്ങിനെ:—
'രാമനെന്മട്ടു രാജാവാ,മീ ഞാൻ ജീവിച്ചിരിയ്ക്കവേ?' ൩൬
ഇവന്നീ നിനവാണുള്ളിൽക്കിടക്കുന്നതു മുഖ്യമായ്:—
'എന്നു ഞാനഭിഷേചിച്ചു കാണുമെന്നോമലുണ്ണിയെ?
ലോകാഭിവൃദ്ധിനിരതൻ സർവ്വഭൂതദയാപരൻ
മഴ പെയ്യുന്ന കാർ പോലെയെന്നെക്കാളും ജഗൽപ്രിയൻ; ൩൮
വീര്യത്തിൽ യമശക്രാഭൻ ബുദ്ധിയിൽദ്ധിഷണോപമൻ
നെഞ്ഞുറപ്പിൽ മലയ്ക്കൊത്തോനെന്നെക്കാൾഗ്ഗുണമേറി
[യോൻ;

Digitized By Kerala Sahitya Akademi

എനിക്കീ,യൂഴി മുഴുവനൊന്നി പാലിച്ചിട്ടന്നതായ്
ഈ വയസ്സിനകം കണ്ടു വിശ്ശ്രമിക്കാനിടയാകുമോ!' ൪൦
എന്നീയതാരു പലതുമന്യപാൎത്ഥിവദുല്ലഭം,
ലോകേ ലോകത്തിൽ മുന്തുന്ന മററു ഭവ്യഗുണങ്ങളും
അസംഖ്യമൊത്തുചേൎന്നോനാമവനെക്കണ്ടു തമ്പുരാൻ
യൌവരാജ്യത്തിൽ വാഴിപ്പാനുറച്ചാൻ മന്ത്രിമാരുമായ്: ൪൨
വ്യോമാന്തരിക്ഷോൎവ്വികളിൽബ്ഭീമോൽപാതമുദിപ്പതും
ബുദ്ധിമാനരുളിച്ചെയ്താൻ തന്നെ ചുക്കിച്ചുളിഞ്ഞതും;
മുഴുവാൎത്തിങ്കൾമുഖനാം മഹാത്മാവായ രാമനെ
ലോകം സ്നേഹിപ്പതും നണ്ണിക്കൊണ്ടാൻ നിജരാജ്യാപ്ഹം. ൪൪
തനിയ്ക്കുമങ്ങു നാട്ടാൎക്കും ശ്രേയസ്സും പ്രിയവും വരാൻ,
കാലമാവുകയാൽ പ്രീത്യാ വെമ്പിനാൻ ധാൎമ്മികൻ നൃപൻ.
നാനാനാഗരികന്മാരെ, യോരോരോ നാട്ടുകാരെയും
വരുത്തിനാൻ മന്നിൽ മികച്ചുള്ള പാൎത്ഥിവർതമ്മെയും. ൪൬
കേകയാധീശപരനെയും വിദേഹശനെയും നൃപൻ
വരുത്തീലാ തിടുക്കത്താൽ, 'പ്രിയം പിന്നവർ കേട്ടിടും.'
ഗേഹഭൂഷാദിയാൽച്ചെമ്മെ പൂജിച്ചവരെ മന്നവൻ,
പ്രജേശപരൻ പ്രജകളെപ്പോലെ കണ്ടാനലംകൃതൻ: ൪൮
അരിസൈന്യം ഹനിപ്പാൻ രാജാവിരുന്നരുളിട്ടം വിധൌ
ഉൾപ്പുക്കാരെങ്ങു മററുള്ള ലോകസമ്മതർ മന്നവർ.
ഉടൻ കല്പിച്ചരുളിയ നാനാരൂപാസനങ്ങളിൽ
ഇരുന്നാർ മന്നവനു നേരിട്ടൊരുക്കത്തൊടും നൃപർ. ൫൦
വിനീതരായ് മാനിതരാം നൃപാലരും
പുരസ്ഥരും നാട്ടുപുറത്തുകാരുമേ
ചുഴന്നിരുന്നാ നൃവരൻ വിളങ്ങിനാൻ,
സുരാവൃതൻ ശ്രീവലവൈരിപോലവേ. ൫൨

Digitized By Kerala Sahitya Akademi

## രണ്ടാംസൎഗ്ഗം: രാമാഭിഷേകാനുവാദം.

—*—

പിന്നെസ്സഭയെയെല്ലാമേ വിളിച്ചവനിനായകൻ
ഹൎഷം വളരുമാറേവം വ്യക്തമായോതിനാൻ ഹിതം:
ദുന്ദുഭിനിന്റെ ഭേരീശബ്ദത്തിനൊത്ത ഗംഭീരമാം സ്വരം
മുഴങ്ങി മാറെറാലിയുമായ്, മുകിലിൻേറതു പോലവേ; ൨
രാജലക്ഷണമുള്ളൊന്നായ്ക്കാന്തമായ്ക്കിടയററതായ്
രസാഢ്യമാം സ്വരത്താലേ നൃപൻ നൃപരൊടോതിനാൻ:—
"ഭവാന്മാൎക്കറിവുണ്ടല്ലോ, വലുതാമെന്റെ നാടിനെ,
മകനെപ്പോലെ രക്ഷിച്ചാരെൻപൂൎവ്വകർ നൃപോത്തമർ. ൪
അമ്മട്ടിക്ഷ്വാകുഭൂപന്മാരെല്ലാം രക്ഷിച്ചുകൊൾകയാൽ
സുഖാൎഹമായ നാടെങ്ങും നന്മ ചേൎപ്പാൻ നിനച്ചു ഞാൻ.
പൂൎവ്വന്മാർ പോയ വഴി പിന്തുടൎന്നുംകൊണ്ടു ഞാനുമ
പാലിച്ചേനുണൎവ്വാന്നാവുംവണ്ണം പ്രജകളെസ്സദാ. ൬
ലോകത്തിനൊട്ടുക്ക ഹിതം ചെയ്തുകൊണ്ടിക്കളേബരം
ചുളിപ്പെട്ടതിനേൻ വെള്ളക്കുടതൻനിഴലിങ്കൽ ഞാൻ.
അനേകായിരമാണ്ടായുസ്സാൎന്നു ജീവിച്ചിരിക്കയാൽ
ജീൎണ്ണിച്ചതാമീ മെയ്യിന്നു വിശ്രമം തേടിടുന്നു ഞാൻ. ൮
രാജപ്രഭാവസംസേവ്യമജിതേന്ദ്രിയദുൎവ്വഹം
പാരിന്റെ പെരുതാം ധൎമ്മച്ചുമടേന്തിത്തളൎന്നു ഞാൻ!
ഇനി പ്രജാരക്ഷ മകനാകിത്തേടട്ടെ വിശ്രമം,
ഈയുള്ളോൎന്ന വിപ്രഷിഭരോടെല്ലാം സമ്മതി വാങ്ങി ഞാൻ. ൧൦
എല്ലാഗ്ഗുണത്താലുമെനിയ്ക്കൊത്തോനെന്റെ മൂത്ത നന്ദനൻ
വീൎയ്യത്തിലിന്ദ്രസമൻ രാമൻ പരപുരഞ്ജയൻ;
പുഷ്യത്തിൽച്ചേൎന്ന പൂൎത്തിങ്കൾക്കൊക്കമെച്ചുമഷേന്ദ്രനെ
യൌവരാജ്യത്തിൽ വാഴിപ്പൻ മുദാ ഞാൻ ധാൎമ്മികാഗ്ര്യനെ. ൧൨
ചേരുന്ന നാഥൻ നിങ്ങൾക്കാ ലക്ഷ്മീവാൻ ലക്ഷ്മണാഗ്രജൻ;
ഈ നാഥനാൽസ്സനാഥമാമല്ലോ മൂന്നു ലോകവും!

Digitized By Kerala Sahitya Akademi

ഇപ്പോൾത്താനേവമിശ്രേയസ്സോടു ചേൎത്തിധരിത്രിയെ
അപ്പുത്രങ്കൽസ്സമൎപ്പിച്ചെൻകഷ്ടപ്പാടൊന്നകററുവൻ. ൭
ചേൎച്ചയാണിതെനിയ്ക്കെങ്കിൽ, നന്നാലോചനയെങ്കിൽ മേ,
തരുവിൻ സമ്മതം നിങ്ങ,ളെവ്വണ്ണം ചെയ്യ്കിടേണ്ടു ഞാൻ?
ഇതാണെനിഷ്ടമെന്നാലും, വേറെ ചിന്തിച്ചിടാം ഹിതം:
ഉരസപ്പെട്ടുദിപ്പേറുമല്ലോ മധ്യസ്ഥചിന്തകൾ." ൮

എന്നരയ്യ്ക്കു പ്രമോദിച്ചു കൊണ്ടാടീ ഭൂപർ ഭൂപനെ,
ക്രുകം മൈലുകൾ പേമാരി ഗുകം മേഘത്തെയാംവിധം.
അങ്ങു പൊങ്ങീ, ജനക്കൂട്ടമുൾക്കളിത്താൎത്തിടും രവം,
സ്നിഗ്ധമായ് മാറെറാലിക്കൊണ്ടും പ്രാസാദത്തെക്കലുക്കിയും. ൯
ധൎമ്മാൎത്ഥവിജ്ഞനെൻറ മനസ്സെല്ലാംകൊണ്ടുമറിഞ്ഞുടൻ
രാജാക്കളും ബ്രാഹ്മണരും പൌരരുംനാട്ടുകാരുമേ
ചേൎന്നൊത്താലോചന കഴിച്ചേകാഭിപ്രായയുക്തരായ്
തീൎപ്പും ചെയ്തുദ്ദശരഥക്ഷ്മാപവൃദ്ധനൊടോതിനാർ:— ൧൦
"വയസ്സു വളരെച്ചെന്ന വൃദ്ധനല്ലോ ഭവാൻ നൃപ;
വാഴിച്ചുകൊൾക ഭൂ കാപ്പാനിളംക്കോയാക്കി രാമനെ.
ഉണ്ടിങ്ങിച്ഛ, രഘുശ്രേഷ്ഠൻ ബലി രാമൻ മഹാഭുജൻ
ഛത്രാവൃതാസ്യനായ്ക്കൂററനാനമേലെഴുനള്ളുവാൻ." ൧൧

ഈ വാക്കു കേട്ടിട്ടരചനവർതൻ ചിത്തകൌതുകം
അറിഞ്ഞിലെന്ന ഭാവത്തിലറിവാൻ വേണ്ടിയോതിനാൻ:—
"എൻചൊൽ കേട്ടതൊടേ നിങ്ങളിച്ഛിപ്പൂ രാമവാഴ്ചയെ;
കില്ലുണ്ടെനിയ്ക്കിതിൽ,സ്സത്യം ചൊല്ലുകെ,ന്തിതു ഭൂപരേ: ൧൨
ഞാനൂഴി നീതിയിൽക്കാത്തുപോരുമ്പോ,ളെൻറയുണ്ണിയെ
യുവമന്നവനായ്ക്കാണ്മാൻ നിങ്ങളിച്ഛിപ്പതെന്തുവാൻ?"

ആ മഹാനോടുണൎത്തിച്ചാർ പൌരർ നാട്ടാരുമൊത്തവർ:—
"സദ്ഗുണം പെരുതുണ്ടല്ലോ തവ പുത്രന്നു മന്നവ. ൧൩
ദേവ, ദേവാഭനാം ധീമാൻ ഗുണവാൻെറ ഗുണവ്രജം
പ്രിയം തുഷ്ടിദമൊട്ടുക്ക ചൊല്ലാം; കേളതു സാംപ്രതം;

Digitized By Kerala Sahitya Akademi

രാമൻ ദിവ്യഗുണൌഘത്താലിന്ദ്രാഭൻ സത്യവിക്രമൻ;
ഐക്ഷ്വാകരിലുമൊട്ടുക്ക മിതെയഴല്ലാ മഹീപതേ. ൨൭
പാരിൽസ്സൽപുരുഷൻ രാമൻ സത്യധർമ്മപരായണൻ;
രാമങ്കൽനിന്നുദിതമായ് സാക്ഷാൽ ശ്രീയൊത്തു ധർമ്മവും!
ക്ഷമയാൽ മന്നിനും, ലോകസുഖത്വംകൊണ്ടു ചന്ദ്രനും,
ധീയാൽ വ്യാഴത്തിനും, വീര്യാൽസ്സാക്ഷാലിന്ദ്രനുമൊത്തവൻ;
സത്യപ്രതിജ്ഞൻ ധർമ്മജ്ഞൻ സുശീലനനസൂയകൻ
ക്ഷാന്തൻ ശ്ലക്ഷ്ണൻ സാന്ത്വവാദി കൃതജ്ഞൻ വിജിതേന്ദ്രിയൻ
മൃദുവെല്ലായ്പ്പൊഴും ഭവ്യൻ സ്ഥിരഹൃത്തനസൂയകൻ
ഭൃത്യങ്ങളിൽ പ്രിയം ചൊൽവോൻ രാഘവൻ നേരു ചൊല്ലുവോൻ;
പഠിപ്പു പെരുകും വൃദ്ധവിപ്രരിൽച്ചെന്നു വാഴ്കയാൽ
യശസ്സിവന്നിങ്ങേറുന്നു തേജസ്സുതുല്യകീർത്തിയും;
ദേവാസുരമനുഷ്യർക്കുള്ളസ്ത്രമെല്ലാമറിഞ്ഞവൻ
നന്നായ് വിദ്യാവ്രതസ്നാതൻ സാംഗവേദാർത്ഥകോവിദൻ ൩൪
സംഗീതത്തിലുമിപ്പാരിൽ മുന്തിയോൻ ഭരതാഗ്രജൻ
സുശോഭനാനനൻ നല്ലാളുള്ളുറപ്പുള്ള ബുദ്ധിമാൻ
ധർമ്മാർത്ഥദക്ഷൻ സദ്വിപ്രരഭ്യസിപ്പിച്ചുകൊണ്ടവൻ;
ഊരിന്നോ നഗരത്തിന്നോ വേണ്ടിപ്പോരിന്നു പോവുകിൽ, ൩൬
ചെന്നു ലക്ഷ്മണസംയുക്തൻ വെല്ലാതെ തിരിയേവരാ.
പോരിൽനിന്നാനയോ തേരോ കേറിത്തിരിയെയെത്തിയാൽ
ചോദിയ്ക്കും പൌരരോടെന്നും കുശലം സ്വജനോപമം,
പുത്രാഗ്നിദാരങ്ങളിലും ഭൃത്യശിഷ്യഗണത്തിലും ൩൭
മുറയ്ക്കൊട്ടൊഴിയാതച്ഛൻ നിജപുത്രരൊടാംവിധം.
'ശുശ്രൂഷിപ്പീലയോ ശിഷ്യർ കർമ്മസന്നദ്ധർ നിങ്ങളെ?'
എന്നു ഞങ്ങളൊടെന്നെന്നും ചോദിയ്ക്കും പുരുഷർഷഭൻ.
മനുഷ്യരുടെയാപത്തിലതിയായ്സ്സങ്കടപ്പെടും; ൪൦
ഉത്സവങ്ങളിലൊട്ടുക്കൊരച്ഛനൊപ്പം രസിച്ചിടും.
നേർ ചൊല്ലുവോൻ പെരുംവില്ലൻ വൃദ്ധസേവി ജിതേന്ദ്രിയൻ

Digitized By Kerala Sahitya Akademi

പുഞ്ചിരിക്കൊണ്ടു സംസാരിയ്ക്കുന്നോൻ ധമ്മൈകതൽപരൻ
ശ്രേയസ്സു ചെമ്മേ ചേർക്കുന്നോൻ വാദിപ്പാൻ തുനിയാത്തവൻ
മേല്ക്കുമേൽ യുക്തിയിൽച്ചൊൽവാൻ വാചസ്പതി കണക്കിനെ
സുഭ്രൂവായതതാമ്രാക്ഷൻ സാക്ഷാൽ വിഷ്ണു കണക്കിനെ
ലോകാഭിരാമനീ രാമൻ ശൂരൻ വീരൻ പരാക്രമി
പ്രജാപാലനതൽപജ്ഞൻ രാഗാന്ധപ്രതതേന്ദ്രിയൻ. ൪൪
ഘോരം താനേ ഭരിപ്പാൻ മുപ്പാരു,മിയ്യുഴിയെന്തിനി?
ഇവൻെറ രോഷതോഷങ്ങൾ പാഴാവില്ലൊരിയ്ക്കലും:
വധ്യരെപ്പതിവായ്ക്കൊല്ലു,മവധ്യങ്കൽച്ചൊടിച്ചിടാ;
ആരിൽ പ്രസാദിയ്ക്കു,മവന്നർത്ഥം നൾകുമിവൻ മുദാ. ൪൬
ശാന്തസവ്വപ്രജാകാന്തസ്സന്തോഷദഗുണങ്ങളാൽ
ശോഭിപ്പു രാമനദ്ദീപ്തരശ്മിയാം രവി പോലവേ.
ഇവണ്ണം ഗുണവാനൊത്ത രാമൻ സത്യപരാക്രമൻ
ലോകപാലോപമൻ ഭത്താവാകാനിച്ഛിപ്പു മേദിനി. ൪൮
നന്മയ്ക്കുണ്ടായി നിൻഭാഗ്യത്താലീ നിന്നുണ്ണി രാഘവ,
മാരീചൻ കശ്യപൻപോലേ, ഭാഗ്യം. പുത്രഗുണാന്വിതൻ!
ഘോരാണ്ടു രാമന്നു കരുത്തായുസ്സാരോഗ്യമെന്നിവ
നരദേവാസുരരിലും ഗന്ധവ്വാഹിഗണത്തിലും ൫൦
നേരുന്നതുണ്ടഖിലരും നാട്ടിലും നൽപ്പുരത്തിലും
പുറത്തുമുള്ളിലും ചേന്ന പൌരരും നാട്ടുകാരുമേ.
യുവവൃദ്ധാംഗനകളുമെപ്പോരും രണ്ടു നേരവും
ചെയ്വൂ യശസ്വി രാമന്നായ് ശ്രദ്ധയാ ദേവപൂജനം; ൫൨
അവർക്കു തിരുവുള്ളത്താൽ നിറവേറട്ടെ വാഞ്ഛിതം!
രാമനിന്ദീവരശ്യാമൻ സവ്വശത്രുവിനാശനൻ
നിൻമകൻ യുവരാജാവായ്ക്കാണാവൂ ഞങ്ങൾ മന്നവ!

ജഗത്തിനെല്ലാം ഹിതകാരി ദേവ-
ദേവോപമൻ പ്രൌഢജനാഭിജുഷ്ടൻ;
ആ നിന്മകന്നിങ്ങഭിഷേകമാശു ചെ-
യ്യേ,ണ്ടുങ്ങൾക്കുവേണ്ടിസ്സരസം വരപ്രദ!"

## മൂന്നാം സർഗ്ഗം: സംഭാരസംഭരണം.

---*---

അവരേന്തീടിന തൊഴുകൈത്താമരകളൊക്കയും
സ്വീകരിച്ചു,വരോടോതി നൃപൻ പ്രിയഹിതോക്തിയെ:—
"ഹാ, ഞാൻ തികച്ചും സന്തുഷ്ടൻ; നിസ്തുലം മേ പ്രഭാവവും:
നേരുന്നല്ലോ യൌവരാജ്യം നിങ്ങളെൻപ്രിയപുത്രനിൽ!" ൨
എന്നാ വിപ്രരെയങ്ങോട്ടും മാനിച്ചിട്ടവർ പോകവേ,
വസിഷ്ഠവാമദേവന്മാരോടു ചൊന്നാനിത്തൂഴിപൻ:—
"ശ്രീമത്താം ചൈത്രമീ മാസം പുണ്യം പുഷ്പിതകാനനം;
രാമന്റെ യൌവരാജ്യത്തിനെല്ലാം ശേഖരിയ്ക്കുവിൻ!" ൪
അരുളപ്പാടു തീർന്നാറെ ഘോഷം കൂട്ടീ ജനോൽകരം;
ക്രമത്തിലജ്ജനാഘോഷം നിലച്ചപ്പോളജ്ജനാധിപൻ
അരുൾചെയ്താൻ വസിഷ്ഠർഷിശാർദ്ദൂലനോടു തമ്പുരാൻ:—
"രാമാഭിഷേകത്തിനുള്ള കർമ്മവും സാധനങ്ങളും, ൬
അവയൊട്ടുക്ക ഭഗവാനരുളിച്ചെയ്ക സാമ്പ്രതം."
ക്ഷിതീശവചനം കേട്ടു വസിഷ്ഠൻ ദ്വിജസത്തമൻ
മന്നന്റെ മുന്നിൽത്തൊഴുതുനില്ക്കുമാൾക്കാരൊടോതിനാൻ:—
"സർവ്വൌഷധികളും, പൂജാദ്രവ്യം, സ്വർണ്ണാദിരത്നവും,
വെള്ളമാല്യങ്ങൾ, മലരും, വെവ്വേറെ നെയ്യുതേൻകളും, ൮
കോടിവസ്ത്രങ്ങളും, പള്ളിത്തേരും, സർവ്വായുധങ്ങളും,
നാലംഗപ്പടയും, നല്ല ലക്ഷണം ചേർന്നൊരാനയും,
വെൺചാമരങ്ങൾ, വെണ്കൊറ്റക്കുടയും, ധ്വജദണ്ഡവും,
തിയ്യിനൊപ്പം തിളങ്ങുന്ന നൂറു തങ്കക്കുടങ്ങളും, ൧൦
പുലിതൻ മുഴുത്തോൽ, കൊമ്പു പൊന്നാൽക്കെട്ടിയ കാളയും.
കാലത്തിതെല്ലാമെത്തിപ്പിൻ രാജകീയാഗ്നിശാലയിൽ;
മററുമാവശ്യമാകുന്നതൊക്കവേ ശേഖരിയ്ക്കുവിൻ.
പുരം കൊട്ടരമിവതൻ ഗോപുരങ്ങളിലൊക്കയും ൧൨



Digitized By Kerala Sahitya Akademi

ചേൎപ്പിൻ ചന്ദനമാല്യങ്ങൾ നന്മണം ചേൎന്ന ധൂപവും.
തൈരും പാലും പകൎന്നുള്ള ഗ്ഗുണവത്താം ശുഭാന്നവും,
നൂറായിരം ദ്വിജന്മാൎക്കു ധാരാളം മതിയാംവിധം;
സൽക്കരിച്ചാരണേന്ദ്രൎക്കു നാളെക്കാലത്തു നല്കുവിൻ ൧൪
മലർ, തൈർ, നറുനെയ്, വേണ്ടുവോളം ദക്ഷിണയെന്നിതും.
നാളെസ്സൂൎയ്യോദയത്തിൽത്താൻ വേണ്ടും സ്വസ്തിപ്രവാചനം,
ക്ഷണിയ്ക്കുവിൻ ബ്രാഹ്മണരെ, യാസനങ്ങളൊരുക്കുവിൻ;
തൂക്കീടുവിൻ കൊടിക്കൂറ; രാജമാൎഗ്ഗം തളിയ്ക്കുവിൻ; ൧൬
മേളക്കാരൊക്കയും. മെയ്ക്കോപ്പുള്ളോരു വേശ്യാജനങ്ങളും
നില്ക്കട്ടെ രാജഗേഹത്തിൻ രണ്ടാമത്തെ മതില്ക്കകം;
സദ്യയും ദക്ഷിണയുമായ് ചൈത്യദേവാലയങ്ങളിൽ
വെവ്വേറെയേൎപ്പെടുത്തേണം പൂജക്കാരെയുമങ്ങിനെ; ൧൮
ഒരുങ്ങി നെടുവാൾ തൂക്കിബ്ഭടന്മാർ നല്ലുടുപ്പുമായ്
ഉത്സവം ചേൎന്ന കൊട്ടാരമുറ്റത്തെത്തട്ടെയേവരും."
ഏവം ക്രിയകളാജ്ഞാപിച്ചു രണ്ടന്തണരാസ്ഥയിൽ
ചെയ്തീടിനാരരചനോടുണൎത്തിബ്ബാക്കിയുള്ളതും. ൨൦
ഒരുങ്ങി ചൊന്നതിൻവണ്ണമെന്നും ചെന്നഥ ചൊല്ലിനാർ
ഭൂമീശനോടു, മോദത്താലും കുളിൎത്താ ദ്വിജൎഷഭർ.

സുമന്ത്രനോടങ്ങരുളിച്ചെയ്താൻ രാജാവു കാന്തിമാൻ,
'വരുത്തുക കൃതാത്മാവാം രാമനെശ്ശീഘ്ര'മെന്നുടൻ. ൨൨
'ഏറാ'നെന്നേറ്റുരച്ചിട്ടുസ്സുമന്ത്രൻ രാജശാസനാൽ
കൊണ്ടുപോന്നീടിനാൻ തേരിൽ,ത്തേരാളിമണി രാമനെ.
അപ്പോൾദ്ദശരഥക്ഷ്മാപന്നരികേ ചെന്നുമേവിനാർ
കിഴക്കർ, തെക്കർ, പാശ്ചാത്യർ, വടക്കരവനീശരും, ൨൪
മ്ലേച്ഛന്മാ,രാൎയ്യരും, മററു മലവാഴികൾ, കാടരും,
അങ്ങിരുന്നവരെപ്പേരു, മിന്ദ്രങ്കൽസ്സുരർ പോലവേ.
അവൎക്കു മദ്ധ്യേ, വാനോരിലിന്ദ്രൻ പോലണിമേടമേൽ
വാഴും രാജൎഷി കണ്ടാനാ,ത്തേരേറി വരുമുണ്ണിയെ: ൨൬

Digitized By Kerala Sahitya Akademi

ഗന്ധർവ്വരാജപ്രതിമൻ പാരിൽ പ്രഖ്യാതപൌരുഷൻ
കൈനീണ്ടവൻ മഹാസത്വൻ മത്തേഭനടയൊത്തവൻ
ചന്ദ്രചാരുമുഖൻ രാമനത്യന്തം പ്രിയദർശനൻ
രൂപൌദാര്യാൽ നരരുടെ കണ്ണും മുള്ളും കവർന്നവൻ ൨൮
വെയിലേറ്റാർക്കംബുദം പോലേ നാട്ടാർക്കാഹ്ലാദമേകുവോൻ
വരും വരവു കണ്ടിട്ടു മതി തേടീല മന്നവൻ!
സുമന്ത്രർ രാമനെപ്പള്ളിത്തേരിൽനിന്നങ്ങിറക്കിനാൻ;
അച്ഛന്നടുക്കൽപ്പോകെ,പ്പിന്തുടർന്നാൻ തൊഴുകയ്യുമായ്. ൩൦
കൈലാസകൂടപ്രഭമാം മേടമേലാ നരർഷഭൻ
കേറിനാൻ നൃപനെക്കാണ്മാൻ സൂതനോടൊത്തു രാഘവൻ.
അച്ഛന്റെയരികിൽച്ചെന്നു വണങ്ങിത്തൊഴുകയ്യുമായ്
പേരുച്ചരിച്ചു വന്ദിച്ചാൻ രാമനച്ഛന്റെ കാല്ക്കലിൽ. ൩൨
ചാരേ വണങ്ങിക്കൈക്കൂപ്പിയതു കണ്ടോമലുണ്ണിയെ
കൂപ്പുകൈമേൽപ്പിടിച്ചാമ്മാറണച്ചു തഴുകീ നൃപൻ.
പാർശ്വസ്ഥമാമത്ദിവ്യവുമായ് മണിരത്നമണിഞ്ഞതായ്
മിന്നുന്നൊരഗ്ര്യാസനമാ രാമന്നരുളിനാൻ നൃപൻ. ൩൪
ശോഭിപ്പിച്ചാനിരുന്നാ നല്ലാസനത്തെ രഘൂദ്വഹൻ,
തൻഭാസ്സാലുദയേ സ്വച്ഛനർക്കൻ മേരുവെയാംവിധം.
അവനാലേറെ വിലസീ ശോഭപൂണ്ട സദസ്സതും,
ചന്ദ്രനാൽസ്വച്ഛ് ഗ്രഹർക്ഷാഢ്യശാരദദ്യോവു പോലവേ. ൩൬
അപ്പൊന്നുമകനെക്കണ്ണാൽത്തു തോഷിയ്ക്കയായ് നൃപൻ,
അണിഞ്ഞു കണ്ണാടിയിലുൾച്ചേർന്ന തന്നെക്കണക്കിനെ.
വിളിച്ചു പുഞ്ചിരിക്കൊണ്ടപ്പുത്രനോടു സുപുത്രവാൻ,
കശ്യപൻ ശക്രനോടാംമട്ടോതിനാനിതു മന്നവൻ:— ൩൮
“എന്റെ ചേച്ചു പെട്ടും മൂത്ത പത്നിയാളിൽപ്പിറന്നവൻ,
ചേച്ചിയുള്ള ഗുണശ്രേഷ്ഠനെന്നോമൽസ്സുത രാമ നീ;
അൻപുമീ പ്രജകൾക്കേകിയല്ലോ നീ തൻഗുണങ്ങളാൽ;
അതിനാൽപ്പൂയമാം നാളിലിളംകൂറായിവാഴ്ക നീ. ൪൦

Digitized By Kerala Sahitya Akademi

ഉണ്ണീ, സ്വഭാവാൽത്താനേററം വിനീതൻ ഗുണശാലി നീ;
ഗുണവാനെങ്കിലും നിന്നോടമ്പാൽച്ചൊല്ലുന്നു ഞാൻ ഹിതം:
വീണ്ടും വിനയമാർന്നെന്നും വിജിതേന്ദ്രിയനാക നീ;
കൈവിട്ടുകൊള്ളണം കാമക്രോധജവ്യസനങ്ങളും. ൪൨
ചെമ്മേ പരോക്ഷവും പ്രത്യക്ഷവുമാം വൃത്തി പൂണ്ടു നീ
അമാത്യാദിപ്രജകളെ പ്രസാദിപ്പിയ്ക്കുകൊക്കെയും.
ആയുധപ്പുര പത്തായമീട്ടുവെപ്പുകളും തുലോം
തീൎത്തു, നാട്ടാർ തെളിഞ്ഞുൾക്കുറേന്തുമാറൂഴി കാക്കകിൽ, ൪൪
അവങ്കൽ മിത്രർ നന്ദിയ്ക്കു,മമൃതാലബ്ധർപോലവേ;
അതിനാൽ നീയുമവ്വണ്ണം ചെയ്ക സംയതചിത്തനായ്."
അതു കേട്ടു,ടൻ രാമൻതൻ പ്രിയം ചെയ്യും സുഹൃത്തുകൾ
വെമ്പിച്ചിക്കെന്നു ചെന്നിട്ടു കൌസല്യയൊടുണൎത്തിനാർ; ൪൬
ഉടൻ ഗോക്കളെയും പൊന്നും പലമാതിരി രത്നവും
നല്കി പ്രിയം പറഞ്ഞോൎക്കു,കൌസല്യ മട്ടവാർമണി.
പിന്നെ മന്നനെ വന്ദിച്ചു തേരിൽക്കയറി രാഘവൻ,
ശ്രീമത്താം തൻ ഗൃഹത്തിങ്കലേയ്ക്കു പോന്നാൻ ജനാൎച്ചിതൻ. ൪൮
അപ്പൌരരും വാചരിതലാഭത്തുല്യം ഭൂജാനിതൻ വാക്കതു കേട്ടു
[വെക്കം
അനുജ്ഞ വാങ്ങിസ്സദനങ്ങളും പൂക്ക രസിച്ചു ദേവാൎച്ചനമാചരി
[ച്ചാർ.

—*—

## നാലാം സൎഗ്ഗം: അഭിഷേകകാലനിൎണ്ണയം.

—*—

പൌരന്മാർ പോയതിൽപ്പിന്നെ വീണ്ടും മന്ത്രിസമേതനായ്
ചിന്തിച്ചു തീൎപ്പു ചെയ്യാനാത്തിപ്പുറിഞ്ഞ നൃപാലകൻ,
'നാളെപ്പൂയം, നാളെ വേണം യൌവരാജ്യാഭിഷേചനം
ചെന്താമരാക്ഷനെന്നുണ്ണി രാമന്നെ'ന്നീവിധം പ്രഭു. ൨

Digitized By Kerala Sahitya Akademi

പിന്നീട്ട പള്ളിയറയുൾപ്പൂകിട്ടു ദശരഥൻ നൃപൻ
സൂതനോടരുളീ:—"വീണ്ടും കൊണ്ടുവാ ഇങ്ങു രാമനെ."
ആ വാക്കു കൈക്കൊണ്ടസ്സൂതൻ വീണ്ടും രാമന്റെ മന്ദിരേ
ദ്രുതം ചെന്നെത്തിനാൻ, വീണ്ടും രാമനെക്കൊണ്ടുപോരുവാൻ. ൪
ഉണൎത്തി കാവല്ക്കാർ, വീണ്ടുമവൻ വന്നതു രാമനെ;
അവൻ വന്നതു കേട്ടിട്ടു്ശങ്ക പൂണ്ടിതു രാമനും.
അകം പൂകിച്ചവനോടായ് രാമൻ സത്വരമോതിനാൻ:—
"നീ വീണ്ടും വന്നതെന്തിന്നെന്നതു ചൊല്ലീടുകൊക്കയും." ൬
സൂതനും ചൊല്ലി:—"ദേവനു തൃക്കണ്ണാക്കേണമങ്ങയെ;
കേട്ടിട്ടിതിൽ പ്രമാണം നീ പോരാനോ വേറെയൊന്നിനോ."
എന്നു സൂതോക്തി കേട്ടിട്ടു രാമൻ വീണ്ടും ദ്രുതത്വരം
പോന്നാൻ രാജാലയത്തെയ്ക്കു നൃപസന്ദൎശനത്തിനായ്. ൮
ആ രാമൻ വന്ന വിവരം കേട്ടു ദശരഥൻ നൃപൻ
ഗൃഹത്തിനുള്ളിൽപ്പൂകിച്ചാൻ മഹത്താം പ്രിയമോതുവാൻ.
ശ്രീമാൻ രാഘവനച്ഛന്റെ മന്ദിരം പൂകിടുമ്പൊഴേ
ദൂരത്തുനിന്നു കുമ്പിട്ടു കൈക്കൂപ്പികണ്ടിതച്ഛനെ. ൧൦
കുമ്പിടുമ്പോളെഴുന്നേല്പിച്ചവനെപ്പുല്കി മന്നവൻ
അവന്നു നല്ലാസനവുമരുളിപ്പുനരോതിനാൻ:—
"വൃദ്ധൻ ഞാൻ രാമ, ദീൎഘായുസ്സിഷ്ടഃഭോഗം ഭുജിച്ചു ഞാൻ;
ചെയ്തേൻ മഹാദക്ഷിണയുക്തമൊട്ടേറെ യാഗവും; ൧൨
ഇപ്പോഴും നീയാം കിടപ്പെടാത്തോമൽപ്പൈതൽ പിറന്നു മേ;
ഇഷ്ടദാനാദ്ധ്യയനവും ചെയ്തേൻ ഞാൻ പുരുഷോത്തമ;
എന്നല്ലനുഭവിച്ചേൻ ഞാൻ വീര, വേണ്ടും സുഖങ്ങളും;
ദേവൎഷിപിതൃവിപ്രൎക്കെനിയ്ക്കും വീട്ടി ഞാൻ കടം. ൧൪
ഇനി നിന്നഭിഷേകം വിട്ടെനിയ്ക്കൊന്നില്ല ചെയ്യുവാൻ;
അതിനാൽ നിന്നോടായ് ഞാൻ ചൊൽവതു നീ ചെയ്തിടേണമേ:
ഇപ്പോഴ് പ്രജകളെല്ലാം, നീ രാജാവാകാൻ കൊതിയ്ക്കയാം;
അതിനാൽ യൌവരാജ്യാഭിഷേകമുന്നിയ്ക്കു ചെയ്യുവൻ. ൧൬

ഘോരാശുഭങ്ങളും കാണുന്നുണ്ടു രാമ, കിനാവിൽ ഞാൻ:
വാനിൽനിന്നിടിവാളോടും ചീററി വീഴുന്നു കൊള്ളിമീൻ.
ഘോരഗ്രഹങ്ങളായുള്ള സൂര്യനാം ചൊവ്വ രാഹുവും
എൻനാൾ തീണ്ടിയതായിട്ടും ജ്യോത്സ്യർ ചൊല്ലുന്നു രാഘവ. ൧൯
മിക്കവാറും നിമിത്തങ്ങളിക്കണക്കുളവാകുകിൽ
മന്നൻ മരിച്ചുപോ,മല്ലെന്നാലുഗ്രാപത്തിലാപ്പെട്ടും!
അതിനാലെൻമനം മാറിപ്പോവതിന്മുമ്പു രാഘവ,
അഭിഷേകം കഴിച്ചാലും: ചപലമല്ലേ നരാശയം? ൨൦
ചന്ദ്രമസ്സിന്നു പൂയത്തിന്മുമ്പാം പുണർതനാളിലായ്;
നാളെപ്പൂയം ശുഭദമെന്നോതുന്നു ദൈവചിന്തകർ.
പൂയത്തിലഭിഷേകം കൊൾകെ,ന്നെ വെമ്പിപ്പൂ മാനസം;
നാളെ നിൻ യൌവരാജ്യാഭിഷേകം ചെയ്വൻ പരന്തപ. ൨൧
അതിനാലിപ്പൊഴേതൊട്ടി രാവിൽക്കരളടക്കി നീ
വധുവോടും ദർഭതല്പേ കിടന്നുപവസിക്കണം.
സുഹൃത്തുകാരിന്നു സർവ്വം നിന്നെക്കാക്കട്ടെ ചുററുമേ:
വിഘ്നമീദൃശകാര്യങ്ങൾക്കുണ്ടാമല്ലോ പലേതരം. ൨൨
ഇപ്പുരത്തിങ്കൽനിന്നൊന്നു ഭരതൻ നടകൊണ്ടുവോ,
അന്നോ നിന്നഭിഷേകത്തിൻകാലമായെന്നു മന്മതം.
സാധുവൃത്തസ്ഥിതൻതന്നെ ഭരതൻ നിന്റെ സോദരൻ
ജ്യേഷ്ഠാനുവർത്തി ധർമ്മിഷ്ഠൻ കനിവുള്ളോൻ ജിതേന്ദ്രിയൻ; ൨൩
എന്നാൽ മനുഷ്യർക്കു മനം സ്ഥിരമല്ലെന്നു മന്മതം;
ധർമ്മിഷ്ഠരാം വിശിഷ്ടർക്കും വരാം മറിവു രാഘവ.”
നാളെത്തന്നെയഭിഷേകത്തിന്നേവം ചൊന്ന പിതാവിനെ,
പോയ്ക്കൊൾകെന്നോതവേ കുമ്പിട്ടുപോനാൻ രാമൻ ഗൃഹത്തി[നായ്. ൨൯

തൻഗേഹം പുക്കു, ഭൂപൻതന്നാഭിഷേചനശാസനാൽ
അക്ഷണംതന്നെ പോന്നമ്മതന്നന്തഃപുരമെത്തിനാൻ.
അങ്ങു കണ്ടീടിനാൻ, വെണ്പട്ടുടുത്തേകാഗ്രചിത്തയായ്
മൌനത്തിൽ ശ്രീയെ നേർന്നീടുമമ്മയെദ്ദേവതാലയേ. ൩൦

Digitized By Kerala Sahitya Akademi

സുമിത്ര മുന്നേ വന്നിട്ടുണ്ടു,ണ്ട ലക്ഷ്മണനും തദാ,
പ്രിയം രാമാഭിഷേകം കേട്ടെത്തിയ്ക്കപ്പെട്ട സീതയും.
കൌസല്യയത്തനേരത്തും കണ്ണടച്ചിരിയ്ക്കയാം;
സുമിത്ര ലക്ഷ്മണൻ സീതയിവരുണ്ടരികത്തുതാൻ: ൩൨
പുത്രനു പുഷ്യേ യുവരാജാഭിഷേകം ശ്രവിയ്ക്കയാൽ,
പുരുഷൻ വിഷ്ണുവെ പ്രാണായാമാൽദ്ധ്യാനിയ്ക്കയാണവൾ.
അപ്പുണ്യനിഷ്ഠയിൽത്തന്നേ ചെന്നു വന്ദിച്ചു രാഘവൻ,
അവാംക്കരളും കുളിരുമാറിവണ്ണമുരിയാടിനാൻ:— ൩൪
"അമ്മേ, എന്നെ പ്രജാരക്ഷയ്ക്കുച്ചനിയോഗപ്പെടുത്തിനാൻ:
അഭിഷേകമെനിയ്ക്കുണ്ടാം നാളെയച്ഛന്റെയാജ്ഞയാൽ.
ഞാനുമിസ്സീതയും കൂടിയീരാവുപവസിയ്ക്കണം
എന്നച്ഛനോതിനാനെന്നോടുപാദ്ധ്യായത്വപിശനുപിതൻ. ൩൬
നാളത്തെയഭിഷേകത്തിന്നൊന്തെല്ലാമിങ്ങു വേണമോ,
ആ മംഗളങ്ങൾ ചെയ്യിയ്ക്കിന്നെനിയ്ക്കും മൈഥിലിയ്ക്കുമേ."
കൌസല്യ നെടുനാളായികൊതിയ്ക്കുമിതു കേട്ടുടൻ
ഹർഷാശ്രുമൂലം കളമായോതി രാമനൊടിങ്ങിനെ:— ൩൮
"ഉണ്ണീ, രാമ, ചിരം വാഴ്ക; ഹതരാക രിപുക്കൾ തേ;
കൂട്ടർക്കാൻപേകകൃദ്ധൻ നീ സുമിത്രയുടെയെൻറയും.
ഹാ, നല്ല നാളിലാണെന്നിൽപ്പിറന്നതു കുമാര, നീ;
അച്ഛൻ ദശരഥനാൻപു ചേർത്തല്ലോ നീ ഗുണങ്ങളാൽ!; ൪൦
പുഷ്കരാക്ഷൻ പുരുഷനിലെൻതപം ഹാ, ഫലിച്ചുപോയ്:
പ്രാപിയ്ക്കുമല്ലോ കാകുത്സ്ഥരാജ്യലക്ഷ്മിയിതുണ്ണിയെ!"
അമ്മയിങ്ങിനെ ചൊന്നാറേ പുഞ്ചിരിക്കൊണ്ടു രാമനും
കുമ്പിട്ടു കൂപ്പിനില്ക്കുന്ന തമ്പിയെപ്പാർത്തു ചൊല്ലിനാൻ:— ൪൨
"നീ സംരക്ഷിച്ചുകൊൾകെന്നോടൊന്നിച്ചിക്ഷോണി ലക്ഷ്മണ;
എൻ രണ്ടാം പ്രാണനാം നിന്നിലാണിശ്രീതൻ സമാഗമം.
സൌമിത്രേ, കൊൾക നീ വേണ്ടും ഭോഗം രാജ്യഫലങ്ങളും:
ഉയിർ നാട്ടും നിനക്കായിട്ടല്ലോ വാഞ്ഛിച്ചിടുന്നു ഞാൻ." ൪൪

Digitized By Kerala Sahitya Akademi

എന്നു ലക്ഷ്മണനോടോതിയമ്മമാരെപ്പണിഞ്ഞുടൻ
സീതയ്ക്കും വിടവാങ്ങിച്ചു പോന്നാൻ രാമൻ നിജാലയേ.

—*—

## അഞ്ചാം സർഗ്ഗം: രാമോപവാസം.

നാളെത്തെയഭിഷേകാർത്ഥം രാമന്നാജ്ഞ കൊടുത്തുടൻ
വാദ്ധ്യാൻ വസിഷ്ഠനെ വിളിച്ചിത്ഥം ചൊന്നാൻ നരേശ്വരൻ:—
"ചെല്ലുകിന്നു വധൂവോടൊപ്പം വൻവ്രതം കൊണ്ടു രാമനെ
ശ്രീയശോരാജ്യലബ്ധിയ്ക്കായ് നോല്പിയ്ക്കുക തപോധന." ൨
'ആവാ'മെന്നാങ്ങരചനോടോതി വേദജ്ഞസത്തമൻ
താൻതാൻ വസിഷ്ഠൻ ഭഗവാൻ പോന്നാൻ രാമാലയത്തിനായ്,
മന്ത്രത്തോടും രാഘവനെ നോല്പിപ്പാൻ മന്ത്രകോവിദൻ,
ബ്രാഹ്മമാം പൂട്ടിയ പെരുംതേരേറിസ്സദ്ധൃതവ്രതൻ. ൪
വെണ്കാർവർണ്ണകാന്തി തങ്കുന്ന രാമഗേഹമണഞ്ഞവൻ
മൂന്നു കെട്ടുകളും തേരാൽത്താൻ കടന്നു മുനിസത്തമൻ.
ആ വന്ന മാന്യമുനിയെ മാനിപ്പാൻ വേണ്ടി രാമനും
സംഭ്രമം പൂണ്ടു വെമ്പിക്കൊണ്ടാലയം വിട്ടിറങ്ങിനാൻ. ൬
വെമ്പിയുംകൊണ്ടു ധീമാന്റെ തേരിൻ ചാരത്തു ചെന്നുടൻ
തേരിങ്കൽനിന്നു താൻതന്നേ പിടിച്ചാമ്മാറിറക്കിനാൻ.
അത്താഴ്മ കണ്ടു നൽച്ചൊല്ലാലൻപണച്ചുപുരോഹിതൻ
പ്രിയാർഹനാം രാമനൊടുരം കളിപ്പിച്ചുരിയാടിനാൻ:— ൮
"പ്രീതനായ് രാമ, നിന്നച്ഛൻ; നീ യുവരാജനായിടും;
ഉപവാസമനുഷ്ഠിയ്ക്കുകിന്നു സീതയുമായ് ഭവാൻ.
കാലത്തച്ഛൻ കഴിയ്ക്കും തേ യൌവരാജ്യാഭിഷേചനം,
യയാതിയ്ക്കുൻപിൽ നഹുഷൻ പോലേ ദശരഥൻ നൃപൻ." ൧൦
എന്നുരച്ചു,ന്നു നിയതവ്രതനാകിയ രാമനെ
വൈദേഹിയൊത്തുപവസിപ്പിച്ചാൻ മുനി സമന്ത്രമായ്.
പിന്നെക്കാകുത്സഥനാൽച്ചെമ്മേ പൂജിതൻ നൃപദേശികൻ
രാമങ്കൽനിന്നു വിടയും വാങ്ങിപ്പോന്നു തദാലയാൽ. ൧൨

Digitized By Kerala Sahitya Akademi

പ്രിയം ചൊല്ലും സുഹൃത്തുക്കളൊത്തു മേവിന രാമനും
അവർക്കെല്ലാം വിട കൊടുത്തകം പുക്കിതു പൂജിതൻ.
ലാലസിച്ചു, സഹസ്രസ്ത്രീപുംസമാ രാമമന്ദിരം,
മത്തപക്ഷിയുതം ഫുല്ലപത്മമാം പൊയ്ക പോലവേ. ൧൪
പെരുമാറുന്നാരമനയ്ക്കൊക്കുമാ രാമമന്ദിരാൽ
പോന്നാ വസിഷ്ഠൻ കണ്ടാനാൾക്കൂട്ടം കൂടിയ പാതയെ.
ജനങ്ങൾ കൗതുകാൽക്കൂട്ടം കൂട്ടമായ്ക്കൂടിനില്ക്കയാൽ
തിക്കാർന്നിരുന്നിതെമ്പാടും വമ്പാതകളയോധ്യയിൽ. ൧൫
പുരുഷാരത്തിരയടിപ്രഹർഷധ്വനി വായ്ക്കയാൽ
ഇരമ്പിക്കൊണ്ടിരുന്നു വമ്പാതയന്നാഴി പോലവേ.
പാത തൂത്തു തളിച്ചോരോ വീട്ടിലും കൊടി നട്ടതായ്,
വനമാലയണിഞ്ഞുള്ളൊന്നയോധ്യാനഗരം തദാ. ൧൬
അന്നാളാബാലവൃദ്ധം സ്ത്രീപുരുഷന്മാരയോധ്യയിൽ
രാമാഭിഷേകം കാംക്ഷിച്ചു കാത്തിരുന്നാരിനോദയം.
പ്രജകൾക്കൊരലങ്കാരം, ലോകക്കാനന്ദവർദ്ധനം,
കാണ്മവാനഴറീ ലോകരന്നയോധ്യാമഹോത്സവം. ൧൭
ഏവമാൾ തിങ്ങുമാ രാജമാർഗ്ഗം കണ്ടു പുരോഹിതൻ
ആൾക്കൂട്ടത്തെപ്പകുത്തുംകൊണ്ടെത്തീ മന്ദം നൃപാലയേ.
വെൺകാർമുകിൽതൊഴും പള്ളിമേടമേൽക്കേറിയിട്ടവൻ
ചെന്നെത്തിനാൻ നരേന്ദ്രങ്കൽ, ഇന്ദ്രങ്കൽ ഗുരു പോലവേ. ൧൮
അവൻ വന്നതു കണ്ടുവീന്ദ്രാസനം വിട്ടു മന്നവൻ
ചോദിച്ചാ;-നവനും, 'ചെയ്തേനതെ'ന്നായങ്ങുണർത്തിനാൻ.
അതോടുകൂടി, യവിടന്നൊത്തിരിയ്ക്കും സദസ്യരും
ആസനം വിട്ടെഴുന്നേററാർ പുരോഹിതനിലാദരാൽ. ൧൯
ഗുരുവാക്കാലരചനാ നരൊഘത്തെപ്പിരിച്ചുടൻ
പുക്കാനന്തഃപുരം, സിംഹമദ്രിതൻഗുഹ പോലവേ;

സുരേന്ദ്രഗേഹോപമമായ് സ്സുവേഷമാർ
വരാംഗിമാർ തിങ്ങിയ രമ്യമഗ്ര്യഹം
ഇലോം വിളങ്ങിച്ചഥ പൂകിനാൻ നൃപൻ,
സതാരമാമംബരമിന്ദു പോലവേ. ൨൦



Digitized By Kerala Sahitya Akademi

## ആറാം സൎഗ്ഗം: അഭിഷേകസന്നാഹം.

---

വാദ്ധ്യാൻ പോയളവേ രാമൻ നീരാടി, യതചിത്തനായ്,
കൺ നീണ്ട പത്നിയോടൊന്നിച്ചുപാസിച്ചിതു വിഷ്ണുവെ.
വിധിപോലേ ഹവിഷ്പാത്രം ശിരസ്സാലേ ഗ്രഹിച്ചുടൻ
വലുതാം ദേവതയ്ക്കാജ്യം ഹോമിച്ചാനാളുമഗ്നിയിൽ. ൧
ആ ഹവിസ്സിന്റെയുച്ഛിഷ്ടം സേവിച്ചാ,ത്മശുഭാൎത്ഥിയായ്,
വിഷ്ണുവാം ദേവനെദ്ധ്യാനിച്ചൊ,രു നൽദൎഭമെത്തമേൽ,
മൌനവും പൂണ്ടു, വൈദേഹിയൊന്നിച്ചു, യതചിത്തനായ്,
ശ്രീനാരായണഗേഹത്തിൽക്കിടന്നാൻ നൃവരാത്മജൻ. ൨

പുലരാൻ യാമമൊന്നുള്ളപ്പോളുണൎന്നെഴുനേററവൻ
നിലയത്തിന്നു ചെയ്യിച്ചാനലങ്കാരങ്ങളൊക്കയും.
വന്ദിമാഗധസൂതന്മാരങ്ങു ഭംഗ്യാ പുകഴ്ത്തവേ,
പൂൎവ്വസന്ധ്യയെ വന്ദിച്ചു ജപിച്ചാൻ യതചിത്തനായ്. ൩
സ്തുതിച്ചാനഥ മൂൎദ്ധാവാൽപ്പണിഞ്ഞു മധുമാഥിയെ;
വിപ്രരാൽ സ്വസ്തി ചൊല്ലിച്ചാൻ വെള്ളവസ്ത്രമുടുത്തുടൻ.
അവർതൻ മധുരോദാരമായ പുണ്യാഹഘോഷമോ,
തൂൎയ്യഘോഷവുമായ്ച്ചേൎന്നു മുഴക്കീ പേൎത്തയോദ്ധ്യയെ. ൪

കാകുത്സ്ഥനന്നു വൈദേഹിയൊത്തു നോററതു കേൾക്കയാൽ
സന്തുഷ്ടി പൂണ്ടാരെപ്പേരുമയോദ്ധ്യയിലെയാളുകൾ.
നേരം പുലൎന്നതോടൊപ്പം മുതിൎന്നു പൌരരേവരും,
രാമാഭിഷേകം കേട്ടിട്ടു പുരി മോടിപ്പെടുത്തുവാൻ: ൫
വെൺകാർമുടിയ്ക്കെതിർനിറം തങ്കും ദേവാലയവ്രജം
തേർവീഥി, നാല്ക്കൂട്ടവഴി, ചൈത്യങ്ങളഥ, കൊത്തളം,
നാനാവില്പനവസ്തുക്കൾ തിങ്ങുമങ്ങാടിവീഥികൾ,
ശ്രീയും സമൃദ്ധിയും ചേൎന്ന ഗൃഹസ്ഥരുടെ വീടുകൾ, ൬
തുംഗവൃക്ഷങ്ങൾ, സഭകളിവിടങ്ങളിലെങ്ങുമേ
നാട്ടീ ധ്വജങ്ങളും ചിത്രക്കൊടിക്കൂറകളും തദാ

Digitized By Kerala Sahitya Akademi

ആട്ടക്കാർ, കൂത്തുകാർ, പാട്ടും പാട്ടുകാരിവർതമ്മുടെ
മനഃകണ്ണസുഖാലാപമവിടെക്കേട്ടിതാളുകൾ. ൭
രാമാഭിഷേകവിഷയം സംസാരിച്ചിതു തങ്ങളിൽ,
രാമാഭിഷേകം വന്നാറേ മുററത്തും വീട്ടിലും ജനം.
കൂട്ടം കൂടിപ്പടികളിൽ ക്രീഡയാട്ടം കിടാങ്ങളും
രാമാഭിഷേകകഥയേ സംസാരിച്ചിതു തങ്ങളിൽ! ൮
പൌരർ, പൂക്കൾ വിരിച്ചും നൽധൂപഗന്ധം പരത്തിയും
രാജപാതയെ വിളങ്ങിച്ചു രാമൻെറയഭിഷേചനേ.
വെളിച്ചം കിട്ടുവാൻ, രാത്രിയായാലോ എന്ന ശങ്കയാൽ
ദീപസ്തംഭങ്ങളും നാട്ടീ തേർവീഥികളിലെങ്ങുമേ. ൯
പുരിയ്ക്കീമട്ടലങ്കാരം ചമച്ചൂപുരവാസികൾ,
രാമൻെറ യൌവരാജ്യാഭിഷേചനത്തിൽക്കുതൂഹലാൽ,
ചത്വരത്തിൽസ്സഭയിലും കൂട്ടമായ്ക്കൂടിയേവരും
തമ്പുരാനെ പ്രശംസിച്ചു സംസാരിച്ചാർ പരസ്പരം:- ൧൦
"അഹോ, മഹാത്മാവീ മന്നനിക്ഷ്വാകുകുലനന്ദനൻ:
തൻെറ വൃദ്ധത കണ്ടപ്പിയ്ക്കുന്നല്ലോ നാടു രാമനിൽ!
ധന്യരായ്തന്നു നാമെല്ലാം: നമ്മെ രാമൻ മഹീശനായ്
രക്ഷിയ്ക്കുമല്ലോ സുചിരം പാരിൻ മേൽകീഴു കണ്ടവൻ! ൧൧
ഉൾത്തള്ളലററ ധർമ്മിഷ്ഠൻ വിദ്വാൻ സോദരവത്സലൻ
നമ്മെയും സോദരന്മാരെപ്പോലേ സ്നേഹിച്ചു രാഘവൻ!
നീണാൾ വാഴ്കനഘൻ ധർമ്മശീലൻ ദശരഥൻ നൃപൻ:
ഏതൽപ്രസാദാലല്ലോ നാം കാണ്മൂ രാമാഭിഷേചനം!" ൧൨
ഇവണ്ണം പൌരർ സംസാരിപ്പതു കേട്ടീടിനാർ തദാ
ഉൾനാടർ, വാർത്ത കേട്ടോരോ ദിക്കിലും നിന്നു വന്നവർ:
രാമാഭിഷേകം കാണ്മാനങ്ങോരോ ദിക്കിങ്കൽനിന്നുമേ
വന്നു, രാമപുരേ തിങ്ങിയിരുന്നു പുറനാട്ടുകാർ. ൧൩
ആപ്പുരക്കും ജനൌഘത്താലങ്ങു കേൾക്കായൊരാരവം,
ഏററത്തിൽത്തള്ളിമറിയും കടൽതന്നൊച്ചു പോലവേ,

Digitized By Kerala Sahitya Akademi

ഭിദ്രക്ഷയാ വന്നവരായ നാട്ടുകാർ
നിറഞ്ഞു ശക്രാലയതുല്യമപ്പുരം
കിടന്നിരമ്പി, ജ്ജലജന്തുപൂർണ്ണമാം
കടൽജ്ജലം പോലെ വിളങ്ങി നീളവേ. ൨൮

—*—

## ഏഴാം സർഗ്ഗം: അഭിഷേകവിഘ്നപ്രസ്താവനം.

—*—

എങ്ങോ പിറന്നൊത്തമരും കൈകേയീജ്ഞാതിദാസികൾ
കേറി യദൃച്ഛയാ, തിങ്കൾശൊഭത്താരു തിരുമേടമേൽ.
അപ്പുള്ളിമേടമേൽനിന്നു കണ്ടാൾ മന്ഥര നീളവേ
വമ്പാതകൾ നനച്ചേററം പൂ ചിന്നിയൊരയോദ്ധ്യയെ: ൨
മുററും കൊടിക്കൂറകൊടിക്കാല്ക്കുളാലണി ചാർത്തിയും,
ഹർമ്മ്യമാർഗ്ഗങ്ങളും മുങ്ങിക്കളിച്ചോരും മുഴന്നുമേ,
മോദകം മാല കൈക്കൊണ്ട വിപ്രേന്ദ്രരൊലി കൂട്ടിയും,
ഓത്തൊച്ച പൊങ്ങിയും, ക്ഷേത്രദ്വാരേ വെഞ്ചെളി വീശിയും;
സർവ്വവാദ്യസ്വനം ചേർന്നു, തുഷ്ടരാം നരർ തിങ്ങിയും,
നല്ലശ്വങ്ങൾ ഹേഷിച്ചും, കൂററന്മാർ മുക്രയിട്ടുമേ,
മോദോൽപുളകരാം പൌരർ കൊടിക്കാൽനിര നാട്ടിയും
അയോധ്യ കാണായതിലത്യത്ഭുതപ്പെട്ടു മന്ഥര. ൬
ഹർഷാൽ വിടർന്ന കണ്ണോടെ വെള്ള പ്പൂംപട്ടുടുപ്പുമായ്
ചാരേ നില്ക്കും ധാത്രിതന്നെക്കണ്ടു ചോദിച്ചു മന്ഥര:-
"ആളുകൾക്ക ധനം വാരിക്കൊടുത്തീടുന്നതെന്തുവാൻ
പണക്കൊതിച്ചി രാമാംബ പുരുഹർഷസമേതയായ്? ൮
പെരുതിമ്പവുമെന്തേവമാളുകൾക്ക?ുള്ളു ചൊല്ക മേ;
എന്താണു തുഷ്ട്യാ ചെയ്യിപ്പാൻ തുടങ്ങുന്നതു തമ്പുരാൻ?"
ഹർഷത്താൽ നെഞ്ചു പിളരും ധാത്രിയത്യന്തതുഷ്ടയായ്,
വളന്ന രാഘവശ്രീയെപ്പറഞ്ഞാൾ കുബ്ജിയോടുടൻ:— ൧൦
"നാളെപ്പുഷ്യത്തിൽ വിജിതക്രോധനാം രാമഭദ്രനിൽ
യൌവരാജ്യാഭിഷേകം ചെയ്തീടും ദശരഥൻ നൃപൻ."

Digitized By Kerala Sahitya Akademi

ധാത്രിതൻ വചനം കേട്ടു സഹിയ്ക്കാഞ്ഞാശു കൂനിയും
കൈലാസശൃംഗോപമമാം മേടമേൽനിന്നിറങ്ങിനാൾ.   ൧൨
കോപാൽ വെന്തുരുകിക്കൊണ്ടാപ്പാപദർശിനി മന്ഥര
ചെന്നണഞ്ഞു, കിടക്കുന്ന കൈകേയിയൊടിതോതിനാൾ:-
"എണീയ്ക്ക നീ വിഡ്ഢി, കിടപ്പതെന്തെ,ത്തുന്നു തേ ഭയം;
താൻ ദുഃഖനിരയിൽപ്പെട്ടുപോയതെന്തറിയാത്തു നീ?   ൧൪
അപ്രിയേ, സുഭഗാകാരേ, സൌഭാഗ്യാൽ ത്തെളിയുന്നു നീ,
വററിപ്പോയ് നിൻെറ സൌഭാഗ്യം, വേനലിൽപ്പുഴപോലവേ."
പാപദർശിനിയാം കൂനിയരിശം പൂണ്ടിതിൻവിധം
പരുഷം ചൊല്ക്കയാൽപ്പാരമഴലിൽപ്പെട്ടു കൈകയി.   ൧൬
കൈകേയി കൂനിയോടോതീ:—"മന്ഥരേ, ക്ഷേമമല്ലയോ?
മുഖം വാടിത്തുലോം മാലാണ്ടല്ലോ കാണപ്പെടുന്നു നീ."
കൈകേയിതൻ മധുരമാം വാക്യം കേട്ടിട്ടു മന്ഥര
ചൊന്നേവമരിശം കൊണ്ടു ചൊന്നാൾ ചൊൽവിരുതുള്ളവൾ;   ൧൮
അവൾക്കു നന്മ തേടുന്നാക്കൂനി മാൽ മൂത്തു ചൊല്ലിനാൾ,
മാഴ്കിയ്ക്കുവാനും രാമങ്കൽപ്പിണക്കം ചേർക്കുവാനുമായ്:—
"തീർത്താൽത്തീരാത്ത വൻനാശം പെട്ടിരിയ്ക്കുന്ന ദേവി, തേ:
രാമന്നു നല്കുമായ് യൌവരാജ്യം ദശരഥൻ നൃപൻ.   ൨൦
ഞെട്ടിത്തുണ്ടുപോയ് ദുഃഖശോകം പൂണ്ടാഴമേറും ഭയത്തിൽ ഞാൻ;
ചെന്തീയ്യാൽ വെന്തുകൊണ്ടിങ്ങു വന്നോൻ തവ ഹിതത്തിനായ്.
നിൻദുഃഖംകൊണ്ടു കൈകേയി, വൻദുഃഖം മമ വന്നിടും;
കില്ലില്ല, നിൻെറ സമ്പത്താൽസ്സമ്പത്തും മമ വന്നിടും.   ൨൨
രാജവംശത്തിലുണ്ടായോൾ, രാജാവിൻ ശ്രേഷ്ഠപത്നിയാൾ,
രാജധർമ്മക്കൊടുമയെന്തറിയാത്തതു ദേവി, നീ?   [കടുത്തവൻ;
ധർമ്മം ചൊൽവോൻ ശഠൻ, കാന്തൻ ഭംഗി ചൊൽവോൻ
ശുദ്ധനെന്നോർപ്പു നീ,യേവമദ്ദേഹത്തിൻ മിരട്ടിനാൽ!   ൨൪
നിന്നോടു തഞ്ചത്തിൽ വെറും ഭംഗിവാക്കരുൾചെയ്തിടും;
കൌസല്യയ്ക്കു ഗുണം ചെയ്വാൻ പോകയാണിന്നു നിൻ പ്രിയൻ,
അദുഷ്ടൻ നിൻ ഭരതനെ സ്വജനേ തള്ളിവിട്ടി,താ,

Digitized By Kerala Sahitya Akademi

ശല്യമില്ലാത്ത രാജ്യത്തിൽ വാഴിയ്ക്കും നാളെ രാമനെ! ൩൬
പതിപ്പേർ കൊണ്ടൊരരിയെ,പ്പെൺകിടാവേ, ഹിതേച്ഛയാൽ
ഒരമ്മ പാമ്പിനെപ്പോലേ മടിയിൽക്കേററിവെച്ചു നീ;
ഉപേക്ഷിതെ വിടുകിൽപ്പാമ്പുമരിയും ചെയ്തിടുന്നതേ
ചെയ്തു സപുത്രയാം നിന്നിലിപ്പോൾദ്ദശരഥൻ നൃപൻ! ൩൭
ഭംഗിവാക്കോതിടും പാപി ബാലേ, നിത്യസുഖോചിതേ,
രാജ്യം രാമകലപ്പിച്ചാൽക്കൂട്ടത്തോടേ മുടിഞ്ഞു നീ.
അതിനാലാശു കൈകേയി, ചെയ്ക തേ തക്കതാം ഹിതം:
രക്ഷിയ്ക്കു നിന്നെ, മകനെ,യെന്നെയും വിരുതത്തി, നീ!" ൩൦
മന്ഥരാവാക്കു കേട്ടേററമുൾക്കളിത്തസ്സുവക്ത്രയാൾ
കിടപ്പിൽനിന്നെഴുന്നേററാൾ ശരൽപ്പൈംതിങ്കൾ പോലവേ,
എന്നിട്ടു കൈകേയി തുലോം ഹർഷമോടത്ഭുതത്തൊടും
പ്രശസ്തമാമാഭരണമൊന്നക്കുനിയ്ക്കു നല്കിനാൾ. ൩൨
ഏവമാഭരണം നല്കിക്കമനീമണി കൈകയി
അക്കുനിയാം മന്ഥരയെപ്പാർത്തു വീണ്ടുമിതോതിനാൾ:—
"അതികച്ചും പ്രിയമല്ലോ മേ നീയിച്ചൊന്നതു മന്ഥരേ;
ഇപ്രിയം ചൊന്നതിനെന്തു ചെയ്‌വൻ വീണ്ടും നിനക്കു ഞാൻ?
വ്യത്യാസം കാണ്മതില്ലാ ഞാൻ രാമങ്കൽബ്ഭരതങ്കലും;
തോഷിച്ചേൻ, രാമനെ നൃപൻ നാട്ടിൽ വാഴിയ്ക്കുമെന്നതിൽ.
ഇതിൽപ്പരം മേ പ്രിയമായി വല്ലതും
പ്രിയോചിതേ, ചൊല്ലുക സാധ്യമല്ല തേ;
തപ്പുരുതമമ്മട്ടു;-തിനാൽ പ്രിയയാത്തരം
വരിച്ചുകൊൾകുററ വരം, തരാം തവ." ൩൬

—*—

## എട്ടാം സർഗ്ഗം: മന്ഥരാകൈകേയീസംവാദം.

—*—

അവളോടു മഷിഞ്ഞിട്ടപ്പണ്ടം ദൂരെയെറിഞ്ഞുടൻ
ചൊന്നാൾ മന്ഥര,മാൽ പൂണ്ടുമരിശം കൊണ്ടുമിങ്ങിനെ:—
"അസ്ഥാനത്തീവിധം ഹർഷം കൊൾവതെന്താണു വിഡ്ഢി, നീ?
ദുഃഖക്കടൽനടുക്കായീ താനെന്നതറിവീല നീ. ൨

ഉള്ളാൽ നിന്നെ ഹസിയ്ക്കുന്നോൻ ദേവി, ദുഃഖാൎത്തയായ ഞാൻ:
മാഴ്കേണ്ടതിൽ പ്രഹൎഷിയ്ക്കുന്നല്ലോ വന്മാലിതേററ നീ!
നിൻബുദ്ധിക്കേടിൽ മാഴ്കുന്നോൻ: ഹൎഷിയ്ക്കും പ്രാജ്ഞയാ
[മെവൾ,
സപത്നിപുത്രനാം വൈരി, മൃത്യുപോലപ്രബുദ്ധി കൊൾവതിൽ? ൭
രാമന്നു, തുല്യരാജ്യാൎഹൻ ഭരതൻ താൻ ഭയാസ്പദം;
അതോൎത്തഴലെനിയ്ക്കു;-ഭീരാമല്ലോ സഭയനാൽബ്ഭയം.
വില്ലാളി ലക്ഷ്മണൻ സൎവ്വംകൊണ്ടും രാമങ്കൽ നില്പവൻ;
ലക്ഷ്മണൻ രാമനിൽപ്പോലെ ശത്രുഘ്നൻ ഭരതങ്കലും. ൮
മുറയ്ക്കുടപ്പമോൎത്താലും ഭരതന്നാണു ഭാമിനി,
രാജ്യക്രമ;മകന്നിട്ടാണാ രണ്ടവരജൎക്കമേ.
വിദ്വാൻ ക്ഷത്രചരിത്രജ്ഞൻ കാൎയ്യം നീട്ടാത്ത രാമനാൽ
ഭയപ്പെട്ടു വിറയ്ക്കുന്നേൻ, നിന്നുണ്ണിയെ നിനച്ചു ഞാൻ. ൯
ധന്യയാൾ തന്നെ കൌസല്യ: നാളെപ്പൂയത്തിലന്തണർ
തൽപുത്രന്നേകുമല്ലോ വൻയൌവരാജ്യാഭിഷേചനം!
വൻപ്രീതി നേടി,പ്പേർകേട്ടു, മാററാരററ,വൾ വാഴ്കവേ,
സേവിച്ചുനില്ക്കേണ്ടിവരും കൈക്കൂപ്പിദ്ദാസി പോലെ നീ. ൧൦
ഇസ്ഥിതിയ്ക്കങ്ങളോടൊത്തു ഭൃത്യയായ്ത്തീരുമവൾക്കു നീ;
നിന്നുണ്ണിതാനും രാമന്റെ ഭൃത്യനായിച്ചമഞ്ഞിടും.
ഹൎഷിയ്ക്കുമല്ലോ രാമന്റെ മികവേറിയ നാരിമാർ;
അഴല്പെടും, നിൻസ്നുഷമാർ ഭരതന്നിടിവേല്ക്കയാൽ.” ൧൧

ഇത്ഥം ചൊല്ലിടും മന്ഥരതൻ വ്യസനത്തള്ളൽ കണ്ടുടൻ
രാമന്റെ നാനാഗുണമേ വാഴ്ത്തിനാൾ ദേവി കൈകയി:-
“ധൎമ്മജ്ഞൻ ഗുണവാൻ ദാന്തൻ കൃതജ്ഞൻ സത്യവാക് ശുചി
രാമൻ നൃപജ്യേഷ്ഠസുതൻ യൌവരാജ്യത്തിനൎഹനാം. ൧൨
ഭ്രാതൃഭൃത്യരെയായുഷ്മാനച്ഛൻ പോലെ ഭരിച്ചിടും;
രാമാഭിഷേകം കേട്ടിട്ടെന്തഴൽ തേടുന്നു കൂനി, നീ?
ദ്ധം ഭരതനും, രാമൻതന്റെ നൂററാണ്ടിനപ്പുറം,
അച്ഛന്മുത്തച്ഛർവകയാം നാടു നേടും നരൎഷഭൻ. ൧൩

Digitized By Kerala Sahitya Akademi

അതിനാൽ മന്ഥരേ തക്കൊരുത്സവം വന്നപോതിലും,
ശുഭം വരാൻപോമളവും സന്തപിയ്ക്കുന്നതെന്തു നീ?
മാന്യൻ ഭരതനെപ്പോലെ,യേറെയും മമ രാഘവൻ;
കൌസല്യയിൽക്കവിഞ്ഞെന്നെശ്ശുശ്രൂഷിയ്ക്കുന്നതുണ്ടവൻ.
രാജ്യം രാമന്നു കൈവന്നാ,ലതന്നു ഭരതന്നുമായ്:
തന്നെപ്പോലോക്കുവോനല്ലോ രാഘവൻ തമ്പിമാരെയും!"
കൈകേയീവചനം കേട്ടു പാരം മാലാണ്ടു മന്ഥര
ചൂടുള്ള നെടുവീർപ്പിട്ടു കൈകേയിയൊടിതോതിനാൾ:- ൨൦
"അനർത്ഥദൃഷ്ടി നീ മൌഢ്യാലറിയുന്നീല നിൻനില,
ആപദ്ദുഃഖപ്പരപ്പാർന്നോരഴലാഴിയിലാഴവോൾ.
രാഘവൻ നൃപനായ്ത്തീർന്നാൽ,പ്പിന്നെ രാഘവപുത്രനാം;
രാജവംശാൽപ്പുറത്താക്കപ്പെട്ടും കൈകേയി, നിൻമകൻ. ൨൨
രാജാവിൻ മക്കളെല്ലാരും രാജ്യം വാഴില്ല ഭാമിനി;
എല്ലാവരെയും വാഴിച്ചാൽ വല്ലാത്തൊരനയം വരും.
മൂത്താളിലല്ലോ കൈകേയി, രാജ്യതന്ത്രങ്ങൾ മന്നവർ
സമർപ്പിപ്പൂ മനോജ്ഞാംഗി, മറ്റേവർ നല്ലവരെങ്കിലും. ൨൪
എന്നെയ്ക്കും ഭ്രഷ്ടനായ്പ്പോവു,മനാഥൻപോലെ നിൻമകൻ
സുഖത്തിൽനിന്നും സുസ്മിതേ, രാജവംശത്തിൽനിന്നുമേ.
എന്നാൽ നിനക്കായ് വന്നോൻ ഞാൻ; നീയോ,ശൌനി
[പ്രതില്ല മാം
സമ്മാനം നല്കുയാണല്ലോ സപത്നീശ്രീയിൽ നീ മമ! ൨൬
നാട്ടു നിഷ്കണ്ടകം നേടി രാമൻ ഭരതനെദ്ധ്രുവം
പരദേശത്തു കൊണ്ടാക്കും, പരലോകത്തുതന്നെയോ!
നീയമ്മാത്തെയ്ക്കയച്ചല്ലോ, ബാല്യത്തിൽത്തന്നെ യുണ്ണിയെ:
അരികേ പാർക്കിൽ സ്നേഹമചരങ്ങളിലും വരും. ൨൮
ഭരതന്നടിപെട്ടൊപ്പം പോയാൻ ശത്രുഘ്നനും തദാ:
ലക്ഷ്മണൻ രാമനിൽപ്പോലെ,യിവൻ ഭരതനിൽ സ്ഥിതൻ.
ഉണ്ടല്ലോ കേൾവി: കാടന്മാർ വെട്ടാൻപോമൊരു ശാഖിയെ
ആപത്തിൽനിന്നു രക്ഷിപ്പൂ, ചാരേ നില്പാലിഷീകകൾ. ൩൦

Digitized By Kerala Sahitya Akademi

സൌമിത്രി രാമനെക്കാക്കും രാമൻ ലക്ഷ്മണനേയുമേ;
അശ്വികൾക്കൊപ്പമിവർതൻ സൌഭ്രാത്രം വിശ്വവിശ്രുതം.
തന്മൂലം ലക്ഷ്മണന്നേതും ദോഷം ചെയ്യില്ല രാഘവൻ;
രാമൻ ഭരതനിൽദ്രോഷം ചെയ്യുമെന്നതു നിശ്ചയം. ൩൩
അമ്മാത്തുനിന്നുതാൻ കാട്ടിൽപ്പോയിക്കൊള്ളട്ടെ നിന്മകൻ;
ഇതാണെനിയ്ക്കഭിമതമിവിടെയ്ക്കും തുലോം ഹിതം!
അച്ഛന്റെ രാജ്യം ധൎമ്മത്താൽബ്ഭരതൻ നേടുമെങ്കിലേ,
താവകസ്വജനങ്ങൾക്ക നന്മയുണ്ടായിവന്നിട്ടു. ൩൪
ആ നിൻ സുഖോചിതൻ ബാലൻ രാമന്നു സഹജൻ രിപു,
സമൃദ്ധാൎത്ഥന്നു നഷ്ടാൎത്ഥൻ കീഴിൽജ്ജീവിപ്പതെങ്ങിനെ?
കാട്ടിൽസ്സിംഹമെതിരേറ്റൊരു ഗജമുഖ്യാനയാംവിധം,
രാമൻ വലയ്ക്കും ഭരതന്തന്നെ രക്ഷിച്ചുകൊൾക നീ. ൩൫
സൌഭാഗ്യഗൎവ്വാൽ നീ മുന്നമവമാനിച്ചിരിപ്പവൾ
ഭവത്സപത്നി രാമാംബ പക വീട്ടാതിരിയ്ക്കുമോ?
പ്രഭൂതരത്നാകരപത്തനാദ്രിയാം
ധരിത്രി രാമൻ പരമെന്നു നേടുമോ,
സദൈന്യമന്നാ മകനോടുകൂടി നീ
പതിയ്ക്കുമേ ഭാമിനി, കെട്ട തോൽവിയിൽ! ൩൬
ധരിത്രി രാമന്നു ലഭിയ്ക്കുമന്നുതാൻ
വരും പ്രണാശം ഭരതന്നു നിൎണ്ണയം;
ഉപായമിന്നൂഴി മകന്നു കിട്ടുവാൻ
നിനയ്ക്ക, മററാളെയകററുവാനുമേ.

—*—

ഒമ്പതാം സൎഗ്ഗം: അഭിഷേകവിഘ്നോപായപ്രദൎശനം.

—*—

ഇതു കേട്ടരിശത്താലേ മുഖം കത്തിയ കൈകയി
മൂട്ടള്ള നെട്ടുവീൎപ്പിട്ടു ചൊന്നാൾ മന്ഥരയോടിദം:—
"ഞാനിന്നു രാമനെ ക്ഷിപ്രം കാനനത്തിന്നയയ്ക്കുവൻ;
ചെയ്യുൻ ഭരതനിൽ ക്ഷിപ്രം യൌവരാജ്യാഭിഷേകവും. ൧



Digitized By Kerala Sahitya Akademi

ഇതിപ്പോളോൎത്തുകാണ്കെ,ന്തൊരുപായംകൊണ്ടു മന്ഥരേ,
രാജ്യം കിട്ടും ഭരതനു, രാമന്നില്ലൊരുമട്ടിലും?"
ഏവമദ്ദേവി ചോദിയ്ക്കെ,പ്പാപദൎശിനി മന്ഥര
രാമകാൎയ്യം കെടുത്തിക്കൊണ്ടോതി കൈകേയിയോടിദം:- ൪
"ഹന്ത, ചൊല്ലിത്തരാമല്ലോ ഞാനിപ്പോൾ, കേൾക്ക കൈകയി,
നാടു നിന്നുണ്ണി ഭരതനെവ്വണ്ണം നേടുമെന്നു നീ:
ഓൎമ്മിപ്പതില്ലേ കൈകേയി? പോത്തോൎമ്മിച്ചു മറയ്ക്കയോ?
നീ ചൊല്ലിപ്പോന്ന നിങ്കാൎയ്യം ഞാൻ കേൾപ്പിയ്ക്കുക വേണമോ?
ഞാൻ ചൊല്ലിക്കേൾക്കവാനാണു വാഞ്ഛയെങ്കിൽ വിലാസിനി,
കേട്ടുകൊൾക, പറഞ്ഞിടാം; കേട്ടിട്ടു നിരൂപിയ്ക്ക നീ."
ഏവമാ മന്ഥരയുടെ വാക്കു കേട്ടിട്ടു കൈകയി
ചേലൊത്ത മെത്തമേൽനിന്നു ചെറെറഴുന്നേററു ചൊല്ലിനാൾ:—
"ഉപായമിങ്ങു നീ ചൊൽകെ,ന്തുപായംകൊണ്ടു മന്ഥരേ,
രാജ്യം കിട്ടും ഭരതനു, രാമന്നില്ലൊരുമട്ടിലും?"
ഏവമദ്ദേവി ചോദിയ്ക്കെ,പ്പാപദൎശിനി മന്ഥര
രാമകാൎയ്യം കെടുത്തിക്കൊണ്ടോതിനാൾ ക്രൂരിയിങ്ങിനെ:— ൧൦
"ദേവാസുരപ്പടയിൽ നിൻപതി രാജൎഷിമാരുമായ്
നിന്നെയുംകൊണ്ടെഴുന്നള്ളീ ദേവേന്ദ്രനു തുണയ്ക്കുവാൻ,
ദേവി, ദക്ഷിണദിക്കിങ്കലുള്ള ദണ്ഡകമണ്ഡലേ,
തിമിധ്വജൻ വാണിരുന്ന വൈജയന്തപുരത്തിനായ് ൧൨
അശ്ശംബരാഖ്യനസുരത്തലവൻ മായയേറിയോൻ
നിലിമ്പരോടു തോല്ക്കാതേ പോരിട്ടാനമ്പർകോനുമായ്;
ആ വൻപോരിൽ മുറിപ്പെട്ടു പരിക്കേററ ജനങ്ങളെ
രാവുറങ്ങിടവേ, ചെന്നു കൊന്നാരസുരരഞ്ജസാ; ൧൪
അപ്പോളങ്ങു പെരുംപോരു ചെയ്താൻ ദശരഥൻ നൃപൻ.
അസുരായുധജാലത്താൽ മുറിപ്പെട്ടു മഹാഭുജൻ
മൂൎച്ഛിച്ചു സമയം ദേവി, പിന്മാററീ പോരിൽനിന്നു നീ;
രക്ഷിച്ചിതങ്ങും, ശസ്ത്രൗഘക്ഷതനാം നിന്മണാളനെ. ൧൬
തെളിഞ്ഞവൻ രണ്ടു വരം നിനക്കേകീ ശുഭേക്ഷണേ;
നീ ദേവി, പതിയോടോതീ, 'വേണ്ടുമ്പോളീ വരങ്ങൾ ഞാൻ

Digitized By Kerala Sahitya Akademi

വാങ്ങിപ്പനെ'ന്നാ, 'ങ്ങിനെ'യെന്നാ മഹാത്മാവുമോതിനാൻ.
അറിഞ്ഞതല്ല ഞാൻ, ദേവി, നീ താൻ പണ്ടു പറഞ്ഞതാം; ഇവ
ഈ വാർത്ത നിന്നിൽ സ്നേഹത്താലഹോ, ഞാനുള്ളിൽ വെച്ചതും.
രാമാഭിഷേകവട്ടങ്ങൾ പിന്മാററിയ്ക്ക പിടിച്ചു നീ.
യാചിയ്ക്കുകാ, വരം രണ്ടാൽ ഭരതന്നഭിഷേകവും,
രാമന്നീരേഴാണ്ടു ദ്ദൂരെപ്പോക്കലും പതിയോടു നീ. ൧൦
ഈരേഴു വത്സരം രാമൻ കാട്ടിൽപ്പോയ്ത്താമസിയ്ക്കിലോ
നാട്ടാർക്കൾപ്രേമമുണ്ടാക്കി സ്ഥിരനായ്ത്തീർന്നിടും മകൻ.
ക്രോധച്ഛലാൽ ക്രോധഗൃഹം പുക്കശേഷപതി നന്ദിനി,
വെറുംനിലത്തു മലിനാംബരയായിക്കിടക്ക നീ. ൧൧
അവൻെറ നേരേ നോക്കീടൊല്ല,വനോടുരിയാടൊലാ;
കേണുംകൊണ്ടവനെപ്പാർത്തു മാഴ്കി മന്നിൽക്കിടക്ക നീ.
നീയോമലാൾ സദാ നാഥന്നി,തിൽസ്സംശയമില്ല മേ;
നിനക്കായി മഹാരാജൻ തീയ്യിലും ചെന്നു ചാടിടും! ൧൪
ചൊടിപ്പിയ്ക്കാ ഭവതിയെ,ച്ചൊടിച്ചാൽ നേരെനോക്കിടാ;
തമ്പുരാൻ നിൻപ്രിയത്തിന്നായ് പ്രാണൻപോലും വെടിഞ്ഞിടും!
മന്നനാളാകയില്ലല്ലോ നിൻെറ വാക്കൊന്നു തട്ടുവാൻ;
അമാന്തക്കാരി, നീയോൎക്ക നിൻെറ സൌഭാഗ്യശക്തിയെ! ഒന്നു
മണിമുത്തുകളും പൊന്നും നാനാശ്രേഷ്ഠപദാൎത്ഥവും
തരും ദശരഥക്ഷ്മാപൻ, മനസ്സുവയിൽ വെയ്ക്കൊലാ.
സുരാരിയുദ്ധേ തന്നിട്ടുണ്ടല്ലോ രണ്ടു വരം നൃപൻ,
അതോൎപ്പിയ്ക്ക മഹാഭാഗേ; നീയക്കാൎയ്യമൊഴിയ്ക്കൊലാ. ൧൫
താന്താനെണീപ്പിച്ചു വരം രാഘവൻ തന്നിടുംവിധൌ,
മഹാരാജാവിനെയുറപ്പിച്ചു നീ വാങ്ങുകീ വരം:
"അകററിക്കാട്ടിൽ വാഴിയ്ക്ക പതിന്നാലാണ്ടു രാമനെ;
ഭരതന്നേകുക മഹീനായകത്വം നൃപോത്തമ.' ൨൦
ഈരേഴു വത്സരം രാമൻ കാട്ടിൽപ്പോയ്ത്താമസിയ്ക്കിലോ,
വളൎന്നു വേരുറച്ചിങ്ങു വാഴും നിന്നുണ്ണി മേലിലും.
രാമനെപ്പോക്കിവിടലായ്ദ്ദേവി, യാചിയ്ക്കുകാ വരം;
എന്നാൽസ്സർവ്വാൎത്ഥവും കിട്ടും നിൻെറ പുത്രന്നു ഭാമിനി. ൨൧

Digitized By Kerala Sahitya Akademi

ഈവമട്ടകററിയാൽ രാമൻ രാമന്താനായ്മുമഞ്ഞിടും;
മറുകക്ഷികളെന്ന്യേ നിൻഭരതൻ പെരുമാളുമാം!
രാമനെന്നെയ്ക്കരണ്യത്തിൽനിന്നിങ്ങു തിരിയേ വരും,
അന്നേയ്ക്കു നിന്നുടെ മകൻ വേരുറച്ചവനായ്‌വരും, ൩൮
പ്രജാവൃന്ദത്തെ രഞ്ജിപ്പിച്ചാത്മവാൻ മിത്രസംയുതൻ.
തക്ക കാലമിതല്ലോ തേ: നൃപനെക്കുസലെന്നിയേ
രാമാഭിഷേകസംരംഭാൽപ്പിന്മാററുക പിടിച്ചു നീ."
അനത്ഥമത്ഥവടിവിലവൾ ചൊല്ലിക്കൊടുക്കയാൽ ൩൯
'നന്നെന്നമ്പാൻ കൈകേയി ചൊന്നാൾ മന്ഥരയോടിദം;
കൂനിവാക്കാൽ,കുതിരപോലപഥം പുക്കകൈകയി
വിസ്മയപ്പെട്ടിരുന്നല്ലോ പാരം പരമദർശന:-
"നല്ലോൾ നീ, നല്ലതോതുന്നോളെന്നറിഞ്ഞീല കൂനി,ഞാൻ;
മന്നിൽക്കൂനികളിൽക്കേമി തന്നെ നീ തീർച്ചചെയ്യതിൽ;
നീയേ ഉള്ളൂ ഹിതം തേടിയെൻകാര്യം നോക്കുവാൻ സദാ;
അറിഞ്ഞീല,രചൻ ചെയ്യാനൊരുവട്ടത്തു കൂനി, ഞാൻ.
വല്ലാത്തോരാസ്സുളഞ്ഞുണ്ടു കൂനിമാരതിഘോരകൾ; ൪൦
വാതത്താൽച്ചാഞ്ഞ നീയോ, പൊയ്ത്താരുപോലഴകൊത്തവൾ!
നിൻെറ നെഞ്ചൊരിണക്കത്താൽത്തോളിലോളമുയന്നതാം;
താഴേ സുനാഭം വയറു ലജ്ജയാലോ ചടച്ചുപോയ്!
ചട്ടററുള്ളൊന്നു ജഘനം, വട്ടമൊത്തവ കൊങ്കകൾ, ൪൧
വെൺതിങ്കൾപോലേ വദനം ഹന്ത, നിൻ ഭദ്രേ മന്ഥരേ!
കിലുങ്ങുന്നിതരഞ്ഞാണാൽ മിന്നും നിൻജഘനസ്ഥലം,
കണങ്കാൽ വടിവൊത്തുള്ളൊന്നൊപ്പം നീണ്ടവ കാലുകൾ.
ഊട നീണ്ടവൾ നീ വെണ്പട്ടുടുപ്പും പൂണ്ടു മന്ഥരേ, ൪൨
എൻെറ മുന്നിൽ നടക്കുമ്പോൾശ്ശോഭിപ്പൂ ഹംസി പോലവേ.
ദൈത്യേന്ദ്രൻ ശംബരന്നുണ്ടായിരുന്നു മായയായിരം;
അതെല്ലാം നിങ്കൽ നില്പുണ്ടു—പോരാ, മററുമൊരായിരം:
നിൻെറയീ നീണ്ട കൂനില്ലേ രഥഘോണാഭമായതം, ൪൩
ഇതിൽക്കിടപ്പൂ നിൻ മായ ബുദ്ധിയും ക്ഷത്രവിദ്യയും;
ഇതിന്മേലിട്ടുതരുവനൊരു പൊന്മാല കൂനി, ഞാൻ,

Digitized By Kerala Sahitya Akademi

ഭരതൻ നൃപനാകിലിന്നു രാഘവൻ കാടു പൂകിയാൽ!
മാറേററവും കാഞ്ചനം നന്നായുരുക്കിയതു, മന്ഥരേ, ൪൮
പൂശിപ്പൻ നിൻെറ കൂനിന്മേൽ, കാൎയ്യം സാധിയ്ക്കിൽ ഞാൻ മുദാ!
മുഖത്തെയ്ക്കുഴകൊാത്തൊരു തങ്കപ്പൊട്ടും വിചിത്രമായ്
തീർപ്പിയ്ക്കുവൻ കൂനി, നിനക്കമെലാഭരണങ്ങളും;
നൽച്ചേലകളുടുത്തിങ്ങു നടക്കം ദേവിപോലെ നീ! ൫൦
തിങ്കളോടു തിരക്കുന്ന മുഖത്താലെതിരററ നീ
മാററാരില്പൂററവും കാട്ടി പ്രൌഢിയോടേ നടന്നിടും!
കൂനിയായ നിനക്കെല്ലാപ്പണ്ടവും പൂണ്ട കൂനിമാർ
കാൽ തലോടിത്തരും നിത്യം, നീയെനിയ്ക്കെന്നപോലവേ!” ൫൨
എന്നു വാക്കുമൊഴിതവൾ കൈകേയിയൊടിതോതിനാൾ
തീജ്ജ്വാല വേദിമേൽപ്പോലെ വെൺതല്പത്തിൽക്കിടക്കവേ:—
“കെട്ടുമാറില്ല വെള്ളം വാരാതോടത്തു ചിറ ശോഭനേ;
എണീയ്ക്ക, ചെയ്യുക ശുഭം: കാത്തിരിയ്ക്ക നരേന്ദ്രനെ.” ൫൪
അവ്വണ്ണമുത്സാഹിതയാം ദേവി മന്ഥരയൊത്തുടൻ
പുക്കാൾ ക്രോധഗൃഹം, കണ്ണു നീണ്ടോൾ സൌഭാഗ്യഗൎവ്വിനാൽ;
അനേകലക്ഷം വിലയാം മുത്തുമാല വരാങ്ഗിയാൾ
അങ്ങുരിയിട്ടാൾ മികവുള്ളമലാഭരണങ്ങളും; ൫൬
എന്നിട്ടു, കൂനിച്ചൊല്ക്കീഴിലായ്പ്പോയ കനകാഭയാൾ
മന്നിൽക്കിടന്നു കൈകേയി ചൊന്നാൾ മന്ഥരയോടിദം:—
“ഞാനിങ്ങു ചത്തുപോയെന്നോ കൂനി, കേൾപ്പിയ്ക്ക ഭൂപനെ:
രാഘവൻ കാടു കേറേണം, ഭരതൻ ഭൂമി നേടണം! ൫൮
എനിയ്ക്കു വേണ്ടാ കനകം രത്നമാഭരണങ്ങളും;
ജീവാവസാനമായ്, രാമനാഭിഷേകം കഴിയ്ക്കിൽ മേ!”
അതിൻെറശേഷം ഭരതൻെറയമ്മയാം
ക്ഷിതീശമുഖ്യപ്രിയയോടു കൂനിയും
ഉരച്ചു, രാമന്നഹിതം ഹിതം വചഃ-
സ്സുരത്ത നൈഷ്ഠുൎയ്യമിയന്നു വീണ്ടുമേ:— ൬൦
“ലഭിച്ചിടും നാടിതു രാമനെങ്കിലോ,
തപിയ്ക്കുമേ പുത്രനൊടൊത്തു നീ ദൃഢം;

Digitized By Kerala Sahitya Akademi

അതോർത്തു കല്യാണി, തുനിഞ്ഞുകൊൾക, നിൻ
സുതൻ തരംപോലഭിഷിക്തനാം വിധം.”
ഇവണ്ണമക്കുനിയിടയ്ക്കിടയ്ക്കു വാക്-
ശരങ്ങളാണ്ടെയ്തു തറച്ച രാജ്ഞിയാൾ
കരങ്ങൾ മാറിങ്കലണച്ചു കുനിയോ-
ടുരച്ചു കോപാദത്ഭുതമാണ്ടു മേല്ക്കുമേൽ:- ൩൧
“കടന്നു ഞാൻ കുനി, കൃതാന്തന്തോരണ-
ഞ്ഞതിന്നു നീ കണ്ടറിയിയ്ക്കുകൊന്നുകിൽ;
അതല്ലയെങ്കിൽ,സ്സുചിരായ രാഘവൻ
വനം ഗമിച്ചെ,ൻ ഭരതൻ സമൃദ്ധനാം!
വിരിച്ച പൂമാലകൾ ചന്ദനാഞ്ജനം
വരാന്നപാനങ്ങളിവററിലൊന്നുമേ
കൊതിയ്ക്കുവോളല്ലയിർപോവുമിന്നു ഞാൻ,
ഗമിച്ചിടാ കാട്ടിനു രാമനെങ്കിലോ!” ൩൨
ഇവണ്ണമായ്ബ്ഭാമിനി ഘോരവാക്കു-
ച്ചശേഷമൈക്കോപ്പുമഴിച്ചുവെച്ചുടൻ,
വിരിപ്പുകൂടാത്ത വെറുംനിലത്തുതാൻ
കിടക്കയായ്, കിന്നരി വീണതിൻവിധം!
മുഖം മഹാകോപതമസ്സിൽ മൂടിയോൾ,
സുമാല്യഭൂഷോഘമഴിച്ചു നീക്കിയോൾ,
നരേന്ദ്രനല്ലാർ കരൾ കെട്ടി,രുട്ടു ചേ-
ന്നുഡുക്കൾ മാഞ്ഞീടിന വാനുപോലെയായ്. ൩൩

—*—

പത്താം സർഗ്ഗം: ക്രുദ്ധകൈകേയീദർശനം.

—*—

ദുഷ്ടേരം കുനിയാൽ മാറിക്കാണിയ്ക്കപ്പെട്ട ദേവിയാൾ
മന്നിൽക്കിടക്കയായ്, നഞ്ഞമ്പേററ കിന്നരിപോലവേ.
മന്ഥരാവാക്കിലന്ധാളിച്ചാർത്തയായ്ത്തീർച്ച ചെയ്തവൾ
പിടപ്പാമ്പിൻപടി ചുടും നെടുവീർപ്പിട്ടു ഭാമിനി. ൧

Digitized By Kerala Sahitya Akademi

തെല്ലു നേരം വിചാരിച്ചാൽ തനിയ്ക്കു സുഖമാം വഴി;
കാര്യമുള്ളവളുറച്ചെ,'ല്ലാം ശരിയാണെ'ന്നു മെല്ലവേ
ചൊല്ലിനാൾ മന്ഥരയോടപ്പോഴുടൻ വേർപെട്ട ഭാമിനി.
ആ നല്ല നിശ്ചയം കേട്ടിട്ട,ർത്ഥം തേടും സുഹൃജ്ജനവൾ, ൪
സിദ്ധി നേടിയപോലേററം പ്രീതയായ്ത്തീൎന്നു മന്ഥര.
ശരിയ്ക്കു നിശ്ചയം ചെയ്തു ചൊടിച്ചു,ബല ദേവിയും
മന്നിൽക്കിടന്നാ,ളാവോളം വളച്ചു പുരികത്തൊടേ.
കൈകേയിയങ്ങഴിച്ചിട്ട വിചിത്രമലർമാലകൾ ൬
കിടന്നു മന്നിടത്തിൽത്താനദ്ദിവ്യാഭരണങ്ങളും;
അമ്മട്ടവളഴിച്ചിട്ട പൂമാല്യാഭരണങ്ങളോ,
താരങ്ങൾ വാനിനെപ്പോലെ ശോഭിപ്പിച്ചിതു ഭൂമിയെ.
കാണായ് ക്രോധാലയേ വീണോൾ മലിനാംബരയാളവൾ ൮
കുന്തലൊന്നായ് മെടഞ്ഞിട്ടോൾ, ക്ലാന്ത കിന്നരി പോലവേ.

രാഘവന്നഭിഷേകത്തെയാജ്ഞാപിച്ചു നൃപോത്തമൻ
സദസ്സിനോട്ടു വിടയും വാങ്ങിയുൾപ്പൂകിനാൻ ഗൃഹം:
രാമാഭിഷേകമിപ്പോഴേ പുറത്തായുള്ളവെന്ന,വൻ
പ്രിയം പ്രിയാൎഹയോടോതാൻ പുക്കാനന്തഃപുരം വശി; ൧൦
കൈകേയിതൻ ശ്രേഷ്ഠഗൃഹം പുക്കാൻ സൽകീർത്തിമാനവൻ,
രാഹു മേവിന വെൺകാറുള്ളാകാശം തിങ്കൾ പോലവേ:
മയിൽത്തത്തകൾ ശബ്ദിച്ചും, ക്രൌഞ്ചഹംസങ്ങൾ കൂകിയും,
വാദ്യങ്ങളാലൊലികൊണ്ടും, കൂനിമുണ്ടികൾ മേവിയും, ൧൨
അശോകചമ്പകലതാഗൃഹചിത്രഗൃഹങ്ങളും
കൊമ്പുതുവെള്ളിപൊൻതിണ്ണപ്പുറങ്ങളുമിണങ്ങിയും,
സദാ പുഷ്പഫലദ്രുക്കൾ കുളങ്ങളിവയൊത്തുമേ,
കൊമ്പുപൊൻവെള്ളിയാലുള്ള വൻപീഠങ്ങൾ നിരത്തിയും, ൧൪
നാനാവിധാന്നപാനങ്ങൾ നാനാഭക്ഷ്യപദാർത്ഥവും
മികച്ച ഭൂഷണച്ചാർത്തുമുൾച്ചേൎന്നും, സ്വർഗ്ഗതുല്യമായ്
സമൃദ്ധമാമത്തന്നന്തഃപുരം പുക്കാൻ നൃപോത്തമൻ;
ഓമൽക്കൈകേയിയെക്കണ്ടീലരചൻ പള്ളിമെത്തമേൽ. ൧൬

Digitized By Kerala Sahitya Akademi

കാമത്തഴപ്പാൽസ്സംഭോഗകാംക്ഷിയാമന്നരാധിപൻ
കാണാഞ്ഞോമൽക്കമനിയെച്ചോദിച്ചാനഴൽ തേടിനാൻ:
തനിയ്ക്കു നേരം വൈകിച്ചിട്ടില്ലല്ലോ മുമ്പു ദേവിയാൾ;
താൻ പൂകിയിട്ടുമില്ലല്ലോ ശൂന്യഗേഹമൊരിയ്ക്കലും. ൧൮
അതിനാൽച്ചെന്നു ചോദിച്ചാൻ കൈകേയിയെ നൃപൻ ഗൃഹേ,
മൂഢയെ സ്വാർത്ഥപരയെന്നോരാതെ പതിവിൻപടി.
ഉടൻ പേടിച്ചു കൈക്കൂപ്പിക്കാവല്ക്കാരിയുണർത്തിനാൾ:—
'തമ്പുരാട്ടി തുലോം ക്രോധാൽപ്പുക്കാൾ ക്രോധാലയം പ്രഭോ!' ൨൦
അക്കാവല്ക്കാരിതൻ ചൊൽ കേട്ടതിദുഃഖിതനാം നൃപൻ
വിഭ്രാന്തതാന്തേന്ദ്രിയനായ് വീണ്ടും വല്ലാതെ മാഴ്കിനാൻ.
അങ്ങുഴിമേൽ വീണുകിടന്നീടുമതതദനർഹയെ,
മാലാലെരിപൊരിക്കൊണ്ടു കണ്ടാനക്കാശ്യപീശ്വരൻ. ൨൨
കാണാസ്സുന്ദ്ര തരുണിയക്കിഴവൻ ധരാതലേ,
ദുഷ്ടചിത്തയദുഷ്ടൻ, ജീവിതാധികഭാര്യയാൾ:
മുറിച്ച വള്ളി പോലെ, പാരാണ്ട ദേവത പോലവേ,
വീണ വിണ്മങ്കയാൾ പോലേ, ചാർത്ത കിന്നരിപോലവേ; ൨൪
മുതിന്ന മായ പോലേ, കെട്ടേററ മാൻപേട പോലവേ,
കാട്ടിൽ വേടൻെറ നഞ്ഞമ്പു കൊണ്ട പെണ്ണാന പോലവേ;
കാട്ടിൽക്കൊമ്പൻ കണക്കപ്ബാലവളെത്തടവീടിനാൻ.
കൈകളാൽത്തടവി,പ്പാരം വിറക്കൊണ്ട മനസ്സുമായ് ൨൬
കാമുകൻ താമരക്കണ്ണനായ തമ്പിയോടോതിനാൻ:—
"അറിവീലാ നിനക്കെങ്കൽ ക്രോധത്തിൻ ഹേതു ദേവി ഞാൻ;
നിന്നെക്കയർത്താർ? നിന്നെയവമാനിച്ചതാരുവാൻ?
എനിയ്ക്കു ദുഃഖം, പൊടിയിൽശ്ശോഭനേ, നീ കിടപ്പതിൽ; ൨൮
നിലത്തെന്തേ ശയിപ്പൂ, ഞാൻ പിഴ ചെയ്യാതിരിയ്ക്കവേ,
ഭൂതത്താൽ വെളിവറ്റാൾ പോലെന്നുള്ളിട്ടു കലക്കി നീ?
ഉണ്ടല്ലോ നല്ല വൈദ്യന്മാർ സർവ്വഥാ പരിതുഷ്ടർ മേ;
നിന്നെസ്സുഖപ്പെടുത്തീടും; രോഗം ചൊല്ലുക ഭാമിനി. ൩൦
ആരുവാൻ ഒരു പ്രിയം ചെയ്തു? വിപ്രിയം ചെയ്തതാരുവാൻ?
ആരിപ്പോൾ പ്രിയമേല്ക്കണം,മാർ തുലോമപ്രിയത്തെയും?

Digitized By Kerala Sahitya Akademi

കരഞ്ഞീടൊല്ല നീ ദേവി, വരുത്തീടൊല്ല വാട്ടവും;
അവധ്യനാമെവൻ വധ്യൻ? വിടേണം വധ്യനേവനെ? ൩൨
ഏതാഢ്യൻ നിസ്വനാകേണം, നിസ്വൻ ധനിയുമാകണം?
ഞാനുമെന്നുടെയോരാക്കാരുമെല്ലാം നിൻകീഴിൽ നില്പവർ;
ഒട്ടുമേ നിന്നാഭിപ്രായം തട്ടുവാൻ ശക്തനല്ല ഞാൻ.
നിനക്കെൻ പ്രാണനാൽപ്പോലും വേണ്ടതെന്തെന്നു ചൊല്ക നീ.
സ്വന്തം മിടുക്കറിഞ്ഞുംകൊണ്ടെന്നെശ്ശങ്കിച്ചിടായ്ക നീ;
നിനക്കിയററുവൻ പ്രീതി; സുകൃതത്താണു സത്യമാം!
ചക്രമെത്രയ്ക്കുരുണ്ടീടു,മത്രയ്ക്കും ഭൂമിയെൻറയാം:
പ്രാചീനം, സിന്ധു, സൌവീരം, സൌരാഷ്ട്രം, ദക്ഷി
[ണാപഥം, ൩൫
വംഗാ,ംഗ,മഗധം, മത്സ്യം, സമൃദ്ധം കാശി, കോസലം—
അങ്ങൊക്കെയുണ്ടാം വൻദ്രവ്യം ധനധാന്യമജാവികം;
അതിൽ നീയെന്തു വാഞ്ഛിപ്പു,തതു ചോദിയ്ക്ക കൈകയി.
ഭീരു, ദുഃഖിയ്ക്കരു,തെഴുന്നേല്ക്കു,ഴുന്നേൽക്ക ശോഭനേ; ൩൭
നേർ ചൊൽക കൈകയി: നിനക്കെങ്ങുനിന്നേററുവോ ഭയം,
അതിന്നകററിയേക്കാം ഞാൻ, തപനൻ മഞ്ഞു പോലവേ.
അതു കേട്ടാശ്വസിച്ചിട്ടക്കഷ്ടം ചൊൽവാനുറച്ചവൾ
വീണ്ടും കണവനെപ്പരം ക്ലേശിപ്പിയ്ക്കാനൊരുങ്ങിനാൾ. ൪൦

---

പതിനൊന്നാം സർഗ്ഗം: കൈകേയീവരപ്രാർത്ഥനം.

---

മന്മഥാസ്ത്രങ്ങളേററിട്ടു കാമത്തള്ളല്ക്കധീനനായ്
മേവുമബ്ഭൂപനോടോതീ ഘോരമാം വാക്കു കൈകയി:-
"ദേവ, രോഗമെനിയ്ക്കില്ലാ, മാനിയ്ക്കായ്കയുമില്ലൊരാൾ;
ഒരഭീഷ്ടമെനിയ്ക്കുണ്ടു,ചെയ്കവേണമതൊന്നു നീ. ൨
ചെയ്യുവാൻ ഭാവമുണ്ടെങ്കിൽ,ച്ചെയ്കീടേണം പ്രതിജ്ഞ നീ;
എന്നിട്ടു, ഞാൻ വിചാരിപ്പതിന്നതെന്നു പറഞ്ഞിടാം."



Digitized By Kerala Sahitya Akademi

ചൊന്നാൻ, മന്നിൽക്കിടക്കുന്നാക്കൈക്കേയിയോടു സസ്മിതം,
ക്രുന്തൽ തൃക്കൈക്കൊണ്ടേന്തിക്കാമിയായ മഹാനൃപൻ:- ൪
"മുഗ്ദ്ധേ, നീയറിയുന്നീലേ: നിന്നെക്കാളോമലായവൾ
എനിയ്ക്കില്ലാ, നരവ്യാഘ്രൻ രാമനേല്ലാതൊരാണുമേ.
ജീവനാഥൻ മഹാത്മാവാം രാമൻ മുഖ്യനനിജ്ജിതൻ;
അവനാലാണയിടുവൻ; നിന്നാഭീഷ്ടം കഥിയ്ക്ക നീ. ൬
ആരെക്കാണായ്കിൽ ഞാൻ കാണിനേരം ജീവിച്ചിടാ ദൃഢം,
ആ രാമനാലാണയിടാം: ചെയ്യുൻ കൈകേയി നിന്മൊഴി!
താൻ, മക്കൾ, മററും വിലയായ് വാങ്ങും ഞാനേതൊരഗ്ര്യനെ,
ആ രാമനാലാണയിടാം: ചെയ്യുൻ കൈകേയി, നിന്മൊഴി! ൮
എന്നുള്ളമേവമെന്നോൎത്തു കരയേററുക മാം ശുഭേ;
ഇതാലോചിച്ചു കൈകേയി, വേണ്ടുന്നതുരചെയ്ക നീ
സ്വന്തം മിടുക്കറിഞ്ഞുംകൊണ്ടെന്നെശ്ശങ്കിച്ചിടായ്ക നീ;
നിനക്കിയററുവൻ പ്രീതി; സുകൃതത്താണു സത്യമാം!" ൧൦
അനുകൂലിച്ചവനൊടു, തൽക്കാൎയ്യാസക്തദേവിയും
ഹൎഷത്താൽപ്പക്ഷപാതത്താൽ,ച്ചൊല്ലാവല്ലാത്തതോതിനാൾ;
ആ വാക്കിനാൽ പ്രഹർഷം പൂണ്ടാ,ത്തന്നുടെ മനോരഥം
ചൊന്നാൾ, വന്നേററ യമനെപ്പോലെയത്യന്തദാരുണം:— ൧൨
"ക്രമംപോലാണയിട്ടല്ലോ, തന്നല്ലോ വരവും ഭവാൻ;
അതു കേൾക്കട്ടെ മുപ്പത്തിമുവ്വരഗ്ന്യാദിദേവകൾ!
ഗ്രഹങ്ങൾ, സൂൎയ്യചന്ദ്രന്മാർ, വാനം, രാ,പകൽ, ദിക്കുകൾ.
ഉലകാ,ശരഗന്ധൎവ്വയുക്തയാമിദ്ധരിത്രിയും, ൧൪
രാവിൽച്ചരിയ്ക്കും ഭൂതങ്ങൾ, ഗൃഹദേവതമാർകളും,
മററു ഭൂതങ്ങളുമറിഞ്ഞീടേണം തവ ഭാഷിതം
സത്യസന്ധൻ സുതേജസ്വി ധൎമ്മജ്ഞൻ യതമാനസൻ
ഇതാ, തരുന്നു വരമിങ്ങ;തു കേൾക്കട്ടെ ദേവകൾ!" ൧൬
എന്നു വൻവില്ലനെയുറപ്പിച്ചു വൎണ്ണിച്ചു ദേവിയാൾ
കഥിച്ചുകൊണ്ടാൾ കാമാന്ധനാകും വരദനോടിദം:—
"പണ്ടു ദേവാസുരപ്പോരിലുണ്ടായ കഥയോൎക്ക നീ:
അങ്ങു മോഹിച്ചുവീഴ്ത്തീലേ നിന്നെ നിൻവൈരി മന്നവ; ൧൮

Digitized By Kerala Sahitya Akademi

അതിൽസ്സക്ഷിച്ചു രക്ഷിച്ചുവല്ലോ ദേവ, ഭവാനെ ഞാൻ;
ആങ്ങറിഞ്ഞാതെ യത്നിയ്ക്കുമെനിയ്ക്കേകീ വരങ്ങൾ നീ.
ആത്തന്ന രണ്ടു വരവും നിമ്പക്കൽത്താൻ മഹീപതേ,
തന്നേല്പിച്ചതു തേടുന്നേൻ ദേവ, ഞാൻ സത്യസംഗര. ൨൦
ധർമ്മത്താലേററുരച്ചിട്ടാ വരം മമ തരായ്കിലോ,
ഇപ്പോൾത്താനുയിർ പോക്കും, നീയവമാനിച്ചുവിട്ട ഞാൻ!"
ഈ വാക്കാൽത്തന്നെ, കൈകേയി പാട്ടിലാക്കിയ പാർത്ഥി
തന്മൃതിയ്ക്കു മൃഗം പോലെ വലയിൽച്ചെന്നുവീണുപോയ്. [വൻ
തുടൻ ചൊന്നാൾ കാമാന്ധനാകും വരദനോടിദം:-
"അന്നു രണ്ടു വരം ദേവ, തന്നുവല്ലോ നരേന്ദ്ര, നീ;
അതു ഞാൻ വേർതിരിച്ചിപ്പോൾപ്പറയാം; കേൾക്കകെന്മൊഴി:
രാമൻെറയഭിഷേകാർത്ഥം കോപ്പു കൂട്ടിയതില്ലയോ, ൨൪
അക്കോപ്പുകൊണ്ടുതാൻ ചെയ്യേൻഭരതന്നഭിഷേചനം.
രണ്ടാമതു വരം തന്നിട്ടുണ്ടല്ലോ ദേവ, നീ മുദാ
അന്നു ദേവാസുരപ്പോരി;-ലതിൻ സമയമായിതാ:
രാമൻ മാന്തോൽജടാചീരം ധരിച്ചൊ,രു തപസ്വിയായ് വന്നു
പാക്കട്ടെ ദണ്ഡകക്കാട്ടിലാണ്ടുമൊമ്പതുമാണ്ടുകൾ;
നേടട്ടെയിന്നു ഭരതൻ യൌവരാജ്യമകണ്ടകം.
ഇതാണെന്നീപ്സിതം; തന്ന വരമേ വേണ്ടതുള്ളു മേ;
ഇപ്പോഴേ മമ കാണേണം രാമൻെറ വനയാത്രയെ. ൨൬

പ്രതിജ്ഞ നേരാക്കുക രാജമൌലി നീ;
നടപ്പു രക്ഷിയ്ക്കു പിറപ്പു വംശവും:
നരക്കു നേർവാക്കു പരത്തിൽ വാഴുവാൻ
പ്രധാനമൊന്നെന്നരുളുന്നു താപസർ."

—*—

പന്തിരണ്ടാം സർഗ്ഗം: ദശരഥശോകം.

—*—

കൈകേയിതൻ കഠിനമാം വാക്കു കേട്ടു മഹാനൃപൻ
ചിന്ത പൂണ്ടാൻ, കുറേനേരം തൻേറടം കെട്ടു മേവിനാൻ.

Digitized By Kerala Sahitya Akademi

ഇതെന്തുപോൻ, മമ പകൽക്കിനാവോ? ചിത്തമോഹമോ?
ഭൂതാവേശക്കെടുതിയോ? മനസ്സിന്നുടെ രോഗമോ?' ൨
ഏവം നിനച്ചിട്ടറിയാഞ്ഞസ്വാസ്ഥതയിലായ് നൃപൻ.
ചിരേണ ബോധം പൂണ്ടിട്ടു കൈകേയീവാക്യതാഡിതൻ,
പുലിയെക്കണ്ട മാൻ പോലെയഴൽകൊണ്ടു വലഞ്ഞുപോയ്.
വെറുംനിലത്തിരുന്നിട്ടു വിട്ടാൻ നെടിയ വീർപ്പുകൾ, ൪
മണ്ഡലേ മന്ത്രസംരുദ്ധം വൻവിഷപ്പാമ്പു പോലവേ;
'ഹീ! കഷ്ടം!'മെന്നമർഷം പൂണ്ടുരച്ചു മനുജാധിപൻ
പിന്നെയും മൂർച്ഛയിൽപ്പെട്ടാൻ മാലാൽ മനമുടഞ്ഞവൻ.
ചിരേണ ബോധം പൂണ്ടിട്ടു മാലേന്തി ക്രുദ്ധനായ് നൃപൻ ൬
കൈകേയിയോടു,കണ്ണാൽച്ചുട്ടെരിപ്പോൻ പോലെ ചൊല്ലിനാൻ:-
"ഇക്കുലത്തെ മുടിപ്പോളേ, ദുഷ്കൃതക്കാരി, നിഷ്ഠുരേ,
നിനക്കു രാമനോ ഞാനോ പാപേ, തെറ്റെന്തുചെയ്തുപോയ്?
നിന്നെത്തന്നമ്മയെപ്പോലെയല്ലോ നോക്കുന്നു രാഘവൻ; ൮
അവന്നുതാനനർത്ഥത്തിന്നിന്നൊരുമ്പെട്ടതെന്തു നീ?
നിന്നെയെന്നറുതിയ്ക്കത്രേ സ്വഗൃഹത്തിൽക്കടത്തി ഞാൻ,
അജ്ഞാനാൽബ്ഭൂപസുതയെന്നു, ഗ്രവ്യാളിയെയാംവിധം!
വാഴ്ത്തുന്നു രാമന്റെ ഗുണം ജീവലോകമശേഷവും; ൧൦
എന്തു കുറ്റം പറഞ്ഞോമനമകനെക്കളയേണ്ടു ഞാൻ?
സുമിത്രയേയും കൌസല്യയേയും ശ്രീയെയുമിങ്ങു ഞാൻ
ത്യജിയ്ക്കാമുയിർപോലും; വയ്യിപ്പിതൃസ്നേഹി രാമനെ!
മൂത്ത നന്ദനനെക്കണ്ടാലുണ്ടാം പെരിയ തുഷ്ടി മേ; ൧൨
രാമനെക്കണ്ടിടാഞ്ഞാലോ നശിയ്ക്കും മമ ജീവിതം!
നിന്നേയ്ക്കാം സൂര്യനെന്ന്യേ പാ,രംഭസ്സില്ലാതെ സസ്യവും;
രാമനില്ലാതെ ദേഹത്തിൽ നില്ക്കയില്ലെന്റെ ജീവിതം!
അതിനാൽ മതി, തള്ളാമീ നിശ്ചയം പാപനിശ്ചയേ; ൧൪
ഇതാ, ശിരസ്സും നിൻകാല്ക്കൽ മുട്ടിപ്പൻ; ദയചെയ്കമേ!
നിനക്കെന്തീവിധം തോന്നീ പാപേ, പരമദാരുണം?
പരീക്ഷിയ്ക്കുകയോ നീ മേ ഭരതങ്കൽ പ്രിയാപ്രിയം?
ആകട്ടെ; ചൊല്ലിയിട്ടില്ലേ രാമനെപ്പറ്റി മുമ്പു നീ, ൧൬

Digitized By Kerala Sahitya Akademi

'എൻമൂത്തമകനാ ശ്രീമാൻ ധർമ്മാൽ മൂത്തവ'നെന്നമേ?
അതി,ഷ്ടമോതുവോളാം നീ സേവയ്ക്കായ്ച്ചൊന്നതാവണം!
ഇതു കേട്ട താപിയ്ക്കും നീയതിതാപം തകരുന്നു മേ;
ശൂന്യഗ്രഹം തീണ്ടകയാൽ മററാക്കോ കീഴടങ്ങി നീ! ൧൭

ഇക്ഷ്വാകുവരവംശത്തിലനയം വലുതൊന്നിതാ,
വന്നെത്തീ: സുനയോ മാറിപ്പോയല്ലോ ദേവി, നിന്മനം!
മുൻചെയ്തിട്ടില്ലെനിയ്ക്കേതുമപ്രിയം നീയയുക്തമോ;
അതുമൂലം വിശാലാക്ഷി, വിശ്വസിയ്ക്കുന്നതില്ല ഞാൻ. ൨൦

മഹാത്മാവാം ഭരതനെപ്പോലല്ലീ തവ രാഘവൻ?
എന്നോടു ചൊല്ലാറുണ്ടല്ലോ നീ നൂറു സുബാലികേ!
ദേവി, പേരാളുമദ്ധർമ്മാത്മാവൊരീരേഴു വത്സരം
കാട്ടിൽ വാഴ്കെന്നതെൻഭീരു, നിനക്കെങ്ങിനെയിഷ്ടമായ്? ൨൨

എത്രയും കോമളാത്മാവാമദ്ധർമ്മനിരതാശയൻ
അത്യുഗ്രാടവിയിൽപ്പാക്കൽ നിനക്കെങ്ങിനെയിഷ്ടമായ്?
തവ ശുശ്രൂഷ ചെയ്യാനാമഴകേറിയ രാമനെ
അകററിവിടലെന്തൊന്നാലിഷ്ടമായ് തേ സുലോചനേ? ൨൪

രാമൻ ഭരതനെക്കാളും ചെയ്യും ശുശ്രൂഷ തേ സദാ;
ഭരതന്നിങ്ങവനുമായ്ബ്ഭേദം കാണ്മീല നിങ്കൽ ഞാൻ.
ശുശ്രൂഷ താഴ്മ മാനിയ്ക്കലുക്താനുഷ്ഠാനമെന്നിവ
നിനക്കാരധികം ചെയ്യും, മനുജർഷഭനെന്നിയേ? ൨൬

അസംഖ്യം സ്ത്രീകളും, വളരെബ്ഭൃത്യരെന്നിതിവരുമേ
കുറവോ കുററമോ തീരെപ്പറയാറില്ല രാമനിൽ.
പ്രാണികൾക്കൊക്കെയാശ്വാസം നല്കും രാമൻ ശുഭാശയൻ
പാട്ടിൽവെപ്പൂ നരവ്യാഘ്രൻ നാട്ടുകാരെ പ്രിയങ്ങളാൽ. ൨൮

നേരാൽജ്ജയിപ്പൂ ലോകത്തെ,ദ്ദാനാൽദ്ദീനരെ രാഘവൻ,
സേവനാൽഗ്ഗുരുവർഗ്ഗത്തെ, വീരൻ വില്ലാലമിത്രരെ.
സത്യം, ദാനം,തപം, ത്യാഗം, സൌഹാർദ്ദം, ശൌചം,മാർജ്ജവം,
വിജ്ഞാനം, ഗുരുശുശ്രൂഷ, വിടാതുണ്ടിവ രാമനിൽ. ൩൦

Digitized By Kerala Sahitya Akademi

മഹർഷിതുല്യതേജസ്സായ് ദേവി, ദേവസമാനനായ്
ഋജുവായുള്ള രാമങ്കൽ ദ്രോഹമിച്ഛിപ്പതെന്തു നീ?
ഒരപ്രിയോക്തി ഞാനോർപ്പീല ജഗൽപ്രിയവാദിയിൽ;
നിനക്കായ്പ്പിന്നെയോതാമോ പ്രിയരാമനൊടപ്രിയം? ൩൨
ആരിൽ ക്ഷമ ദമം ത്യാഗം സത്യം ധർമ്മം കൃതജ്ഞത
അഹിംസയിവയെല്ലാമുണ്ട,വൻ വിട്ടെന്തു മേ ഗതി?
വൃദ്ധനായ് ച്ചാക്കടുത്തോനായ്പ്പാവമായാവതെന്നിയേ
പുലമ്പുവോനാമീയെന്നിൽക്കൈകേയി, ദയ ചെയ്ക നീ! ൩൪
അലയാഴിവരെയ്ക്കുള്ള മന്നിലെന്തു കിടയ്ക്കുമോ,
അതൊക്കയും നിനക്കേകാ,മരിശപ്പെട്ടിടായ്ക നീ!
കൈക്കൂപ്പിടാം ഞാൻ കൈകേയി; പിടിയ്ക്കാം നിന്റെ കാല്ക്കളും;
രാമന്നാലംബമാകെ;-ന്നെയധർമ്മം തീണ്ടിടൊല്ലിതിൽ.” ൩൬
എന്നു ദുഃഖത്തിനാൽ വെന്തു വിലപിച്ചു വിസംജ്ഞനായ്
കിടന്നുരുണ്ടു ശോകത്തിലാണ്ട രാജേന്ദ്രനഞ്ജസാ
ശോകാബ്ധിതൻ മറുകര വീണ്ടും വീണ്ടുമിരക്കവേ,
കൈകേയിയുത്തരം ചൊന്നാൾ ഘോരയാളതിഘോരമായ്:—
“വരം തന്നിട്ടനുതപിയ്ക്കുകയാണെങ്കിൽ മന്നവ, [൩൮
എമ്മട്ടു വീര, നീ മന്നിൽധാർമ്മികത പറഞ്ഞിടും?
ദേവനോടൊത്തുചേർന്നിട്ടു രാജർഷികൾ പെരുത്തുപേർ
ചോദിയ്ക്കുകിൽധാർമ്മിക, നീയങ്ങെന്തുത്തരമോതിടും? ൪൦
‘ആർതൻ പ്രസാദാൽ ഞാൻ ചത്തീലാ,രെന്നെക്കാത്തുകൊ
[ണ്ടുവോ
അക്കൈകേയിയ്ക്കു ഞാൻ വാക്കു തെറ്റിച്ചേ’നെന്നു ചൊല്ലിടാം!
ചീത്തത്തം നീ നരേന്ദ്രർക്കു ചേർത്തുവെയ്ക്കും നരാധിപ:
വരം തന്നിട്ടു, മറ്റോരോന്നല്ലോ ചൊല്ലുന്നു നീയുടൻ! ൪൨
ശൈബ്യൻ ശ്യേനകപോതീയെ പക്ഷിയ്ക്കേകീ സ്വമാംസമേ;
അളർക്കനും കണ്ണു കൊടുത്തുയർന്ന ഗതി പൂകിനാൻ;
പ്രതിജ്ഞമൂലമാണാഴി ലംഘിയ്ക്കാത്തതു വേലയെ;
പ്രതിജ്ഞ പാഴാക്കീടായ്ക, പണ്ടുള്ളോർ ചെയ്തതോർത്തു നീ. ൪൪

Digitized By Kerala Sahitya Akademi

എന്നാൽ,ധർമ്മം വെടിഞ്ഞു,ഴി രാമങ്കൽച്ചേർത്ത ദുർമ്മതേ,
സദാ കൌസല്യയോടൊപ്പം രമിപ്പാനോക്കയാണു നീ!
ധർമ്മം താനിതധർമ്മംതാൻ, നന്മതാൻ തിന്മതാൻ ശരി;
ഏററോതിയല്ലോ നീയെന്നോട,തിന്നില്ലൊരു നീക്കവും. ൪൮
വിഷമേററം കടിച്ചിപ്പോഴുത്തന്നെ നിൻമുമ്പിൽവെച്ചു ഞാൻ,
നീ കാൺകെച്ചത്തിട്ടും, രാമന്നഭിഷേകം കഴിയ്ക്കുകിൽ!
രാമൻെറയമ്മ തൊഴുകൈ നേടി മേവുന്നവസ്ഥ ഞാൻ
ഒരു നാളെങ്കിലും കാണുമെങ്കിൽ, നല്ലതു ചാകതാൻ! ൪൯
എന്നാണു, ഭരതൻതന്നാണിതു സത്യം നരാധിപ:
രാമനെപ്പോക്കുകയൊഴിഞ്ഞൊന്നിനാൽത്തെളിയില്ല ഞാൻ!"

ഇത്രത്തോളം പറഞ്ഞിട്ടു കൈകേയി മതിയാക്കിനാൾ;
അരചൻെറ വിലാപങ്ങൾക്കുത്തരം ചൊല്ലിയില്ലവൾ. ൫൦
രാമന്നടവിയിൽപ്പാർപ്പും ഭരതന്നാധിപത്യവും
സുഘോരം കൈകയി വരിച്ചതു കേട്ടിട്ടു മന്നവൻ
കൈകേയിയോടു മിണ്ടീലാ തെല്ലിടയ്ക്കാകലേന്ദ്രിയൻ;
നോക്കിനാനിമവെട്ടാതെ വിപ്രിയം ചൊന്ന കാന്തയെ: ൫൧
വല്ലായ്മപൂണ്ടിരുന്നല്ലോ, ഘോരം ഹൃദയഭേദകം
വിഷാദശോകമയമാ വജ്രച്ചൊൽ കേട്ട മന്നവൻ.
ദേവി ഭാവിപ്പതും ഘോരമാണയിട്ടതുമോർത്തവൻ,
'രാമേ'തി നെടുവീർപ്പിട്ടു വീണാൻ ഛിന്നദ്രുമാപമം. ൫൨
ഉൾക്കൊട്ടൊരുന്മത്തകനും, മട്ടു മാറിയ രോഗിയും,
വീര്യം കെട്ടുത്തപ്പെട്ടോരു പാമ്പും പോലായി പാർത്ഥിവൻ.
ദീനവാക്കേവമരചൻ കൈകേയിയോടു ചൊല്ലിനാൻ:—
"അർത്ഥംപോലീയനർത്ഥത്തെയാരു കാണിച്ചുതന്നു തേ? ൫൩
ഭൂതമേററുള്ള കൊട്ടോൾപോലേതാൻ ലജ്ജിപ്പതില്ലയോ!
ചെറുപ്പത്തിൽ നിന്നക്കേവം കണ്ടീല നെറികേടു ഞാൻ;
ഇപ്പോഴോ, നേർമറിച്ചായിട്ടല്ലോ കാണുന്നു നിൻനില.
എന്തൊന്നാൽബ്ഭയമുണ്ടായ്‌ തേ, വരമേവം വരിയ്ക്കുവാൻ: ൫൪

Digitized By Kerala Sahitya Akademi

ഭരതന്നധുനാ നാട്ടിൽ വാഴ്ച, രാമന്നു കാട്ടിലും?
ത്യജിയ്ക്ക നീയീ നിനവും ദുരിതാവഹമാമിതും:
പ്രിയം ചെയ്ക മണാളന്നും ഭരതന്നും ജഗത്തിനും.
നിർദ്ദയേ, പാപസങ്കല്പേ, ക്ഷുദ്രേ ദുഷ്കൃതകാരിണി, ൩൦
നീയെന്തു കേടോ പിഴയോ കാൺമൂ രാമങ്കലെങ്കലും?
നാടു വാഴാ ഭരതനെമ്മട്ടിലും രാമനെന്നിയേ:
അവൻ രാമനിലും മീതെയല്ലോ ധർമ്മബലത്തിനാൽ.
കാൺമനെങ്ങിനെ, രാമന്നു, 'കാട്ടിൽപ്പോകെ'ന്നു ചൊല്കവേ ൩൨
മാറുമാ മുഖവർണ്ണത്തെ, ഗ്രസ്തചന്ദ്രനെയാംവിധം?
ശരിയ്ക്ക മിത്രങ്ങളുമായ് ഞാനാച്ചെയ്തൊരു തീർപ്പിനെ,
മാററാർ കൊന്ന പടയ്ക്കൊപ്പം മേല്കീഴായ്ക്കാൺമനെങ്ങിനെ?
എന്തൊന്നെന്നെക്കുറിച്ചോതും നൃപർ നാനാദിശാഗതർ: ൩൪
'ഹാ, മൂഢനെൈർക്ഷ്വാകനിവൻ വാണല്ലോ രാജ്യമേറെ നാൾ!'
വൃദ്ധന്മാർ പലപേരേറെ പഠിപ്പുള്ളോർ ഗുണാന്വിതർ
രാമൻെറ കഥ ചോദിയ്ക്കി,ലപ്പോൾ ഞാനെന്തു ചെയ്തിടും?
'പോക്കീടിനേനൻ്റിയെ ഞാനിക്കൈകേയി വലയ്ക്കയാൽ' ൩൬
എന്നിസ്സത്യം പറകയാണെന്നാല,തൊരസത്യമാം!
കൌസല്യയെന്നോടെന്തോതും, രാഘവൻ കാടു പൂകിയാൽ?
ഇമ്മട്ടിനിഷ്ടം ചെയ്തിട്ടെ,ന്തവളോടോതുമുത്തരം?
കൊസല്യ ദാസി പോലാ,ളി പോലേ, ഗൃഹിണി പോലവേ,
പെങ്ങൾ പോല,മ്മയും പോലെ പെരുമാറുമ്പൊളൊക്കമേ,
എൻപ്രിയം നോക്കുവോളൊന്നും പ്രിയംവദ സുതപ്രിയ
അപ്പൂജ്യദേവിയെപ്പൂജിച്ചീലല്ലോ നിന്നെയോർത്തു ഞാൻ;
ഇപ്പോളെന്നെത്തപിപ്പിപ്പൂ, നിങ്കൽ ഞാൻ ചെയ്ത ലാളനം, ൪൦
അപഥ്യക്കറി ചേർത്തുണ്ട ചോറു രോഗിയെയാംവിധം!
നേരെമറിച്ചാം നിലയും രാമൻെറ വനയാത്രയും
കണ്ടാൽ,സ്സുമിത്ര പേടിച്ചിട്ടെവ്വണ്ണം വിശ്വസിപ്പു മാം?
അഹന്ത, പാവം, വൈദേഹി കേൾക്കുമേ രണ്ടമംഗളം: ൪൨

Digitized By Kerala Sahitya Akademi

ഞാൻ ചത്തുപോയതും, രാമൻ കാടകം പൂകിയെന്നതും;
എങ്കൽശ്ശോചിച്ചു വൈദേഹി ജീവനം ഹന്ത, കൈവിടും,
ഹിമാദ്രൌ കിന്നരൻ ചവർപെട്ടോരു കിന്നരിപോലവേ!
രാമൻ വങ്കാട്ടിൽ വന്ഥ്യനായ്പ്പോവതും സീത കേഴ്‌വതും ൭൭
കണ്ടിട്ടു നെടുനാളം ജീവിച്ചിരിപ്പാൻ തോന്നുകില്ല മേ.
ത്തനം വിധവയായിട്ടാ, മുണ്ണിയൊത്തുഴിവാഴ്ക തേ:
രാമൻ പിരിയുകിൽദ്ദേവി, ജീവിപ്പാൻ ശക്തനല്ല ഞാൻ!
സതി നീയേററമസതിയാണെന്നു കരുതുന്നു ഞാൻ, ൭൮
നഞ്ഞൊത്ത മണ്ണുമദിര കടിച്ചോനൊന്നുപോലവേ.
മിരട്ടേററെപ്പുറഞ്ഞെന്നെ മിരട്ടിക്കൊണ്ടിരുന്ന നീ
മാനിനെപ്പാട്ടിനാൽ നിർത്തിക്കാട്ടാളൻ പോലെ കൊന്നു മാം!
പുത്രവിക്രയിയാമെന്നെദ്ദുഷ്ടനെന്നാര്യർ തീർച്ചയായ് ൭൯
ധിക്കരിയ്ക്കും, പഥി സുരാപായിദ്വിജനെയാംവിധം.
അഹോ, ദുഃഖമഹോ കഷ്ടം, താങ്ങുന്നല്ലോ തവോക്തി ഞാൻ!
മുൻചെയ്ത പാതകത്താൽത്താനാപ്പെട്ട ദുഃഖമിങ്ങിനെ.
പാപേ, രക്ഷിതയായല്ലോ പാപിയെന്നാലെ നീ ചിരം, ൮൦
ഓരാതെ വന്നുവീണോരു പാഴ്ത്തുങ്ങുകയർ പോലവേ!
നീ മൃത്യുവെന്നറിഞ്ഞീലാ, നീയുമായ് വിഹരിയ്ക്ക ഞാൻ;
കയ്യാൽക്കാളാഹിയെബ്ബാലൻ പോലേ രഹസി തൊട്ടുപോയ്!
അച്ഛനില്ലാ മഹാത്മാവാം മകനെന്നാക്കി പാപി ഞാൻ; ൮൧
അതിനാലിജ്ജഗത്തെല്ലാമെന്നെ നിന്ദിച്ചിടും ദൃഢം:
'മൂഢൻ ഹന്ത, മഹാകാമഭ്രാന്തൻ ദശരഥൻ നൃപൻ;
കാട്ടിന്നയയ്ക്കയാണല്ലോ പെൺചൊല്ലാലോമലുണ്ണിയെ!'
വ്രതത്താൽ ബ്രഹ്മചര്യത്താൽപ്പഠിപ്പാലും മെലിഞ്ഞവൻ, ൮൨
സുഖിക്കേണ്ടുന്ന നാളം വീണ്ടും വങ്കഴക്കിൽപ്പതിയ്ക്കയായ്!
രണ്ടാമതൊരു വാക്കെന്നോടുണ്ണിയാളല്ല ചൊല്ലുവാൻ;
'കാട്ടിൽപ്പോകെ'ന്നു ചൊന്നേച്ചാ,'ലാവാ'മെന്നേ പറഞ്ഞിട്ടു!
'കാട്ടിൽപ്പോകെ'ന്നു ഞാൻ ചൊല്കെ,ക്കാകുത്സ്ഥൻ പ്രതികൂല
(മായ് ൮൩



Digitized By Kerala Sahitya Akademi

ചെയ്യിലിങ്ങിഷ്ടമാ;-മെന്നാൽക്കുമാരനതു ചെയ്തിടാ!
എന്നുള്ളറികയില്ലല്ലോ ശുദ്ധാത്മാവായ രാഘവൻ;
'കാട്ടിൽപ്പോകെ'ന്നു ചൊന്നേച്ചാ, 'ലാവാ'മെന്നേ പറഞ്ഞിട്ടു!
രാഘവൻ കാടകം പുക്കാൽ,സ്സർവ്വലോകവിഗർഹണം ൯൪
സഹിയ്ക്കാനരുതാത്തെന്നെക്കേററും മൃത്യു യമാലയം.
ഞാൻ മരിച്ചു, നരവ്യാഘ്രൻ രാമൻ കാടാണ്ടിരിയ്ക്കവേ,
എൻെറ ശേഷിച്ച കൂട്ടക്കൊന്തനത്ഥം നീ വരുത്തിടും!
കൌസല്യ രാമൻ ഞാൻ പുത്രരിവർ വേർപെട്ടുപോവുകിൽ, ൯൫
സുമിത്ര മാൽ പൊറാഞ്ഞെൻെറ കൂടെത്തന്നെ മരിച്ചിടും;
സുമിത്രാകൌസല്യമാരെ, മൂന്നുണ്ണികളൊടെന്നെയും
നരകത്തിലെറിഞ്ഞിട്ടു കൈകേയി സുഖമേല്ക്ക നീ!
അക്ഷോഭ്യമിക്ഷ്വാകുകുലം ശാശ്വതം ഗുണസൽകൃതം ൯൬
കാക്കാം തേ, രാമനും ഞാനും വിട്ടതിൻ കോപ്പമറിച്ചിലിൽ!
രാമൻെറയകലെപ്പോക്കിതിഷ്ടം ഭരതനെങ്കിലോ,
ചത്താലെനിയ്ക്കു ഭരതൻ ശേഷക്രിയ കഴിയ്ക്കൊലാ.
ഹന്ത, ദുഷ്ടേ, മമാമിത്രേ, തൃപ്തയായ്ക്കൊൾക കൈകയി! ൯൭
ഞാൻ മരിച്ചു, പുരുഷവ്യാഘ്രൻ രാമൻ കാടാണ്ടിരിയ്ക്കവേ,
ഇപ്പോൾ വിധവയായിട്ടാ,മുണ്ണിയൊത്തുഴിവാഴ്ക തേ!
നീയെൻ ഗൃഹേ രാജസുതയെന്നാ പേർ പൂണ്ടു വാഴ്കയാൽ
പാരിൽ നേരററ ദുഷ്ടേരു, തീരാതുള്ള കുറച്ചിലും, ൯൮
സർവ്വഭൂതവെറുപ്പും മേ പററീ, പാപിയ്ക്കു തുല്യമേ:
വിട്ടു, തേരാനയശ്വത്താൽപ്പോത്തും പോത്തും ചരിച്ചവൻ,
എങ്ങനെട്ടു കാലാൽ വങ്കാട്ടിൽ നടക്കും രാമനെന്മകൻ?
ഊണിൻെറ സമയത്താക്ക് കുണ്ഡലം പൂണ്ട വെപ്പുകാർ, ൯൯
'ഞാൻ മുമ്പു, ഞാൻ മുമ്പെ'ന്നസ്സലന്നപാനം പചിച്ചുവോ,
കയ്പും ചവർപ്പുമെരിവും കലരും വന്യവസ്തുവെ
തിന്നുകൊണ്ടെങ്ങിനെ പുലർന്നിടുമാ മൽകുമാരകൻ?
മികച്ചു പട്ടുടുത്തേറെ നാൾ സുഖത്തിലിരുന്നവൻ ൧൦൦

Digitized By Kerala Sahitya Akademi

കാവിവസ്ത്രത്തെയും ചുററിബ്ഭൂവിലെങ്ങിനെ മേവിടും?
ആർ ചൊന്നതാണിതീവണ്ണമാലോചിയ്ക്കാതെ ദാരുണം:
രാമന്നടവിയിൽപ്പോക്കും, ഭരതന്നഭിഷേകവും?
മോശം, പെണ്ണുങ്ങൾ ശഠകളെപ്പൊഴും സ്വാർത്ഥസക്തകൾ!
ചൊൽവീലെല്ലാ സ്ത്രീകളേയും, ഭരതാംബയെ മാത്രമാം.

അനർത്ഥമാവേ, മമ മാലണപ്പാൻ
മുതിർന്ന നീ സ്വാർത്ഥപരേ, നൃശംസേ,
അളീകമെന്തൊന്നിഹ കാണ്മതെന്നാൽ,
ഹിതൈകകർത്താകിയ രാമനാലോ?
വെടിഞ്ഞുവെന്നാം സുതരെപ്പിതാക്കൾ,
സരാഗമാർ പത്നികൾ കാന്തരേയും;
കോപിയ്ക്കുമൊന്നിച്ചുലകാകമാനം,
കുഴക്കിലാം രാമനെയിങ്ങു കണ്ടാൽ. ൧൦൪

ഞാനോ, പരം ദേവകമാരനെപ്പോ-
ലണിഞ്ഞു വന്നെത്തിടുമുണ്ണിതന്നെ
ഉൾക്കൊണ്ടു കാണുമ്പൊഴുമുല്ലസിയ്ക്കും;
വീണ്ടും യുവാവാമരികത്തു കണ്ടാൽ!
ആദിത്യനില്ലാതെ പൊറുത്തുവെന്നാം;
സുരേശ്വരൻ വൃഷ്ടി തരായ്കിലും താൻ;
ജീവിച്ചിടാ, രാമനെയിങ്ങുനിന്നു
പോവുന്നതായ്ക്കാണ്കിലൊരാളുമത്രേ! ൧൦൫

ക്ഷയേച്ഛുവാമപ്രിയശത്രു നിന്നെ-
പ്പാപ്പിച്ചുപോയ് ഞാൻ മൃതിയെക്കണക്കേ;
ചിരം വിഷാഢ്യോരഗി നിന്നെയങ്കേ
വഹിച്ചഹോ, ഞാൻ ഹതനായി മോഹാൽ!
ശരിയ്ക്കു, ഞാൻ ലക്ഷ്മണനൊത്ത രാമനും
പിരിഞ്ഞു, നാടും പുരവും ത്വദാത്മജൻ
ഭരിയ്ക്കു നീയൊത്തി;-ഹ ബന്ധുഹത്യചെ-
യ്തണയ്ക്ക നീയെന്നരികൾക്കു ഹർഷവും! ൧൦൬

Digitized By Kerala Sahitya Akademi

സുനിഷ്ഠുരേ, നീയിഹ ക്രുദ്ധയാകാതെയി-
ന്നരപ്പിതല്ലാ വ്യസനപ്രഹാരിണി;
അതിനു നിൻപല്ലുകൾ വായിൽനിന്നൊരാ-
യിരം നുറുങ്ങായ്ക്കൊഴിയാത്തതെന്തുവാൻ!
പറഞ്ഞിടാ രാമനൊരപ്രിയാഹിതം:
കടുപ്പമോതാനറിയാത്തൊരാളവൻ;
ഗുണാഢ്യതൻ മഞ്ജുളഭാഷി രാമനെ-
ക്കുറിച്ചു ദോഷം പറയുന്നതെന്തു നീ? ൧൧൦
ജ്വലിയ്ക്കിലാം നീ, ക്ലമമേല്ക്കിലാം, നശി-
യ്ക്കിലാം, സഹസ്രം മുറിയായ്പ്പൊട്ടറിയ്ക്കിലാം;
മമാഹിതം നിന്നതിഘോരവാക്ക ഞാ-
നെടുത്തിടാ കേകയരാജപാംസനി!
സദാ മിരട്ടോതിന ദുഷ്ടശീലയാം
ക്ഷുരത്തിനൊത്തോരു സപക്ഷലും മുടിപ്പവൾ
മനം സമൂലം ചുടുവാൻ മുതിർന്ന നീ-
യരമ്യ ജീവിപ്പതു ഞാൻ സഹിച്ചിടാ! ൧൧൫
ഇരിപ്പെനിയ്ക്കില്ലി,നിയെങ്ങുവാൻ സുഖം?
രസം, മകൻ വിട്ടൊരിരിപ്പിലെങ്ങുവാൻ?
എനിയ്ക്കു ദോഷം ബത, ദേവി, ചെയ്യൊല്ലാ;
പിടിയ്ക്കുവൻ നിൻകഴലും; പ്രസീദ മേ!"
തെറിച്ചിയാം പെണ്ണു പിടിച്ചുവെയ്ക്കയാ-
ലനാഥതുല്യം വിലപിയ്ക്കുമാ നൃപൻ
പതിച്ചുപോയ്, നീട്ടിയ ദേവിതൻപാദം
തൊടുന്നതിന്മുമ്പൊ,രു രോഗി പോലവേ! ൧൧൮

—*—

പതിമ്മൂന്നാം സർഗ്ഗം: കൈകേയ്യനുനയം.

—:—

പുണ്യാന്തേ വിണ്ണിൽനിന്നിട്ടു വീണ നാഹുഷനാംവിധം,
അതിന്നനർഹൻ രാജേന്ദ്രനതഥാർഹൻ കിടക്കവേ,

Digitized By Kerala Sahitya Akademi

അനാര്യ കാര്യം പററാഞ്ഞു ഭയദർശിനി നിർഭയം
വീണ്ടും ചോദിച്ചുകൊണ്ടോളാ വരം തന്നെ വരാംഗിയാൾ:— ൨
"മേനി ചൊൽവു മഹാരാജ: നീ സത്യോക്തി ദൃഢവ്രതൻ!
നോക്കമില്ലീ വരംമേ തന്നതിക്കാനിതെന്തുവാൻ?"
എന്നു കൈകേയിയുരചെയ്താറേ ദശരഥൻ നൃപൻ
മുഹൂർത്തം മൂർച്ഛയിൽപ്പെട്ടു ചൊടിച്ചുത്തരമോതിനാൻ:— ൪
"ഞാൻ മരിച്ചു, നരവ്യാഘ്രൻ രാമൻ കാടാണ്ടിരിക്കവേ,
ഹന്ത, നീചേ, മമാമിത്രേ, കാമം നേടിസ്സുഖിയ്ക്ക നീ!
സ്വർഗ്ഗത്തിലും ഹാ, രാമൻതൻ ക്ഷേമത്തെപ്പററി വാനവർ
ചോദിച്ചാലെ,ങ്ങിനെ പൊറുത്തീടും തള്ളിക്കളഞ്ഞ ഞാൻ? ൬
'അകററിനേൻ രാമനെ ഞാൻ കൈകേയീപ്രിയകാംക്ഷയാൽ'
എന്നീസ്സത്യം പറകയാണെന്നാ,ലതൊരസത്യമാം!
മക്കളില്ലാഞ്ഞു ഞാനാററുനോററു നേടിയ മത്സുതൻ
മഹാബാഹു മഹാൻ രാമൻ ത്യജിക്കപ്പെടുമെങ്ങിനെ? ൮
ശൂരനായ് വിദ്യയാന്നോനായ് ക്ഷാന്തനായ്ജ്ജിതകോപനായ്
പദ്മാക്ഷനാം രാമനെ ഞാനകററിവിടുമെങ്ങിനെ?
എമ്മട്ടി,ന്ദീവരശ്യാമൻ കൈകൾ നീണ്ട മഹാബലൻ
മനോരമൻ രാമനെ ഞാൻ ദണ്ഡകത്തെയ്ക്കയച്ചിടും? ൧൦
സുഖങ്ങൾമാത്രം ശീലിച്ചോൻ, ദുഃഖമോ ശീലിയാത്തവൻ,
ധീമാൻ രാമൻെറ ദുഃഖം ഞാനെവ്വണ്ണം ഹന്ത, കണ്ടിടും?
അഴല്ക്കനർഹനാം രാമനാഴലേല്പിച്ചിടാതെ ഞാൻ
ഇപ്പൊഴേ ചത്തുപോയെങ്കിൽ, കൈവന്നേനേ സുഖം മമ! ൧൨
നൃശംസേ, പാപചിത്തേ, നീ ചെയ്യുന്നതെന്തിന്നു വിപ്രിയം
എൻെറയോമനയാം സത്യവീര്യൻ രാമന്നു കൈകയി?
പാരിൽ നേരററ ദുഷ്കീർത്തിരും തീരാക്കുറവുമെത്തി മേ!"
അദ്ദേഹമുള്ളാടിമറിഞ്ഞാവിധം വിലപിയ്ക്കവേ, ൧൪
അസ്തമിച്ചു കതിരവൻ, വന്നുചേന്നിതു രാത്രിയും.,
വാർതിങ്കളെയണിഞ്ഞുള്ളാ യാമം മൂന്നൊത്ത ശർവ്വരി

Digitized By Kerala Sahitya Akademi

വിളങ്ങീലാ,വിധം മാറ്റി വിലപിയ്ക്കും നൃപാലനിൽ.
ആമ്മട്ടേ ചുടുവീർപ്പിട്ടു വാനം പാർത്താർത്തചിത്തനായ് ൧൮
വല്ലാതെ വിലപിച്ചാനാ വൃദ്ധൻ ദശരഥൻ നൃപൻ:
"നന്ദ, നീ പുലരാഞ്ഞാൽ മേ രാത്രി, നക്ഷത്രഭൂഷണേ;
ദയചെയ്യേണമെന്റമേൽബ്ഭദ്രേ; ഞാനിതാ, തൊഴുതീടിനേൻ!
അല്ലെങ്കിൽപ്പാഞ്ഞുപോയ്ക്കൊൾക: കാണേണ്ടാ മേ കഠോരയെ,
കരാളയാം കൈകയിയെ;ച്ചേർത്തല്ലോ വൻവിപത്തിവൾ!"
എന്നോതി, യക്കൈകയിയെക്കൈകളും കൂപ്പി വീണ്ടുമേ
കനിയിച്ചാൻ മഹീപാലൻ: ചൊന്നാൻ കൈകേയിയോടിദം:-
"വൃദ്ധനിൽ, ദീനനിൽ, സ്സാധുവൃത്തനിൽ, ത്വദധീനനിൽ, ൨൦
വിശേഷാൽബ്ഭൂപനിൽബ്ഭദ്രേ, കനിഞ്ഞരുൾക ദേവി, നീ!
സുശ്രോണി, വിജനത്തിലല്ലിച്ചൊല്ലിതു പറഞ്ഞു ഞാൻ;
ബാലേ കനിയുകെൻപേരിൽ;-ബ്ബാലേ, നല്ലവളല്ലി നീ!
പ്രസീദ ദേവി: മേ രാമൻ നേടട്ടെയസിതേക്ഷണേ, ൨൨
നീ കൊടുത്ത മഹാരാജ്യ;-മുണ്ടാം തവ പെരുംപുകൾ.
എനിയ്ക്കു രാമനു ഗുരുക്കൾക്കും ഭരതനും പ്രിയം
ലോകത്തിനും ഗുരുശ്രോണി, ചെയ്കിതെൻ സുമുഖേക്ഷണേ!"

സബാഷ്പനായ്ക്കണ്ണു ചുടുത്ത ശുദ്ധ-
ക്ഷ്മാപന്റെ നാനാകരുണപ്രലാപം
കേട്ടിട്ടു ദുഷ്ടാശയയാം നൃശംസ
കൈക്കൊണ്ടതില്ലാ കണവന്റെ വാക്യം. ൨൪
കുമാരനെപ്പോക്കുവതിന്നുവേണ്ടിയ-
ങ്ങതുഷ്ടയാം കാന്ത മറുത്തുചൊല്കവേ,
അതോർത്തു മൂർച്ഛിച്ചു മയങ്ങി വീണ്ടുമേ
നിലത്തു വീണാഴലാണ്ട മന്നവൻ.
മനസ്വി മന്നന്നിതുമട്ടിലല്ലലാൽ
ക്കടുത്ത വീർപ്പിട്ടു കഴിഞ്ഞിതാ നിശ;
തദന്തരേ പള്ളിയുണർത്തിടുന്നപോ-
ളുണർത്തലാ രാജവരൻ വിലക്കിനാൻ. ൨൬

—*—

## പതിനാലാം സൎഗ്ഗം: രാമവിവാസനനിൎദ്ധാരണം.

—*—

പുത്രശോകാകുലിതനാമൈക്ഷ്വാകൻ വെളിവെന്നിയേ
നിലത്തു വീണുരുളുവതു കണ്ടുദുഷ്ടയിതോതിനാൾ:-
"എന്നോടേററുപറഞ്ഞിട്ടു, പാപമേ ചെയ്തു താന്തനായ്
നിലത്തേവം കിടക്കുന്നതെന്തേ? നിലയിൽ നില്ക്ക നീ. ൨
സത്യമാണഗ്ര്യമാംധൎമ്മമെന്നാർ ധൎമ്മവിചക്ഷണർ;
സത്യധൎമ്മം പിടിച്ചത്രേ, നിർബ്ബന്ധിച്ചു ഭവാനെ ഞാൻ.
പരുന്തോടേററുരച്ചിട്ടു രാജാവേ, ശൈബ്യഭൂമിപൻ
തന്മെയ്യുപ്പറവെക്കേകി പ്രശസ്തഗതി പൂകിനാൻ. ൪
വേദപാരഗനായോരു വിപ്രൻ യാചിക്കെ,യാദരാൽ
ചൂന്നെടുത്തേകിനാൻ തൻകണ്ണതിതേജസ്സളൎക്കനും.
നിലയ്ക്കു നില്ക്കലാം സത്യം കൊണ്ടു വാരാശി തെല്ലുമേ
ലംഘിപ്പതില്ലാ തൻവേല, സ്വാമിയേ സത്യമോൎക്കയാൽ. ൬
സത്യമേകപദബ്രഹ്മം; സത്യേ നില്ക്കുന്നു ധൎമ്മവും,
സത്യമേ നിത്യവേദങ്ങൾ; സത്യംകൊണ്ടേ ശ്രുതം വരും.
സത്യം വിടൊല്ലാ, ധൎമ്മത്തിൽ ശ്രദ്ധയുണ്ടെന്നിരിക്കുകിൽ;
ആയെൻവരം ഫലിക്കട്ടേ; സാധോ, വരദനല്ലി നീ? ൮
ധൎമ്മസിദ്ധിക്കു, മിങ്ങെൻെറ യാവശ്യപ്പെടൽമൂലവും
മകനാം രാമനെപ്പോക്കു; ചൊല്ലുന്നേനിതു മൂന്നുരു!
ഇപ്രതിജ്ഞയെനിക്കിന്നു നിറവേററിത്തരാഞ്ഞിലോ,
നീ വെടിഞ്ഞവളാം ഞാൻ നിന്മുമ്പിൽവെച്ചുയിർ പോക്കുവൻ!"
ഏവം കൈകേയി ശങ്കസാതെ നിർബന്ധിച്ചു നരാധിപൻ
പാശം വിടുത്താനാളായില്ലെ,ന്ദ്രം മാബലി പോലവേ
മനം കിടന്നുപതറി മുഖം മങ്ങിച്ചമഞ്ഞുപോയ്,
നുകചക്രങ്ങൾതന്മദ്ധ്യേ വിരളുംകാള പോലവൻ. ൧൦
കണ്ണിൻ തളൎച്ചയാൽക്കാഴ്ച കെട്ടപോലായ മന്നവൻ
ധൈൎയ്യം പണിപ്പെട്ടുൾക്കൊണ്ടു കൈകേയിയൊടിതോതിനാൻ:"

Digitized By Kerala Sahitya Akademi

"നിൻകൈ പിടിച്ചുവല്ലോ ഞാൻ മന്ത്രമോതഗ്നിസാക്ഷിയായ്.
അതും ദുഷ്ടേ, ത്യജിപ്പൻ, നിയ്യൊത്തു നിന്മകനേയുമേ. ൧൪
പോകയായ് രാത്രിയാം ദേവി; യാദിത്യോദയവേളയിൽ
വാദ്ധ്യാന്മാരഭിഷേകത്തിന്നെന്നെ വെമ്പിച്ചിടും ദൃഢം;
അതിന്നായ് വെച്ച രാമാഭിഷേകവട്ടങ്ങൾകൊണ്ടുതാൻ
രാമനെക്കൊണ്ടു ചെയ്യിയ്ക്കാം ചത്തെനിയ്ക്കുദകക്രിയ! ൧൫
ഉദകക്രിയ ചെയ്യേണ്ടാ നിയ്യും നിന്നുടെ പുത്രനും,
രാമാഭിഷേകം ദുർവൃത്തേ, നീ മുടക്കുന്നതാകിലോ!
കാൺമാനാളല്ല, മുമ്പേത്ര സുഖംകൊൾവതു കണ്ട ഞാൻ,
ഹർഷവും തോഷവും വിട്ടു തല ചാഞ്ഞ ജനങ്ങളെ!" ൧൬

ആ മഹാത്മാവു ഭൂമീശനാമട്ടവളൊടോതവേ,
ചന്ദ്രനക്ഷത്രയുതയാം പുണ്യരാത്രി പുലർന്നുപോയ്.
ഉടൻ ദുർവൃത്ത കൈകേയി നരേന്ദ്രനൊടു വീണ്ടുമേ
അരിശം മൂത്തു പരുഷം ചൊന്നാൾ ചൊൽവിരുതുള്ളവൾ:—
"എന്തിച്ചൊല്ലുന്ന രാജാവേ, വിഷാർത്തിയ്ക്കൊത്ത ഭാഷിതം?
വരുത്തുകിങ്ങു മടിയാതുണ്ണിയാകിയ രാമനെ.
നാടെന്മകനേല്പിച്ചും, രാമനെക്കാടു കേററിയും,
എന്നെ നിഷ്ഠുരവാക്കിത്തീർത്തിട്ടാവാം ദിനചര്യ തേ!" ൨൩
കടുംചമ്മട്ടിയടിയേററൊരശ്വേന്ദ്രൻ കണക്കിനേ,
മേന്മേൽ നിർബന്ധമേററോ,തി കൈകേയിയൊടിതുഴിപൻ:-
"ധർമ്മക്കുടുക്കിൽപ്പെട്ടേൻ ഞാൻ; കെട്ടുപോയ് വെളിവും മമ;
കാണേണം മേ, സുധർമ്മിഷ്ഠൻ മൂത്തോമൽസ്സൂനു രാമനെ." ൨൪

വിഭാവരി പുലർന്നാറേ, വിഭാകരനുദിയ്ക്കവേ,
നല്ല നക്ഷത്രയോഗത്തിൽ മുഹൂർത്തവുമടുക്കവേ,
വസിഷ്ഠൻ ഗുണസമ്പന്നൻ ശിഷ്യന്മാരോടുകൂടവേ
സംഭാരങ്ങളെടുത്താശു പുക്കാനുത്തമമാം പുരം: ൨൫
വഴി തൂത്തു തളിച്ചും, നൽക്കൊടിക്കൂറകൾ ചാർത്തിയും,
പല പുഷ്പം വിതറിയും, നാനാ മാല്യങ്ങൾ തൂക്കിയും,

Digitized By Kerala Sahitya Akademi

ജനം ഹൎഷിച്ചു, മങ്ങാടിതോറും സാമാനമേറിയും,
മഹോത്സവം പെരുകിയും, രാമാഭിഷേകമേന്തിയും, ചന്ദ്ര
ചന്ദനാഗരുധൂപങ്ങൾകൊണ്ടെമ്പാടും പുകച്ചുമ
പുരന്ദരപുരിയെപ്പോലുള്ളതാമപ്പുരി കടന്നവൻ
മുന്നമന്തഃപുരം കണ്ടാൻ, നാനാധ്വജഗണാഢ്യമായ്,
നാട്ടാരും പൌരരും തിങ്ങി, വിപ്രരാൽശ്ശോഭചേൎന്നതായ്,
യജ്ഞാഭിജ്ഞർ സദസ്യന്മാരഗ്ര്യദ്വിജർ നിറഞ്ഞതായ്.
അന്തഃപുരമതിൽക്കേറിപ്പിന്നിട്ടാനജ്ജനങ്ങളെ;
അതിമോദത്തൊടുൾപ്പുക്കാൻ വസിഷ്ഠനൃഷിസത്തമൻ.
അപ്പോൾക്കണ്ടു, പുറപ്പെട്ടുവന്ന സൂതമന്ത്രനെ,
ദ്വാരത്തു നരസിംഹന്റെ മന്ത്രിയെ, ച്ചാരുരൂപനെ.
ആ വിജ്ഞനാം സൂതജനോടാ വസിഷ്ഠൻ മഹാദ്യുതി
ചൊന്നാൻ:—"ചിക്കെന്നുണൎത്തിയ്ക്ക ഞാൻ വന്നതു നരേന്ദ്രനെ.
ഇതാ, ഗംഗാസമുദ്രാംബുപൂരിതപ്പൊൻകുടങ്ങളും,
അഭിഷേകത്തിനെത്തിച്ച നൽച്ചെമ്പിൻഭദ്രപീഠവും,
സൎവ്വബീജങ്ങൾ, ഗന്ധങ്ങൾ, നാനാരത്നസമൂഹവും,
തേൻ, തൈരു, നെയ്യും മലരും, ദൎഭപ്പുല്ലുകൾ, പൂക്കൾ, പാൽ,
എട്ടോമൽക്കന്യകകളും, മത്തനാം നല്ലൊരാനയും,
തുരഗം നാലെഴും പള്ളിത്തേരും, വാൾ, വരചാപവും,
ചന്ദ്രനൊക്കുന്ന കുടയും, പല്ലക്കുമുതലായതും,
പൊൻകുമണ്ഡലുവും, രണ്ടു പള്ളിവെൺചാമരങ്ങളും,
വൻപൂഞ്ഞയൊത്തതായ് സ്വൎണ്ണക്കയറിട്ടോരു വെൺവൃഷം
സടയും നാലു പല്ലും ചേൎന്നൊരുജ്ജ്വിതവരാശ്വവും,
സിംഹാസനം, പുലിത്തോലും, സമുജ്ജ്വലിതമഗ്നിയും,
വാദ്യസംഘങ്ങളൊട്ടേറെ, മലംകൃതകൾ വേശ്യമാർ,
ആചാൎയ്യർ, വിപ്രരും, പൈക്കൾ, നല്ല പക്ഷിമൃഗങ്ങളും;
ശ്രേഷ്ഠരാം പൌരരുൾനാട്ടാർ, കൂട്ടരൊത്ത വണിക്കുകൾ
ഇവരും മററുപലരും രസിച്ചും പ്രിയമോതിയും

7

Digitized By Kerala Sahitya Akademi

രാമാഭിഷേചനത്തിന്നായ് നില്ക്കുന്നു നരപാലരും.
വെമ്പിടുക രാജേശ്വരനെ, രാമൻ പകൽ പിറക്കവേ ൪൨
നല്ല നക്ഷത്രയോഗത്തിൽ നാടു നേടേണ്ടതിന്നു നീ.”
ഇവണ്ണമാ മഹാത്മാവിൻ വാക്കു കേട്ടിട്ടു സൂതജൻ
നൃപവ്യാഘ്രനെ വാഴ്ത്തിക്കൊണ്ടകംപുക്കാൻ നികേതനം:
പണ്ടേ ദത്താനുമതിയാ രാജസമ്മതവൃദ്ധനെ ൪൪
പാറാവുകാർ തടുത്തീലാ രാജാവിൻ പ്രിയകാംക്ഷികൾ
അരികേ നിന്നു, രാജാവിൻ നിലയങ്ങറിയാതവൻ,
തോഷം വളർത്തും വാക്യങ്ങൾകൊണ്ടു വാഴ്ത്താനൊരുങ്ങിനാൻ;
സൂതൻ സുമന്ത്രനപ്പള്ളിയറയിൽത്തൊഴുകയ്യുമായ് ൪൬
കാലത്തിനൊത്തതാംവണ്ണം വാഴ്ത്തിനാൻ വസുധേശനെ:—
“തേജസ്സാണ്ടാഴിയമ്പേകുന്നുണ്ടല്ലോ ഭാസ്കരോദയേ,
ആമട്ടുള്ളം തെളിഞ്ഞു സമ്പാദാനന്ദിപ്പിയ്ക്കു ഞങ്ങളെ!
വാഴ്ത്തീ മാതലിയിന്നേരത്തുമ്പർകോനെ;-ജ്ജയിച്ചവൻ ൪൮
വെന്നു ദൈത്യരെ; യവ്വണ്ണമുണർത്തുന്നേൻ ഭവാനെ ഞാൻ.
വേദങ്ങൾ സാംഗവിദ്യങ്ങളാത്മഭൂബ്രഹ്മദേവനെ
ഉണർത്തുന്നതുപോലിപ്പോളുണർത്തുന്നേൻ ഭവാനെ ഞാൻ.
സൂര്യനും ചന്ദ്രനും ഭൂതധരയാം നല്ല പൃഥ്വിയെ ൫൦
ഉണർത്തുന്നതുപോലിപ്പോളുണർത്തുന്നേൻ ഭവാനെ ഞാൻ.
പിംക്കന്നെഴുന്നേല്ക്കു കൃതോത്സവമംഗളനായ് പ്രഭോ,
മേരുമേൽനിന്നു സൂര്യൻപോലൊളി വീശുന്ന മെയ്യുമായ്.
കാകുത്സ്ഥ, സൂര്യചന്ദ്രന്മാർ മുപ്പുരാരി കുബേരനും ൫൨
വരുണേന്ദ്രാനലന്മാരും നല്കട്ടെ വിജയം തവ!
പോയീ നിശാഭഗവതി; ചെയ്തതിന്നിതു കാര്യവും;
ഉണരേണ്ടു നൃപവ്യാഘ്ര; മേൽ വേണ്ടുന്നതു ചെയ്ക നീ:
തെററിയല്ലോ രാമൻെറയഭിഷേചനമൊക്കയും ൫൪
താൻതാൻ നിൽക്കുന്നു, നാട്ടാരാൽപ്പൌരവാണിജരാലുമേ
കൈതൊഴപ്പെട്ടു ഭഗവാൻ വസിഷ്ഠൻ ദ്വിജർതമ്മൊടും.

Digitized By Kerala Sahitya Akademi

ആജ്ഞ നൽകുക രാമാഭിഷേകത്തിന്നാശു മന്നവ:
നേതാവില്ലാത്ത പടയും, മേപ്പോനില്ലാപ്പശുക്കളും, ൧൮
ചന്ദ്രൻ കൂടാത്ത നിശയും, കാള കൂടാത്ത പൈക്കളും,
ഇവയെപ്പോലെയാമല്ലോ, നൃപനില്ലാത്ത രാജ്യവും."

അവൻെറയത്ഥവത്തായ സാന്ത്വവാക്കിതു കേൾക്കയാൽ
അഴലിൻമഴയേല്പോനായ് വീണ്ടുമേ വസുധേശ്വരൻ! ൧൯
മകനെപ്പററിയാറ്റാദം കെട്ട ധാർമ്മികനാ നൃപൻ
ശോകാരുണാക്ഷൻ ശ്രീമാനസ്സൂതനെപ്പാത്തു ചൊല്ലിനാൻ:—
"വണ്ണിയ്ക്കൽകൊണ്ടെൻമ്മർമ്മങ്ങൾ വീണ്ടും കീറുകയാണു നീ!"
സങ്കടം കേട്ടുമുവീശനുടെ വല്ലായ്മ കണ്ടുമേ ൨൦
അങ്ങനിന്നൊട്ടു പിൻവാങ്ങീ സുമന്ത്രൻ തൊഴുകയ്യുമായ്.
ദീനൻ ഭൂപൻ സ്വയം ചൊൽവാനാളാകാഞ്ഞ ദശാന്തരേ,
മന്ത്രജ്ഞയായ കൈകേയി സുമന്ത്രനൊട്ടു ചൊല്ലിനാൾ:—
"സുമന്ത്ര, തമ്പുരാൻ രാമാഭിഷേകൌത്സുക്യവായ്പിനാൽ ൨൧
രാവുറങ്ങാത്തതിൽ ക്ഷീണിച്ചുറങ്ങീടുകയാണെടോ.
അതിനാൽച്ചെല്ലുടൻ സൂത: പേരാളും രാജപുത്രനെ,
രാമനെക്കൊണ്ടുവരിക, ഭദ്രം തേ, വേണ്ട കില്ലിതിൽ."

നല്ലതെന്നു നിനച്ചുംകൊണ്ടുള്ളാൽക്കൊണ്ടാടിനാനവൻ; ൨൨
സംപ്രീതനായ് വെമ്പലോടേ പോന്നാൻ നൃപതിശാസനാൽ.
സുമന്ത്രനോത്താൻ, വെമ്പല്ക്കൊണ്ടവൾ ചൊല്ലിയയച്ചതിൽ:—
'അഭിഷേകത്തിനാം, രാമൻ വരേണ്ടതിഹ ധാർമ്മികൻ.'
എന്നുചിന്തിച്ചു കന്നിച്ച ഹഷവും പൂണ്ടു സാരഥി ൨൩
പോന്നാനുദാരജ്ജനാം രാമനെക്കാൺമതിന്നുതാൻ.
സുമന്ത്രനാഴിക്കയെനേർമനോജ്ഞാന്തഃപുരസ്ഥലാൽ
പോന്നിട്ടു കണ്ടാൻ മുൻഭാഗത്താൾ തിങ്ങിയ പടിപ്പുര.

തെരുന്നനെപ്പോന്നു പടിയ്ക്കലെത്തി മുൻ-
വശത്തു കണ്ടാൻ വസുധാമണാളരെ,
പടിയ്ക്കൽ വന്നൊത്തൊരുമിച്ചു നിന്നിടും
മഹാധനന്മാർ പല പൌരർത്തമ്മെയും. ൨൪

---

Digitized By Kerala Sahitya Akademi

## പതിനഞ്ചാം സർഗ്ഗം: അഭിഷേകസജ്ജീകരണം.

അതേ രാത്രി കഴിച്ചിട്ടാ വേദപാരഗരന്തണർ
സദസ്സിലെത്തിനാർ ഭൂപപുരോഹിതസമേതരായ്.
അമാത്യർ സൈന്യമുഖ്യന്മാരവ്വണ്ണം പൌരമുഖ്യരും
രാമന്റെയഭിഷേകത്തിന്നാമോദാൽ വന്നുകൂടിനാർ. ൧

തെളിഞ്ഞുദിച്ചു, പകലോ,നണഞ്ഞു പുഷ്യമെന്ന നാൾ,
വന്നൊത്തി രാമന്റെ പിറപ്പാന്ന കർക്കടലഗ്നവും;
തദാ രാമാഭിഷേകത്തിന്നൊരുക്കി, ദ്വിജസത്തമർ.
പൊൻനീർക്കുടങ്ങളു,മലങ്കൃതമാം ഭദ്രപീഠവും, ൪

മിന്നും പുലിത്തോലഴകിൽ വിരിച്ചിട്ടുള്ള തേരുമേ,
ഗംഗാകളിന്ദജായോഗം മററും പുണ്യസരിത്തുകൾ
കൂപം കയം പൊയ്കയിവതൻ ജലം കൊണ്ടുവന്നതും,
കിഴക്കോട്ടും വിലങ്ങിച്ചും മേല്പോട്ടുമെവതൻ ഗതി ൬

അവററിൽനിന്നാഴികളിൽനിന്നുമെത്തിച്ച വെള്ളവും.
പൊന്നും വെള്ളിയുമാം തീർത്ഥക്കുടങ്ങൾ വിലസീ തുലോം
നാല്പാൽമരംകൊണ്ടു പൊതിഞ്ഞതബ്ജജലാജോൽപലത്തൊടും;
തേൻ തൈരു നെയ്യും മലരും ദർഭപ്പുല്ലുകൾ പൂക്കൾ പാൽ, ൮

പണ്ടങ്ങളെല്ലാം ചാർത്തി ശ്രീ പൂണ്ട വേശ്യാജനങ്ങളും.
വെണ്ണിലാവിന്നെതിരൊളി ചിന്നി രത്നമണിഞ്ഞതായ്
തെയ്യാറുണ്ടങ്ങു രാമന്നു പൊമ്പിടിച്ചോരു ചാമരം.
വാർതിങ്കൾക്കൊത്ത വെൺകൊററക്കുടയും വിതതപ്രഭം ൧൦

അഭിഷേകത്തിനായ് വെക്കപ്പെട്ടിരുന്നു യഥോചിതം.
ഒരുങ്ങി വെൺനിറക്കാള; വെള്ളക്കുതിര ഹാജരായ്;
കാത്തുനില്പൂ, മദം തൂകും പള്ളിയമ്പാരിയാനയും,
പെൺകളെല്ലാമണിഞ്ഞെത്തു മംഗളപ്പെൺകിടാങ്ങളും, ൧൨

വാദ്യങ്ങളെല്ലാവകയും, വന്ദിമാർ മററുപേരുമേ.
എന്നമട്ടിക്ഷ്വാകുരാജ്യാഭിഷേചനത്തിന്നൊരുക്കമോ,

Digitized By Kerala Sahitya Akademi

അമ്മട്ട രാജപുത്രാഭിഷേകത്തിന്നററ കോപ്പുമായ്,
അരുളപ്പാടിനാലങ്ങു വന്നോരവർ നരേന്ദ്രനെ. ൧൪
കാണാഞ്ഞു ചൊന്നാ,"രാർനമ്മെത്തമ്പുരാങ്കല്പണർത്തിടും?
കാണുന്നതില്ലരചനെ,ക്കതിരോൻ വന്നുദിച്ചുപോയ്;
ഒരുങ്ങി, ധീമാൻ രാമന്നു യൌവരാജ്യാഭിഷേകവും."
അവരേവം കഥിയ്ക്കുമ്പോൾ,സ്സുമന്ത്രൻ രാജസൽകൃതൻ ൧൬
അവരോടും മഹീശന്മാരോടുമെല്ലാമിതോതിനാൻ:-
"രാജാജ്ഞയാൽസ്സുതപരനായ് രാമാന്തേ പോകയാണു ഞാൻ;
മാന്യർ നിങ്ങൾ മഹീശന്നു രാമന്നു പുനരേറെയും.
ഇതാ, സുഖം ഞാൻ ചോദിയ്ക്കാ,മായുഷ്മാന്മാർ പറഞ്ഞതായ്,
ഉണരാ തമ്പുരാനോടിങ്ങെഴുന്നെള്ളാഞ്ഞ ഹേതുവും."
എന്നാ,ന്തഃപുരദ്വാരത്തെയ്ക്കു ചെന്നഥ സൂതജൻ
പൂകിക്കൊണ്ടാൻ പുരാണജ്ഞൻ, സദാ ചെല്ലാവുമഗ്ഗൃഹം.
പൂകിയിട്ടവനബ്‌ഭൂമീശന്റെ വംശം പുകഴ്ത്തിനാൻ; ൨൦
ചെന്നുനിൽക്കകയുംചെയ്താൻ രാജാവിൻ പള്ളിമച്ചതിൽ;
അദ്ദേഹമങ്ങാളമണഞ്ഞക്കാകുത്സ്ഥനെ വാഴ്ത്തിനാൻ,
തിരശ്ശീലയ്ക്കുടുത്തായ്നിന്നാശ്ശീസ്സുകളാലവൻ:—
"കാകുത്സ്ഥ, സൂര്യചന്ദ്രന്മാർ മപ്പുരാരി കുബേരനും ൨൨
വരുണേന്ദ്രാനലന്മാരും നല്കട്ടെ വിജയം തവ!
പോയീ നിശാഭഗവതി; ചെയ്യുതിന്നിതു കാര്യവും;
ഉണന്നേൽക്ക നൃപവ്യാഘ്ര; മേൽ വേണ്ടുന്നതു ചെയ്ക നീ:
വിപ്രന്മാർ സൈന്യമുഖ്യന്മാർ പൌരരും വന്നു മന്നവ!" ൨൪
കാത്തുനിൽപ്പൂ മുഖം കാട്ടാനുണർന്നേൽക്കക രാഘവ!'
അസ്സുമന്ത്രൻ സുമന്ത്രജ്ഞൻ സൂതനങ്ങു പുകഴ്ത്തവേ,
പെട്ടെന്നറിഞ്ഞരുളിച്ചെയ്താൻ പാർത്ഥിവേശ്വരനിങ്ങിനെ:—
"രാമനെക്കൊണ്ടുവാ സൂത, എന്നല്ലോനചൊല്ലിനാളിവൾ; ൨൬
നീയെന്റെയാ നിയോഗത്തെത്തള്ളുവാനെന്തു കാരണം?
ഉറങ്ങുകയുമല്ലാ ഞാൻ; കൊണ്ടുവാ രാമനെ ദ്രുതം."

Digitized By Kerala Sahitya Akademi

എന്നു ഭൂപൻ ദശരഥൻ വിട്ടാൻ വീണ്ടും സുമന്ത്രനെ.
അതുകേട്ടിട്ടരചനെത്തല താഴ്ത്തിപ്പണിഞ്ഞവൻ, ൨൭
പ്രിയം തുലോമെന്നു നിനച്ചിറങ്ങി രാജമന്ദിരാൽ.
കൊടിക്കാൽക്കൊടി മിന്നും വൻ പാതയിൽച്ചേൎന്നു സൂതജൻ
നോക്കിക്കൊണ്ടങ്ങു സാ പോയാൻ മോദാൽപ്പുളകിതാംഗനായ്.
രാമൻെറയഭിഷേകത്തെപ്പററിയാളുകളൊക്കെയും ൩൦
സംസാരിയ്ക്കുന്നതസ്സൂതൻ കേട്ടാനങ്ങു സഹർഷമേ.
പിന്നെക്കാണായ് സുമന്ത്രൎക്കു, കൈലാസശിഖരാഭമായ്
ഇന്ദ്രൻെറ മന്ദിരം പോലെ വിലസും രാമമന്ദിരം:
അടച്ച വൻവാതിൽകളും നൂൎന്നൂർ തിണ്ണയുമൊത്തതായ്, ൩൨
കനകപ്രതിമൈകാഗ്ര്യം, മണിവിദ്രുമതോരണം,
ശരന്മേഘൌഘാകൃതിയായ്, ദീപ്ത്യാ മേരുഗുഹാഭമായ്,
വലുതാകിയ നന്മാല്യമണിജാലമണിഞ്ഞതായ്,
അകിൽചന്ദനധൂപം പൂണ്ട, ണിമുത്തു നിറഞ്ഞതായ്, ൩൪
ദർദ്ദുരത്തിൻമുടിയ്ക്കൊത്തു ഹൃദ്യഗന്ധമുതിൎപ്പതായ്,
വെള്ളിപ്പക്ഷിമയിൽക്കൂട്ടമഴകിൽക്കൂകിടുന്നതായ്,
ചെന്നായ്പ്രതിമയും തിങ്ങി, നല്ലൊത്തുപണിയൊത്തതായ്,
വൻദീപ്തിയാൽ പ്രാണികൾ തന്നുള്ളും കണ്ണുമെട്ടപ്പതായ്, ൩൬
ചന്ദ്രസൂൎയ്യപ്രതിമമായ്, കുബേരഗൃഹതുല്യമായ്,
വലാരിനിലയംപോലായ്, പല പക്ഷികൾ ചേൎന്നതായ്,
മേരുശൃംഗാഭമാം രാമമന്ദിരം കണ്ടു സൂതജൻ;
അരികേ ചെന്നു കൈ കൂപ്പും ജനങ്ങളിടതിങ്ങിയും, ൩൮
കാഴ്ചദ്രവ്യങ്ങളുംകൊണ്ടു വന്നോരാം പുറനാട്ടുകാർ
രാമാഭിഷേകസുമുഖരുഴറോടൊത്തുകൂടിയും,
വൻകാറിൻ വടിവോടൊത്തും, കേമമായ് മോടികൂട്ടിയും,
കിരാതകുബ്ജാവൃതമായ് നാനാരത്നങ്ങൾ തിങ്ങിയും. ൪൦

വക്രൂഥിയായ് രാമഗൃഹാഭിഗാമിയാം
തുരംഗമശ്രേഷ്ഠരിലിരുന്നു സാരഥി

Digitized By Kerala Sahitya Akademi

നരാവൃതം കണ്ടിതു രാജമന്ദിരം
പുരത്തിനെല്ലാം പരിതുഷ്ടിദായകം.
മദിച്ച മാൻമൈലുകളാൽ വൃതം മഹാ-
ധനം വരാഹന്റെ മഹാനികേതനം,
ശചീശപുരന്റേറതുകണക്ക ചെന്നണ-
ഞ്ഞതനല്പമായ് കോൾമയിർ പൂണ്ട സാരഥി. ൪൨

അണിഞ്ഞു കൈലാസസുരാലയങ്ങൾപോ-
ലെഴും മതില്ക്കെട്ടുകൾ പൂകിയിട്ടടൻ
പെരുത്ത രാമാനഗരായ കൂട്ടരെ-
ക്കടന്നു ശുദ്ധാന്തമണഞ്ഞു സാരഥി.
കേട്ടീടിനാനങ്ങവനൾ കളിത്തു,
രാമാഭിഷേകം കരുതിജ്ജനങ്ങൾ
പാരക്കെയുർവ്വീശസുതന്നു നന്മ
നേരുന്ന വാക്യങ്ങൾ സകൌതുകങ്ങൾ. ൪൪

സുരമ്യമായ്പ്പക്ഷിമൃഗങ്ങൾ വാഴും
സുരേന്ദ്രസദ്മോപമരാമഗേഹം
കാണായ് സുമന്ത്രന്നു, സുമേരുവിന്റെ
ശൃംഗം കണക്കന്നതമാത്തശോഭം.
യാനങ്ങൾ കൈവിട്ടു കരങ്ങൾ കൂപ്പി-
യുപായനത്തോടുമണഞ്ഞ നാട്ടാർ
പരാർദ്ധ്യവും കോടിയുമൊത്തു പാടേ
നിറഞ്ഞുകാണായ് പ്രതിഹാരമാർഗ്ഗം. ൪൬

മദം ചുരന്നേററമുയന്നു, തോട്ടി
കൂട്ടാക്കിടാതങ്ങെതിരററ മട്ടിൽ,
വങ്കാർമല്പയ്ക്കൊത്തു വിളങ്ങി, രാമൻ
കേറുന്ന 'ശത്രുഞ്ജയ'മെന്ന ഹസ്തി.
അണിഞ്ഞു, തേരശ്വഗജങ്ങളൊത്തി, തപ്പെട്ടും
മഹാമന്ത്രികൾ നൂറുനൂറു പേർ

Digitized By Kerala Sahitya Akademi

ചുഴന്നു ചെന്നോത്തവരെക്കടന്നുപോയ്-
സ്സമൃദ്ധമന്തഃപുരമേറി സാരഥി. ൪൮
വലുപ്പമുള്ളേഴ്നിലമേടവൃന്ദമൊ-
ത്തത,ദ്രികൂടാചലഃമഘസന്നിഭം,
അപാരിതൻ സാരഥി ചെന്നു പൂകിനാൻ
പ്രവൃദ്ധരത്നം, കടൽ മീൻ കണക്കിനെ.

---

## പതിനാറാം സർഗ്ഗം: രാമൻെറ ദശരഥോപസ്ഥാനം.

---

ആൾത്തിക്കിയലുമീയന്തഃപുരദ്വാരം കടന്നുടൻ
പുക്കാനവൻ പുരാണജ്ഞനിടംപെട്ട മതില്ക്കകം:
വിൽകുന്തമേന്തിശ്ശ്രദ്ധിച്ചു നില്പുണ്ടങ്ങപ്രമത്തരായ്
ക്രൂരറിയ യുവാക്കന്മാർ തെളികുണ്ഡലമിട്ടവർ; ൨
പടിക്കലുള്ള കാണായി ചൂരല്ക്കാരരുണാംബരർ
സശ്രദ്ധം സ്ത്രീകളെക്കാക്കും വൃദ്ധന്മാരണി ചാർത്തിയോർ.
തദാഗമം കണ്ടു,വരെല്ലാരും രാമപ്രിയൈഷികൾ
തട്ടിപ്പിടഞ്ഞെഴുന്നേററാരാസനങ്ങളിൽനിന്നുടൻ. ൪
താഴ്മ പൂണ്ടു,വരോടോതി സാമർത്ഥ്യം ചേന്ന സൂതജൻ:—
'രാമനോടോതുവിൻ വേഗം, സുമന്ത്രൻ ദ്വാരി നില്പതായ്.'
രാമാന്തികം പുക്കവരും സ്വാമിതൻ പ്രിയകാംക്ഷികൾ
വേഗംതന്നെയുണർത്തിച്ചാർ,ഭാര്യയോടൊത്ത രാമനെ. ൬
ഉണർത്തലാലറിഞ്ഞച്ഛന്നന്തികക്കാരനായ സൂതനെ
അങ്ങോട്ടുതാൻ വരുത്തിച്ചു രാഘവൻ പ്രിയകാംക്ഷയാൽ.
കണ്ടാൻ സൂതൻ, മുകൾവിരിപ്പിട്ട പൊൻകട്ടിലിന്മേൽ
ചാഞ്ഞിരുന്നരുളിടുമാ വൈശ്രവണതുല്യനെ, ൮
പന്നിച്ചോരനിറം താവും മികവേറിയ ചന്ദനം
സുഗന്ധി വിമലം പൂശിക്കൊണ്ടോനെ, രിപുതാപിയെ,
പേർത്തു,മങ്ങൊരു ഭാഗത്തായ്ക്കയ്യിൽ വെൺചാമരത്തോടേ
സീത സേവുകയാൽ,ച്ചിത്ര ചേന്ന ചന്ദ്രന്നു തുല്യനെ. ൧൦

Digitized By Kerala Sahitya Akademi

ചൂടേകും ഭാനുവിൻ തേജസ്സോക്കുമാ വരദായിയെ
കൈവണങ്ങീടിനാൻ വന്ദി വിനയജ്ഞൻ വിനീതനായ്.
കേളിശയ്യാസനേ പ്രീതമുഖനാം രാജപുത്രനെ
കണ്ടു കൈതൊഴുതങ്ങോതീ സുമന്ത്രൻ രാജസൽകൃതൻ.- ൧൪
'കൗസല്യാമകനേ, രാമ, താതൻ ത്വദ്ദർശനോത്സുകൻ
കൈകേയീദേവിയോടൊത്തോൻ: വൈകാതങ്ങെഴുന്നെള്ളണം.'
ഇതു കേട്ടുടൻ കളിത്തോനായ് നരസിംഹൻ മഹാദ്യുതി
കൊണ്ടാടിനാനങ്ങവനെ; സ്സീതയോടിതു ചൊല്ലിനാൻ:- ൧൫
"എനിക്കായൊത്തുചേർന്നിട്ടു ദേവനും ദേവി, ദേവിയും
അഭിഷേകത്തിനായെന്തോ നിരൂപിക്കുകയാവണം.
ഉള്ളറിഞ്ഞിട്ടരചനെ, പ്രിയം തേടും വിദഗ്ദ്ധയാൾ
പ്രേരിപ്പിക്കുന്നതുണ്ടാമെൻകാര്യത്തിൽ മദിരേക്ഷണേ: ൧൬
ഹിതേച്ഛുവാമജ്ജനനി മഹാരാജാനുവർത്തിനി
എൻകാര്യം തേടുവോളല്ലോ തുഷ്ടകേകയനന്ദിനി.
ഭാഗ്യം: ദൂതിന്നയച്ചല്ലോ പ്രിയദേവീസമന്വിതൻ
മഹാരാജാവെനിക്കർത്ഥകാമകൃത്താം സുമന്ത്രരെ! ൧൭
അവിടത്തെസ്സദൃക്കാത്മ ദൂതനാണിങ്ങു വന്നതും;
യൗവരാജ്യാഭിഷേകം മേ ചെയ്യും മന്നവനിപ്പൊഴേ.
ഹന്ത, ചിക്കെന്നു ചെന്നവ്വീകാന്തനെക്കാണ്മതുണ്ടു ഞാൻ!
പരിവാരത്തൊടൊന്നിച്ചു സുഖം വാണു രമിക്കു നീ." ൧൮
പതി മാനിച്ച മഞ്ജുളേക്ഷണമിഴി സീത മണാളനെ
ദ്വാരത്തോളം പിന്തുടർന്നു മംഗളം നേർന്നുകൊണ്ടുതാൻ:-
"രാജസൂയാഭിഷേകാർഹം രാജ്യം ബ്രാഹ്മണസേവിതം
രാജാവങ്ങയ്ക്കു നല്കട്ടെ, ബ്രഹ്മാവിന്ദ്രന്നു പോലവേ! ൧൯
ദീക്ഷിച്ചു സദ്വ്രതത്തോടേ നന്മാനത്താൽ പൂണ്ടു ശുദ്ധനായ്
മാങ്കൊമ്പേന്തും ഭവാനെക്കണ്ടുപാസിക്കുന്നതുണ്ടു ഞാൻ!
കിഴക്കേത്തോം ദിക്കു വജ്രി, തെക്കു രക്ഷിക്കതേ യമൻ,
പടിഞ്ഞാർദിക്കു വരുണൻ, വടക്കേദ്ദിക്കു വിത്തപൻ!" ൨൦



Digitized By Kerala Sahitya Akademi

അസ്സീതയോടു വിടയും വാങ്ങിച്ചു സസുമന്ത്രനായ്
ഗൃഹാൽപ്പോന്നീടിനാൻ രാമൻ കൃതകൌതുകമംഗളൻ.
ശൈലാൽഗ്ഗിരിഗുഹാവാസി സിംഹത്തെപ്പോലെ പോന്നവൻ
കണ്ടു ലക്ഷ്മണനെ ദ്വാരേ കൂപ്പിക്കമ്പിട്ടു നില്പതായ്. ൬
നടുക്കിലെ മതില്ക്കെട്ടിൽ കൂററുകാരോടിണങ്ങിയും,
കാംക്ഷിയ്ക്കുവോരെയെല്ലാം കണ്ടിടചേർന്നാദരിച്ചുമേ,
തീയ്യൊത്തതായ് പ്പുലിത്തോലുകൊണ്ടു മൂടിയിരുന്നതായ്
കാന്തിമത്തായ തേരേറീ നരവ്യാഘ്രൻ നൃപാത്മജൻ: ൮
ഇടംപെട്ടിടിനേർനാദം പൂണ്ടും, പൊന്മണി ചാർത്തിയും,
കൺ കക്കും കാന്തിയോടൊത്തും, മേരുപോലെ വിളങ്ങിയും,
ആനക്കുട്ടികൾപോലുള്ള നല്ല വാജികൾ പൂട്ടിയും,
പായുവൊന്നംബർകോൻ പച്ചക്കുതിരത്തേർ കണക്കിനെ, ൧൦
കേറിപ്പോന്നിതു വേഗത്തിൽ ശ്രീയാലാഢ്യനാ രാഘവൻ;
വാനത്തിരമ്പും കാർ പോലെ മുഴക്കിക്കൊണ്ടു മന്ദിരാൽ
പോന്നു ശ്രീമാൻ, പെരുംകാറിൽനിന്നു ചന്ദ്രൻ കണക്കിനെ.
വിചിത്രചാമരം പൂണ്ടു ലക്ഷ്മണൻ രാഘവാനുജൻ. ൧൨
തേരേറി നിന്നിരുന്നു പിൻവശത്തന്നു കാവലായ്.
അവൻ പുറത്തെയ്ക്കെഴുന്നള്ളുന്ന വേളയിലാളുകൾ
പെരുംഹലഹലാശബ്ദം കൂട്ടിനാർ നാലിടത്തുമേ.
പ്രധാനാശ്വപ്രവരരും മലയ്ക്കൊത്ത ഗജങ്ങളും ൧൪
നൂറുമായിരവും വീതം പിന്തുടർന്നിതു രാമനെ.
അകിൽ ചന്ദനവും പൂശിക്കോപ്പിട്ടു,വന്നു മുന്നിലായ്
നടന്നു ശൂരരാമാൾക്കാർ വാൾവില്ലേന്തിസ്സൂരാത്ഥികൾ.
വാദ്യധ്വനിയുമന്നേരം വന്ദിസ്തുതിനിനാദവും ൧൬
കേൾക്കായിവന്നു വഴിയിൽ ശൂരർതൻ സിംഹനാദവും.
പാടേ ചമഞ്ഞ പെണ്ണുങ്ങൾ മേടജന്നാലിൽനിന്നുടൻ
പൂക്കൾ തൂകുന്നതേററുംകൊണ്ടവൻ പോന്നാനരിന്ദമൻ.
രാമൻ പ്രസാദിപ്പതിനായ് രാമനെസ്സുന്ദരാംഗികൾ ൧൮

Digitized By Kerala Sahitya Akademi

മന്നിലും മേടമേലും നിന്നാഗ്ര്യവാക്കാൽപ്പുകഴ്ത്തിനാർ:-
'ന്യൂനം, നിന്നമ്മ, കൌസല്യ നന്ദിയ്ക്കും മാതൃനന്ദനെ,
അമോഘശക്തി നീ താതരാജ്യം വാഴ്ത്തു കാങ്ക്ഷയാൽ.'
രാമൻെറയോമലാൾ സീതയെല്ലാ നാരീജനത്തിലും ൪൦
മീതെയാം നാരിയാണെന്നു നണ്ണിനാരാ വധൂടികൾ:-
"ശരിയ്ക്കു ചെയ്തിട്ടുണ്ടാവും പണ്ടദ്ദേവി പെരുംതപം:
ചേർന്നല്ലോ രാമനിലവൾ, സോമേ രോഹിണിപോലവേ."
എന്നു മാളികമേൽ നിന്നാ സ്ത്രീകൾ ചൊല്ലും പ്രിയോക്തികൾ
കേട്ടീടിനാൻ രാജപഥത്തിന്മേൽവെച്ചു നരോത്തമൻ.

കേട്ടീടിനാൻ രാഘവനങ്ങു വന്നി-
ട്ടുള്ള ജ്ജനത്തിൻെറ കഥപ്പരപ്പും,
മനം കളിത്തീടിന പൌരർ തന്നെ-
പ്പററിപ്പലമട്ടിലുരച്ച വാക്കും:—
'രാജപ്രസാദാലുരുലക്ഷ്മി നേടാ-
നായിട്ടു കാകുത്സ്ഥനിതാ, ഗമിപ്പൂ;
ഈ നാം സമൃദ്ധാഖിലകാമരായീ:
നമ്മൾക്കിവൻ നായകനാകുമല്ലോ! ൪൪
നമുക്കു ലാഭം, നെടുനാൾക്കു നാടി-
തൊട്ടുക്കിവൻ നേടിടുമെന്ന കാര്യം:
അനിഷ്ടവും ദുഃഖവുമേതുമാരും
കാണില്ലി,വൻ മന്നവനാകിലെന്നും.'
ഇരമ്പിടും വാജിഗജങ്ങളൊത്തു, മുൻ-
നടന്നിടും സ്വസ്തികസൂതമാഗധർ
വരിഷ്ഠരാം വാദകരും സ്തുതിച്ചു സൽ-
ക്കരിപ്പവൻ, പോന്നു കുബേരമട്ടവൻ. ൪൯
കരേണുനാഗാശ്വരഥം നിറഞ്ഞതായ്-
പ്പുരക്കെയൊൾ കൂടിയ ചത്വരത്തൊടും,
സുരത്നപൂർണ്ണം, ബഹുവാണിഭത്തൊടും
സ്ഫുരിപ്പതായ്ക്കണ്ടിതു പാത രാഘവൻ.

Digitized By Kerala Sahitya Akademi

## പതിനേഴാം സൎഗ്ഗം: രാമന്റെ രാജഗൃഹപ്രവേശം.

---

തേരേറിമേവുമാ രാമൻ സുഹൃൽപ്രഹൃഷ്ടൻ
മികച്ചുകിൽ പുകച്ചുറെക്കൊടിക്കാൽകൊടി ചേൎന്നതായ്
കണ്ടാനാ നഗരം ശ്രീമാൻ നാനാലോകർ നിറഞ്ഞതായ്.
ആ രാഘവൻ വെൺമുകിൽനേർഗൃഹങ്ങൾ വിലസുന്നതായ് ൨
അകിൽപ്പുകപെട്ടം രാജമാൎഗ്ഗത്തിൻ നടു പൂകിനാൻ:
അകിൽക്കൂട്ടങ്ങളും, മേന്മ തടവും ചന്ദനങ്ങളും,
വരഗന്ധങ്ങൾ, പുഴന്തൽപ്പട്ടുവെണ്ണട്ടിനങ്ങളും,
തുളയ്ക്കപ്പെട്ടതല്ലാത്ത മുത്തും നൽസ്ഫടികങ്ങളും ൪
ചേൎന്നു ശോഭിയ്ക്കുമാ രാജമാൎഗ്ഗം വിസ്തീൎണ്ണമുത്തമം;
പല വാണിഭവും നാനാഫലഹാരവുമൊത്തതായ്
കണ്ടാനപ്പാത, വാനിങ്കലണ്ടർപ്പാത കണക്കിനെ,
അകിൽചന്ദനധൂപങ്ങൾ മലർനെയ്തയിരക്ഷതം ൬
ഗന്ധമാല്യങ്ങളിവയാൽപ്പൂജിയ്ക്കും ചതുരത്തൊടും.
വേട്ടക്കാർതന്നനേകാശീർവ്വാദത്തെക്കേട്ടുകൊണ്ടവൻ
യഥാൎഹമെല്ലാവരെയുമാദരിച്ചെഴുന്നെള്ളിനാൻ:
'മുത്തച്ഛന്മാരിഹ മുതുമുത്തച്ഛന്മാരുമങ്ങിനെ ൮
നടന്ന വഴി പൂക്കിന്നു രക്ഷിയ്ക്കുകഭിഷിക്തനായ്!
അച്ഛനും, മുമ്പു മുത്തച്ഛന്മാരും ലാളിച്ചതില്ലയോ,
അതിലും സുഖമായ്പ്പാൎക്കാം നമുക്കീ രാമവാഴ്ചയിൽ!
പോരും നമുക്കിനിഭോഗം, പോരുമേ പുണ്യകൎമ്മവും, ൧൦
കാണും നാം, കോയ്മ കൈവന്ന രാമൻതൻ വരവെങ്കിലോ!
ഇതിലും പ്രിയമായെന്തൊന്നുളവാകും നമുക്കിനി?
രാജ്യാഭിഷിക്തനാമല്ലോ രാമൻ തേജസ്വിയായ്ചവൻ!"
എന്നും മററും സുഹൃത്തുക്കൾ തന്നെ വാഴ്ത്തും ശുഭോക്തികൾ ൧൨
ഭാവം മാറാതെ കേട്ടുംകൊണ്ടണഞ്ഞാൻ പാത രാഘവൻ.
അപ്പുരുഷോത്തമനിൽനിന്നുള്ളും കണ്ണുമെടുക്കുവാൻ
ആളായ്യുന്നീലൊരുവനും, രാമൻ ദൂരത്തു പോകിലും.
രാമനെപ്പാൎത്തിടാത്തോനും, രാമൻ പാൎക്കാത്ത മൎത്ത്യനും ൧൪

Digitized By Kerala Sahitya Akademi

ഗർഹിതൻ പാരിലെല്ലാമേ; സ്വാത്മാവോലും വിനിന്ദ്യനാം!
യഥാർത്ഥം കനിവോനല്ലോ ജാതി നാലിലുമാരിലും
അധർമ്മശീല;നതിനാലവകൾ സ്സക്തരാണവർ.
നാൽക്കൂട്ടവഴിയും ക്ഷേത്രം ചൈത്യമായതങ്ങളും ൧൯
ഇടത്തുവെയ്ക്കാതെ വലംവെച്ചു പോന്നാൻ നൃപാത്മജൻ.
കൊട്ടാരത്തിലണഞ്ഞിട്ട, ക്കാർനിരയ്ക്കൊത്തു ശുഭ്രമായ്
കൈലാസകൂടോപമമാം നന്നാപ്രാസാദശൃംഗവും,
വാനം മറയ്ക്കുന്നവയായ് വെൺവിമാനങ്ങൾപോലെയായ് ൧൯
രത്നൌഘം ചാർത്തിയവയാം വർദ്ധമാനഗൃഹങ്ങളും
ചേർന്നൊന്നുഴിയിൽവെച്ചഗ്ര്യഗൃഹമിന്ദ്രാലയോപമം
അച്ഛന്റെ ഭവനം പുക്കാൻ ശ്രീകൊണ്ടാളും നൃപാത്മജൻ.
വില്ലർ കാക്കുന്നതാം മൂന്നു കെട്ടും തേരാൽക്കടന്നവൻ ൨൦
അണഞ്ഞാൻ കാൽനടയ്ക്കു മററിരുകെട്ടു നരോത്തമൻ.
എല്ലാക്കെട്ടും ക്രമത്താലേ കടന്നാൾക്കാരെയൊക്കയും
നിർത്തിയന്തഃപുരം പുക്കാൻ വീണ്ടും ദശരഥാത്മജൻ.

നരേന്ദ്രപുത്രൻ ജനകന്റെയന്തികം
ഗമിച്ചുപോതജ്ജനമൊക്കയും മുദാ,
തിരിച്ചെഴുന്നാൾവതു കാത്തുനില്ക്കയായ്,
പയോധി ചന്ദ്രോദയമെന്നവണ്ണമേ. ൨൨

---

പതിനെട്ടാം സർഗ്ഗം: കൈകേയീരാമസംവാദം.

—*—

അങ്ങു കൈകേയിയൊന്നിച്ചു പള്ളിക്കട്ടിലിലാർത്തനായ്
മുഖം വരണ്ടിരുന്നീടുമച്ഛനെക്കണ്ടു രാഘവൻ.
മുല്പാടച്ഛന്റെ തൃക്കാല്ക്കൽത്താഴ്മയോടേ പണിഞ്ഞവൻ
പിന്നെക്കൈകേയിതൻ കാല്ക്കൽ വന്ദിച്ചാനേററമാസ്ഥയിൽ. ൨
'രാമാ!' എന്നൊന്നരുളിനാൻ കണ്ണീർ ചിന്നിയ കണ്ണുമായ്;
ആളായീലാർത്തനാം ഭൂപൻ നോക്കാനും പറവാനുമേ.
ഭൂപന്നു മുന്നമില്ലാത്ത ഘോരമട്ടതു കാൺകയാൽ
പേടിച്ചു രാമനും, കാലാൽപ്പാമ്പിനെത്തൊട്ടവണ്ണമേ: ൪

Digitized By Kerala Sahitya Akademi

ഇന്ദ്രിയത്തെളിവററല്ലൽച്ചൂടിൽ വാടി നൃപോത്തമൻ
നെടുവീപ്പിട്ടിരുന്നു മാലാൻഴന്ന മനസ്സുമായ്;
അക്ഷോഭ്യമാമലകടൽ കലങ്ങിയതുപോലെയും,
ഗ്രസ്താൎക്കൻ പോലെയും, ദോഷം പറഞ്ഞൊരൃഷി പോലെയും
അച്ഛൻ നിനയ്ക്കാവല്ലാത്തൊരഴൽ പൂണ്ടതു കാൺകയാൽ
പാരം ക്ഷോഭിച്ചുപോയ്, വേലിയേററത്തിൽക്കടൽ പോലവേ;
ഉടൻ നിനയ്ക്കയുംചെയ്തു രാമൻ പിതൃഹിതോദ്യതൻ:—
"എന്താവാം,മെന്നെയിന്നേരം കൊണ്ടാടാത്തതു മന്നവൻ? ൮
മുമ്പച്ഛനിവനെക്കണ്ടാൽ,ക്കോപിച്ചാലും തെളിഞ്ഞിടും;
ആ നഥിതിയ്ക്കി,പ്പോളെന്നെപ്പാൎത്തതിൽ തേടുന്നതെന്തുവാൻ?"
ഉന്നാൽ വശംകെട്ടു വലഞ്ഞൊളി മാഞ്ഞ മുഖത്തൊടെ
കൈകേയിയെപ്പണിഞ്ഞിട്ടു ചോദിച്ചാൻ രാമനിങ്ങിനെ:- ൧൦
"ഓരാതെ പിഴ ഞാൻ ചെയ്തീലല്ലി,യച്ഛൻ ചൊടിയ്ക്കുവാൻ?
അതു ചൊല്ക,വിടുത്തെയ്ക്കും തെളിവും ചേൎക്കമ്മ താൻ.
എന്താണെന്തെളിവററെ,ന്നിൽസ്സദാ വാത്സല്യമുള്ളവൻ
മിണ്ടാതിരിപ്പതെന്നോടു, മുഖശ്രീ കെട്ടു ദീനനായ്? ൧൧
കായത്തിലോ കരളിലോ താപമോ പരിതാപമോ
പെട്ടിട്ടില്ലല്ലിയച്ഛന്നു? കിട്ടില്ലല്ലോ സദാ സുഖം.
ചേൎന്നിട്ടില്ലല്ലിയശുഭം ശ്രീമദ്ഭരതനുണ്ണിയിൽ,
ഓജസ്വി ശത്രുഘ്നനിലോ, വല്ലതും തായമാരിലോ? ൧൨
തുഷ്ടി രാജേന്ദ്രനിൽച്ചേൎക്കാതച്ഛൻചൊൽ ചെയ്തിടാതെയോ
ക്ഷണംപോലുമിരിയ്ക്കാ ഞാൻ, നൃപൻ കോപിച്ചിരിയ്ക്കവേ.
ഇങ്ങു തന്റെ പിറപ്പാരുമൂലമായ്ക്കാണുമോ നരൻ,
ആ പ്രത്യക്ഷശരൻതങ്കലെവ്വണ്ണം കീഴടങ്ങിടാ? ൧൩
ഇവിടുന്നഭിമാനത്താലെന്നച്ഛനൊടു വല്ലതും
കയൎത്തുരച്ചിതോ കോപാ,ലച്ഛന്നുള്ള ചയുംവിധം?
ചൊല്ക, ചോദിയ്ക്കുമെന്നോടിങ്ങിതു ദേവി യഥാൎത്ഥമായ്;
എന്തുകൊണ്ടാണു, മുമ്പില്ലാത്തീ മാററം മനുജേന്ദ്രനിൽ?" ൧൪

Digitized By Kerala Sahitya Akademi

എന്നായ് മഹാരേയൻ രാമൻ ചോദിച്ചളവു കൈകയി
ചൊന്നാൾ നിജഹിതം, ലജ്ജാഹീനയായ്ക്രൂരയെന്നിയേ:—
"നൃപന്നില്ലരിശം രാമ, തമ്പുരാന്നില്ലൊരല്ലലും;
ഒന്നുണ്ടന്തർഗ്ഗതം; നിന്നെപ്പേടിച്ചോതാതിരിയ്ക്കയാം. ൧൦
ചൊൽവാൻ നാവിങ്ങു പൊന്തുന്നീലോമലാം നിന്നോടപ്രിയം;
നീ ചെയ്യവേണ,മിദ്ദേഹമെന്നോടേറ്റതു തീർച്ചയായ്.
വരം മേ നല്കി മുമ്പെന്നെ മാനിച്ചിട്ടീ മഹീശ്വരൻ
പശ്ചാത്തപിയ്ക്കയാണിപ്പോൾ,പ്പുച്ഛപ്പാവം കണക്കിനെ. ൧൧
തരുവൻ വരമെന്നെന്നോടേറ്റുരച്ചിട്ടു മന്നവൻ,
വെറുതേ, നീരു വാർന്നേടം ചിറ കെട്ടാൻ നിനയ്ക്കയാം!
ഇതു ധർമ്മാസ്പദം രാമ, സത്തുക്കളെമറിഞ്ഞതാം;
നിനക്കുവേണ്ടിയസ്സത്യം വെടിയായ്കരചൻ രുഷാ- ൧൨
നല്ലതോ തീത്തയോ രാജാവതു ചേർത്തരുൾചെയ്യുകിൽ
ചെയ്യും നീയെങ്കിലെല്ലാം ഞാൻ വേർതിരിച്ചുരചെയ്തിടാം;
രാജാവിൻവചനം നിന്നിൽപ്പാഴാമയ്യോകില്ലയെങ്കിലോ,
ഞാൻ കഥിയ്ക്കുവ;-നിദ്ദേഹം നേരേ നിന്നോടു ചൊല്ലിടാ." ൧൩

കൈകേയിയുടെയീ വാക്കു കേട്ടുഴൽപ്പെട്ടു രാമനും
രാജാവിൻ തിരുമുമ്പാകെവെച്ചുദ്ദേവിയൊടോതിനാൻ:-
"അയ്യോ, കഷ്ടം, കഥിയ്ക്കൊല്ലേ ദേവിയെന്നോടിതിൻവിധം:
തമ്പുരാനരുൾചെയ്താൽ ഞാൻ ചാടുവൻ ചെന്നു തീയിലും; ൧൪
തിന്നുവൻ തീക്ഷ്ണമാം നഞ്ഞും; മുങ്ങുവൻ കടലിങ്കലും,
ഗുരുവച്ഛൻ ഹിതൻ ഭൂപനരുളിച്ചെയ്യുവെങ്കിൽ ഞാൻ!
അതിനാൽദ്ദേവി ചൊന്നാലും; തമ്പുരാൻെറയഭീപ്സിതം
ചെയ്യുന്നേറ്റോതിനേൻ; രാമൻ രണ്ടു വാക്കു പറഞ്ഞിടാ!" ൧൫
ആർജ്ജവം കൂടുമാസ്സത്യവാദിയാം രാമനോടുടൻ
കുടിലാശയ കൈകേയി കൊടുതാം വാക്കു ചൊല്ലിനാൾ:-
"മുന്നം ദേവാസുരപ്പോരിൽ നിന്നച്ഛൻ മമ രാഘവ,
തന്നു രണ്ടു വരം, പീഡ പോക്കി ഞാൻ രക്ഷചെയ്കയാൽ; ൧൬

Digitized By Kerala Sahitya Akademi

ഇരന്നേൻ ഭൂപനോടതിൽബ്ഭരതന്നഭിഷേകവും,
നിനക്കിപ്പൊഴുതേ രാമ, ദണ്ഡകാരണ്യയാത്രയും.
അച്ഛൻെറയും തന്നുടെയും പ്രതിജ്ഞ നിറവേററുവാൻ
ഭാവമുണ്ടെങ്കിൽ, നീയെൻവാക്കിതു കേൾക്ക നരോത്തമ: ൩൪
നില്ക്കുകച്ഛൻെറ ചൊല്ക്കീഴിൽ,ച്ചെയ്യുന്നല്ലോ പ്രതിജ്ഞയെ;
നീ ചെന്നു കാട്ടിൽപ്പാക്കേണമഞ്ചുമൊമ്പതുമാണ്ടുകൾ.
തവാഭിഷേകാത്ഥമൊരുക്കിയതൊട്ടുക്ക കൊണ്ടുതാൻ
ചെയ്യേണം രാഘവ, നൃപൻ ഭരതന്നഭിഷേചനം. ൩൬
ദണ്ഡകാടവിയിൽച്ചെന്നു പാക്കുകിരേഴവത്സരം,
അഭിഷേകമുപേക്ഷിച്ചു മാൻതോൽജ്ജടകൾ പൂണ്ടു നീ.
ഭരതൻ കോസലപുരേ ഭരിയ്ക്കട്ടെ ധരിത്രിയെ,
വിചിത്രരത്നാവൃതയെ, ഗ്ഗജവാജിരഥാഢ്യയെ. ൩൮
ഇതുകൊണ്ടാണു,കമലിഞ്ഞു തഴച്ചാൽ ക്ലിഷ്ടവക്ത്രനായ്
നിൻനേക്കു നോക്കുവാനാളല്ലാതായിത്തീന്നീ നൃപൻ.
ചെയ്ക നീ നരനാഥൻെറയീ വാക്കു രഘുനന്ദന;
കരയേററുക വൻസത്യംകൊണ്ടു രാമ, നരേന്ദ്രനെ.'' ൪൦

ഇവണ്ണമെല്ലാമവളുഗ്രവാക്കു
ചൊല്ലീടവേ മാഴ്കിയതില്ല രാമൻ;
മഹാനുഭാവന്നഴലും ഭവിച്ചീ-
ലി;-ളേശനോ, വെന്തിതു പുത്രദുഃഖാൽ.

—*—

പത്തൊമ്പതാം സർഗ്ഗം: രാമൻെറ വനയാത്രപ്രതിജ്ഞ.

———

മരണം പോലസുഖമാം മൊഴി കേട്ടഴലെന്നിയേ
ചൊന്നാൻ കൈകേയിയോടേവം രാമൻ വിമതശാസനൻ:—
"ആവാം: വനത്തിൽപ്പാക്കാനായ്പ്പോയ്ക്കൊള്ളാമിങ്ങുനിന്നു [ഞാൻ
ജടമാൻതോലുമായ്, രാജപ്രതിജ്ഞ നിറവേററുവാൻ. ൧

Digitized By Kerala Sahitya Akademi

എന്നാലറിഞ്ഞാൽക്കൊള്ളാമി,തെന്താണെന്നെ ക്ഷിതീശ്വരൻ
കൊണ്ടാടാത്തതു ദുഃഖിച്ചൻ മുമ്പത്തെപ്പോലരിന്ദമൻ?
വല്ലായ്മ വേണ്ട ദേവിയ്ക്കും; ചൊല്ലുന്നേൻ തവ മുന്നിൽ ഞാൻ:
പോയ്ക്കൊൾവൻ,ദേവി തോഷിയ്ക്ക,കാട്ടിൽച്ചീരജടാഢ്യനായ് ൪
ഹിതനച്ഛൻ ഗുരു നൃപൻ കൃതജ്ഞനരുൾചെയ്യുകിൽ,
പ്രിയമെന്തൊന്നു മടിയാതനുഷ്ഠിയ്ക്കുകയില്ല ഞാൻ?
എന്നാലൊരൊററയുൾത്താപമുള്ളു ചൊല്ലിപ്പതുണ്ടു മേ:
ചൊല്ലീലല്ലോ നൃപൻ താൻതാൻ ഭരതനാഭിഷേചനം! ൩൮
ഞാനോ, സീതയെയും നാട്ടമിഷ്ടപ്രാണധനങ്ങളും
ഭ്രാതാവാം ഭരതന്നേകും, നീ ചൊന്നാൽത്തന്നെ ഹൃഷ്ടനായ്;
പിന്നെയുണ്ടോ, മനുഷ്യേന്ദ്രനച്ഛൻ താൻതന്നെ ചൊല്ലിയാൽ
ഇവിടത്തെ പ്രിയത്തിനും പ്രതിജ്ഞാപാലനത്തിനും? ൩൯
ആശ്വസിപ്പിയ്ക്കുകിദ്ദേഹത്തിനെ:യെന്താണിതുഴിപൻ
കീഴ്പ്പോട്ടു നോക്കിക്കണ്ണീരു വാർക്കുന്നല്ലോ പതുക്കവേ!
പോകട്ടെ ദൂതരിപ്പോഴേ ശീഘ്രാശ്വഗർ നൃപാജ്ഞയാൽ
അമ്മാത്തുനിന്നു ഭരതൻതന്നെയിങ്ങു വരുത്തുവാൻ. ൪൦
ഇതാ, ദ്രുതം പോവുകയായ് ദണ്ഡകക്കാട്ടിലെയ്ക്കു ഞാൻ
അച്ഛൻെറ ചൊൽ നിനയ്ക്കാതേ, പതിന്നാലാണ്ടു പാർക്കുവാൻ!"
അ രാമനുടെയാ വാക്കു കേട്ടക്കൈകേയി തുഷ്ടയായ്
പുറപ്പാടിലുറപ്പാന്ന് തിടുക്കീ രഘുപുത്രനെ:- ൪൧
"ഇമ്മട്ടാവട്ടെ: പോയ്ക്കൊള്ളും ദൂതർ പായും ഹയങ്ങളാൽ,
അമ്മാത്തുനിന്നു ഭരതൻതന്നെയിങ്ങാനയിയ്ക്കുവാൻ.
എന്നാലയുക്തമായേയ്ക്കാമുഴറും നിൻെറ താമസം;
വേഗത്തിൽപ്പോകണം രാമ,കാട്ടിലെയ്ക്കിങ്ങുനിന്നു നീ. ൪൨
ലജ്ജകൊണ്ടാണു, താൻതന്നേ നിന്നോടോതാത്തതുഴിപൻ;
ഒന്നുമില്ലിതിൽ; നീക്കീടുകീ വല്ലായ്മ നരോത്തമ.
ചെമ്പലോടിപ്പുരം വിട്ടു നീ കാട്ടിൽപ്പോയിടുംവരെ,
നിന്നച്ഛൻ രാമ,നീരാടില്ല,മറേറ്റും കഴിച്ചിടാ." ൪൩

'ഹരി കഷ്ട'മെന്നു നെടുവീർപ്പിട്ടു ശോകനിമഗ്നനായ്
മോഹിച്ചുവീണാൻ നൃപനപ്പൊന്നണിക്കട്ടിലിന്മേൽ.
രാമൻ രാജാവെയെഴുന്നേല്പിച്ചു, കൈകേയി ചൊല്കയാൽ,
തല്ലേറ്റൊരു ഹയം പോലേ വനയാത്രയ്ക്കു വെമ്പിനാൻ. ൧൯
ദുഷ്ടത്തിയുടെയാഘോരഫലമാമപ്രിയോക്തിയെ
കേട്ടിട്ടു രാമൻ മാലെന്യേ കൈകേയിയൊടു ചൊല്ലിനാൻ:-
"അൎത്ഥം കൊതിച്ചു ലോകത്തിൽ വാഴ്വാൻ നോക്കില്ല ദേവി, [ഞാൻ:
ഋഷിതുല്യൻ വെറുംധൎമ്മപരനെന്നറികെന്നെ നീ. ൨൦
ഇദ്ദേഹത്തിന്നു ഞാനാളാം പ്രിയം യാതൊന്നു ചെയ്യുവാൻ,
അതെന്നുയിർ വെടിഞ്ഞിട്ടും തീരെച്ചെയ്തുകഴിഞ്ഞുപോയ്!
ഇല്ലല്ലോ,ധൎമ്മവിധിയൊന്നിതിനെക്കാൾ മികച്ചതായ്:
അച്ഛന്റെ ശുശ്രൂഷയു,മദ്ദേഹത്തിൻ മൊഴി ചെയ്കയും. ൨൧
ഇദ്ദേഹമരുളിച്ചെയ്തീലെന്നാലും, ദേവി ചൊല്കയാൽ
പാൎക്കുവൻ ഞാൻ വിജനമാം കാട്ടിലീരേഴവത്സരം.
നൂനം, കൈകേയി, കാണുന്നീലൊരു നന്മയുമെങ്കൽ നീ;
യാചിച്ചുവല്ലോ നൃപനോ,ടെനിക്കൊരു മഹേശി നീ! ൨൨
ചൊല്ലട്ടെയമ്മയോ,ടാശ്വസിപ്പിച്ചീടട്ടെ സീതയെ;
എന്നിട്ടിന്നേ ഗമിക്കാം വൻദണ്ഡകക്കാട്ടിലേക്കു ഞാൻ.
ഭരതൻ നാടു കാക്കേണം, ശുശ്രൂഷിക്കേണമച്ഛനെ;
അവ്വണ്ണം ചെയ്യുകിവിടുന്ന,തല്ലോ ധൎമ്മമക്ഷയം." ൨൩
രാമന്റെ മൊഴി കേട്ടച്ഛനതിയാം സങ്കടത്തിനാൽ
കണ്ണീരടക്കുവാനാളാകാഞ്ഞുറക്കെക്കരഞ്ഞുപോയ്.
മൂൎച്ഛിച്ച താതന്റെയും, ദുഷ്ട കൈകേയിതന്റെയും
കാൽ വണങ്ങിപ്പുറപ്പെട്ടാൻ കാന്തിയേറിയ രാഘവൻ; ൨൪
അച്ഛൻ കൈകേയിയിവരെ വലവുംവെച്ചു രാഘവൻ
അന്തഃപുരം വിട്ടു പുറത്തെത്തിക്കണ്ടാൻ സ്വമിത്രരെ.
അവന്റെ പിറകേ പോന്നാൻ കണ്ണീർ തിങ്ങിയ കണ്ണുമായ്
ലക്ഷ്മണൻ പെരികെ ക്രുദ്ധൻ സുമിത്രാനന്ദവൎദ്ധനൻ. ൨൫

Digitized By Kerala Sahitya Akademi

അഭിഷേകോപകരണം വലംവെച്ചു പതുക്കവേ,
പോന്നാൻ രാമ,നതിൽക്കണ്ണു വെയ്ക്കാതെ നിരപേക്ഷനായ്
അവന്നു രാജ്യവിഭ്രംശം കെടുത്തീലതുലലക്ഷ്മിയെ,
ശ്രീകൊണ്ടു ലോകപ്രിയനാം ചന്ദ്രന്നാക്ഷയമാം വിധം! ൩൨
രാജ്യത്തെയങ്ങുപേക്ഷിച്ചു കാട്ടിൽപ്പോകാൻ തുടങ്ങവേ,
മനോവികാരം കണ്ടീലാ, ലോകാതീതന്നു പോലവേ!
പള്ളിച്ചാമരവും വെള്ളക്കുടയും നീക്കിയാത്മവാൻ
തേരും തന്നാളുകളെയും പൌരരേയും പിരിച്ചുടൻ, ൩൪
ദുഃഖമുള്ളിലൊതുക്കിക്കൊണ്ടിന്ദ്രിയങ്ങളടക്കിയും
അമ്മതൻ ഭവനം പുക്കാനപ്രിയത്തെക്കഥിയ്ക്കുവാൻ.
ശ്രീമാനായ്സ്സത്യവാക്കായ രാമന്നൊരു വികാരവും
മുഖത്തു കണ്ടീലഴകേറിയ ലോകരിലാരുമേ; ൩൬
വെടിഞ്ഞുമില്ലാ പതിവാം തന്നാറ്റാമം മഹാജനൻ,
കതിർ ചിന്നും ശരച്ചന്ദ്രൻ നിജതേജസ്സു പോലവേ!
ജനത്തെയെല്ലാം മധുരച്ചൊല്ലാൽ മാനിച്ചുകൊണ്ടുതാൻ
അമ്മതന്നരികേ ചെന്നാൻ ധീരൻ രാമനുരുപ്രഥൻ. ൩൮
അവനെപ്പിന്തുടർന്നാൻ മാലടക്കിക്കൊണ്ടു ലക്ഷ്മണൻ,
ഗുണങ്ങളാൽസ്സദൃശനാമനുജൻ പുരുവിക്രമൻ.
    മഹോത്സവം ചേർന്ന ഗൃഹത്തിലെത്തിയി-
    ട്ടനർത്ഥമാ വന്നതു കണ്ട രാഘവൻ
    വെളിപ്പെടുത്തീല വികാരമങ്ങുമേ,
    വിപത്തിലാം ബാന്ധവരെന്ന ശങ്കയാൽ. ൪൦

—*—

## ഇരുപതാം സർഗ്ഗം: കൌസല്യാവിലാപം.

—*—

തൊഴുതപ്പുരുഷവ്യാഘ്രൻ പുറത്തെയ്ക്കെഴുനള്ളവേ
അന്തഃപുരത്തിൽപ്പെണ്ണുങ്ങളാർത്തനാദം മുഴക്കിനാർ:-
'അച്ഛൻ ചൊല്ലാതെ സർവാന്തഃപുരകൃത്യംനടത്തുവോൻ,
താങ്ങും തണലുമാം രാമൻ ദൂരത്തെങ്ങോ ഗമിയ്ക്കയായ്! ൧

Digitized By Kerala Sahitya Akademi

അമ്മ കൌസല്യയോടമ്പിൽപ്പെരുമാറുന്നവണ്ണമേ,
നമ്മോടും പെരുമാറുന്ന ജനനംതൊട്ടു രാഘവൻ.
ശകാരിച്ചാലുമിളയില്ലി,ടയാനിടയാക്കിടാ,
തെളിയിയ്ക്കുമിടഞ്ഞോരെ,യവനെങ്ങോ ഗമിയ്ക്കയായ്! ൨

ഹാ, ബുദ്ധികെട്ട മേയുന്നു ജീവലോകത്തിലീ നൃപൻ:
പോക്കുന്നുവല്ലോ, സർവ്വർക്കുമൊരു താങ്ങായ രാമനെ!'
എന്നാമഹിഷിമാരെല്ലാം, കുട്ടി പോം പൈക്കൾ പോലെയായ്
ഭർത്താവിനെശ്ശകാരിച്ചാ,രാർത്തരകണ്ഠാരുറക്കനെ. ൪

അന്തഃപുരത്തിൽഘോരാർത്തനാദം കേട്ടുധരേശ്വരൻ
പുത്രശോകത്തിലുരുകി,യിരുന്നോടത്തലിഞ്ഞുപോയ്!
മാൽ മുഴുത്താനയെപ്പോലെ നെടുവീർപ്പിട്ടു രാമനും
ഭ്രാതാവൊത്തമ്മതന്നന്തഃപുരം പുക്കാൻ ജിതേന്ദ്രിയൻ. ൬

അങ്ങു കാണായവന്നേ,ററം മാനിതൻ വൃദ്ധനാമൊരാൾ
ഇരിപ്പതു ഗൃഹദ്വാരേ, വേറെയും പലർ വാഴ്പതും;
കാകുത്സ്ഥനെക്കണ്ടു പിടഞ്ഞെഴുന്നേററവരേവരും
ജയാശിസ്സാൽ പ്രശംസിച്ചാർ ജയിപ്പൂണ്ണായ രാമനെ. ൮

ഒന്നാം കെട്ടു കടന്നിട്ടു രണ്ടാമത്തതിലങ്ങവൻ
കണ്ടു നരേന്ദ്രാർച്ചിതരാം വേദജ്ഞദ്വിജവൃദ്ധരെ.
ആ വിപ്രരെപ്പണിഞ്ഞിട്ടു, കണ്ടാൻ മൂന്നാമതിന്നകം
കാവല്ക്കാരികളാം വൃദ്ധബാലസ്ത്രീകളെ രാഘവൻ. ൧൦

സഹർഷമായ്ജ്ജയം ചൊല്ലിഗ്ഗേഹം പുക്കാ വധൂടിമാർ
തിടുക്കം പൂണ്ടുണർത്തിച്ചു രാമാംബികയൊടീ പ്രിയം.
രാവിങ്കൽ നോൽമ്പുമാസ്ഥാണ കൌസല്യാദേവിയോ, തദാ
കാലത്തുണ്ണിയ്ക്കു നന്മയ്ക്കായ്ച്ചെയ്കയാണച്യുതാർച്ചനം: ൧൨

വെണ്പട്ടുടുത്തുള്ള കളിത്തേന്നും സുവ്രതയാമവൾ
ഹോമം കഴിയ്ക്കയാണപ്പോൾസ്സമന്ത്രം കൃതമംഗളം.
അമ്മതൻ പുണ്യമാമന്തഃപുരമുൾപ്പുക്കു രാമനും
കണ്ടാനങ്ങഗ്നിഹവനം ചെയ്യിച്ചരുളുമമ്മയെ. ൧൪

Digitized By Kerala Sahitya Akademi

ദൎശിച്ചാനവിടെദ്ദേവപൂജയ്ക്കായ്ച്ചട്ടംകെട്ടിയതും:
തയിരക്ഷതവും നെയ്യും കൊഴുക്കട്ട ഹവിസ്സുകൾ
വെള്ളമാല്യങ്ങൾ മലരുമെള്ളിൻചോറഥ പായസം
പൂൎണ്ണകുംഭങ്ങൾ ചമത കണ്ടാനിവ കകുത്സഫജൻ. ൯
കണ്ടാൻ, തണ്ണീരിനാൽദ്ദേവതൎപ്പണം ചെയ്തിടുന്നതും
വെണ്പട്ടുടുത്തു നോൽമ്പാലേ ചടച്ചാദ്ദേവവൎണ്ണിനി.
വന്നതായ്ക്കണ്ടവൾ ചിരാൽ മാതൃനന്ദനനുണ്ണിയെ,
കുട്ടിയെപ്പെൺകുതിരപോലെതിരേററാൾ സഹൎഷയായ്. ൧൦
എതിരേററിട്ട മാതാവാപ്പുണിഞ്ഞ രഘുപുത്രനെ
പുണൎന്നാളിരുകൈകൊണ്ടും; മുകൎന്നാളഥ മൌലിയിൽ.
ഋദ്ധഹൎഷനായ്ത്തന്മകനാമാ രാഘവനൊടോതിനാൾ
കൌസല്യ പുത്രവാത്സല്യാലേവം പ്രിയഹിതോക്തിയെ:- ൧൧
'ധൎമ്മിഷ്ഠരാകും പെരിയ വൃദ്ധരാജൎഷിമാരുടെ
ആയുസ്സും കീൎത്തിയും വംശധൎമ്മവും നേടുകിങ്ങു നീ!
സത്യപ്രതിജ്ഞനാണച്ഛനി;-നതാൻ നിന്നെ രാഘവ,
യൌവരാജ്യത്തിൽ വാഴിയ്ക്കുമല്ലോ ധാൎമ്മികനാ നൃപൻ.' ൧൨
ഉണ്ണാൻ വിളിച്ചപ്പൊളി,രിപ്പാനായ് വെച്ചതു തൊട്ടടൻ
അമ്മയോടൊട്ടു ലജ്ജിച്ചു ചൊന്നാൻ തൊഴുതു രാഘവൻ;
സ്വതേ വണക്കമുള്ളോനങ്ങാസ്ഥയാലും കുനിഞ്ഞവൻ
ദണ്ഡകയ്ക്കു പുറപ്പെട്ടോൻ വിടവാങ്ങാനൊരുങ്ങിനാൻ:- ൧൩
"ദേവി നൂനമറിഞ്ഞിട്ടില്ലത്യാഹിതസമാഗമം;
ഇതു ദുഃഖദമങ്ങയ്ക്കും സീതയ്ക്കും ലക്ഷ്മണന്നുമേ:
പോകുന്നേൻ ദണ്ഡകക്കാട്ടിലെ,ന്തിന്നീയാസനം;മമ?
വിഷ്ടരത്തിലിരിയ്ക്കേണ്ടും കാലം വന്നിതെനിയ്ക്കിതാ! ൧൪
ഈരേഴാണ്ടു മുനിയ്ക്കൊപ്പം നിൎജ്ജനക്കാട്ടിൽ വാഴണം,
വെച്ച മാംസമുപേക്ഷിച്ചു കായ്കിഴങ്ങുകൾ തിന്നു ഞാൻ.
ഭരതന്നാണു നല്കുന്നതിളമപ്പട്ടമൂഴിപൻ;
എന്നെയോ, താപസത്വം ചേൎത്തയപ്പൂ ദണ്ഡകാവനേ. ൧൫

Digitized By Kerala Sahitya Akademi

ഒരാറുമെട്ടും വഷം ഞാൻ നിജ്ജനക്കാട്ടിൽ വാഴുവൻ
വന്യങ്ങളും പരിശീലിച്ചു ഫലമൂലപ്പൊറുപ്പുമായ്."
മഴവാൽ വെട്ടിയ വനദ്രുമത്തിൻ കൊമ്പുപോലുടൻ
വീണുപോയ് ദേവി, വാനം വിട്ടോരു ദേവത പോലവേ. ൩൨

ദുഃഖാഹയല്ലാത്തവളെ വാഴയെപ്പോലെ വീണതായ്
കണ്ടു രാമനെണീപ്പിച്ചാൻ, തൻെറ കെട്ട തായയെ;
ഭാരമേററിത്തളന്നശ്വപ്പെണ്ണുരുണ്ടേററതിൻ വിധം
മേലങ്ങാം പൊടി പൂണ്ടോളെക്കയ്യുകൊണ്ടു തലോടിനാൻ. ൩൪

ദാരേ സേവുന്ന പുരുഷവ്യാഘ്രനാം രാമനോടവരം
ലൊന്നുള്ളാ ലക്ഷ്മണൻ കേൾക്കെ,സ്സുഖാഹയസുഖാത്മയായ്:-
"മന്നഴപ്പോയി നീയുണ്ണീ, പിറന്നിലെന്നിരിയ്ക്കുകിൽ,
രാമ,കാണാതിരുന്നേനേ മഹാദുഃഖത്തെ മച്ചി ഞാൻ! ൩൬

പെറാത്തവൾക്കകത്താരിലൊരൊററദുഃഖമേ പെട്ടു:
ഇല്ല പൈതലെനിയ്ക്കെന്നൊന്നു,ണ്ണീ,മററില്ല സങ്കടം.
ഭത്താവിൻ പ്രീതിയാൽ മുൻകാണാത്ത സമ്പത്തു സൌഖ്യവും
പുത്രനാലെങ്കിലും കാണാ,മെന്നിരുന്നിതു രാമ,ഞാൻ; ൩൮

എന്നിട്ടുയന്ന ഞാൻ, താന്ന നെഞ്ചു കീറും സപത്നിമാർ
ചൊല്ലും പരുഷവാക്യങ്ങളേറെക്കേൾക്കേണ്ടിവന്നുപോയ്!
പെണ്ണുങ്ങൾക്കിതിലും മീതേ ദണ്ഡമെന്തുള്ളു നേരിടാൻ?
ഇതുയെന്നില്ല,ററമേറെറാന്നീയെൻ മാലും വിലാപവും! ർ൦

നീയുള്ളപ്പൊഴുമീവണ്ണം മോശസ്ഥിതിയിലായി ഞാൻ;
എന്തിനിപ്പോയ്ക്കഴിഞ്ഞാലെന്നോമനേ? ചാകതാൻ മമ!
ഭത്താവെന്നുമിടിച്ചെന്നെത്തുലോം നിസ്സാരയാക്കിനാൻ:
കൈകേയീദാസിമാക്കൊപ്പ,മല്ലെങ്കിൽത്താഴെയായി ഞാൻ! ർ൨

എന്നെസ്സേവിയ്ക്കുയോ കീഴിൽ നില്ക്കുയോ ചെയ്യിടുന്നവർ
കൈകേയീപുത്രനെപ്പാത്തിട്ടൊന്നും മിണ്ടാതെയാകുമേ!
പണ്ടേ ശുണ്ഠിവശാൽ ക്രൂരം ചൊല്ലുമക്കൈകേയീമുഖം
കാണമാനെങ്ങിനെയാളാകും മകനേ, ഗതി കെട്ട ഞാൻ? ർർ

Digitized By Kerala Sahitya Akademi

ഭവാൻ പിറന്നതിൽപ്പിന്നെപ്പതിനേഴാണ്ടു രാഘവ,
കഴിച്ചുകൂട്ടിനേൻ, ദുഃഖക്ഷയം കാംക്ഷിച്ചുകൊണ്ടു ഞാൻ.
തിരാതുള്ളാപ്പെരുംദുഃഖമേററനാൾ താങ്ങുകില്ല ഞാൻ,
സപത്നിമുഷ്ടമിവണ്ണം രാമ, വാർദ്ധക്യമേല്ക്കിലും. ൪൩
മുഴുതിങ്കൾപ്രഭ പെരും നിന്മുഖം കണ്ടിടാതെ ഞാൻ
പാവമാ,യാവതില്ലാതെ,യ്യണ്ണം ജീവിച്ചിരുന്നിടും?
ധ്യാനങ്ങളുപവാസങ്ങൾ നാനാവ്രതമിവററിനാൽ
ഞെരുങ്ങിപ്പോററിനേൻ നിന്നെ, വെറുതേ ഭാഗ്യഹീന ഞാൻ! ൪൪
വർഷത്തിൽപ്പുതുനീരേററിട്ടാററിൻ വക്കെന്നപോലവേ
വിണ്ടുപോകുന്നതില്ലല്ലോ എൻെറ നെഞ്ചി,തികക്കശം!

എനിയ്ക്കു നൂനം മൃതിയെന്നതില്ലി,ടം
കിടപ്പുമില്ലന്തകമന്ദിരത്തിൽ മേ:
മൃഗാരി കേഴും മൃഗിയെക്കണക്കു, കൊൾ-
വതില്ലയല്ലോ യമനിന്നു മാം ബലാൽ! ൫൦

ഇരിമ്പുതാനെൻെറ കടുത്ത ചിത്തവും
ശരീരവും: ദുഃഖമിവണ്ണമേല്ക്കയാൽ
പിളന്നിടുന്നില്ല,തകന്നിടുന്നുമി-
ല്ലിതി; ങ്ങകാലേ മരണം വരാ ദൃഢം!

ഇതാണു ദുഃഖം: വെറുതേചമഞ്ഞിതെൻ-
വ്രതങ്ങൾ ദാനങ്ങൾ സമാധിയോഗവും;
സുതാർത്ഥമായ്ച്ചെയ്ത തപസ്സു,മൂഷരേ
വിതച്ച വിത്തെന്നതുപോലെ പാഴിലായ്! ൫൨

കനത്ത മാൽകൊണ്ടുഴലുമ്പൊളിച്ഛപോ-
ലൊരാൾക്കകാലേ മൃതി ലഭ്യമെങ്കിലോ,
യമാലയം പൂകിടുമായിരുന്നു, കു-
ഞ്ഞു കന്നു പൈ പോലി,ഹ നീ പിരിഞ്ഞ ഞാൻ!

ഇവണ്ണമാണെങ്കിലുമെൻ കുജീവിതം
വൃഥാവിൽ, നീയെന്നിയെയിന്ദുവക്ത്രനേ;
കനിഞ്ഞു നീയൊത്തടവിയ്ക്കു പോരുവാൻ,
കിടാവൊടൊപ്പം പശു പോലുധീര ഞാൻ. ൫൪

Digitized By Kerala Sahitya Akademi

ട്ടശമവരം വിലപിച്ചു, താങ്ങിടാ-
ത്തഴലൊടു രാമനെ നോക്കി മേല്ക്കുമേൽ
വലിയ വിനയതോത്തു, സംയതാ-
ത്മജയൊരു കിന്നരനാരി പോലവേ. ൩൩

---

## ഇരുപത്തൊന്നാം സർഗ്ഗം: കൌസല്യാശ്വാസനം.

---

രാമൻെറയമ്മ കൌസല്യയാവിധം വിലപിയ്ക്കവേ,
ദീനനാം ലക്ഷ്മണൻ ചൊന്നാൻ തൽകാലോചിതമാംവിധം:-
"രുചിയ്ക്കുന്നില്ലെനിയ്ക്കും, പെൺചൊല്ലിൻകീഴ്പ്പെട്ടു രാഘവൻ
രാജ്യശ്രീയെയുപേക്ഷിച്ചു കാട്ടിൽപ്പോകുവതംബികേ. ൨.
വിധം പകന്ന കിഴവൻ വിഷയാക്രാന്തനൃഴിപൻ
നിർബന്ധമററാലെന്തൊന്നു ചൊല്ലുകില്ലതികാമുകൻ?
ഈ രാഘവന്നു കററം ഞാൻ കാണ്മീല,തൃയ്ക്കു ദോഷവും,
കാട്ടിൽപ്പാപ്പതിനായ് നാട്ടിൽനിന്നു തള്ളിയയയ്ക്കുവാൻ! ൪
പാരിൽക്കാണ്മീല, രിപുവെന്നാലും,ധിക്കൃതനാകിലും,
കേരംക്കാതെകണ്ടുമിവനിൽദ്രോഷം ചൊല്ലുമൊരാളെ ഞാൻ.
ജ്ജു ദാന്തൻ ദേവകല്പൻ മാററാക്കും പ്രിയനണ്ണിയെ
ധമ്മം നിനച്ചീടുമെവൻ വെടിയും ഹേതുവെന്നിയേ? ൬
വീണ്ടുമേ ബാലനായ്ത്തീന്ന രാജാവിന്നുടെയീ മൊഴി,
രാജധമ്മത്തെയോക്കുന്നൊരേതുണ്ണി വകവെച്ചിടും?
ആരാനുമിക്കായ്യമറിഞ്ഞീടുന്നതിനു മുമ്പുതാൻ,
എന്നോടുകൂടിത്തങ്കീഴിലാക്കിക്കൊള്ളുക നാടു നീ. ൮
വില്ലേടുത്തരികത്തായ് ഞാൻ കാക്കമങ്ങയ്ക്കു രാഘവ,
മിഴുത നടപ്പാനാരാളാം, നില്ക്കും കാലനുപോലവേ?
ആളററതാക്കിവെപ്പൻ ഞാൻ ക്രൂരമ്പാലേ നരഷഭ,
ഈയയോധ്യയെ മുച്ചൂടും, വേണ്ടാത്തതിനു നില്ക്കുകിൽ! ൧൦
ഭരതന്നാരുവാൻ പക്ഷി,ലവന്നാരിതമോപ്പുതും,
അവരെറയെല്ലാം കൊൽവൻ ഞാൻ: മൃദുവായാലിളപ്പേടാ!

Digitized By Kerala Sahitya Akademi

കൈകേയിതൻ പ്രേരണയാൽദ്ദുഷിച്ചസ്മൽപിതാവിവൻ
ശത്രുവാകിൽ, മടിയ്ക്കാതെ കൊല്ലാം, തടവിലാക്കിടാം: ൧൨
ഗുരുവാണെങ്കിലും, കാൎയ്യാകാൎയ്യമോരാതെ ഗർവിനാൽ
മൎയ്യാദക്കേടു കാണിച്ചാൽശ്ശാസിച്ചീടേണ്ടതാവശ്യകം.
എന്തു കാരണമോ കെല്പോ പിടിച്ചാണു നരർഷഭ,
കൈകേയിയ്ക്കേകുവാനോർപ്പൂ,തീയങ്ങയ്ക്കുള്ള നാടിവൻ? ൧൪
വൻവൈരം നിന്നോടെന്നോടും പൂണ്ടിട്ടു രിപുനാശന,
ലക്ഷ്മിയെബ്ഭരതന്നേകാനെന്തുണ്ടിവനു വൈഭവം?
നേരായ് ഭ്രാതാവിനോടുള്ളിൽക്കൂറാണ്ടോനാണു ദേവി ഞാൻ;
വില്ലാൽസ്സത്യേഷ്ടദാനങ്ങളാലുമിങ്ങാണയിട്ടിടാം! ൧൬
രാമ,നാളിന ചെന്തീയോ കാടോ പൂകുന്നതാകിലും,
മുന്കൂട്ടിയങ്ങു പൂകും ഞാനെന്നുറയ്ക്കുക ദേവി, നീ!
വീൎയ്യത്താൽപ്പോക്കുവൻ നിന്മാലിരുൾ സൂൎയ്യൻ കണക്കു ഞാൻ:
കണ്ടാലും ദേവിയെൻവീൎയ്യം; കണ്ടുകൊള്ളട്ടെ രാമനും!" ൧൮

മഹാത്മാവായ സൌമിത്രിയുടെ വാക്കിതു കേൾക്കയാൽ
കൌസല്യ രാമനോടോതി കേണുംകൊണ്ടഴലേറിയോൾ:-
"കേട്ടല്ലോ, നിന്നനുജനാം ലക്ഷ്മണൻ ചൊന്നതുണ്ണി, നീ:
ഇനിച്ചെയ്യേണ്ടിതിവിടെച്ചെയ്ക, സമ്മതമെങ്കിൽ നീ. ൨൦
മത്സപത്നീകഥിതമാമധൎമ്മ്യമൊഴി കേൾക്കയാൽ!
മാലാളുമെന്നെക്കൈവിട്ടു പോകൊല്ലിവിടെനിന്നു നീ.
ധൎമ്മജ്ഞ, ധൎമ്മി നീ ധൎമ്മം ചെയ്യാനിച്ഛിപ്പുവെങ്കിലോ,
ശുശ്രൂഷിയ്ക്കിങ്ങു പാൎത്തെന്നെ;ച്ചെയ്ക ധൎമ്മമനുത്തമം. ൨൨
പതിവായ് സ്വഗൃഹേ പാൎത്തു മാതൃശുശ്രൂഷചെയ്കയാൽ,
വന്തപം നേടി വിൺ പുക്കാനല്ലോ നന്ദന, കാശ്യപൻ.
രാജാവിന്നൊപ്പമേ ഞാനും ഗുരുതയാൽപ്പൂജ്യയാണു തേ:
നിനക്കു വിട നല്കാ ഞാൻ; പോകേണ്ടാ കാട്ടിലേയ്ക്കു നീ. ൨൪
നീ വേർപിരിഞ്ഞാൽസ്സുഖവും മമ ജീവിതവും വൃഥാ;
ശ്രേയസ്സെ,നിയ്ക്കു നിന്നോടുകൂടവേ പുല്ലു തിന്മതും!



Digitized By Kerala Sahitya Akademi

മാലേറുമെന്നെക്കൈവിട്ടു നീ കാട്ടിൽപ്പോകയെങ്കിലോ,
ചെയ്യും പ്രായോപവേശം ഞാൻ; ജീവിപ്പാൻ ശക്തയാസ്മരാ.
അതിനാലുണ്ണി പാരിൽപ്പേരാളും നരകമാണ്ടുപോം,
സരിൽപതിയധർമ്മത്താൽ ബ്രഹ്മഹത്യ കണക്കിനെ!"

അവ്വണ്ണമമ്മ കൌസല്യ ദീനയായ് വിലപിയ്ക്കവേ,
ധർമ്മതൽപരനാം രാമൻ ധർമ്മ്യമാം മൊഴി ചൊല്ലിനാൻ:- ൨൯
"ആവതില്ലിവനച്ഛന്റെ വാക്കു തട്ടി നടക്കുവാൻ;
കുമ്പിട്ടു കനിയിയ്ക്കുന്നേൻ: പോകട്ടേ കാട്ടിലെയ്ക്കു ഞാൻ.
വ്രതം ചരിയ്ക്കും ധർമ്മജ്ഞൻ വിദ്വാൻ കണ്ഡുമഹർഷിയും
പശുവിനെക്കൊല്ലുകയുണ്ടായി, പിതാവിൻ മൊഴി ചെയ്യുവാൻ. ൩൦
നമ്മൾവംശത്തിലും പണ്ടു, സഗരൻ ഗുരു ചൊല്ലുകയാൽ
നിലം കുഴിച്ചു വമ്പിച്ച കൊലയേററിതു സാഗരർ;
ജമദഗ്നിസുതൻ രാമ,നമ്മ രേണുകയെ സ്വയം
വെട്ടീ കോടാലിയാൽക്കാട്ടി,ലച്ഛന്റെ മൊഴി ചെയ്യുവാൻ. ൩൨
"ഇവരും മററു പലരു,മച്ഛൻ ചൊന്നതനാകുലം
ചെയ്തല്ലോ ദേവി, ദേവാഭർ, ചെയ്തനച്ഛന്നു ഞാൻ ഹിതം.
ഈവിധം ഞാനൊരാളല്ലാ ചെയ്യുതച്ഛന്റെ ശാസനം;
ചെയ്തിരിയ്ക്കുന്നു, ഞാനിപ്പോൾദ്ദേവിയോടോതിയോതുമേ. ൩൪
അമ്മയ്ക്കനിഷ്ടമായ്പ്പുത്തൻ ധർമ്മത്തെച്ചെയ്കയല്ല ഞാൻ;
പൂർവ്വന്മാരാസ്ഥയാ പോയവഴിയിൽപ്പിന്നാക്കയും.
അതിനാലിതു ചെയ്യേണ്ടു,തന്യഥാ ചെയ്കയില്ല ഞാൻ:
ഇടിവാക്കും വരില്ലല്ലോ, താതൻ ചൊന്നതു ചെയ്യുകിൽ." ൩൫

എന്നമ്മയോടുരച്ചിട്ടു ചൊന്നാൻ ലക്ഷ്മണനോടുമേ
ചൊൽവോരിലുത്തമൻ, വില്ലരെല്ലാവരിലുമുത്തമൻ:-
"അറിവേൻ ലക്ഷ്മണ, നിനക്കെന്നെക്കുറിച്ചുള്ളതിമൈത്രിയും,
ദുദ്ധർഷമായ തേജസ്സും, വീര്യവും,നെഞ്ഞുറപ്പുമേ. ൩൬
എന്നമ്മയ്ക്കതിരേററൊരു വൻദുഃഖം ശുഭലക്ഷ്മണ,
നാത്ഥ്യം ശമമിവയ്ക്കുള്ള സത്തോരായ്ക്കനിമിത്തമാം

Digitized By Kerala Sahitya Akademi

ധർമ്മം പാരിൽ മികച്ചൊന്നു; ധർമ്മേ നില്ക്കുന്നു സത്യവും;
ധർമ്മം ചേർന്നതുമാണെ,ച്ഛൻതന്റെയി ശ്രേഷ്ഠഭാഷിതം. ൪൦

ഏറ്റിട്ട,ച്ഛന്റെയും മാതാവിന്റെയും ബ്രാഹ്മണന്റെയും
വചനം പാഴിലാക്കൊല്ലാ വീര, ധർമ്മത്തിൽ നില്പവൻ.
അതിനാൽ വീര, ഞാനാല്ലച്ഛൻതന്നാജ്ഞ തട്ടുവാൻ:
അച്ഛന്റെയരുളാലല്ലോ ചൊന്നതെന്നോടു കൈകയി. ൪൨

അതിനാൽ ക്ഷത്രിയക്കൊത്ത ദുർബ്ബുദ്ധിയിതു കൈവിട്ടു;
ധർമ്മം കൊൾക, കടുപ്പം വേണ്ട,നുവർത്തിയ്ക്കുകെന്മതം."
എന്നസ്സഹജനോടോതിസ്സസ്നേഹം ലക്ഷ്മണാഗ്രജൻ
വീണ്ടും കൌസല്യയോടുടനെ വണങ്ങിത്തൊഴുതോതിനാൻ:- ൪൪

"വിട നല്കേണമമ്മേ ദേവി, കാട്ടിൽപ്പോകാനെനിയ്ക്കു നീ;
സത്യമെൻ ജീവിതത്താണേ! ചെയ്ക സ്വസ്ത്യയനങ്ങൾ മേ.'
പ്രതിജ്ഞ സാധിച്ചു വനാൽത്തിരിച്ചെത്തും പുരത്തിൽ ഞാൻ,
മുന്നം യയാതിരാജർഷി പിന്നെയും വിണ്ണിലാംവിധം. ൪൬

ദുഃഖമമ്മേ, ശരിയ്ക്കുള്ളിൽവെച്ചൊതുക്കുക, മാഴ്കൊലാ:
താതോക്തി ചെയ്തിങ്ങു തിരിച്ചെത്തുമേ കാട്ടിൽനിന്നു ഞാൻ.
അങ്ങും ലക്ഷ്മണനും ഞാനും സുമിത്രയഥ സീതയും
അച്ഛന്റെ ചൊല്ലിൽ നില്ക്കേണം;-മിതല്ലോ ധർമ്മമക്ഷയം. ൪൮

വട്ടങ്ങൾ നിർത്തിവെച്ചമ്മേ, ദുഃഖമുള്ളിലടക്കി നീ
അനുവർത്തിയ്ക്കു, ധർമ്മ്യം മേ വനവാസവിനിശ്ചയം."
അവന്റെയീധീരസുധർമ്മ്യമായ
ദൃഢോക്തി കേട്ടിട്ടു മരിച്ചപോലായ്,
മാതാവു വീണ്ടും വെളിവാന്നു ദേവി
ചൊല്ലീടിനാൾ രാമനെ നോക്കിയേവം:- ൫൦

"സ്വധർമ്മവും സ്നേഹവുമോർക്കിലുണ്ണി,
താതോപമം നിൻ ഗുരുവാണു ഞാനും;
തരില്ല ഞാൻ തേ വിട: മാഴ്കുമെന്നെ-
യ്ക്കൈവിട്ടു പോയ്പ്പോകരുതീവിധം നീ.

Digitized By Kerala Sahitya Akademi

നീ പോകിലെന്തിന്നിഹ ജീവിതം മേ?
സ്വധാമൃതം ലോകവുമെന്തിനോർത്താൽ?
ഇങ്ങൊട്ടുനേരം തവ ചേർച്ച് സർവ-
ലോകത്തിനെക്കാളുമെനിയ്ക്കു ഭവ്യം!'' ൫൨

തീക്കൊള്ളിയാലാളുകൾ പോന്നുകത്തും
മാർഗ്ഗസ്ഥമാം വൻഗജമെന്നപോലെ
വീണ്ടും ജ്വലിച്ചാൻ, ജനനീവിലാപം
സ്വദീനമിമ്മാതിരി കേട്ട രാമൻ.
വിസംജ്ഞപോലായ സവിത്രിയോടും
താപാർത്തനാം ലക്ഷ്മണനോടുമേവം
ധർമ്മസ്ഥിതൻ ധർമ്മ്യവചസ്സുരച്ചാ-
ന, തിങ്കലീമട്ടവനേ കഥിയ്ക്കു:– ൫൩
"എന്നെന്നുമേ ലക്ഷ്മണ, ഞാനറിഞ്ഞി-
ട്ടുണ്ടിങ്ങു നിൻഭക്തിപരാക്രമങ്ങൾ;
നീയമ്മയൊത്തെന്മതമത്ര നോക്കാ-
ത,ഴല്പെട്ടന്നൊന്നെ വലയ്ക്കുയത്രേ!
ധർമ്മാർത്ഥകാമങ്ങളിലൂടെയല്ലോ
പാരിൽസ്സുഖം വന്നണയുന്നു കുഞ്ഞേ;
ആ മൂന്നിനേയും തരുമൊന്നു ധർമ്മം,
സുപുത്ര വശ്യ പ്രിയ ഭാര്യ പോലെ. ൫൪

എല്ലാമിണങ്ങാത്തതു ചെയ്ക്കരുതാ;
ധർമ്മം ഭവിയ്ക്കുന്നതു ചെയ്തിടേണം:
ദ്വേഷ്യാർഹനാമർത്ഥപരൻ ജഗത്തിൽ;-
ക്കാമൈകതാനത്വവുമപ്രശസ്തം.

ധരാധിനാഥൻ ഗുരു വൃദ്ധനച്ഛൻ,
കോപിച്ചു, ഹർഷിച്ചു,ഹ കാമമാണോ,
കല്പിച്ച കാര്യത്തെയദുഷ്ടനേവൻ
ധർമ്മം നിരൂപിച്ചിഹ ചെയ്യുകില്ലാ? ൫൫

Digitized By Kerala Sahitya Akademi

ആട്ടല്ല ഞാനീ; ഗുരുവിൻപ്രതിജ്ഞ
ശരിയ്ക്കു കണ്ടെത്ത, നിറവേററിടായ്വാൻ:
അവൻ നിയോക്താവിതുപേർക്കും ഞങ്ങൾ
ക്കു;-മ്മയ്ക്കു പിന്നെപ്പതി, താങ്ങ, ധർമ്മം!
അധർമ്മരാജാവു, വിശേഷ്യ തന്റെ
മാർഗ്ഗത്തിൽ നില്പോന്നയിർ പൂണ്ടിരിയ്ക്കെ,
ഇതിങ്കൽനിന്നെങ്ങിനെ ദേവി പോരു-
മെന്നൊപ്പ,മേതോ വിധവയ്ക്കു തുല്യം?
എന്നാൽത്തരു മേ വിട കാട്ടു പൂകാൻ;
ഞങ്ങൾക്കു നേരു ഭവികങ്ങൾ ദേവി,
പ്രതാവധയ ഞാനിഹ, നേരുകൊണ്ടു
യയാതി പോലേ തിരിയേ വരാനായ്.
ദ്വന്ദം, വെറുംനാടിനുവേണ്ടി മേത്തരം
യശസ്സു പിന്തള്ളുക വയ്യ ദേവി, മേ
ചുരുങ്ങുമായുസ്സിനിടയ്ക്കു,ധർമ്മമായ്
ലഭിയ്ക്കുവേണ്ടാ മമ തുച്ഛമന്നിടം!"
പരാക്രമാൽ വനഗതി താനുറയ്ക്കയാൽ,
സ്സവിത്രിതൻ കരരം തെളിയിച്ചു, തന്മതം
കനിഷ്ഠനെ സ്വയമറിയിച്ചു, ചേതസാ
വലത്തുവെച്ചിതു നരസിംഹനമ്മയെ.

---

ഇരുപത്തിരണ്ടാം സർഗ്ഗം: ലക്ഷ്മണാശ്വാസനം.

—*—

പിമ്പാമാലാൽ വശംകെട്ടു,മേറിവന്ന പൊറായ്കയാൽ
നാഗേന്ദ്രൻ പോലെ വീർപ്പിട്ടും, ക്രോധത്താൽക്കൺ വിടർത്തിയും
നില്ക്കും പ്രിയസഖഭ്രാതൃസൌമിത്രിയൊടടുത്തുടൻ
ധൈര്യത്താലുള്ളുറപ്പിച്ചു ചൊല്ലിനാൻ രാമനാത്മവാൻ:-
"തികച്ചും ധൈര്യമുൾക്കൊണ്ടു കോപതാപമടക്കി നീ
അവമാനമിതെണ്ണാതെ പെരികെപ്പരിതുഷ്ടനായ്,

Digitized By Kerala Sahitya Akademi

ഇന്നൊന്നെൻറയഭിഷേകത്തിന്നൊരുക്കപ്പെട്ടതൊക്കയും
നിൎത്തിവെപ്പിയ്ക്കു വേഗത്തിൽ;-ചെയ്ക കേടററ കാൎയ്യമേ. ൪

യാതൊന്നാണോ മദീയാഭിഷേകസംഭാരസംഭ്രമം,
അഭിഷേകത്തെ നിൎത്താനാവുകൎസ്സംഭാരസംഭ്രമം!
എവരാംകന്നെഭിഷേകത്തിലേക്കാവു മുടുന്നുവോ,
അയെന്നമ്മയ്ക്കു സന്ദേഹം തോന്നാത്തപടി ചെയ്ക നീ. ൬

ശങ്കാദുഃഖമവൎക്കുള്ളിലുണ്ടായാ,ലത്തു ലക്ഷ്മണ,
തീൎത്തിരിപ്പാനാളാകയില്ല ഞാൻ കാണിനേരവും.
അറിഞ്ഞോ അറിയാതെയോ വല്ലപ്പോഴുമെരപ്രിയം
മാതാക്കൾക്കോ പിതാവിന്നോ ചെയ്തതായോൎത്തില്ല ഞാൻ. ൮

സത്യപ്രതിജ്ഞൻ സത്യോക്തി നിത്യം സത്യപരാക്രമൻ,
പരലോകഭയാവിഷ്ടനാകട്ടെ ജനകൻ മമ.
സത്യമില്ലെന്നൊരുൾത്താപ,മിക്കൎമ്മം നിൎത്തിടായ്കിലോ
അച്ഛനുണ്ടാം;-അതാപമുത്തപിപ്പിയ്ക്കുമെന്നെയും. ൧൦

അതിനാലഭിഷേകത്തിന്നൊരുക്കം നിൎത്തി ലക്ഷ്മണ,
ഉടൻതാനിപ്പുരം വിട്ടു കാട്ടിൽപ്പോകാൻ നിനപ്പു ഞാൻ.
എൻനാട്ടുവിടലാലിന്നു നൃപപുത്രി കൃതാൎത്ഥയായ്
ഇണ്ടൽ വിട്ടുണ്ണി ഭരതന്നഭിഷേകം കഴിയ്ക്കണം. ൧൨

ഞാൻ മാന്തോൽ ചീരവും പൂണ്ടു ജടാമണ്ഡലധാരിയായ്
കാട്ടിൽപ്പോയെങ്കിലേ,സ്വാസ്ഥ്യം കൈകേയിയ്ക്കുളവാകൂ.
ഇത്തിപ്പു ചെയ്കക്കാമ്പുമുറപ്പിച്ച ജനത്തിനെ
കഷ്ടപ്പെടുത്താൻ പാടില്ലാ; വെക്കം നാടു വിടുന്നു ഞാൻ. ൧൪

ദൈവംതാൻ ഹേതു, മമ ദേശാന്തരയാത്രയ്ക്കു ലക്ഷ്മണ,
തന്നതാം നാടഥ തിരിച്ചേടുക്കപ്പെട്ടതിന്നുമേ.
ദേവിയ്ക്കീയാശയം ദൈവകൃതമല്ലെന്നിരിയ്ക്കുകിൽ,
തോന്നുമെങ്ങിനെ കൈകേയിയ്ക്കെന്നെപ്പീഡപ്പെടുത്തുവാൻ? ൧൬

സൌമ്യ, നീയറിവോനല്ലോ: ഭേദമില്ലമ്മമാരിൽ മേ;
മുമ്പില്ലവൎക്കും വ്യത്യാസമെങ്കലും തനയങ്കലും.

Digitized By Kerala Sahitya Akademi

അതിനാലഭിഷേകം നിൎത്താനും പോക്കാനുമായവൾ
ക്രൂരദൃഷ്ടാക്കോതിയതു ദൈവാൽത്താനെന്നു കാണ്മു ഞാൻ. ൯
സുശീല താദൃശ്യയാം രാജ്ഞി ഭൎത്താവൊടോതുമോ
എന്നെക്കഷ്ടപ്പെടുത്തിടാ,നൊരു മൂഢതി പോലവേ?
അചിന്തനീയമദ്ദൈവമെങ്ങുമേ തടയപ്പെടാ:
വന്നല്ലോ വെളിവായ് മാററമായവൾക്കുമെനിയ്ക്കുമേ. ൧൦
ആരാളാവുന്നു സൌമിത്രേ, ദൈവത്തിനൊടു മല്ലിടാൻ:
അതിനെക്കണ്ടുകിട്ടാനൊന്നില്ലല്ലോ കൎമ്മമെന്നിയേ!
സുഖം ദുഃഖം, ശമം ക്രോധം, ലാഭം ഛേതം, ഭവം ക്ഷയം,
അമ്മട്ടു മററുള്ളതുമേ ദൈവത്തിന്റെ കൎമ്മമാം. ൧൧
ദൈവം വലച്ചാൽ,ക്കഠിനതപസ്ഥരൃഷിമാരുമേ
തീവ്രവ്രതങ്ങൾ കൈവിട്ടു വീണുപോം കാമമന്യവാൽ.
തുടങ്ങിവെച്ച കാൎയ്യത്തെ നിൎത്തി,യോൎക്കാത്ത വല്ലതും
പെട്ടെന്നു വന്നെത്തുവതു ദൈവത്തിന്റെ കൎമ്മമാം. ൧൨
ഇത്തത്ത്വബുദ്ധിയാൽത്താനാനുള്ളുറപ്പിച്ചുവെയ്ക്കയാൽ,
അഭിഷേകം മുടങ്ങിപ്പോയതിലും ദുഃഖമില്ല മേ.
അതിനാലഴൽ വിട്ടെന്നെപ്പിന്തുടൎന്നു ഭവാനുമേ
നിൎത്തിവെപ്പിയ്ക്ക വേഗത്തിലഭിഷേകപ്രവൃത്തിയെ. ൧൩
അഭിഷേകത്തിനായ് വെച്ച കുടങ്ങളിവകൊണ്ടുതാൻ
താപസാൎത്ഥം വ്രതസ്നാനം കഴിയ്ക്കാം മമ ലക്ഷ്മണ.
അല്ലെങ്കിലരചസ്വത്താമിതെല്ലാമെന്തിനാണു മേ?
താന്താൻ മുക്കിയ തണ്ണീരാലാകും മേ വ്രതകല്പനം. ൧൪
ശ്രീനാശത്തെക്കുറിച്ചും നീ വ്യസനിയ്ക്കായ്ക ലക്ഷ്മണ:
നാടും കാട്ടിൽപ്പാൎപ്പുമായാൽ,ക്കാട്ടിൽപ്പാൎപ്പാണു ശോഭനം!

ഈ രാജ്യവിഘ്നം ചെറിയമ്മയാലാ-
ണെന്നോൎക്കവാൻ ലക്ഷ്മണ, ന്യായമില്ലാ:
അനിഷ്ടമോതുന്നതു ദൈവയോഗാൽ!-
ദ്ദൈവപ്രഭാവം ദൃഢമേവമല്ലോ." ൧൫

---

Digitized By Kerala Sahitya Akademi

## ഇരുപത്തിമൂന്നാം സർഗ്ഗം: ലക്ഷ്മണകോപം.

—*—

രാമൻെറയിവകച്ചൊല്ലു തല താഴ്ത്തി ശ്രവിയ്ക്കയാൽ
ഹർഷാമയങ്ങൾക്കിടയിൽപ്പെട്ടപോലായി ലക്ഷ്മണൻ.
ഉടൻ താൻ നിടിലത്തിൽ ഭ്രുകുടി നട്ട നരർഷഭൻ
ക്രുദ്ധനായ്ച്ചീററിനാൻ, കൂട പുക്ക വമ്പാമ്പു പോലവേ. ൨
അവൻെറ മുഖമന്നേരം നേരേ നോക്കരുതാത്തതായ്
വിലസീ ഭ്രുകുടിയൊട്ടും, ക്രുദ്ധസിംഹമുഖോപമം.
ആന തുമ്പിക്കരം പോലേ കടയും കൈപ്പടത്തൊടും,
മേല്പോട്ടു കീഴ്പോട്ടു വിലങ്ങിച്ചും ചാഞ്ഞ കഴുത്തൊടും, ൪
കടക്കണ്ണാൽ വിലങ്ങത്തിൽ നോക്കി ജ്യേഷ്ഠനൊടോതിനാൻ:-
“ധർമ്മഹാനിവശാലുണ്ടാം ലോകാശങ്ക തടുക്കുവാൻ
വേണ്ടാതങ്ങയ്ക്കുദിച്ചല്ലോ മഹാസംഭ്രമമിങ്ങിനെ!
സംഭ്രമിയ്ക്കായ്കിലീവണ്ണം നിന്തരക്കാരനോതുമോ ൬
അശക്തമായ ദൈവത്തെ,ശ്ശക്തനാം ക്ഷത്രിയർഷഭ?
കെല്പില്ലാസ്സാധുദൈവത്തെ പ്രശംസിയ്ക്കുന്നതെന്തു നീ?
ആ രണ്ടു പാപികളിലും ശങ്കയില്ലാത്തതെന്തു തേ?
ഉണ്ടു നൽധർമ്മനാട്യക്കാർ; രണ്ടെന്നോരാത്തു ധാർമ്മിക, ൮
തങ്കാര്യമടവാൽപ്പോക്കാനോരണ്ടാൾതൻ പണിത്തരം?
ഇവണ്ണം മുന്നമേ തിട്ടം ചെയ്തിട്ടില്ലവരെങ്കിലോ,
മുന്നമേ രാഘവ, കൊടുത്തേനെ പണ്ടത്തെയാ വരം.
ലോകാഹിതം ത്വദന്യന്നായാരബ്ധമഭിഷേചനം ൧൦
സഹിപ്പാൻ വീര, ഞാനാളല്ല;-തിലെങ്കൽ ക്ഷമിയ്ക്ക നീ!
യാതൊന്നാൽ നിന്മനസ്സേവം രണ്ടായ്പ്പോയോ മഹാമതേ,
വ്യാമോഹം തവ യാതൊന്നാ,ലധർമ്മമൊരു വൈരി മേ!
കൈകേയീവശനാമച്ഛനരചെയ്യുന്ന ഗർഹിതം ൧൨
ചെയ്യാമോ ധർമ്മരഹിതം, കർമ്മത്തിൽശ്ലേഷിയുള്ള നീ?
ഈ മാററം കപടാൽച്ചെയ്യപ്പെട്ടതെന്നറിവീല നീ;

Digitized By Kerala Sahitya Akademi

അതിലാണെടിയന്നല്ലൽ; നന്നല്ലിദ്ധർമ്മസക്തിയും.
അവർ മാതാപിതൃപ്പോരാന്നുള്ള നിത്യാഹിതാരികൾ; ൧൪
അക്കാമവൃത്തർതന്നിഷ്ടം ചെയ്യാമോ മനസാപി നീ?
അവർതൻ തീപ്പ്, ദൈവത്താൽക്കൃതമാണെന്നൊറയ്ക്കിലും
തള്ളിക്കളകവേണം നീ; ദൈവവും പ്രിയമല്ല മേ!
പാവമാമുശിരറ്റോനേ ദൈവത്തെപ്പിന്തുടർന്നിട്ടു; ൧൬
നെഞ്ഞുറപ്പുള്ള വീരന്മാർ ദൈവത്തെ വകവെച്ചിടാ.
ആർക്കുണ്ടോ ശേഷി ദൈവത്തെപ്പൌരുഷംകൊണ്ടു നിക്കുവാൻ,
അപ്പൂരുഷന്നു ദൈവത്താൽക്കാര്യം കെട്ടുഴലാപ്പെടാ.
കാണാകുമിന്നു ദൈവത്തിൻ പൌരുഷം പുരുഷൻെറയും; ൧൮
ദൈവമാനുഷർതൻ വ്യക്തിയിന്നു വിസ്പഷ്ടമായ്‌വരും!
തവ രാജ്യാഭിഷേകത്തെയേതു ദൈവം മുടക്കിയോ,
കാണ, മദ്ദൈവമിന്നെൻെറ പൌരുഷാൽത്തോററതാളുകൾ!
തോട്ടി തട്ടി മദോപാൽക്കെട്ടറുത്തോടിടും വിധൌ ൨൦
ആനയെപ്പോലെ, ദൈവത്തെപ്പൌരുഷത്താൽത്തിരിയ്ക്കുവൻ.
ആ ലോകപാലരെപ്പേരും മൂപ്പാരുമൊരുമിയ്ക്കിലും,
ഇന്നു രാമാഭിഷേകത്തെ മുടക്കില്ല;-ഷ്ടനെന്തിനി?
കാട്ടിൽപ്പോകെവെരഞ്ഞയ്ക്കു രാജൻ, മന്ത്രിച്ചുറച്ചുവോ, ൨൨
അവർ പോയ്ക്കാട്ടിൽ വാഴേണമമ്മട്ടിരേഴു വത്സരം!
തവാഭിഷേകം തെററിച്ചു രാജ്യം പുത്രനു നല്കുവാൻ
അവൾക്കുമത്തിനുമെഴും ദുര ഞാൻ കെവരുക്കുവൻ.:
എൻബലത്തോടെതിർക്കുന്നോൾക്കെത്രയ്ക്കുന്നുഗ്രപൌരുഷം ൨൪
മാലേക,മത്രയ്ക്കു സുഖം കിട്ടാ ദൈവബലത്തിനാൽ!
മേലിലായിരം ചെന്നാൽപ്പിന്നീടവനിപാലനം
ജ്യേഷ്ഠൻെറ പുത്രർ ചെയ്തീടും, നീ കാട്ടിൽപ്പോയ്‌വസിയ്ക്കുവേ.
പണ്ടത്തെ രാജർഷിമുറയ്ക്കല്ലോ വേണ്ടു വനാശ്രയം, ൨൬
നാട്ടാരെ,പ്പുത്രരെപ്പോലെ കാപ്പാനേല്പിച്ചു പുത്രരിൽ.
നൃപൻ ചപലനായ് വാഴ്കെ, രാജ്യക്ഷോഭഭയേന നീ
11

Digitized By Kerala Sahitya Akademi

നാദേവം രാമ, ധർമ്മാത്മൻ, സ്വീകരിപ്പീലയെങ്കിലോ,
വീര, നിൻനാടു ഞാൻ കാക്കു,മാഴിയെക്കരപോലവേ; ൨൭
ഇല്ലെങ്കിൽ,ശ്ശപഥംചെയ്വൻ, വീരലോകങ്ങൾ വേണ്ട മേ!
സുമംഗളാഭിഷേകം ചെയ്ക;-തിൽ ശ്രദ്ധിച്ചുകൊൾക നീ:
ഞാനൊരാൾ പോരുമേ, കെല്പാൽബ്ഭൂപന്മാരെത്തടുക്കുവാൻ.
ഇക്കൈകളഴകിന്നല്ലാ, മോടിയ്ക്കല്ലെന്റെ കാർമ്മുകം, ൩൦
വാൾ കെട്ടിഞാത്തുവാനല്ലാ, സൂക്ഷിപ്പാനല്ല പത്രികൾ:
അമിത്രരെയമർത്താനാണടിയന്നിതു നാലുമേ!
പൊറുക്കുകില്ലെ,നിയ്ക്കേററമരിയെന്നറിവോനെ ഞാൻ:
മിന്നൽ പോലൊളിമിന്നുന്ന മൂർച്ചയേറിയ വാളിനാൽ ൩൨
വീശി നീക്കുവനല്ലോ ഞാൻ വജ്രിയാമരിയേയുമേ
ആളാനയശ്വവൃന്ദത്തിൻ കൈകാൽതലക,ളെന്നുടെ
വാളേററരഞ്ഞുവീണൂഴി നിളെദ്ദുശ്ചരമായ്വരും!
ഇന്നെൻ വാൾവെട്ടിനാൽ,ച്ചെന്തീ പാറും മലകൾപോലവേ
മന്നിങ്കൽ വീഴും കൊമ്പന്മാർ, മിന്നൽക്കാറുകൾപോലെയും.
ഉടുമ്പുകയ്യുറയുമിട്ടീ ഞാൻ വില്ലേന്തി നില്ക്കവേ,
ആണുങ്ങളിലൊരാളെമ്മട്ടാണിൻ നില നടിച്ചിടും?
ഒരാളെപ്പലതാ,ലൊന്നാൽപ്പലപേരെയുമെയ്തു ഞാൻ ൩൩
ആളശ്വഗജമർമ്മത്തിലാഞ്ഞയപ്പൻ ശരങ്ങളെ.
ഇന്നൊന്നസ്ത്രപ്രഭാവത്തിൻ പ്രതാപാൽ പ്രഭവിച്ചിടും
ഭൂപങ്കലപ്രഭുതയും, നിങ്കൽ പ്രഭുതയും പ്രഭോ!
ഇന്നാളിൽച്ചന്ദനച്ചാറു പൂശാൻ, തോൾവള ചാർത്തുവാൻ ൩൭
വിത്തം വാരിക്കൊടുപ്പാനും, സ്നിഗ്ധരെക്കാപ്പതിന്നുമേ
യോഗ്യങ്ങളാകുമിക്കൈകൾ ചെയ്തുകൊള്ളും പരിശ്രമം,
രാമ, നിന്നഭിഷേകത്തെത്തെററിപ്പോരെത്തടുപ്പതിൽ!

ഉരയ്ക്ക, നിന്നോതരിയെ ക്ഷണേന ഞാൻ
പിരിയ്ക്കണം പ്രാണയശോവയസ്യരായ്?
ധരിത്രി നിങ്കീഴിലടങ്ങുമാറു മേ
തരൂ നിയോഗം: തവ ദാസനാണിവൻ!” ൪൦

Digitized By Kerala Sahitya Akademi

അഭീക്ഷ്ണമാം സാന്ത്വനമോട്ട കണ്ണുനീർ
തുടച്ചു സൌമിത്രിയോടോതി രാഘവൻ:-
"ഉറച്ചുനില്ലോൻ ജനകന്റെ വാക്കിൽ ഞാൻ;
ധരിയ്ക്കി,തല്ലോ ഭുവി സൌമ്യ, സൽപഥം."

---

ഇരുപത്തിനാലാം സർഗ്ഗം: കൌസല്യാനുജ്ഞാപനം.

---

അച്ഛന്റെയാജ്ഞ രക്ഷിപ്പാൻ പോതുറച്ചതു കാങ്കെയാൽ,
കൌസല്യയദ്ധാർമ്മികനോടോതിനാൾ വാക്കിടച്ചയിൽ:-
"അഴൽ കാണാത്ത ധർമ്മാത്മാവഖിലർക്കും പ്രിയംവദൻ
എന്മകൻ ശരഭാൽജ്ജാതനെങ്ങനുഞ്ഞാൽ നാറും കഴിയ്ക്കുമോ? ൨
ആർക്കുള്ള ഭൃത്യദാസന്മാർ മൃഷ്ടാന്നങ്ങൾ ഭുജിപ്പിതോ,
ആ നാഥനിവനെവ്വണ്ണം കാട്ടിൽക്കായ്കനി തിന്നിടും?
നല്ലോന്ന രാജപ്രിയനാം രാമനെപ്പോക്കിടുന്നതായ്
കേട്ടാലാർ വിശ്വസിച്ചീടു,മാർക്കുണ്ടാവില്ല ഭീതിയും? ൪
എല്ലാം വരുത്തിടും ദൈവം ലോകത്തിൽബ്ബലവാൻ ദൃഢം:
കാട്ടിൽപ്പോവുകയാണല്ലോ രാമ, ലോകാഭിരാമ, നീ!
നിന്നെക്കാണായ്മയാം കാററാലെൻദേഹത്തിൽസ്സമുത്ഥിതം,
വിലാപമാം ചമതയും കണ്ണീരാകുന്ന ഹവ്യവും ൬
ചിന്തം ചിന്തപ്പുകയുമൊത്തി,ങ്ങ നിന്റെയദർശനാൽ
നിശ്വാസായാസസംവൃദ്ധം ദുഃഖാഗ്നിയിതു നിസ്തുലം
തുലോം വരട്ടി നീ വേർപെട്ടവളാമെന്നെ നന്ദന,
വെണ്ണീറാക്കും, നിദാഘത്തിൽത്തീ കച്ചിലിനെയാംവിധം! ൮
പോകും തങ്കുട്ടിയെപ്പയ്യു പിന്തുടർന്നീടുകില്ലയോ;
ഉണ്ണി, നീ പോമിടത്തെയ്ക്കു നിന്നെ ഞാൻ പിന്തുടർന്നിടും."
അമ്മട്ടിലമ്മ വരുംചെയ്തതു കേട്ട നരർഷഭൻ
രാമൻ തുലോം ദുഃഖിതയാമമ്മയോടുരിയാടിനാൻ:— ൧൦
"കൈകേയി വഞ്ചിച്ച നൃപൻ, ഞാൻ കാട്ടിൽപ്പോയിരിയ്ക്കവേ,
ഇവിടുന്നും വെടിയുകിൽത്തീർന്നൃഢം ജീവിച്ചിരുന്നിടാ,

Digitized By Kerala Sahitya Akademi

ഭർത്താവിനെയുപേക്ഷിയ്ക്കൂ നാരിമാക്കററ പാപമാം;
വിനിന്ദിതമതങ്ങന്നെ ചെയ്യൊല്ലാ കരംകൊണ്ടുമേ! ൧൨
മന്നൻ കാകുത്സ്ഥനെന്നാച്ഛനിങ്ങെന്നോളമിരിയ്ക്കുമോ,
അന്നോളം ചെയ്ക ശുശ്രൂഷ,യിതല്ലോ ധമ്മമക്ഷയം."
രാമനേവം പറഞ്ഞപ്പോൾ,കൌസല്യ ശുഭദശ്ശന
'ആവാ'മെന്നഗ്ര്യകമ്മാവാം രാമനോടോതിനാൾ മുദാ. ൧൪

അവ്വണ്ണമരുൾചെയ്താരേ രാമൻ ധാമ്മികസത്തമൻ
അതീവ ദുഃഖാന്വിതയാമമ്മയോടോതി വീണ്ടുമേ:-
"ഞാനുമമ്മയുമച്ഛന്റെ ശാസനം ചെയ്തുകൊള്ളണം:
നൃപൻ ഭർത്താവവൻ ശ്രേഷ്ഠൻ ഗുരു സവ്വേശ്വരൻ പ്രഭു. ൧൬
ഈരഞ്ചുമൊമ്പതും വഷം വങ്കാട്ടിൽക്കളിയാടി ഞാൻ
തികച്ചും പ്രീതി കൈക്കൊണ്ടു തവ ചൊല്ക്കീഴിൽ നില്ക്കുവൻ."
എന്നു കേട്ടു മുഖത്തെങ്ങും കണ്ണീർ വാന്നതിദീനയായ്,
പുത്രവത്സല കൌസല്യയോമൽപ്പുത്രനൊടോതിനാൾ:- ൧൮
"ഇസ്സപത്നികൾതന്മദ്ധ്യേ രാമ, പാക്കുക വയ്യ മേ;
കാട്ടുമാനെപ്പോലെ കൊണ്ടുപോകെന്നെയും വനേ,
അച്ഛനെവെടിഞ്ഞുപോകാനായ് നിശ്ചയം ചെയ്തുവെങ്കിൽ നീ."
ആവിധം കേഴുമവളോടോതിനാൻ കേണു രാമനും:- ൨൦
"ചാവോളം സ്ത്രീയ്ക്കു ഭർത്താവാണല്ലോ, സ്വാമിയുമീശനും.
സ്വാമി മേലാളരക്ഷിന്നിവിടെയ്ക്കുമേ;
അനാഥരല്ല നാം, ധീമാൻ ലോകനാഥൻ നരേന്ദ്രനാൽ.
ധമ്മാത്മാവാം ഭരതനും സവ്വഭൂതപ്രിയംവദൻ ൨൨
ഇവിടത്തെ ഹിതം നോക്കും: ധമ്മിയല്ലോ ഇവൻ സദാ.
ഞാൻ പോയിരിയ്ക്കുമളവിൽപ്പുത്രശോകത്തിനാൽ നൃപൻ
ചെറ്റും ക്ഷീണിച്ചുപോകാതെ നോക്കുകങ്ങപ്രമത്തയായ്.
അവിടെയ്ക്കിക്കൊടുംമാലാലുടവേല്ക്കാത്തവണ്ണമേ ൨൪
വൃദ്ധനാം ഭൂപനു ഹിതം ശ്രദ്ധയാ ചെയ്യുകെപ്പൊഴും.
വ്രതോപവാസപരയാം മികവേറിയ നാരിയും

Digitized By Kerala Sahitya Akademi

ഭർത്താവിനെബ്ഭജിയ്ക്കാഞ്ഞിൽപ്പാതകത്തിൽപ്പതിച്ചുപോം.
ഭർത്തൃശുശ്രൂഷയാൽ നാരിയുത്തമസ്വർഗ്ഗമേറിടും, ൨൬
ദേവപൂജ നമസ്കാരമിവ ചെയ്യാതിരിയ്ക്കിലും.
ഭർത്തൃശുശ്രൂഷതാൻ ചെയ്ക ഹിതപ്രിയനിവിഷ്ടയായ്:
പാരിൽപ്പണ്ടേ വിഹിതമിദ്ധർമ്മം, വേദശ്രുതം, സ്മൃതം.
അഗ്നികാര്യങ്ങളിൽദ്ദേവി പൂവാൽദ്ദേവകളെസ്സദാ ൨൮
പൂജിയ്ക്കേണമെനിയ്ക്കായിസ്സദ്വ്രതൈർദ്വിജർത്തമ്മെയും.
ഇവണ്ണം, ഞാൻ വരാൻവേണ്ടിക്കാലവും കാത്തിരിയ്ക്ക നീ,
ശുദ്ധാഹാരവ്രതം പൂണ്ടും ഭർത്തൃശുശ്രൂഷ നോക്കിയും.
ഞാനിങ്ങു തിരിയേ വന്നാൽ, നീ തീർത്തും നേടുമീപ്സിതം, ൩൦
ധാർമ്മികപ്രവരൻ ജീവിച്ചിരിപ്പുണ്ടെന്നിരിയ്ക്കുകിൽ."

എന്നു രാമൻ പറഞ്ഞപ്പോൾ,കണ്ണീർ ചിന്നിയ കണ്ണുമായ്
പുത്രശോകാർത്ത കൌസല്യ രാമനോടരിയാടിനാൾ:-
"പോവാനുറച്ച നിൻ ബുദ്ധി വീര, പിമ്പോട്ടു മാറുവാൻ ൩൨
ഞാനാളാവുകയില്ലുണ്ണീ; കാലം നീക്കാവതല്ലതാൻ!
സുക്ഷിച്ചു പോക നീയുണ്ണീ; നിനക്കെന്നും ശുഭം വിഭോ!
നീ തിരിച്ചെത്തിയാൽ,ക്ലേശപ്പാടു തീർന്നവളാകുവൻ;
വ്രതം ചരിച്ചു താതന്റെ കടം വീട്ടിക്കൃതാർത്ഥനായ് ൩൪
ധന്യൻ നീ തിരിയേ വന്നാൽ,ത്തികച്ചും നേടുവൻ സുഖം!
ദൈവത്തിൻ ഗതിയോർക്കാവല്ലുണ്ണീ, മന്നിലൊരിയ്ക്കലും:
അതല്ലോ, നിന്നെ,യെൻചൊല്ലു തള്ളിപ്പോക്കുന്നു രാഘവ!
പൊയ്ക്കോൾകിനി മഹാബാഹോ; ക്ഷേമാൽത്തിരിയെ വന്നു നീ
നന്ദിപ്പിയ്ക്കാവു പേർത്തെന്നെയുണ്ണീ, നൽസ്സാമവാക്കിനാൽ!
കാനനാൽത്തിരിയേ വന്ന നിന്നെ,ച്ചീരജടാഢ്യനെ,
ഞാൻ കാണും കാലമിപ്പോൾത്താനാകുമോ പൊന്നുദൈവമേ!"

അരണ്യവാസത്തിനുറച്ചു രാമനെ-
ന്നതങ്ങു കണ്ടാദരവാന്നു ദേവിയാൾ
സുലക്ഷണം വാക്കുവെനോടു ചൊല്ലിനാൾ;
ശരിയ്ക്കു നേർന്നാളഥ മംഗളങ്ങളും. ൩൮

Digitized By Kerala Sahitya Akademi

## ഇരുപത്തഞ്ചാം സർഗ്ഗം: സ്വസ്ത്യയനവിധാനം

ആ മാൽ വെടിഞ്ഞു വെള്ളംകൊണ്ടാചമിച്ചു വിശുദ്ധയായ്
ശുഭങ്ങൾ നേർന്നു രാമന്നു മാതാപവൾ മനസ്വിനി:-
"ആവില്ല നിന്നെ നിർത്തിടാൻ, പൊയ്ക്കൊൾകിനി രഘൂത്തമ;
വേഗം മടങ്ങിവന്നാലും; നിന്നാലും സാധുനീതിയിൽ. ൧

പ്രീത്യാ യാതൊരു ധർമ്മത്തെപ്പാലിപ്പൂ പിഴയാതെ നീ,
അദ്ധർമ്മം നിന്നെ രക്ഷിയ്ക്കു, നിന്നെ രാഘവപുംഗവ!
ആരെ നീയുണ്ണി, വന്ദിപ്പൂ ചൈത്യദേവാലയങ്ങളിൽ,
അവരും നിന്നെ രക്ഷിയ്ക്കു വനത്തിലൃഷിവര്യരും! ൨

വിശ്വാമിത്രൻ സുമതി തേ തന്ന ശസ്ത്രങ്ങളേവയോ,
അവയും ഗുണവാനായ നിന്നെ രക്ഷിയ്ക്കുകെപ്പൊഴും!
പിതൃശുശ്രൂഷയാലുണ്ണീ, മാതൃശുശ്രൂഷയാലുമേ
നേരാലുമേ രക്ഷിതനായ് വാഴ്ക നീണാൾ മഹാഭുജ! ൩

പവിത്രം ദർഭ ചമത വേദി ദേവാലയങ്ങളും
നാനാതരം സ്ഥണ്ഡിലവും ചെടി വൃക്ഷം ഹ്രദം മല
പക്ഷി സിംഹം ഫണികളും നിന്നെ രക്ഷിയ്ക്കു സത്തമ!
സ്വസ്തി സാദ്ധ്യർ മരുത്തുക്കൾ വിശേഷ ദേവർഷിവൃന്ദരും! ൪

സ്വസ്തി ധാതാ വിധാതാവും! സ്വസ്തി പൂഷാ-ര്യമാ ഭഗൻ!
വാസവൻ മുതലായുള്ള ലോകപാലരുമേവരും
ഋതുക്കൾ പക്ഷമാസങ്ങൾ വർഷങ്ങൾ ദിനരാത്രികൾ
മുഹൂർത്തമിവയും സ്വസ്തി നിനക്കരുളുകെപ്പൊഴും! ൫

ശ്രുതിധർമ്മസ്മൃതികളും നിന്നെ രക്ഷിയ്ക്കു നിളവേ!
സ്കന്ദനാം ഭഗവാൻ ദേവൻ ചന്ദ്രൻ ഗീഷ്പതിയങ്ങിനെ
സപ്തർഷിമാർ നാരദനും നിന്നെ രക്ഷിയ്ക്കു നിളവേ!
അന്തസ്സിദ്ധരും ദിശാധീശരൊത്ത ദിക്കുകളും സദാ ൬

നിന്നെ,മൽസ്തുതിയാലുണ്ണീ, നീളെരക്ഷിയ്ക്കു കാടതിൽ!
എല്ലാശ്ശൈലാംബുധികളും വരുണൻ രാജരാജനും

Digitized By Kerala Sahitya Akademi

ദ്യോവന്തരിക്ഷം പൃഥിവിയേവം പുഴകളുമൊക്കയും
ഗ്രഹങ്ങൾ ദേവതകളും നക്ഷത്രങ്ങളുമൊക്കയും ൧൪
സന്ധ്യാദ്വയം രാപകലും നിന്നെക്കാക്കട്ടെ കാനനേ!
ഋതുക്കളാറും പുണ്യങ്ങൾ മാസസംവത്സരങ്ങളും
കലാകാഷ്ഠകളും സൌഖ്യം നിനക്കരുളിടേണമേ!
മുനിവേഷത്തോടുംകൂടി വങ്കാട്ടിൽസ്സഞ്ചരിയ്ക്കവേ, ൧൬
ബുദ്ധിമാനാം നിനക്കേകെന്നും ക്ഷേമം സുരാസുരർ!
ഘോരന്മാരുഗ്രകർമ്മാക്കൾ പിശാചുക്കളരക്കരും
മാംസാശികളുമെപ്പോഴും കുഞ്ഞേ, നല്കായ്ക്ക തേ ഭയം!
തേൾ കുരങ്ങുകൾ കാട്ടീച്ച കൊതുകും, ദുർഗ്ഗമാം വനേ ൧൮
പുഴക്കളും മലമ്പാമ്പും വരുത്തായ്ക നിനക്കഴൽ!
ക്രൂരന്മാനകൾ സിംഹങ്ങളൃക്ഷം പുലികൾ ദംഷ്ട്രികൾ
പോത്തു ശൃംഗിയിവ തേ ദ്രോഹം ചെയ്യായ്ക പൈതലേ!
മററും മനുഷ്യരെത്തിന്നും ക്രൂരജന്തുഗണങ്ങളും ൨൦
നിന്നെ ദ്രോഹിച്ചിടായ്ക്കുണ്ണീ, ഞാനിങ്ങർച്ചന ചെയ്കയാൽ!
ശുഭമാകട്ടെ മാർഗ്ഗം തേ; സാധിയ്ക്കട്ടേ പരാക്രമം;
എല്ലാം സമൃദ്ധമാകുണ്ണീ, സുഖമായ്പോക രാമ, നീ!
സ്വസ്തി ഖേചരരാൽ, വീണ്ടും വീണ്ടും ഭൂചരരാലുമേ, ൨൨
എല്ലാദ്ദേവകളാലും, തേ നിൻെറ ശത്രുക്കളാലുമേ!
ഗുരുവും സൂര്യചന്ദ്രന്മാർ യമൻ രാമ, ധനേശനും
ദണ്ഡകാടവിയിൽപ്പാർക്കും നിന്നെക്കാക്കട്ടെ പൂജിതർ!
അഗ്നിയും വായുവും ധൂമമാർഷമന്ത്രഗണങ്ങളും ൨൪
ആചമിയ്ക്കുംവിധൌ നിന്നെക്കാക്കട്ടെ രഘുനന്ദന!
ബ്രഹ്മാവു സർവലോകേശൻ ഭൂതഭർത്താവൃഷീന്ദ്രരും
മററു ദേവകളും നിന്നെ രക്ഷിയ്ക്ക വനവാഴ്ചയിൽ!"
എന്നർച്ചിച്ചാളമരരെക്കണ്ണുനീണ്ട യശസ്വിനി ൨൬
ഗന്ധമാല്യങ്ങളെക്കൊണ്ടും പേരും സ്തുതികൾകൊണ്ടുമേ.
അഗ്നിയെക്കൊണ്ടുവെച്ചിട്ടാ,രഗ്ര്യാത്മാവായ വിപ്രനാൽ

Digitized By Kerala Sahitya Akademi

ഹോമം ശരിയ്ക്കു ചെയ്യിച്ചാൾ, നന്മ രാമന്നു ചേരുവാൻ.
വെണ്ണ വെള്ളമാല്യം ചമത വെള്ളക്കടുകിതൊക്കയും ൨൮
കല്പിച്ചൊരുക്കിനാളങ്ങു കൌസല്യ, കമനീമണി;
ശാന്ത്യനാമയഹോമത്തെച്ചെമ്മെ ചെയ്തു പുരോഹിതൻ
ഹോമത്തിൻ ബാക്കി ഹവ്യത്താൽപ്പുറംബലി നടത്തിനാൻ.
സ്വസ്തിപ്രകൃതിയ്ക്കക്ഷതം നെയ്യു തയിർ തേൻ നല്കി വിപ്രരാൽ
ചൊല്ലിച്ചാളഥ രാമന്നു കാട്ടിൽ സ്വസ്ത്യയനങ്ങളെ.
എന്നിട്ടാ ബ്രാഹ്മണേന്ദ്രന്നു രാമാംബ പുകഴ് വായ്ചവൾ
വേണ്ടും ദക്ഷിണയർപ്പിച്ചു; രാമനോടിതുമോതിനാൾ:-
"നന്മയെന്തു, നിലിമ്പന്മാരെല്ലാം കുമ്പിട്ട ശക്രനിൽ ൩൨
വന്നെത്തി വൃത്രഹത്യാർത്ഥം, നിങ്കലാ നന്മ ചേരുക!
നന്മയെന്തമൃതിന്നായിട്ടുഴറുന്ന സുപർണ്ണനിൽ
പ്രാർത്ഥിച്ചു പണ്ടു വിനത, നിങ്കലാ നന്മ ചേരുക!
അമൃതുണ്ടാക്കവേ, ദൈത്യന്മാരെക്കൊല്ലുന്ന വജ്രിയിൽ ൩൪
നന്മയെന്തോതിയദിതി, നിങ്കലാ നന്മ ചേരുക!
തേജസ്സേറിയ ലക്ഷ്മീശന്നാ മൂവടിയളക്കവേ
നന്മയെന്തുളവായ് രാമ, നിങ്കലാ നന്മ ചേരുക!
ഋതുക്കളാഴിയും ദ്വീപും മറ്റു ദിക്കലകങ്ങളും ൩൬
സുമംഗളങ്ങൾ തേ നല്ക, മംഗളത്തെ മഹാഭുജ!"
എന്നു, ണ്ണിതൻ തലയിൽ നെല്ലരിയിട്ടായതാക്ഷിയാൾ
രാമനെഗ്ഗന്ധവും പൂശിച്ചിട്ടക്കൌസല്യ ഭാമിനി
കൈകണ്ടതായ നല്ലോരു വിശല്യകരണൌഷധി ൩൮
രക്ഷയായിട്ടു കെട്ടിച്ചാൾ, ജപിച്ചാളങ്ങു മന്ത്രവും.
പിന്നെത്തോഷം നടിച്ചോതീ മാലിന്നടിമയായവൾ,
വാക്കിനാൽമാത്ര, മുള്ളാലില്ലാതെ, തൊണ്ടയിടച്ചയിൽ;
താഴ്ത്തിച്ചു മൂർദ്ധാവിൽ മുകർന്നാശ്ലേഷിച്ചു യശസ്വിനി ൪൦
ചൊന്നാൾ:—"കൃതാർത്ഥനായ്പ്പോയ്ക്കോൾകുഞ്ഞി, രാമ യഥാസുഖം
രോഗം പെടാതെ കാര്യങ്ങൾ നേടി വീണ്ടുമയോദ്ധ്യയിൽ

Digitized By Kerala Sahitya Akademi

വന്നിട്ടെങ്കഞ്ഞു രാജ്യം വാഴ്ത്തു കാണാവു ഞാൻ സുഖം!
ദുഃഖചിന്തകഠം വേർപെട്ട മുഖം മോദാൽത്തിളങ്ങി ഞാൻ രവ
കാണാവൂ, കാനനാൽ വന്ന നിന്നെപ്പൂൎണ്ണേന്ദുതുല്യനെ!
കാണാവൂ, കാട്ടിൽനിന്നിങ്ങു തിരിയേ വന്ന രാഘവ,
ഭദ്രാസനത്തിൽ വാഴുന്നത,ച്ഛൻതൻ ചൊൽ കടന്ന നീ!
കാട്ടിൽനിന്നിങ്ങു വന്നെത്തി മംഗളങ്ങഠം തികഞ്ഞ നീ ർർ
സ്നുഷയ്ക്കെനിയ്ക്കും ഭോഗ്യങ്ങഠം സദാ വൎഷിയ്ക്ക ; പോകിനി.

മരുച്ചിതന്മാർ ഗിരിശാദിദേവരും
മഹൎഷിഭൂതാരഗദൈത്യമുഖ്യരും
വനം ഗമിയ്ക്കും തവ നേരുകേറെനാഠം
ശുഭങ്ങളെട്ടിക്കുകളും രഘൂദ്വഹ!"
ഇതിൻപടിയ്ക്ക,ശ്രു നിറഞ്ഞ കണ്ണോടും
യഥാവിധി സ്വസ്ത്യയനം കഴിച്ചവഠം
വലത്തുവെച്ചാഠം, പലവട്ടവും പിടി-
ച്ചുണച്ചുപൂണ്ടാളഥ രാമഭദ്രനെ. ധ്ന
വലത്തുവെച്ചീടിന മാതൃദേവിതൻ
പദങ്ങഠം കമ്പിട്ടസകൃൽപ്പിടിച്ചവൻ
തിരിച്ചു സീതാനിലയത്തിലെയ്ക്കു, ത-
ദ്ദ്യുറിയാ തിളങ്ങും പുകളാണ്ട രാഘവൻ. ർ൭

—*—

ഇരുപത്താറാം സർഗ്ഗം: സീതാരാമസംവാദം.

—*—

അക്കൌസല്യയെ വന്ദിച്ചിട്ട,മ്മയാൽകൃതമംഗളൻ
കാട്ടിലേയ്ക്കു പുറപ്പെട്ട രാമൻ ധൎമ്മപഥസ്ഥിതൻ
ആഠം തിങ്ങിയ പെരുംപാത ശോഭിപ്പിച്ചു നൃപാത്മജൻ
ജനങ്ങഠംതൻ മനസ്സിട്ടുകലക്കി ഗുണവായ്പിനാൽ. വ
ഇതൊന്നുംതന്നെ കേട്ടിട്ടില്ലജ്ജാനകി തപസ്വിനി:
അവഠംക്കാ യൌവരാജ്യാഭിഷേകമാണുള്ളിലപ്പൊഴും.



Digitized By Kerala Sahitya Akademi

കൃതജ്ഞത ദേവകാര്യത്തെത്താനതാൻ ചെയ്യും കളിത്തവും
രാജധർമ്മജ്ഞയാം രാജപുത്രനെക്കാത്തിരിയ്ക്കയാം. ൮
അപ്പോളുൾപ്പുക്കിനാൻ രാമൻ സ്വഗൃഹം സുവിഭൂഷിതം,
ഹൃഷ്ടലോകവൃതം, ലജ്ജിച്ചൊട്ടു ചാഞ്ഞ ശിരസ്സുമായ്..
ഉടൻ സീതയെഴുന്നേററു വിറകൊണ്ടാ മണാളനെ
കണ്ടു ചിന്താവിവശിതേന്ദ്രിയനെശ്ശോകതപ്തനെ. ൯
അവളെക്കണ്ടപ്പൊഴു,ള്ളിലുള്ള ദുഃഖമടക്കുവാൻ
ധാർമ്മികൻ രാമനാളായീല,ത്തു തള്ളിത്തുറന്നുപോയ്!
പൊറാഞ്ഞവൻ മുഖം മങ്ങിത്തോന്നും വിയർത്തു കാണ്കയാൽ
ദുഃഖത്തിലുഴകിച്ചൊന്നാ, "ഇപ്പോളെന്താണിതെൻ പ്രഭോ? വ
വ്യാഴം ദേവതയാം നല്ല പൂയമിന്നെന്നു രാഘവ,
ചൊന്നല്ലോ പ്രാജ്ഞരാം വിപ്ര;-രല്ലൽ തേടുന്നതെന്തു നീ?
ഛത്രാലംകൊണ്ടമന്ന നീർനുരയ്ക്കൊത്തിരാം കട
ച്ചഴന്നതാഴ്ത്തിള്ളങ്ങുന്നീല,ഴകേറിയ നിന്മുഖം; ൧൦
ചന്ദ്രഹംസാഭ ചിതറും പള്ളിവെൺചാമരങ്ങളാൽ
വീശപ്പെടുന്നുമില്ലല്ലോ നിന്മുഖം നളിനേക്ഷണ;
വാഗക്ഷരാം വന്ദികളും മോദാൽ മാഗധസൂതരും
സൂക്ത്യാ സ്തുതിപ്പതും കാണ്മീലിങ്ങങ്ങയെ നരർഷഭ; ൧൧
തേനും തൈരും വിധിയ്ക്കൊത്തു വേദപാരഗരന്തണർ
തൂകിയിട്ടില്ല, നീരാട്ടു കഴിഞ്ഞ തവ മൌലിയിൽ;
അമാത്യാദികളും മെയ്ക്കോപ്പണിഞ്ഞു തെരുമുഖ്യരും
നിന്നെപ്പിന്തുടരുന്നീലാ പൌരരും നാട്ടുകാരുമേ; ൧൨
നടയ്ക്കുക്കിയലും നാലു പൊന്നണിത്തുരഗങ്ങളെ
പൂട്ടിപ്പുഷ്യരഥം മുഖ്യം മുൻനടക്കാത്തതെന്തു തേ;
ശ്രീ പൂണ്ട ലക്ഷണം ചേർന്നൊരാനയും വീര, യാത്രയിൽ
കാണാകുന്നീല നിന്മുന്നിൽക്കാളമേഘഗിരിപ്രഭം; ൧൩
പൂന്തിരായ്, വീരർ മാനിച്ച പൊന്നിൻഭദ്രാസനത്തെയും
കാണ്മീല നിന്നടയെഴുന്നള്ളത്തിൽ പ്രിയദർശന!

Digitized By Kerala Sahitya Akademi

അഭിഷേകമൊരുക്കപ്പെട്ടിരിക്കുമ്പോളിതെന്തുവാൻ
മുമ്പില്ലാത്ത മുഖംമ്ലാനം? തവ കാണ്മീല ഹർഷവും!" ൯

എന്നൊക്കെച്ചൊല്ലുമവളോടരുളീ രഘുനന്ദനൻ:—
"സീതേ, താതൻതിരുമനസ്സെന്നെക്കാട്ടിന്നയയ്ക്കയാം.
വങ്കലത്തിൽജ്ജനിച്ചോളേ, ധർമ്മജ്ഞേ, ധർമ്മചാരിണി,
കേളിതിന്നവഴിക്കാണു വന്നതെന്നിഹ ജാനകി: ൰

പണ്ടെൻ കൈകേയിയാമമ്മയ്ക്കച്ഛൻ ദശരഥൻ നൃപൻ
സത്യപ്രതിശ്രുതൻ നല്കിയിരുന്നു രണ്ടു വൻവരം.
മന്നനെന്നഭിഷേകത്തെയിന്നൊരുക്കിച്ചപ്പോതവൾ
നിർബ്ബന്ധിച്ചാൾ, ശപഥമാം മെയ്ക്കു ധർമ്മവശാനൃപൻ. ൰൧

പതിനാലാണ്ടു മുഴുവൻ പാർക്കേണം ദണ്ഡകത്തിൽ ഞാൻ;
യൗവരാജ്യത്തെയോ, താതൻ ഭരതന്നരുളീടിനാൻ.
ശൂന്യാരണ്യം ഗമിപ്പാൻ ഞാൻ വന്നേൻ ത്വദ്ദർശനത്തിനായ്
ഭരതന്നരികേ വാഴ്ത്തിച്ചൊല്ലൊല്ലെന്നെയൊരിക്കലും: ൰൨

പരസ്തുതി പൊറുക്കില്ലയല്ലോ സമ്പത്തിയന്നവർ;
അതിനാൽബ്ഭരതൻ മുമ്പിൽപ്പുകഴ്ത്തൊല്ലെൻഗുണങ്ങൾ നീ.
എന്നെപ്പററി വിശേഷേണ ചൊല്ലൊലാ നീയൊരിക്കലും;
ആനുകൂല്യത്തോടെ വേണമവന്നരികിൽ വാഴുവാൻ. ൰൩

അവന്നല്ലോ നൃപൻനല്കി യൗവരാജ്യം സനാതനം;
പ്രസാദ്യനാണവൻ സീതേ, വിശേഷിച്ചും നൃപൻതവ.
ഞാനിപ്പോൾത്തന്നെ,യച്ഛൻതൻ പ്രതിജ്ഞ നിറവേറുവാൻ
കാട്ടിലേയ്ക്കു ഗമിക്കുന്നേൻ; ധൈര്യം കൊൾക മനസ്വിനി.

ഞാൻ ഭദ്രേ; മുനിമാർ മേവും വനത്തിൽപ്പോയിരിക്കവേ,
വ്രതവും നോൽമ്പുമായ്ശേഷം നിന്നിരിപ്പൂനഘാശയേ.
കാലത്തെഴുന്നേററഴകിൽദ്ദേവപൂജ കഴിച്ചുടൻ
എന്നച്ഛനാം ദശരഥക്ഷ്മാപനെക്കൈവണങ്ങണം; ൰൫

മാലാൽ വാട്ടം വൃദ്ധയാമെന്നമ്മ കൗസല്യയെയുമേ
ശുശ്രൂഷിക്കുക, ധർമ്മത്തെത്തന്നെ മുന്നിൽ നിറുത്തി നീ.

Digitized By Kerala Sahitya Akademi

നിത്യം വന്ദിയ്ക്കവേണം നീയെൻെറ മററമ്മമാരെയും:
ക്രൂറ,ന്നു, പോററചി,വയാലൊപ്പമല്ലോ മമാംബമാർ. ൩൨
നീ പുത്രസഹജക്കൊപ്പം വിശേഷാൽ നോക്കിടേണ്ടവർ
ഭദ്രേ, ഭരതശത്രുഘ്നർ, മമ പ്രാണാധികപ്രിയർ.
ഭരതന്നപ്രിയം ചെയ്യീടൊല്ല താനൊരിയ്ക്കലും:
അവൻ രാജാവു നേതാവു ദേശത്തിന്നും കുലത്തിനും. ൩൪
പാകം നോക്കി രസിപ്പിച്ചു ഞെരുങ്ങിസ്സേവചെയ്കിലേ
രാജാക്കന്മാർ പ്രസാദിയ്ക്കൂ; മറിച്ചായാലിടഞ്ഞിടും.
തന്മക്കളേയും വെടിയും, ഹിതം ചെയ്യാതിരിയ്ക്കുകിൽ;
സമത്ഥരെങ്കിൽക്കൈക്കൊള്ളമന്യരെക്കൂടിയും നൃപൻ! ൩൬
അതിനാൽപ്പിന്തുടന്നിങ്ങു വാഴ്കിബ്ഭരതഭൂപനെ,
ഭദ്രേ, നീ ധമ്മപരയായ് ദൃഢസത്യവ്രതത്തൊടും.
പ്രിയേ, പെരുംകാട്ടിനു പോകയാണു ഞാൻ;
വരാംഗി, നീ വാഴുകവേണമിങ്ങുതാൻ;
അളീകമൊന്നിന്നുമകപ്പെടാതെയാം
വിധത്തിൽ നീ ചെയ്യണമെൻെറ വാക്കിതു.'' ൩൮

—*—

ഇരുപത്തേഴാം സൎഗ്ഗം: സീതാവാക്യം.

—*—

ഇതു കേട്ടിട്ടു വൈദേഹി പ്രിയം ചൊൽവോരു പ്രിയാർഹയാൾ
പ്രേമത്തിൻകോപമേ പൂണ്ടു ഭർത്താവോടിതു ചൊല്ലിനാൾ:—
"എന്തിതങ്ങുചെയ്യുന്നു രാമ, പാഴ്പ്പതിരാം മൊഴി?
ചിരി പൊട്ടുന്നുവല്ലോ മേ കേട്ടിട്ടു നൃവരാത്മജ! ൨
ആര്യപുത്ര, പിതാവമ്മ സോദരൻ സ്നുഷ പുത്രനും
തൻകമ്മങ്ങൾ ഭുജിയ്ക്കുന്നു; കൊൾവൂ തൻനന്മതിന്മകൾ;
ഭാര്യയോ, കൊൾവു ഭർത്താവിൻനന്മതിന്മ നരർഷഭ;
അതിനാൽ,ക്കാട്ടിൽ വാഴ്കെന്നുള്ളാജ്ഞ കിട്ടിയെനിയ്ക്കുമേ. ൪
അച്ഛനും മകനും താനുമമ്മ തോഴിയുമല്ലതാൻ;
ഇങ്ങും പരത്തിലും സ്ത്രീകൾക്കെന്നും കണവനേ തുണ.

Digitized By Kerala Sahitya Akademi

അങ്ങിപ്പൊഴേ കൊടുംകാട്ടിൽപ്പോകയാണെങ്കിൽ ഞാൻ തവ-
മുമ്പേ നടപ്പൻ, മുൾച്ചെടികൾ മെതിച്ചുംകൊണ്ടു രാഘവ. ൬
കുടിച്ചു ബാക്കിയാം നീർ പോലീർഷ്യാരോഷങ്ങൾ പോക്കി നീ
കൊണ്ടുപോകെന്നെ നിശ്ശങ്കം; വീര, തെറെറന്നുമില്ല മേ.
പാള്ളിമേട വിമാനങ്ങൾ നഭോയാത്രാവിവാറിലും
മികച്ചതത്രേ, സവ്വത്ര ഭത്താവിന്റെ കാൽത്തണൽ. ൮
എനിയ്ക്കു പലമട്ടോതിത്തന്നിട്ടുണ്ടച്ഛനമ്മമാർ;
ഇനിച്ചൊല്ലേണ്ടതില്ലൊന്നും, ഞാൻ നടക്കേണ്ടതിൻവിധം.
പോരുന്നുണ്ടു, വൃകവ്യാഘ്രനാനാമൃഗപരീതമായ്
ദുർഗ്ഗമായ് നിജ്ജനവുമാം കാനനത്തിങ്കലെയ്ക്കു ഞാൻ. ൧൦
സുഖമായ്പ്പാക്കുവൻ കാട്ടിൽ,പ്പിതൃഗേഹത്തിലാംവിധം,
മൂപ്പാരിനെയുമോക്കാതേ പതിവ്രത വിധിയ്ക്കു ഞാൻ.
നിന്നെശ്ശുശ്രൂഷ ചെയ്യ്,നംബ്രഹ്മചയ്യവ്രതത്തൊടും,
രമിപ്പൻ വീര, നീയൊത്തു, തേൻ മണക്കും വനങ്ങളിൽ. ൧൨
കാത്തുരക്ഷിയ്ക്കുവാൻ പോന്നൊരാളല്ലോ രാമ, കാട്ടിൽ നീ
മററുള്ളാളുകളെപ്പോലും; പിന്നെയെന്തെന്നെ മാനദ?
പോരും ഞാൻ കാട്ടിലെയ്ക്കങ്ങന്നോത്തിപ്പോ,ളില്ല സംശയം;
എളുതല്ലെ,ന്നൊരുമ്പാടു മഹാഭാഗ, തടുക്കുവാൻ. ൧൪
നിത്യം കായ്ക്കനി ഭക്ഷിച്ചുകൊൾപൻ ഞാ,നില്ല സംശയം;
അങ്ങയ്ക്കുപെട്ടു തട്ടിയ്ക്കില്ല,ങ്ങയൊത്തു വസിയ്ക്കവേ.
ഇച്ഛയുണ്ട,ദ്രിനദികൾ ചെറുപൊയ്ക വനങ്ങളും
നീളേ നിർഭയമായ്ക്കാണ്മാൻ, ധീമാനാം നിന്റെ രക്ഷയിൽ ൧൬
അന്നംനീർക്കോഴി ചേരന്നററം പൂത്ത തണ്ടാർക്കുളങ്ങളും
കാണുവാനുണ്ടെനിയ്ക്കിച്ഛ, വീരൻ നീയൊത്തു സൌഖ്യമായ്
കുളിപ്പൻ നിത്യമവയിൽ നിയതവ്രതയായ ഞാൻ;
നിന്നോടൊപ്പം വിശാലാക്ഷ, രമിപ്പനതിതുഷ്ടയായ്. ൧൮
ഏവം നൂറായിരത്താണ്ടു ചെന്നാൽപ്പോലുമറിഞ്ഞിടാ
ഖേദമായ് മേവിന ഞാൻ; വേണ്ടല്ലോ സ്വർഗ്ഗവും മമ.

Digitized By Kerala Sahitya Akademi

സ്വൎഗ്ഗത്തിലും നിവാസം മേ നിന്നെക്കൂടാതെ കിട്ടുകിൽ,
അതുപോലും നരവ്യാഘ്ര, വേണ്ടാതാം മമ രാഘവ! ൧൦

മൃഗാഢ്യമായ് വാനരവാരണാഢ്യമായ്-
സ്സുദുൎഗ്ഗമാം കാട്ടിനു പോരുമിന്നു ഞാൻ;
വനത്തി,ലച്ഛന്റെ ഗൃഹത്തിലെന്നപോ-
ലുറപ്പിൽ നിൻകാല്കൾ പിടിച്ചു പാൎക്കുവൻ.
സരാഗയായ് മററു വിചാരമററു നിൻ-
പിരിച്ചിലിൽച്ചാകിനുറച്ചോരെന്നെ നീ,
മദത്ഥനത്തെഗ്ഗുരിവെയ്ക്ക, കൊണ്ടുപോ-
കി;-തിങ്കലെന്നാൽത്തവ ഭാരവും വരാ." ൧൧
ഇതിൻവിധം ചൊല്കിലു,മങ്ങു കൊണ്ടുപോ-
കുവാൻ നിനച്ചീല നൃമൌലി സീതയെ;
നിരുത്തുവാനായ്പ്പലപാടു ധാൎമ്മികൻ
പറഞ്ഞുനോക്കീ വനവാസദുഃഖവും.

---

ഇരുപത്തെട്ടാം സൎഗ്ഗം: വനദുഃഖകഥനം.

---

ഏവമോതുന്ന ധൎമ്മജ്ഞസീതയെദ്ധൎമ്മതൽപരൻ
കൊണ്ടുപോകാൻ നിനച്ചീലാ, കാട്ടിലെദ്ദുഃഖമോൎക്കയാൽ.
ബാഷ്പാകുലാക്ഷിയാ വളെയാശ്വസിപ്പിച്ചു വീണ്ടുമേ,
പിൻവലിയ്ക്കുവാൻവേണ്ടിദ്ധൎമ്മാത്മാവേവമോതിനാൻ:- ൧
"മഹാകുലീന നീ സീതേ, ധൎമ്മവും തേടുവോരം സദാ;
ഇങ്ങാചരിയ്ക്ക നീ ധൎമ്മം; തോന്നുംപോലെ നടക്കൊലാ.
സീതേ, ഞാൻ ചൊൽവതിൻവണ്ണം ചെയ്യേണം സുകുമാരി, നീ;
കഷ്ടങ്ങൾ കാട്ടിലൊട്ടല്ല; ചൊല്ലാമവ ധരിയ്ക്ക നീ. ൨
സീതേ, വനത്തിൽപ്പാൎപ്പാനുള്ളീ വിചാരം ത്യജിയ്ക്ക നീ:
കഷ്ടങ്ങളൊട്ടല്ലെന്നല്ലോ ചൊൽവൂ കാന്താരഭൂമിയിൽ.
ഹിതം നിനയ്ക്കയാലത്രേ പേൎത്തവം പറയുന്നു ഞാൻ;
സുഖമില്ലെപ്പോഴും, കാട്ടിൽദ്ദുഃഖമേ ഉള്ളു സൎവ്വദാ; ൩

Digitized By Kerala Sahitya Akademi

കേൾക്കാൻ വയ്യ, ഗിരിഗുഹയിൽപ്പാൎക്കും സിംഹങ്ങൾതമ്മുടെ
മലഞ്ചോലയിൽ വായ്ച്ചൊച്ച;യതിനാൽക്കാടു ദുഃഖദം.
നിൎഭയം മത്തരായ് ശ്ശൂന്യേ ക്രീഡയാടും വന്യമൃഗങ്ങളോ,
കണ്ടാൽസ്സീതേ, കുതിച്ചേല്ക്കും;-മതിനാൽക്കാടു ദുഃഖദം. ൮
ഘോരം നക്രങ്ങളും ചേൎന്നൊട്ടേറെയാറുണ്ടു ദുസ്തരം
മത്തേഭരാലു;മതിനാൽ നിത്യം കാടെത്ര ദുഃഖദം!
ചെടി മുള്ളും പെരുകിയും, കാട്ടുകോഴികൾ കൂകിയും,
ദുൎഗ്ഗമം നിൎജ്ജലം മാൎഗ്ഗ;-മതിനാൽക്കാടു ദുഃഖദം. ൧൦
മന്നിൽത്താനേകൊഴിഞ്ഞിട്ടുള്ളിലയാം മെത്ത രാത്രിയിൽ
തളൎന്നുവന്നുറങ്ങാ;-നതോൎത്താൽക്കാടെത്ര ദുഃഖദം!
സന്തൃപ്തി കൊള്ളണം സീതേ, ഹൃത്തടക്കിട്ടിവാനിശം
വീണ വൃക്ഷഫലൌഘത്താ;-ലതിനാൽക്കാടു ദുഃഖദം. ൧൨
വെറുംപട്ടിണിയും വേണം കഴിവിന്നൊത്തു മൈഥിലി;
ചിടക്കെട്ടു ചുമക്കണം; മരത്തോൽമുണ്ടുടുക്കണം;
ദേവകൾക്കും പിതൃക്കൾക്കും വന്നോരതിഥികൾക്കുമേ
പതിവായിട്ടു ചെയ്യേണം പൂജയും വിധിപോലവേ; ൧൪
പതിവായ് മൂന്നു കളിയും കാലംതോറും കുളിക്കണം
നിയമത്തിലിരിപ്പാന;-തോൎത്താൽക്കാടെത്ര ദുഃഖദം!
ബലിയും ചെയ്യണം ബാലേ, താന്താൻ നുള്ളിയ പൂക്കളാൽ
വേദിമേലാൎഷവിധിയി;-ലതിനാൽക്കാടു ദുഃഖദം. ൧൬
തുഷ്ടരായ്ക്കൊള്ളണം കിട്ടുന്നതുകൊണ്ടു വിദേഹജേ,
ഊൺ ചുരുക്കിസ്സദാ കാട;-രതിനാൽക്കാടു ദുഃഖദം.
വല്ലാത്ത കാററുമിരുളും ക്ഷുത്തുമുണ്ടങ്ങു നിത്യവും;
വൻഭയങ്ങളുമുണ്ടങ്ങ;-തോൎത്താൽക്കാടെത്ര ദുഃഖദം! ൧൮
തടിക്കുന്ന വളരെ മലമ്പാമ്പുകൾ ഭാമിനി,
മാൎഗ്ഗേ ചരിക്കും ഗൎവ്വോട;-തോൎത്താൽക്കാടെത്ര ദുഃഖദം!
ആററിനെപ്പോലെ വളവോടിഴയുന്നോരു പാമ്പുകൾ
കിടക്കും വഴി മുട്ടിച്ചു;-തോൎത്താൽക്കാടെത്ര ദുഃഖദം! ൨൦

Digitized By Kerala Sahitya Akademi

പാററ തേരം പുഴ കാട്ടിച്ചയമ്പലേ, കൊതുകം സദാ
ഉപദ്രവിയ്ക്കു;മതിനാൽ മുച്ചൂടും കാടു ദുഃഖദം.
കാട്ടിൽ മുള്ളുമരം ദർഭ കാശമെന്നിവ ഭാമിനി,
കൊമ്പും തുമ്പും തഴച്ചുണ്ടാ;-തോർത്താൽക്കാടെത്ര ദുഃഖദം! ൨൨
കായക്ലേശങ്ങളൊട്ടല്ല നാനാവിധഭയങ്ങളും
അരണ്യവാസിയ്ക്കു;-തിനാൽദ്ദുഃഖദംതന്നെ കാനനം.
വിടേണം ക്രോധലോഭങ്ങൾ, തപസ്സാർജ്ജിയ്ക്കണം സദാ,
ഭയം വയ്ക്കാ ഭയസ്ഥാനത്ത;-തിനാൽക്കാടു ദുഃഖദം. ൨൪
അതിനാൽസ്സുഖമൊന്നല്ലാ കാട്ടിൽച്ചെന്നൊന്നല്ല കാടുതേ:
നിനച്ചിട്ടിങ്ങു കാണുന്നോൻ കാടേറെക്കഷ്ടമുള്ളതായ്."

വനത്തിലെയ്ക്കുമ്പൊടു കൊണ്ടുപോകുവാൻ
മനസ്സില്ല രാമൻ നിനയാതിരിയ്ക്കയാൽ,
അവൻെറ ചൊൽ മൈഥിലിയാദരിച്ചതി-
ല്ലി;-തോതി കാകുത്സ്ഥനൊടല്ലലാണ്ടവൾ. ൨൬

---

ഇരുപത്തൊമ്പതാം സർഗ്ഗം: സീതയുടെ അപേക്ഷ.

—*—

ഏവം രാമൻെറ മൊഴി കേട്ടല്ലലിൽപ്പെട്ട മൈഥിലി,
കണ്ണീർ വാർന്ന മുഖത്തോടേ ചൊന്നാളിതു പതുക്കവേ:-
വനവാസത്തിലെന്തെന്തു കഷ്ടപ്പാടങ്ങു ചൊല്ലിയോ,
സുഖംതാനതതെന്നോർക്ക, നിൻപ്രേമം മുമ്പിൽ നില്ക്കയാൽ. ൨
മൃഗങ്ങളാന സിംഹങ്ങൾ പുലിയെട്ടടിമാനുകൾ
പക്ഷി പൈച്ചെവിമാൻ മററും കാട്ടിലുള്ളവയൊക്കവേ
ഇവണ്ണം മുമ്പു കണ്ടിട്ടില്ലായ്കമൂലം കകുത്സ്ഥജ,
ത്വദ്രൂപം കണ്ടു മാറിപ്പോം: ഭയ പേടിയ്ക്കുമേവരും. ൪
നിന്നോടൊന്നിച്ചു പോരേണം ഞാനും ഗുരുവാജ്ഞയാൽ;
രാമ, നീ വേർപിരിഞ്ഞാലെന്നായിർ പോക്കേണ്ടിവന്നിടും!
ആളാകയില്ല, നിൻപാർശ്വ മേവുമെന്നെക്കകുത്സ്ഥജ,
ബലത്താലാക്രമിപ്പാനമ്പർകോൻ വജ്രിപോലുമേ. ൬

Digitized By Kerala Sahitya Akademi

ഭർത്താവില്ലാത്തിലപ്പെണ്ണു ജീവിപ്പാൻ ശക്തയായ്വരാ:
എന്നോടന്നോടരുളിച്ചെയ്യുവതല്ലാ രാമ, തു ഭവാൻ.
പോരാം, മുന്നം മഹാപ്രാജ്ഞ, പിതൃഗേഹത്തിൽവെച്ചു ഞാൻ
കേട്ടിട്ടുണ്ടന്തണരിൽനിന്നു, ണ്ടാംപോൽ കാട്ടുവാഴ്ച മേ. ൯
ലക്ഷണം നോക്കിട്ടും വിപ്രരന്നരച്ചതു കേൾക്കയാൽ
ലക്ഷണം നോക്കിട്ടും വിപ്രരന്നരച്ചതു കേൾക്കയാൽ
കാട്ടിൽപ്പാർപ്പാനുഴറിനേൻ നാൾതോറും ഞാൻ മഹാബല:
ആ വിധിച്ചോരു കാട്ടിൽപ്പാർപ്പെനിക്കാക്കേണ്ടയോ പ്രിയ?
അതിനാലങ്ങു പോരുന്നേൻ, മറിച്ചല്ല,ങ്ങയൊത്തു ഞാൻ. ൧൦
വിധിച്ചതിഹ ചെയ്വൻ, ഞാനങ്ങയോടൊത്തു പോരുവൻ;
അക്കാലവുമിതാ, വന്നു, നേരാകട്ടേ ദ്വിജോദിതം.
അറിവേൻ, വനവാസത്തിൽപ്പലമാതിരിയുണ്ടഴൽ;
അതൊക്കെക്കഥയില്ലാത്ത ക്രൂട്ടർക്കേ വീര നേരിടൂ. ൧൧
ഒരാർയ്യയാം ഭിക്ഷുകിയിൽനിന്നുമെന്നാത്തുസന്നിധൌ
കാട്ടിൽവാസം പിതൃഗൃഹേ കേട്ടേൻ വേളിയ്ക്കുമുമ്പു ഞാൻ;
മുമ്പത്ഥിയ്ക്കയുമുണ്ടായീ പ്രഭോ നിന്നോടു ഞാനരു;
കാംക്ഷിച്ചതല്ലാ, നീയൊത്തു കാട്ടിൽപ്പാർപ്പിന്നു യാത്ര ഞാൻ. ൧൨
പോരാൻതന്നെയുറച്ചേൻ ഞാൻ; നന്മയങ്ങയ്ക്കു രാഘവ;
കാട്ടിൽപ്പാർക്കുന്ന ശൂരന്റെ ശുശ്രൂഷ രസമാണു മേ.
ശുദ്ധാത്മൻ, പ്രേമഭാവത്താൽബ്ഭർത്താവെപ്പിന്തുടർന്നു ഞാൻ
നിർദ്ദോഷയായ്ത്തീർന്നിടുവൻ; ഭർത്താവല്ലോ മമേശ്വരൻ. ൧൩
പരത്തിലും ശോഭന,മീയെനിയ്ക്കു തവ സംഗമം!
കേൾപ്പുണ്ടല്ലോ, യശസ്സുറും ദ്വിജർതൻ പുണ്യയാംശ്രുതി:
ഏവനൊരുവളെയിപ്പാരിൽപ്പിതാക്കന്മാർ മഹാമതേ,
നീരോടേകീ സ്വധർമ്മത്താൽ,പ്പരത്തിലുമവന്നവൾ! ൧൪
ഈവിധിതിയ്ക്കു,ധുനാ കൊണ്ടുപോകാനോക്കാത്തതെന്തുവാൻ
സുവ്രതയും സാധ്വിയുമാം തന്റെ പെണ്ണാകമെന്നെ നീ?
ദീനയായ്ബ്ഭക്തസതിയായ് സ്സുഖദുഃഖൈകഭാവയായ്
സുഖദുഃഖം സമം കൊള്ളുമെന്നെ നീ കൊണ്ടുപോകണം. ൧൫



Digitized By Kerala Sahitya Akademi

ഈയദ്ധ്യനയാമെന്നെ വനം കൊണ്ടുപോകില്ലയെങ്കിലോ,
വിഷമോ വെള്ളമോ തീയോ കൈക്കൊള്ളും ഞാൻ, മരിക്കു
(വാൻ!"

കൊണ്ടുപോകാനപേക്ഷിച്ചാളിപ്പം പലമട്ടവനോടവൾ;
ഓർത്തീല,വളെയാളാറ കാടണപ്പാൻ മഹാഭുജൻ. ൨൨
ഇതു കേട്ടു വിചാരത്തിൽപ്പെട്ടാള ജനകാത്മജ;
ലിച്ചു ചുടുകണ്ണീരാൽക്കുളിപ്പിച്ചാൾ ധരിത്രിയെ.
വിചാരം കൊള്ളുമത്താമ്രാധരി സീതയെ നിർത്തുവാൻ
വളരെസ്സാന്ത്വനം ചൊല്ലിനോക്കി കാകുത്സ്ഥനാത്മവാൻ. ൨൪

---

## മുപ്പതാം സർഗ്ഗം: സീതാഗമനാനുവാദം.

---

രാഘവൻ സാന്ത്വനം ചൊല്ലീജ്ജനകാത്മജ മൈഥിലി
വനത്തിൽപ്പോകുവാൻവേണ്ടിബ്ഭർത്താവിനോടിതോതിനാൾ;
പാരം വിറയൊടസ്സീത മാർ വിരിഞ്ഞുള്ള രാമനെ
പ്രേമത്താലഭിമാനത്താലാക്ഷേപിച്ചുതുടങ്ങിനാൾ:- ൨
"എന്തോർത്തു രാമ, വൈദേഹനെന്നച്ഛൻ മിഥിലാധിപൻ,'
ആണിൻ മെയ്പൂണ്ട പെണ്ണാം നീ ജാമാതാവായിവന്നതിൽ?
ഈ ലോകം ഹന്ത, മൗഢ്യത്താൽച്ചൊല്ലാറുള്ളതസത്യമാം:
വൻതേജസ്സില്ല, ചൂടേകും സൂര്യനിൽപ്പോലെ രാമനിൽ! ൪
എന്തോർത്തിട്ടാർത്തനായ്പ്പോയ് നീ,യാരിൽനിന്നു ഭയം തവ,
അനന്യാശ്രയയാമെന്നെ ത്യജിക്കാമെന്നു തോന്നുവാൻ?
ദ്യുമത്സേനജനാം സത്യവാനെയാർ പിന്തുടർന്നുവാ,
അസ്സാവിത്രി കണക്കേ, ഞാൻ വീര, നിൻകീഴിൽ നില്പവൾ. ൬
നോക്കില്ലേതോ കുലടപോല,ന്യനല്ലാതൊരുത്തനെ
ഓർത്താലും ഞാനനാല; നിൻകൂടെപ്പോരട്ടെ രാഘവ!
ബാല്യേ വേട്ടു ചിരം പാർത്ത സതിയാം ഭാര്യയെ സ്വയം,
നട്ടുവൻ പോലെയന്യർക്കു നല്കാൻനോക്കുന്നു രാമ നീ. ൮

Digitized By Kerala Sahitya Akademi

അതുക്കു ഞാൻ ചെയ്യുന്നം പഥ്യ,മാക്കായ്‌നിന്നെത്തടുത്തതും,
ആയാലുക്ക നീ താൻ വശനായ്ക്കീഴ്‌നില്ക്കുക സദാനഘ!
അതിനാൽ,ക്കൊട്ടിലെയ്യെന്നെക്കൂടാതെ പോയിടൊല്ല നീ:
തപസ്സോ വനമോ വിണ്ണോ നിന്നോടൊന്നിച്ചുതാൻ മമ! ൫൦
എനിയ്ക്കുണ്ടാകയില്ലങ്ങ വഴിയ്ക്കൊരു തളർച്ചയും,
പൂന്തോപ്പുലാത്തലിൽപ്പോലെ നിൻപിന്നാലെ നടക്കവേ.
ഇഷീക ദർഭയും കാശം മുള്ളുമരങ്ങളും
തൊട്ടാൽത്തൂവൽത്തുകിൽക്കൊപ്പം മമ നീയൊത്ത യാത്രയിൽ!
കൊടുങ്കാറ്റിലുയർന്നുള്ള പൊടിയെങ്കൽ പുരണ്ടിടും
അതു നൽച്ചന്ദനം പോലെ കരുതീടുന്നു കാന്ത ഞാൻ!
ഇളമ്പുല്ലിൽക്കിടപ്പൂൻ ഞാൻ വനത്തിൽ വനഗോചര;
അതിൽക്കവിഞ്ഞതാം സുഖം തെളിവില്ലീസ്സമെത്തമേൽ? ൫൪
ഇലയോ കനിയോ, കായോ, തെല്ലോ വളരെയോ ഭവാൻ
താനന്നു കൊണ്ടുവന്നേകുന്നതെനിയ്ക്കമൃതോപമം!
ഓർക്കില്ല ഞാനച്ഛനെയുമമ്മയെയും ഗൃഹത്തെയും,
അതാതൃതുക്കളിലെപ്പൂവും കായും നേർക്കാസ്വദിയ്ക്കയാൽ. ൫൬
അപ്രിയം വല്ലതും കാണുകയുണ്ടാവില്ലങ്ങ ചെന്ന നീ;
ഞാനുമൂലമശിപ്പഴലു,മെന്നാൽത്തേ ഭാരവും വരാ.
മമ നീയൊത്തതാം സ്വർഗ്ഗം, നരകം നീയൊഴിഞ്ഞതേ;
ഇപ്രേമവായ്പറിഞ്ഞാൻ നീ രാമ, പോകെന്നൊടൊപ്പമേ. ൫൮
ഇത്ര നിർഭയയാമെന്നെക്കൊണ്ടുപോകില്ലയെങ്കിലോ,
വിഷം കുടിപ്പനിപ്പോഴത്താൻ മാറ്റാർക്കിടപ്പെടൊല്ല ഞാൻ!
പിന്നെയായാലുമേ ജീവിച്ചിരിപ്പില്ലഴലാൽ മമ;
നാഥ, നീ കൈവെടിഞ്ഞെന്നാലപ്പോഴേ ചാകയുത്തമം ൬൦
ഈ മാൽ പൊറുക്കുവാനാളാകില്ലല്ലോ കാണിനേരവും;
പിന്നെയെന്തോ,പത്തും നാലുമൊന്നൊന്നാണ്ടിണ്ടലാണ്ട ഞാൻ!”
എന്നഴൽച്ചൂടിനാൽ വല്ലാതൊട്ടേറെ വിലപിച്ചവൾ
തന്റെ കാന്തനെക്കെട്ടിപ്പിടിച്ചങ്ങാർത്തുകേഴ്ക്കയായ്. ൬൧

Digitized By Kerala Sahitya Akademi

ഏററം വാഴ്ക്കേല്ക്കയാൽ, നഞ്ഞമ്പേററ പെണ്മാനപോലവൾ
ചിരഞ്ചാശ്രു,വരണി തിയ്യിനെപ്പോലെ തൂകിനാൾ.
അവൾക്കൾച്ചൂടിവണ്ടായെ ഉങ്കിന്നേതിർകണ്ണുനീർ
കണ്ണിൽനിന്നൊഴുകി, ... നമ്പു പോലവേ.
ഉൾച്ചൂടാൽ,കണ്ണു നിറഞ്ഞൊവെണ്മതിരിച്ചുതിരാം മുഖം,
നീരിൽനിന്ന പറിച്ചോരു താമരപോലെ വരണ്ടുപോയ്.
മെട്ടിപ്പൂണ്ടൊരു, ഭ്രമമോടെ വെളിവററവളെത്തദാ
ആശ്വസിപ്പിച്ചുകൊണ്ടൊന്നു ചൊല്ലിനാൻ രാഘവൻ തദാ:-
“ദേവി, നിന്നോടു വേർപെട്ടിട്ടിച്ഛിയ്ക്കാ വിണ്ണുകൂടി ഞാൻ;
ഭയമൊന്നില്ലെനിയ്ക്കങ്ങ, സ്വയംഭൂവിന്നു പോലവേ.
നിൻപക്ഷമെല്ലാമറിയാഞ്ഞിട്ടല്ലോ ഞാൻ ശുഭാനനേ,
കൈക്കൊള്ളാഞ്ഞതു കാട്ടിൽപ്പാർപ്പാ,ളാം കാപ്പതിനെങ്കിലും വവ്വ
ഞാനൊത്തു കാട്ടിൽപ്പാർപ്പാനായ്സ്സൃഷ്ടിയ്ക്കപ്പെട്ടൊരുത്തി നീ;
ത്യജിയ്ക്കാവല്ലെനിയ്ക്കല്ലാ, ധീരന്നു പുകൾ പോലവേ!
മുമ്പാർയ്യർ ചെയ്യുതാം ധർമ്മം കൊൾവൻ കരികരോരു, ഞാൻ;
ചേർന്നുകൊൾകെങ്കലിന്നിനിൽസ്സുവർച്ചല കണക്കെ നീ. ൩൦
പോകാതിരിയ്ക്കയില്ലാ ഞാൻ കാട്ടിലേയ്ക്കു വിദേഹജേ;
കൊണ്ടുപോകുന്നിതിവനെ നേരൊത്തച്ഛൻറയാ മൊഴി.
ധർമ്മമല്ലോ വരശ്രോണി, മാതൃതാതാനുവർത്തനം;
അതിനാലതിനെത്തള്ളിജ്ജീവിപ്പാൻ ശക്തനല്ല ഞാൻ. ൩൧
എങ്ങോ കിടക്കും ദൈവത്തെച്ചെമ്മേ പൂജിപ്പതെങ്ങിനെ,
ഇങ്ങുതാനുള്ള താതാംബാഗുരുക്കന്മാരെ വിട്ടു നാം?
ആ മൂവർ മൂപ്പാർ; തത്തുല്യം മറെറാന്നില്ലിങ്ങു ശുദ്ധമായ്;
അതുകൊണ്ടാണു പൂജിയ്ക്കപ്പെടുന്നതു സുലോചനേ. ൩൨
സത്യവും ദാനവും മാനം സുദക്ഷിണമഖങ്ങളും
സീതേ, നൽപ്പിതൃസംസേവയ്ക്കൊപ്പം ബലദമായ്വരാ.
സ്വർഗ്ഗവും ധനധാന്യങ്ങൾ വിദ്യ പുത്രർ സുഖങ്ങളും:
ഗുരുസംസേവനംകൊണ്ടു കിട്ടാതില്ലൊരു വസ്തുവും, ൩൩

Digitized By Kerala Sahitya Akademi

ദേവഗന്ധർവ്വഗോലോകം ബ്രഹ്മലോകങ്ങളും നരർ
നേടും, നെഞ്ചിളകാത നമ്മമാരെണ്ണുമിയ്ക്കുകിൽ.
ആസ്സത്യധർമ്മമാർഗ്ഗസ്ഥനച്ഛനിങ്ങരുൾചെയ്യുമത
അനുഷ്ഠിപ്പാൻ നിനച്ചു ഞാ;-നതല്ലോ ധർമ്മമക്ഷയം. ൨൯
സീതേ, മടിച്ചു ഞാൻ നിന്നെദ്ദണ്ഡകക്കാടു കേറുവാൻ;
നീയോ തീർപ്പിട്ടു, 'പോക്കാം ഞാ'നെന്നെ,ന്നൊപ്പിന്നുടന്നിടാൻ.
തന്നെനന്നാജ്ഞയേത തന്വി, കാട്ടിന്നു മടിരേക്ഷണേ;
പോന്നുകൊൾകെന്നോടും ഭീരു, സഹധർമ്മിണിയാക നീ. ൩൦
സർവ്വഥാ ചേർന്നതായ് സീതേ, നിൻകുലത്തിന്നെനിയ്ക്കുമേ:
എത്രയും തല്ലതാം തീർപ്പിലല്ലോ കാൽവെച്ചു നീ പ്രിയേ.
തുടങ്ങു, കാട്ടുവാഴ്ച്ചയ്ക്കു വേണ്ടും കർമ്മം നിതംബിനി;
നിന്നോടുക്കൂടാതിനി മേ വേണ്ടാ വിണ്ണും വിദേഹജേ! ൩൧
ആരണന്മാർക്കു രത്നങ്ങൾ, പിച്ചക്കാർക്കന്നവും
കൊടുക്ക വേണ്ടവർക്കെല്ലാം; തിടുക്കം കൊൾക, വൈകൊലാ.
വിലയേറിയ പണ്ടങ്ങൾ, മികച്ച വസനങ്ങളും,
രമ്യങ്ങളാകിയ കളിപ്പാട്ടങ്ങൾ ചിലതുള്ളതും, ൩൨
എൻകിടയ്ക്കുകൾ, യാനങ്ങൾ, മററുള്ളവയുമങ്ങിനെ
കൊടുക്ക നിൻെറ ഭൃത്യർക്ക്, വിപ്രർക്കേകിയതിന്നുമേൽ."
തൻയാത്ര ഭർത്താവിന്നു സമ്മതമായെന്നറിഞ്ഞതിൽ
മോദിച്ചു ദേവി ചിക്കെന്നു ദാനത്തിനായൊരുങ്ങിനാൾ; ൩൩

പ്രിയൻെറ വാക്യം നിശമിച്ചു ഹർഷമാ-
ന്നകം നിറഞ്ഞാപ്പുകൾ പെററ സുന്ദരി
ഒരുങ്ങിനാൾ, ധർമ്മപരർക്കു രത്നവും
ധനങ്ങളും നല്കിടുവാൻ മനസ്വിനി.

---

## മുപ്പത്തൊന്നാം സർഗ്ഗം: ലക്ഷ്മണാനുവാദം.

---

എന്നീസ്സംഭാഷണം കേട്ടു, മുന്നമേ വന്ന ലക്ഷ്മണൻ
മാൽ പൊറുക്കാഞ്ഞു കണ്ണീരു വാർത്തുകൊണ്ടതികീർത്തിമാൻ

Digitized By Kerala Sahitya Akademi

ജ്യേഷ്ഠന്റെ കാല്ക്കൽ മുറുകെപ്പിടിച്ചു രഘുനന്ദനൻ
ചൊന്നാൻ സീതയോടും ശ്രേഷ്ഠവ്രതനാം രാമനോടുമേ:- ൨
"മൃഗേഭവ്യാപ്തമാം കാട്ടിൽപ്പോകയാണെന്നിരിക്കിലോ,
നിൻകൂടെക്കാട്ടിലെയ്ക്കുണ്ടു, മുമ്പേ വില്ലുമെടുത്തു ഞാൻ.
കല്പിച്ചു സഞ്ചരിച്ചീടാമങ്ങയ്ക്കെന്നോടുകൂടവേ
പാടേ പക്ഷിമൃഗക്കൂട്ടമാർക്കും പല വനങ്ങളിൽ. ൪

ദേവലോകാക്രമണവും വേണ്ടെനിക്കമരത്വവും;
ലോകൈശ്വര്യമിച്ഛിക്കുന്നില്ലാ നിന്നെപ്പിരിഞ്ഞു ഞാൻ!"
എന്നുരച്ചടവീവാസം തീരുമാനിച്ച ലക്ഷ്മണൻ
വീണ്ടും ചൊന്നാൻ; പലേ സാന്ത്വം കൊണ്ടു രാമൻ വിലക്കവേ:-

"അനുജ്ഞ തന്നിരിക്കുന്നുവല്ലോ മുല്പാടെനിക്കു നീ;
പിന്നെയെന്താ,ണിതിൻവണ്ണമെന്നെയിപ്പോൾത്തടുക്കുവാൻ?
യാതൊന്നിന്നോ വിലക്കുന്നു പോരാനിച്ഛിക്കുമെന്നെ നീ,
അതൊന്നറികവേണം മേ; ശങ്കയുണ്ടു മമാനഘ." ൬
ചൊന്നാൻ തേജസ്വിയാം രാമൻ വീരലക്ഷ്മണനോടുടൻ,
മുമ്പേ പോകാൻ മുതിർന്നിട്ടു മുന്നിൽത്തൊഴുതിരിക്കവേ:-
"സ്നേഹിതൻ ധാർമ്മികൻ ധീരനെപ്പോഴും സൽപഥസ്ഥിതൻ
പ്രാണപ്രിയൻ വിധേയൻ നീ തമ്പി തോഴനുമാണു മേ. ൧൦

നീയെന്റെകൂടെസ്സൗമിത്രേ, കാട്ടിലെയ്ക്കിന്നു പോരുകിൽ,
കൗസല്യയെബ്ഭരിപ്പാനാ,രസ്സുമിത്രാഖ്യയാളെയും?
കാമങ്ങൾ മന്നിൽക്കാർമേഘം പോലെ വർഷിപ്പതേവനോ,
ആത്തേജസ്വി മഹീപാലൻ കാമപാശക്കെട്ടിലായ്! ൧൨

ഈ നാടു നേടിയിട്ട,ശ്വപതിഭൂപന്റെയാം മകൾ
മാഴ്കും സപത്നിമാർക്കേതോ ചെയ്യുന്നു വല്ല നന്മയും?
ഓർക്കാ, മാലാണ്ട കൗസല്യ സുമിത്രയിവരെദ്ദൃഢം
നാടു കൈവന്ന ഭരതൻ, കൈകേയിക്കടിപ്പെട്ടവൻ. ൧൪

രാജാനുമതിയാലോ താന്താനോ രക്ഷിക്ക ലക്ഷ്മണ,
പേരമ്മ കൗസല്യയെയിങ്ങി;പ്പറഞ്ഞതു ചെയ്ക നീ,

Digitized By Kerala Sahitya Akademi

എന്നാംപിലവേരിൽ നിൻഭക്തി നന്നായ്ക്കാണിച്ചതാസ്ഥതം;
ധർമ്മജ്ഞ, ധർമ്മവും വായ്ക്കും നിശ്ചയം ഗുരുസേവയിൽ. ൧൩
ഇവണ്ണം ചെയ്യുന്നിരിക്കായ് നീ സൌമിത്രേ, രഘുനന്ദന:
നാം രണ്ടുപേരും വേർപെട്ടാലമ്മയ്ക്കുണ്ടാവുരാ സുഖം."
രാമൻ മയത്തിലീവണ്ണം ചൊന്നനേരത്തു ലക്ഷ്മണൻ
വാക്യജ്ഞനാം രാമനൊടു വാഗ്മിയുത്തരമോതിനാൻ:- ൧൯
"പൂജിച്ചുകൊള്ളും ഭരതൻ വീര, നിൻശക്തികൊണ്ടു താൻ,
കില്ലില്ല, 'കൌസല്യയെയും സുമിത്രയെയുമാദരാൽ
എന്നെപ്പോലായിരം പേരെയാശ്ലി കൌസല്യ പോററുമേ:
കിട്ടിയിട്ടുണ്ടിവൾക്കല്ലോ പൊററാൻ ഗ്രാമമായിരം. ൨൦
അതിനാൽക്കഴിവുള്ളോൾ താൻ തന്നെപ്പോററാൻ മനസ്വിനി,
എന്നമ്മയെയുമെന്നുകാരെയും പോററുവാനുമേ.
കൊണ്ടുപോയ്ക്കൊൾക നീയെന്നെ,ത്തരക്കേടൊന്നുമില്ലിതിൽ;
ഞാനോ, കൃതാർത്ഥനായ്ത്തീരും; തവ കാര്യവുമൊത്തിടും. ൨൨
വില്ലുമമ്പുമെടുത്തിട്ടു കൊട്ട കോക്കോട്ടുമേന്തി ഞാൻ
നീമുന്നിൽ,വഴി കാണിച്ചുതന്നുകൊണ്ടു നടക്കവൻ.
പതിവായ്ക്കൊണ്ടുവരുവൻ തവ മൂലഫലങ്ങളും,
തപസ്വികൾക്കശിയ്ക്കാവും കാട്ടുവസ്തുക്കൾ മററുമേ. ൨൪
രമിയ്ക്കാം മൈഥിലിയുമൊത്തങ്ങയ്ക്കദ്രിതടങ്ങളിൽ;
ഞാൻ ചെയ്യുന്നെല്ലാമങ്ങയ്ക്കു ജാഗ്രത്തിൽ സ്വപ്നത്തിലും."
ഈ വാക്കാൽ പ്രീതനായ് രാമൻ ചൊന്നാനവനൊടുത്തരം:-
"പോകുകൊൾകി,ഷ്ടരോടെല്ലാം യാത്ര ചൊല്ലുക ലക്ഷ്മണ. ൨൬
ജനകക്ഷ്മാപവൻയാഗത്തിങ്കൽവെച്ചേകിയില്ലയോ
താന്താൻ മഹാനാം വരുണൻ രണ്ടു ദിവ്യോഗ്രവില്ലുകൾ,
പൊട്ടാച്ചട്ടകൾ, ദിവ്യങ്ങളമ്പൊടുങ്ങാത്ത തൂണികൾ,
സൂര്യനെപ്പോലെ മിന്നുന്ന രണ്ടു പൊന്നാണി വാളിവ: ൨൮
പൂജിച്ചാചാര്യഗേഹത്തിൽ വെച്ചിട്ടുള്ളാ മഹായുധം
എല്ലാമെടുത്തു നീ വേഗം വന്നുചേരുക ലക്ഷ്മണ."

Digitized By Kerala Sahitya Akademi

യാത്ര മിത്രങ്ങളോടോതി, കാട്ടിൽപ്പാർപ്പാനുറച്ചവൻ
ഇക്ഷ്വാകുഗുരുവെപ്പൂജ കൈക്കൊണ്ടോരുത്തമായുധം. ൩൦

പൂമാലാലങ്കൃതം രാജശാർദ്ദൂലപരിപൂജിതം
അട്ടിവ്യായുധമെല്ലാമേ രാമനെക്കാട്ടി ലക്ഷ്മണൻ.
വന്ന ലക്ഷ്മണനോടോതി പ്രീതനായ് രാമനാത്മവാൻ:—
"ഞാനൊത്തുനേരമേ വന്നുചേർന്നു നീ സൌമ്യ, ലക്ഷ്മണ: ൩൨

ദാനംചെയ്യാൻ വിചാരിയ്ക്കുയാണെന്നുതലിതൊക്കെ ഞാൻ
തപസ്വിബ്രാഹ്മണർക്കായി നിന്നോടൊപ്പം പരന്തപ;
ഗുരുഭക്തി തികഞ്ഞിങ്ങു പാർപ്പുണ്ടല്ലോ ദ്വിജോത്തമർ,
അവർക്കു,മധികം ഞാനോതിച്ചെന്റെ ഭൃത്യർക്കുമൊക്കയും. ൩൪

ദ്രുതം വസിഷ്ഠാത്മജനാകുമാര്യ-
സുയജ്ഞവിപ്രേന്ദ്രനെ നീ വരുത്തൂ;
മററുള്ള സദ്വിപ്രരെയും പരക്കെ-
പ്പൂജിച്ചു വേണം വനനിർഗ്ഗമം മേ."

—*—

മുപ്പത്തിരണ്ടാം സർഗ്ഗം: യാത്രാദാനം.

—*—

ജ്യേഷ്ഠന്റെയേററം ശുഭമാമിഷ്ടശാസനമേററവൻ
ചെന്നുപൂകി സുയജ്ഞന്റെ മന്ദിരത്തിങ്കലഞ്ജസാ.
വന്ദിച്ചു,ഗ്നിഗൃഹേ മേവും വിപ്രനോടോതി ലക്ഷ്മണൻ:—
'വരൂ, ദുഷ്കരകർമ്മാവിൻ ഗൃഹത്തിൽക്കാണുവാൻ സഖേ'. ൨

വെക്കം സന്ധ്യയെ വന്ദിച്ചു പോന്നു സൌമിത്രിയൊത്തവൻ,
ആ ലക്ഷ്മി ചേർന്ന ചേലേറും രാമഗേഹത്തിലെത്തിനാൻ.
രാമൻ കൈതൊഴുതാ വന്ന വേദവിത്താം സുയജ്ഞനെ
സീതയൊത്തെതിരേററാനങ്ങാ,ഹുതാഗ്നിയെയാംവിധം. ൪

നൽത്തങ്കത്തോൾവളകളും ചേലൊക്കും കുണ്ഡലങ്ങളും,
രത്നങ്ങളും കോർത്ത പൊൻനൂല്,കേയൂരകടകങ്ങളും,

Digitized By Kerala Sahitya Akademi

മററഗ്ര്യവസ്തുക്കളുമേ നല്കീ പെരുത്തു രാഘവൻ;
പിന്നെസ്സുയജ്ഞനോടോതീ രാമൻ, സീത കഥിയ്ക്കയാൽ:- ൮
"ഭാര്യയ്ക്കായ്സ്സൌമ്യ, മേടിയ്ക്കു: പൊൻതൂഞ്ചും മുത്തുമാലയും
അരഞ്ഞാണുമിതാ, നല്കാനിച്ഛിപ്പൂ സീത തോഴരേ;
വിചിത്രത്തോൾവളകളും നല്ല കേയൂരകങ്ങളും
തരുന്നു തവ ഭാര്യയ്ക്കായ്സ്സഖേ, കാട്ടിൽഗ്ഗമിപ്പവൾ; ൯
നാനാരത്നമണിഞ്ഞഗ്ര്യമേൽവിരിപ്പൊത്ത കട്ടിലും
ഭവാനു തരുവാനുണ്ടു വിചാരിയ്ക്കുന്നു മൈഥിലി.
എനിയ്ക്കു മാതുലൻ തന്ന ശത്രുഞ്ജയഗജത്തെ ഞാൻ
ആയിരം നിഷ്കമൊത്തങ്ങേയ്ക്കേകിടുന്നേൻ ദ്വിജർഷഭ." ൧൦
എന്നു രാമൻ പറകയാലതു വാങ്ങിസ്സുയജ്ഞനും
രാമസീതാലക്ഷ്മണർക്കു നല്ലാശിസ്സുകളേകിനാൻ.
സ്വസ്ഥനായ്ത്തീർന്നു തന്നോമൽത്തമ്പി ലക്ഷ്മണനോടുടൻ
ചൊന്നാൻ പ്രിയംവദൻ രാമൻ, ബ്രഹ്മാവിന്ദ്രനോടാംവിധം:-
"അഗസ്ത്യകൌശികരിരുദ്വിജശ്രേഷ്ഠരെ ലക്ഷ്മണ,
വിളിച്ചുച്ചിയ്ക്കു രത്നത്താൽ, നീരാൽസ്സസ്യത്തെയാംവിധം;
തോഷിപ്പിയ്ക്ക മഹാബാഹോ, ഗോലക്ഷംകൊണ്ടു മാനദ,
പൊൻവെള്ളികൊണ്ടും വിലയേറീടും മണികൾകൊണ്ടുമേ. ൧൧
കൌസല്യയെ,ക്കനിഞ്ഞാശിസ്സേകിസ്സേവിപ്പതില്ലയോ
തൈത്തിരീയർക്കു ഗുരുവാമൊരു വേദജ്ഞപണ്ഡിതൻ;
അവന്നു നല്ക, സൌമിത്രേ, യാനവും ദാസിമാരെയും
പുഴുനൂല്പട്ടുകളു,മാ ദ്വിജൻ തോഷിയ്ക്കുവോളവും. ൧൨
ആര്യചിത്രരഥൻ സൂതൻ സചിവൻ സുചിരോഷിതൻ;
തോഷിപ്പിയ്ക്കവനെ ശ്രേഷ്ഠരത്നവസ്ത്രധനങ്ങളാൽ,
ആയിരം പൈക്കളാ,ലെല്ലാച്ചെറുകാലികളാലുമേ.
പലർ മേ കാഠകാലാപരുണ്ടല്ലോ ദണ്ഡമാണവർ. ൧൩
നിത്യം സ്വാധ്യായശീലതയാൽ മറെറാന്നും ചെയ്യിടാത്തവർ



Digitized By Kerala Sahitya Akademi

അഷ്ടിപ്രിയരമാന്തക്കാർ മഹാന്മാർക്കും സുസമ്മതർ;
അവർക്കേകുക, രത്നങ്ങളും നിറച്ചെന്നുള്ള വാഹനം;
ഓരായിരം പൊതിക്കുന്നെമിരുന്നൂറേറുമൂരിയും ൧൦
പാൽനെയ്യിന്നായിരം പൈക്കളേയുമേകുക ലക്ഷ്മണ.
കൌസല്യയ്ക്കരികത്തുള്ളോ വളരെ ബ്രഹ്മചാരികൾ,
അവർക്കോരായിരം വീതം കൊടുത്തീടുക ലക്ഷ്മണ.
അമ്മ കൌസല്യയെൻദാനം കൊണ്ടാടുംപടി ലക്ഷ്മണ, ൧൧
പൂജിയ്ക്കുകാ ദ്വിജന്മാരെയെല്ലാമെല്ലാററിനാലുമേ."
ഉടനാപ്പുരുഷവ്യാഘ്രൻ ലക്ഷ്മണൻ സ്വയമദ്ധനം
ചൊന്നപോലാരണേന്ദ്രർക്കു നല്കി, ധനദനാംവിധം.
പിമ്പ,ശ്രുകന്മാരായ് നില്ക്കും ഭൃത്യന്മാരോടു ചൊല്ലിനാൻ, ൧൨
ഓരോരുവന്നും പൊറുതിയ്ക്കുറെ ദ്രവ്യം കൊടുത്തുതാൻ:—
"ലക്ഷ്മണനെൻറ ഗൃഹത്തിങ്കലീയെൻറ ഭവനത്തിലും
വെവ്വേറെയാള് പാർക്കേണം ഞാൻ തിരിച്ചെത്തുവോളവും."
എന്നാദ്ദുഃഖിതരാം ഭൃത്യന്മാരോടെല്ലാമുരച്ചുടൻ, ൧൩
'ധനം വരുത്തുകെ'ന്നായിധനാധ്യക്ഷനൊടോതിനാൻ.
പില്പാടു ഭൃത്യരവിടെയ്ക്കെത്തിച്ചു ധനമൊക്കയും;
അതങ്ങേററം വലുപ്പത്തിൽക്കൂട്ടികാണായി ഭംഗിയിൽ.
ഉടൻ സൌമിത്രിയോടൊത്താപ്പുരുഷർഷഭനദ്ധനം ൧൪
നല്കിനാൻ ബാലവൃദ്ധർക്കും പാവങ്ങൾക്കും ദ്വിജർക്കുമേ.
വന്നാനന്നവിടെഗ്ഗാർഗ്ഗ്യൻ പിംഗളൻ ത്രിജടദ്വിജൻ
തോട്ടിപാരകൾകോക്കോട്ടൊത്തുഞെരുവൃത്തി വനസ്ഥിതൻ;
ആ വൃദ്ധദ്വിജനോടോതീ ഭാര്യ യൌവനശാലിനി ൨൦
കൊച്ചുമക്കളെയും കൊണ്ടു, ദാരിദ്ര്യത്താൽ വലഞ്ഞവൾ:-
പാര കോടക്കോട്ടിവ കളഞ്ഞെ,ൻെറ വാക്കൊന്നു ചെയ്ക നീ:
ധർമ്മിയാം രാമനെക്കാണ്‌ക, കിട്ടുമങ്ങയ്ക്കു വല്ലതും.
ഭാര്യ ചൊന്നതു കേട്ടിട്ടു കീറമുണ്ടുമുടുത്തവൻ ൨൧
പോന്നു, രാമൻെറ ഗേഹത്തെയ്ക്കുള്ള മാർഗ്ഗത്തിലൂടവേ.

Digitized By Kerala Sahitya Akademi

ഭൃഗ്വംഗിരസ്സമം തേജസ്സൊക്കുമാ ത്രിജടാഖ്യനെ
ആഹ്ലാദതരംഗത്തിൽത്തടഞ്ഞീല,ഞങ്ങൊം കെട്ടാളമാരുമേ.
അമ്മട്ടു രാമനാരികിൽച്ചെന്നാ ത്രിജടനോതിനാൻ, ൧൪
'മക്കളേറും ദരിദ്രൻ ഞാനുഞ്ഛവൃത്തി സദാ വനേ;
രാജപുത്ര, മഹാകീർത്തേ, നോക്കുകൊന്നെന്നെ'യെന്നടൻ.
അന്നേരമവരനോടോതി പുഞ്ചിരിക്കൊണ്ടു രാമനാം:-
"ഒരായിരം പൈക്കളെയല്ലിവിടെയുള്ളു തരുന്നു ഞാൻ; ൧൫
എത്രയുള്ള ദണ്ഡെറിഞ്ഞീട്ട,മത്രയുള്ളും കിട്ടുമേ തവ."
വെമ്പിപ്പിടഞ്ഞരയിലാ മുണ്ടുറപ്പിച്ചുടൻ്റെയവൻ
വീശിക്കെല്ലൊക്കെയിട്ടക്കിലെറിഞ്ഞാനൊരു ദണ്ഡിനെ.
അവൻ്റെ കൈ വിട്ടദണ്ഡു സരയൂതീരഭൂമിയിൽ, ൧൬
നൂറായിരംപൈപനിരയിൽച്ചെന്നുവീണു വൃഷാന്തികേ.
ധർമ്മാത്മാവാ ത്രിജടനെപ്പുണർന്നിട്ടു, തദാശ്രമേ
എത്തിച്ചാൻ,സരയൂതീരംവരെയുള്ള പശുക്കളെ.
എന്നിട്ടു സാന്ത്വനം ചൊന്നാനഗ്ഗാർഗ്ഗ്യനൊടു രാഘവൻ:- ൪൦
"രുഷിച്ചില്ല തോന്നരു,തിതെൻ നേരംപോക്കാണു കേവലം.

അപാരമല്ലോ ഭവദീയമാം കരു-
ത്ത;തൊന്നു കാണുന്നതിനാണു, നിന്നെ ഞാൻ
ഇതിന്നൊരുങ്ങിച്ചതു; വേറെ വല്ലതും
വിനപ്പതുണ്ടെങ്കിൽ വരിച്ചുകൊൾകിനി.
കഥിയ്ക്കുവൻ വാസ്തവമേ ഭവാനിതിൽ-
ത്തടസ്സമില്ലെ;-ന്മുതലാരണക്കൾതാൻ;
ഭവാദൃശർക്കായ് വിധിപോലെ നല്കിലേ
മമാർജ്ജിതം പ്രീതിയശോദമായ് വരൂ." ൪൧
പശുക്കളെത്തോഷമൊടേററുവാങ്ങിയാ-
സ്സഭാര്യനാകും ത്രിജടഷിസത്തമൻ,
'യശോബലപ്രീതിസുഖങ്ങളാം വായ്ക്കുകെ'-
ന്നനുഗ്രഹിച്ചാൻ പെരിയോനെ മേല്ക്കുമേൽ,
കൃതാർത്ഥമാം മാനസമോടു രാമനും

Digitized By Kerala Sahitya Akademi

സ്വധൎമ്മവിൎജ്ജിതമാം മഹാധനം,
യഥാൎഹമായിട്ടഭിനന്ദനങ്ങളും
കഥിച്ചുടൻ തത്ര ജനത്തിനേകിനാൻ.
ദ്വിജാതിയോ, തത്ര സുഹൃത്തു,ഭൃത്യനോ,
ദരിദ്രനായീടിന പിച്ചതെണ്ടിയോ,
യഥാൎഹസമ്മാനനമാം കൊടുക്കലിൻ
തിരക്കിലില്ലാ തെളിയാതെയാരുമേ!

---

മുപ്പത്തിമൂന്നാം സൎഗ്ഗം: രാമൻെറ രാജാലയപ്രവേശം.

---

വൈദേഹിയൊത്തു വിപ്രൎക്കു വിത്തമേററം കൊടുത്തുടൻ
അച്ഛനെക്കാണുവാൻ പോന്നാർ സീതയോടൊത്തു രാഘവർ.
വിളങ്ങി നോക്കുവാൻ വയ്യാതവർ കൈക്കൊണ്ട വില്ലുകൾ,
പുഷ്പമാലകളും തൂക്കി വൈദേഹിയണിയിച്ചവ. ൨
പ്രാസാദഹൎമ്മ്യങ്ങളിലേഴ്നിലമേടകൾമേലുമേ
കേറിത്തദാ നിരുന്മേഷം നോക്കിനാരാഢ്യരാം നരർ;
ആൾത്തിക്കിനാൽപ്പാതകളിൽച്ചെല്ല വയ്യാതെയാകയാൽ
മേടമേലേറി വീക്ഷിച്ചാരക്കാകുത്സ്ഥനെയാൎത്തരായ്. ൪
കാൽനടയ്ക്കായ്ക്കുടയുമില്ലാതേ പോകുന്ന രാമനെ
കണ്ടല്ലലാൎന്നരെല്ലടത്തൊതി പലതുമാളുകൾ:-
"ആർ പോകെപ്പിറ്റുടരുമോ ചതുരംഗപ്പെരുംപട,
അവൻെറ കൂടെയുണ്ടിപ്പോൾസ്സീതയൊത്തേകലക്ഷ്മണൻ! ൬
ഐശ്വൎയ്യസ്വാദറിഞ്ഞിട്ടും, ഭോഗ്യങ്ങൾക്കാകരം മഹാൻ
അച്ഛൻെറ വാക്കു പാഴാക്കാനൊപ്പീലാ ധൎമ്മനിഷ്ഠയാൽ!
മുമ്പാരെ വാനിലുള്ളോൎക്കും കാണാൻ പററാതിരുന്നുവോ,
അസ്സീതയെയിതാ, കാണ്മൂ പാതമേൽ നില്ക്കുമാളുകൾ! ൮
ചെഞ്ചന്ദനമണിഞ്ഞീടുമംഗരാഗാഢ സീതയെ
നിറംകെടുത്തുമേ ശീതച്ചൂടുംമഴ ചൂടു തണുപ്പിവ!

Digitized By Kerala Sahitya Akademi

പിശാചേററിട്ടതാകയാണിപ്പോൾ ദശരഥൻ ധ്രുവം:
പോക്കുവാൻ തോന്നുകില്ലല്ലോ തമ്പുരാനോമലുണ്ണിയെ! ൧൦
ഗുണമില്ലാത്ത മകനെപ്പോലുമെങ്ങിനെ പോക്കിടും?
പിന്നെയുണ്ടോ, നടപ്പാൽത്താനിലോകം വെന്ന പുത്രനെ?
അഹിംസ ദയ മൎയ്യാദ നൽപ്പഠിപ്പു ദമം ശമം
ഇഷ്ടഷഡ്ഗുണം വിളങ്ങിപ്പൂ പുരുഷോത്തമരാമനെ. ൧൨
അതുകൊണ്ടവനെ ദ്രോഹിയ്ക്കയാൽ നാട്ടാർ വലഞ്ഞുപോയ്,
വേനല്ക്കു നീർ വററുകയാൽജ്ജലജന്തുക്കൾ പോലവേ.
പീഡിപ്പു ലോകമെല്ലാമീ ലോകനാഥൻെറ പീഡയാൽ,
വേരറുക്കുകയാൽപ്പൂത്തു കായ്ച വൃക്ഷം കണക്കിനെ: ൧൪
ഇവൻ നരൎക്കു വേരല്ലോ ധൎമ്മസാരൻ മഹാദ്യുതി;
പൂകായുമിലയും കൊമ്പുമാണിവന്നന്യരൊക്കയും.
അതിനാൽ, ലക്ഷ്മണൻപോലേ, പത്നീബന്ധുക്കളൊത്തുടൻ,
പോകമ്പോൾപ്പിന്തുടരുക, രാഘവൻ പോമിടത്തു നാം; ൧൬
പൂങ്കാവും ക്ഷേത്രവും വീടും വിട്ടു ധാൎമ്മികരാമനെ
സമാനദുഃഖസുഖരായ്പ്പിന്തുടൎന്നീടുകിന്നു നാം.
നിധി മാന്തിയെടുക്കപ്പെട്ടവ, മുററം തകൎന്നവ,
ധനധാന്യാദിസമ്പത്തൊട്ടൊക്കെടുത്തുകഴിഞ്ഞവ, ൧൮
പൊടി, പാടേ പാറിയവ, ദൈവതങ്ങൾ വെടിഞ്ഞവ,
മട തീൎത്തു കിടന്നോട്ടുമെലിക്കൂട്ടം ചുഴന്നവ,
വെള്ളവും പുകയും തൂത്തുതളിയും വേർപിരിഞ്ഞവ,
ബലികൎമ്മേഷ്ടിയും മന്ത്രം ഹോമം ജപവുമററവ, ൨൦
ദുഷ്കാലഭഗ്നതുല്യങ്ങൾ, ഭാജനങ്ങളുടഞ്ഞവ,
നമ്മൾ കൈവിട്ട ഗേഹങ്ങൾ നേടിക്കൊള്ളട്ടെ കൈകയി!
കാടോ, നഗരമാവട്ടേ രാഘവൻ ചെല്ലുകാരണം;
നമ്മൾ കൈവിട്ടിടുകയാൽക്കാടായ്ത്തീരട്ടെ പട്ടണം! ൨൨
ദംഷ്ട്രിവൎഗ്ഗം മടകളും, മൃഗപക്ഷികൾ സാനുവും
വിടട്ടെ, നമ്മെപ്പേടിച്ചു ഗജസിംഹങ്ങൾ കാട്ടുമേ;

Digitized By Kerala Sahitya Akademi

നാം വെടിഞ്ഞതു പൂകട്ടേ; കൈവിടട്ടേ ഭജിപ്പതും.
പുൽ മാംസം കായ്കൾ തിന്മോർതൻ ദേശം ക്രൂരമൃഗദ്വിജം ൨൪
നേടിക്കൊള്ളട്ടെ കൈകേയി പുത്രബന്ധുസമേതയായ്!
കാട്ടിൽപ്പാർക്കാം നമുക്കെല്ലാം രാമനോടൊത്തു സൌഖ്യമായ്,
എന്നായ് നാനാജനം ചൊന്ന പലമാതിരി വാക്കുകൾ
കേട്ടു രാമൻ; കലുങ്ങീലാ കേട്ടിട്ടവന്റെ മാനസം! ൨൫

അവൻ പിതൃഗൃഹം ദൂരാൽ കൈലാസശിഖരപ്രഭം
ചെന്നണഞ്ഞിതു ധർമ്മിഷ്ഠൻ മത്തമാതംഗവിക്രമൻ.
ഔൽക്കം പൂണ്ട വീരനാരാൾക്കാർ ചേർന്ന നൃപാലയം
പുക്കു കണ്ടാന,ട്ടത്താൽത്തിപ്പെട്ടു നിൽക്കും സുമന്ത്രനെ. ൨൬

ജനങ്ങൾതൻ ദീനത കാൺകിലും പോ-
ത്തദീനനായ് പുഞ്ചിരി പൂണ്ടു രാമൻ
പിതാവിനെക്കാണ്മതിനങ്ങു ചെന്നാൻ,
പിതാവുതന്നാജ്ഞ ശരിയ്ക്കു ചെയ്വാൻ.
സുധീരന,പ്പോൾമുതലില്ലൽമൂത്ത
സുമന്ത്രനെക്കണ്ടു, കകുൽസ്ഥപുത്രൻ
കാട്ടിന്നു പോം രാമനദീനനങ്ങു
നിന്നാൻ പിതാവിങ്കലുണർത്തുവാനായ്; ൨൭
പിതാവുതൻ ചൊല്പടി കാടു പൂകാൻ
നിനച്ചുറച്ചീടിന ധർമ്മവത്സലൻ
സുമന്ത്രനെക്കണ്ടുരചെയ്തു രാഘവൻ:—
"നൃപങ്കൽ, ഞാൻ വന്നതുണർത്തുകൊന്നു നീ."

—*—

## മുപ്പത്തിനാലാം സർഗ്ഗം: ദശരഥാമന്ത്രണം.

—*—

ശ്യാമൻ തണ്ടാരിതൾക്കണ്ണൻ മഹാൻ രാമൻ കൃശോദരൻ
ചൊന്നാനസ്സൂതനോ, 'ടെന്നെയച്ഛനോടോതുകെ'ന്നുടൻ.

Digitized By Kerala Sahitya Akademi

രാമപ്രേഷിതനസ്സൂതൻ ദ്രുതം താപാവിലേന്ദ്രിയൻ
ഉൾപ്പുക്കു കണ്ടാൻ നെടുവീർപ്പിട്ടുന്ന നരപാലനെ: ൬
ചാരം മൂടിയ തീ പോലെ, ഗ്രസ്തനാം രവി പോലവേ,
നീർ വററിയ കുളം പോലെ കാണപ്പെട്ടു മഹീശ്വരൻ.
കണ്ടു സൂതൻ തൊഴുതു ചെന്നണഞ്ഞാനതി പണ്ഡിതൻ,
രാമനെത്തന്നെയോർത്തുള്ളിൽ തേട്ടമാകുലചിത്തനെ. ൭
മുമ്പേ ജയാശിസ്സുരചെയ്താ, രാജാവോടു സാരഥി
പരുക്കനൊച്ചയിൽച്ചൊന്നാൻ പേടിച്ചിടറി മെല്ലവേ:—
"ഇതാ, വാതില്ക്കൽ നില്പുണ്ടാ നിന്നുണ്ണി പുരുഷർഷഭൻ,
ധനമെല്ലാം ദ്വിജന്മാർക്കും ഭൃത്യർക്കും നല്കിവിട്ടവൻ. ൮
തിരുമേനിയെയാ രാമൻ കാണട്ടെ സത്യവിക്രമൻ,
മിത്രരോടൊക്കെ വിടചൊന്നിപ്പോഴം നിങ്കാഴ്ച തേട്ടവോൻ.
ഗമിഷ്യയായ് പെരുംകാട്ടിന;-വനെക്കാണ്ക ഭൂപതേ,
സർവ്വരാജഗുണം ചേർന്ന രശ്മിമത്സംഖ്യതുല്യനെ." ൯
ആസ്സത്യവാദി ധർമ്മിഷ്ഠൻ ഗാംഭീര്യാൽസ്സാഗരോപമൻ
ആകാശം പോലതിസ്വച്ഛൻ ഭൂപനവനൊടോതിനാൻ:—
"സുമന്ത്ര, കൊണ്ടുവന്നാലുമിങ്ങുള്ളെൻപത്നിമാരെ നീ;
പത്നിമാരൊക്കെയൊന്നിച്ചു കാണ്മവൻ ധർമ്മശീലനെ." ൧൦
അവനന്തഃപുരം പുക്കാ സ്ത്രീകളോടുരിയാടിനാൻ:
'തമ്പുരാട്ടികളെ ക്ഷ്മാപൻ വിളിപ്പൂ; ചെല്ലുകങ്ങുടൻ.'
സുമന്ത്രനേവം രാജാജ്ഞ ചൊല്കയാൽ സ്ത്രീകളവരും
പോന്നാരബ്ഭവനത്തെയ്ക്കു ഭർത്തൃശാസനമേററുടൻ: ൧൧
മുന്നൂററമ്പതുപേരാമത്തമ്പിമാർ കൺ ചുകന്നവർ
കൌസല്യയെച്ചൂഴന്നങ്ങു മെല്ലെപ്പോന്നു വ്രതാഢ്യമാർ.
പത്നീജനം വന്നതു കണ്ടസ്സൂതനൊടു പാർത്ഥിവൻ
ചൊന്നാ, 'നെന്നുണ്ണിയെക്കൊണ്ടുവന്നീടുക സുമന്ത്ര, നീ.' ൧൨
രാമലക്ഷ്മണവൈദേഹിമാരെക്കൊണ്ടഥ സൂതനും
ഭൂമീശ്വരന്റെയരികത്തേയ്ക്കു ചെന്നീടിനാൻ ദ്രുതം.

Digitized By Kerala Sahitya Akademi

ദ്ദൂരാൽക്കൈക്കൂപ്പി വന്നീടുമുണ്ണിയെക്കണ്ടുടൻ നൃപൻ
ആസനം വിട്ടെഴുന്നേററാനാത്തസ്ത്രീകളും ചുഴന്നവൻ. ൧൬
കതിച്ചുപാഞ്ഞുചെന്നാനാ രാമനെക്കണ്ടു മന്നവൻ;
വീണാനവങ്കലെത്താതേ, മാലാൽ മോഹിച്ചു ഭൂമിയിൽ.
പാഞ്ഞെത്തിനാൻ തദാ രാമൻ രഥി ലക്ഷ്മണനും ദ്രുതം,
മാലാൽ വെളിവു പോയ്പ്പോയ ദീനനാമന്നരേന്ദ്രനെ. ൧൮
ആയിരം സ്ത്രീകൾതൻ ഘോഷം പെട്ടെന്നുണ്ടായ് നൃപാലയേ,
'അയ്യയ്യോ! രാമ!' എന്നേ,ററം മൈക്കോപ്പൊലി കലന്നതായ്.
കരഞ്ഞുംകൊണ്ടു രണ്ടാളുംക്കൂടിയാ രാമലക്ഷ്മണർ
സീതയൊത്തവ,നെത്താങ്ങിക്കട്ടിലിന്മേൽക്കിടത്തിനാർ. ൨൦
പിന്നെ രാമൻ, മുഹൂർത്തത്താൽബ്ബോധം പൂണ്ട മഹീശനെ,
അഴലാഴിയിലാണ്ടോനെത്തൊഴുതുംകൊണ്ടുണത്തിനാൻ:—
"യാത്ര ചൊൽവേൻ മഹാരാജ; നീ ഞങ്ങൾക്കൊക്കെയീശ്വരൻ;
ദണ്ഡകാടവിയിൽപ്പോകുമെങ്കൽത്തൃക്കണ്ണയയ്ക്ക നീ. ൨൨
ലക്ഷ്മണനും വിടയരുൾക,ണ്ടെമ്പിന്നാലെ സീതയും;
കൂട്ടാക്കന്നീല', യാഥാത്ഥ്യമെത്ര ചൊല്ലിത്തടുക്കിലും!
ഞങ്ങൾക്കൊ,നിയ്ക്കും സീതയ്ക്കും ലക്ഷ്മണന്നും, ശുഭപ്രദ,
മാൽ വിട്ടു വിട തന്നാലും പ്രജകൾക്കജനാംവിധം." ൨൪
കാട്ടിൽപ്പാപ്പാൻ നൃപാനുജ്ഞ നിവ്യഥം കാത്തുനില്ക്കവെ,
ചൊല്ലീടിനാൻ രാഘവനെത്തൃക്കണ്ണോത്തു ധരേശ്വരൻ:-
"കൈകേയീവരദാനത്താൽ മറിവിൽപ്പെട്ടുപോയി ഞാൻ;
എന്നെബ്ബന്ധിച്ചയോദ്ധ്യേശനാക നീ തന്നെ രാഘവ." ൨൬
ഏവം നൃപന്റെ ചൊൽ കേട്ടു രാമൻ പെരിയ ധാമ്മികൻ
കൈക്കൂപ്പിയുത്തരം ചൊന്നാനച്ഛനോടുക്തികോവിദൻ:-
ആയിരത്താണ്ടിനവീശനിവിടുന്നു നരാധിപ;
ഞാനോ, വനത്തിൽപ്പാക്കുന്നുണ്ട;-നൃതം പററിടൊല്ല തേ. ൨൮
അഞ്ചുമൊമ്പതുമാമാണ്ടു കാട്ടിൽപ്പാത്തു രമിച്ചു ഞാൻ
തൃക്കാൽ പിടിയ്ക്കുവൻ വീണ്ടും, പ്രതിജ്ഞാന്തത്തിൽ മന്നവ."

Digitized By Kerala Sahitya Akademi

വശംകെട്ട കരഞ്ഞുംകൊണ്ടപ്പൊന്മകനൊടോതിനാൻ,
കൈകേയി ശ്രുദ്ധം വെമ്പിയ്ക്കും തമ്പുരാൻ സത്യസംയതൻ:- ൩൦
"കുഞ്ഞേ, നന്മയ്ക്കു മേന്മയ്ക്കും തിരിയേ വരുവാനുമായ്
പോക മാഴ്കാത, ഭയമാം ശുഭമാർഗ്ഗത്തിലൂടെ നീ;
കുഞ്ഞേ, ധർമ്മിഷ്ഠവും സത്യാത്മകവുമാം നിന്റെ നിശ്ചയം
പിൻവലിപ്പിയ്ക്കുവാനാവതല്ലല്ലോ രഘുനന്ദന. ൩൨
എന്നാലീ രാവിൽ മകനേ, പോകൊല്ലേതാകിലും ഭവാൻ:
ഒരു നാൾ കൂടിയും കണ്ടു നന്മയിൽക്കഴിയട്ടെ ഞാൻ!
എന്നെയമ്മയെയും പാർത്തു; സർവ്വകാമാഭിതൃപ്തനായ്
പാർക്കുകിന്നത്തെയീ രാവിൽ; നാളെക്കാലത്തു പോയിടാം. ൩൪
സർവ്വഥാ ദുഷ്കരം കുഞ്ഞേ, നീ ചെയ്യുന്നതു രാഘവ:
ഇഷ്ടങ്ങൾ വിട്ടെന്നിഷ്ടാർത്ഥം പാഴ്കാട്ടിൽപ്പോകയല്ലി നീ!
പ്രിയമല്ലിതെനിയ്ക്കുണ്ണി, സത്യത്താണയി രാഘവ;
ഒളിതീപോലെയാം കള്ളപ്പെണ്ണിനാൽ വിഴ്ത്തപ്പെട്ടുപോയ്! ൩൬
എനിയ്ക്കു പെട്ട ചതിയും കടപ്പാൻ മുതിരുന്നു നീ,
ഈത്തരംകെട്ട കൈകേയി കേറി പ്രേരണ ചെയ്കയാൽ!
എന്നാലാശ്ചര്യമല്ലൊട്ടുമെൻമൂത്തമകനായ നീ
അച്ഛന്റെ വാക്കു ഭോഷ്കല്ലാതാക്കാനോർപ്പതു നന്ദന." ൩൮

ആർത്തനായ പിതാവിൻ വാക്കാവിധം കേട്ടു രാമനും
തമ്പി ലക്ഷ്മണനോടൊത്തു ദീനനായുരിയാടിനാൻ:-
"ഇന്നു കിട്ടുന്ന ഭോഗ്യങ്ങൾ നാളെയാരേകിടും മമ?
എനിയ്ക്കെല്ലാപ്രിയങ്ങൾക്കുമിവിടം വിടൽതാൻ മതി. ൪൦
ജനരാഷ്ട്രാവലിയൊടും ധനധാന്യത്തഴപ്പൊടും
ഞാനീ വെടിഞ്ഞതാമൂഴി ഭരതന്നു കൊടുത്തിടാം;
കാട്ടിൽപ്പാർപ്പാനുറച്ചുള്ളോരെന്മനസ്സിളകില്ലിനി.
വരം വരദ, കൈകേയിയ്ക്കേകിയല്ലോ ഭവാൻ മുദാ; ൪൨
കൊടുത്തുകൊൾകതൊട്ടുക്കു; സത്യവാക്കാക മന്നവ.
ഞാനോ, തവാജ്ഞയെച്ചൊന്നവണ്ണം പാലിച്ചുകൊണ്ടുതാൻ



Digitized By Kerala Sahitya Akademi

ഈരേഴു വത്സരം കാട്ടിൽപ്പാർക്കാം കാടരൊടൊപ്പമേ;
വേണ്ടാ വിചാരം; ക്ഷിതിയെബ്ഭരതന്നു കൊടുത്തിടാം. ൪൪

എനിയ്ക്കു വേണ്ടാ രാജ്യം, തൻസുഖത്തിന്നോ പ്രിയത്തിനോ;
ശരിയ്ക്കു ചെയ്യേ വേണ്ടു, നിന്നാജ്ഞ രഘുനന്ദന.
വിട്ടൊഴിയ്ക്കട്ടെ നിൻ ദുഃഖം; തൂകണ്ണീരു പൊഴിയ്ക്കൊലാ:
കലങ്ങുമോ, ദുരാധർഷം പുഴകൾക്കുടയോൻ കടൽ? ൪൯

ഞാൻ കൊതിപ്പീല രാജ്യത്തെസ്സുഖത്തെ ക്ഷിതിയേയുമേ
ഇസ്സർവ്വകാമങ്ങളേയും സ്വർഗ്ഗത്തെജ്ജീവിതത്തെയും;
നിങ്കൽസ്സത്യം കൊതിയ്ക്കുന്നോൻ; ഭോഷ്ക്കല്ലായ്ക്ക നരർഷഭ.
ആണചൊല്ലുന്നു നിമ്മുമ്പിൽസ്സത്യപുണ്യങ്ങൾകൊണ്ടു ഞാൻ:
നില്ക്കുവാൻ വയ്യെനിയ്ക്കുള്ളൂ, നിമിഷം നേരവും പ്രഭോ!
അടക്കിക്കൊള്ളുകിദ്ദുഃഖം; മാററം വരികയില്ല മേ.
കൈകേയിയെന്നോടരുളീ, 'കാട്ടിൽപ്പോകെ'ന്നു രാഘവ,
'പോവാ'മെന്നോതിനേൻ ഞാനു;മാ വാക്കു നിറവേററുവൻ. ൫൦

കൊള്ളൊല്ലൽക്കണ്ടെയും. ദേവ സാധുമാൻനിര ചേർന്നതായ്
നാനാപക്ഷികൾ കൂകുന്ന കാട്ടിൽ ഞങ്ങൾക്കു സൌഖ്യമാം.
അച്ഛൻ ദൈവതമാണല്ലോ താത, ദേവകൾക്കുമേ;
അതിനാൽ,ദ്ദൈവതംതാനെന്ന,ച്ഛന്റെ മൊഴി ചെയ്യുവൻ. ൫൨

ഈരേഴു വത്സരം ചെന്നാ,ലങ്ങയ്ക്കു നരസത്തമ,
കാണാം തിരിച്ചുവന്നൊന്നെ;സ്സന്ത്യജിച്ചാലുമീയഴൽ
ആരു നിർത്തണമീക്കണ്ണീർ വാക്കു നവരെയൊക്കയും,
അമ്പ്ഭവാൻ നരശാർദ്ദൂല, വല്ലായ്മപ്പെട്ടിതെന്തുവാൻ? ൫൪

ഇവൻ ത്യജിയ്ക്കും പുരിയും സ്വരാഷ്ട്രവും
സമസ്തഭൂവും ഭരതന്നു നൽകിടാം;
ഇവൻ തദാജ്ഞാപരിപാലനത്തിനായ്
വനം ഗമിപ്പൻ നെടുനാൾ വസിയ്ക്കുവാൻ.
പുരം വനം നല്ലതിർ പർവ്വതങ്ങളും
ചുഴന്നതാം ഞാൻ വിടുമിദ്ധരിത്രിയെ

Digitized By Kerala Sahitya Akademi

മരിച്ചിടട്ടെ ഞാനെൻ പ്രഭോ, ശരി-
ക്കു;-ഞാനിടിക്കാരിവരട്ടെ നിന്മൊഴി. ൫൮
മനസ്സു ഞാൻ വെയ്ക്കുവതില്ല ഭൂപതേ,
കനത്ത കാമങ്ങളിലെൻ പ്രിയത്തിലും,
ഭവാന്റെ സത്യമമതവാക്കിലെന്നുപോ-
ലി;-വങ്കൽ വേണ്ടാ വ്യസനം ഭവാനാലും
അഭംഗമാം നാടനവിദ്യ, സൌഖ്യമി-
സ്സമസ്തഭോഗ്യാവലി സീത ജീവിതം
ഇതൊന്നുമങ്ങയ്ക്കുടതം വരുത്തി ഞാൻ
വരിയ്ക്കയില്ലാ, ശരിയാക നിൻവ്രതം. ൫൯
വനത്തിലെക്കായകിഴങ്ങശിച്ചി,ളാ-
ധരം സരസ്സാറിവ കണ്ടുകൊണ്ടു ഞാൻ
വിചിത്രവൃക്ഷാന്വിതമായ കാടു പു-
ക്കലം സുഖിപ്പൻ; പരിശാന്തികൊൾക നീ.”
ഈവണ്ണമായ് കേട്ടഴലാണ്ടു ദുഃഖ-
ശോകങ്ങളാൽ വാടിടുമാ നരേന്ദ്രൻ
പേർത്തുണ്ണിയെപ്പുൽകി, വിബോധമററു
മൂർച്ഛിച്ചു തീരെച്ചലിയാതെയായി. ൬൦
കേണാർ തദാ ദേവികളൊത്തുചേർന്നാ,
ക്ഷോണീശദാരപ്രേയസിമാത്രമൊഴിച്ചു;
സുമന്ത്രരും കേണു ചിമൂർച്ഛപൂണ്ടാൻ;
ഹാഹാരവം തത്ര പരന്നിതെങ്ങും!

---

മുപ്പത്തഞ്ചാം സർഗ്ഗം: സുമന്ത്രകോപവചനം.

---

പിന്നൊത്തല കുടഞ്ഞാശ്രു മേല്ക്കുമേൽ നെടുവീർപ്പുമായ്
പല്ലിറുമ്മിക്കടിച്ചും, കൈ കയ്യിൽവെച്ചു തിരുമ്മിയും,
കോപത്താൽക്കൺചുകപ്പാന്നും, നിറം തീരെപ്പകന്നുമേ,
പെട്ടെന്നരത്ത മാലേററു കോപത്തിനാടിപ്പെട്ടവൻ ൧

Digitized By Kerala Sahitya Akademi

അസ്സുമന്ത്രൻ ദശരഥാശയവും കണ്ടറിഞ്ഞവൻ
കൈകേയിതൻ മനം ക്രൂര വാക്ശരത്താൽ കലക്കിനാൻ;
സൂതൻ കിടപ്പെടാതുള്ള കട്ടകതികലിശങ്ങളാൽ
കൈകേയിതൻ മർമ്മമൊക്കെപ്പിളത്തിക്കൊണ്ടു ചൊല്ലിനാൻ:- ൪
"നിന്നാൽ ത്യജിയ്ക്കപ്പെട്ടല്ലോ താന്താൻ ദശരഥൻ നൃപൻ
ചരാചരജഗത്തെല്ലാം ഭരിച്ചരുളിടും പതി;
ചെയ്യക്കൂടാതെ യാതൊന്നുമില്ലാ ദേവി, നിനക്കിനി.
പതിഘ്നി നീയെന്നെൻ പക്ഷം, കലാശത്തിൽക്കുലഘ്നിയും: ൫
ഇന്ദ്രൻ പോലജിതന്നദ്രി പോലകമ്പ്യന്നു, നീയഴൽ
മഹാബ്ധി പോലെയക്ഷോഭ്യന്നേകുന്നല്ലോ പ്രവൃത്തിയാൽ!
ധിക്കരിയ്ക്കൊല്ല ഭർത്താവാം വരം നൽകിയ നാഥനെ:
ഭർത്താവിൽ പ്രീതി മാതക്കു കോടി മക്കളിൽ മീതെയാം. ൬
വയസ്സനുസരിച്ചല്ലോ നാടുവാഴ്ച നൃപക്ഷയേ;
ഇൗയൈക്ഷ്വാകേശ്വരൻ വാഴ്കെയതു തെറ്റിയ്ക്കയല്ലി നീ!
രാജാവാകട്ടെ ഭരത,ന്നുഴി വാഴട്ടെ നിൻമകൻ;
ഞങ്ങളോ രാഘവൻപോകും ദിക്കിലേയ്ക്കു ഗമിയ്ക്കയാം! ൭
വസിച്ചുകൂടാ നിൻനാട്ടിലൊരൊററബ്രാഹ്മണന്നുമേ:
അത്രയ്ക്കു നീതികേടല്ലോ ചെയ്യാൻ ഭാവിപ്പതിന്നു നീ!
ഇതെന്തൊരത്ഭുതം: നീയിത്തരമാം തൊഴിൽ ചെയ്യവേ,
വിണ്ടുപോകുന്നതില്ലല്ലോ തൽക്ഷണംതന്നെ മന്നിടം! ൮
ബ്രഹ്മർഷിവര്യർതൻ കത്തും ഘോരധിഗ്വാക്യദണ്ഡുകൾ
നോവേകുന്നുമില്ലല്ലോ രാമനെപ്പോക്കവോർക്കിഹ!
മാവു കോടാലിയാൽ വെട്ടി വേപ്പു നട്ടു വളത്താരാൾ
പാലാൽ നനച്ചാലുമായതവന്നു മധുരിച്ചിടാ. ൯
അമ്മയ്ക്കൊത്തുതാൻ നിൻെറ ശീലമെന്നോർത്തിടുന്നു ഞാൻ:
വേപ്പിൽനിന്നൊഴുകാ തേനെന്നുണ്ടല്ലോ ചൊല്ല പാരിതിൽ.
നിന്നമ്മയുടെ ദുർവാശി മുന്നേ കേട്ടറിവുണ്ടു മേ:
നിന്നച്ഛന്നഗ്ര്യവരമൊന്നേകീ വരദനാമൊരാൾ: ൰

അറിഞ്ഞാനതിനാൽസ്സ്വശരീരിരുതവും നൃപൻ;
തിര്യക്പ്രമാണികൾതൻ വാക്കമവിടെയ്ക്കറിയാവതായ്.
ആ മഹാദ്യുതി നിന്നപ്പൊരെറുമ്പിൻ മനോഗതം
ശബ്ദത്തിനാലറിഞ്ഞെററം ചിരിച്ചാൻ പള്ളികൊൾകവേ; ൯

അതിൽച്ചൊടിച്ചു നിന്നമ്മ മൃത്യുപാശം പിണയ്ക്കുവാൻ,
'ചിരിച്ചതെന്തു,കേൾക്കട്ടേ. സൌമ്യ, നീ'യെന്നു പേശിനാൾ.
നൃപനദ്ദേവിയോടോതി:- 'ദേവി, ഞാനതു ചൊല്ലിയാൽ,
എനിയ്ക്കിക്ഷണമേ മൃത്യു പററിപ്പോമില്ല സംശയം.' ൧൦

നിന്നമ്മ ദേവിയും ചൊന്നാളുടൻ കേകയനോടുടൻ:-
'ജീവിയ്ക്കതാൻ, ചാവുകതാൻ, ചൊൽകെ;-ന്നെക്കളിയാക്കൊലാ.'
പ്രിയയേവം പറകയാൽക്കേകയൻ ധരണീശ്വരൻ
അക്കാര്യമാ വരദനോടുരച്ചാൻ ശരിയാംവിധം. ൧൧

അപ്പൊഴാ വരദൻ നല്ലാൾ തമ്പുരാനോടു ചൊല്ലിനാൻ:-
'ചാകട്ടെ, പോകട്ടെയിവൾ; മിണ്ടിപ്പോകൊല്ല മന്നവ!'
ആ പ്രസന്നമനസ്കൻെറ വാക്കു കേട്ടാ ക്ഷിതീശ്വരൻ
ക്ഷിപ്രം നിന്നമ്മയെത്തള്ളി ക്രീഡിച്ചാൻ ധനദോപമൻ. ൧൨

അമ്മട്ടിൽ നീയും ദുർമ്മാർഗ്ഗം പുക്കനിന്നീ നരേന്ദ്രനെ
മോഹിപ്പിച്ചിട്ടകൃത്യത്തിൽച്ചാടിപ്പൂ പാപദർശിനി!
നേരാണീ നാട്ടുസംസാരമെന്നും ഞാനോർത്തിടുന്നു മേ:
ആണ്മക്കൾ പിതൃമട്ടാം; പെണ്മക്കളോ മാതൃമട്ടിലും. ൧൩

ഇമ്മട്ടാകൊല്ല, ഭൂപൻെറ വാക്കിനെ സ്വീകരിയ്ക്ക നീ;
പതിയ്ക്കഭീഷ്ടം ചെയ്തിങ്ങു ഗതിയാകിജ്ജനത്തിനും.
ദുഷ്ടപ്രോത്സാഹനത്താൽ നീ ദേവരാജസമാഭനായ്
ഉലകിൻ നാഥനാം നാഥന്നധർമ്മമുളവാക്കൊലാ. ൧൪

വെറുതേ ചെയ്ത ശപഥം നിറവേററാ തവാനഘൻ
ശ്രീമാൻ ദശരഥൻ ഭൂപൻ ദേവി, രാജീവലോചനൻ.
ജ്യേഷ്ഠൻ വദാന്യൻ സദ്വൃത്തൻ ബലി തൻധർമ്മരക്ഷകൻ
ലോകസംരക്ഷകൻ രാമനഭിഷേകം കഴിയ്ക്ക നീ. ൧൫

Digitized By Kerala Sahitya Akademi

പരക്കമല്ലോ വൻദുഷ്പേർ തമ്പുരാട്ടിയ്ക്കു പാരിതിൽ,
രാമൻ താതക്ഷിതിപനെ വിട്ടു കാട്ടിൽഗ്ഗമിയ്ക്കുകിൽ.
അതിനാൽ നാടു കാക്കട്ടെ രാമൻ; മാൽവിട്ടുകൊൾക നീ:
രാമനല്ലാതൊരാൾ വാണാൽ പ്പോരാ വമ്പുരിയിൽത്തവ. ൩൨

രാമാഭിഷേകം ചെയ്തിട്ടു വേണമല്ലോ, മഹായുധൻ
കീഴ്നടപ്പിൻപടി വനം പൂകാൻ ദശരഥൻ നൃപൻ."
എന്നത്യുഗ്രസാന്ത്വവാക്യത്താൽക്കൈകേയിയെ നൃപാന്തികേ
ഇളക്കിനോക്കിനാൻ പാരം സുമന്ത്രൻ തൊഴുകയ്യുമായ്. ൩൪
എന്നാലദ്ദേവിയിളകീലഴൽപ്പെട്ടതുമില്ലവൾ;
വ്യത്യാസപ്പെട്ടുകാണായീലവൾതൻ മുഖവർണ്ണവും!

---

മുപ്പത്താറാം സർഗ്ഗം: സിദ്ധാർത്ഥവാക്യം.

---

സുമന്ത്രനോടന്നെക്ഷ്വാകൻ പ്രതിജ്ഞാപരിപീഡിതൻ
മേൽക്കുമേൽ നെടുവീർപ്പിട്ടു കണ്ണീരും വാർത്തിതോതിനാൻ:-
"സൂത, രത്നങ്ങൾ നിറയെച്ചേർന്ന നാലംഗസേനയെ
രാമന്റെ കൂടെപ്പോകാനായൊരുക്കിയ്ക്കുക വിദ്രുതം. ൨

വാഴ്ത്തിട്ടേറും ഗണികമാരാഢ്യവാണിജരെന്നിവർ
ഉണ്ണിതൻ സേനയെശ്ശോഭിപ്പിയ്ക്കട്ടെ വാണിഭങ്ങളാൽ.
എവരിയ്ക്കുൾക്ക ഭൃത്യന്മാർ, വീര്യകേളിയ്ക്കുമിങ്ങെവർ,
ധനം വാരിക്കൊടുത്തിങ്ങേപ്പെട്ടത്തുകവരേയുമേ. ൪

നഗരക്കാരുമുൽകൃഷ്ടായുധങ്ങൾ ശകടങ്ങളും
രാമന്റെ കൂടെപ്പോകേണം കാടു ചുററുന്ന വേടരും.
ആനമാനുകളെക്കൊന്നും കാട്ടിലെത്തേൻ കുടിച്ചുമേ
നാനാനദികളെക്കണ്ടും നാടോർമ്മിയ്ക്കാതെയാവണം. ൬

ഇങ്ങെന്റെ വകയാം ധാന്യകോശവും ധനകോശവും
രാമനെപ്പിന്തുടരണം, നിർജ്ജനക്കാട്ടുവാഴ്ചയിൽ.
പുണ്യസ്ഥലങ്ങളിൽ യജിച്ചിഷ്ടദക്ഷിണ നൽകിയും
ഋഷിമാരോടു മേളിച്ചും സുഖമായ്പ്പാർക്കണം വനേ, ൮

Digitized By Kerala Sahitya Akademi

മഹാഭുജൻ ഭരതനും പാലിയ്ക്കണമയോദ്ധ്യയെ;
അയയ്ക്ക, വേണ്ടതെല്ലാമേ കൂട്ടി ശ്രീ പൂണ്ട രാമനെ."
കാകുത്സ്ഥനേവമോതുമ്പോൾക്കൈകേയിയ്ക്കുളവായ് ഭയം;
വരണ്ടുപോയി വദനം, തടയപ്പെട്ടിതൊച്ചയും. ൧൦

വിഷാദിച്ചു ഭയപ്പെട്ടു വരളുന്ന മുഖത്തോടേ
ചൊല്ലീടിനാളക്കൈകേയി നേരിട്ടരചനോടു താൻ:-
"ഭോഗ്യങ്ങളെല്ലാം പോയ്പ്പോയ ശൂന്യനിർദ്ധനനാടിനെ,
സത്തില്ലാസ്സുരയെപ്പോലെ ഭരതൻ സൌമ്യ, വാങ്ങിടാ!" ൧൨

കൈകേയി ലജ്ജയില്ലാതെയതിഘോരം കഥിയ്ക്കവേ,
നൃപൻ ദശരഥൻ ചൊന്നാൻ നെടുംകണ്ണാളൊടിങ്ങിനെ:-
"കുത്തുന്നതെന്തിനായ്, ഭാരം ഭേസിച്ചിട്ടെന്നുമെന്നെ നീ?
ഈയേപ്പാടഹിതേ, നീചേ, മുൻവിലക്കാഞ്ഞതെന്തു നീ?" ൧൪

നൃപന്റെയരിശം പൂണ്ട വാക്കുകേട്ടു വധൂമണി
ഇരട്ടിയരിശം പൂണ്ടി,തവനോടോതി കൈകയി:-
"നിൻവംശജൻതാനസമഞ്ജാഖ്യനാം മൂത്ത പുത്രനെ
പോക്കുകണ്ടായി സഗര;-നിവനമ്മട്ടു പോകണം." ൧൬

എന്നു കേട്ടളവിൽ 'ഛീ, ഛീ'യെന്നാൻ ദശരഥൻ നൃപൻ;
ലജ്ജയും തോന്നിയെവർക്കും; വകവെച്ചീലതായവൾ.
അപ്പോൾ, പ്രധാനനായോരു വൃദ്ധൻ സിദ്ധാർത്ഥനെന്നവൻ
നൃപന്നു സമ്മതൻ ശുദ്ധൻ കൈകേയിയൊടിതോതിനാൻ:- ൧൮

"അസമഞ്ജൻ വഴികളിൽക്കളിയാടും കിടാങ്ങളെ
പിടിച്ചു സരയൂനീരിലിട്ടു ദുഷ്ടൻ രസിച്ചിടും:
അതിൽച്ചൊടിച്ചു പൌരന്മാരെല്ലാം രാജാവൊടോതിനാർ:—
'അസമഞ്ജനൊരാൾ പോതും, ഞങ്ങളോ രാഷ്ട്രവർദ്ധന!' ൨൦

അവരോടരുളീ രാജാ,'വെന്തിബ്ഭീതിയ്ക്കു കാരണം?'
രാജാവു ചോദിച്ചളവാ നാട്ടാരുമുരിയാടിനാർ:-
'പേപെട്ടിവൻ ഞങ്ങളുടെ കളിയാടുന്ന മക്കളെ
ദുഷ്ടാൽസ്സരയുവിൽക്കൊണ്ടിട്ടിമ്പംകൊള്ളുന്നു നിസ്തുലം!' ൨൨

Digitized By Kerala Sahitya Akademi

ആ നാട്ടാരുടെ വാക്യം കേട്ടാ, ദ്രോഹിയ്ക്കുന്ന പുത്രനെ
വെടിഞ്ഞാനധരാധീശ,നവരെ പ്രീതരാക്കുവാൻ:
അവനെബ്‌ഭാൎയ്യയും കോപ്പുമൊത്തു തേരേററിയഞ്ജസാ,
'ചാവോളവും നാടുകടത്തേണ'മെന്നരുളീ ഗുരു. ൨൪
കിളച്ചാൻ ഗിരിദുൎഗ്ഗങ്ങൾ പാരക്കൊട്ടയെടുത്തവൻ
ദിക്കിലെല്ലാമലഞ്ഞുംകൊണ്ടു,പ്പാപം ചെയ്തുവെയ്ക്കയാൽ.
വെടിഞ്ഞതീ നിലയ്ക്കല്ലോ സഗരൻ ധാൎമ്മികൻ നൃപൻ;
തെറെറന്തു ചെയ്തുപോയ് രാമ,നേവം നാടുകടത്തുവാൻ? ൨൬
ഞങ്ങൾ കാണുന്നതില്ലല്ലോ രാഘവന്നൊരു ദോഷവും;
ചേരില്ല തിന്മയിവനു, ചന്ദ്രനു കറ പോലവേ.
നീ വല്ല ദോഷവും ദേവി, കാൺമൂ രാമനിലെങ്കിലോ,
അതിപ്പോൾസ്ഫുരിയായ് ചൊൽക; പിന്നെപ്പോക്കുക രാമനെ. ൨൮
ദുഷ്ടേന്യേ ശിഷ്ടമാൎഗ്ഗത്തിൽ നിൽക്കുവോനെ ത്യജിയ്ക്കിലോ,
കരിഞ്ഞുപോയ്പോം തേജസ്സു ശക്രനും ധൎമ്മഹാനിയാൽ!
അതിനാൽദ്ദേവി, രാമൻതൻ ശ്രീ കെടുപ്പതു പോരുമേ:
പാരിൽത്തേ ദുഷ്യശസ്സുണ്ടാകരുതല്ലോ ശുഭാനനേ." ൩൦

സിദ്ധാൎത്ഥവാക്കു കേട്ടിട്ടു, തീരെ ക്ഷീണിച്ചൊരൊച്ചയിൽ
മാലാലിടർക്കൊണ്ടരചൻ കൈകേയിയൊടിതോതിനാൻ:—

"അധാൎമ്മികേ, വാക്കിതെടുപ്പതില്ലാ;-
ഹിതം ഗ്രഹിപ്പീലിവനോ നിനക്കോ;
ദുർവൃത്ത നീ ചീത്ത വഴിയ്ക്കുണഞ്ഞോൾ:
നിൻ്റേല ചൊവ്വാം വഴി വിട്ടതല്ലോ! ൩൨
രാമൻെറ പിമ്പേ നടകൊള്ളുവാൻ ഞാൻ,
രാജ്യം സുഖം സമ്പത്തിവ വിട്ടിടാനീം;
സുഖം പുരാനാം ഭരതൻെറ കൂടെ
വാണേറെനാൾ നാടു ഭുജിയ്ക്ക നീതാൻ!"

—*—

മുപ്പത്തേഴാം സൎഗ്ഗം: വല്ക്കലധാരണം.

—*—

പ്രധാനൻ്റെയാ വാക്കു നിശമിച്ചിട്ടു രാഘവൻ
അച്ഛനോടൊന്നുണൎത്തിച്ചാൻ വിനയജ്ഞൻ വിനീതനായ്:—

Digitized By Kerala Sahitya Akademi

"സന്ന്യസ്തഭോഗനായ്ക്കാട്ടിൽ വന്യത്താൽ നാൾ കഴിയ്ക്കവേ,
നിസ്സംഗനാമെനിയ്ക്കെന്തിന്നാണകമ്പടി മന്നവ? ൨
നല്ലാനയെക്കൊടുത്തേവൻ തുടരിൽസ്സക്തി കൊൾവിതോ,
കൊമ്പനെക്കൈവിട്ടമവന്നെന്തിനച്ചങ്ങലഭ്രമം?
അമ്മാട്ടെനിയ്ക്കു ഭൂമീശ, സൈന്യമെന്തിന്നു സൽപതേ?
ഒന്നും വേണ്ടാ; മരവുരിമാത്രം കൊണ്ടുവരട്ടെ മേ. ൪
കോക്കോട്ടു കൊട്ട രണ്ടെണ്ണം കൊണ്ടുവന്നിങ്ങു നല്കുവിൻ,
ഈരേഴു വത്സരം കാട്ടിൽപ്പാർപ്പാൻ പോകമെനിയ്ക്കുടൻ."
കൈകേയി താന്താൻ ചീരങ്ങളേകി രാഘവനോടുടൻ
ജനക്കൂട്ടത്തിൽവെച്ചോതി, 'ചുററിക്കൊൾകെ'ന്നു നിസ്ത്രപം. ൬
കൈകേയിയോടു ചീരങ്ങൾ മേടിച്ചപ്പുരുഷർഷഭൻ.
പട്ടുവസ്ത്രമഴിച്ചിട്ടാ മുനിവസ്ത്രങ്ങൾ ചുററിനാൻ.
ആ ലക്ഷ്മണനുമന്നേരമച്ഛൻതൻ മുമ്പിൽവെച്ചുതാൻ
മേലൊത്ത വസ്ത്രങ്ങൾ വെടിഞ്ഞുടുത്താൻ മുനിയാടകൾ. ൮
പിന്നെത്തനിയ്ക്കുടുപ്പാനായ്, സ്സീത നല്പട്ടുടുത്തവൾ
മരത്തോൽ കണ്ടിളർപ്പെട്ടാൾ, മാൻപേട വല പോലവേ.
പാരം നാണിച്ചുകൊണ്ടേററമല്ലലുൾക്കൊണ്ട ജാനകി
കൈകേയിയോടച്ചീരങ്ങൾ മേടിച്ചു ശുഭലക്ഷണ ൧൦
ധർമ്മദർശിനി ധർമ്മജ്ഞ കണ്ണീർ തിങ്ങിയ കണ്ണുമായ്
ചോദിച്ചു, ഗന്ധർവ്വപതിയ്ക്കൊത്ത ഭർത്താവിനോടിദം:-
'തോലെങ്ങിനെയുടുത്തീടും കാട്ടിൽ വാഴും തപസ്വികൾ?'
എന്നേവം, ശീലമില്ലാത്തസ്സീത മേന്മേൽപ്പകച്ചുപോയ്; ൧൨
മരത്തോലൊന്നു കൈത്താരാലേന്തിക്കണ്ഠത്തിലിട്ടവൾ
ശീലമില്ലാത്തു നാണം പൂണ്ടങ്ങു നിന്നായി ജാനകി.
വെക്കം ചെന്നാ മരവുരി രാമൻ പെരിയ ധാർമ്മികൻ
അസ്സീതയെയുടുപ്പിച്ചു, താന്താൻ പട്ടിന്നു മീതെയായ്. ൧൪
സീതയെ ശ്രേഷ്ഠനാം രാമൻ തോൽചുററിപ്പതു കാൺകയാൽ
അന്തഃപുരത്തിലെ സ്ത്രീകൾ കണ്ണുനീരു പൊഴിച്ചുപോയ്!



Digitized By Kerala Sahitya Akademi

മാൽ മുഴുത്തവരാത്തേജസ്സാളും രാമനൊടോതിനാർ:—
"ഇസ്സാധ്വിയ്ക്കുതളിലൊല്ലാ കാട്ടിൽപ്പാർപ്പിതു ചൈതലേ; ൧൮
അച്ഛന്റെ ചൊല്ലാൽപ്പാഴ്ക്കാട്ടിൽപ്പോയ നിന്നുടെ ദർശനം
ഒട്ടു സാധിച്ചുകൊള്ളട്ടേ ഞങ്ങളിങ്ങിവളാൽ പ്രഭോ!
സൌമിത്രിയാം തുണയുമായ്പ്പോയ്ക്കൊൾകുന്നി, വനത്തിൽ നീ,
ഇപ്പൊന്മകയ്ക്കു കാട്ടിൽപ്പാർപ്പാക്കില്ല മുനിരീതിയിൽ. ൧൯
ഞങ്ങൾ ചൊച്ചവതു ചെയ്കുന്നി: സീത നില്ക്കട്ടെ ഭാമിനി;
താനേതന്നേ നില്ക്കുകില്ലല്ലാ ധർമ്മനിത്യൻ ഭവാനിനി!"
എന്നെല്ലാമവർതൻ വാക്കു കേട്ടുംകൊണ്ടു കകുത്സജൻ
തോലുടുപ്പിയ്ക്കയേ ചെയ്താൻ, തനിക്കൊത്ത സീതയെ. ൨൦
സീത ചീരം ധരിയ്ക്കുന്നതിക്ഷിച്ചു,തു തടുത്തുടൻ
കൈകേയിയോടരുളിനാൻ വസിഷ്ഠൻ നൃപദേശികൻ:—
"കുലം കെടുത്ത കൈകേയി, നെറികെട്ട ദുരാശയേ,
രാജാവിനെച്ചതിച്ചിട്ടും നില്പീലൊരതിരിങ്കൽ നീ! ൨൧
പോയ്ക്കൂടാ ദേവിയാം സീത കാട്ടിലെയ്ക്കതിദുർന്നയേ;
വാഴേണം സീത രാമന്നു നിയമിച്ച നൃപാസനേ.
ഭാര്യയാത്മാവുതാനല്ലോ വേട്ടവർക്കഖിലർക്കുമേ;
ആത്മഭാവേന രാമന്റെ ഭൂമിയെക്കാത്തുകൊള്ളണം. ൨൨
അതല്ല, രാമനോടൊത്തു കാട്ടിൽപ്പോം സീതയെങ്കിലോ,
ഞങ്ങളും പിറകേ പോ;-മിപ്പുരവും നടകൊണ്ടിടും;
അതിർ കാപ്പവരും പോകും, സഭാര്യർ രാമനൊത്തുതാൻ,
കഴിച്ചില്ലുള്ളതും നാടും പുരവും വിഭവങ്ങളും; ൨൩
സശത്രുഘ്നൻ ഭരതനും കാടേറിത്തോലുടുപ്പുമായ്,
വനസ്ഥനഗ്രജൻ രാമനൊത്തു താമസമാക്കിടും.
പിന്നെ വൃക്ഷങ്ങളോടൊത്ത ശൂന്യനിർജ്ജനഭൂമിയെ
കാക്കുകൊററയ്ക്കു, നാട്ടാർക്ക് തീവ്ര ചേർക്കുന്ന ദുഷ്ട നീ! ൨൪
നാടായിവന്നിടാ രാമൻഭൂപനല്ലാതെയുള്ളിടം;
എങ്ങരാമൻ മരുവു,മക്കാടു നാടായ് ച്ചമഞ്ഞിടും!

Digitized By Kerala Sahitya Akademi

ഭരതൻ, താതനേകാഞ്ഞ ധര കാപ്പാൻ നിനച്ചിടാ;
പുത്രനായ് നിങ്കൽ നില്പാനാം, ഭൂപനാൽജ്ജാതനെങ്കിലോ! ൩൦
നീയൂഴിത്തട്ടിൽനിന്നാശു വാനത്തെയ്ക്കു പറക്കിലും,
മറിച്ചുചെയ്കില്ല,തൻറെ വംശവൃത്തറിവോനവൻ!
പുത്രനപ്രിയമേ ചെയ്തു പുത്രസ്നേഹം മുഴുത്ത നീ:
രാമനെപ്പിന്തുടർന്നീടാത്തുണ്ടാകാ പാരിലാരുമേ. ൩൨
നീ കാൺമിനോ കൈകേയി, പശുപക്ഷിമൃഗാദികൾ
രാമൻറ പിൻപോകവതും വൃക്ഷൌഘം നോക്കിനില്പതും!

"എന്നാൽ പ്രശസ്താഭരണങ്ങൾ നല്കു;
ചീരം കളഞ്ഞീ വധുവിന്നു ദേവി;
ഇവൾക്കു ചേരില്ലിഹ ചീര"മെന്നു,
വിലക്കിനാനാ വസനം വസിഷ്ഠൻ. ൩൪

"രാമന്നൊരാൾക്കേ വനവാസ്ഥ വാങ്ങി-
ച്ചുതുള്ളു നീ കേകയരാജപുത്രി;
പണ്ടങ്ങൾ ചാർത്തിപ്പതിവിൻപടിയ്ക്കു
പോകട്ടെ കാടാണ്ടിവൾ കാന്തനോടും.
മികച്ച യാനങ്ങളൊടൊത്തു, ഭൃത്യർ
ചുഴന്നു, വസ്ത്രാദിസമൃദ്ധിയോടും
പോകട്ടെ രാജാത്മജ: നീ വരിച്ചീ-
ലല്ലോ വരം മൈഥിലി,വൾതൻറപേരിൽ." ൩൫

നൃപൻറ വാധ്യായനതുല്യപ്രഭാവ-
നീയന്തണശ്രേഷ്ഠനിതോതിയിട്ടും
മനസ്സു പിന്മാറ്റിയതില്ല സീത,-
യോമൽപ്പതിയ്ക്കൊത്തവിധം തുടർന്നോൾ.

---

മുപ്പത്തെട്ടാം സർഗ്ഗം: സീതാചീരനിവാരണം.

---

അസ്സനാഥയനാഥസ്ത്രീ പോലവേ ചേലുടുത്തതിൽ,
'ധിക്കാരം ഭവാ'നെന്നു ദശരഥനോടാർത്തിതേവരും.

Digitized By Kerala Sahitya Akademi

അതിങ്കലാ നിനാദത്താലഴല്പെട്ടാ മഹീശ്വരൻ
വെടിഞ്ഞോൻ ജീവനിൽ ശ്രദ്ധ, ധർമ്മത്തിൽത്തൻയശസ്സിലും· ൬
മൂട്ടുള്ള വീർപ്പിട്ടൈക്ഷ്വാകനബ്ബാഷ്പയൊടിതോതിനാൻ:-
"കൈകേയി, വല്ക്കലം ചുററിപ്പോകാൻ പാടില്ല മൈഥിലി.
വൃദ്ധമെല്ലാം തള്ളലാം നിത്യം സുഖം ശീലിയ്ക്കുവോളിവൾ
പോയ്ക്കൂടാ കാട്ടിലെന്നെല്ലൂ ഞാനിങ്ങു ചൊന്നതു ചൊല്ലുവം. ൭

ഇതപ്പാവമായുള്ള സ്ത്രീബാലവത്സ-
കുമാരിയാക്കെന്തൊരു തെററു ചെയ്തു?
തോൽ പൂണ്ടുഴന്നിങ്ങിവളാലനടക്കിൽ
നില്ക്കുന്നിതേ,തോ മുനിനാരിപോലേ!
വൈദേഹി ചീരങ്ങൾ വെടിഞ്ഞിടേണ;-
മേറേറാതിയിട്ടില്ലിതു മുന്നമീ ഞാൻ;
സമസ്തരത്നാന്വിതയായ്ത്തികച്ചും
സുഖേന പോകട്ടെ നരേന്ദ്രപുത്രി. ൮

ചാവാൻ തുടങ്ങുന്നൊരുളുഗ്രമാകും
പ്രതിജ്ഞ തീർച്ചപ്പടി ചെയ്തുപോയ് ഞാൻ;
ഇതായി മൌഢ്യാൽത്തവ തീർപ്പ്;-തെന്നൊ
നീറവും, മുളംപൂ മുളയെക്കണക്കേ!

രാമൻ തേ തിന്മയെന്താനും ചെയ്തെങ്കിൽത്തന്നെ നിഷ്ഠുരേ;
ദ്രോഹമെന്തൊന്നു ചെയ്താളിങ്ങധമേ, നിങ്കൽ മൈഥിലി? ൯
മാനേട പോലെ കൺ നീണ്ടോൾ പാവം മൃദുലശീലയാൾ
ദ്രോഹമെന്തൊന്നു ചെയ്യുന്നുണ്ടിവിടെത്തവ ജാനകി?
പോരുമല്ലോ നിനക്കിന്നീ രാമനെപ്പോക്കലൊന്നുതാൻ;
വീണ്ടും ചെയ്യുന്നതെന്തിന്നിക്കഷ്ടപാപങ്ങൾ നിഷ്ഠുരേ? ൧൦
അഭിഷേകത്തിനായ് വന്ന രാമനോടെന്തുരച്ചു നീ,
അതേ ഏറേറാതിയിട്ടുള്ളു, ദേവി, നിൻവാക്കു കേട്ട ഞാൻ.
അതു ലംഘിച്ചു നരകം പൂകാൻ ഭാവിയ്ക്കയാണു നീ:
സീതയും മരവുരിയണിയണമെന്നല്ലോ തവ നിശ്ചയം!" ൧൨

Digitized By Kerala Sahitya Akademi

ഇത്ഥം പുലമ്പുന്ന നൃപൻ മഹാത്മാ-
വത്തല്ക്കു കണ്ടീലവസാനമേതും;
അപ്പുത്രദുഃഖത്തിലിറങ്ങിമുങ്ങി-
ത്തുലോം വശംകെട്ടു നിലത്തു വീണാൻ.

ഏവം പറഞ്ഞു തല ചായ്ച്ചിരിക്കും താതനോടുടൻ,
കാട്ടിൽപ്പോകാനൊരുമ്പെട്ട രാമനിങ്ങിനെ ചൊല്ലിനാൻ: ൧൪
“ഇവളെന്നമ്മ കൌസല്യ കീർത്തിശാലിനി ധാർമ്മിക,
തിരുമേനിയെ നിന്ദിക്കാത്തവൾ വൃദ്ധ സുശീലയാൾ;
എന്നെപ്പിരിഞ്ഞു വരളെ, ശോകക്കടലിലാഴവേ,
മാൽ മുമ്പു കാണാത്തവളെപ്പേർത്തും മാനിക്കവേണമേ! ൧൫
പുത്രനെപ്പററി മാഴ്കാതെ നിങ്കൽജ്ജീവിച്ചിരിക്കണം
എന്നെച്ചിന്തിക്കുമിപ്പാവം പൂജ്യനാം ഭവ പൂജയാൽ!

മഹേന്ദ്രസങ്കാശ, മകങ്കളാശ പൂ-
ണ്ടിരിക്കുമെന്നമ്മയെ നോക്കണേ ഭവാൻ:
മമാടവിപ്പാർപ്പിൽ വലഞ്ഞു, ജീവിതം
വെടിഞ്ഞു, കാലാലയമേറിടൊല്ലിവൾ!” ൧൬

—*—

## മുപ്പത്തൊമ്പതാം സർഗ്ഗം: കൌസല്യയുടെ സദുപദേശം.

—*—

രാമന്റെ വചനം കേട്ടിട്ട,വന്റെ മുനിവേഷവും
കണ്ടിട്ടു ഭാര്യമാരൊത്തു മൂർച്ഛയിൽപ്പെട്ടുപോയ് നൃപൻ.
ഖിന്ന രാഘവനെ നേരിട്ടു നോക്കീലാ മാലിൽ വെന്തവൻ;
അവനെപ്പാർത്തു സംസാരിച്ചതുമില്ലാതുരാശയൻ. ൨
ഒട്ടുനേരം വെളിവുകേടേററാ മാലാണ്ട മന്നവൻ
രാമനെത്തന്നെ ചിന്തിച്ചു വിലപിച്ചാൻ മഹാഭുജൻ:-
“കുഞ്ഞില്ലാതാക്കിനേൻ നൂനം പണ്ടു ഞാൻ പല പൈക്കളെ;
ഹിംസിച്ചേൻ പ്രാണികളെയു;-മതിനാൽ വന്നതാണിദം! ൪
കാലം വരാതെ ദേഹത്തിൽനിന്നു പോകില്ല ജീവിതം;
കൈകേയിയാൽ വലയ്ക്കപ്പെട്ടിട്ടും ചാവുന്നതില്ല ഞാൻ!

Digitized By Kerala Sahitya Akademi

മുന്നിൽക്കാണുന്നുവല്ലോ ഞാൻ, വഹനിയ്ക്കൊക്കുന്ന പുത്രനെ,
പട്ടാടകളുപേക്ഷിച്ചു മുനിത്തുകിലുടുത്തതായ്! ൬
കൈകേയിയൊന്നിനാലിങ്ങു കല്പിച്ചീടുന്നിതാളുകൾ:
സ്വാർത്ഥം സാധിയ്ക്കുയാണല്ലാ ചേർത്തിട്ടോത പൂണ്ടിവൾ!"
ഏവം പറഞ്ഞു കണ്ണീരാലിന്ദ്രിയങ്ങൾ മറഞ്ഞവൻ,
'രാമാ' എന്നൊന്നുരച്ചിട്ടു സംസാരിപ്പാനശക്തനായ്. ൭
ഒട്ടുനേരത്തിനാൽശ്ശ്വാധം പൂണ്ടിട്ടുധരണീശ്വരൻ
കണ്കളിൽക്കണ്ണുനീർ തിങ്ങിസ്സുമന്ത്രനൊടിതോതിനാൻ:-
"ഉത്തമാശ്വങ്ങളെപ്പൂട്ടിക്കൊണ്ടുവാ തക്കതാം രഥം:
ഈ മഹാഭാഗനെക്കൊണ്ടാക്കീടുകി നാട്ടിനപ്പുറം. ൧൦
ഇതായിരിയ്ക്കാം, ഗുണികൾക്കുഗ്ഗുണാവലിതൻ ഫലം:
കാട്ടിൽപ്പോകുന്നുവല്ലോ സദ്വീരനെജ്ജനകാംബമാർ!"
അരുളപ്പാടു കേട്ടിട്ടു പാഞ്ഞുപോന്നു സുമന്ത്രനും
അശ്വങ്ങളെയണിത്തേർക്കു പൂട്ടിത്തിരികെയെത്തിനാൻ. ൧൧
അപ്പൊന്നണിത്തേരിനു നല്ലശ്വങ്ങളെയണച്ചതായ്
രാജപുത്രനൊടായിട്ടു സൂതൻ തൊഴുതുണർത്തിനാൻ.
ശുദ്ധതമെന്തിലും തീർച്ച് ദേശകാലവിവേകവും
പൂണ്ട ഭണ്ഡാരിയെ വിളിച്ചരുളീ സത്വരം നൃപൻ:— ൧൪
"വിലയേറിയ വസ്ത്രങ്ങളുത്തമാഭരണങ്ങളും;
ഇയ്യാണ്ടുകൾ കണക്കാക്കിക്കൊണ്ടുവാ മൈഥിലിയ്ക്കുടൻ."
ഏവം രാജാവരുൾകയാൽ; ഭണ്ഡാരപ്പുരപുക്കവൻ
കൊണ്ടുവന്നേകിനാൻ സീതയ്ക്കപ്പോൾത്തരൊയതൊക്കയും. ൧൫
കാട്ടിലെയ്ക്കു പുറപ്പെട്ടുള്ളാ ജ്ജാനകി സുജാതയാൾ
സുജാത മെയ്യണിഞ്ഞാള്ളാ വിചിത്രാഭരണങ്ങളാൽ.
നന്നായണിഞ്ഞ വൈദേഹി വിലസിപ്പിച്ചിതഗ്ഗൃഹം,
കാലത്തുദിയ്ക്കും ഭാസ്വാന്റെ കാന്തി വാനം കണക്കിനെ. ൧൭
ഇരുകൈകൊണ്ടുമാ ശ്രേഷ്ഠവൃത്തയാകിയ സീതയെ
പുണർന്നു മൂർദ്ധാവിൽ മുകന്നോതിനാൾ ശ്വശ്രുവിങ്ങിനെ:-

Digitized By Kerala Sahitya Akademi

"അസൽസ്ത്രീകൾ, സദാപ്രീഷ്ടസമ്മാനിതകളാകിലും
നോക്കില്ലിയുലകത്തെങ്ങും, താഴ്ച പെട്ട മണാളനെ. ൨൦
ഇതാണല്ലോ സ്ത്രീസ്വഭാവം: സുഖം മുമ്പു ഭുജിയ്ക്കിലും,
ഒട്ടൊരാപത്തുനേരിട്ടാൽ മട്ടുമാറും, വെടിഞ്ഞിടും!
കള്ളത്തരക്കാർ വല്ലാത്തോരുള്ളന്നം കാട്ടിടാത്തവർ
പെണ്ണുങ്ങൾ ദുർവിചാരക്കാർ ക്ഷണത്തിൽ മുഷിയുന്നവർ. ൨൨
ഉപകാരം കുലം വിദ്യ ദാനമേല്പിയിതൊന്നുമേ
ഉള്ളിൽത്തട്ടില്ല പെണ്ണുങ്ങൾക്കു, ചലിപ്പേറിയോരവർ.
ശീലം ജ്ഞാനം ശമം നേരും ചേർന്ന സാധ്വീജനത്തിനോ,
ഭർത്താവൊരാളുതാൻ മെച്ചപ്പെട്ടുള്ളൊന്നതിപാവനം! ൨൪
അതിനാൽത്തള്ളലാ നീയെൻ പോക്കപ്പെട്ട കുമാരനെ;
ധനികൻതാൻ ദരിദ്രൻതാൻ, നിനക്കീശ്വരനാകിവൻ!"
ധർമ്മാർത്ഥയുക്തമവർതൻ മൊഴികേട്ടിട്ടു സീതയും
മുന്നിലായ് നിന്നു കൈകൂപ്പി ശ്വശ്രുവോടരിയാടിനാൾ:— ൨൬
"ചെയ്തുകൊള്ളാം ശരിയ്ക്കമ്മയുപദേശിച്ചതൊക്കെ ഞാൻ;
അറിയാം ഭർതൃശുശ്രൂഷാവിധി; കേൾവിയുമുണ്ടു മേ.
അസജ്ജനത്തിൻകൂട്ടത്തിൽക്കൂട്ടീടൊല്ലമ്മയെന്നെയും:
ധർമ്മത്തിൽനിന്നു നീങ്ങാ ഞാൻ, ചന്ദ്രാൽ പ്രഭ കണക്കിനെ. ൨൮
കമ്പിയെന്യേ വീണ മീട്ടാ; തേരോടാ ചക്രമെന്നിയേ;
ഭർത്താവെന്യേ സുഖം കിട്ടാ, മക്കൾ നൂറുള്ളവൾക്കുമേ!
അത്രമാത്രം തരുന്നോരാണച്ഛനമ്മകൾ പുത്രനും;
ഏറെത്തരുന്ന ഭർത്താവെയേതു പെണ്ണാദരിച്ചിടാ? ൩൦
ഇമ്മട്ടായ്, സ്സാധ്വിമാർ ചൊല്ലി മേല്ക്കീഴ് ധർമ്മമറിഞ്ഞ ഞാൻ
അമ്മേ, തള്ളീടുമോ? ഭർത്താവല്ലോ സ്ത്രീകൾക്കൊരീശ്വരൻ!"
സീതതൻ ഹൃദ്യമാം വാക്കു കേട്ടു കൌസല്യയഞ്ജസാ
ശോകഹർഷജമാം കണ്ണീർ തൂകീ വിമലസത്വയാൾ. ൩൨
തായമാർക്കിടയിൽപ്പാരം മാനിയ്ക്കപ്പെട്ട തായയെ
കൈകൾകൂപ്പി വലംവെച്ചു ചൊന്നാൻ രാമൻ സുധാർമ്മികൻ:-

Digitized By Kerala Sahitya Akademi

"അമ്മേ, ഭവതി ദുഃഖിയ്ക്കൊല്ലെ,ന്റെയച്ഛനെ നോക്കണേ!
കാട്ടിൽപ്പാർപ്പവസാനിച്ചുപോകുമല്ലോ പൊടുന്നനെ: ൩൪
ഒന്നുറങ്ങിയപോലീരേഴാണ്ടമ്മയ്ക്കു കഴിഞ്ഞുപോം;
പിന്നെക്കാണാം, ശരിയ്ക്കിങ്ങു വന്നൊന്നെക്കൂട്ടർ ചുററുമായ്."
ഇത്രയും പൊരുളുൾച്ചേർന്ന വാക്കമ്മയൊടുരച്ചവൻ
വെവ്വേറെ പാർത്താൻ മുന്നൂററെമ്പതുപേരമ്മമാരെയും; ൩൬
അവ്വണ്ണംതന്നെ ദുഃഖാർത്തമാരാമത്തായമാരൊടും
തൊഴുതീധർമ്മ്യമാം വാക്കു ചൊന്നാൻ ദശരഥാത്മജൻ:—
"കൂടെപ്പാർപ്പാലുമജ്ഞാനത്താലും ഞാൻ ചെയ്ത തെററിനെ
ക്ഷമിപ്പിൻ; നിങ്ങളോടെല്ലാം വിട ചോദിച്ചിടുന്നു ഞാൻ." ൩൮
ധർമ്മവും ധൈര്യവും ചേർന്നാ രാമന്റെ ഭാഷിതം
മാലാൽക്കരളുടഞ്ഞോരായ്ക്കേട്ടോരാ സ്ത്രീകളവരും,
ഉറക്കെ മുറയിട്ടാരാ, രാമനേവം കഥിയ്ക്കവേ,
കുരുകില്ലിടകൾക്കൊക്കും സ്വരത്തിൽ നൃപഭാര്യമാർ. ൪൦

മുരജപണവമേഘനിസ്വനം
പെരുകിയിരുന്ന മഹീന്ദ്രമന്ദിരം,
വ്യസനമണകയാൽ വിലാപവും
കരയലുമൊത്തഴലിൽപ്പതിച്ചുപോയ്. ൪൨

---

നാല്പതാം സർഗ്ഗം: വനപ്രയാണം.

---

പിന്നെക്കൈതൊഴുതാ രാമൻ സീത ലക്ഷ്മണനെന്നിവർ
കാൽ പിടിച്ചു വലംവെച്ചാർ ദീനരായ് മാനവേന്ദ്രനെ.
അവിടുത്തോടു വിടയും വാങ്ങി രാമൻ സുധാർമ്മികൻ
സീതയൊത്തല്ലൽമറിവാനമ്മയെക്കൈവണങ്ങിനാൻ ൨
ജ്യേഷ്ഠന്റെ പിമ്പേ സൌമിത്രി കൌസല്യയെ വണങ്ങിനാൻ;
സുമിത്രയമ്മതൻ കാലും പിടിച്ചാനഥ വീണ്ടുമേ.
വന്ദിയ്ക്കും പ്രാംശുഭുജനാം സൌമിത്രിയോടു ചൊല്ലിനാൾ,
കരഞ്ഞു മൂർദ്ധാവിൽ മുകർന്നാ മാതാവു ഹിതൈഷിണി:— ൪

Digitized By Kerala Sahitya Akademi

“കാട്ടിൽപ്പാൎപ്പിന്നു സൃഷ്ടിയ്ക്കപ്പെട്ടോൻ നീ ബന്ധുവത്സലൻ,
അന്ധാളിയ്ക്കാം വരായ്കുണ്ണീ, ജ്യേഷ്ഠൻ രാമൻ ഗമിയ്ക്കവേ.
മുടിഞ്ഞോൻതാൻ നികന്നോൻതാൻ, ഗതി സൌമ്യ, നിനക്കിവൻ
ജ്യേഷ്ഠന്റെ കീഴിൽ നില്ക്കുന്നതുലകിൽസ്സാധുധൎമ്മമാം. ൮
എന്നെന്നുമിക്കുലത്തിന്നു ചേരുന്നൊരു നടപ്പിതാം:
ദാനം, യജ്ഞങ്ങളിൽദ്ദീക്ഷ, യുദ്ധങ്ങളിൽ മരിയ്ക്കയും.”
തുനിഞ്ഞ രാമപ്രിയനാം സൌമിത്രിയോടിതിൻവിധം
ചൊല്ലി, ‘പ്പോയ്ക്കൊൾക, പോയ്ക്കൊൾകെ’ന്നരുളാളവൾ മേല്ക്കുമേൽ:— ൯
“ഓൎക്ക രാമൻ ദശരഥ;നമ്മയെന്നോൎക്ക സീതയെ;
കാടയോധ്യയിതെന്നോൎക്ക; പോയ്ക്കൊൾകുണ്ണി, യഥാസുഖം.”
പിന്നെസ്സുമന്ത്രർ തൊഴുതു കാകുത്സ്ഥനൊടു ചൊല്ലിനാൻ
വിനയജ്ഞൻ പണിഞ്ഞിന്ദ്രനോടു മാതലി പോലവേ:— ൧൦
“തേരേറിക്കൊൾക, ഭദ്രം തേ, ഭൂരികീൎത്തേ, നൃപാത്മജ;
നിന്നെക്കൊണ്ടാക്കുവൻ വെക്കം, രാമ; നീ പറയുന്നിടം.
പതിന്നാലാണ്ടു പാൎക്കേണമല്ലോ വനതലത്തിൽ നീ;
തുടങ്ങിവെയ്ക്കേണമത, ദ്ദേവി ചൊല്ലിയതിൻവിധം.” ൧൧
സൂൎയ്യന്നു നേരാമത്തേരിൽസ്സീത ഹൎഷിതചിത്തയായ്
കേറിക്കൊണ്ടാൾ വരാരോഹ, തൻഭൂഷണമണിഞ്ഞവൾ.
പിന്നൊളിച്ചെന്തീയിനെതിരായ് സ്വൎണ്ണമണ്ഡിതമാമതിൽ
ചിക്കന്നു കയറി രാമലക്ഷ്മണന്മാർ സഹോദരർ: ൧൨
വനവാസം കണക്കാക്കി വസനാഭരണങ്ങളെ
ഭൎത്താവൊന്നിച്ചു പോം സീതയ്ക്കേകീലേ ശ്വശുരൻ തദാ,
അവയും, സോദരൎക്കുള്ളായുധങ്ങൾ, കവചങ്ങളും,
തോല്ക്കൊട്ട കോല്ക്കൊട്ടിവയും തേൎത്തട്ടിൽക്കൊണ്ടുവെച്ചുടൻ
സീതാതൃതീയരങ്ങേറിയതു കണ്ടു സുമന്ത്രനാം
ധീരം തെളിച്ചാൻ കാറ്റൊക്കിൽപ്പായും ശ്രേഷ്ഠഹയങ്ങളെ.



Digitized By Kerala Sahitya Akademi

കാകുത്സ്ഥനേറെനാളെയ്ക്കു വങ്കാട്ടിന്നു ഗമിയ്ക്കവേ
മൂർച്ഛിച്ചപോയ് നഗരവും ജനവും സൈന്യവൃന്ദവും: ൧൮
മത്തേഭങ്ങളും പുണ്ണുകൊണ്ടുഴശപ്പുഷ കിലുങ്ങിയും
തുലോമാലിപ്പെട്ടു, സമാകുലസംഭ്രാന്തമപ്പുരം.
ആബാലവൃദ്ധം വമ്പിച്ച പൂണ്ടുനാടിച്ചെന്നിതപ്പുരി,
വെള്ളത്തിൻനേക്കു വെയിലേറ്റോർ പോലെ രാമൻെറ നേക്കു
താൻ. ൨൦
അവൻെറ നേക്കാസ്യമുയർത്തശ്രു വാർത്താർത്തുചൊല്ലിനാർ
പിന്നിലും രണ്ടു ഭാഗത്തും തിങ്ങിനിന്നാവരവരും;-
"അടക്കുകശ്ചക്കടിഞാണു; പതുക്കെപ്പോക സാരഥേ:
കാണട്ടെ രാമൻെറ മുഖം; ഞങ്ങൾക്കതു സുദുർല്ലഭം! ൨൨
സന്ദേഹമില്ലി,രിമ്പാവാം രാമാംബയുടെ മാനസം:
അതു വിള്ളുന്നതില്ലല്ലോ ദിവ്യാഭൻ കാടു പൂകവേ!
കൃതാർത്ഥ സീത നിഴൽ പോലനുവർത്തിച്ചു നാഥനെ,
സൂര്യാഭ മേരുവെപ്പോലെ കൈവിടുന്നില ധാർമ്മിക! ൨൪
ഹാ, ലക്ഷ്മണ, കൃതാർത്ഥൻ നീ: ചെയ്യുമല്ലോ നിരന്തരം
പ്രിയം ചൊല്ലുന്ന ദേവശ്രീജ്യേഷ്ഠന്നു പരിചര്യകൾ!
ഭോന്നിതു മഹാസിദ്ധി,യിതഭ്യുദയമേററവും,
ഇതു വിൺവഴി; പിൻചെല്ലുന്നുണ്ടല്ലോ ജ്യേഷ്ഠനെപ്പുവാൻ!"
രാമലിക്ഷ്വാകുസുതനെപ്പിന്തുടർന്നേവമോതവേ
ഉറന്ന കണ്ണുനീർ നിർത്താനക്കൂട്ടരസമർത്ഥരായ്.
മാലേറും മാതർ മുഴക്കുന്നൊരു മയങ്ങിയ ഭ്രൂപനം,
'കാണ്മാനാമന്മകനെ'യെന്നാലയം വിട്ടിറങ്ങിനാൻ. ൨൮
കേൾക്കായി മുന്നിലായ് സ്ത്രീകൾ കേഴും വലിയ ശബ്ദവും,
കൊമ്പൻ കുടുങ്ങിലാപ്പെട്ടാൽപ്പെണ്ണാനയൊലി പോലവേ:
തളർന്നിരുന്നല്ലോ താതൻ ശ്രീരാഘവൻ നൃപൻ,
ഗ്രഹണേ രാഹുവിനാൽത്തീണ്ടപ്പെട്ട വാർതിങ്കൾ പോലവേ. ൩൦

Digitized By Kerala Sahitya Akademi

ശ്രീമാനപരിമേയാത്മാവാത്മാശരഥി രാമനോ,
'വേഗം തെളിച്ചുകൊൾകെ'ന്നു സൂതനോടരുളീടിനാൻ.
അസ്സൂതനോടു പോകെന്നു രാമൻ, നില്ലെന്നു നാട്ടുകാർ;
വഴിയും, രണ്ടിനും സൂതൻ ശക്തനായീല ചോദിതൻ. ൩൨
രാമൻ മഹാഭുജനെഴുന്നള്ളുമ്പോൾ മന്ദിരത്തിലെപ്പൊടി,
പൌരർതൻ കണ്ണുനീർ വീണു ശമിതിന്നൊട്ടക്കമെന്നപോലായ്!
കേണു കണ്ണീരിലാണ്ടുള്ളാ എന്നാത്ത വെളിവെന്നിയേ
പെരികെപ്പീഡയിൽപ്പെട്ടു പുരം രാഘവയാത്രയിൽ. ൩൪
കണ്ണിൽനിന്നൊഴുകീ ബാഷ്പം പെണ്ണുങ്ങൾക്കഴൽമൂലമായ്,
മീൻ തട്ടിച്ചെരിയും തണ്ടാരിങ്കൽനിന്നാമ്പു പോലവേ.
ഒരേ മനസ്സാന്ന പുരം കണ്ടാ ശ്രീമാൻ നരേശ്വരൻ
വീഴ്ത്താൻ ചെയ്തു ദുഃഖത്താൽ, വേരററ തരു പോലവേ. ൩൫
ഉടൻ ഹലഹലാശബ്ദം കൂട്ടി രാമന്റെ പിൻവശം,
വല്ലാതെ മാഴ്കി ക്ഷീണിച്ച നൃപനെക്കാൺകയാൽ നരർ.
'ഹാ, രാമാ!' എന്നു ചിലപേർ; 'രാമാംബേ!' എന്നു മററുപേർ,
സമുദ്ധമന്തഃപുരവും പാരം നിലവിളിയ്ക്കയായ്. ൩൬

രാമൻ തിരിഞ്ഞുനോക്കുമ്പോൾ കണ്ടു, രാജാവുമമ്മയും
മാഴ്കാൽ മനസ്സു പതറിപ്പിൻചെല്ലുന്നതു പാതയിൽ.
കയറാൽക്കെട്ടിയോരശ്വക്കുട്ടി പോലവനമ്മയെ
ധൈര്യമെ നേരിട്ടു നോക്കീലാ, ധർമ്മക്കെട്ടേററിരിയ്ക്കയാൽ ൪൦
സുഖോചിതരദുഃഖാർഹർ വാഹനാർഹർ നടപ്പതും
കണ്ടു വെമ്പിച്ചരുളിനാൻ, വേഗം പോകെ'ന്നു സൂതനെ:
നൃസിംഹനാളായീലല്ലോ തല്ലേററാരാന പോലവേ,
മാതാപിതാക്കളുടെയദ്ദുഃഖക്കാഴ്ച പൊറുക്കുവാൻ. ൪൧
കുട്ടി കെട്ടപ്പെട്ട പയ്യു കുട്ടിയെപ്പാർത്തു ക്രോധം
വീട്ടിലെയ്ക്കെത്തിടുംവണ്ണം പാഞ്ഞെത്തി രാമധാത്രിയാൾ.
അവ്വണ്ണം കേണു കൌസല്യ തേരിൻപിന്നാലെയോടവേ,
'ഹാ, രാമ! രാമ! ഹാ, സീതേ! ലക്ഷ്മണാ!' എന്നുമാക്കവേ, ൪൪

Digitized By Kerala Sahitya Akademi

രാമസീതാലക്ഷ്മണരെപ്പററിക്കണ്ണീരു തൂകവെ,
പാത്താനവൻ നൂറുരവാത്തത്തിത്തുള്ളുന്ന തായയെ.
നില്ലെന്നാത്തോതിനാൻ ഭൂപൻ, പോക പോകെന്നു രാമനും;
രണ്ടുരുൾക്കിടയിൽപ്പെട്ടപോലായ് സാരഥിതൻ മനം. ൪൬
'കേട്ടീലെന്നങ്ങണത്തിയ്ക്കാം, തമ്പുരാൻ ശണ്ഠകൂട്ടിയാൽ;
'വൈകിച്ചാൽ വാശ്ക്കുമഴലെ'ന്നാവനോടോതി രാഘവൻ.
രാമോക്തിയാല,പ്പൌരക്ക വിട നല്കിച്ചു സൂതനും
ആട്ടിത്തെളിച്ചാ,നോട്ടുന്നുണ്ടെങ്കിലും തുരഗങ്ങളെ. ൪൭
മടങ്ങി രാമനെ വലംവെച്ചു മന്നൻറയാളുകൾ;
എന്നാൽ മടങ്ങീലുള്ളാലും കണ്ണീരാലും ജനാൽകരം!
"തിരിച്ചെത്തേണ്ടമാൾക്കിത്ര ദൂരാനുഗതി ചെയ്യൊലാ"
എന്നുരച്ചാർ ദശരഥരാജേന്ദ്രനൊട്ട മന്ത്രിമാർ. ൪൮

ഗുണം തികഞ്ഞുള്ള തദീയവാക്യം—
കേട്ടിട്ട, പത്നീയുതനാം നൃപാലൻ
വല്ലായ്മ പൂണ്ടുണ്ണിയെ നോക്കിനിന്നാൻ
ദുഃഖം മുഴുത്തും തിരമെ വിയത്തും.

—*—

## നാല്പത്തൊന്നാം സർഗ്ഗം: അന്തഃപുരസ്ത്രീവിലാപം

—*—

തൊഴുതപ്പുരുഷവ്യാഘ്രനെഴുനള്ളും ദശാന്തരേ,
അന്തഃപുരാംഗനകൾ തന്നാത്താനാമം തഴയ്ക്കയായ്:-
'അനാഥദുർബ്ബലകളാമിപ്പാവങ്ങൾക്ക യാതൊരാറം
തണലും താങ്ങമായ്യാണി,താ നാഥൻ പോവതെങ്ങവാൻ! ൨
ശകാരിച്ചാലുമിടയില്ലി,ടയാനിട മാക്കിടാ,
കനിയിയ്ക്കമിടഞ്ഞോരെ,യത്തുല്യാതങ്കനങ്ങപോയ്!
അമ്മ കൌസല്യയെച്ചെമ്മെ നോക്കംവണ്ണം മഹാദ്യുതി
നമ്മെയും നോക്കമാറുന്നിങ്ങ,മ്മഹാൻ പോവതെങ്ങവാൻ! ൩

Digitized By Kerala Sahitya Akademi

കൈകേയി ബുദ്ധിമുട്ടിയ്ക്കും നൃപൻ കാട്ടിന്നയയ്ക്കയാൽ,
ഞങ്ങൾക്കും പാരിനും ത്രാതാവായുള്ളോൻ പോവതെങ്ങവാൻ!
ഹാ, ബുദ്ധികെട്ടോനരചൻ ജീവലോകത്തിനിഷ്ടനെ
കാട്ടിൽപ്പാപ്പാനയയ്ക്കുന്നു രാമനെസ്സത്യധർമ്മിയെ!' ൮
എന്നാ മഹിഷിമാരെല്ലാം, കുഞ്ഞില്ലാപ്പൈക്കൾപോലവേ
കേണാർ,മാഴ്കി വശംകെട്ടു മുറയിട്ടാരുറക്കനെ.
അന്തഃപുരത്തിൻ കൊടുതാമാർത്തശബ്ദമിതിൻവിധം
കേൾക്കയാലും നൃപൻ പുത്രശോകാൽ വെന്തേറെമാഴ്കിനാൻ. ൯

അഗ്നിഹോത്രം നടത്തീലാ; ചോറുണ്ടാക്കീല വീട്ടുകാർ;
നോക്കീലാ കാര്യമേ നാട്ടാർ; പകഴ്ലോനും മറഞ്ഞുപോയ്;
പൈ കുട്ടിയെക്കുടിപ്പിച്ചീല,ണ്ടീലുരുളയാനകൾ;
കൊണ്ടാടീലമ്മ, സീമന്തപുത്രനെക്കിട്ടിയിട്ടുമേ! ൧൦
ത്രിശങ്കു, ചൊവ്വ, വാഗീശൻ, ബുധനെന്നിവർ ചന്ദ്രനെ
പ്രാപിച്ചു ഘോരരായ്നിന്നാർ, മറ്റുമെല്ലാഗ്രഹങ്ങളും.
നക്ഷത്രങ്ങൾ നിറംകെട്ടു; ഗഗനത്തിൽ ഗ്രഹങ്ങളും
വിമാർഗ്ഗസ്ഥങ്ങളായ്ക്കാണായി പുകഞ്ഞുമൊളിമങ്ങി ച: ൧൧
കാർകൊണ്ടലിൻകാറ്റടിയേറ്റെന്നും വങ്കടൽ പോലവേ
കിടന്നിളകികാകുത്സ്ഥൻ കാട്ടിൽപ്പോയപ്പൊളപ്പുരം.
വല്ലാതെയായി ദിക്കെല്ലാം,മിരുൾ മൂടിയപോലവേ;
ഗ്രഹങ്ങളും താരകളും പ്രകാശിച്ചീലൊരെണ്ണവും. ൧൨
പെട്ടെന്നു ദീനരായ്ത്തീർന്നു പുരവാസികളൊക്കയും;
അങ്ങാഹാരവിഹാരത്തിൽ ശ്രദ്ധ വെച്ചീലൊരാളുമേ.
അഴൽത്തഴപ്പാലുരുകിസ്സതതം നെടുവീർപ്പുമായ്
അയോധ്യയിൽസ്സകലരും ഭൂപനെപ്പററി മാഴ്കിനാർ. ൧൩
കണ്ണീരാണ്ട മുഖത്തോടും പാതമേൽ നിന്നിതാളുകൾ;
ആരും തെളിഞ്ഞു കാണായീല,വരും മാൽ മുഴുത്തവർ!
വീശാതായി കുളിർക്കാററു; ചന്ദ്രൻ കാഴ്ചയ്ക്കു ചീത്തയായ്;
നല്ലാതെയായ് സൂര്യൻ; വല്ലാതായുലകൊക്കയും! ൧൪

Digitized By Kerala Sahitya Akademi

തേടീലാ പുത്രർ നല്ലാരെബ്ഭർത്താക്കന്മാർ സഗർവ്വരും;
എല്ലാരുമെല്ലാം കൈവിട്ടു രാമനെത്തന്നെയോർക്കയായ്!
രാമൻെറ ചങ്ങാതികളോ, സർവ്വരും മൂഢചിത്തരായ്!
കനത്ത മാലേറ്റു ഭയാൽ വെടിഞ്ഞീലാ കിടപ്പിടം! ൧൦

മഹാശയൻ വിട്ടോരയോദ്ധ്യ, വാസവൻ
പിരിഞ്ഞ ശൈലാനചിതഭൂമിപോലവേ
കലുങ്ങി മേലാരം, ഭയശോകപീഡയാൽ-
ക്കരഞ്ഞു വാജിദ്വിപയോധയുക്തയായ്.

---

നാല്പത്തിരണ്ടാം സർഗ്ഗം: ദശരഥവിലാപം.

---

ആപ്പോരാമവനുള്ള പൊടികാണപ്പെട്ടവരെയ്ക്കുമേ
യുക്കണ്ണു പിൻവലിയ്ക്കാതെ നിന്നാനിക്ഷ്വാകുപുംഗവൻ
സ്വപുത്രം, പെരികെദ്ധർമ്മപരനാമോമലുണ്ണിയെ
പാർക്കുമാറായുമന്നേരം, സുതക്ഷയ്ക്കുടലൂഴിയിൽ! ൧

ആ രാമനുള്ള പൊടിയും കാണാതായപ്പൊളുഴിപൻ,
മാൽ മുഴുത്തു വശംകെട്ടു മന്നിടത്തിങ്കൽ വീണുപോയ്.
അദ്ദേഹത്തിൻ വലംകയ്യു താങ്ങി കൌസല്യ തമ്പിയാം;
ഇടത്തുഭാഗമേ താങ്ങി ഭർത്തൃപ്രിയ കൈകയി. ൨

നയം, ധർമ്മം, വിനയമെന്നിവയാറിയ മന്നവൻ
അക്കൈകേയിയെ വീക്ഷിച്ചു ചൊല്ലിനാൻ വ്യഥിതേന്ദ്രിയൻ:-
"കൈകേയി, തൊട്ടുപോകൊല്ലെൻദേഹം ദുർവൃത്തയായ നീ;
എനിക്കു നിന്നെക്കാണേണ്ടാ: ഭാര്യയല്ല,ല്ല ബന്ധുവും! ൩

നിൻസേവകന്മാർക്കുള്ളാനുമല്ല ഞാ,നെൻെറയല്ലവർ;
ധർമ്മം വിട്ടർത്ഥമേ തേടും നിന്നെക്കൈവെടിയുന്നു ഞാൻ!
നിൻകൈ പിടിച്ചതിന്നും തീ വലംവെപ്പിച്ചതിന്നുമേ,
ഞാനൊയ്ക്കും വിട നല്കുന്നേനീ ലോകത്തും പരത്തിലും! ൪

ഈയിടേറും നാട്ട നേടിബ്ഭരതൻ തുഷ്ടനാകിലോ,
പിതൃകൎമ്മമെനിക്കായാൾ ചെയ്യാതെകഴ്പ്പതിക്കൊല്ലാ!"
എഴുന്നേല്പിച്ചു, പൊടി പാറിയ രാജാവൊത്തൊപ്പമേ
മടങ്ങിപ്പോന്നു, കൌസല്യാദേവി, മാഴ്കൽ മെലിഞ്ഞവൾ. ൧൫
കാമാൽ ബ്രഹ്മവധം ചെയ്തമട്ടും, തീ തൊട്ടമട്ടുമേ
പശ്ചാത്തപിച്ചാൻ. പുത്രന്റെ കാട്ടിൽപ്പാപ്പോൎത്തു ധാൎമ്മി
കൻ.
മടങ്ങിത്താൻ മടങ്ങിത്താൻ തേർമാൎഗ്ഗേ വാട്ടമല്ലയാൽ
നൃപനേതും വിളങ്ങീലാ, ഗ്രസ്താൎക്കനെന്നപോലുടൽ. ൧൬
വിലപിച്ചാനഴൽപ്പാടാൽ പ്രിയപുത്രനെയോൎത്തവൻ;
പുരിക്കുപ്പുറമായ് പുത്രനെന്നറിഞ്ഞിട്ടു ചൊല്ലിനാൻ:-
"എന്നുണ്ണിയെ വഹിക്കുന്ന സന്തമാശങ്ങൾതമ്മുടെ
കാല്പാട്ട വഴിയിൽക്കാണ്മൂ; കാണ്മീലമ്മനസ്വിയെ! ൧൭
നന്നെത്തമൽക്കിടക്കുന്നോനല്ലോ ചന്ദനലിപ്തനായ്
ശ്രേഷ്ഠനാരികളാൽ വീശപ്പെട്ടുകൊണ്ടെന്റെ പൊന്മകൻ;
അവനിന്നു ദൃഢം, വല്ല മരത്തിന്റെ ചുവട്ടിലും
മുട്ടിയോ പാറയോ മെത്തയാക്കിക്കൊണ്ടു കിടന്നിടും! ൧൮
നിലത്തുനിന്നെഴുന്നേല്ക്കും, പാവം പൊടി പുരണ്ടവൻ,
വീൎപ്പിട്ടു ചോലയ്ക്കരികെനിന്നു നല്ലാന പോലവേ!
കാണാകും കാട്ടിലുള്ളോൎക്കു നൂനം കൈ നീണ്ട രാഘവൻ
ലോകനാഥനനാഥൻ പോലെഴുന്നേറ്റു ഗമിപ്പതും! ൧൯
സദാ സുഖാൎഹയായുള്ളോരജ്ജനകപ്രിയപുത്രിയാൾ
നൂനം, മുള്ളു ചവുട്ടിക്കൊണ്ടിന്നു കാട്ടിൽക്കടന്നിടും!
കാടെന്തെന്നറിയാത്തോളാമവൾ നൂനം ഭയപ്പെടും,
കോൾമയിർക്കൊള്ളുമാറുഗ്രശ്വാപദധ്വനി കേൾക്കയാൽ! ൨൦
കൈകേയി, തുഷ്ടയാകൂ,ഴി വാഴ്ക മൊട്ടച്ചിയായി നീ:
ആ നരവ്യാഘ്രനില്ലാതെ ജീവിപ്പാൻ ശക്തനല്ല ഞാൻ!"
എന്നേവം വിലപിച്ചുകൊണ്ടാൾക്കാർ ചൂഴറ്റ മന്നവൻ
പുക്കാൻ, പലകുളിച്ചോരെപ്പോലമംഗളമാം പുരം. ൨൧

Digitized By Kerala Sahitya Akademi

അങ്ങാടിയമ്പലം പൂട്ടി,പ്പടിനാൽവഴി ശൂന്യമായ്,
വൻപാതയിൽത്തിക്ക കുറഞ്ഞാ,കെ മാഴ്കിത്തളന്നതായ്,
കെല്പററതാം പുരം കണ്ടു രാമനെത്തന്നെയോൎക്കയാൽ
വിലപിച്ചാലയം പുക്കാ,നൎക്കൻ കാർ പോലെ മന്നവൻ: ൪൪
താൎക്ഷ്യനീതോരഗമൊരക്ഷോഭ്യനീരാഴി പോലവേ,
രാമലക്ഷ്മണരും സീതതാനും വേർപെട്ട മന്ദിരം.
പിന്നീട്ടു തൊണ്ടയിടറി വിലപിയ്ക്കും നരാധിപൻ
അവ്യക്തമാൎത്തവാക്കൊന്നു ചൊന്നാൻ നേരിയൊരൊച്ചയിൽ:-
'കൊണ്ടാക്കുകെന്നെ, രാമാംബയായ കൌസല്യതൻ ഗൃഹേ:
മററാരേടത്തുമാശ്വാസമെന്മനസ്സിന്നു തോന്നിടാ.'
എന്നു ചൊല്ലും നൃപതിയെക്കൌസല്യയുടെ മന്ദിരേ
കൊണ്ടാക്കി ദ്വാരപാലന്മാർ താഴ്മയോടങ്ങിരുത്തിനാർ:— ൪൮
കൌസല്യതൻ ഗൃഹത്തിങ്കൽച്ചെന്നണഞ്ഞ നൃപന്നുടൻ,
കിടയ്ക്കയേറി വാണിട്ടും, കിടന്നിളകി മാനസം.
ഇരുനന്ദനർ വേർപെട്ട വധുവും വിട്ട മന്ദിരം,
ചന്ദ്രൻ മറഞ്ഞ വാനംപോലത്രേ കണ്ടു നരേശ്വരൻ. ൫൦
അതു കണ്ടു മഹാരാജാവഥ കൈ പൊക്കി വീഴ്കവാൻ
വാവിട്ടാൎത്തീടിനാ, 'നമ്മ, രാമ, നമ്മെ ത്യജിയ്ക്കയോ?
അന്നോളമുയിർ പൂണ്ടേവർ തിരിച്ചു വന്ന രാമനെ
കാണും പുണൎന്നുകൊണ്ടാ, ഹാ, സുഖാഢ്യരവരുത്തമർ! ൫൨
പിന്നെ,ത്തൻ കാളരാത്രിയ്ക്കു നേരാം രാത്രിയണഞ്ഞതിൽ,
പാതിരയ്ക്കാദ്ദശരഥൻ കൌസല്യയൊടിതോതിനാൻ:—
'രാമനെപ്പിന്തുടൎന്നെൻകൺ പിന്തിരിപ്പീലയിപ്പൊഴും;
കാണ്മീല നിന്നെക്കൌസല്യേ; കൈകൊണ്ടു തൊട്ടുകെന്നെ നീ!'

അ രാമനെത്തന്നെ നിനച്ചു മേവും
നരേന്ദ്രനെക്കണ്ടു കിടയ്ക്കയിന്മേൽ
അടുത്തിരുന്നല്ലൽ മുഴുത്തു വീൎപ്പി-
ട്ടതിപ്രയാസാൽ വിലപിച്ചു ദേവി-

Digitized By Kerala Sahitya Akademi

## നാല്പത്തിമൂന്നാം സൎഗ്ഗം: കൌസല്യാവിലാപം.

മാലാൽത്തളൎന്ന നൃപനെപ്പാൎത്തുകണ്ടു കിടക്കമേൽ,
പുത്രശോകാൎത്ത കൌസല്യയദ്ധരേശനൊടോതിനാൾ:-
"നൃസിംഹനാം രാഘവനിൽച്ചതിനഞ്ഞു പൊഴിച്ചഹോ,
ലാൎത്തും, വളയഴിച്ചോരു പെണ്ണാമ്പിനൊന്നാളു കൈകയി! ൨
കിണഞ്ഞു രാമനെപ്പുറക്കിക്കാമം സാധിച്ചു ധന്യയാൾ
വിങ്ങുമെന്നെവിറപ്പിക്കും, വീട്ടിൽദ്ദുഷ്ടാഹി പോലവേ!
രാമൻ ഗൃഹത്തിൽപ്പാൎത്താലെ തെരുവിൽപ്പിച്ചതെണ്ടിയും;
കൊള്ളാം, മന്നന്നിയെദ്ദാസ്യത്തിന്നു വേണ്ടുകിലാക്കലും! ൪
സ്വേച്ഛയാ രാമനെ സ്ഥാനാൽ ഭ്രംശിപ്പിച്ചിട്ടു കൈകയി
രക്ഷസ്സിൻഭാഗമായ് നീക്കി, വാവിൽ ഹോതാവു പോലവേ!
ഗജേന്ദ്രഗമനൻ വീരൻ മഹാബാഹു ധനുൎദ്ധരൻ
ഭാൎയ്യാലക്ഷ്മണരൊന്നിച്ചു കാട്ടിലെത്തിയിരിക്കുമേ! ൬
വനദുഃഖാനഭിജ്ഞൎക്കു, കൈകേയിവാക്കിനാൽബ്ഭവാൻ
കാട്ടിൽപ്പാൎപ്പിനയച്ചോൎക്കു മറെറന്തുനില കൈവരും?
ഫലകാലത്തകററപ്പെട്ടാ,ദ്ധ്യവസ്തുവിഹീനരായ്,
പാവങ്ങളച്ചെറുപ്പക്കാർ കായ്‌വേർ തിന്നു പൊറുക്കുമോ? ൮
കാണുമെന്നിങ്ങ,നജനാം ഭാൎയ്യയും ചേൎന്ന രാമനെ,
ആ മാലകാറും നൽക്കാലമിന്നോ വന്നെത്തുമോ മമ!
വീരർവന്നെത്തിയെന്നായ്ക്കേട്ടെന്ന,യോദ്ധ്യ യശസ്വിനി
നിരക്കെക്കൊടി നാട്ടപ്പെട്ടഹൃഷ്ടാഢ്യജനയായ്‌വരും? ൧൦
എന്നോ, നരവ്യാഘ്രർ വനാൽ വന്നുചേൎന്നു കാഴ്ചയാൽ
പുരി ഹൎഷിച്ചുകൊണ്ടാടു, മോദത്തിൽക്കടൽ പോലവേ!
എന്നു, വീരൻ മഹാബാഹു വയോദ്ധ്യാപുരി പൂകിടും
തേരിൽസ്സീതയെ മുന്നിൽ നിൎത്തി,പ്പുത്തിനൊക്കാള പോലവേ! ൧൨
എന്നവാൻ, രാജമാൎഗ്ഗത്തിലനേകായിരമാളുകൾ
മലർ തൂകു, മകം പൂകുമെൻപുത്രരിലരിന്ദമരിൽ;



Digitized By Kerala Sahitya Akademi

എന്തു കാണാം ഞാനയോദ്ധ്യാ പൂർണ്ണം സൽക്കണ്ഠയാലാവൃതം,
വൻവില്ലുവാളം പൂണ്ടവരെ,സ്സൃംഗഗിരിത്തുല്യരെ! ൪൬
എന്നു, കന്യകമാർ വിപ്രന്മാർക്കു പൂവും പഴങ്ങളും
കൊടുത്തുകൊണ്ടിവരൊരേ വലംവെയ്ക്കും പുരത്തിനെ!
എന്നെല്ലാം, ബുദ്ധിയാൽ വൃദ്ധൻ, പ്രായത്താലമരപ്രഭൻ,
വയസ്സു മൂന്നു ചെന്നാൻ പോലാമനിപ്പിച്ച ധാർമ്മികൻ! ൪൭
കില്ലില്ല,രിന്നിരിയ്ക്കാം മുൻജന്മത്തിൽ ബുദ്ധിഹീകടിനാൽ,
കടിപ്പാൻ കുട്ടി കാംക്ഷിയ്ക്കത്തായാർതൻ മുല വീര, ഞാൻ;
അതിനാൽ.ക്കുട്ടി കൊല്ലപ്പൈ പോലമ്പുള്ളിവളെന്നല്ലാൽ
പയ്യിനെസ്സിംഹി പോലാത്ത്, കരുതില്ലാതാക്കി കൈകയി. ൪൮
ഗുണങ്ങളൊത്തും ചേർന്ന സർവശാസ്ത്രജ്ഞനാമുണ്ണിയെ
വിട്ടു ജീവിച്ചിരുന്നീടാനാളാവില്ലകപുത്ര ഞാൻ!
പെരുംകരുത്തൊത്ത പെരുംകൈകളുള്ളോരെലുണ്ണിയെ
കാണാതെയിങ്ങുയിർക്കൊൾവാൻ കാണിയും ത്രാണിയില്ല മേ!

സമുജ്ജ്വലിച്ചുന്നയെരിച്ചിടുന്നിതി-
യന്ത്യജശോകത്തിലുദിച്ച പാവകൻ,
കരങ്ങളാൽ വേനലിലിന്ധനത്തിനെ-
ത്തിളങ്ങുമർക്കൻ ഭഗവാൻ കണക്കിനെ!" ൪൯

—*—

നാല്പത്തിനാലാം സർഗ്ഗം: സുമിത്രാവാക്യം.

—*—

അപ്പുണ്ണും വിലപിയ്ക്കും പെണ്ണുത്താം കൌസല്യയോടുടൻ
സുമിത്ര ധർമ്മസംസക്ത ധർമ്മ്യവാക്കിതു ചൊല്ലിനാൾ:-
"ശ്രേഷ്ഠേ, സദ്ഗുണവാനാണാ നിന്നുണ്ണി പുരുഷോത്തമൻ;
വിലപിയ്ക്കുവതെന്തിന്നീവണ്ണം വല്ലാതെ ദേവീ കേണും? ൧
നിന്നുണ്ണി ബലവാനാര്യേ, നാടു വിട്ടു ഗമിച്ചതോ,
മഹാത്മാവാം പിതാവിൻ ചൊൽ നേരാക്കുന്നതിനല്ലയോ?
വിശിഷ്ടരാൽ സദാചരിതം സദാമൃത സുഖാവഹം
ധർമ്മം നടത്തുമാ രാമൻ ശോച്യനല്ലെന്നുത്തമൻ. ൨

Digitized By Kerala Sahitya Akademi

വംശുശ്രൂഷ ചെയ്യുന്നിതവന്നു ശുചി ലക്ഷ്മണൻ
സദാ സർവ്വദയാശീലൻ; തദ്ധീരന്നു തുഷ്ടിദം
വനദുഃഖമറിഞ്ഞുംകൊണ്ടല്ലോ, സൗഖ്യാർത്ഥം ഹിതയ്ക്കും
സ്വയം പിന്തുടരുന്നതു, നിൻ ധർമ്മാത്മാവാം കുമാരനെ. ൮

പാരിൽക്കീർത്തികൊടിക്കൂറ പാറിയ്ക്കും പ്രഭുവാമവൻ
ധർമ്മസത്യവ്രതധനനെന്തു നേടില്ല വിഭാകൻ?
രാമന്റെ ശുദ്ധിയും മാഹാത്മ്യവും മേൽക്കു കാങ്ക്ഷയാൽ
സൂര്യൻ രശ്മികളെക്കൊണ്ടു സന്തപിപ്പിയ്ക്കയില്ലുടൽ! ൯

സേവിയ്ക്കുമെല്ലാകാലത്തും, തക്ക മട്ടും തണുപ്പുമായ്
കാട്ടിൽനിന്നു പുറപ്പെട്ട നല്ലിളങ്കാററു രാമനെ!
ചന്ദ്രൻ കുളിർനിലാവെല്ലിച്ചച്ഛൻ പുത്രന്നതിൻവിധം
ആറ്റാലിപ്പിയ്ക്കുമീ രാവിൽപ്പുൽകിക്കൊള്ളുമപാപനെ! ൧൦

ബ്രഹ്മാവോജസ്വിയാമാർക്കു ദിവ്യാസ്ത്രങ്ങളുമേകിയാൻ,
ദൈത്യേന്ദ്രനാം ശംബരനെപ്പോരിൽക്കൊന്നതു കാൺകയാൽ;
അശ്ശൂരൻ പുരുഷവ്യാഘ്രൻ, സ്വന്തം കൈക്കെല്പുകൊണ്ടുതാൻ
വസിയ്ക്കുമേ നിർഭയനായ് കാട്ടിലും, വീട്ടിലാംവിധം! ൧൧

ആർതന്നമ്പിൻവഴിയ്ക്കായാലൊടുങ്ങിപ്പോമരാതികൾ,
അവനെങ്ങിനെ ചൊല്ലുകീഴിൽ നില്ക്കുകില്ല ധരാതലം?
രാമന്റെ ശൗര്യവും ശ്രീയും നല്ലുരത്തും നിനയ്ക്കുകിൽ,
വനവാസം കഴിഞ്ഞാശു നേടുമേ രാജ്യമിങ്ങവൻ! ൧൨

സൂര്യന്നും സൂര്യനഗ്നിയ്ക്കുമഗ്നി, പ്രഭുവിന്നും പ്രഭു,
ശ്രീയ്ക്കും ശ്രീ, കീർത്തി കീർത്തിയ്ക്കും, ക്ഷമയ്ക്കും ക്ഷമയാണവൻ;
ദൈവതം ദൈവതങ്ങൾക്കും, ഭൂതങ്ങൾക്കഗ്ര്യഭൂതമാം;
അവന്നപായമെന്തുള്ളൂ കാട്ടിലോ ദേവി, നാട്ടിലോ? ൧൩

പുരുഷവ്യാഘ്രനാം രാമൻ പാരാതെയഭിഷിക്തനാം
മന്നും, മൈഥിലിയും, ശ്രീയുമെന്നീ മൂവരൊടൊപ്പമേ;
വാർക്കുന്നവരെല്ലാം മാല്ക്കണ്ണീരവൻ പോവതു കാൺകയാൽ
അല്ലൽത്തള്ളിച്ചയിൽപ്പെട്ടിട്ടയോധ്യക്കാരശേഷരും! ൧൪

Digitized By Kerala Sahitya Akademi

തോൽ പുററിപ്പോകമജിതനാമാ,വീരൻെറ കൂടവേ
പോയല്ലോ സീതയും ശ്രീപോലെ;വന്നൊന്നുള്ള ദുർല്ലഭം?
വില്ലമ്പും വാളുമായ് ഞാൻതാൻ വില്ലാളിമണി ലക്ഷ്മണൻ
ആർതൻ മുന്നിൽ നടന്നീട്ട,മവനൊന്നുള്ള ദുർല്ലഭം? ൧൦
വനവാസം കഴിഞ്ഞിങ്ങു വന്നു കാണാകുമാമവൻ;
ത്യജിയ്ക്ക മാലും മറിവും; നേരല്ലോ ചൊൽവു ദേവി, ഞാൻ.
താന്നീ നിൻകാല്ക്കൽ വന്ദിയ്ക്കും തനൂജനെ യനിന്ദിതേ,
ഉദിച്ച ചന്ദ്രനെപ്പോലെ കാണാം കല്യാണി, വിഭ്രമേ! ൧൨
മടങ്ങിവന്നു പട്ടാഭിഷിക്തനാം ശ്രീസമൃദ്ധനെ
കണ്ടു സന്തോഷനീർതൂകും കണ്കളാലിവിടുന്നുടൻ!
വേണ്ടാ മാലഴലും കാണ്മീലശുഭം ദേവി രാമനിൽ;
കാണുമേ നീയുടൻ സീതാലക്ഷ്മണാനുചിതനുണ്ണിയെ! ൧൪
മററുള്ളവർക്കാശ്വാസം ചേർക്കേണ്ടോളല്ലി നീ ശുഭേ;
എന്നിട്ടെ,ന്തിപ്പോളകമേ ദേവി, വല്ലായ്മ കൊൾവു നീ?
വേണ്ടാ, ദേവിയ്ക്കു സന്താപം: രാമനല്ലോ തവാത്മജൻ;
രാമനു മീതേ ലോകത്തിലില്ലല്ലോ സൽപഥസ്ഥിതൻ! ൧൬
ആ മകൻ കൂറുകാരൊത്തു വന്ദിയ്ക്കുന്നതു കണ്ടു നീ
ആനന്ദക്കണ്ണുനീർ തൂകും, മഴക്കാർനിര പോലുടൻ!
അയോദ്ധ്യയിങ്കൽത്തിരിയേ വന്നെത്തി വരദൻ സുതൻ
നിൻകാൽ പിടിച്ചീട്ട,മുരണ്ടുള്ള പൂംകൈകളാലുടൻ! ൧൮
കൂറുകാരൊത്തു വന്ദിച്ചു വണങ്ങും ശൂരപുത്രനിൽ
ചൊരിയും മോദബാഷ്പം നീ, ഗിരിമേൽക്കാറു പോലവേ!"

ആശ്വാസമാമോരു വിചിത്രവാക്യം,
വാക്യോപചാരജ്ഞ സുമിത്ര സാധ്വി
ആ രാമമാതാവൊടിവണ്ണമോതി
നിർത്തീടിനാൾ, സുന്ദരിയായ ദേവി. ൨൦
രാമാംബയായീടിന രാജപത്നി-
യ്ക്കു ലക്ഷ്മണാംബാമൊഴി കേൾക്കയാലേ,

Digitized By Kerala Sahitya Akademi

വെള്ളം കുറഞ്ഞോരു ശരൽഘനംപോ-
ലടങ്ങി, ചിക്കെന്നഴലാകെ മെയ്യിൽ.

—*—

നാല്പത്തഞ്ചാം സർഗ്ഗം: പൌരാനുഗമനം.

—*—

കാട്ടിൽപ്പാർപ്പാനൊരുങ്ങുള്ളം സത്യവിക്രമി രാമനെ
പിന്തുടർന്നു മഹാത്മാവെ,സ്സൗഹൃദാനുബദ്ധമാളുകൾ.
ഭൂപൻ സമിത്രർ കൂട്ടരാൽപ്പിന്മടക്കപ്പെട്ടുവെങ്കിലും
പിന്മടങ്ങീല, രാമന്റെ തേർ പിന്തുടരുവോരവർ: ൨
പ്രിയനായ്ത്തീർന്നിരുന്നല്ലോ ഗുണവാനതികീർത്തിമാൻ
അയോദ്ധ്യാവാസിലോകർക്ക്,മുഴുതിങ്കൾ കണക്കിനെ.
തൻനാട്ടുകാരപേക്ഷിച്ചു ചൊല്ലീലാ രാഘവൻ തദാ,
അച്ഛനെസ്സത്യവാക്കാക്കാൻ ഗമിച്ചു കാട്ടിലേക്കുതാൻ. ൪
കണ്ണാൽ നുകരുവോൻ പോലെ സസ്നേഹം നോക്കി രാഘവൻ
സ്നേഹാൽത്തനിക്കുള്ളോരോമൽ നാട്ടാരോടു ചൊല്ലിനാൻ:—
"എന്നിലയോദ്ധ്യക്കാർക്കുള്ള പ്രീതിയും ബഹുമാനവും
എൻപ്രിയാർത്ഥം വിശേഷിച്ചും ഭരതങ്കലണയ്ക്കുവിൻ: ൬
കല്യാണവൃത്തനാണല്ലോ കൈകേയ്യാനന്ദവർദ്ധനൻ;
പ്രിയവും ഹിതവും ചെയ്യും നിങ്ങൾക്ക വഴിപോലവൻ.
വയസ്സാൽക്കുട്ടി,യറിവാലക്കിഴവൻ, മൃദു, വീര്യവാൻ
അവൻ നിങ്ങൾക്ക യോജിയ്ക്കും പ്രഭുവാമഭയപ്രദൻ. ൮
ആ രാജഗുണവാനല്ലോ യൌവരാജ്യം വിനിശ്ചിതം;
ഞാനുമിഗ്ഗുരുമുള്ളോരും ചെയ്യേണം സ്വാമിശാസനം.
ഞാൻ കാട്ടിൽപ്പോകുവാൻ പോന്നമൂലമീ രാജസത്തമൻ
അഴല്പെടാതാക്കുകയും വേണ,മിങ്ങെൻപ്രിയാർത്ഥമായ്." ൧൦
എത്രയ്ക്കെത്രയ്ക്കു കാകുത്സ്ഥൻ ധർമ്മത്തിൽത്തന്നെ നിന്നിതോ,
അത്രയ്ക്കത്രയ്ക്കു വാഞ്ഛിച്ചു രാമൻതൻ വാഴ്ച നാട്ടുകാർ
കണ്ണീർതിങ്ങി വലംകെട്ടു പുരവാസിജനങ്ങളെ
ഗുണങ്ങളാൽക്കെട്ടിവലിച്ചാനോ രാമൻ സലക്ഷ്മണൻ! ൧൨

Digitized By Kerala Sahitya Akademi

ജ്ഞാനം പ്രായം കരുത്തെന്നീ മൂന്നാൽക്കിഴപരാം ദ്വിജർ
വാർദ്ധക്യത്താൽ തല വിറച്ചാർത്തീ ദ്ദൂരത്തുനിന്നിദം:—
'ഹേ, ഹേ, രാഘവനെക്കൊണ്ടു മണ്ടാം ശ്രേഷ്ഠഹയങ്ങളേ,
മടങ്ങുവിൻ, ഗമിയ്ക്കൊല്ല; സ്വാമിയ്ക്കു ഹിതരാകുവിൻ! ൧൪
ചെവിയുള്ളവർ ഭൂതങ്ങൾ, വിശേഷിച്ചും തുരംഗമർ;
അതിനാലീയപേക്ഷാകർ കേട്ടു നിങ്ങൾ മടങ്ങുവിൻ!
ധർമ്മശുദ്ധൻ ശുദ്ധേദ്ധവ്രതനാം വീരനാഥനെ
കൊണ്ടിങ്ങുപോരണം നിങ്ങൾ; പുരാൽക്കാട്ടിന്നു മാറ്റൊലാ!'
ഏവമാർത്തപ്രലാപങ്ങൾ പേശുമാ വൃദ്ധവിപ്രരെ
കണ്ടിട്ടു രാമൻ പെട്ടെന്നു തേരിൽനിന്നാശിറങ്ങിനാൻ.
പിന്നെക്കാൽനടയായ്ത്തന്നെ മന്ദമായെഴുന്നള്ളിനാൻ!
സസീതാലക്ഷ്മണൻ രാമൻ, കാട്ടിൽപ്പോക്കു നിനച്ചവൻ. ൧൮
ആ നടന്നെത്തിടും വിപ്രന്മാരെത്തേരാൽ വിട്ടൊഴുവാൻ
ആളായീല ദയാർദ്രാക്ഷൻ രാമൻ ചാരിത്രവത്സലൻ.
രാമനെപ്പോവതായ്ത്തന്നെ കണ്ടു സംഭ്രാന്തചിത്തരായ്
കഥിച്ചു രാമനോടേവ,മതിസന്തപ്തരന്തണർ:- ൨൦
'ബ്രഹ്മണ്യനാം നിൻ പിന്നാലെയുണ്ടീ ബ്രാഹ്മണരാശിയും;
നിൻകൂടെയുണ്ടിതാ, വിപ്രർ തോളിൽ വെച്ചൂ ഹുതാശനും.
ഞങ്ങൾതൻ വാജപേയോത്ഥ്യയാഗശുഭ്രകാം കാണ്കിതാ,
പിറകേ പിന്തുടർന്നെത്തി, ശരന്മേഘങ്ങൾ പോലവേ ൨൨
കുടയില്ലാഞ്ഞു വെയിലാൽച്ചൂടേല്ക്കുമിവിടെയ്ക്കുടൻ
വരുത്താം ഞങ്ങളീ വാജപേയഛത്രകളാൽത്തണൽ.
സർവ്വദാ വേദമന്ത്രത്തിൽ ലീനിച്ചവതാം ഞങ്ങൾതൻമനം,
ഭവാൻ കാരണമായുണ്ണീ, ചെല്ലുന്നു വനവാസ്ഥയിൽ! ൨൪
ഞങ്ങൾക്കുറ്റ ധനം വേദമിരിയ്ക്കുന്നുണ്ടു മാനസേ;
പാർത്തുകൊള്ളും ഗൃഹത്തിൽത്താൻ ഭാര്യ ചാരിത്രരക്ഷയിൽ.
വീണ്ടും ചെയ്യേണ്ട തീർമാനം; നിൻകൂടെപ്പോരൽ തീർച്ചയായ്.
നീ ധർമ്മം ഗണിയാഞ്ഞാലോ, ധർമ്മമാർഗ്ഗത്തിലാരിനി? ൨൬

Digitized By Kerala Sahitya Akademi

നരച്ചു തല മണ്ണിൽച്ചേർത്താരം പൊടി പുരണ്ടിതാ,
യാചിപ്പു ഞങ്ങൾ; കല്പിച്ചുമടങ്ങുക ദൃഢവ്രത!
ഇങ്ങുവന്നാരണർ പലരാരംഭിച്ച മഖങ്ങളും,
ഭവാൻ മടങ്ങിപ്പോന്നാലേ മുഴുമിയ്ക്കുള്ളു ദൈവതലേ. ൨൮

ചരങ്ങൾക്കചരങ്ങൾക്കുമുണ്ടല്ലോ സ്നേഹമേററവും;
യാചിയ്ക്കുമാ സ്നേഹികളിൽ സ്നേഹം കാണിയ്ക്കണേ ഭവാൻ!
വേരിൻതടവുമൂലം നിൻകൂടെപ്പോരരുതായ്കയാൽ
വാവിട്ടു കേഴ്‌വതായ്ത്തോന്നും, വങ്കാറേററുച്ചശാഖികൾ! ൩൦

അനങ്ങാ,തിരതേടാതെ, മരത്തിൽത്താനിരുന്നിതാ,
ആരിലും കനിയും നിന്നോടർത്ഥിപ്പൂ വിഹഗങ്ങളും!'
മടക്കാൻവേണ്ടിയാ വിപ്രരവം നിലവിളിയ്ക്കവേ
കാണായിതങ്ങു തമസ, രാമനെത്തടയുംപടി! ൩൨

സുമന്ത്രനും ക്ലാന്തഹയങ്ങളെപ്പെ-
ട്ടഴിച്ചുവിട്ടൊ,ന്നുരുളിച്ചു വെക്കം
വെള്ളം കുടിപ്പിച്ചു,ടലും നനച്ചു,
മേച്ചീടിനാനത്തമസാന്തികത്തിൽ.

---

## നാല്പത്താറാം സർഗ്ഗം: പൌരവഞ്ചനം.

---

രമ്യമാം തമസാതീരത്തണഞ്ഞു രഘുനന്ദനൻ
സീതയെപ്പാർത്തു സൌമിത്രിയോടു ചൊന്നാനിതിൻവിധം:—
"സൌമിത്രേ, വനവാസത്തിലൊന്നാം രാത്രിയിതാ, വനേ
തീർന്നമട്ടായ്; തവ ഭദ്രം, ഉൽക്കണ്ഠപ്പെട്ടിടായ്ക നീ. ൨

കാൺകെ: കാടുകൾ ശൂന്യങ്ങൾ നീളവേ കരയുന്നിതോ.
സ്വസ്ഥാനത്തണയും പക്ഷിമൃഗങ്ങളിടചേർന്നവ!
എന്നച്ഛന്റെ കൊട്ടാരമയോദ്ധ്യാപുരി സാമ്പ്രതം
ദുഃഖിയ്ക്കയായിരിയ്ക്കും, നാം പോന്നതിൽ; സ്ത്രീനരാന്വിതം! ൪
പ്രിയനല്ലോ ജനങ്ങൾക്കു താതൻ, ബഹുഗുണങ്ങളാൽ,
ശോച്യരല്ലിന്നു ഭരതനും നീയും ഞാനും നരർഷഭ!

Digitized By Kerala Sahitya Akademi

അച്ഛനെപ്പററി മാഴ്കുന്നോൻ, ശോചാണമ്മയെയോത്തുമേ;
കണ്ണൊണാതായ് ച്ചമഞ്ഞാലോ പേത്തും പേത്തും കരഞ്ഞവർ!ന്നു
ധർമ്മിഷ്ഠൻ ഭരതൻതന്നേ മമ മാതാപിതാക്കളെ
ആശ്വാസിപ്പിച്ചുകൊണ്ടീടും, ധർമ്മകാമാത്ഥവാക്കിനാൽ;
ഭരതൻെറ സുശീലത്വംവീണ്ടും വീണ്ടും നിനയ്ക്കയാൽ
മാതാപിതാക്കളെച്ചൊല്ലി മാലെനിയ്ക്കില്ല ലക്ഷ്മണ. ൧൯
എൻകൂടെപ്പോന്ന നീ ചെയ്തു, ചെയ്യേണ്ടതു നരശ്രേഷ്ഠ:
തേടേണ്ടിവരുമല്ലോ മേ സീതയെക്കാക്കുവാൻ തുണ.
ഇന്നീ രജനി, സൌമിത്രേ, തണ്ണീരാൽത്താൻ പുലത്തുവൻ;
ഇതല്ലോ മേ മതം, നാനാവന്യദ്രവ്യമിരിയ്ക്കിലും." ൨൦
ഏവം സൌമിത്രിയോടോതി,സ്സുമന്ത്രനൊടു രാഘവൻ.
'സൌമ്യ, വാജികളിൽശ്രദ്ധ വെച്ചുകൊൾകെ'ന്നു ചൊല്ലിനാൻ,
സൂര്യൻ മറഞ്ഞ പോതശ്വങ്ങളെക്കെട്ടിസ്സുമന്ത്രനും
പെരുത്തു പുല്ലിട്ടുകൊടുത്തരികേതന്നെ മേവിനാൻ. ൨൧

പുണ്യസന്ധ്യയെ വന്ദിച്ചു; രാത്രി വന്നതുകണ്ടുടൻ
രാമന്നു ശയനം തീർത്തു സൂതൻ, സൌമിത്രിസംയുതൻ.
സൌമിത്രിയൊത്തു തമസാതീരവൃക്ഷദളങ്ങളാൽ
തീർത്താതല്പം പാത്തു രാമൻ പള്ളികൊണ്ടാൻ സഭാര്യനായ്.
ഭാര്യയോടൊത്തുറങ്ങുന്നോ ഭ്രാതാവെപ്പാത്തു ലക്ഷ്മണൻ
സൂതനോടങ്ങു കീത്തിച്ചു, രാമൻെറ പുരുനന്മകൾ.
രാമൻെറ നന്മ വണ്ണിച്ചാ, രാവിൽക്കണ്ണ് ചിമ്മിടാതെതാൻ
പുലന്നു നേരം സൌമിത്രിസൂതർ തമസാതടേ! ൨൩
കരയ്ക്കു ഗോകുലം നിറയും തമസയ്ക്കരികത്തുതാൻ
പാത്താനാരാത്രി മുഴുവൻ രാമൻ പൌരജനത്തൊടും.
ഉണന്നോറഗ്ര്യതേജസ്സാപ്പൌരരെപ്പാത്തു രാഘവൻ
പുണ്യലക്ഷണനാം തമ്പി ലക്ഷ്മണൻതന്നൊടോതിനാൻ:- ൨൪
"സൌമിത്രേ, നമ്മളെച്ചൊല്ലി വീടുംകൂടി വെടിഞ്ഞിവർ
മരച്ചുവട്ടിൽ,ക്കണ്ടാലും, പ്പോളുറങ്ങുന്നു ലക്ഷ്മണ!

Digitized By Kerala Sahitya Akademi

നമ്മളെപ്പിന്തുടക്കാനിപ്പൗരർ യത്നിപ്പതോൎക്കുകിൽ,
പ്രാണൻപോലും വെടിഞ്ഞെയ്യും; നിശ്ചയത്തെത്യജിച്ചിടാ! ൨൦
ഉറക്കംവിട്ടെഴുന്നേല്ക്കുന്നതിന്മുമ്പേ, ജവത്തൊടും
തേരേറി വിനയില്ലാത്ത വഴിയേ നടകൊൾക നാം;
മരച്ചുവട്ടിലീവണ്ണമുറങ്ങൊല്ലിനി വീണ്ടുമേ,
എന്മേരിലുള്ള ക്രൂർമൂലമിക്ഷ്വാകുപുരവാസികൾ! ൨൨
പൌരൎക്ക തന്നാലുള്ളല്ലൽ നീക്കീടേണം നൃപാത്മജൻ;
അല്ലൽ ചേൎക്കരുതല്ലോ, താൻ പുരവാസിജനങ്ങളിൽ."
സാക്ഷാൽ ധൎമ്മം പോലെ നിന്ന രാമനോടോതി ലക്ഷ്മണൻ,
'കൊള്ളാമത,റിവുള്ളോനേ, കേറാം വേഗത്തിലെ'ന്നതാൻ. ൨൪
സൂതനോടരുളീ രാമൻ:—'തേരു പൂട്ടുക സത്വരം:
പോകുന്നേൻ കാട്ടിലേയ്ക്കായ് ഞാൻ; ചെല്ക വേഗം വിരേശ്വ
സൂതനും വെമ്പലോടേ തേൎക്കാ നല്ല തുരഗങ്ങളെ [നീ!'
പൂട്ടിനിൎത്തിയുണൎത്തിച്ചു രാമനാൽ,ത്തൊഴുകയ്യുമായ്:- ൨൬
'ഇതാ പൂട്ടി മഹാബാഹോ, നിൻ തേർ തേരാളിസത്തമ;
കേറിക്കൊൾകാശു, ഭദ്രം തേ, സീതാലക്ഷ്മണരൊത്തു നീ.'
സാമാനങ്ങളുമായത്തേരേറിവാണിട്ടു രാഘവൻ
കടന്നു, ചുഴി വായ്ചൂക്കിലൊഴുകും തമസാനദി. ൨൮
കടന്നിട്ടാ മഹാബാഹു പൂകീ ശ്രീമാനകണ്ടകം,
ഭയം കാണ്മാൻമേയമൊരു നല്ല മഹാപഥം.
പൌരർ മാറിദ്ധരിപ്പാനായ്,സ്സൂതനോടോതി രാഘവൻ:—
'ഗമിയ്ക്കുക വടക്കോട്ടു സൂത, തേരിൽക്കരേറി നീ; ൩൦
കുറച്ചുനേരം പോയിപ്പോയ്ത്തേർ തിരിയ്ക്കുക വീണ്ടുമേ:
പൌരന്മാരറിയൊല്ലെന്നെ;—യൊച്ചുന്നും ചെയ്യുകാസ്ഥയിൽ.'
രാമന്റെ വചനം കേട്ടിട്ടമ്മട്ടു ചെയ്തു സാരഥി
തിരിച്ചുവന്നു, പള്ളിത്തേരുണൎത്തിച്ചിതു രാമനിൽ. ൩൨

അക്കൊണ്ടുവന്നീടിന തേരിലേറിനാർ
സസീതരാകും രഘുവംശവൎദ്ധനർ;



Digitized By Kerala Sahitya Akademi

ഉടൻ തെളിച്ചാൻ തുരഗങ്ങളെത്തപോ-
വനത്തിലേയ്ക്കുള്ള വഴിയ്ക്കു സൂതനും:
പുറപ്പെടാൻ നൽശ്ശകുനങ്ങൾ കാണ്കയാ-
ലവൻ വടക്കോട്ടു തിരിച്ചു തേരതിൽ
ഇരുന്നെഴുന്നള്ളി വനത്തിലേയ്ക്കുടൻ
സസൂതനാ രാജസുതൻ, മഹാരഥൻ. ൩൪

## നാല്പത്തേഴാം സർഗ്ഗം, പൌരനിവർത്തനം.

അല്ലു തീൎന്നപ്പോളോ, രാമനില്ലാഞ്ഞോപ്പുരവാസികൾ
അല്ലലേററിട്ടനങ്ങാതായ്, മോഹാലസ്യത്തിലാണ്ടുപോയ്.
ശോകാശ്രുവാൎത്ത,ലഞ്ഞങ്ങമിങ്ങും നോക്കിനടന്നതിൽ
രാമൻെറ ലാഞ്ഛനംപോലും കണ്ടെത്തിലസ്സുദുഃഖിതർ. ൧
അധീമാൻ വേർപിരികയാ,ലത്തലാൽ ക്ലാന്തവക്ത്രരായ്
വല്ലായ്മപ്പെട്ടാവലാതി ചൊല്ലിനാരാ മനസ്വികൾ:-
'ഛീ നിദ്ര:-യിതു ചിത്തം കട്ടതുകൊണ്ടല്ലി സാംപ്രതം
കാണാത്തു നാം,മഹാബാഹു മാർവിരിഞ്ഞുള്ള രാമനെ! ൨
എമ്മട്ടു, മോഘകൎമ്മാവാമമ്മഹാബാഹു രാഘവൻ
ഭക്തരെക്കൈവെടിഞ്ഞു,ന്യദേശത്തെയ്ക്കെഴുനള്ളിനാൻ?
അച്ഛൻ, തന്മക്കളെപ്പോലേ നമ്മെ നിത്യം ഭരിപ്പവൻ?
എമ്മട്ടു കാട്ടിലെയ്ക്കായ്പ്പോയ്, നമ്മെ വിട്ടു രഘൂദ്വഹൻ? ൩
ഇങ്ങുതാൻ ചാവുക,ല്ലെങ്കിൽ മരണപ്പോക്കു പോക നാം:
രാമൻ പിരിഞ്ഞു ജീവിച്ചിട്ടെന്തുകാൎയ്യം നമുക്കിനി?
ഈക്കിടക്കുന്ന വലുരെ വൻവരട്ടുമരങ്ങളാൽ
ചിത കത്തിച്ചു,തിൽച്ചാടീടുകയോ ചെയ്യുകേവരും! ൪
എന്തു ചൊല്ലും? 'മഹാബാഹു,വനസൂയൻ പ്രിയംവദൻ,
കൊണ്ടാക്കപ്പെട്ടിതാ രാമൻ ഞങ്ങളാലെ'ന്നുചൊല്ലുയോ!
രാമനില്ലാതെ നമ്മെക്കണ്ടാലപ്പുരിയസംശയം
സ്ത്രീബാലവൃദ്ധരോടൊപ്പം ദുഃഖിച്ചു കെട്ടു വലഞ്ഞുപോം! ൫

Digitized By Kerala Sahitya Akademi

സദാ ജിതാത്മാവായുള്ളാ വീരനോടൊത്തു പോന്ന നാം,
അവിടുന്നെന്നിയേ ചെന്നു കാണുമെങ്ങിനെയപ്പുരം?'
എന്നെല്ലാം പലപാടോതിദ്ദൈന്യാൽക്കൈ പൊക്കിനിന്നവർ
വിലപിച്ചാർ. കിടാവെങ്ങോ പോയ പൈക്കൾക്കണക്കിനേ. ൧൩.

പിന്നെ മാർഗ്ഗാനുസാരേണ തെല്ലുനേരം നടന്നവർ
മാർഗ്ഗം കാണായ്കയാൽ വീണ്ടും മഹാദുഃഖത്തിലാണ്ടുപോയ്.
തേരിൻെറ വഴി കാണാഞ്ഞു പിന്തിരിച്ചാർ മനസ്വികൾ,
'എന്തിതെ,ന്തൊന്നു ചെയ്യും, നാം ഭാഗ്യം കെട്ടവരെ'ന്നുമായ്; ൧൪

പോന്ന മാർഗ്ഗത്തിലൂടെതാൻ, വാടിപ്പോയ മനസ്സോടും
പൂകിനാർ സജ്ജനം മാഴ്കമയോധ്യാപുരിയേവരും.
അപ്പുരം കണ്ടതോടൊപ്പം ക്ഷയവ്യാകലചിത്തരായ്
കണ്ണീരും തൂകിനാർ, മാലാൽക്കലക്കപ്പെട്ട കൺകളാൽ. ൧൫

'രാമനില്ലാഞ്ഞു ശോഭിയ്ക്കുന്നില്ലീപ്പുരി തരിമ്പുമേ,
ഗരുഡൻ ഹ്രദസർപ്പത്തെ ഹരിച്ച നദി പോലവേ!'
ചന്ദ്രനററംബരം പോലേ തണ്ണീരററാഴി പോലെയും
കണ്ടാരമ്പററ നഗരം നഷ്ടചേതനരാമവർ. ൧൬

തുലോം വിലപ്പെട്ട ഗൃഹങ്ങളങ്ങു
ദുഃഖേന പുക്കാർഗ്ഗളിതോത്സവന്മാർ
കണ്ടിട്ടറിഞ്ഞീല കനത്ത മാലാൽ,-
തന്നാളെയോ മററു ജനത്തിനേയോ!

—*—

നാല്പത്തെട്ടാം സർഗ്ഗം: പൌരസ്ത്രീവിലാപം.

—*—

ഇവണ്ണമഴലിൽപ്പെട്ടോരൊ,ട്ടല്ലാതെ വലഞ്ഞവർ,
കണ്ണിൽക്കണ്ണീർ പെരുകിയോർ, മാലാൽച്ചാകാൻ കൊതിപ്പവർ,
രാമനെപ്പിന്തുടർന്നിട്ടു മടങ്ങിപ്പോന്ന നാഗരർ
ധൈര്യം പോയ്ശോകയാൽക്കണ്ടുപ്രാണന്മാരെന്നമട്ടിലായ്! ൧

സ്വന്തം സ്വന്തം ഗൃഹം പുക്കു പുത്രദാര്യ്യാപരീതരായ്
ബാഷ്പം പൊഴിച്ചാരെപ്പേരും, കണ്ണീർ വാർന്ന മുഖത്തോടേ.

Digitized By Kerala Sahitya Akademi

മോദിച്ചീലുല്ലസിച്ചീലാ; വില്പാൻ വെച്ചീല വാണിജർ;
വാണിഭങ്ങൾ വിളങ്ങീലാ; ചോറുണ്ടാക്കീല വീട്ടുകാർ; ൮
കൊണ്ടാടീലാ പോയതു കണ്ടെത്തിയിട്ട,തിലാഭവും;
കിട്ടിയിട്ടമ്മ കൊണ്ടാടീലൊന്നാമത്തെക്കുമാരനെ!
ഗൃഹേ, ഗൃഹേ, ഗൃഹം പുക്ക നാഥനെട്ടീനവാക്കിനാൽ,
വളരാലാനയെപ്പോലെ തല്ലിനാർ കേണു നാരിമാർ:- ൯
"എന്തിനു ഗേഹ,മെന്തിനു ഭാര്യ,യെന്തിനു വിത്തവും,
പുത്രരെന്തിനു സുഖവും, രാമനെക്കണ്ടിടായ്കിലോ?
ഒരുവൻ സൽപ്പുമാൻ ലോകേ—ലക്ഷ്മണൻ: സീതതാനുമായ്
കാട്ടിൽപ്പിന്തുടരുന്നല്ലോ ശുശ്രൂഷിച്ചങ്ങു രാമനെ! ൧൦
പുണ്യം ചെയ്യോർ, പുഴകളും പൊയ്കതണ്ടാർക്കുളങ്ങളും.
നീരാട്ടമല്ലോ കാകുത്സ്ഥനവതൻ തെളിവാരിയിൽ!
കാകുത്സ്ഥനെ രമിപ്പിയ്ക്കും, രമ്യദ്രുമവനങ്ങളും:
കല്പും വായ്ക്കും പുഴകളും സാനുമൽപർവതങ്ങളും! ൧൧
കാട്ടുതാൻ, മലതാൻ, രാമൻ ചെന്നണഞ്ഞാലവന്നുടൻ,
വന്നോരിഷ്ടാതിഥിയ്ക്കാംമട്ടുച്ച് ചെയ്യാതിരുന്നിടാ;
വിചിത്രപ്പൂക്കളെച്ചൂടി, പ്പൂരുപൂംകുലയേന്തിയും
നില്ക്കും രാമന്റെ മുമ്പാകേ, വണ്ടിനം ചേർന്ന ശാഖികൾ! ൧൨
അകാലത്തും, പ്രധാനങ്ങളായ പുഷ്പഫലങ്ങളെ
കാണിയ്ക്കും, രാഘവൻ ചെന്നാലാദരം മൂലമദ്രികൾ!
ഒഴുക്കുമല്ലോ ശൈലങ്ങൾ തെളിഞ്ഞ ജലവും തുടോം;
വീണ്ടും കാണിയ്ക്കുമേ നാനാതരമാം നല്ല ധാതുവും! ൧൩
ആ രാമനെ രമിപ്പിയ്ക്കും വൃക്ഷങ്ങളുച്ചലാചരി;
രാമനെങ്ങു,ങ്ങൊരു ഭയപ്പാടില്ല,ങ്ങില്ലിളപ്പവും:
ശൂരനല്ലോ, മഹാബാഹുവാകുമദ്ദശരഥാത്മജൻ!
ദൂരത്തായ്ത്തീരുമേ: പോക രാമനെപ്പിന്തുടന്നു നാം. ൧൪
സുഖ, മത്ര മഹാത്മാവാം സ്വാമിതൻ തൃപ്പദത്തണൽ;
അവനിയ്ക്കാളുകൾക്കീശന,വൻ നൽത്താങ്ങ,വൻ ഗതി!

Digitized By Kerala Sahitya Akademi

ഞങ്ങൾ സീതയ്ക്കു ശുശ്രൂഷ ചെയ്യാം, രാമന്നു നിങ്ങളും."
എന്നോരോരോന്നക്കണവരോടോതി, മാൽ മൂത്ത പൌരിമാർ:-
"നിങ്ങൾക്കു രാഘവൻ കാട്ടിൽ യോഗക്ഷേമം വരുത്തിടും;
സീതയീ സ്ത്രീജനത്തിന്നും യോഗക്ഷേമമിയററിടും;
സുഖമില്ലാത്തതായ്, ലോകർക്കൽക്കണ്ഠയുതകുന്നതായ്
ചിത്തം കെടുത്തുമിച്ചീത്തപ്പാർപ്പിലാകുകളവാം രസം? ൨൦
രാജ്യം, കൈകേയിയാൽ ധർമ്മം കെട്ടു നിന്നാഥമാവുകിൽ,
പ്രാണനും പാഴിൽ നമ്മൾക്കു; പുത്രനെപ്പതിയേയുമേ;
കുലം കെടുത്താക്കൈകേയി മററാരെ വെറുതേവിടും? ൨൨
കൈകേയിയുള്ള കാലത്തു, ചാകാതേ ദാസവൃത്തിയിൽ
രാജ്യത്തു പാർത്തിടാ ഞങ്ങൾ; മക്കളാണിതു സത്യമാം!
ആർ നിർദ്ദയമകററുന്നു മഹാരാജകുമാരനെ,
ദുർവൃത്താധർമ്മ്യയവളിൽച്ചേർന്നെവൻ സുഖജീവിയാം? ൨൪
ഇതൊക്കെ,യാപത്തു പിണഞ്ഞാ,ലംബംവിട്ടു,നാഥമായ്,
കൈകേയിമൂലം സകലമറുതിപ്പെട്ടുപോകുമേ:
രാമൻ പോയതിനാൽജ്ജീവിച്ചിരിയ്ക്കില്ല മഹീശ്വരൻ;
തിട്ടം, ദശരഥൻ തീർപ്പെട്ടാലോ, പിന്നെ വിനാശമായ്! ൨൬
വിഷം കലക്കിസ്സേവിപ്പിൻ നിങ്ങൾ നിർഭാഗ്യർ ദുർഗ്ഗതർ;
രാമാനുയാനമോ ചെയ്യിൻ, കേൾക്കാത്തേടത്തു പോകയോ!
രാമനെച്ചതിയാൽപ്പോക്കി സീതാലക്ഷ്മണയുക്തനെ;
പശുക്കൾ കൊലയാളിൽപ്പോലുത്സൃഷ്ടർ ഭരതങ്കൽ നാം ൨൮
പൂർണ്ണചന്ദ്രാനനൻ, ശ്യാമൻ, ഗൂഢജത്രുവ,രിന്ദമൻ
ആജാനുബാഹു,പത്മാക്ഷൻ, രാമൻ, ലക്ഷ്മണപൂർവ്വജൻ,
മുൻസംസാരിപ്പവൻ, സ്വാദുസത്യവാദി,മഹാബലൻ,
സൌമ്യൻ, സർവ്വജഗത്തിന്നും സോമൻ പോലിഷ്ടദർശനൻ, ൩൦
വനങ്ങളെ നരവ്യാഘ്രൻ, മത്തമാതംഗവിക്രമൻ
പ്രശോഭിപ്പിച്ചിടുന്നുണ്ടാം സഞ്ചാരത്താൽ മഹാരഥൻ!"
എന്നൊക്കെ വിലപിച്ചു,ള്ളൽച്ചുടേററപ്പുരനാരിമാർ
മുറയിട്ടാർ പുരേ, മൃത്യുഭയകാലത്തു പോലവേ. ൩൨

Digitized By Kerala Sahitya Akademi

ഇവണ്ണം രാമനെപ്പററിഗ്ഗൃഹങ്ങളിൽ വധൂടിമാർ
വിലപിയ്ക്കെ,ദ്ദിനേശൻ പോയ്മറഞ്ഞു; വന്നു രാത്രിയും.
ഇല്ല ചെന്തീ പിടിപ്പിയ്ക്കൽ; പഠിപ്പില്ലി,ല്ല സൽക്കഥ;
ഇരുട്ടു വാരിത്തേയ്ക്കപ്പെട്ടതു പോലായിതപ്പുരി! ൩൪
കമ്പോളവില്പനകളില്ലി,മ്പമില്ലി,ല്ലൊരാശ്രയം;
അയോധ്യാപുരി നക്ഷത്രഹീനമാം വാനിനൊപ്പമായ്!

ഒരുണ്ണിതാനാ,ങ്ങള താന,ന്നപോ-
ലരം ശുചാ രാമനെയോർത്തു നാരിമാർ
വിസംജ്ഞമേവം വിലപിച്ചു കേണിതാ-
ങ്ങി:-വക്കവൻ മക്കളിൽ മീതെയല്ലയോ! ൩൫

മഹോത്സവം പാട്ടുകളും കൊട്ടുമാട്ടവും
നിലച്ചു,മങ്ങാടികളും പൂട്ടി, മങ്ങിയും,
പരക്കെ നീർ വാററിയൊരാഴിപോലെയായ്-
ക്കിടന്നിതന്നാളിലയോധ്യയാം പുരി!

## നാല്പത്തൊമ്പതാം സർഗ്ഗം: കോസലത്യാഗം.

—*—

രാമനോ, പുരുഷവ്യാഘ്രനാ രാത്രിയുടെ ബാക്കിയാൽ
ഗമിച്ചാൻ വളരെദ്ദൂരം,മച്ഛന്റെയരുളോർപ്പവൻ.
അമ്മട്ടവൻ ഗമിയ്ക്കത്താൻ കഴിഞ്ഞു പുണ്യയാം നിശ;
അവൻ നൽസ്സന്ധ്യ വന്ദിച്ചു നാടതിർത്തിയിലെത്തിനാൻ. ൨
ഗ്രാമങ്ങളു,ഴപാടങ്ങളും, പൂംകാടും കണ്ടുകൊണ്ടവൻ
പിന്നിട്ടാന,ശ്വമികവാൽ മന്ദമാംമട്ടു വിദ്രുതം.
കേൾക്കായ് തദാനീം ഗ്രാമാല്പഗ്രാമവാസികൾ ചൊൽവതും:
'ഛീ, തമ്പുരാൻ ദശരഥൻ കാമത്തിന്നടിപെട്ടുപോയ്! ൪
കഷ്ടം, നൃശംസ, കൈകേയി, ദുഷ്കൃതക്കാരി, ദുർമ്മതി:
മര്യാദ വിട്ടിങ്ങു കടുംകയ്യു ചെയ്വു കടുത്തവൾ;
ഇത്ര ധർമ്മിഷ്ഠനാം രാജപുത്രനെക്കാട്ടിലേയ്ക്കിവൾ
പോക്കന്നുവല്ലോ വശിയെ,ബ്ബുദ്ധിമാനെ,ദ്ദയാലുവെ! ൫

Digitized By Kerala Sahitya Akademi

അാ മഹാഭാഗയാം സീത, ജനകൻെറ കുമാരിയാൾ,
നിത്യം സുഖിച്ചോൾ, ദുഃഖങ്ങളെമ്മട്ടനുഭവിച്ചിടും?
ഹാ, തമ്പുരാൻ ദശരഥൻ നിജപുത്രനെ രാമനെ
നിഃസ്നേഹം വെടിയുന്നല്ലോ, പ്രജ്യേഷ്ഠനെ, യദോഷനെ! ൮
ഗ്രാമാല്പഗ്രാമചാരർതൻ വാക്കേവം കേട്ടുകൊണ്ടുതാൻ
കടന്നു കോസലം, വീരനാകമക്കോസലേശ്വരൻ.
പിന്നെ സ്വച്ഛാംബുവൊഴുകും വേദശ്രുതിസരിത്തിനെ
കടന്ന,ഗസ്ത്യദിക്കിന്നു നേരെയായെഴുന്നള്ളിനാൻ. ൧൦
നെടുനേരം ഗമിച്ചിട്ടു കടന്നാൻ ഗോമതിപ്പുഴ,
ഗോയുക്തതീരം, കടലിൽപ്പുകുവൊന്ന,നഘോദകം.
ഗോമതിയ്ക്കക്കരെച്ചെന്നു, രാമൻ പായും ഹയങ്ങളാൽ
കടന്നാൻ, കേകിഹംസങ്ങൾ കൂകും സ്യന്ദികയാററിനെ. ൧൨
മനുരാജാവു പണ്ടിക്ഷ്വാകുവിനേകിയ മന്നിടം,
പുഷ്ടി, മുൾനാടു ചേർന്നുള്ളൊന്നാ, രാമൻ കാട്ടി സീതയെ.
'സൂതാ,' എന്നായ്പ്പലവുരു വിളിച്ചാസ്സൂതനോടുടൻ
മത്തഹംസസ്വരൻ ശ്രീമാനോതിനാൻ പുരുഷർഷഭൻ:- ൧൪
"എന്നി,നിത്തിരിയേവന്നു പൂവണിസ്സരയൂവനേ
വേട്ടയാടും, മറയ്ക്കമ്മയച്ഛന്മാരോടു ചേർന്നു ഞാൻ?
വേട്ട രാജർഷിമാർക്കിങ്ങു നേരംപോക്കിന്നുവേണ്ടിയാം;
വില്ലാളികൾ കൊതിയ്ക്കുന്നൊന്ന,തു കാലേ നരാദൃതം. ൧൬
അതിയാം വേട്ട വാഞ്ഛിയ്ക്കുന്നില്ല ഞാൻ സരയൂവനേ;
നേരംപോക്കിതു നിസ്തുല്യം, ലോകേ രാജർഷിസമ്മതം."
എന്നു, സൂതനൊടോരോരോ കാര്യം മധുരമാംവിധം
കഥിച്ചുംകൊണ്ടു പിന്നിട്ടാനാ മാർഗ്ഗം രഘുനന്ദനൻ. ൧൮

—(൦)—

## അമ്പതാം സർഗ്ഗം: ഗുഹസമാഗമം.

---

നെടുതാം കോസലം രമ്യം കടന്നാ ലക്ഷ്മണാഗ്രജൻ
അയോദ്ധ്യയ്ക്കെതിരായ്നിന്നു മതിമാൻ തൊഴുതോതിനാൻ:-

Digitized By Kerala Sahitya Akademi

"ഞാൻ യാത്രചൊല്വൂ, കാകുത്സ്ഥർ കാത്ത നൽപ്പുരി, നി
ന്നൊടും,
നിന്നെ രക്ഷിച്ചു മരുവീടുന്ന ദേവതമാരൊടും: ൨
വനവാസം കഴിഞ്ഞുവീശനിൽക്കടമ തീൎത്തു ഞാൻ
വീണ്ടുമേ കാണുവൻ നിന്നെ, മാതാപിതൃസമേതനായ്."
പില്പാടുജ്ജ്വലതാമ്രാക്ഷൻ വലംകൈ പൊക്കിനിന്നവൻ
ദീനനായ്ക്കണ്ണുനീർ വാൎത്തു ചൊന്നാൻ ജാനപദരൊടായ്:- ൪
"താല്പര്യവും കനിവും നിങ്ങൾ കാട്ടീ വേണ്ടോളമെന്റെ മേൽ;
താമസം മാൽ വളൎത്തീടും; പോയ്ക്കൊൾവിൻ ജോലിനോക്കു
[വാൻ."
മഹാത്മാവിനെവന്ദിച്ചു വലവുംവെച്ചു പിമ്പവർ
ഘോരമായ് വിലപിച്ചുംകൊണ്ടങ്ങിങ്ങു നില കൊൾകയായ്.
അതൃപ്തരവരവ്വണ്ണം വിലപിക്കെ, രഘൂത്തമൻ ൬
കണ്ണെത്താതുള്ളിടത്തായിതന്തിക്കു രവി പോലവേ.
ധനധാന്യപ്രചുരമായ്, ദാനശീലർ വസിപ്പതായ്,
സുരമ്യമായ്, നിർഭയമായ്, ചൈത്യയൂപപരീതമായ്,
ജലാശയങ്ങൾ പൂങ്കാവുമാമ്രത്തോപ്പുകൾ ചുഴന്നതായ്, ൮
പുഷ്ടസന്തുഷ്ടജനമാ,യൊട്ടേറെഗ്ഗോക്കളുള്ളതായ്,
ഓത്തൊച്ചയാൽശ്ശബ്ദിതമായ്,പ്പുരാഗ്രാമയുക്തമായ്,
പുണ്യമാം കോസലം തേരാൽക്കടന്നു പുരുഷൎഷഭൻ;
നടുക്കിലൂടെ പിന്നിട്ടാൻ, സുഭഗോദ്യാനസംകുലം ൧൦
നൃപർക്കു ഭോജ്യമാം രാജ്യം തുഷ്ടപുഷ്ടം സുധൈൎയ്യവാൻ.
പിന്നെ മുപ്പാഴിപോം ദിവ്യഗംഗ കണ്ടിതു രാഘവൻ
പായലററച്ഛസലില, പുണ്യ, മാമുനിസേവിത:
ചാരത്തുണ്ടാഭരണമായ് ശ്രീമദാശ്രമമണ്ഡലം; ൧൨
മുദാ നീർക്കുണ്ടിൽ നീന്താറുണ്ടപ്പപ്പോളപ്സരസ്സുകൾ;
ശോഭിപ്പിക്കുന്നു ഗന്ധൎവ്വദേവകിന്നരദൈത്യരും;
സേവിപ്പൂ നിത്യശിവയെ നാഗഗന്ധൎവ്വപത്നിമാർ;
ഉമ്പർകേളിമലകളുമുണ്ടുമ്പർപ്പൂവനങ്ങളും, ൧൪

Digitized By Kerala Sahitya Akademi

ഉമ്പർക്കായ് വാനണഞ്ഞുമ്പർപ്പൊയ്കയെന്നും പുകഴ്ന്നതിൽ;
പൊട്ടിച്ചിരിപ്പൂ നീർത്തല്ലാൽ;—തൂകുന്ന നരവെൺചിരി;
കാണാം ചിലേടം ചുഴികൾ; ചിലേടം ക്രന്ദലാം ജലം;
ചിലേടമല തള്ളുന്നു; ചിലേടത്തില്ലനക്കമേ; ൮
ചിലേടമൊലി ഗംഭീരം; ചിലേടം ഘോരമാം രവം;
വാനോർ മുങ്ങുന്ന വെള്ളത്തിലൊ;-ട്ടല്ല വിമലോൽപ്പലം;
ചിലേടം വാർമണൽത്തിട്ട; ചിലേടം തനിവെൺമണൽ;
നദിപ്പൂ ചക്രവാകങ്ങൾ; കൂകുന്നു ഹംസസാരസർ; ൯
മധ്യത്തിലൊലി കൂട്ടുന്നു നിത്യമത്ത പതത്രികൾ;
ചിലേടം തീരവൃക്ഷങ്ങൾ ശോഭിപ്പൂ മാല പോലവേ;
ചിലേടമേടലർക്കൂട്ടം; ചിലേടം വികചോൽപലം;
ചിലേടമാമ്പലിൻകൂട്ടം; ചിലേടമലർമൊട്ടുകൾ; ൧൦
ചിലേടം പ്രമദയ്ക്കൊപ്പം പൂശുന്ന പല പൂമ്പൊടി;
ചളിയല്പവുമില്ലാതേ കാട്ടുന്ന മണിവെണ്മയെ;
കാട്ടാനദിഗന്തികളും, ശ്രേഷ്ഠമത്തഗജങ്ങളും,
ദേവേശർ കേറുന്നവയും മുഴക്കാറുണ്ടതിൻവനം; ൧൧
കായ്പൂതളിർകളാൽ, ശുദ്ധിപ്പൂത്തമാഭരണങ്ങളെ
അണിഞ്ഞ മങ്കയെപ്പോലായ്,പ്പക്ഷിഗുച്ഛപരീതയായ്,
ശിംശുമാരങ്ങൾ സർപ്പങ്ങൾ നക്രങ്ങളിവ ചേർന്നതായ്,
ഭഗീരഥബലാൽശ്ശംഭുജട വിട്ടിങ്ങു വീണതായ് ൧൨
അപാപയായ പാപഘ്നി, ദിവ്യ വിഷ്ണുപദച്യുത,
സാരസക്രൗഞ്ചസംഘുഷ്ട സിന്ധുവിൻപത്നി ഗംഗയെ
ചെന്നണഞ്ഞാൻ മഹാബാഹു ശൃംഗിവേരപുരാന്തികേ.
അലയും ചുഴിയും ചേരുമതു പാർത്തു മഹാരഥൻ ൧൩
സുമന്ത്രസൂതനോടോതി:—'പാർക്കിന്നിങ്ങുതന്നെ നാം.
നദിയ്ക്കടുക്കൽ വളരെത്തളിരും പൂവുമൊത്തിതാ,
വമ്പിച്ചോരിംഗുദീവൃക്ഷ;-മിങ്ങുതാൻ പാർക്ക സാരഥേ.
ദേവദാനവഗന്ധർവ്വമൃഗമാനുഷപക്ഷികൾ ൧൪

കൊണ്ടാടുന്ന ജലം ചേൎന്ന നൽപ്പുണ്യനദി കാണ്ക നാം.'
ആമെന്നേ രാമനൊടുരച്ചാ ലക്ഷ്മണസുമന്ത്രരും
ഓടൽവൃക്ഷമതിൻ ചാരത്തണഞ്ഞാർ തുരഗങ്ങളാൽ.
രാമനാ രമ്യമാം വൃക്ഷം പ്രാപിച്ചി,ക്ഷ്വാകുനന്ദനൻ ൩൦
ഭാൎയ്യാലക്ഷ്മണരൊന്നിച്ചുത്തേരിൽനിന്നങ്ങിറങ്ങിനാൻ.
ഇറങ്ങിയശ്വോത്തമരെയഴിച്ചിട്ടു സുമന്ത്രനും
മരച്ചുവട്ടിൽക്കൈക്കൂപ്പി നിന്നു രാമൻെറ ചാരവേ.
അങ്ങു രാജാവു, രാമനൊരാത്മസ്നേഹിതനാം ഗുഹൻ, ൩൨
നിഷാദവംശ്യൻ, ബലവാൻ, സ്ഥപതിഃപ്പേരുമുള്ളവൻ;
വന്നുചേൎന്നാനവൻ വൃദ്ധമന്ത്രിജ്ഞാതിസമേതനായ്,
പുരുഷവ്യാഘ്രനാം രാമൻ നാട്ടിൽ വന്നതു കേൾക്കയാൽ.
നിഷാദപതി ദൂരത്തുനിന്നെത്തുന്നതു കണ്ടുടൻ ൩൪
ചേൎന്നാനഗ്ഗുഹനോടങ്ങു രാമൻ, സൌമിത്രിസംയുതൻ.
താപത്തോടെ പുണൎന്നിട്ടാ രാമനോടോതിനാൻ ഗുഹൻ:—
'അയോധ്യ പോലിതങ്ങയ്ക്കു; രാമ, ചെയ്യേണ്ടതെന്തു ഞാൻ?
ഇത്ര നല്ലോരതിഥിയെയാൎക്കു കിട്ടും മഹാഭുജ!' ൩൬
പിന്നെ നല്ലന്നവും മററും കൊണ്ടുവന്നാൻ പലേതരം;
അൎഘ്യവും വെക്കമെത്തിച്ചാനി,ത്തുമങ്ങറിയിച്ചിനാൻ:—
'സ്വാഗതം തേ മഹാബാഹോ! മന്നിതെല്ലാം ഭവാൻെറയാം:
ഞങ്ങൾ ഭൃത്യർ, ഭവാൻ സ്വാമി; വാണുകൊൾകെങ്ങൾനാടു നീ.
ഇതാ, സന്നിധിയിൽബ്ഭക്ഷ്യ, ഭോജ്യവും, പേയലേഹ്യവും,
നൽക്കിടക്കകളും, പള്ളിയശ്വങ്ങൾക്കുള്ള തീററിയും.'
എന്നു ചൊല്ലും ഗുഹനൊടാ രാമനുത്തരമോതിനാൻ:—
'നിന്നാലൎച്ചിതരായ്,ത്തുഷ്ടന്മാരുമായ് ഞങ്ങൾ സൎവ്വഥാ: ൪൦
കാൽനടയ്ക്കെതിരേല്പാലും, സ്നേഹം കാണിക്കയാലുമേ.'
തടിച്ച കൈകളാൽക്കെട്ടിപ്പിടിച്ചിട്ടുരിയാടിനാൻ:—
'ഭാഗ്യം, കാണായി ഗുഹ, മേ നീയരോഗൻ സബാന്ധവൻ!
നാട്ടിൽക്കുശലമല്ലീ, നിൻ കൂറുകാരിൽദ്ധനത്തിലും? ൪൨

Digitized By Kerala Sahitya Akademi

ഇവണ്ണം ശേഖരിച്ചല്ലോ പ്രീതിയാൽച്ചിലതൊക്കെ നീ;
വിട തന്നേനതിന്നെല്ലാം: ദാനം വാങ്ങുകയില്ല ഞാൻ.
മാന്തോൽ, ദർഭ, മരത്തോലുമേന്തി,ക്കായ്ക്കനിയ്യുണുമായ്,
ധർമ്മസ്ഥനായ്, വനം പുക്ക മുനിയെന്നറികെന്നെ നീ. ൪൮
കുതിരത്തീററിയല്ലാതെ മറെറാന്നും വേണ്ടതില്ല മേ;
ഭവാനാലിത്രമാത്രംകൊണ്ടിവൻ സൽക്കൃതനായ്വരും.
പ്രിയങ്ങളല്ലോ, രാജാവെന്നച്ഛൻ ദശരഥന്നിവ;
ഈയശ്വങ്ങൾക്കു സംതൃപ്തി വന്നാൽപ്പൂജിതനായി ഞാൻ!' ർന്നു
കുടിയും തിന്നുമശ്വങ്ങൾക്കുകൈവിൻ ശീഘ്രമെന്നുടൻ
അവിടെത്തന്നെയാൾക്കാരോടാജ്ഞാപിച്ചീടിനാൻ ഗുഹൻ.
പിന്നെ മൃവന്തിയ്യത്തങ്ങ രാമൻ ചീരോത്തരീയവാൻ,
സൌമിത്രി താൻതാനെത്തിച്ച വെള്ളമേ ഭോജ്യമാക്കിനാൻ.
അവൻ ഭാര്യയുമായ് മന്നിൽക്കിടന്നളവു ലക്ഷ്മണൻ
തൃക്കാല്ക്കൾ കഴുകിച്ചിങ്ങു പോന്നു നിന്നാൻ ദ്രുമാന്തികേ.
ഗുഹനും ലക്ഷ്മണനൊടു സംസാരിച്ചു സസൂതനായ്
വില്ലും പിടിച്ചുറങ്ങാതെ നിന്നു രാമന്നുകലാസ്ഥയാ. ൫൦

ഒരല്ലൽ കാണാതെ സുഖത്തിൽ വാണവൻ,
യശസ്വി, ധീമാൻ, രഘുരാജനന്ദനൻ;
അതിന്നലമ്മട്ടു ശയിയ്ക്കുമാ മഹാ-
നാതീതമായ് രാവതു മെല്ലെമെല്ലവേ!

—*—

## ഐമ്പത്തൊന്നാം സർഗ്ഗം: ഗുഹലക്ഷ്മണസംവാദം.

—*—

ജ്യേഷ്ഠന്നുവേണ്ടി നിർവ്യാജം കണ്ണടയ്ക്കാതെ നില്ക്കുമവ
കാകുത്സ്ഥനാം ലക്ഷ്മണനോടോതി താപാർത്തനായ്ഗ്ഗുഹൻ:-
'ഇതാ, കുഞ്ഞേ, ഭവാനായ്ത്തീർത്തിരിപ്പൂ നല്ല മെത്തയെ;
ഇതിങ്കൽ വിശ്രമിച്ചാലും സുഖംപോലെ നൃപാത്മജ. ൧

Digitized By Kerala Sahitya Akademi

ക്ലേശം സഹിപ്പോരിയ്യുള്ളോരെല്ലാ;-മങ്ങോ, സുഖോചിതൻ;
ഞങ്ങൾ നില്ക്കാമുറങ്ങാതെ നിശി രാമന്നു കാവലായ്.
രാമനെക്കാൾ പ്രിയപ്പെട്ടോനെനിയ്ക്കില്ലൊരുവ്വഴിയിൽ;
ഞാനിച്ചൊൽവതു നേരാണേ, നേരാൽത്താനാണയിട്ടിടാം! ൮
ഇവൻെറ കനിവാൽ വേണ,മെനിയ്ക്കു വളർകീർത്തിയും,
പാരിച്ച ധർമ്മാപ്തിയു, മിപ്പാരിൽക്കാമാർത്ഥപൂർത്തിയും!
ഞാൻ കാത്തുകൊള്ളാം വില്ലന്തി,ശ്ലേഷക്കാരൊത്തു നീളവേ,
സീതയൊന്നിച്ചുറങ്ങുന്ന നൽസ്സുഖാവായ രാമനെ. ൯
ഇല്ല ഞാനറിയാതൊന്നിക്കാട്ടിൽ, നിത്യം നടക്കയാൽ;
ചെറുക്കാം ഞങ്ങൾ പെരിയ ചതുരംഗബലത്തൊടും.'
അവനോടോതി സൌമിത്രി:-"ധർമ്മമേ പാർത്തുകൊണ്ടു നീ
രക്ഷിയ്ക്കയാലിങ്ങനഘ, ഞങ്ങൾക്കില്ലാക്രമേ ഭയം. ൰
സസീതനായ് ദാശരഥി പാഴ്മന്നിൽപ്പള്ളികൊൾകവേ,
എമ്മട്ടുറങ്ങാൻ, ജീവിപ്പാൻ, സുഖിപ്പാനെളുതാം മമ?
ആരെദ്ദേവാസുരക്കാർക്കും പോരിൽനേർക്കാൻ കഴിഞ്ഞിടാ,
കാങ്കെ, സീതയുമായ്പുല്ലിൽക്കിടക്കുവതവൻ ഗുഹ! ൧൧
ജപത്താലും, തപത്താലും, നാനായത്നങ്ങളാലുമേ
പിറന്ന തത്സമരൂപകമഞ്ഞല്ലോ, ദശരഥന്നിവൻ;
ഇദ്ദേഹം പോന്നതുവശാലിരിയ്ക്കില്ലേറെനാൾ നൃപൻ;
വേഗത്തിൽത്താൻ വിധവയായ്ത്തീരുമേ തീർച്ച് മേദിനി! ൧൨
തളർന്നടങ്ങിയിട്ടുണ്ടാ, മുറക്കെക്കേണു നാരിമാർ;
അതുമൂലം നിശ്ശബ്ദമായ്ത്തീർന്നിരിയ്ക്കും നൃപാലയം!
കൌസല്യ, തമ്പുരാനെ,ൻെറയമ്മയെന്നിവരെവരും,
തോന്നീല, ജീവിയ്ക്കുവതുണ്ടെന്നാലീ രാത്രിമാത്രമാം! ൧൩
ശത്രുഘ്നനെപ്പാർത്തെന്നമ്മ പക്ഷേ ജീവിച്ചിരുന്നിടാം;
വീരാംബ കൌസല്യ മൃതിപ്പെട്ടുപോം;-മതിലൊന്നഴൽ!
ക്രൂരറോർ തിങ്ങിയ സുഖാലോകപ്രിയദമപ്പുരം
രാജദുഃഖത്തിൽ നിപതിച്ചുമൃതിപ്പെട്ടുപോകുമേ! ൧൪

Digitized By Kerala Sahitya Akademi

മഹാൻ പ്രിയൻ മൂത്തമകൻതന്നെക്കാണാതിരിയ്ക്കവേ,
മഹാനാം മന്നനെവ്വണ്ണം പ്രാണൻ ക്രട്ടിൽക്കിടന്നിടും?
നൃപന്നാപായം നേരിട്ടാൽത്തീർന്നു കൌസല്യതൻ കഥ;
ഉടൻതാനെൻെറ മാതാവുമററതിപ്പെട്ടുപോകുമേ! ൧൮
മുടിഞ്ഞേപോയ്മുടിഞ്ഞേപോയ്, രാജസ്ഥാനത്തു രാമനെ.
വാഴിയ്ക്കാതീ,പ്സിതംനേടാതെന്നച്ഛനൂതിപ്പെട്ടും!
അക്കാലമായാലഖിലപ്രേതകമ്മങ്ങളോടുമേ
സംസ്കരിയ്ക്കും കൃതാത്ഥന്മാർ, തീപ്പെട്ട പിതൃഭൂപനെ! ൧൦
രമ്യങ്ങളായ മുററങ്ങൾ, വേർതിരിച്ചുള്ള പാതകൾ,
ഹമ്മ്യപ്രസാദജാലങ്ങൾ;മേത്തരം തേവിടിച്ചികൾ,
തേരാനയശ്വനിരയും, തൂര്യനാദമുഴക്കവും,
സമസ്തനന്മത്തികവും, ഹൃഷ്ടപുഷ്ടജനൌഘവും, ൧൧
ആരാമോദ്യാനഗണവും സമാജോത്സവമോടിയും
ചേരുമെൻതാതപുരിയിൽസ്സഞ്ചരിയ്ക്കും സുഖാന്വിതർ!
ജീവിയ്ക്കുമോ ദശരഥൻ? കാണുമോ ഞങ്ങളൊന്നിനി,
വനവാസാൽ മടങ്ങിപ്പോന്നാ, മഹാനാം സുവ്രതനെ? ൧൪
ഞങ്ങൾ സക്ഷേമനാം സത്യപ്രതിജ്ഞനൊടുക്രടവേ,
കാട്ടിലെപ്പാപ്പിതു കഴിഞ്ഞെ,ത്തുമോ പേത്തയോധ്യയിൽ?
ദുഃഖവിഹ്വലനായ്നിന്നു വിലാപം ചെയ്തുകൊണ്ടുതാൻ,
മഹാത്മാവാം നൃപസുതന്നാ രാവു മുഴമിച്ചുപോയ്! ൧൫

പ്രജാഹിതൻ പാത്ഥിവസൂനു സത്യമാ-
വിധം കഥിയ്ക്കെ,ഗ്ഗുരുസൌഹൃദാൽഗ്ഗുഹൻ
ചൊരിഞ്ഞു കണ്ണീരതിസങ്കടത്തൊടേ,
ജ്വരാത്തനായ്ത്താഴ്ചയൊരാന പോലവേ.

---

## ഐമ്പത്തിരണ്ടാം സർഗ്ഗം: ജടാധാരണം

---

രാത്രി തീന്നളവേ, രാമൻ, മാർവിരിഞ്ഞോൻ സുകീത്തിമാൻ
സുലക്ഷ്മാവായ സൌമിത്രിലക്ഷ്മണൻതന്നൊടോതിനാൻ:-

Digitized By Kerala Sahitya Akademi

'ഇതാ, ദിനേശോദയമായ്; ഗമിച്ചു ദേവി യാമിനി:
കുയിൽക്കരിംപക്ഷിയിതാ, കൂകീടുന്നു കുമാരനേ. ൭

കേൾക്കുന്നുണ്ടു വനേ കേകിക്കൂട്ടം കൂകുന്ന ശബ്ദവും;
ആഴി, പൂകുന്നൊഴുക്കേറും ഗംഗ സൌമ്യ, കടക്ക നാം.'
രാമവാക്യം ഗ്രഹിച്ചിട്ടാ ലക്ഷ്മണൻ മിത്രതുഷ്ടിദൻ
ഗുഹസൂതരെയും കേൾപ്പിച്ചാ,ഗ്ര്യൻതൻ മുന്നിൽ മേവിനാൻ. ൮

രാമൻറയരുളപ്പാടു കേട്ടു കൈക്കൊണ്ടു വിദ്രുതം
അമാത്യരെ വിളിച്ചൊന്നു ചൊന്നാൻ സ്ഥപതിയിങ്ങിനെ:-
'ഇവിടത്തെയ്ക്കു, ചുക്കാനും തുഴയുന്നോനുമൊത്തതായ്
ഉറപ്പുള്ളോരു നൽത്തോണിയെത്തിയ്ക്കു കടവിൽ ദ്രുതം.' ൯

അരുളപ്പാടു കേട്ടിട്ടു ഗുഹാമാത്യമഹാഗണം
നല്ലോരു തോണിയെത്തിച്ചിട്ടറിയിച്ചു ഗുഹാന്തികേ.
ഗുഹനും തൊഴുകൈ പൂണ്ടു രാമനോടുരിയാടിനാൻ:-
'ദേവ, തോണിയിതാ വന്നു; വീണ്ടും ഞാനെന്തു ചെയ്യണം? ൰

അമരപുത്രാഭ, ഗംഗാനദി കടക്കുവാൻ
ഇതാ, തോണി നരവ്യാഘ്ര; കേറിക്കൊൾകിഹ സുവ്രത!'
തേജസ്സമ്പന്നനാം രാമൻ ഗുഹനോടരുളീടിനാൻ,
'ചെയ്തു വേണ്ടതു നീ! കേറാം സാമാനം വെക്ക'മെന്നുടൻ. ൧൧

പട്ടയിട്ടഥ വാളാവനാഴി ബന്ധിച്ചു വില്ലുമായ്;
പോയാർ ഗംഗയിലേയ്ക്കായി, സീതയോടൊത്തു രാഘവർ.
അനന്തരം ധർമ്മജ്ഞനാം രാമങ്കൽച്ചെന്നു താഴ്മയിൽ,
'എന്തു ചെയ്യേണ്ടു ഞാനെ'ന്നാൻ, തൊഴുകൈ പൂണ്ടു സാരഥി.

സുമന്ത്രനെസ്സവ്യവലത്തുകയ്യാൽ-
ത്തലോടിയുംകൊണ്ടരുൾചെയ്തു രാമൻ:-
'സുമന്ത്ര, പോയ്ക്കൊൾക തിരിച്ചു വേഗം:
രാജാന്തികേ വാഴ്ക, മനസ്സിരുത്തി.'

മടങ്ങിക്കൊള്ളുകെന്നാനങ്ങി, 'ത്രയും പോരുകമ മമ:
ഞങ്ങൾ തേർ വിട്ടു പോയ്ക്കൊള്ളാം വങ്കാട്ടിൽഗ്ഗാൽനട
[യ്ക്കുന്താൻ.' ൧൨

Digitized By Kerala Sahitya Akademi

തനിയ്ക്കു വിട നല്കപ്പെട്ടതു കണ്ടേവമാര്ത്തനായ്,
സൂതൻ സുമന്ത്രനൈക്ഷ്വാകനരവ്യാഘ്രനൊടോതിനാൻ:-
'അതിക്രമിച്ചിട്ടുള്ളോന്നല്ലിതിപ്പാരിലൊരുത്തനും:
പാവപ്പെട്ട വനേ പാർക്കൽ സഭ്രാത്രാനുജനാം തവ! ൧൬
തോന്നുന്നു മേ, നാസ്തി ഫലം ബ്രഹ്മചര്യത്തിനോത്തിനും,
മൃദുതയ്ക്കാർജ്ജവത്തിന്നും: പിണഞ്ഞതല്ലോ ഭവാന്നഴൽ!
വൈദേഹിയും തമ്പിയുമായ്ക്കാട്ടിൽപ്പാർത്തിട്ടു രാഘവ,
ഗതി നേടീടുമേ, മൂപ്പാർ വെല്ലുകയാൽപ്പോലെ വീര, നീ. ൧൮
ഞങ്ങളോ, ഹതരായ് രാമ: ഭവാനേവം ചതിയ്ക്കയാൽ
ദുഷ്ടകൈകേയിതൻ കീഴിലാമ്പോമല്ലോ വിപത്തിനായ്!'
എന്നു തന്റെ നിലയ്ക്കൊത്തും സൂതനായ സുമന്ത്രനോ,
ദൂരത്തായ് രാമനെന്നോർത്തു കേണാൻ ദുഃഖാർത്തനായ്ച്ചിരം. ൨൦
കണ്ണീർ നിന്നു ജലസ്പർശ്ശശുദ്ധനാം സൂതനോടുടൻ
ചൊന്നാൻ മധുരമാംവണ്ണം വീണ്ടും വീണ്ടും കകുത്സ്ഥജൻ:-
"ഇക്ഷ്വാകുക്കൾക്കെഴ നിന്മട്ടാം മിത്രത്തെക്കാണ്മതില്ല ഞാൻ;
എന്നിൽദ്ദശരഥക്ഷ്മാപൻ മാഴ്കാത്തപടി ചെയ്ക നീ. ൨൨
ശോകത്താലുള്ളുടഞ്ഞോനും, കാമഭാരപ്രപീഡിതനും,
ഭൂപൻ വൃദ്ധനുമാണല്ലോ; ചൊന്നേനിതതുകൊണ്ടു ഞാൻ.
കൈകേയിതൻ പ്രിയത്തിന്നായ് മഹാത്മാവാ മഹീശ്വരൻ
എന്തെന്തൊന്നരുളിച്ചെയ്യും, ചെയ്കതൊക്കെയസംശയം. ൨൪
ഇതിന്നുവേണ്ടിയാണല്ലോ നാടുവാഴുന്നതുഴിപർ:
മനോഭംഗമവർക്കേശാറില്ലേ,തു വിഷയത്തിലും!
അതിനാലപ്രിയം മന്നോർമന്നനേല്ക്കാത്തവണ്ണവും,
മാലാൽത്തളർന്നുപോകാത്തമട്ടും ചെയ്ക സുമന്ത്ര നീ. ൨൬
വരിയായഴൽ കാണാത്തുള്ളാര്യനാം വൃദ്ധഭൂപനെ
വണങ്ങി നീയുണർത്തേണമെനിയ്ക്കായിട്ടിതിൻവിധം:-
'മാലില്ലെനിയ്ക്കും സീതയ്ക്കു,മില്ലല്ലോ ലക്ഷ്മണനുമേ,
അയോധ്യാഭ്രഷ്ടരായെന്നും, കാട്ടിൽപ്പാർക്കേണമെന്നുമായ്. ൨൮

Digitized By Kerala Sahitya Akademi

ഈരേഴവത്സരം ചെന്നാൽക്കാണാകുമവിടെയ്ക്കുടൻ,
ഞാനും ലക്ഷ്മണനും സീതതാനും തിരിയെ വന്നതായ്.'
എന്നോതിത്തമ്പുരാനോടു,മമ്മയോടും, സുമന്ത്രരേ,
മററുള്ള ദേവിമാരോടും, പേർത്തു കൈകേയിതന്നൊടും, ൩൦
ആരോഗ്യം ചൊല്ക, കൌസല്യയോടു തൃക്കാൽവണക്കവും,
സീതയും ഞാനുമിങ്ങാര്യസൌമിത്രിയുമുരച്ചതായ്.
പുരാനോടോതുക: 'വരുത്തേണം ഭരതനെ ദ്രുതം;
വന്നാൽ,ക്കല്പിച്ചു ഭരതന്നേകണം രാജപട്ടവും. ൩൨
ഗാഢം ഭരതനെപ്പുല്കി യൌവരാജ്യത്തിൽ വെയ്ക്കുകിൽ,
ഞങ്ങളെപ്പററിയുള്ളല്ലലങ്ങയെപ്പിടികൂടിടാ.'
ഭരതൻതന്നൊടും ചൊല്ക:-'നില്പതെമ്മട്ടു മന്നനിൽ,
അമ്മട്ടു നില്ക്ക നീയമ്മമാരിലെല്ലാമൊരേവിധം: ൩൪
നിനക്കെമ്മട്ടു കൈകേയി, നിർവിശേഷം സുമിത്രയും,
അമ്മട്ടെന്നമ്മ കൌസല്യാദേവിയും നിർവിശേഷതാൻ.
അമ്മന്നൻറയിഷ്ടവും നോക്കി യൌവരാജ്യം വഹിയ്ക്കുകിൽ,
ഇരുലോകത്തിലും സൌഖ്യം വരുത്താനെളുതാം സദാ." ൩൬
രാമൻ തിരിച്ചയയ്ക്കുമ്പോളാമയാർത്തൻ സുമന്ത്രനും
ആ വാക്കെല്ലാം ശ്രവിച്ചപ്പോൾക്കാകുത്സനൊടു ചൊല്ലിനാൻ:-
"സേവയ്ക്കല്ല, സ്നേഹത്താലത്രേ, കൂസാതെ പറയുന്നു ഞാൻ;
ഭക്തനെന്നോർത്തതെല്ലാമേ ക്ഷമിച്ചരുളണം ഭവാൻ: ൩൮
ഇവിടുത്തോടു കൂടാതെ തിരിയേ പോവതെങ്ങിനെ,
നീ വിട്ടു പുത്രശോകാർത്ത പോലെയുള്ളാപ്പുരിയ്ക്കു ഞാൻ?
അന്നാൾ സരാമമെൻതേർ കണ്ടിട്ടപ്പുരിയു, മാളുകളും,
ഇന്നു രാമനൊഴിഞ്ഞുള്ള തേർ കണ്ടാൽ വിണ്ടുപോയിടാം! ൪൦
പോരിൽ വീരൻ കൊലപ്പെട്ട തനതാം സേന പോലവേ,
സൂതാവശേഷമിപ്പാഴേ്തർ കണ്ടാൽദ്ദുഃഖിച്ചുപോംപുരി!
ദൂരസ്ഥനാകിലും നിന്നെച്ചിത്തത്താൽ മുന്നിൽ നില്പതായ്
നണ്ണുന്നാ നാട്ടുകാരിന്നു കൈവെടിഞ്ഞേതയ്ക്കുമുണ്ടമേ! ൪൨

Digitized By Kerala Sahitya Akademi

നീ കണ്ടതില്ലയോ രാമ, നീ നാടു വെടിയും വിധൌ,
നിന്മാലാലുൾ തളർന്നോരാം നാട്ടുകാരുടെ സംഭ്രമം?
ആർത്തനാദമുതിർത്തല്ലോ പൌരർ നിൻദ്ദൂരയാത്രയിൽ;
എന്നെ മാത്രം രഥേ കണ്ടാൽ നൂറിരട്ടിച്ചുപോമതും! ൪൪
ദേവിയോടെന്തു ഞാൻ ചൊല്ലൂ,'മാ നിന്നുടെ കുമാരനെ
കൊണ്ടാക്കിനേൻ ഞാനമ്മാതുലു; വേണ്ടാ സന്താപ'മെന്നിതോ?
ഇമ്മട്ടു സത്യമല്ലാത്തുള്ളൊന്നു ചൊല്ലുകയില്ല ഞാൻ;
എമ്മട്ടു ഞാനപ്രിയമാമിസ്സത്യംതന്നെ ചൊല്ലിടും? ൪൬
എൻചൊല്പടിയ്ക്കു നിൻബന്ധുക്കളെ മാത്രം വഹിച്ചവ,
എമ്മട്ടു നീ വിട്ട രഥം വഹിയ്ക്കും ശ്രേഷ്ഠവാജികൾ?
നിന്നെക്കൂടാതയോധ്യയ്ക്കു പോകാനാവില്ല വയ്യ, മേ;
വനവാസാനുയാനത്തിന്നനുജ്ഞ തരണം മമ! ൪൮
യാചിയ്ക്കുമെന്നെ വെടികതന്നെ നീ ചെയ്യുമെങ്കിലോ,
തേരൊത്തു തീയ്യിൽച്ചാടും ഞാൻ, നീ വെടിഞ്ഞതൊടൊപ്പമേ!
കാട്ടിലങ്ങയ്ക്കുവ തപോവിഘ്നകാരികളാകുമോ,
അജ്ജന്തുക്കളെ ഞാൻ തേരാൽത്തടുക്കുന്നുണ്ടു രാഘവ. ൫൦
കൈവന്നുമേ നിൻകനിവാൽ തേർനടത്തിയതിൻസുഖം,
നേരുന്നു ഞാൻ നിൻകനിവാൽ വനവാസസുഖത്തെയും!
പ്രസാദിയ്ക്കു: കൊതിപ്പൂ ഞാൻ കാട്ടിൽ നിൻകൂടെ നില്ക്കുവാൻ;
അമ്പോടരുളിയാൽക്കൊള്ളാം, 'നില്ക്കുകെൻകൂടെ'യെന്നു നീ ൫൨
ഇത്തുരംഗങ്ങളും വീര, ഭവാനു വനവാഴ്ചയിൽ
ശുശ്രൂഷ ചെയ്യുമെന്നാകിൽ ശ്രേഷ്ഠമാം ഗതി നേടുമേ!
കാട്ടിൽപ്പാർത്തു വണക്കത്തിൽശ്ശുശ്രൂഷിയ്ക്കുവനങ്ങയെ;
അയോധ്യയോ വിണ്ടലമോ സർവ്വഥാ വെടിയുന്നു ഞാൻ! ൫൪
പൂകപ്പെടാവതല്ലല്ലോ നിന്നെക്കൂടാതയോധ്യ മേ,
ദുഷ്കർമ്മിയ്ക്കു മഹേന്ദ്രന്റെ രാജധാനി കണക്കിനേ!
വനവാസം കലാശിച്ചാ,ലിതാണെന്റെ മനോരഥം,
ഇത്തേരാൽത്താൻ പുരിയിലേയ്ക്കങ്ങയെക്കൊണ്ടുപോരുവൻ! ൫൬



Digitized By Kerala Sahitya Akademi

വനത്തിലങ്ങയോടൊത്തുള്ളെനിയ്ക്കീരേഴുവത്സരം
ക്ഷണം പോലെ കഴിഞ്ഞീടും;—മല്ലെന്നാൽ, ദുരവസ്ഥമാം!
സ്വാമിപുത്രന്റെ വഴി പൂകുവനായ് ബ്ഭക്തഭൃത്യനായ്
നിലയ്ക്കു നില്ക്കുമെന്നെക്കൈവിടൊല്ലേ ഭൃത്യവത്സല!" ൪൮

ആർത്തനായ്പ്പലപാടേവം പേർത്തും പേർത്തുമിരക്കവേ
സുമന്ത്രനോടരുളിനാൻ രാമൻ ഭൃത്യദയാപരൻ;—
"അറിയാമെങ്കലേറും നിൻ ഭക്തി മേ സ്വാമിവത്സല!
നിന്നെപ്പുരിയ്ക്കയയ്ക്കുന്നതിന്നതിന്നൊന്നു കേൾക്ക നീ: ൫൦

പുരി പൂക്ക ഭവാനെക്കണ്ടാലേ, ചിററമ്മ കൈകയി
വിശ്വസിയ്ക്കുള്ളൂ, രാമൻ പോയ് കാട്ടിലെയ്ക്കെന്നു കേവലം.
ഞാൻ കാട്ടിൽച്ചെന്നു പാർത്താലേ, തോഷിച്ചത്തമ്പുരാട്ടിയാൾ,
പാഴ്പ്പറയേ്വാനെന്നു ശങ്കിയ്ക്കാതാക്കു ധാർമ്മികഭൂപനെ: ൫൨

ഇതാണെൻ മുഖ്യമാമർത്ഥ്യ,മെന്റെ ചിററമ്മ മേന്മയിൽ,
ഭരതൻ പരിപാലിച്ച പുത്രരാജ്യത്തെ നേടണം!
എനിയ്ക്കും സ്വപ്നം വേണ്ടിത്തേരോടേ പുരി പൂക നീ;
ചൊല്കയും ചെയ്ക സന്ദേശമെല്ലാമങ്ങിനെയങ്ങിനെ." ൫൪

എന്നായ്സ്സൌരഭൻ രാമൻ വീണ്ടും വീണ്ടും സ്വസൂതനെ
ആശ്വസിപ്പിച്ചു ഗുഹനോടരുളി യുക്തിയുക്തമായ്:—
"യുക്തമല്ലിനി,യാളുള്ള കാട്ടിൽപ്പാർക്കുക മേ ഗുഹ;
പാർക്കേണമാശ്രമത്തിൽത്താന;-തിന്നൊത്തതു ചെയ്യണം. ൫൬

അതിനാൽത്താപസന്മാർക്ക് ചേരും വ്രതമെടുത്തു ഞാൻ,
വീണ്ടുമച്ഛന്നു നന്മയ്ക്കായ്സ്സീതാസൌമിത്രസംജ്ഞയാ
ജട നിർമ്മിച്ചു പോകുന്നേൻ പേരാലിൻപാൽ വരുത്തുക."
അപ്പാലിളേശപുത്രനായ്ക്കൊണ്ടുവന്നാൻ ദ്രുതം ഗുഹൻ; ൫൮

രാമന് ജടയുമുണ്ടാക്കി ലക്ഷ്മണന്നും തനിയ്ക്കുമേ;
വെറുംചിടയനായ്ത്തീർന്നു കൈകേയി നീണ്ട നരേഷ്ടൻ!
തദാ വട്ടച്ചിടയൊടും മരത്തോലാമുടുപ്പൊടും
മുനിമാർ പോലെ ശോഭിച്ചു, രാമലക്ഷ്മണർ സോദരർ. ൬൦

Digitized By Kerala Sahitya Akademi

വൈഖാനസപഥം പൂകാൻ വ്രതം കൈക്കൊണ്ടു രാമനും
തുണയാളായ ഗുഹനോടരുൾചെയ്താൻ സലക്ഷ്മണൻ:—
'ശ്രദ്ധിയ്ക്കു പട, ഭണ്ഡാരം, കോട്ട, നാടെന്നിവാറിൽ നീ:
ദുർല്ലഭം പ്രയാസമുണർല്ലാ, ഗുഹ, രാജ്യം ഭരിയ്ക്കുവാൻ.' ൭൨
പിന്നെഗ്ഗുഹനു വിടയും നല്കിയിക്ഷ്വാകുനന്ദനൻ
പോയാനിടർ പെടാതാശ്ശു ഭാര്യാലക്ഷ്മണയുക്തനായ്.
ആററിൻകരയ്ക്കലായ്ത്തോണി കണ്ടിട്ടിക്ഷ്വാകുനന്ദനൻ
ചൊന്നാൻ സൌമിത്രിയോടൊപ്പമേറും ഗംഗ കടക്കുവാൻ:-
'ഇത്തോണിയിൽക്കേറുക നീ പുരുഷർഷഭ മെല്ലവേ;
പിടിച്ചുകേററീടുക മുമ്പ്,ളംക്കനക്കാരി സീതയെ!
ജ്യേഷ്ഠന്റെ ശാസനം കേട്ടിട്ടൊന്നും തെററിച്ചിടാതവൻ
മുമ്പേ മൈഥിലിയെക്കേററിക്കേറിനാനടനാത്മവാൻ. ൭൬
പിന്നെക്കരേറി തേജസ്വി, താൻതന്നെ ലക്ഷ്മണാഗ്രജൻ;
അരുളീ ജ്ഞാതികളോടാ നിഷാദപ്പെരുമാൾ ഗുഹൻ.
അത്തോണിതന്നിൽക്കയറിത്തേജസ്സേറിയ രാമനും
ബ്രഹ്മക്ഷത്രാർഹമാംവണ്ണം ജപിച്ചാൻ സ്വഹിതത്തിനായ്; ൭൮
ശാസ്ത്രംപോലാചമിച്ചിട്ടു സീതയോത്തൻസ്വരിത്തിനെ
പണിഞ്ഞാനൾകളിത്തൃപ്തി ലക്ഷ്മണനും മുദാ.
സുമന്ത്രനും സബലനാം ഗുഹനും വിട നല്കിനാൻ;
തോണി പുക്കു,നുവാൻ ചൊന്നാൻ തോണിക്കാരോടു രാഘവൻ.

തുക്കാൻകാരനൊരുക്കംചെയ്തു,വർ നീക്കിയ തോണിയും
തക്കതാം തണ്ടുവലിയാൽപ്പോയ്ത്തുടങ്ങീ ജവാൽ ജലേ.
ഭാഗീരഥിയ്ക്കു നടുവേ ചെന്നനേരമനിന്ദ്യയാൾ
വൈദേഹി തൊഴുതുംകൊണ്ടാ നദിയോടിതു ചൊല്ലിനാൾ: ൮൨
"മതിമാനാം ദശരഥമന്നോർമന്നന്റെയീ മകൻ
ഈയാജ്ഞ നിറവേററട്ടേ, ഗംഗേ, നിൻപരിപാലനാൽ!
പതിനാലാണ്ടു മുഴുവൻ വനത്തിൽ നിവസിച്ചിവൻ
തമ്പിയോടെന്നൊടുംകൂടിത്തിരിച്ചിങ്ങെഴുന്നള്ളിയാൽ, ൮൫

Digitized By Kerala Sahitya Akademi

അങ്ങയെസ്സുഭഗേ, ദേവി, സുഖം തിരിയെ വന്ന ഞാൻ
പ്രീത്യാ പൂജിയ്ക്കുവൻ ഗംഗേ, സർവകാമസമൃദ്ധയായ്!
ദേവി, മുമ്മുഴി പോകും നീ ബ്രഹ്മലോകത്തു വായ്ക്കുവോൾ;
കാണാകുന്നു സമുദ്രത്തിൻ ഭാര്യയായിജ്ജഗത്തിലും. ൮൯

ദേവിയെപ്പണിയുന്നേൻ ഞാൻ,സ്തുതിയ്ക്കുന്നേൻ, സുശോഭനേ!
നരവ്യാഘ്രൻ തിരിച്ചെത്തിസ്സുസുഖം നാടു നേടിയാൽ,
നൂറായിരം പൈക്കളെയും വസ്ത്രങ്ങൾ മധുരാന്നവും
നല്കുവൻ ബ്രാഹ്മണർക്കായി, നിൻപ്രിയത്തിന്നുവേണ്ടി ഞാൻ!

ആയിരം മദ്യകുംഭത്താൽ മാംസാന്നത്താലുമാമ്പരയാ
ദേവി, പൂജിയ്ക്കുവൻ നിന്നെ,പ്പുരേ തിരിയെവന്ന ഞാൻ!
നിന്റെ തീരത്തു കുടികൊള്ളുന്ന ദേവതമാരെയും
പൂജിച്ചുകൊൾവനൊട്ടുക്ക, തീർത്ഥക്ഷേത്രങ്ങളേയുമേ! ൯൦

കാട്ടിൽനിന്നെന്നൊടും തമ്പിയോടുംകൂടി മഹാഭുജൻ
അയോധ്യയിൽത്തിരിച്ചെത്തുമാറാകട്ടെ ശുഭൻ ശുഭേ!"
ഇവണ്ണം ഗംഗയോടോതിക്കൊണ്ടനിന്ദിത മൈഥിലി
തെക്കേക്കരയ്ക്കു ചെന്നെത്തി വെക്കം പതിഹിതൈഷിണി. ൯൧

കരയ്ക്കണഞ്ഞുടൻ തോണിവിട്ടിറങ്ങി നരർഷഭൻ
സീതാനുജരൊടൊന്നിച്ചു പുറപ്പെട്ടു പരന്തപൻ.
സുമിത്രാനന്ദകരനോടഥ ചൊന്നാൻ മഹാഭുജൻ:—
"സൂക്ഷിയ്ക്ക നീ, യാളുകളുള്ളേടത്തി,ല്ലാത്തിടത്തിലും;

വിശേഷാൽച്ചെയ്യണം രക്ഷ നമ്മൾ നിർജ്ജനമാം വനേ.
മുമ്പേ നടക്ക: നിൻപിമ്പേ പോരട്ടേ സീത ലക്ഷ്മണ;
നിന്നെയും സീതയേയും കാത്തീ ഞാൻ പിമ്പേ നടക്കുവൻ.
തങ്ങളിൽക്കാത്തുകൊള്ളേണം നാമിന്നു നരപുംഗവ! ൯൨

ചെയ്യുവാനെളുതല്ലല്ലോ, കാര്യം വൈകല്യമൊന്നുമേ.
ഇപ്പോളറിയുമേ സീത വനവാസത്തിലുള്ളഴൽ:
ആൾത്തിരക്കറ്റുമുപവനമില്ലാതെ കുഴികൾ തോന്നലും
നിരപ്പറ്റതുമാം കാട്ടിൽക്കടക്കുമിവളിപ്പൊഴേ!" ൯൩

Digitized By Kerala Sahitya Akademi

രാമന്റെ വാക്കു കേട്ടിട്ടു മുൻനടന്നിതു ലക്ഷ്മണൻ;
പിന്നെസ്സീതയ്ക്കു പിറകേ രാഘവൻ രഘുനന്ദനൻ.

മന്ദതരം ഗംഗ കടന്ന രാമൻ—
തന്നെദ്ദൃഢം നോക്കിട്ടമസ്സുമന്ത്രൻ,
അകൽച്ചമൂലം മിഴിയെത്തിടാത്ത
കണ്ണീർ പൊഴിച്ചാനഴലാണ്ടു പാവം! ൧൦൦
മഹാൻ ദിഗീശപ്രതിമപ്രഭാവവാൻ
വരപ്രദൻ വന്നദിയെക്കടന്നവൻ
നൽസ്സസ്യജാലാനചിതമായ്സ്സമൃദ്ധമായ്-
ത്തെളിഞ്ഞ വത്സാവ്വിയിലെത്തിനാൻ ക്രമാൽ.
അതിങ്കലൃശ്യം, രുരു, പന്നി, പുള്ളിമാൻ,
മേധ്യങ്ങളീ നാലു മഹാമൃഗങ്ങളെ
തിന്മാൻ വധിച്ചന്തി, വിരഞ്ഞു വൃക്ഷമൊ-
ന്നണഞ്ഞിതന്തിയ്ക്കു വസിയ്ക്കുവാനവർ. ൧൦൨

---

ഐമ്പത്തിമൂന്നാം സർഗ്ഗം: രാമാശ്വാസനം.

---

ആ വൃക്ഷത്തിനാട്ടത്തെത്തി,യന്തിയ്ക്കൽ കഴിച്ചവൻ
ചൊന്നാൻ സൌമിത്രിയോടേവം, രാമൻ രമയദഗ്രിമൻ:—
"ഇന്നിതാ,ദ്യത്തെ രാവല്ലോ വന്നെത്തീ നാട്ടിനിപ്പുറം;
ഇതോ സുമന്ത്രനില്ലാത്തൊന്ന;-തിലുൽക്കണ്ഠിയായ്ക്കനീ. ൨
ഉറക്കൊഴിയ്ക്കണം രാവിൽ മടിയാതിന്നുതൊട്ടു നാം:
യോഗക്ഷേമം നമ്മിലല്ലോ നില്പു, സീതയ്ക്കു ലക്ഷ്മണ.
വല്ലപാടും കഴിയ്ക്കാമീ രാത്രി നമ്മൾക്കു ലക്ഷ്മണ;
ത്താൻതാനെത്തിച്ചവ വിരിച്ചുഴിയിൽക്കിടന്നിടാം." ൪
മന്നിൽക്കിടപ്പുറച്ചിട്ടു മഹാർഹശയനോചിതൻ
ഭംഗിയിൽച്ചൊല്ലിനാനേവം സൌമിത്രിയോടു രാഘവൻ:—
"ഇപ്പോൾപ്പള്ളിയുറപ്പാന്നിട്ടുണ്ടാം കഷ്ടിച്ചു തമ്പുരാൻ;
സന്തോഷിച്ചിരിയ്ക്കാം സൌമിത്രേ, കാമം കൈവന്ന കൈകയി! ൬

Digitized By Kerala Sahitya Akademi

അഭദ്രവിയായ കൈകേയി നാടിന്നായ്ത്തിരുമേനിയെ
പ്രാണൻപോക്കിയ്ക്കയില്ലല്ലീ, ഭരതാഗമനാന്തരേ?
നാഥനില്ലാത്തവൻ വൃദ്ധൻ, ഞാനും വേറുപിരിഞ്ഞവൻ,
കൈകേയിയ്ക്കുടിപ്പെട്ടിട്ടു കാമാത്മാവെന്തു ചെയ്യുമോ? ൯

ഈയാപത്തും, നരേന്ദ്രന്റെ ബുദ്ധിഭ്രമവുമോക്കയാൽ,
ധർമ്മാർത്ഥങ്ങളിലും മീതേ കാമംതാനെന്നു കാണ്മു ഞാൻ.
പൊണ്ണനാകിലുമാർ പോക്കും പെണ്ണിന്നായിട്ടു ലക്ഷ്മണ,
പാകം നോക്കുന്ന മകനെ, യച്ഛനെന്നൊക്കന്നാളിന്നെ? ൧൦

സഭാര്യനായ്സ്സുഖിയ്ക്കും ഹാ, ഭരതൻ കൈകേയീസുതൻ:
തനിയേ വാഴുമല്ലോ നൽക്കോസലം, കോയ്മ പൂണ്ടവൻ!
ഒറ്റമുഖമാമല്ലോ നാട്ടിനൊക്കയുമങ്ങവൻ,
അച്ഛൻ കിഴവനായും, ഞാൻ കാടണഞ്ഞുമിരിയ്ക്കയാൽ! ൧൧

ധർമ്മാർത്ഥങ്ങളുപേക്ഷിച്ചു കാമത്തെ സ്വീകരിപ്പവൻ,
നൃപൻ ദശരഥൻ പോലെയിമ്മട്ടാപത്തിലാം ധ്രുതം!
നൂനം ദശരഥാന്തത്തിന്നെന്നെപ്പോക്കിവിടാനമായ്
വന്നതാണൂഴി ഭരതന്നേകാനും സൌമ്യ, കൈകയി! ൧൨

അല്ലലേകുകയില്ലല്ലീ, സൌഭാഗ്യത്താൽ തെളിഞ്ഞവൾ
കൌസല്യയ്ക്കും സുമിത്രയ്ക്കുമെൻമൂലമിഹ കൈകയി?
സുമിത്രാദേവി, ഞാൻമൂലമഴൽപ്പെട്ടു വസിയ്ക്കൊലാ;
അയോധ്യയ്ക്കിങ്ങുനിന്നേ നീ പോക കാലത്തു ലക്ഷ്മണ; ൧൩

ഞാനേകനായ്ത്താൻ പോയ്ക്കൊള്ളാം ദണ്ഡകയ്ക്കു സസീത
(നായ്.

നാഥനില്ലാത്ത കൌസല്യയ്ക്കങ്ങു നീ നാഥനാകണം;
ദോഷാൽ മുഷ്കു തുടർന്നേയ്ക്കും വെറിമക്കാരി കൈകയി;
നഞ്ഞേകിയേയ്ക്കാം നിന്നമ്മയ്ക്കു,മ്മയ്ക്കുമധർമ്മിണി! ൧൪

പിരിച്ചിരിയ്ക്കാം നല്ലാരെപ്പുത്രരോടന്യജന്മനി;
എന്നമ്മയ്ക്കതിനാലാണിന്നിതു വന്നതു ലക്ഷ്മണ!

Digitized By Kerala Sahitya Akademi

കഷ്ടപ്പെട്ടൊരൊന്നാം പോററിവളത്യപ്പെട്ട ഞാനുമായ്
വേർപെട്ടുവല്ലോ കൌസല്യ ഫലകാലേ; ധിഗസ്തു മാം! ൨൦

ഒരു നാരിയുമിമ്മട്ടാം മകനെ പ്രസവിയ്ക്കൊലാ
ഞാനമ്മയ്ക്കേകിടുന്നല്ലോ തീരാദ്ദുഃഖത്തെ ലക്ഷ്മണ!
ആനമക്കിളിമൈനയ്ക്കാണെന്നേക്കാൾ ഭ്രൂരു ലക്ഷ്മണ:
'തത്തേ, മാററാൻെറ കാൽ കൊത്തുകെ'ന്നു, കേൾക്കാമതി
(ന്മൊഴി! ൨൧

ഭാഗ്യക്ഷയത്താൽദ്ദുഃഖിയ്ക്കുന്നെല്ലുമൊന്നുതകാത്തവൻ,
ഉണ്ണി ഞാനെന്തിനാണു,ണ്ണിയില്ലാത്തോൾക്കരിസൂതന!
ഭാഗ്യംകെട്ടവളെന്നമ്മ, കൌസല്യ മദപേതയായ്
ദുഃഖം മുഴുത്തു ശോകാബ്ധിതന്നിൽ വീണുകിടക്കയാം! ൨൨

ഒററയ്ക്കയോധ്യയും മന്നും ശരൌഘംകൊണ്ടു ലക്ഷ്മണ,
കീഴ്പ്പെടുത്തും ചൊടിച്ചാൽ ഞാൻ; പക്ഷേ, നന്നല്ല വിക്രമം:
സൌമിത്രേ, ഭയശീലൻ ഞാനധർമ്മത്തിൽപ്പരത്തിലും;
അതിനാലാണു നേടാത്തതഭിഷേകമിഹാനഘ." ൨൩

എന്നുംമററും കരുണമായ് വിലപിച്ചശ്രുവാർത്തവൻ
മിണ്ടാതെ ദീനനായ് വാണാൻ നിശി നിർജ്ജനമാം വനേ.
വിലപിച്ചു, ലയററാഴി, കെട്ട തീച്ചുവപോലവേ
പേർത്തടങ്ങിയ രാമങ്കൽസ്സാന്ത്വനം ചൊല്ലി ലക്ഷ്മണൻ:- ൨൪

"ഇന്നയോധ്യാപുരിയിരുണ്ടിരിയ്ക്കും ശസ്ത്രഭൃദ്വര,
ഭവാൻ പ്രഭോ, പോന്നതിനാൽ, നിശ്ചന്ദ്രനിശ പോലവേ!

യുക്തമല്ല ഭവാനേവം സന്തപിപ്പതു രാഘവ:
ഇതു ദുഃഖകരം സീതയ്ക്കു,നിയ്ക്കും മനുജർഷഭ! ൨൫

ജീവിയ്ക്കാ സീതയും ഞാനും നിന്നെ വിട്ടല്പനേരവും,
നീററിൽനിന്നു പിടിച്ചിട്ട രണ്ടു മീൻ പോലെ രാഘവ!
അച്ഛൻ, സുമിത്ര, ശത്രുഘ്നനിവരോ വിണ്ണുപോലുമോ
കാണാസ്സമരേണമെന്നില്ല, നിന്നെ വിട്ടിന്നരിഘ്ന, മേ!" ൨൬

Digitized By Kerala Sahitya Akademi

അപ്പോരാല്ക്കലിരിയ്ക്കുന്നാ സീതാരാഘവർ ധാർമ്മികർ ൧
ചാരേ ചമച്ച നന്മെത്തകണ്ടു,ങ്ങോട്ടെഴുന്നള്ളിനാർ.

സമഗ്രമീ ലക്ഷ്മണസാരഭാഷിതം
ധൃതാദരം കേട്ടു,രിമാഥി രാഘവൻ
ചിരായ ധർമ്മസ്ഥിതനേകിനാനവ-
ന്നനുജ്ഞ,യാണ്ടോക്കെ വനേ വസിയ്ക്കുവാൻ. ൩൪

ഇവണ്ണമാ നിർജ്ജനമാം മഹാവനേ,
ബലിഷ്ഠരാ രാഘവവംശവർദ്ധനർ
പരിഭ്രമിച്ചീലൊ,രുഭീതിപൂണ്ടതി-
ല്ല,ശസ്ഥലേ രണ്ടു മൃഗേന്ദ്രർ പോലവേ!

---

ഐമ്പത്തിനാലാം സർഗ്ഗം: ഭരദ്വാജദർശനം.

---

ആ വനസ്പതിമൂലത്തിൽ നല്ല രാത്രി കഴിച്ചവർ
അങ്ങുനിന്നു പുറപ്പെട്ടാർ, തെളിസൂര്യനുദിയ്ക്കവേ.
കാളിന്ദി ഭാഗീരഥിയാം ഗംഗ പൂകുന്നതെങ്ങുവാൻ,
ആ പ്രദേശത്തിലേയ്ക്കത്രേ പോയീ വങ്കാട്ടു പുക്കവർ. ൨
പലമാതിരിയാം ഭൂമിഭാഗവും രമ്യദേശവും
കണ്ടോരങ്ങു, മുൻ കണ്ടിട്ടില്ലാത്തവ യശസ്വികൾ;
നാനാവൃക്ഷങ്ങളും കണ്ടു സുഖേന നടകൊൾകവേ,
സൂര്യൻ ചാതിയുയന്നാറേ, തമ്പിയോടോതി രാഘവൻ:— ൪
"പ്രയാഗത്തിനു ചുറ്റും കാണുകയന്നു പുക ലക്ഷ്മണ,
അഗ്നിതൻ തൃക്കൊടിമര;—മുണ്ടാകും മുനിയിങ്ങുതാൻ.
ന്നൂനം ഗംഗായമുനകൾ ചേരുന്നേടത്തിലെത്തി നാം:
ഉണ്ടല്ലോ കേൾപ്പൂ, തണ്ണീരിൽത്തല്ലും തണ്ണീരുതന്നൊലി
വന്യപ്പൊറുപ്പുകാർ വെട്ടിപ്പൊളിച്ച വിറകുണ്ടിതാ,
ഭരദ്വാജാശ്രമേ കാണ്മൂ നാനാജാതിമരങ്ങളും."
സൈരം നടന്നാലാനുഷ്കര,ക്കൻ ചാഞ്ഞുതുടങ്ങവേ,
ഗംഗാകളിന്ദജാസംയോഗേ പുക്കാർ മുനിനിവേശനം. ൬

Digitized By Kerala Sahitya Akademi

മൃഗപക്ഷികൾ ഞെട്ടുംമാറാശ്രമം പൂകി രാഘവൻ.
കുറേക്കൂടി നടന്നിട്ടു ഭരദ്വാജകുലെത്തിനാൻ
ആശ്രമത്തിലണഞ്ഞിട്ടു, മുനിദർശനകാംക്ഷയാൽ,
സീതാനുഗതരാം വീരർ നിന്നാരങ്ങകലത്തുതാൻ. ൧൦

പിന്നുൾപ്പുക്കാ മഹാഭാഗൻ രാമൻ സീതാനുജാന്വിതൻ,
ശിഷ്യർ ചൂഴററ നിശിതവ്രതനായ മഹർഷിയെ,
തപസ്സാൽദ്ദിവ്യചക്ഷുസ്സു പൂണ്ടോനെ, ദൃഢചിത്തനെ
ഹോമാന്തേ കണ്ടതോടൊപ്പം കൈകൾകൂപ്പി വണങ്ങിനാൻ
അവിടത്തോടുണർത്തി, താനാരെന്നും ലക്ഷ്മണാഗ്രജൻ:
"ഈ ഞങ്ങൾ ദാശരഥികൾ, ഭഗവൻ, രാമലക്ഷ്മണർ;
ഇവളെൻ ഭാര്യയാം സീത; മാന്യ കല്യാണി ജാനകി,
പോന്നാൾ നിർജ്ജനമാം ധർമ്മാരണ്യത്തെയ്ക്കെന്നൊടൊപ്പമേ; ൧൨
അച്ഛൻ പോകിവിട്ടെന്നെയൊപ്പിന്തുടർന്നു വ്രതത്തൊടേ
കാട്ടിലേയ്ക്കു,മമത്തമ്പിയിസ്സുമിത്രാതനൂജനും.
അച്ഛന്റെ ചൊല്ലാൽബ്ഭഗവൻ, പൂകുന്നാങ്ങു തപോവനം;
ധർമ്മമേ ചെയ്തുണ്ടങ്ങു ഞങ്ങൾ കായ്കനിയുണ്ടുമായ്." ൧൩
ധീമാനാം രാജപുത്രന്റെയീ വാക്യം കേട്ടു ധാർമ്മികൻ
വതത്തിനാൻ ഗോവിനെയുമർഘ്യത്തെയുദകത്തെയും;
കാട്ടുകായ്കനിയാം നാനാവിധഭക്ഷ്യാന്നദാതിവും
കൊടുത്തു, താപസനവർക്കു,ടക്കി പാർപ്പിടത്തെയും. ൧൮
ചുററും പക്ഷിമൃഗൌഘത്താടൃഷിമാരൊട്ടുമൊത്തുതാൻ
പൂജിച്ചതിഥിയാം രാമനരുളി സ്വാഗതം മുനി.
അപ്പൂജ കൈക്കൊണ്ടാസീനനായ രാഘവനോട്ടടൻ
പറഞ്ഞാനബ്ഭരദ്വാജൻ ധർമ്മസംയുതമീവിധം: ൨൦
'നീണാൾകൊണ്ടഹോ ഞാൻ കാണ്മു കാകുത്സ്ഥ ഭവദാഗമം;
കേട്ടിരിയ്ക്കുന്നു ഞാനി, നിന്നകാരണവിവാസവും.
ഇതാ, വിവിക്തമാം സ്ഥാനം രമണീയം സുപാവനം,
ഇരുവമ്പുഴ ചേർന്നേടത്തി;ങ്ങു പാർക്കാം സുഖേന തേ.' ൨൨



Digitized By Kerala Sahitya Akademi

ഭരദ്വാജനിതിൻവണ്ണം ചൊന്നനേരത്തു രാഘവൻ
ശുഭമാമുത്തരം ചൊന്നാൻ, രാമൻ സവ്വഹിതോദ്യതൻ:—
"ഇങ്ങടുത്താണു ഭഗവൻ, പൌരരും നാട്ടുകാർകളും:
എന്നെക്കാണാമിവിടെയെന്നറിഞ്ഞീ,യാശ്രമസ്ഥലേ ൨൪
വന്നെയ്ക്കുമെന്നെയും സീതയേയും കാണ്മതിനാളുകൾ;
അതിനാലിവിടെപ്പാപ്പാൻ പ്രിയം തോന്നുന്നതില്ല ൨൫
മുണ്ടിക്കാണിയ്ക്കു ഭഗവൻ, വിജനേ നല്ലൊരാശ്രമം,
സുഖാഹം, സീത, വൈദേഹി രസിപ്പതിന്നു തക്കതായ്." ൨൬
ആ രാഘവന്റെ ശുഭമാകിയ വാക്കിതു കേട്ടടൻ
പറഞ്ഞാനത്ഥസംയുക്തം ഭരദ്വാജമഹഷിയും:—
'പത്തുനാഴിക ദൂരത്തുണ്ടങ്ങിയ്ക്കു നിവസിയ്ക്കുവാൻ,
പാരേ സുന്ദരമാം ചിത്രകൂടമെന്നൊരു പവ്വതം, ൨൮
ഗോലാംഗുലർ ചരിപ്പൊന്നു, വാനരർക്ഷനിഷേവിതം,
മഹർഷിസേവിതം, പുണ്യം, ഗന്ധമാദനസന്നിഭം:
മത്ത്യനച്ചിത്രകൂടത്തിൻ ശൃംഗമെത്രയ്ക്കു കാണുമോ,
അത്രയ്ക്കു ചെയ്യും സുകൃതം; വെയ്ക്കാ പാപത്തിൽ മാനസം; ൩൦
വളരെപ്പേർ മുനികളങ്ങക്കപാലശിരസ്സോടെ
തപസ്സിൽ നൂറാണ്ടു രമിച്ചു,ണഞ്ഞിട്ടുണ്ടു വിണ്ടലം!
വിജനപ്പാപ്പിടമതു തിട്ടം സുഖദമാം തവ;
കാട്ടിൽപ്പാപ്പിന്നിവിടെയോ പാക്ക ഞാനൊത്തു രാമ നീ.' ൩൨
ധമ്മജ്ഞനാം ഭരദ്വാജനാ പ്രിയാതിഥി രാമനെ
പൂജിച്ചു സവ്വകാമത്താൽ,ഭ്രാതൃഭാലക്ഷ്മണർതമ്മെയും.
ആ രാഘവൻ പ്രയാഗത്തിലാ മുനീന്ദ്രന്നു ചാരവേ
ഓരോന്നു ചൊൽവതിനിടയ്ക്കണഞ്ഞു പുണ്യയാം നിശ. ൩൪
സീതാസ്തുതീയൻ കാകുൽസ്ഥൻ വാട്ടംപൂണ്ടു സുഖോചിതൻ
ആ രാവിൽസ്സുഖമായ് പ്പാത്താൻ ഭരദ്വാജാശ്രമേ ശുഭേ.
നേരംപുലരവെച്ചെന്നാൽ ഭരദ്വാജന്റെ സന്നിധൌ;
തേജസ്സാളുന്ന മുനിയോടോതിനാൻ നരകുഞ്ജരൻ:-
'പാത്തല്ലോ ഭഗവൻ, ഞങ്ങളീ രാവിങ്കൽത്തപദാശ്രമേ; ൩൬

Digitized By Kerala Sahitya Akademi

പാർപ്പിടത്തെയും സത്യാത്മൻ, വിട നല്കുകിനിബ്ഭവാൻ.'
ആ രാവു മുഴുമിച്ചാറെ ഭരദ്വാജനിതോതിനാൻ:-
'പോയ്ക്കൊൾക, തേൻകായ്വേരാം ചിത്രകൂടത്തിലേയ്ക്കിനി.
തക്ക പാർപ്പിടമാണങ്ങേയ്ക്കുത്തു രാമ, മഹാബല: ൩൯
നാനാമരത്തോപ്പുള്ളൊന്നായ്, കിന്നരോരഗർ വാഴ്പതായ്,
മഹാമാതംഗയൂഥമായ്, മയിലൊച്ച മുതിർന്നതായ്,
പാരേ പുകഴ്ന്നൊരച്ചിത്രകൂടശൈലം ഗമിയ്ക്ക നീ;
വളരെക്കായ്കനികളുള്ളൊന്നു, പുണ്യം, മനോരമം. ൪൦
അതിയാംവണ്ണം മാതംഗയൂഥവും മൃഗയൂഥവും
വനാന്തരേ മേയുവതു കാണാമങ്ങേയ്ക്കു രാഘവ.
ഉറവും, താഴ്വും, പുഴ കൽവിള്ളൽ, ഗുഹ ചോലയും
നിന്നുള്ളിനിവയുണ്ടാകാം സീതയൊന്നിച്ചുലാത്തവേ. ൪൨

രസേന നീർക്കോഴി പികങ്ങൾ കൂകിടും
സ്വനം മുഴങ്ങി, ശുഭമായ്, സുരമ്യമായ്
പെരുത്തു മത്തേഭമൃഗങ്ങൾ ചേരുമ-
ഗിരാന്തരം പൂക്ക വസിയ്ക്കുകാശ്രമേ.'

—*—

## ഐമ്പത്തഞ്ചാം സർഗ്ഗം: കാളിന്ദീതരണം.

—*—

ആ രാവിലവിടെപ്പാർത്തു രാജപുത്രരരിന്ദമർ
മഹാമുനിയെ വന്ദിച്ചിട്ടാ മലയ്ക്കെഴുന്നള്ളിനാർ.
പ്രയാതരാമവർക്കച്ഛൻ മക്കൾക്കെന്നവിധം മുനി
നടത്തിനാൻ സ്വസ്ത്യയനം; ചെയ്താൻ പിമ്പനുയാത്രയും. ൨
അപ്പോൾ, തത്തേജസ്സുപെരുകുമബ്ഭരദ്വാജമാമുനി
സത്യവിക്രമനാം രാമനോടു ചൊല്വാൻതുടങ്ങിനാൻ:-
“ഗംഗായമുനമാർ ചേരുന്നേടം ചെന്നു നരേന്ദ്രരേ,
പടിഞ്ഞാട്ടേയ്ക്കു കാളിന്ദിയാററിൻ നേരേ ഗമിയ്ക്കണം; ൪

Digitized By Kerala Sahitya Akademi

ഒഴുക്കേറും യമുനയാറണഞ്ഞു രഘുപുത്രരേ,
കാല്പാട്ട വായ്ച പഴതാം കടവു പാർത്തു കണ്ടുടൻ
ഒരു ചങ്ങാടമങ്ങിട്ടു കടപ്പിൻ ഭാനവിപ്പുഴ.
പിന്നെ,പ്പച്ചിലവാർന്നൊത്തു, ബഹുവൃക്ഷപരീതമായ്, ൮
സിദ്ധസേവിതമാം ശ്യാമച്ചൈത്യംപേരാല്ക്കലെത്തിയാൽ,
അതിനോട്ടു ശുഭം പ്രാർത്ഥിച്ചേക്കണം തൊഴുതു ജാനകി;
പാർത്താൻ, പോകതാൻചെയ്യാ,മാ വൃക്ഷത്തികലെത്തിയാൽ.
വിളിപ്പാടകലെച്ചെന്നാൽക്കരിംകാടൊന്നു കാണുമേ, ൯
പിലാശുലന്തകാളിന്ദീമുള ചേന്ന മനോരമം.
അതത്രേ ചിത്രകൂടാദ്ധ്വാവെ—ത്രയോ പോയിരിപ്പു ഞാൻ—
കാട്ടതിച്ചേശിടാതൊന്നു, മയമുള്ളൊന്നു മുണ്ടുളം."
എന്നായ് വഴി ധരിപ്പിച്ചാ മഹാമുനി മടങ്ങിനാൻ, ൧൦
ആമെന്നു ചൊല്ലി വന്ദിച്ചു രാമനാൽ വിനിവർത്തിതൻ.
ആ മഹർഷി തിരിച്ചാറേ, രാമൻ ഭ്രാതാവൊടോതിനാൻ:—
'ധന്യർ നാം ലക്ഷ്മണ; മുനിയ്ക്കുണ്ടല്ലോ ദയ നമ്മളിൽ.'
എന്നു തമ്മിൽപ്പറഞ്ഞിട്ടാ മനസ്വികൾ നരർഷഭർ ൧൧
സീതയെത്തന്നെ മുമ്പാക്കി പ്രാപിച്ചാർ യമുനാനദി.
ഒഴുക്കേറിയ കാളിന്ദിപ്പുഴയ്ക്കൽച്ചെന്നണഞ്ഞവർ
നിനച്ചാർ മുഴുതും കൂടിയുപായം, പുഴ പിന്നിടാൻ.
പിന്നെത്തീർത്താരൊരു പെരും ചങ്ങാടം പാഴ്മരങ്ങളാൽ, ൧൨
രാമച്ചം ചുററുമേ വെച്ചു, മുണങ്ങമുള്ള പാകിയും.
ആററുവഞ്ഞിക്കൊമ്പും ഞാവല്ക്കൊമ്പും മുറിച്ചുടൻ
നിർമ്മിച്ചു ലക്ഷ്മണൻ വീരൻ സീതയ്ക്കൊരു സുഖാസനം.
അചിന്ത്യയാമാ ശ്രീയ്ക്കൊത്ത കാന്തയാളെക്കകുത്സജൻ ൧൩
ചെററു നാണിച്ചുപോംമാറച്ചങ്ങാടത്തിൽക്കരേറിനാൻ;
വെച്ചാൻ സീതയ്ക്കൊരുവശത്തംശുകാഭരണങ്ങളും,
ശസ്ത്രങ്ങളും കൊട്ട കോരക്കോട്ടും ചങ്ങാടത്തിൽക്കകുത്സജൻ.
മുമ്പേ വൈദേഹിയെക്കേററിച്ചങ്ങാടം കയറി സ്വയം ൧൪

Digitized By Kerala Sahitya Akademi

തുഴഞ്ഞുപോയാർ സത്വരം വീരരാ രഘുനന്ദനർ.
നടുപുക്കപ്പോളോ, സീത കാളിന്ദിയെ വണങ്ങിനാൾ:-
'സ്വസ്തി ദേവി, കടപ്പൻ ഞാൻ; വ്രതം തീർക്കണമെൻപതി;
പൂജിപ്പൻ ത്വാം ഗോസഹസ്രമദ്യകുംഭശതങ്ങളാൽ, ൧൦
രാമനിക്ഷ്വാകുപുരിയിൽ സ്സുഖം തിരിയെയെത്തിയാൽ!'
കാളിന്ദിയോടു കൈക്കൂപ്പിപ്രാർത്ഥിയ്ക്കുന്നൊ മൈഥിലി
തെക്കേത്തീരപ്രദേശത്തു ചെന്നെത്തി വരവർണ്ണിനി.
ഒഴക്കമോളവും തീരത്തൊരുപാടു മരങ്ങളും ൧൧
ചേർന്ന വത്സജ കാളിന്ദി കടന്നാർ പാണ്ടിയാലവർ.
കടന്നു പാണ്ടി കൈവിട്ടു, നടന്നു യമുനാവനാൽ
കളിത്ത പച്ചിലയണിശ്യാമപ്പേരാല്ക്കലെത്തിനാർ.
അപ്പേരാലിനെ വന്ദിച്ചാളരികേ ചെന്നു മൈഥിലി:- ൧൪
'വണങ്ങിടാം വനമരമേ; വ്രതം തീർക്കണമെൻപതി.
കാണാകെങ്ങൾക്ക കൌസല്യ യശസ്വിനി സുമിത്രയും!'
എന്നു സീത വലംവെച്ചാൾ വൃക്ഷത്തെത്തൊഴുകയ്യുമായ്.
വിധേയയും നന്ദിതയുമായ മൈഥിലിയോമലാൾ ൧൫
പ്രാർത്ഥിയ്ക്കുന്നതു കണ്ടിട്ടു രാമൻ ഭ്രാതാവൊടോതിനാൻ:-
'സീതയെക്കൊണ്ടു നീ മുമ്പേ നടക്ക ഭരതാനുജ;
പിമ്പേ നടന്നുകൊള്ളാം ഞാൻ ശസ്ത്രം പൂണ്ടു നരോത്തമ.
ഏതേതു കായയോ പൂവോ വാഞ്ഛിച്ചീടുന്നു ജാനകി, ൧൭
അതതേകുക വൈദേഹിയ്ക്കു്,വൾക്കും തെളിയുംവിധം!'
നടകൊണ്ടിട്ടുമവർതൻ നടുക്കായിതു ജാനകി,
രണ്ടാനകൾക്ക മദ്ധ്യേ നല്ലോരു പെണ്ണാന പോലവേ!
തനാംഗിയോരോ മരവും പൊന്തയും പൂത്ത വള്ളിയും ൨൦
മുൻകാണാത്തവ കാണുമ്പോൾ ചോദിയ്ക്കും രാമനോടവൾ;
രമ്യങ്ങളാം പലതരം പുഷ്പിതദ്രുമശാഖകൾ
സത്വരം കൊണ്ടുവന്നേകും ലക്ഷ്മണൻ, സീത ചൊല്ലിയാൽ.
വിചിത്രമണൽത്തണ്ണീരും ഹംസസാരസനാദവും ൨൧

Digitized By Kerala Sahitya Akademi

ചേന്നതാം നദി കണ്ടിട്ടു മോദിച്ചു ജനകാത്മജ.
വിളിപ്പാടഥ പോയിട്ടു രാമലക്ഷ്മണസോദരർ
പല മേധ്യമൃഗത്തെക്കൊന്നശിച്ചു യമുനാവനേ.
മനോജ്ഞമായ് വാരണവാനരാഢ്യമായ്
മയിൽസ്വനം ചേന്ന വനേ രമിച്ചവർ
നിരന്നൊരാററിൻകര പുക്കു, തക്കതാ-
മിരിപ്പിടം നേടിയദീനദർശനർ. ൩൪

---

## ഐമ്പത്താറാം സർഗ്ഗം: ചിത്രകൂടപ്രാപ്തി.

---

അല്ലിൻെറയവസാനത്തിലുണർത്തീ മെല്ലെ രാഘവൻ,
പില്പാട്ടു തെല്ലൊന്നു മയങ്ങിയ ലക്ഷ്മണനെ സ്വയം:
'കേൾക്ക ലക്ഷ്മണ, വന്യങ്ങൾ കൊഞ്ചുമഞ്ചിതമാം സ്വനം;
പോക നാം; പോകവാനുള്ള നേരമായീ പരന്തപ!' ൨
ജ്യേഷ്ഠൻ നേരത്തുറക്കത്തിൽനിന്നുണർത്തിയ ലക്ഷ്മണൻ
വെടിഞ്ഞാൻ നിദ്ര, മടിയും വന്ന മാർഗ്ഗത്തളർച്ചയും.
എണീററു പുണ്യമാമാററിൽ നീരാടി,യവരേവരും
ഋഷിനിർദ്ദിഷ്ടമാം ചിത്രകൂടത്തിൻവഴി പൂകിനാർ. ൪
പുലർകാലേ പുറപ്പെട്ട രാമൻ സൌമിത്രിസംയുതൻ
നീരിൽത്താർപത്രമിഴിയാം സീതയോടിതു ചൊല്ലിനാൻ:—
"കാണ്മു: കത്തുന്നിതോ സീതേ, ശിശിരാന്തത്തിൽ നീളവേ
പുഷ്പിച്ചു, തൻപൂവുകളാൽ മാലയിട്ട പലാശകൾ! ൬
കാണ്ക, മർത്ത്യരടുക്കാത്ത പൂവണിച്ചേർമരങ്ങളും
ചാഞ്ഞുപോയ് കായിലകളാൽ;-ജ്ജീവിയ്ക്കാമേ നമുക്കിഹ.
കണ്ടാലും നീ, പറയ്ക്കൊപ്പം തൂങ്ങിനില്പതു ലക്ഷ്മണ,
തേനീച്ചകൾ ചമച്ചുള്ള തേൻകൂടോരോ മരത്തിലും. ൮
ഇതാ, ചിലപ്പിതൊരു നത്തേ,ററുക്രുകുന്നു കേകിയും,
കനത്ത പൂവിരിപ്പാന്ന കമ്രമാം വനഭൂമിയിൽ.

Digitized By Kerala Sahitya Akademi

ഖഗവ്രജം കൂകവതായ്, ഗജക്കൂട്ടം നിറഞ്ഞതായ്,
പ്രൌഢകൂടാഢ്യമാം ചിത്രകൂടാദ്രിയിതു കാൺക നീ. ൧൦
സമസ്ഥലം ശുഭം വത്സ, ബഹുവൃക്ഷസമാവൃതം
പുണ്യമാം ചിത്രകൂടക്കൊടിപ്പം നമ്മൾക്കിയറ്റമേ!"
കാൽനടയ്ക്കേഴുന്നള്ളുന്ന സീതാസഹിതരാമവർ
രമ്യമാം ചിത്രകൂടാദ്രി ചെന്നണഞ്ഞാർ മനോരമം: ൧൨
നാനാവിഹംഗയുതമായ് ഫലമൂലസമൃദ്ധമായ്
രമ്യമായ് സ്വാദുജലമാമപ്പർവ്വതമണഞ്ഞുടൻ,
'സൌമ്യ, സുന്ദരമിശ്ശൈലം, നാനാതരുലതാവൃതം
ബഹുമൂലഫലം, രമ്യം, സുഖമായ്പ്പാർത്തിടാവതാം; ൧൪
പാർക്കുന്നുണ്ടിഗ്ഗിരിയിൽ മഹാത്മാക്കൾ മുനീന്ദ്രരും
ഇതാക്കാം പാർപ്പിടം; കുഞ്ഞേ, നമുക്കിങ്ങുളവാം രസം!
എന്നായ്, സ്സസീതാസൌമിത്രി രാഘവൻ തൊഴുകയ്യോടേ
ചെന്നണഞ്ഞാശ്രമത്തികൽ വാൽമീകിയെ വണങ്ങിനാൻ. ൧൬
അവരെ പ്രീതനായ്പ്പൂജിച്ചാനാ മാമുനി ധാർമ്മികൻ;
അവരാൽ സ്വാഗതമുരച്ചി,രിയ്ക്കാമെന്നുമോതിനാൻ.
തന്നെ ക്രമാൽ മുനീന്ദ്രങ്കലറിയിച്ചു മഹാഭുജൻ
സൌമിത്രിയോടരുളിനാൻ പ്രഭു, സൌമിത്രിപൂർവ്വജൻ ൧൮
'സൌമിത്രേ, കൊണ്ടുവരിക, നല്ല കട്ടിമരങ്ങൾ നീ:
നിർമ്മിയ്ക്ക പാർപ്പിടം സൌമ്യ; പാർപ്പാൻ തീർച്ചപ്പെടുത്തി ഞാൻ.'
ആ വാക്കു കേട്ടുടൻ കൊണ്ടുവന്നാൻ പല മരങ്ങളെ;
നിർമ്മിച്ചാൻ ലക്ഷ്മണനൊരു പർണ്ണശാലയരിന്ദമൻ. ൨൦
മേഞ്ഞുറപ്പാർന്നഴകമൊത്തുള്ളതാമതു കാൺകയാൽ,
ഏകാഗ്രശുശ്രൂഷകനോടോതിനാനിതു രാഘവൻ:—
"മാനിറച്ചി കൊണ്ടുവന്നിട്ടു 'കുററിപൂജ' കഴിയ്ക്ക നാം:
വാസ്തുശാന്തി നടത്തേണം സൌമിത്രേ, ചിരജീവികൾ. ൨൨
കൊന്നു കൊണ്ടുവരൂ വെക്കമൊരു മാനിനെ ലക്ഷ്മണ:
ചെയ്യേണമല്ലോ ശാസ്ത്രോക്തം-മോർക്ക ധർമ്മം സ്വലക്ഷണ."

Digitized By Kerala Sahitya Akademi

ജ്യേഷ്ഠൻെറ വാക്ക കൈക്കൊണ്ടാ വീരാരിന്ദമൻ ലക്ഷ്മണൻ
ചെയ്തു ചൊന്നവിധംതന്നേ; രാമൻ വീണ്ടുമിതോതിനാൻ:-
'വേവിയ്ക്കു മാന്മാംസമിതു:- കുററിപൂജ കഴിയ്ക്കു നാം;
വേക്കമാകട്ടെ: ശുഭമീ മുഹൂത്തം; നാളിതും ധ്രുവം.'
ഒരു പാവനമാം കൃഷ്ണമൃഗത്തെക്കൊന്നൊട്ടുത്തുടൻ
ചെന്തിയ്യിലിട്ടാൻ സൌമിത്രി, ലക്ഷ്മണൻ, സുപ്രതാപവാൻ.
അതു വഞ്ചുടിനാൽച്ചോര വററി വെന്തതുകാണുകയാൽ,
പുരുഷവ്യാഘ്രനാം രാമനോടുണത്തിച്ചു ലക്ഷ്മണൻ:—
'വേവിച്ചേനാകെ മുഴുമെയ്യോടികൃഷ്ണമൃഗത്തെ ഞാൻ;
ദേവതാപൂജ,യറിയാമല്ലോ, ദേവാഭ, ചെയ്ക നീ.' ൨൯
നീരാടി നിയതൻ രാമൻ ഗുണവാൻ മന്ത്രകോവിദൻ
ചെയ്താൻ യാഗം ചുരുക്കത്തിൽസ്സമാപ്തിജപപൂർവകം;
സർവ്വദേവാച്ചനം ചെയ്തു കടിപുകാൻ വിശുദ്ധനായ്;
തേജസ്സേറിയ രാമനു തോന്നീ മനസി തുഷ്ടിയും. ൩൦
വിധിപോലാററിൽ നീരാടിശ്ശുചിയായ ജപത്തോടേ
ആ വൈശ്വദേവബലിയും, രൌദ്രവൈഷ്ണവയജ്ഞയും
കഴിച്ചു, വാസ്തുശാന്തിയ്ക്കായ് മംഗളങ്ങൾ തുടങ്ങിനാൻ;
രാമൻ പാപപ്രശാന്തിയ്ക്കായ്ക്കഴിച്ചാൻ ശ്രേഷ്ഠമാം ബലി.
വേദിസ്ഥലങ്ങൾ, ചൈത്യങ്ങൾ, ദേവതായതനങ്ങളും
ആശ്രമത്തിന്നു ചേരുംമട്ടേപ്പെട്ടുത്തീ കകുത്സ്ഥജൻ.
കാട്ടുകായ്കനി, മാല്യങ്ങൾ, നന്നാസ്സേവിച്ച മാംസവും,
നീർ, വേദമന്ത്രം, ചമത, യമ,ദർഭയവിററിനാൽ ൩൧
ഭൂതതപ്പണവും ചെയ്തു സീതയോടൊത്തു രാഘവർ
ആ മഹാശുഭമാം ശാല പൂകിനാർ ശുഭലക്ഷണർ.

സ്ഥാനസ്ഥമായ്,ക്കാററണയാതെ, വൃക്ഷ
ദളങ്ങളാൽ മേഞ്ഞ,ഴകൊത്തതിങ്കൽ
പൂകീടിനാരേവരുമൊത്തു പാക്കാൻ,
വാനോർ സുധർമ്മാസഭയിൽക്കണക്കെ. ൩൨

Digitized By Kerala Sahitya Akademi

അനേകനാനാമൃഗപക്ഷിവൃന്ദവും,
വിചിത്രപൂത്തൊത്തലണിദ്രുമങ്ങളും
നിറഞ്ഞതായ്, വ്യാളമൃഗപ്രണാദിയാം
വനേ രമിച്ചാർ സുഖമായ് ജിതേന്ദ്രിയർ.

നൽച്ചിത്രകൂടം, മൃഗപക്ഷിജുഷ്ടം
സുതീർത്ഥമാം മാല്യവതീസരിത്തും
അണഞ്ഞു മോദാൽ പുളകാംഗനായാൻ;
പുരപ്രവാസവ്യഥയും വെടിഞ്ഞാൻ! ൩൨

—*—

## ഐമ്പത്തേഴാം സർഗ്ഗം: സുമന്ത്രപ്രത്യാഗമനം.

സുമന്ത്രനോടു സുചിരം സംസാരിച്ചു ദുഃഖാർത്തനായ്,
പോയാൻ ഗുഹൻ നിജഗൃഹേ, രാമൻ തെക്കര പൂകവേ.
ഭരദ്വാജാഭിഗമവും, പ്രയാഗസഹവാസവും,
ശൈലംവരെയ്ക്കുമവർതൻ പോക്കുമങ്ങറിവായ് ക്രമാൽ; ൧

പിന്നോട്ടു വിടയും വാങ്ങിസ്സുമന്ത്രൻ വാജിവര്യരെ
പൂട്ടിപ്പോന്നാൻ തുടലാം മാൽപൂണ്ടയോധ്യാനഗരിക്കു താൻ.
അവൻ സുമനഃസന്തുനാ കാട്ടും പുഴകളും പൊയ്കയും
കണ്ടുകൊണ്ടാശു പിന്നിട്ടാൻ, ഗ്രാമങ്ങളും നഗരങ്ങളും. ൨

പിന്നെപ്പിറേറദ്ദിനത്തിങ്കൽ വൈകുന്നേരത്തയോധ്യയെ
പ്രാപിച്ചു, കണ്ടാനാനന്ദഹീനമാമതു സാരഥി:
നിശ്ശൂന്യം പോലെ നിശ്ശബ്ദം കണ്ടു,ള്ളൽത്തള്ളലേല്ക്കയാൽ
തികച്ചും ദീനനാസ്തീനസ്സുമന്ത്രൻ ചിന്ത തേടിനാൻ:- ൩

'ആളാനയശ്വങ്ങളോടും തമ്പുരാനോടുമൊപ്പമേ
വെന്തില്ലല്ലീ പുരം, രാമശോകം ദുന്താമയാഗ്നിയാൽ!'
എന്നു ചിന്തയിലായ്സ്സൂതൻ വേഗമേറും ഹയങ്ങളാൽ
കോട്ടവാതില്ക്കലെത്തിച്ചേർന്നകംപൂകിതു സത്വരം. ൪

Digitized By Kerala Sahitya Akademi

സുമന്ത്രനങ്ങു ചെല്ലുമ്പോൾ, ന്തൂറുമായിരവും നമർ
'രാമനെ'ങ്ങെന്നു ചോദിച്ചുംകൊണ്ടു പാഞ്ഞെത്തററു സൂതനെ.
അവരോടോതിനാൻ:-'ധർമ്മാത്മാവാം പെരിയ രാമനാൽ
ഗംഗാന്തേ വിട നല്കപ്പെട്ടു,ണത്തിച്ചു മടങ്ങിനേൻ.' ൧൨
അവർ പോയെന്നറിഞ്ഞു,ശ്രുഃവാല്യം മുഖമൊടാളുകൾ
ഹാ, എന്നു തേങ്ങിക്കേണാർത്താര,യ്യയ്യോ രാമ! എന്നുമായ്,
കേട്ടാന,വർ തദാ കൂട്ടംകൂട്ടമായ് നിന്നു ചൊല്‌വതും:—
"കെട്ടുപോയ് നമ്മൾ: കാണുന്നീലല്ലോ രാമനെയിങ്ങു നാം! ൧൩
ദാനയജ്ഞവിവാഹത്തിൽ, വൻസദസ്സിലുമൊത്തിനി
കാണാ നടുവിൽ നാമെന്നോ, ധർമ്മാത്മാവായ രാമനെ!
'എന്തിജ്ജനങ്ങൾക്കുചിതം, പ്രിയമെന്തെന്നു, സൌഖ്യദം'
എന്നച്ഛൻ പോലെ താനല്ലോ രക്ഷിച്ചു രാമനിപ്പുരം!" ൧൪
കേട്ടാന,ങ്ങാടിനടുവിൽജ്ജനാൽക്കൽച്ചെന്ന നാരിമാർ
രാമശോകത്തിലേററം വെന്താവലാതികൾ ചൊല്‌വതും.
സുമന്ത്രനോ, മുഖം പൊത്തി രഥ്യാമധ്യത്തിലൂടവേ
പോന്നു, ദശരഥക്ഷ്മാപൻ വാഴും ഗേഹത്തിലേയ്ക്കുതാൻ. ൧൫
തേർ വിട്ടിറങ്ങി ത്വരിതം കൊട്ടാരത്തിനുണന്നെത്തവൻ
കടന്നു വൻജനത്തിക്കുള്ളവയാമേഴു കെട്ടുകൾ.
അയാതനെക്കണ്ടാ,ഹാ, ഹാ,ശബ്ദം കൂട്ടി പുരസ്ത്രീമാർ
ഹർമ്മ്യ, വിമാനേ, പ്രാസാദേ, രാമദർശനദീനമാർ ൧൬
വെള്ളത്തു കണ്ണീരിളകിത്തുളുമ്പും നീണ്ടകണ്ണിനാൽ
നോക്കിനാർ തമ്മിലവ്യക്തം, മഴലേറിയ നാരിമാർ.
കേട്ടാൻ, ദശരഥസ്ത്രീകളങ്ങങ്ങു തിരുമേടയിൽ
രാമശോകത്തിനാലുള്ളം വെള്ളിപ്പിറുപിറുപ്പതും:- ൧൭
'രാമന്റെ കൂടെപ്പോയിട്ടു രാമൻ കൂടാതെ വന്നതിൽ,
മാലുററ കൌസല്യയോടെന്തുണത്തും സൂതനത്തരം?
തീച്ചയായും, സുകരമാമൊന്നല്ലിക്കഷ്ടജീവിതം:
ജീവിപ്പിതല്ലോ കൌസല്യ, പുത്രൻ വിട്ടുഗമിയ്ക്കിലും!' ൧൮

Digitized By Kerala Sahitya Akademi

രാജാംഗനകൾതൻ നേരാമാവാക്യം കേട്ടുകൊണ്ടുതാൻ,
മാലാൽത്തീ പററിയോൻ പോലായ്പ്പുക്കാൻ കോവിലകം ദ്രുതം.
എട്ടാംകെട്ടിൽക്കിടന്നുല്ലൽപ്പെട്ടു വാടിയ ഭൂപനെ,
പുത്രശോകാർത്തനെക്കണ്ടാൻ വിളർത്തകോവിലകത്തവൻ. ൨൪
ചാരേ ചെന്നു,ങ്ങിരിയ്ക്കുന്ന തമ്പുരാനെപ്പണിഞ്ഞുടൻ
ചൊന്നവണ്ണമുണർത്തിച്ചു, സുമന്ത്രൻ രാമഭാഷിതം.
അതു മിണ്ടാതെതാൻ കേട്ടു രാമശോകാർദ്ദിതൻ നൃപൻ
മനസ്സു പതറിദ്ദുഃഖ്യാധാ കെട്ടു ഭൂമിയിൽ വീണുപോയ്. ൨൬
അന്തഃപുരം വ്യാകുലമായ് തമ്പുരാൻ മൂർച്ഛപൂണ്ടതിൽ;
നിലത്തു വീണ തൃക്കൈകെട്ടന്തിക്കേണിതുറക്കനെ.
സുമിത്രയൊത്തു കൌസല്യ, വീണുപോയ മണാളനെ
താങ്ങിപ്പിടിച്ചെഴുന്നീപ്പിച്ചാളെ,ന്നിട്ടിങ്ങിനെ ചൊല്ലിനാൾ:—
'മിണ്ടാത്തതെന്താ,ദുസ്സാധകർമ്മാവിന്റെ ദൂതനായ്
വനത്തിൽനിന്നു വന്നോനാമിയ്യാളോടു ഭവാൻ പ്രഭോ?
നെറികേടിതു ചെയ്തുംവെച്ചി,പ്പോൾ നാണിയ്ക്കയോ ഭവാൻ?
എണീയ്ക്ക; തേ ശുഭം; മാൽകൊണ്ടില്ലാതാം തുണ രാഘവ!
ആരെപ്പേടിച്ചു ചോദിപ്പീലിസ്സുതനോടു രാമനെ,
ഇങ്ങില്ലകൈകേയി വിഭോ; സംസാരിയ്ക്കാമശങ്കമേ!'
കണ്ണീരാലിടർപൂണ്ടേവം തമ്പുരാനോടുരച്ചുടൻ
മന്നിടത്തിൽപ്പതിച്ചാളക്കൌസല്യ,യഴലേറിയോൾ. ൩൨
വിലപിച്ചങ്ങു കൌസല്യ മന്നിൽ വീണതു കാൺകയാൽ,
ഭർത്താവെയും പാർത്തുച്ചത്തിൽക്കേണാരാ സ്ത്രീകളേവരും.

ഉരത്തൊരന്തഃപുരനാദമാവിധം
ശ്രവിച്ചു വൃദ്ധവ്രജവും യുവാക്കളും
കരച്ചിലായ് സ്ത്രീകളുമൊക്കെ നീളവേ;
കിടന്നലക്കൊണ്ടിതു വീണ്ടുമപ്പുരം! ൩൪

—*—

Digitized By Kerala Sahitya Akademi

ഐമ്പത്തെട്ടാം സൎഗ്ഗം: സന്ദേശകഥനം.

—(൧)—

മൂൎച്ഛാവിമുക്തനായ് വീണ്ടും താപമേറ്റവും പൂണ്ട തമ്പുരാൻ
വിളിച്ചു, രാമവൃത്താന്തം ചോദിപ്പതിന്നു സൂതനെ.
അപ്പോഴാസ്സൂതൻ തൊഴുതുകൊണ്ടണഞ്ഞാൻ പാൎത്ഥിവേന്ദ്രനെ,
രാമങ്കൽത്തന്നെ മാഴ്കുന്ന ദുഃഖശോകാൎദ്ദിതപ്പനെ, ൨
ഇപ്പോഴാപ്പിടിച്ചോരു ഗജം പോലവേ നെടുവീൎപ്പിടും
അസ്വാസ്ഥ്യസ്ഥിയെപ്പോലെ ചിന്തയും പൂണ്ട വൃദ്ധനെ.
മെയ്യിൽപ്പൊടി പുരണ്ടശ്രുധാരയും മുഖമൊട്ടാൎത്തനായ്
ചാരേ നില്ക്കും സൂതനോടു ചോദിച്ചാൻ ദീനമായ് നൃപൻ:- ൪
"എങ്ങും പാൎക്കും മരത്തിന്റെ ചുവട്ടിൽ സ്സൂത, ധാൎമ്മികൻ?
എന്തൊന്നശിയ്ക്കും, പെരികെസ്സുഖം ശീലിച്ച രാഘവൻ?
സുമന്ത്ര, ശയ്യോചിതനാസ്സുഖാൎഹൻ നൃപനന്ദനൻ
നിലത്തെമ്മട്ടനാഥൻ പോലുഴൽപ്പെട്ടു കിടന്നിടും? ൬
തേർകാലാളാനകളെ, വൻ പോകമ്പോഴപ്പിന്തുടൎന്നിതോ,
ആ രാഘവൻ നിൎജ്ജനമാം കാട്ടിലെങ്ങിനെ പാൎത്തിടും?
മൃഗവ്യാളങ്ങൾ മേയുന്ന കാളസൎപ്പാഢ്യമാം വനം
എമ്മട്ടു ചെന്നകംപൂകി സീതയോടൊപ്പമുണ്ണികൾ? ൮
സുമന്ത്ര, സാധു പൂമെയ്യാൾ സീതയോടും നൃപാത്മജർ
തേർ വിട്ടിറങ്ങിയെവ്വണ്ണം ഗമിച്ചു കാൽനടയ്ക്കുതാൻ?
നീയേ കൃതാൎത്ഥൻ: കാണപ്പെട്ടല്ലോ നിന്നാൽ മദാത്മജർ,
അശ്വിമാർ മന്ദരം പോലേ കാടേറുവതു സാരഥേ! ൧൦
എന്തുവാൻ ചൊല്ലി കാകുത്സ്ഥ, നെന്തുവാൻ ചൊല്ലി ലക്ഷ്മണൻ?
സുമന്ത്ര, കാനനേ ചെന്നിട്ടെന്തുവാൻ ചൊല്ലി മൈഥിലി?.
രാഘവന്റെയിരിപ്പും പോക്കും കിടപ്പും സൂത, ചൊല്ലു, നീ:
യയാതി ശിഷ്ടരിൽപ്പോലെ, ജീവിപ്പനിതുകൊണ്ടു ഞാൻ!" ൧൨
എന്നു രാജാവരുൾകയാൽ, നരേന്ദ്രനോടു സൂതനും
കണ്ണീരിൻ തടവാൽത്തൊണ്ടയിടറും മാറുണൎത്തിനാൻ:-

Digitized By Kerala Sahitya Akademi

"എന്നോടോതീ മഹാരാജ, ധർമ്മൈകതൽപരൻ
രാഘവൻ തൊഴുകൈ കൂപ്പി തല താഴ്ത്തി വണങ്ങിയും:- ൧൪
'എൻവാക്കാൽസ്സൂത, കുമ്പിട്ടു വന്ദിയ്ക്കുക,ഭിവന്ദ്യനം
ജ്ഞാതാത്മാവും മഹാത്മാവുമായ താതന്റെ തൃപ്പദം.
അന്തഃപുരത്തോടെല്ലാം നീയൊന്നുപോലെന്റെ വാക്കിനാൽ
ചൊല്ലുകാരോഗ്യവും സൂത, യഥാർഹമഭിവാദ്യവും. ൧൫
എന്നമ്മ കൌസല്യയോടുമാരോഗ്യമഭിവാദ്യവും.
അപ്രമാദവുമോതേണം;-മവിടുത്തോടു ചൊല്ലിതും:
'നിത്യധാർമ്മികയായ്ക്കാലത്തഗ്നിഹോത്രം കഴിയ്ക്ക നീ;
സേവിയ്ക്ക ദേവി, ദേവന്റെ കാലും, ദേവന്റെ പാദവും. ൧൬
അമ്മയ്ക്കുണ്ടാകൊലാ ഭേദം തെല്ലും തായമാർകളിൽ;
മാനിയ്ക്ക, തമ്പുരാനെക്കീഴണച്ചഭരതാംബയെ.
പുരാങ്കൽപ്പോലെ പെരുമാറേണം ഭരതനുണ്ണിയിൽ:
അർഹാൽ മുതിർന്നോർ മന്നോർക്കല്ലോ,ർന്നി രാജധർമ്മമേ.' ൨൦
ക്ഷേമം ഭരതനോടോതുകോ;-തുകെൻ വാക്കിനാലിതും:—
'ശുശ്രൂഷിയ്ക്ക മുറയ്ക്കോത്തു തായമാരെവരെയുമേ.'
ചൊല്ക,ശ്ര്യഭജനിക്ഷ്വാകുകുലനന്ദനനോടിതും:-
'നാടാളുമച്ഛനെയനുവർത്തിയ്ക്ക യുവരാജനായ് ൨൧
വൃദ്ധനല്ലോ നരാധീശൻ; തെരുക്കൊല്ലവിട്ടത്തെ നീ;
അവിടുത്തെച്ചൊല്പടിയ്ക്കേ വാഴ്ക,ഉംകോയ്മയിൽബ്ബൂവാൻ.'
കണ്ണീരോലോലെ വാർത്തുംകൊണ്ടെന്നോടരുളി വീണ്ടുമേ:-
'കാണ്കെ നിന്നമ്മയെപ്പോലെ,ൻ പുത്രലാലസയമ്മയെ.' ൨൪
എന്നൊന്നു ചൊൽവതോടൊപ്പം, തമ്പുരാനേ സുകീർത്തിമാൻ
കണ്ണീരൊഴുകിവാർത്താനാ രാമൻ ചെന്താമരേക്ഷണൻ!
സൌമിത്രിയോ, ത്തുലോം ക്രോധാൽച്ചീറിയുംകൊണ്ടു ചൊല്ലി (നാൻ:
"എന്തുകുറ്റത്തിനകറ്റിപ്പോക്കിയീ രാജപുത്രനെ? ൨൫

കൈകേയിയുടെ കാമമില്ലാത്താഴ്ന്ന കൈകൊണ്ടു മന്നവൻ
ചെയ്യാനകാര്യം കാര്യംപോലെങ്ങനം കഷ്ടത്തിലാംവിധം!
രാമനെപ്പോക്കൽ ദുരയാൽച്ചെയ്യിയ്ക്കപ്പെട്ടതാകിലും,
വരംനിമിത്തമായാലും, സർവഥാ തിന്മ തന്നെയായ്. ൫൯

ഇതു മേലാളിനിലയിൽത്തോന്നലിന്നൊത്തു ചെയ്യതാം:
രാമനെക്കൈവെടിയുവാൻ കാരണം കാണ്മതില്ല ഞാൻ!
ബുദ്ധിക്കുറവിനാലാലോചിയ്ക്കാതെ ചെയ്തുപോകയാൽ
മാരലെ വരുത്തു, ഘോരാത്തൊന്നാമീ രാമവിവാസനം! ൬൦

മഹാരാജാവിനെത്താതനെന്നു നണ്ണുന്നതില്ല ഞാൻ;
ഭ്രാതാവും, സ്വാമിയും, ബന്ധു, താതനും രാമനാണു മേ!
അസ്സർവലോകപ്രിയനെ,സ്സർവലോകഹിതൈഷിയെ
വെടിഞ്ഞ തൊഴിലാൽ നിന്നവന്നാക്കർമ്മമെട്ടു തോന്നിടും? ൬൧

ലോകാഭിരാമധർമ്മിഷ്ഠരാമനെപ്പോക്കിവിട്ട നീ
ഏവക്കർമ്മപ്രിയം ചെയ്തിട്ടെവ്വണ്ണം നൃപനായ്വരും?'
പാരം ജാനകിയോ വാർവീർപ്പിട്ടുകൊണ്ടു മഹാപ്രഭോ,
നിന്നാൾ പിശാചേറ്റ മനംമറന്നാൾ പോലെ നിശ്ചലം! ൬൨

മുമ്പല്ലൽ കണ്ടിട്ടില്ലാത്ത രാജപുത്രി യശസ്വിനി
ആ മാലാൽക്കേണതേയുള്ളൂ; ചൊല്ലീലൊന്നൊടൊരെണ്ണവും:
മണവാളനെ നോക്കിക്കൊണ്ടുണങ്ങുന്ന മുഖത്തൊടേ
പെട്ടെന്നു കണ്ണുനീർ വാർത്താൾ, ഞാൻ പോരുന്നതു [കണ്ടവൾ!

അതിൻവിധം കൈതൊഴുതശ്രു വാർത്തുനി-
ന്നിതങ്ങു, സൌമിത്രി ഭജിച്ച രാഘവൻ;
അതിൻവിധം നോക്കുകയായി സീത കേ-
ണുഴന്നുകൊണ്ടെ,ന്നെയുമീ രഥത്തെയും!

—*—

ഐമ്പത്തൊമ്പതാം സർഗ്ഗം: ദശരഥവിലാപം.

—*—

"തിരിച്ചുപോരാതോ, ചുടുകണ്ണീരു വാർത്തെൻറെ വാജികൾ
നേർവഴിയ്ക്കു നടന്നീലാ, രാമൻ കാട്ടിൽഗ്ഗമിയ്ക്കയാൽ!

Digitized By Kerala Sahitya Akademi

രണ്ടുണ്ണിത്തമ്പുരാക്കന്മാരെയും തൊഴുതനന്തരം
തേരിലേറിപ്പുറപ്പെട്ടേൻ, ദുഃഖവുമടക്കി ഞാൻ. ൨

ഗുഹനൊത്തവിടെത്തന്നേ വസിച്ചേൻ പലനാളിവൻ,
'തിരിച്ചെന്നെ വിളിച്ചേയ്ക്കാം രാമനെ'ന്നുള്ളൊരാശയാൽ.
തവ നാട്ടിൽ മഹാരാജ, രാമശോകച്ചുടപ്പിനാൽ.
വാടിപ്പോയ്, മുളയും മൊട്ടും പൂവുമൊത്ത മരങ്ങളും! ൪

വററി വെള്ളം പുഴയിലും, പല്വലത്തിൽ,സ്സരസ്സിലും;
ഇലയൊട്ടുക്കണഞ്ഞിപ്പോയ് വിപിനോപവനങ്ങളിൽ!
മേയാതെയായീ വ്യാളങ്ങ,ളനങ്ങാതായി ജീവികൾ;
നിശ്ശബ്ദം തന്നെയക്കാടും രാമശോകത്തിലാഴ്കയാൽ! ൬

ചുളുങ്ങി താമരയില;-യടങ്ങി പക്ഷിമീനകൾ;
കലങ്ങി നീരു;-ണങ്ങിപ്പോയ് തണ്ടാർ പൊയ്കകളിൽ പ്രഭോ!
നീർപ്പൂവുകൾ, കരപ്പൂക്കൾ, കായ്കളെന്നിവ സാംപ്രതം
മണം കുറഞ്ഞു, മുമ്പേത്തേമട്ടിൽശ്ശോഭിച്ചിടാതെയായ്. ൮

ഉദ്യാനങ്ങൾ, വിഹംഗൌഘമടങ്ങി വിജനങ്ങളായ്;
ആരാമങ്ങളിലും കാണ്മീലാഭിരാമ്യം നരർഷഭ!
അയോദ്ധ്യ പൂകുംപൊഴുതിങ്ങാരുമോടീലെന്നോടാരുമേ;
അഭീക്ഷ്ണം, രാമനെക്കാണാഞ്ഞുരുവീർപ്പിട്ടിതാളുകൾ! ൧൦

രാമൻ കൂടാതെ പള്ളിത്തേർ ദേവ വന്നതുകാൺകയാൽ
മാലാൽക്കരഞ്ഞിതെപ്പേരും രാജമാർഗ്ഗസ്ഥരാളുകൾ!
തേരു വന്നതു കണ്ടാ,ഹാ ശബ്ദം കൂട്ടീ പുരന്ധ്രിമാർ!
ഹർമ്മ്യേ, വിമാനേ, പ്രാസാദേ, രാമദർശനദീനമാർ! ൧൨

വെളുത്തു കണ്ണീരിളകിത്തുളുമ്പും നീണ്ട കണ്ണിനാൽ
നോക്കിനാർ തമ്മിലവ്യക്ത, മഴലേറിയ നാരിമാർ!
ബന്ധുക്കൾക്കും, രിപുക്കൾക്കും, രണ്ടുമല്ലാത്തവർക്കുമേ
അത്തൽപ്പെരുമയിൽത്തെല്ലും വ്യത്യാസം കണ്ടതില്ല ഞാൻ! ൧൪
ഇമ്പമില്ലാളുകൾക്കേതും; മാഴ്കുന്നു ഗജവാജികൾ;
ഘോരാർത്തസ്വനം കേൾപ്പൂ; പൊങ്ങുന്നു നെടുവീർപ്പൊലി;

Digitized By Kerala Sahitya Akademi

ത്തുഷ്ടി കെട്ട മഹാരാജ; രാമപ്രവ്രാജനാർത്തിയാൽ,
പുത്രൻ പിരിഞ്ഞ കൌസല്യ കപോലായ്ത്തോന്നിയയോധ്യ മേ!"

സൂതൻെറ മൊഴി കേട്ടിട്ട്, സ്സുതനോട്ട നരേശ്വരൻ
കണ്ണീരാലിടറിപ്പാരം വല്ലായ്മയിലിതോതിനാൻ:—
"ദുഷ്ടിൽപ്പിറന്ന കൈകേയിയിട്ട നട്ടംതിരിയ്ക്കയാൽ,
വൃദ്ധമന്ത്രജ്ഞരോടൊത്തു വിചാരം ചെയ്തതില്ല ഞാൻ; ൯
സുഹൃൽസചിവപൌരന്മാരൊത്തുമാലോചിയാതെതാൻ
പെട്ടെന്നിക്കാര്യമുണ്മമോഹാൽച്ചെയ്തുപോയ് പെണ്ണിനായിഞാൻ
അഥവാ ദൈവയോഗത്താൽപ്പെരുംവല്ലന്തിയിങ്ങിനെ
ഇക്കുലം മുടിയാൻ വന്നതാവാം സൂത, യദൃച്ഛയാ! ൧൦
നിനക്കു വല്ല ഗുണവും സൂത, ഞാൻ ചെയ്തിരിയ്ക്കുകിൽ.
കൊണ്ടാക്കുകെന്നെ രാമങ്കൽ; പ്രാണൻ വെമ്പൽപ്പെടുന്നു മേ!
ഇന്നുമെന്നാജ്ഞതാനെങ്കിൽ,ത്തിരിച്ചെത്തിയ്ക്കു രാമനെ:
രാമനില്ലാതെ ജീവിയ്ക്കുവയ്യ മേ ഞൊടിനേരവും! ൧൧
അല്ലായ്കിലാ, മഹാബാഹു ദൂരത്തായെന്നു വന്നിടാം;
എന്നെത്താനാശു തേരേററിച്ചെന്നു കാണിയ്ക്കു രാമനെ!
പല്ലുരുണ്ട പെരുംവില്ലനെങ്ങാണാ ലക്ഷ്മണാഗ്രജൻ?
സീതയൊത്തവനെക്കണ്ടെന്നാലേ ജീവിയ്ക്കയുള്ളു ഞാൻ; ൧൨
കൺ ചെഞ്ചിയോൻ, മഹാബാഹു, മണികുണ്ഡലമിട്ടവൻ,
രാമൻ കാണാകയില്ലെങ്കിൽ,പ്പോകും യമപുരിയ്ക്കു ഞാൻ!
എന്തുണ്ടിതിൽപ്പരം ദുഃഖ?—മീയവസ്ഥയിലായ ഞാൻ
കാണ്മീലല്ലോ, രഘുകുലത്തിന്നമ്പേററിയ രാമനെ! ൧൩
ഹാ, രാമ, രാമാനുജ, ഹാ,ഹാ, പാവപ്പെട്ട മൈഥിലി,
ദുഃഖത്താലൊ,രനാഥൻ പോലിതാ, ചാകുകയായി ഞാൻ!"

അദ്ദുഃഖമകമേ തിങ്ങിപ്പരന്ന പെരുമാളവൻ
കടന്നുകൂടാത്തൊരഴല്ക്കടലിൽപ്പെട്ടു ചൊല്ലിനാൻ:— ൧൪
"രാമശോകപ്പരപ്പ്,ശ്ശുക്കലക്കം, ക്രന്ദിതാരവം,
നെടുവീർപ്പാമലച്ചുഴി, സീതാവിരഹമാം കര,

Digitized By Kerala Sahitya Akademi

കണ്ണെട്ടത്തീടലാം മത്സ്യം കൈകേയീബന്ധനാഗ്നിയും
ഛിന്നം തലമുടിച്ചണ്ടി, രാമവിശ്ലേഷനീളവും ൩൦
ക്രന്ദിച്ചോൽനക്രവും, ദൃഷ്ടാവരമാം വേലിയേററവും
ചേർന്നൊന്നെൻ, ബാഷ്പവൃഷ്ടിയ്ക്കു ഹേതുവിശ്ശോകസാഗരം
ജീവനോടേ കടക്കാവുമൊന്നല്ലഹഹ, ദേവി, മേ;
കൌസല്യേ മുങ്ങിയല്ലോ ഞാൻ രാമനില്ലായ്മയാലിതിൽ! ൩൨

അഹോ, ലഭിച്ചീലിവനൊന്നു കാണുവാൻ
കൊതിയ്ക്കവേ, ലക്ഷ്മണനൊത്ത രാമനെ!"
നരേന്ദ്രനേവം വിലപിച്ചു കീർത്തിമാൻ
കിടയ്ക്കമേൽ വീണിതു മൂർച്ഛ പൂണ്ടുടൻ.
ഇതി രഘുസുതനെക്കുറിച്ചു രാജാ-
വതികരുണം വിലപിച്ചു വീണനേരം,
തിരുമൊഴിയതു കേട്ടു, ദേവി രാമാം-
ബിക പുനരാണ്ടിതിരട്ടിയാം ഭയത്തിൽ! ൩൪

## അറുപതാം സർഗ്ഗം: കൌസല്യാശ്വാസനം.

ഭൂതം ബാധിച്ചതിൻവണ്ണം ഭൂതലേ വീണുരുണ്ടുടൻ
മൃത പോലായ കൌസല്യ സൂതനോടുരിയാടിനാൾ:-
"കൊണ്ടാക്കുകെന്നെക്കാകുത്സഥസീതാലക്ഷ്മണരുള്ളിടം;
അവരില്ലാതെ ജീവിയ്ക്കവയ്യ മേ ഞൊടിനേരവും! ൨
തിരിയ്ക്ക തേർ; ദണ്ഡികയിൽ ദ്രുതം കൊണ്ടാക്കുകെന്നെയും;
അവരൊന്നിച്ചു പോകായ്കിൽ,പ്പോകും കാലപുരിയ്ക്കു ഞാൻ."
തൊഴുതസ്സൂതനും കണ്ണീർക്കുഞ്ഞാലിടറിയോതിനാൻ,
തമ്പുരാട്ടിയ്ക്കാശ്വാസമുളവാക്കാനിതിൻവിധം:- ൪
"ത്യജിയ്ക്ക മാല്യം മറിവും മാൽകൊണ്ടുള്ള പതച്ചിയും;
സന്താപം പോക്കിയിട്ടല്ലോ, കാട്ടിൽപ്പാർക്കുന്നു രാഘവൻ,

24

Digitized By Kerala Sahitya Akademi

രാമന്റെ പാദശുശ്രൂഷ ചെയ്തു ലക്ഷ്മണനും വനേ
പരലോകത്തെ നേടുന്നു, ധർമ്മവേദി ജിതേന്ദ്രിയൻ. ൮

ശൂന്യമാം കാട്ടിലും വീട്ടിലെപ്പോലെ പാർത്തിട്ടു സീതയും
രാമങ്കൽച്ചേർത്താത്മാവോടെ പ്രേമം നേടുന്നു നിർഭയം.
വല്ലായ്മയൊന്നു കാണാക്കുന്നില്ലവൾക്കു തരിമ്പുമേ;
ദൂരവാസങ്ങൾ ശീലിച്ചോൾ പോലെ തോന്നുന്നു സീത മേ! ൯

മുമ്പെവ്വണ്ണം പുരിപ്പൂംകാവിങ്കൽച്ചെന്നു രമിച്ചുവോ,
അവ്വണ്ണമേ രമിയ്ക്കുന്നു സീത ശൂന്യവനത്തിലും!
പൈതൽ പോലെ രമിയ്ക്കുന്നു സീത വാർതിങ്കൾ നേർമുഖി,
രാമാരാമാഭിരതിയാൽ, ശൂന്യാരണ്യത്തിലാകിലും! ൧൦

അവങ്കലാണുള്ളമവൾക്കു, ജീവം തദധീനമാം;
അവൾക്കയോദ്ധ്യ കാടാമ്പോൾ, രാമനില്ലാതിരിയ്ക്കുകിൽ!
വഴിയ്ക്കു സീത ചോദിയ്ക്കും, ഗ്രാമങ്ങൾ, നഗരങ്ങളും
കണ്ടാലാറുകൾതൻ പോക്കും, നാനാജാതിമരങ്ങളും; ൧൧

സീത രാമനൊടോ തമ്പിയോടോ ചോദിച്ചറിഞ്ഞിടും
അയോദ്ധ്യയ്ക്കു വിളിപ്പാടുദൂരെ ക്രീഡിയ്ക്കയാംവിധം!
ഇതേ ഞാനോർത്തിടുന്നുള്ളു പെട്ടെന്നവൾ പറഞ്ഞതായ്,
കൈകേയിയെക്കുറിച്ചുള്ളൊന്നിപ്പോൾ തോന്നാതെയായി മേ”

ഓർക്കാതെയാപ്പുറപ്പെട്ട വാക്കു മായ്ച്ചഥ സാരഥി
ദേവിതന്നുൾ കുളുർപ്പിച്ചു ചൊന്നാൻ മധുരമാംവിധം:-
നടയാൽ, പേടിയാൽ, വമ്പാർക്കാറ്റേൽക്കയാൽ, വെയിൽ കൊൾകയാൽ
മാറീടുന്നില്ല സീതയ്ക്കു നിലാവിന്നൊത്തിരാം നിറം! ൧൨

താമരപ്പൂവിനു സമം, സോമബിംബോപമപ്രഭം,
മഞ്ജുഭാഷിണി സീതയ്ക്കു മങ്ങുന്നില്ലതുമാ മുഖം!
ചെമ്പൊഞ്ഞിച്ചാറിടാഞ്ഞാലും, ചെമ്പൊഞ്ഞിച്ചാറ്റുകപ്പിനാൽ
ചെന്താമരമൊട്ടിനു സമ,മവൾതൻ കഴലിപ്പൊഴും! ൧൩

തളയൊച്ചക്കളിയൊടേ നടകൊള്ളുന്ന ഭംഗിയിൽ,
സീതഭാമിനിയിപ്പോഴും കൌതുകാൽക്കോപ്പണിഞ്ഞവൾ!

Digitized By Kerala Sahitya Akademi

ഗജത്തെയോ പുലിയെയോ സിംഹത്തേയോ വനാന്തരേ
കണ്ടാലവൎക്കില്ല ഭയം, രാമബാഹുസമാശ്രയാൽ! ൧൦
ശോച്യരല്ലവരും നാമും; ശോച്യനല്ല നരേന്ദ്രനും:
ഇച്ചരിത്രം ജഗത്തിങ്കലെന്നെന്നും നിലനില്ക്കുമേ!
ശരിയ്ക്കുഴൽച്ചാട ൦ാടിഞ്ഞ,കം കളി-
ത്ത്യഷീന്ദ്രർ ഭോഗം വഴി ചെന്നീനവർ
വനസ്ഥരായ്, വന്യഫലം ഭുജിച്ചു, നൽ-
പ്പിതൃപ്രതിജ്ഞാപരിരക്ഷ ചെയ്യുമാം:" ൧൧
തരത്തിലോതിടിന സൂതനാവിധം
വിലക്കിയാലും, സുതശോകവായ്പിനാൽ
കരച്ചിൽ നിൎത്തില പുരാട്ടി, 'രാമനേ,
കുമാര!' എന്നും, 'കുലപുത്ര!' എന്നുമായ്.

---

അറുപത്തൊന്നാം സൎഗ്ഗം: കൌസല്യാപരുഷവാക്യം.

---

രമയദരനാം രാമൻ ധാൎമ്മികൻ കാട്ടുപുക്കതിൽ
ദീനയായ്ക്കേണു കൌസല്യ ഭൎത്താവിനോടിതോതിനാൾ:-
"മൂപ്പാരിലും പരന്നിട്ടുണ്ടല്ലോ നിൻ പെരുതാം പുകൾ,
ദയാലു, ദാതാവ്,ശ്ലോകതിശീലൻ രാഘവനെന്നുതാൻ. ൧
അപ്പുത്രന്മാർ നൃപശ്രേഷ്ഠ, സുഖമോടെ വളൎന്നവർ,
സീതയോടൊത്തു ദുഃഖിച്ചു,ദുഃഖം കാട്ടിൽപ്പൊറുക്കുമോ?
കൌമാരം വിട്ടു താരുണ്യം പ്രാപിച്ച സുകുമാരിയാൾ
സുഖം ശീലിച്ച വൈദേഹി കുളിർ ചൂടും പൊറുക്കുമോ? ൪
നല്ല കൂട്ടാനുമായ് നൽച്ചോറുണ്ണുപോന്ന മൃഗാക്ഷിയാൾ
കാട്ടിലുള്ള വരിച്ചോറു സീതയെങ്ങിനെയുണ്ടിടും?
നല്ലതാം പാട്ടുകൊട്ടോച്ച കേട്ട നല്ലവളങ്ങിനെ
ക്രവ്യാദസിംഹങ്ങളുടെ ഭീത്തയാമൊലി കേട്ടിടും? ൫
കിടക്കുമെങ്ങവാനി,ന്ദ്രധ്വജതുല്യൻ മഹാഭുജൻ,
ഭുജദണ്ഡം തലയണയാക്കിക്കൊണ്ടു മഹാബലൻ?

Digitized By Kerala Sahitya Akademi

പത്മസൌരഭനിശ്വാസം, പത്മവര്‍ണ്ണം, സുകുന്തളം,
ഞാനെന്നു കാണും. രാമന്‍റെ തണ്ടാര്‍ക്കണ്ണണിനന്മുഖം? ൮

നൂനമെന്‍നെഞ്ചു വജ്രത്തിന്‍കാതലാണി;-ല്ല സംശയം:
ഇതായിരം നുറുങ്ങാകുന്നില്ലല്ലോ, തദദര്‍ശനാല്‍!
കഷ്ടംകൈ ചെയ്തു നീ:-യെന്‍റെ ബാന്ധവന്മാര്‍ നിരസ്തരായ്
കാടു ചുററുകയാണല്ലോ, പാട്ടപെട്ടു സുഖോചിതര്‍! ൧൦

മുവഞ്ചാമാണ്ടു തിരിയേവരുന്നോട്ടാം രാമനെങ്കിലും,
ഭരതന്‍ കൈവിടും നാടും സമ്പത്തു,മെന്നുവരാ ദൃഢം!
സ്വന്തം ബന്ധുക്കളെത്തന്നേ ചാത്തമൂട്ടുന്നപോല്‍ ചിലര്‍;
കാര്യം കഴിച്ചു, പിപ്പാടേ നോക്കുള്ളു ദ്വിജവര്യരെ ൧൨

എന്നാല,തില്‍പ്പണ്ഡിതരും ഗുണവാന്മാരുമാം ദ്വിജര്‍
കൈക്കൊള്ളുകില്ല പിമ്പന്തിയ്ക്കമൃതും ത്രിദശോപമര്‍;
മുമ്പുണ്ടോര്‍ വിപ്രരായാലും, പ്രജ്ഞരാം ദ്വിജപുംഗവര്‍
ഭുക്തശേഷം തൊടാ,പുല്ലിന്മുറി പുംഗവര്‍ പോലവേ! ൧൪

ഇതുപോല,നുജഭ്രാതൃഭുക്തമാം നാടു ഭൂപതേ,
ശ്രേഷ്ഠനാമഗ്രജഭ്രാതാവെന്തുകൊണ്ടു വെടിഞ്ഞിടാ?
അപരന്‍ തിന്നതിന്‍ ബാക്കി തിന്മാന്‍ വ്യാഘ്രം കൊതിച്ചിടാ;
ഇവണ്ണമേ നരവ്യാഘ്രനന്യഭുക്തമെടുത്തിടാ! ൧൬

ഹവിസ്സ്, നൈ, പുരോഡാശം, കുശം ഖദിരയൂപവും
ഒരിയ്ക്കലുപയോഗിച്ചതെടുക്കാ വീണ്ടുമധ്വരേ;
അമ്മട്ടു ഭുക്തമീ രാജ്യം, ഹൃതസാരമധൂപമം
കൈക്കൊള്ളാ രാഘവന്‍, നഷ്ടസോമമാം ക്രതു പോലവേ! ൧൮

ഇമ്മട്ടാമവമാനത്തെസ്സഹിച്ചിടില്ല രാഘവന്‍,
വാല്‍ തൊടുന്നതിനെ പ്രൌഢബലനാം പുലി പോലവേ!
ലോകങ്ങളൊന്നിച്ചുമവനേകാ വന്‍പടയില്‍ബ്ഭയം:
ഇങ്ങധര്‍മ്മിഷ്ഠരെദ്ധര്‍മ്മത്തോടു ചേര്‍ക്കും സുധാര്‍മ്മികന്‍! ൨൦

പൊന്നിങ്കണകളെക്കൊണ്ടാ മഹാവീര്യന്‍, മഹാഭുജന്‍,
ഭൂതങ്ങളെ യുഗാന്തം പോലാഴിയേയും വരട്ടുമേ!

Digitized By Kerala Sahitya Akademi

അത്രയ്ക്കു സിംഹബലനാമാ വൃഷാക്ഷനരാഗ്ര്യനെ
താന്താനച്ഛൻ നശിപ്പിച്ചു, മത്സ്യം കുഞ്ഞിനെയാംവിധം! ൨൨
ദ്വിജർ കൈക്കൊണ്ട ശാസ്ത്രത്തിൽക്കാണും ധർമ്മം സനാതനം
അങ്ങയ്ക്കുണ്ടോ, സ്വധർമ്മിഷ്ഠനുണ്ണിയെപ്പോക്കിവിട്ടതിൽ?
സ്ത്രീകൾക്കുററാശ്രയം ഭർത്താവാണു; രണ്ടാമതുണ്ണിയാം;
മൂന്നാമതിങ്ങു ശേഷക്കാരി;-ല്ല നാലാമതൊഴിപ്പ. ൨൪
അതിൽവെച്ചില്ലെൻറയങ്ങു; രാമനോ, കാട്ടുപൂകിനാൻ;
കാട്ടിൽപ്പോയ്ക്കൂടതാനും ഞാൻ; കെട്ടേനെമ്മട്ടുമങ്ങയാൽ!

സരാഷ്ട്രമാം നാടിതു കെട്ടു നിന്നാൽ;
ഭാവനമീ മന്ത്രികളൊത്തു കെട്ടു;
സപുത്ര ഞാൻ കെട്ടു; പുരസ്ഥർ കെട്ടു;
തന്പുജനം നിൻപ്രിയയും തെളിഞ്ഞു!"

ഇവണ്ണമുഗ്രസ്വരമായ ഭാഷിതം
ശ്രവിച്ചു രാമേതി വിമൂർച്ഛ തേടിനാൻ;
സശോകനായാനഴൽപൂണ്ട മന്നവൻ;
സ്വപാപമെന്നോർത്തുകൊണ്ടു വീണ്ടുമേ.

---

.അറുപത്തിരണ്ടാം സർഗ്ഗം: കൗസല്യാപ്രസാദനം.

—*—

ഈമട്ടിലരിശംകൊണ്ട രാമാംബിക സശോകയായ്
പരുഷം ചൊല്കയാൽഭ്രൂപൻ ചിന്തപൂണ്ടിതു ദുഃഖിതൻ.
ചിന്തപൂണ്ടിട്ടു നൃവരൻ മൂർച്ഛിച്ചാനാകുലേന്ദ്രിയൻ;
പിന്നെയേറെനേരംകൊണ്ടത്രേ, ബോധം നേടീ പരന്തപൻ. ൨
ബോധം പൂണ്ടിട്ടു നെടുതാം ചുടുവീർപ്പിട്ടുകൊണ്ടവൻ
ചാരെ കൗസല്യയെക്കണ്ടു വീണ്ടും ചിന്തയിലാണ്ടുപോയ്.
യാതൊന്നോ പണ്ടു കേട്ടെന്നാൽച്ചെയ്തുപോയറിയാതവൻ,
അപ്പാപമോർമ്മയിൽപ്പെട്ടു ചിന്തചെയ്തുമവനുടൻ. ൪
ദീനനാക്കീ പ്രഭുവെയശ്ശോകവും, രാമശോകവും;
ദേവകയായി മഹാരാജാവിതുശോകങ്ങളാലുടേ!

Digitized By Kerala Sahitya Akademi

രണ്ടല്ലൽകൊണ്ടും ദേവറാറു കൌസല്യയോടു ചൊല്ലിനാൻ
കനിയിപ്പാൻ, മുഖം താഴ്ത്തി വിറച്ചു തൊഴുതാ നൃപൻ:- ൬
"കനിവുൾക്കൊൾക കൌസല്യ; നിനക്കെൻ തൊഴുകയ്യിതാ!
ശത്രുക്കളിലുമന്പുററ സൌമ്യയല്ലോ സദാപി നീ.
ഗുണിയാവട്ടെ, വിഗുണനാവട്ടെ, പതി തന്നെയാം,
ധർമ്മം നിനയ്ക്കും സ്ത്രീകൾക്കു ദേവി, പ്രത്യക്ഷദൈവതം. ൭
അതിനാൽ നിത്യധർമ്മിഷ്ഠ, പാരിൽ മേല്ക്കീഴ് കണ്ട നീ
മാഴ്ലപ്പെട്ടിലും, ഇദ്ദേഹം മാലുള്ളോനിൽപ്പറയൊലാ!
ആർത്തനായ നരേന്ദ്രൻറയത്തിറമൊഴി കേട്ടുടൻ
കണ്ണീരൊഴുക്കി കൌസല്യ, മഴനീരോവു പോലവേ. ൮
രാജാവിൻ തൊഴുകൈ താമര പോലെ തലയിൽ വെച്ചവൾ
കേണു, പേടിച്ചു, പതറി, വെമ്പിയുംകൊണ്ടു ചൊല്ലിനാൾ:-
"പ്രസീദ; താന്നിരക്കുന്നനി,താ വീണുവണങ്ങിനേൻ;
ഹത നിൻയാചനത്താൽ ഞാൻ; മാപ്പേകിക്കൂട ദേവ മേ! ൯
ഇരുലോകത്തിലും ശ്ലാഘ്യനായ ധീമാൻപതിയ്ക്കുവൾ
പ്രസാദനീയയായ്ത്തീരു,മവൾ പെണ്ണല്ല പാരിതിൽ!
ധർമ്മജ്ഞ, ധർമ്മമറിവേന;റിവേൻ സത്യവാദി നീ;
പുത്രശോകാർത്തിയാലേതു, കടന്നെന്തോ പുലമ്പി ഞാൻ! ൰
മാലാൽ മുടിയുമേ ധൈര്യം;-മാലാൽ ജ്ഞാനം മുടിഞ്ഞുപോം;
മാലാൽ മുടിയുമെല്ലാമേ; മാൽ പോലില്ലൊരു ശത്രുവും!
ശത്രുവിൻ കയ്യുകൊണ്ടേററ തല്ലു താങ്ങപ്പെടാവതാം;
താങ്ങപ്പെടാവതല്ലേററ മാലെ,ത്ര ചെറുതാകിലും! ൰൧
രാമൻ കാട്ടിന്നു പോയിട്ടിന്നഞ്ചു ചെന്നുള്ള വാസരം;
ഇതു, മാലാൽ മനം മങ്ങമെനിയ്ക്കഞ്ചാണ്ടുപോലെയായ്!
വായ്ക്കുന്നു മാലിതുൾത്താരിലവനെച്ചിന്തചെയ്കയാൽ,
പുഴനീർക്കടത്തിനാലാഴിയ്ക്കേറുംവെള്ളം കണക്കിനെ!" ൰൨
ഇവണ്ണമങ്ങു കൌസല്യ നല്ല വാക്കരുചെയ്യവേ,
സൂര്യൻ നിഷ്പ്രഭനായ്ത്തീർന്നു;വന്നണഞ്ഞിതു രാത്രിയും.

Digitized By Kerala Sahitya Akademi

കൌസല്യാദേവിയവ്വണ്ണം പറഞ്ഞു കനിയിക്കയാൽ
പള്ളിക്കുറുപ്പുകൊണ്ടാനാ വനമാലിൽപ്പെട്ട തമ്പുരാൻ. ൨൦

—*—

## അറുപത്തിമൂന്നാം സർഗ്ഗം: ദശരഥശാപപ്രസ്താവം.

—*—

കുറച്ചിടയ്ക്കുള്ളിലുണർന്നിട്ടു ദശരഥൻ നൃപൻ
മാൽകൊണ്ടുടഞ്ഞുപോകയായ നെഞ്ചുമായ്ച്ചിന്ത തേടിനാൻ:
രാമലക്ഷ്മണവേർപാടാലാ മഹേന്ദ്രസമാനനെ
വല്ലാത്തൊരഴൽ ബാധിച്ചു, രാഹു സൂര്യനെയാംവിധം. ൨
സഭാര്യരാമഗമനാൽ, കോസലേശൻ സ്വദുഷ്കൃതം
സ്മരിച്ചൊരുങ്ങി, മയ്ക്കണ്ണി കൌസല്യയോടു ചൊല്ലുവാൻ:
രാമൻ കാട്ടിൽപ്പോയതിന്റെയാറാംനാളത്തു രാത്രിയിൽ
ഓർമ്മിച്ചാനദ്ദശരഥക്ഷ്മാവരൻ, ചെയ്ത ദുഷ്കൃതം. ൪
തന്റെ ദുഷ്കർമ്മമോർമ്മിച്ചാപ്പുത്രശോകാതുരനാം നൃപൻ
പുത്രശോകാതുരയായുള്ള കൌസല്യയോടിതോതിനാൻ:—
"യാതൊന്നു ചെയ്വൂ കല്യാണി, നല്ലതോ ചീത്തയായതോ,
സ്വകർമ്മജാതമതു താൻ ഭദ്രേ, നേടുന്നു ചെയ്യുവൻ. ൬
കർമ്മാരംഭേ, ഫലങ്ങൾക്കുചേരും ഗുരുലഘുത്വവും
ഗുണദോഷവുമാരോർക്കില്ല, വന്നാം ബാലനെന്ന പേർ!
പൂ കണ്ടു ഫലലോഭത്താൽ മാവു വെട്ടിക്കളഞ്ഞൊരാൾ
പിലാശിനെ നനച്ചെന്നാൽ, ഫലകാലത്തു മാഴ്കുമേ; ൮
കേവലം, ഫലമോർക്കാതെ കർമ്മം ചെയ്തുതുടങ്ങുവോൻ,
പലാശസേചകൻ പോലെ ഫലകാലത്തു മാഴ്കിടും.
മാവു വെട്ടിക്കളഞ്ഞീ ഞാൻ പിലാശിനെ നനച്ചുപോയ്:
ഫലാപ്തൌ രാമനെ വെടിഞ്ഞനുശോചിപ്പു ദുർമ്മതി! ൧൦
'കേട്ടെയ്യോൻ കൊല്ലുനൃപനെ'ന്നൊരു പേരാണ്ട ധന്വി ഞാൻ
കൌമാരനാളിൽക്കൌസല്യേ, പാപമൊന്നിതു ചെയ്തുപോയ്.
ആ സ്വയംകൃതമല്ലോ, മാലിതു ദേവി, വരുത്തി മേ,
പൈതലിന്നറിവില്ലാഞ്ഞു തിന്നാ നഞ്ഞെന്ന പോലവേ. ൧൨

Digitized By Kerala Sahitya Akademi

എന്മട്ടൊരു വെറുംഭോഷൻ പ്പാശു കണ്ടു മയങ്ങമോ,
അന്മട്ട ഞാനും ചിന്തിച്ചീലൊച്ചകേട്ടെയ്ത്തിലെപ്പളം!
ദേവി, നിന്നെ വിവാഹംചെയ്തിട്ടില്ല;-ളമയാണു ഞാൻ;
അന്നാളൊരു മഴക്കാലം വന്നു കാമമദപ്രദം: ൧൭
ഭൂരസങ്ങളെടുത്തും, പാരംശുവാൽച്ചുടവിച്ചുമേ,
ചത്തോർതന്നിടമാം ഘോരദിക്കു പുക്കിതു ഭാസ്കരൻ!
ചൂട പെട്ടന്നൊളിവിലായ്; കാണായ് സ്നിഗ്ദ്ധങ്ങൾ കാറുകൾ;
പാരേ രസിച്ചു തവള, വേഴാംപൽ, മയിലെന്നിവ. ൧൮
മീതേ നനഞ്ഞ ചിറകാൽക്കളിച്ചപടി പക്ഷികൾ
പണിപ്പെട്ടേറിനാർ, മാരിക്കാററുലച്ച മരങ്ങളിൽ.
മേല്ക്കുമേൽപ്പെയ്തും പെയ്യുന്നതുമാം നീർ മറയ്ക്കയാൽ,
മത്തസാരംഗമാം ശൈല,മിളകാക്കടൽ പോലെയായ്! ൧൯
ഗിരിധാതുക്കളാലുണ്ടാം വിളറപ്പാടും ത്തുടപ്പാടും
പാമ്പു പോലൊഴുകി,വെണ്ണീർ ചേന്ന വെൺനീരൊഴുക്കുകൾ.
"ആ മഹാസുഖകാലത്തു, തേരേറിശ്ശരചാപിയായ്
വ്യായാമത്തിന്നു പോയേൻ ഞാൻ സരയൂനദിതൻ തടേ: ൨൦
കടവിൽപ്പോത്തിനേയോ, നേക്കാററിൽ വന്ന ഗജത്തെയോ,
മററു ഹിംസ്രത്തെയോ രാവിൽക്കൊൽവാനായജിതേന്ദ്രിയൻ.
എന്നാൽക്കേട്ടേൻ, കുടം വെള്ളത്തിങ്കൽ മുക്കുന്നൊരാരവം
കണ്ണെത്താത്തേടമിരുളി,ലാനതന്നൊലി പോലവേ. ൨൧
ഉടൻ സപ്പാഭമായ്മിന്നുമൊരു ബാണമെടുത്തു ഞാൻ
ശബ്ദത്തെയുന്നമാക്കിത്താനെയ്തേനാ,നയ്ക്കു തട്ടുവാൻ.
സപ്പത്തിനൊത്ത ക്രൂരമ്പു ഞാനെങ്ങോട്ടെയ്തുവിട്ടുവോ,
അങ്ങു കേൾക്കായിത,'യ്യോ' എന്ന,മ്പു മമ്മത്തു കൊൾകയാൽ
ആററിൽവീഴുമൊരാരണ്യന്റെ വാക്കു പുലച്ചയിൽ;
ഉലവായ് നരവാക്കൊന്നങ്ങുച്ചരം വീണനേരമേ:
'എവ്വണ്ണമായുധം വീഴ,മെന്മട്ടാമൊരു സാധുവിൽ?
രാവിൽ നിജ്ജനമാമാററിൽ നീർകോരാൻ വന്നതാണു ഞാൻ;

Digitized By Kerala Sahitya Akademi

ആരെന്നെയെയ്തു ബാണത്താൽ? ഞാനാർക്കു പിഴ ചെയ്തുപോയ്?
അഹിംസനാമൃഷി വനെ വന്യംകൊണ്ടു പൊറുപ്പവൻ;
എന്തരക്കാരനെയ്ശസ്ത്രംകൊണ്ടേങ്ങിനെ വധിച്ചിടാം?
ചീരാജിനമുട്ടപ്പാക്കിച്ചിടക്കേട്ടേണ്ടുമെന്തടെ ൨൮
വധംകൊണ്ടാർക്കുതാൻ കാര്യം? തെറ്റെന്തവനു ചെയ്തു ഞാൻ?
ഇമ്മട്ടനത്ഥമേ ചേന്ന പാഴ്വേലയൊരുത്തനും
നല്ലതാണെന്നു കരുതാ, ഗുരുതല്പാപ്തി പോലവേ!
അത്രയ്ക്കോരല്ലലില്ലെൻെറ ജീവനാശമിതിങ്കൽ മേ; ൩൦
മാതാപിതാക്കളെപ്പററിയാണെ,ൻകൊലയിലല്ലൽ മേ!
നെടുനാളായി ഞാൻ പോററും വൃദ്ധദമ്പതിമാരവർ,
എനിയ്ക്കു മരണം വന്നാലെന്തു ചെയ്തു പൊറുത്തിടും?
വൃദ്ധരാമമ്മയച്ഛന്മാർ ചത്തു ഞാനുമൊരമ്പിനാൽ; ൩൨
ഞങ്ങളെല്ലാരെയും കൊന്ന മൂഢൻ ചപലനാരുവാൻ?'

"ദീനവാക്കതു കേട്ടിട്ടു, ധർമ്മം തേടുമെനിയ്ക്കുടൻ
വീണുപോയ് കയ്യിൽനിന്നമ്പും വില്ലുമൂഴിയിലല്ലലാൽ!
അവനല്ലിൽപ്പലതരം പ്രലപിപ്പതു കേൾക്കയാൽ ൩൪
മാൽത്തള്ളൽകൊണ്ടുടൻ പതറിപ്പാരം നിസ്സംജ്ഞനായി ഞാൻ!
ആ സ്ഥലത്തെയ്ക്കു ചെന്നപ്പോളു,ൾ തളന്നഴലാണ്ടു ഞാൻ
കണ്ടേൻ സരയുവിൻതീരത്ത, മ്പേററൊരു തപസ്വിയെ:
ചിട ചിന്നിച്ചിതറി, നീർക്കുടം തട്ടിമറിഞ്ഞുപോയ്, ൩൬
പൊടി ചോര പുരണ്ടമ്പും തറഞ്ഞങ്ങു കിടക്കയാം!
പേടിച്ചവശനാമെന്നെക്കൺകളാൽ നോക്കിയിട്ടവൻ,
തേജസ്സാൽച്ചുട്ടെരിപ്പോൻ പോലുരച്ചാൻ ക്രൂരമിങ്ങിനെ:-
'തെറെറന്തു ചെയ്തുനങ്ങയ്ക്കു രാജാവേ, വനവാസി ഞാൻ? ൩൮
എയ്തുവല്ലോ, പിതാക്കൾക്കായ് വെള്ളം കോരീടുമെന്നെ നീ!
ഇമ്മട്ടൊരൊററയമ്പെൻെറ മർമ്മത്തായിത്തറയ്ക്കയാൽ
രണ്ടുപേർ ചത്തുപോയ് വൃദ്ധര,ന്ധരെന്നച്ഛനമ്മമാർ!
കെല്പററോര,ന്ധർ, ദാഹംപൂണ്ടെന്നെക്കാത്തന്ദേവാരവർ ൪൦



Digitized By Kerala Sahitya Akademi

ആരോ യാൽ, ഘോരമാം ദാഹമേറെനേരം സഹിയ്ക്കുമോ?
ഇല്ല ന്യായം, തപസ്സിന്നോ ശ്രുതത്തിന്നോ ഫലോദയം:
അച്ഛനങ്ങറിവീലല്ലോ മമ വീണുകിടപ്പിനെ!
എന്തു ചെയ്യുമറിഞ്ഞാലും, നടപ്പാൻ ശേഷിയററവൻ? ൪൨
താങ്ങാനാളല്ല, മുറിയും തരുവെത്തരു പോലവേ!
അച്ഛനോടു ഭവാൻതന്നെ ചെന്നുചൊല്ലുക രാഘവ:
ചൊടിച്ചെരിയ്ക്കൊലാ നിന്നെ,ക്കത്തും തീ കാടു പോലവേ!
ഇയ്യൊററയടിമാർഗ്ഗത്തിലാണെ,ന്നച്ഛൻെറയാശ്രമം; ൪൪
കനിയിയ്ക്കുക പോയ് രാജൻ: ശപിയ്ക്കൊല്ലങ്ങയെ ക്രുധാ!
പറിച്ചെടുക്ക മേ ശല്യം; മർമ്മം ഞെരുന്നു മേ നൃപ,
വെള്ളക്കത്താലുയർമണൽക്കര പോലെ ശിതേഷുവാൽ!'
'ശല്യത്താൽ പ്രാണസഞ്ചാരം; ശല്യമുരുകിൽ മൃത്യുവാം!' ൪൬
എന്ന ചിന്തയിലപ്പെട്ടു ഞാന,ശ്ശല്യം പറിപ്പതിൽ.
ദുഃഖത്താലാർത്തനായ് ശ്ശോകദീനനാമെൻെറ ചിന്തിതം
ശരിയ്ക്കു കണ്ടറിഞ്ഞോനത്താപസൻ മുനിനന്ദനൻ.
മടിയ്ക്കുമെന്നോടു പണിപ്പെട്ടു ചൊന്നാൻ സുദീനനായ്, ൪൮
തളന്ന്, ചേഷ്ടനായ്,ദൃഷ്ടിമറിഞ്ഞു,വശനാമവൻ:-
'മാലടക്കി,യുറപ്പിയ്ക്ക ധൈര്യാലനഘ മാനസം;
ബ്രഹ്മഹത്യാഭയപ്പാടിതുള്ളിൽനിന്നു കളഞ്ഞിടാം:
ഞാൻ വിപ്രനല്ല രാജാവേ; വേണ്ടാ വേദന തേ ഹൃദി; ൫൦
ശൂദ്രനാരിയിൽ വൈശ്യന്നു പിറന്നോൻ ഞാൻ നരാധിപ!'
പണിപ്പെട്ടിത്രയും ചൊല്കെ,പ്പറിച്ചേൻ ചേർത്തുമശ്ശരം,
ശരം മർമ്മത്തു കൊണ്ടിട്ടു പിടഞ്ഞുമിളകാതെയും,
വിറച്ചും, ചൂളിയും മന്നിൽക്കിടന്നവനിൽ നിന്നു ഞാൻ; ൫൨
തമാ ഞെട്ടലൊടെന്നെപ്പാർത്തുയിരും പോക്കി താപസൻ.

മർമ്മക്ഷതത്താൽ വിലപിച്ചു കൃച്ഛ്രാൽ
വിടാതെ വീർപ്പിട്ടവനന്നു ഭദ്ര,

Digitized By Kerala Sahitya Akademi

മെയ്യും നനഞ്ഞെസ്സരയൂതടത്തിൽ-
ക്കിടന്നതീക്ഷിച്ചതിദ്ദീനനായ് ഞാൻ!"

---

## അറുപത്തിനാലാം സർഗ്ഗം: ദശരഥമരണം

---

നിസ്തുല്യമാ മുനിവധം കൗസല്യയോടു പിന്നെയും
ചൊല്ലിനാൻ ധർമ്മപരനാം രാഘവൻ സവിലാപമേ.
"അറിയാതാ മഹാപാപം ചെയ്കയാലും കലങ്ങി ഞാൻ
തനിച്ചു ചിന്തനംചെയ്തേൻ, 'എന്തു ചെയ്താൽഗ്ഗുണം വരും?' ൧
പിന്നെ നിർമ്മലമാം വെള്ളം നിറച്ചു കുടമേന്തി ഞാൻ
അച്ചൊല്ലപ്പെട്ട വഴി ചെന്നാശ്രമത്തെയ്ക്കു പോയിനേൻ.
അങ്ങു കാണായി വൃദ്ധാന്ധരവൻതന്നച്ഛനമ്മമാർ,
ചിറകററ ഖഗങ്ങൾക്കൊത്ത, ശക്തരസഹായർ മേ: ൨
നടപ്പാനരുതാതോ,രോന്നവനെപ്പററിയോതുവോർ,
ഞാൻമൂലം കെട്ടതാമാശ പൂണ്ടിരിപ്പോർ നിരാശ്രയർ.
പേടിച്ചു നെഞ്ചിടിപ്പോടേ, ശോകത്താലുള്ളടഞ്ഞ ഞാൻ
ആയാശ്രമത്തിൽച്ചെന്നപ്പോൾ വീണ്ടും ശോകത്തിലാണ്ടുപോയ്.
എന്റെ കാൽപ്പെരുമാററത്തെക്കേട്ടിട്ടരുളിനാൻ മുനി:
'എന്ത വൈകിപ്പതെന്നുണ്ണി? വേഗം കൊണ്ടുവരൂ ജലം.
എന്തിന്നു കരഞ്ഞ വെള്ളത്തിൽക്കിടന്നു കളിയാടി നീ?
ഇതാ, മഴുന്നു നിന്നമ്മ; വേഗമുൾപ്പൂക്കകാശ്രമം. ൪
അനിഷ്ടമമ്മയോ ഞാനോ വല്ലതും ചെയ്തിരിക്കുകിൽ
അതൊന്നോമമനകനേ, വെയ്ക്കൊല്ലുള്ളിൽത്തപസ്വി നീ!
ഗതിയറേറാർക്കു ഗതി നീ; കണ്ണില്ലാത്തോർക്കു കണ്ണു നീ;
പ്രാണന്റെ നില്പും നിങ്കൽത്താനെ;—നും മിണ്ടാത്തതെന്തു [നീ?'
തടഞ്ഞു വെളിവാകാതെയിടറുന്നാക്ഷരത്തൊടും ൫
ചൊന്നേൻ, പേടിച്ചു പേടിച്ചു നിന്നാ മുനിയെ നോക്കി ഞാൻ!
മനോവാക്ചേഷ്ടകൾക്കേതാണ്ടൊരുറപ്പു വരുത്തി ഞാൻ
അർദ്ദ്രഹൃത്തോടുണർത്തിച്ചേൻ പുത്രനാശവിപത്തിനെ;—

Digitized By Kerala Sahitya Akademi

'ക്ഷത്രിയൻ ഞാൻ ദശരഥൻ; ഭവാന്റെ മകനല്ല ഞാൻ;
സാധുഗർഹിതമിദ്ദുഃഖം സ്വകർമ്മത്താൽപ്പിണഞ്ഞുപോയ്:
വില്ലുമായ് ഭഗവാനേ, ഞാൻ വന്നെത്തി സരയൂതടേ,
വല്ല ഹിംസ്രത്തെയും കൊൽവാൻ, കടവത്തു ഗജത്തെയോ. ൧൮
അവിടെക്കേട്ടു, വെള്ളത്തിൽക്കുടം മുക്കുന്നൊരൊച്ച ഞാൻ;
അതാനയാണെന്നോർത്തുകൊണ്ടെയ്തുംപോയ് ശരമൊന്നു ഞാൻ;
പിമ്പാററിൽച്ചെന്ന ഞാൻ കണ്ടേൻ, അമ്പിനാൽ വിണ്ട നെഞ്ചുമായ്
മരിച്ചപോലേവ മന്നിൽക്കിടപ്പോരു തപസ്വിയെ;
ഭഗവാനേ, രവം കേട്ടിട്ടാനയെക്കൊല്വതിന്നു ഞാൻ
നീരിൽ നാരാചമൊന്നെയ്തേന;-തിൽ വീണിതു നിന്മകൻ.
അദ്ദേഹം താനഴപ്പെട്ടു ചൊല്കയാൽച്ചെന്നണഞ്ഞു ഞാൻ
പറിച്ചെടുത്തേൻ മർമ്മത്തിൽനിന്നമ്പാണത്തെയഞ്ജസാ; ൧൯
ശരം പറിച്ചതോടൊപ്പമദ്ദേഹം വിണ്ണുമേറിനാൻ,
അന്ധരാം നിങ്ങളെപ്പററിശ്ശോചിച്ചും വിലപിച്ചുമേ.
മുനേ, ഭവൽപുത്രനെ ഞാനറിയാതാശു കൊന്നുപോയ്;
ഇമ്മട്ടിരിക്കെ, മേൽവേണ്ടുന്നതിൽക്കനിയുകെങ്കൽ നീ!' ൨൦
ദുഃഖാഭിശംസിയാമെന്റെ തീക്ഷ്ണവാക്കതു കേട്ടതിൽ,
ആളായീല കടുംതാപമേല്ക്കാസ്സാൻ ഭഗവാനൃഷി.
മാലാൽത്തളർന്നു കണ്ണീരുവാർത്തു വൻവീർപ്പുമിട്ടവൻ,
കൈകൂപ്പിനില്ക്കുമെന്നോടു ചൊന്നാൻ തേജസ്സ്വികൃതിയോൻ:- ൨൧
നീയിദ്ദുഷ്കർമ്മമെന്നോടു താൻതാൻ ചൊല്ലാതെപോവുകിൽ
ലക്ഷം തുണ്ടായ്ത്തെറിച്ചേനേ ഭൂപ, 'നിൻതല തൽക്ഷണം!
വാനപ്രസ്ഥവധം രാജൻ, വിശേഷിച്ചുമറിഞ്ഞുതാൻ
ക്ഷത്രിയൻ ചെയ്യുകിൽസ്ഥാനാൽ വീണുപോം വജ്രിയാകിലും!
ബ്രഹ്മജ്ഞനായ്ത്തപം ചെയ്യുമമ്മട്ടുള്ള മഹർഷിയിൽ
അറിഞ്ഞായുധമേല്പിച്ചോനേ,ഴായ്പ്പൊളിയുമേ തല!
ഇച്ചെയ്തതറിയാതല്ലോ; ജീവിപ്പിതതുകൊണ്ടു നീ;
അല്ലായ്കിലിന്നില്ലിക്ഷ്വാകുകുലവും;—പിന്നെയെന്തു നീ! ൨൩

Digitized By Kerala Sahitya Akademi

'ഞങ്ങളെബ്ഭ്രൂപ, കൊണ്ടാക്കുക സ്ഥലത്തേ'ന്നമോതിനാൻ:-
കാണേണമന്തിമക്കാഴ്ചയായി ഞങ്ങൾക്കു സാമ്പ്രതം,
ദേഹം ചോരയിലാറാടി, മന്തോൽവസ്ത്രമഴിഞ്ഞുപോയ്,
മൃതനായ്ജ്ജഡനായ്,മന്നിൽക്കിടക്കുന്നാക്കുമാരനെ!' ൨൯

"ഉടൻ മാമലേറുമവരെത്തനിച്ചുട്ടിക്കണച്ചു ഞാൻ
മകനെത്തൊട്ടുവിച്ചേന്നാബ്ഭാര്യയോത്ത മഹർഷിയെ.
നിജനന്ദനനെച്ചാരേ ചെന്നു തൊട്ടത്തപസ്വികൾ
വീണാരവൻെറ ദേഹത്തി;-ലുച്ചനങ്ങിത്തുടമോതിനാൻ:- ൩൦
'എന്നെയിപ്പോൾ വണങ്ങാനിലി;-ങ്ങു മിണ്ടുന്നുമില്ല നീ;
എന്തേ മണ്ണിൽക്കിടക്കുന്നതു,ണ്ണി ശുണ്ഠിയെടുത്തിതോ?
എങ്കലില്ലുണ്ണി, ക്രൂറെങ്കിലമ്മയെപ്പാർക്ക ധാർമ്മിക!
കെട്ടിപ്പുല്കാത്തതെന്തുണ്ണി? സംസാരിയ്ക്ക മയത്തിൽ നീ! ൩൧
ആർ ചൊല്വതിനി ഞാൻ കേൾക്കും പുലച്ചേയ്ക്കു മനോഹരം,
ശാസ്ത്രമൊന്നോ, മധുരമായ് വിശേഷാൽ മറ്റുവല്ലതോ?
ആർ സന്ധ്യയ്ക്കു കുളിച്ചുത്തുംഹോമവും ചെയ്തു വന്നുടൻ,
പുത്രശോകാലവശനാമെന്നെത്തൊട്ടുതിരുമ്മിടും? ൩൨

കനികായ് കൊണ്ടുവന്നി,ഷ്ടാതിഥിയെപ്പോലെയാരിനി,
ഒന്നുംവയ്യാതാരുമേത്തുമില്ലാത്തുള്ളെന്നെയൂട്ടിടും?
ഇക്കൺകാണാക്കിഴവിയെ,പ്പാവമാം നിൻെറയമ്മയെ
പോററുമെങ്ങിനെ ഞാനുണ്ണീ, ദീനയെപ്പുത്രലാലസയെ? ൩൩

നില്ലെന്നെച്ചൊല്ലി മകനേ, പോകൊലാ കാലന്തിക്ക നീ,
നാളെപ്പോകാം നിനക്കു,മ്മയോടുമെന്നോടുമൊപ്പമേ!
അനാഥർ ഞങ്ങളിരുപേർ, കാട്ടിൽ മാലേററുഴന്നവർ
നിന്നോടു വേർപിരികയാൽച്ചെല്ലും ക്ഷിപ്രം യമാലയേ; ൩൪

എന്നിട്ടു വൈവസ്വതനെക്കണ്ടദ്ദേഹത്തൊടോതുവൻ:—
'ക്ഷമിയ്ക്ക ധർമ്മരാജൻ മേ;പോററുകിയ്യാൾ പിതാക്കളെ;
എന്നാൽത്തരും, ധർമ്മമയൻ ലോകപാലൻ സുകീർത്തിമാൻ
ഇമ്മട്ടാളെയാരെനിയ്ക്കിട്ടേററുമുള്ളാരഭയദക്ഷിണ! ൩൫

അപാപനല്ലോ മകനേ, പാപകർമ്മാവു കൊന്ന നീ;
അസ്സത്യംകൊണ്ടു പോരാളിലോകം പൂകുക നീ ദ്രുതം!
നേരിട്ടു ഹതരായ്ശ്ശൂരർ പോരിൽപ്പിന്തിരിയാത്തവർ
ഗതിയെന്തണയ്വും, പൂകുകസ്സദ്ഗതി കുമാര, നീ! ൪൭
ഓമനേ, സഗരൻ, ശൈബ്യൻ, ദിലീപൻ, ജനമേജയൻ,
ധുന്ധുമാരൻ നഹുഷനും പുക്കതാം ഗതി പൂക നീ!
ഗതിയെന്തുത്തമർക്കെല്ലാം, തപസ്സ്വാധ്യായശീലനും,
ഭൂമിദന്നാ,ഹിതാഗ്നിയ്ക്കു,മേകപത്നീവ്രതസ്ഥനും ൪൮
ഗോസഹസ്രാ കൊടുത്തോർക്കും ഗുരുശുശ്രൂഷകർക്കുമേ;
മെയ് ത്യജിപ്പോർക്കുമെന്തൊന്നാ,ഗ്ഗതി പൂകുക പൈതലേ
നന്നല്ലാഗ്ഗതി പൂകാറില്ലിക്കുലത്തിൽപ്പിറന്നവൻ;
എന്നാൽപ്പൂകിട്ടു, മെൻബന്ധുവായ നിന്നെ വധിച്ചവൻ!' ൪൯
എന്നദ്ദേഹം പലവുരു വിലപിച്ചാൻ ദയാർഹമായ്.
പിന്പുണ്ണിയ്ക്കുദകം ചെയ്യാനൊരുങ്ങീ ദാരസംയുതൻ.
സ്വന്തം കർമ്മങ്ങളാൽദ്ദിവ്യമെയ്പൂണ്ടാ മുനിപുത്രനും
വിണ്ടലം കേറിനാൻ ക്ഷിപ്രം, മണ്ടർകോനൊത്തു ധാർമ്മികൻ.
കഥിച്ചാനക്കിഴവരോടമർകോനൊത്തു താപസൻ;
മുഹൂർത്തമാശ്വസിപ്പിച്ചു താതാംബകളോടോതിനാൻ:-
'പുക്കേൻ മഹത്താം സ്ഥാനം ഞാൻ, ഭവച്ഛുശ്രൂഷചെയ്കയാൽ;
ഭവാന്മാരുമുടൻതന്നെയെന്നടുക്കലണഞ്ഞിടും!' ൫൦
എന്നോതി, യഞ്ജസാ ദിവ്യശ്രീവിമാനത്തിലൂടവേ
വിണ്ണേറിനാൻ മുനിസുതനിന്ദ്രിയങ്ങളെ വെന്നവൻ.
"ഭാര്യയോടൊപ്പമുദകക്രിയ ചെയ്തുടനാ മുനി
കൈക്കൂപ്പിനില്ക്കുമെന്നോടു ചൊന്നാൻ തേജസ്സ്ക്കുടിയോൻ: ൫൧
'കൊല്ലുകെന്നെയിപ്പോഴേ രാജൻ; ചാകാൻ സങ്കടമില്ല മേ;
കൊന്നല്ലോ നീ ശരത്താലെ,ന്നോമലാമൊററയുണ്ണിയെ!
വധിച്ചതറിയാതല്ലോ ഭവാനാ മമ കുഞ്ഞിനെ;
അതിനാൽക്കേവലം നിന്നെശ്ശപിപ്പൻ തീവ്രഘോരമായ്: ൫൨

Digitized By Kerala Sahitya Akademi

പെട്ടല്ലോ പുത്രനാശത്താലെനിനിയ്ക്കിപ്പോഴതീയഹൻ;
ഇവണ്ണമങ്ങും രാജാവേ പുത്രശോകേന ചത്തുപോം!
വധിച്ചതറിയാതല്ലോ മുനിയെ ക്ഷത്രിയൻ ഭവാൻ,
അതിനാലാണു, നീ ബ്രഹ്മഹത്യയേല്ക്കാത്തതൂഴിപ. ൫൮

ഇമ്മട്ടുരതിയുണ്ടാകും ഘോരാവസ്ഥ ഭവാനുമേ
പിക്കെന്നെണഞ്ഞിടും, ദാതാവിനു ദക്ഷിണ പോലവേ!'
എന്നെന്നിൽശ്ശാപമരുളി,പ്പുരുദീനവിലാപരായ്,
ചിതയുറപ്പൂകി വിണ്ണിനു പോയാർ ദമ്പതിമാരവർ. ൫൯

"ചിന്തിയ്ക്കുംപൊഴുതിൽദ്ദേവി, താന്താനോർമ്മയിൽവന്നു മേ,
ഞാനന്നേവം ചെറുപ്പത്തിൽക്കേട്ടെയ്താൽച്ചെയ്ത പാതകം.
അക്കർമ്മത്തിൻെറ ഫലമാണിന്നീ വന്നതു ദേവി, മേ,
അപഥ്യയുക്തമായുണ്ട ചോറിനാൽ വ്യാധി പോലവേ! ൬൦
ആ മഹാനുടെ വാക്കെങ്കൽ വന്നെത്തിപ്പോയി ശോഭനേ:
ഉയിർ പോക്കുകയായല്ലോ പുത്രശോകത്തിനാലെ ഞാൻ!
കണ്ണാൽക്കാണ്മീല ഞാൻ നിന്നെ;ക്കൌസല്യേ തൊട്ടുകെന്നെ നീ."

എന്നോതി,ക്കേണു പേടിച്ചാ നൃപൻ ഭാര്യയോടോതിനാൻ:-
"ഞാൻ ദേവി, രാമനിൽച്ചെയ്തതെനിയ്ക്കൊത്തതുതന്നെയാം;
അവന്നെ ാത്തതുമാണെങ്കി,ലവൻ ചെയ്തതു കേവലം!
ദുഷ്ടപുത്രനെയും മന്നിലേതഭിജ്ഞൻ ത്യജിച്ചിടും?
പിണങ്ങിലച്ഛനോടേതു പുത്രൻ, നാട്ടു കടത്തവേ? ൬൧

ഒന്നെന്നെത്തൊട്ടുമോ രാമനൊ,ന്നിപ്പോൾക്കണ്ടുകിട്ടുമോ?
പിന്നെക്കാണുകയില്ലല്ലോ, കാലന്തൂർ പൂക്കു മാനുഷർ!
കണ്ണാൽക്കാണ്മീല ഞാൻ നിന്നെ;—യോർമ്മയും മാഞ്ഞിടുന്നു മേ;
ഇതാ, വെമ്പൽപ്പെട്ടിടുന്നു, കൌസല്യേ, കാലദൂതർ മാം! ൬൨
എന്തുണ്ടിതിൽപ്പരം ദുഃഖം പ്രാണൻ പോകുമ്പോളിങ്ങു ഞാൻ
കാണ്മീലല്ലോ ധർമ്മവിത്താം സത്യവിക്രമി രാമനെ!
അപ്രതിക്രിയനപ്പുത്രൻതന്നെക്കാണാത്ത മാലിനാൽ
വററിപ്പോകുന്നിതെൻപ്രാണൻ, വെയിലാലല്പാംബു പോലവേ!

Digitized By Kerala Sahitya Akademi

രാമൻെറയാമുഖം വീണ്ടും, മനോജ്ഞശുഭകുണ്ഡലം
മുപ്പത്തഞ്ചാമാണ്ടിലാർ കാണും, മർത്ത്യരല്ലവരാണവർ!
നൽപ്പല്ലുചില്ലിമൂക്കമ്മിളുന്നരവിന്ദദളേക്ഷണം,
രാമൻെറ വാർതിങ്കൾ മുഖം കാണ്മോരേ ഭാഗ്യശാലികൾ!
ശരച്ചന്ദ്രോപമം ഫുല്ലനളിനാഭം, സുഗന്ധസൗരഭം,
ആയെൻെറ നാഥൻെറ മുഖം കാണ്മോരേ ഭാഗ്യശാലികൾ!
വനത്തിൽനിന്നയോദ്ധ്യയ്ക്കു തിരിയേവന്ന രാമനെ,
സ്ഥാനത്താം ശുക്രനെപ്പോലെ കാണ്മോരേ സുഖശാലികൾ!
കൌസല്യേ, ചിത്തമോഹത്താൽ നെഞ്ചിതാ, തകരുന്നു മേ;
ചേർന്ന ശബ്ദരസസ്പർശമറിയുന്നതുമില്ല ഞാൻ!
കെട്ടുന്നു ചിത്തനാശത്താലെൻെറ സർവേന്ദ്രിയങ്ങളും,
എണ്ണ തീർന്ന വിളക്കിൻെറ തുടനാളങ്ങൾ പോലവേ!
അനാഥനായ് വെളിവകന്നെന്നെയീത്തനതാമഴൽ
ഉൾക്കാലുടച്ചു, തീരത്തെപ്പുഴനീർക്കുത്തു പോലവേ.
ഹാ, രാഘവ, മഹാബാഹോ, ഹാ, മേ, ക്ലേശവിനാശന,
ഹാ, പിതൃപ്രിയ, മത്സ്വാമിൻ, ഹാ, നീയിന്നെങ്ങുപോയ് സുത.
ഹാ, ചാകയായ് ഞാൻ കൌസല്യേ, ഹാ, സുമിത്രേ, തപസ്വി
(നി,
ഹാ, നൃശംസേ, മമാമിത്രേ, കൈകേയി, കുലപാംസനി!"
എന്നു, രാമൻെറയമ്മയ്ക്കും സുമിത്രയ്ക്കുമടുത്തു താൻ
തമ്പുരാനാം ദശരഥൻ മാഴ്കിക്കൊണ്ടു മരിച്ചുപോയ്;

ഇവണ്ണമെല്ലാം വിലപിയ്ക്കെ, യാമലാം
മകൻെറ പോക്കാലഴലാണ്ട മന്നവൻ
അതീവ മാൽനോവൊടുമർദ്ധരാവിന-
പ്പുറം വെടിഞ്ഞാനുയിർ പുണ്യദർശനൻ!

—*—

## അറുപത്തഞ്ചാം സർഗ്ഗം: അന്തഃപുരാക്രന്ദനം.

—*—

പിന്നെ രാത്രി കഴിഞ്ഞാറെ, പിറേറന്നാൾ പുലർവേളയിൽ
വന്നെത്തിനാർ വന്ദികളാ മന്നിൻനാഥൻെറ മന്ദിരേ;

Digitized By Kerala Sahitya Akademi

സംസ്കാരമേറും സൂതന്മാ,രുത്തമശ്രുതർമാഗധർ,
ശ്രുതിയും ചേർത്തു പാടുന്നോർ, വെവ്വേറെ ചൊല്ലുമോരമേ. ൨
അവരാശിസ്സുറക്കെച്ചൊന്ന,പ്പുരാനെ സ്തുതിക്കവേ,
പള്ളിമേടയിലുൾത്തിങ്ങിപ്പരന്നു സ്തുതിനിസ്വനം.
അസ്സൂതന്മാർ സ്തുതിച്ചീടും പൊഴുതിൽപ്പാണിവാദകർ,
അപദാനങ്ങളോരോന്നായ്ച്ചൊല്ലിപ്പാണികൾ കൊട്ടിനാർ. ൪
അശ്ശബ്ദത്താലുറക്കം വിട്ടുണർന്നങ്ങൊലികൂട്ടിനാർ
കൊമ്പത്തും കൂട്ടിലും വാണ കൊട്ടാരവിഹഗങ്ങളും.
കീർത്തിച്ച പുണ്യശബ്ദങ്ങൾ, വീണ മീട്ടുന്ന നിസ്വനം,
ഗാഥാശീർഗ്ഗാനമിവയാൽ നിറയപ്പെട്ടിതഗ്ഗൃഹം. ൬
പിന്നെ നല്ല നടപ്പൊത്ത വിശുദ്ധപരിചാരകർ
പതിവിൻപടി വന്നെത്തി, മുക്കാലും സ്ത്രീനപുംസകർ
രക്തചന്ദനമിട്ടുള്ള വെള്ളം പൊന്നിൻകുടങ്ങളിൽ
കൊണ്ടുവന്നു യഥാകാലം നീരാട്ടാൾക്കാർ യഥാവിധി. ൮
തൊടാനാ,ശിപ്പാൻ,ചാർത്താനുമുള്ള മംഗളവസ്തുവും
കൊണ്ടുവന്നു സുഭഗമാർ കുമാരീപ്രായനാരിമാർ.
എല്ലാം ലക്ഷണമൊത്തുള്ളതന്നെ,ല്ലാം സമധിപൂജിതം,
അപ്പുലർച്ചത്തിരുവൊരുക്കെല്ലാം ലക്ഷ്മീഗുണാന്വിതം! ൧൦
ഭാസ്വാനുദിപ്പതിൻമുന്നേ സൌത്സുക്യരവരേവരും,
‘എഴുന്നള്ളാഞ്ഞതെന്താവാ’മെന്നു ശങ്കിച്ചു നില്ക്കയായ്.
പില്ലാട്ടണത്തിനോക്കി ചെന്നീശനാം കോസലേന്ദ്രനെ,
പള്ളിക്കട്ടില്ക്കടുക്കൽത്താൻ പെരുമാറുന്ന നാരിമാർ: ൧൨
സ്പർശാഭ്യുഷിതമാർ, നിദ്രാസ്വഭാവാഭിജ്ഞമാരവർ
തഞ്ചത്തിലും താഴ്മയിലും തൊട്ടുനോക്കി കിടപ്പിടം;
എന്നാൽക്കണ്ടില യാതൊന്നും, ചേഷ്ടയോ മറ്റനക്കമോ.
പുരാന്റെ ജീവനിൽശ്ശങ്ക കൊൾകയാൽ വിറപൂണ്ടവർ, ൧൪
നീരൊഴുക്കിന്നെതിരിലാം പുല്ലിൻതലകൾ പോലെയായ്!
ഭൂപനെക്കണ്ടു സന്ദേഹം പൂണ്ട ഭാമിനിമാരുടൻ,



Digitized By Kerala Sahitya Akademi

ശങ്കിയ്ക്കപ്പെട്ടൊരശുഭം തീർച്ചതാനെന്നു തേറിനാർ.
പുത്രശോകാവജിതമാരക്കൗസല്യാസുമിത്രമാർ ൮
ഉറങ്ങിയിട്ടുണന്നിട്ടില്ലുയിർ പോയവർ പോലവേ!
മാലാൽത്തളർന്നൊന്നവളഞ്ഞൊളി കെട്ടു വിവർണ്ണയായ്,
ഇരുൾ മൂടിയ താരയ്ക്കൊത്തിരുന്നു കോസലാത്മജ.
രാജാവിനൊപ്പം കൌസല്യ,യവൾക്കൊപ്പം സുമിത്രയും: ൯
ശോഭിയ്ക്കാതായ്, മുഖത്തല്പൽക്കണ്ണുനീർ വാർന്ന ദേവിയാൾ!
ഉറങ്ങുമദ്ദേവികളെക്കണ്ടിട്ടന്തഃപുരസ്ഥമാർ,
നിദ്രയിൽത്താൻ മൃതിപ്പെട്ടു തമ്പുരാനെന്നു നണ്ണിനാർ.
ഉടനുച്ചത്തിൽ മുറയിട്ടാരാ മാലാണ്ട തമ്പിമാർ, ൧൦
കാട്ടിൽക്കൊമ്പൻ സ്ഥലം വിട്ടുപോയാൽപ്പിടികൾ പോലവേ.
അവർ കേണാർത്ത ശബ്ദത്താൽപ്പെട്ടെന്നു വെളിവാർന്നുടൻ
നിദ്ര വിട്ടവരായ്ത്തീർന്നിതക്കൗസല്യാസുമിത്രമാർ,
കണ്ടു മന്നവനെത്തൊട്ടുനോക്കി, 'ഹാ, നാഥ!' എന്നുടൻ ൧൧
മുറയിട്ടുഴിമേൽ വീണാരക്കൗസല്യാസുമിത്രമാർ.
നിലത്തുരുണ്ടു പൊടിയും പുരണ്ടക്കോസലാത്മജ,
വാനത്തുനിന്നു വീണോരു താര പോലപ്രകാശയായ്!
മന്നൻ മരിയ്ക്കയാൽ മന്നിൽ വീണ കോസലപുത്രിയെ, ൧൨
ചത്ത പെണ്ണാനയെപ്പോലെ കണ്ടാരാ സ്ത്രീകളേവരും.
ഉടൻ കൈകേയി മുതലാം നൃപനാരികളേവരും
കേണുംകൊണ്ടുഴലാൽ വെന്തു തൻറടം കെട്ടുവീണുപോയ്,
ചിന്തുടർന്നു മുറയിട്ടുമവരപ്പെരുവൊച്ചയേ; ൧൩
അതിൽത്തഴപ്പാർന്നതിനാൽ മുഴങ്ങി വീണ്ടുമഗ്ഗൃഹം.
നടുങ്ങി, പതറി, പാരമുഴറിത്തിങ്ങിയാളുകൾ;
കൂട്ടക്കരച്ചിലെമ്പാടും; താപത്താൽ വെന്തു ബാന്ധവർ;
പെട്ടെന്നു കെട്ടിതാനന്ദം; വിട്ടു തേജസ്സ്—മിങ്ങിനെ ൧൪
വല്ലായ്മപ്പെട്ടുപോയ് കാലംചെയ്ത ഭൂപൻെറ മന്ദിരം!

Digitized By Kerala Sahitya Akademi

യശസ്വി രാജഷ്ഷനേന്തരിച്ചത-
ററിഞ്ഞു മാൽ മൂത്തു ചുഴന്നു പത്നിമാർ.
പരസ്പരം കൈകൾ പിടിച്ചു വാട്ടമേ-
ററനാഥകല്പം വിലപിച്ചു കേഴ്കയായ്.

—*—

അറുപത്താറാം സർഗ്ഗം: തൈലദ്രോണീനിവേശനം.

---

വെള്ളം വലിഞ്ഞ കടലും കെട്ടുപോയ ഹുതാശനും
നിഷ്പ്രഭാദിത്യനും പോലായ്ത്തീന്ന വിൺ പുക്ക ഭൂപനെ
കണ്ട,ശ്രുമുഖി കൌസല്യ ശോകാൽപ്പലതുമോതിനാൾ,
രാജാവിൻ തലയങ്കത്തിൽ വെച്ചു കൈകേയിതന്നൊടായ്:- ൧
"തൃപ്തയായ്ക്കൊൾക കൈകേയി: നിഷ്ബാധം വാഴ്ക നാട്ടു നീ
വൻവ്യാശി പൂണ്ടരചനെപ്പോക്കി, ദുഷ്ടത്തി, നിഷ്ഠുരേ!
എന്നെ ത്യജിച്ചുപോയ് രാമൻ; വിൺ പുക്കാനെൻമണാളനും;
ജീവിയ്ക്കാ,ദുർഗ്ഗമാർഗ്ഗത്തിൽക്കൂട്ടംവിട്ടവൾ പോലെ, ഞാൻ! ൨
തന്നീശനാം കണവനെപ്പോക്കിജ്ജീവിച്ചിരിയ്ക്കുവാൻ,
ധർമ്മം വെടിഞ്ഞ കൈകേയിയല്ലാതെവളൊരുമ്പെടും?
കാണാ ലുബ്ധൻ, കാഞ്ഞിരക്കായ് തിന്നവൻ പോലെ തിന്മയെ;
മുടിച്ചു രാഘവകുലം കൂനിവാക്കാലെ കൈകയി! ൩
അന്യഥാനഃപ്രേരിതൻ ഭൂപൻ ഭാര്യയോടൊത്ത രാമനെ
പോക്കിവിട്ടതു കേട്ടെന്നാൽ മാഴ്കുമെന്നുറ്റു മൈഥിലൻ!
അനാഥ ഞാൻ വിധവയെന്നറിവീലിന്നു ധാർമ്മികൻ,
ജീവനോടേ പോയ്മറഞ്ഞ രാമൻ പത്മദളേക്ഷണൻ! ൪
വിദേഹരാജൻറെ മകൾ, പാവമാകിയ സീതയും
നടുങ്ങുമല്ലോ വിപിനേ ദുഃഖമററു സുഖാർഹയാൾ!
മൃഗപക്ഷികളല്ലിങ്കൽക്കൊട്ടുതാമൊലി കൂട്ടവേ,
കേട്ടു പേടിച്ചു രാമങ്കൽപ്പററിച്ചേൎന്നിരിയ്ക്കുമങ്ങവൾ! ൫
സന്താനമേറെയില്ലാത്ത വൃദ്ധനാദ്ദേഹവും ദൃഢം,
വൈദേഹിയെ നിനച്ചുംകൊണ്ടല്ലലേററുയിർ പോക്കുമേ!

Digitized By Kerala Sahitya Akademi

അതിനാലിപ്പോഴേ മൃത്യു കൊള്ളുവൻ സതിയായ ഞാൻ;
തിരുമെയ്യിതു പുല്കിത്താൻ പൂകുവൻ ഹവ്യവാഹനിൽ." ൬൨
കെട്ടിപ്പുണർന്നു ശോകാർത്ത കൌസല്യ വിലപിയ്ക്കവേ,
വിടുർത്തുകൊണ്ടുപോയാരപ്പാവത്തെയധികാരികൾ.
കിടത്തീ പിമ്പരചനെയെണ്ണപ്പാത്തിയിൽ മന്ത്രിമാർ;
ചെയ്താരാജ്ഞപ്പുർ, ഭൂപന്നു പിന്നെവേണ്ടതുമൊക്കയും. ൬൪
എന്നാൽ, സുതനു സംസ്കാരമുണ്ണിയില്ലാഞ്ഞു മന്ത്രിമാർ
ചെയ്തീല; സർവജ്ഞരവർ കാത്തുപോന്നു നരേന്ദ്രനെ.

എണ്ണപ്പാത്തിയിൽ മന്ത്രജ്ഞർ കിടത്തിയ മഹീശനെ,
'അയ്യോ, തീപ്പെട്ടുപോയെ'ന്നു, ഉഴന്നാരപ്പുരന്ധ്രിമാർ. ൬൬
കൈകൾ പൊങ്ങിച്ചവശമാർ, കണ്ണീരൊലും മുഖത്തൊടെ
കേണു, ദുഃഖാൽ വെന്തു, വശമാവലാതികൾ ചൊല്ലിനാർ:—
'ഹാ, മഹാരാജ, സത്യസന്ധൻ രാമനെ,ന്നും പ്രിയംവദൻ
വേർപെട്ട ഞങ്ങളെപ്പേർത്തും വെടിഞ്ഞീടുന്നതെന്തു നീ! ൬൮
ഭർത്താവെക്കൊന്ന ദുഷ്ടയാം കൈകേയിയുടെ ചാരവേ,
രാമൻ വിട്ടോർ, വിധവമാർ ഞങ്ങളെങ്ങിനെ പാർത്തിടും?
ഞങ്ങൾക്കവൻ സദാ നാഥ,നങ്ങയ്ക്കും പ്രഭു,വാത്മവാൻ;
ശ്രീമാൻ കാട്ടിൽഗ്ഗമിച്ചല്ലോ രാജശ്രീ വിട്ടു രാഘവൻ! ൭൦
അങ്ങുമാ വീരനും കൂടാതല്ലലാൽ വെളിവറ്റവർ,
കൈകേയിയാൽക്കെടുക്കപ്പെട്ടെങ്ങളെങ്ങിനെ പാർത്തിടും?
രാജാവേ, രാമനെ,ക്കെല്പേറിയ സൌമിത്രിതന്നെയും
സീതയേയുമുപേക്ഷിച്ചോൾ മറ്റാരെക്കൈവെടിഞ്ഞിടാ?' ൭൨
എന്നു, കണ്ണീരിലാറാടിപ്പെരുതാം സങ്കടത്തിനാൽ
കിടന്നുരുണ്ടാരാ,നന്ദം കെട്ടക്കാകുത്സ്ഥകാന്തമാർ.

ഭർത്താവില്ലാത്ത പെൺ പോലെ, നിശ്ചന്ദ്രനിശ പോലവേ.
മങ്ങിപ്പോയ്, പെരിയോൻ ഭൂപൻ വിട്ടയോധ്യാപുരം തുലോം,
കണ്ണീർ വാർത്തു ജനം; ഹാഹാ എന്നാർത്തു കുലനാരിമാർ;
ശൂന്യങ്ങൾ ഗൃഹമുറ്റങ്ങൾ; മിനുട്ടില്ലാതെയായ് പുരി!

Digitized By Kerala Sahitya Akademi

സശോകനാം ഭൂപതി വിണ്ണിന്നണഞ്ഞു, ത-
ൽപരാംഗിമാരങ്ങിളയിൽക്കിടക്കവേ,
മഹസ്സു വിട്ടാശു മറഞ്ഞു ഭാസ്കരൻ;
തമസ്സു പൂണ്ടാഗതയായ് വിഭാവരി. ൧൫
രുചിച്ചതില്ലാഗതരായ ബാന്ധവ-
ർക്കിളേന്ദ്രദാഹക്രിയ പുത്രനെന്നിയേ;
ഇതേ നിനച്ചശ്ശയനേ കിടത്തിനാ-
ര, ചിന്ത്യസന്ദർശനനാം മഹീശനെ.
അസൂര്യയാം ദ്യോവു, മപേതതാരയാം
ത്രിയാമയും പോലൊളി കെട്ടിരുണ്ടുപോയ്,
സബാഷ്പരാൽത്തിങ്ങിയ മാർഗ്ഗചത്വര-
ത്തൊടാ, മഹാത്മാവു പിരിഞ്ഞതാം പുരി. ൧൬
പുരത്തിൽ നാരീനരർ കൂട്ടമിട്ടണ-
ഞ്ഞരം പഴിച്ചാർ ഭരതന്റെയമ്മയെ;
നരേശ്വരൻതൻ മരണത്തിലാർത്തരാ-
മവർക്കു തോന്നീലൊരു സൌഖ്യവും തദാ!

---

## അറുപത്തേഴാം സർഗ്ഗം: അരാജകദോഷകഥനം.

---

കേണാർക്കലൊത്തു, മമ്പററും, കണ്ണീരാണ്ടവർ തിങ്ങിയും,
നീണ്ടുനിന്നാണു മുഴുമിച്ചതു രാവതയോദ്ധ്യയിൽ.
ആ രാവു മുഴുമിച്ചാറേ, സൂര്യനും വന്നുദിക്കവേ,
ചേർന്നൊത്തു സഭയുംപൂകി, രാജകർത്താക്കളാം ദ്വിജർ: ൨
മാർക്കണ്ഡേയൻ, വാമദേവൻ, മൌദ്ഗല്യനഥ, കാശ്യപൻ,
കാത്യായനൻ, ഗൌതമനും, ജാബാലി പുകളേറിയോൻ
അമാത്യരോടുമൊന്നിച്ചു ചൊന്നാർ വെവ്വേറയീ ദ്വിജർ,
ശ്രേഷ്ഠരാജപുരോധസ്സാം വസിഷ്ഠനൊടുതാന്നായായ്:- ൪
"തീർന്നു പണിപ്പെട്ടൊ,രു നൂറാണ്ടു പോലായ ശർവ്വരി
നമുക്കി,ത്തമ്പുരാൻ പുത്രശോകാൽത്തീർപ്പെട്ടുപോകയാൽ.

Digitized By Kerala Sahitya Akademi

മഹാരാജാവു വിണ്ണേറി; രാമൻ പുക്കാനരണ്യവും;
തേജസ്വിയാം ലക്ഷ്മണനും പോയീ രാമനൊടൊപ്പമേ; ൬

രണ്ടാം ഭരതശത്രുഘ്നരരിതാപനർ കേകയേ,
അമ്മാത്തു, രാജഗൃഹമെന്നുള്ള രമ്യപുരത്തിലാം.
ഇന്നിക്ഷ്വാകുരാജാവാരാക്കണമിക്ഷ്വാകുക്കളിലേക്കനെ:
രാജാവില്ലായ്കയാൽ മുടിയുമല്ലോ നമ്മുടെ നാടടൻ. ൮

രാജാവില്ലാത്ത രാജ്യത്തു മിന്നൽ, ചാർത്തിയ കാർമുകിൽ
ഇടിയുംവെട്ടി വർഷിയ്ക്കാ ഭൂമിയിൽദ്ദിവ്യമാം ജലം.
രാജാവില്ലാത്ത രാജ്യത്തു വിതയെടുത്തു വിതച്ചിടാ;
അരാജകത്തിലച്ഛനു കീഴ്നില്ക്കില്ലുണ്ണി, ഭാര്യയും. ൧൦

അരാജകത്തിൽദ്ധനമില്ലി;—ല്ല ഭാര്യയരാജകേ;
മറെറാരത്യാഹിതമിതും: സത്യമെങ്ങാണരാജകേ?
രാജാവില്ലാത്ത രാജ്യത്തു നിർമ്മിയ്ക്കാ ഹൃഷ്ടരായ് നരർ
സഭയും രമണീയപ്പൂങ്കാവും പുണ്യാലയങ്ങളും. ൧൨

രാജാവില്ലാത്ത രാജ്യത്തു നടത്താ സത്രമന്തണർ,
യജിച്ചുപോരും ദാന്തന്മാർ, ബ്രഹ്മജ്ഞന്മാർ, ശിതവ്രതർ,
രാജാവില്ലാത്ത രാജ്യത്തു യാജകർക്കു മഹാധ്വരേ
തക്ക ദക്ഷിണ നല്കിടാ ധനസംപന്നരന്തണർ. ൧൪

രാജാവില്ലാത്ത രാജ്യത്തു, നടക്കാ രാഷ്ട്രവർദ്ധനം,
നടനർത്തകർ മേളിയ്ക്കുമുത്സവം, സത്സമാജവും.
രാജാവില്ലാത്ത രാജ്യത്തു ചുററിപ്പോം വ്യവഹാരികൾ;
കഥയാൽ,ക്കഥ ചോദിപ്പോരെക്കൊണ്ടാടില്ലാ കഥാപ്രിയർ ൧൬

രാജാവില്ലാത്ത രാജ്യത്തു; കൂടിച്ചേർന്നുദ്യാനവാടിയിൽ
പോകാ കളിപ്പാൻ സായാഹ്നേ, പൊന്നണിഞ്ഞ കുമാരിമാർ.
രാജാവില്ലാത്ത രാജ്യത്തു, പാഞ്ഞുപോം വാഹനങ്ങളിൽ
കാട്ടിലേയ്ക്കു ഗമിയ്ക്കില്ലാ കാന്തമാരൊത്തു കാമികൾ. ൧൮

രാജാവില്ലാത്ത രാജ്യത്തിലാഢ്യർ ഗോരക്ഷികർഷകർ
സുരക്ഷിതതപാൽക്കതകു തുറന്നിട്ടു കിടന്നിടാ,

Digitized By Kerala Sahitya Akademi

രാജാവില്ലാത്ത രാജ്യത്തു, സഞ്ചരിയ്ക്കില്ല പാതയിൽ,
മണികെട്ടി,പ്പതിററാരു വയസ്സാം കൊമ്പനാനകൾ. ൧൦
രാജാവില്ലാത്ത രാജ്യത്തില,സ്ത്രബാണപ്പയററലിൽ,
തുടന്നനുകളെല്ലോർത്തൻ ഞാണടിദ്ധ്വനി കേട്ടിടാ.
രാജാവില്ലാത്ത രാജ്യത്തു സുഖമായ്പ്പിന്നിടാ വഴി,
വൻവാണിഭത്തോടേ ദൂരത്തെയ്ക്കു പോകും വണിക്കുകൾ. ൧൧
രാജാവില്ലാത്ത രാജ്യത്തു ചരിയ്ക്കാ ധ്യാനവാൻ, വശി,
ഗൃഹമന്തിയ്ക്കു ചെന്നേടമെന്നോനേ, കച്ചരൻ മുനി.
രാജാവില്ലാത്തരാജ്യത്തു യോഗക്ഷേമം പുലന്നിടാ;
അരാജകത്തിൽ,സൈന്യങ്ങൾ പോരിൽത്താങ്ങാ രിപുക്കളെ. ൧൨
രാജാവില്ലാത്ത രാജ്യത്തു ഹർഷിതാശ്വോത്തമങ്ങളാൽ
തേർകളാലും ജവാൽ പോകാ,കോപ്പണിഞ്ഞുള്ള പൂരുഷർ.
രാജാവില്ലാത്ത രാജ്യത്തു, ശാസ്ത്രവ്യുൽപ്പന്നരാം നരർ
വാദം നടത്തിമേവില്ലാ കാട്ടിലും പൂവനത്തിലും. ൧൩
രാജാവില്ലാത്ത രാജ്യത്തു, മാല്യം, ദക്ഷിണ, മോദകം,
ദേവാർച്ചനത്തിന്നിവയെത്തേവാരികളെടുക്കിട്ടാ.
രാജാവില്ലാത്ത രാജ്യത്തു, ചന്ദനാഗരുലിപ്തരായ്
വിളങ്ങാ രാജപുത്രന്മാർ, വസന്തദ്രുമരീതിയിൽ. ൧൪
വെള്ളമില്ലാത്ത പുഴയും, മേയ്പ്പോനില്ലാത്ത ഗോക്കളും,
പുല്ലില്ലാത്തൊരു കാടും പോലല്ലോ, രാഷ്ട്രമരാജകം.
തേരിൻചിഹ്നം കൊടിമരം; പുക തീയ്യിന്റെ ലക്ഷണം;
നമുക്കാരോ കൊടിമരം,മാ നൃപൻ വിണ്ണണഞ്ഞുപോയ്! ൧൫
രാജാവില്ലാത്ത രാജ്യത്തിൽ സ്വന്തമൊന്നില്ലൊരാൾക്കുമേ;
മത്സ്യങ്ങൾ പോലേ പതിവായ്ത്തങ്ങളിൽത്തിന്നുമാളുകൾ!
കൂസലില്ലാതെ മര്യാദ വിട്ട നാസ്തികർ പോലുമേ
സത്സ്വഭാവികളാമല്ലോ രാജദണ്ഡനമേല്ക്കുകിൽ. ൧൬
എവ്വണ്ണം ദൃഷ്ടി ദേഹത്തിനെപ്പോഴുമുതകുന്നുവോ,
അവ്വണ്ണം നാട്ടിനരചൻ സത്യധർമ്മപ്രവർത്തകൻ.

Digitized By Kerala Sahitya Akademi

നൃപനേ സത്യധർമ്മങ്ങൾ; നൃപൻ സൽക്കലർതൻകുലം;
നൃപനേ താതമാതാക്കൾ; നരക്കു ഹിതമൻ നൃപൻ, ൩൪
യമൻ, വൈശ്രവണൻ, ശക്രൻ, വരുണൻ സുമഹാബലൻ,
മീതെയാണിവരെക്കാളും മഹത്താം തൊഴിലാൽ നൃപൻ!
അയ്യോ, ഇതിരുൾ പോലായ്യോ,മറിയില്ലൊരു വസ്തുവും,
നന്മതിന്മയുറപ്പിയ്ക്കും രാജാവില്ലായ്കിലൂഴിയിൽ! ൩൫
പുരാനിരിപ്പുള്ളപ്പോഴും, ഞങ്ങൾ താവകവാക്കിനെ
അതിക്രമിയ്ക്കാറില്ലല്ലോ, കരയെക്കടൽ പോലവേ.

അരാജകം രാജ്യമരണ്യമാമെ-
ന്നറിഞ്ഞു, മീ നമ്മുടെ കൃത്യമോർത്തും,
ദ്വിജേന്ദ്ര, നീ മന്നവനാക്കിവെയ്ക്ക-
ക,ദാരനാം രാഘവപുത്രനെത്താൻ." ൩൬

---

അറുപത്തെട്ടാം സർഗ്ഗം: ദൂതപ്രേഷണം.

---

അവർതൻ വാക്കു കേട്ടിട്ടു വസിഷ്ഠനമിതോതിനാൻ
മിത്രാമാത്യഗണത്തോടുമസ്സർവ്വദ്വിജരോടുമായ്:-
"അമ്മാത്തു കോയിയ്ക്കലിലാണല്ലോ മേവുന്നു സൌഖ്യമായ്,
നാടേകപ്പെട്ട ഭരതൻ, തമ്പി ശത്രുഘ്നനോടുമേ; ൧
അതിനാലാശു പോകട്ടെ ദൂതർ പായും ഹയങ്ങളാൽ,
വീരഭ്രാതാക്കളെക്കൊണ്ടു പോരാനെ;-ന്തിങ്ങു ചിന്ത്യമായ്?"
'പോകട്ടെ'യെന്നങ്ങെല്ലാരും വസിഷ്ഠനൊടു ചൊല്ലിനാർ;
അവർ ചൊന്നതു കേട്ടിട്ടു വസിഷ്ഠനരുളീടിനാൻ — ൪
'വത്സ സിദ്ധാർത്ഥ, വിജയ, ജയന്താശോകനന്ദന;
കേട്ടാലും, വേണ്ടതെന്തെന്നു നിങ്ങളോടൊക്കെയോതുവൻ;
പായും ഹയങ്ങളാൽശ്ശീഘ്രം ചെന്നു രാജഗൃഹേ പുരേ
മാലെന്നിയേ ഭരതനോടിതു ചൊല്ക,യെൻറ ശാസനാൽ: ൫
'ഭവാനൽക്കുശലം ചൊൽവൂ വാദ്ധ്യായനും മന്ത്രിമാരുമേ;
പുറപ്പെടുക വേഗത്തിൽ; വേണ്ടുന്നുണ്ടും കാര്യമുണ്ടതേ.'

Digitized By Kerala Sahitya Akademi

അവിടത്തോട്ട രാമൻ പോയതും, മന്നൻ മരിച്ചതും
ചെന്നോതിപ്പോകൊലാ നിങ്ങളീ, രാഘവവിനാശവും ൧൯
പുഴന്തൽപ്പട്ടുകളുമത്യുത്തമാഭരണങ്ങളും
കൊണ്ടു വേഗേന പോകുക നൃപനും ഭരതനുമായ്.'
വഴിച്ചെലവു മേടിച്ചുദ്ദൂതർ പുക്കാർ നിജാലയം,
സമ്മതാശ്വങ്ങളിൽക്കേറിക്കകയത്തേയ്ക്കു പോകുവാൻ; ൨൦
പിന്നെപ്പുറപ്പെടാൻ ബാക്കികാര്യവും ചെയ്തുവെച്ചവർ
വസിഷ്ഠനോട്ടു വിടയും വാങ്ങിപ്പോയാരതിത്വരം.
പോയാര, പരതാലത്തിൻപശ്ചാൽ മദ്ധ്യത്തിലൂടവെ,
പ്രലംബോത്തരദിക്കിനായ്, മാലിനീനദി ചൊന്നവർ; ൨൧
പഞ്ചാലം പുക്കു, ഹസ്തിനാപുരേ ഗംഗ കടന്നവർ
പോയ് പടിഞ്ഞാട്ടു, കുരുജാംഗലമദ്ധ്യത്തിലൂടവെ;
പൂവണിപ്പൊയ്കകൾ, ജലം തെളിഞ്ഞ പുഴയെന്നിവ
കണ്ടുകൊണ്ടു ഗമിച്ചാരദ്ദൂതർ കാര്യവശാൽ ദ്രുതം; ൨൨
അംബരച്ഛജലം, ദിവ്യം, നാനാപക്ഷിനരാവൃതം
ശരദണ്ഡപ്പുഴയണഞ്ഞാശു പിന്നിട്ടു പോയിനാർ;
സത്യോപയാചനം ദിവ്യം നികുലതരു കണ്ടവർ
വന്ദ്യമാമതു വന്ദിച്ചു, കലിംഗാപുരി പൂകിനാർ; ൨൩
അഭികാളഗരായ്,ബ്ബോധിഭവനം പിന്നിലിട്ടവർ
കടന്നു പൂർവ്വരുടെയാം പാവനേക്ഷ്വാകുമതീനദി;
കടന്നനീരാൽജ്ജീവിയ്ക്കും വേദപാരഗവിപ്രരെ
കണ്ടു, ബാഹ്ലീകമദ്ധ്യേന സുദാമാദ്രിയിലെത്തിനാർ; ൨൪
ദർശിച്ചാർ വിഷ്ണുപദവും വിപാശപ്പുഴ, പൂളയും;
തടാകവാപീനദികൾ, സരസ്സും, പല്വലങ്ങളും,
നാനാവിധമൃഗവ്യാഘ്രഗജസിംഹങ്ങൾതമ്മെയും
കണ്ടുകൊണ്ടും പെരുംമാർഗ്ഗം പിന്നിട്ടാർ സ്വാമിശാസനാൽ ൨൫
അദ്ദൂതർ, ദൂരയാനത്താൽ വാഹനങ്ങൾ തളർന്നവർ
വേഗേന ചെന്നെത്തി ഗിരിവ്രജശ്രീപുരിയിൽ ദ്രുതം,



Digitized By Kerala Sahitya Akademi

സ്വാമിപ്രിയം, സ്വാമികലപ്രതിഷ്ഠ,
പേർത്തും പ്രജാരക്ഷയിതൊക്കെ നേടാൻ
അമാന്തിയാതേ ത്വരിതം ഗമിച്ചി-
ട്ടദ്ദൂതർ പൂകീ പുരി രാത്രിയിൽത്താൻ. ൧൧

—*—

അറുപത്തൊമ്പതാം സർഗ്ഗം: ഭരതദുസ്സ്വപ്നകഥനം.

—*—

ഏതു രാവിങ്കലദ്ദൂതന്മാരപ്പുരിയിലെത്തിയോ,
ആ രാവിലൊരു ദുസ്സ്വപ്നം കണ്ടു ഭരതനിങ്ങിനെ;
ആ രാത്രിതന്നറുതിയിൽദ്ദുസ്സ്വപ്നമതു കാണ്കയാൽ
മഹാദുഃഖത്തിലാപ്പെട്ടു മന്നോർമന്നൻെറ നന്ദനൻ. ൧
അവൻെറ ദുഃഖം കണ്ടിട്ടു തോഴന്മാർ പ്രിയവാദികൾ
മനഃക്ലേശം കെടുപ്പാനായ് കഥ ചൊന്നാർ സഭാന്തരേ;
മീട്ടിനാർ വീണയും മററു,മാടിപ്പാടിനാർ ചിലർ
ചൊല്ലിനാർ നാടകം, നാനാനേരംപോക്കുകളും ചിലർ. ൪
ആ പ്രിയംവദമിത്രങ്ങൾ വിനോദങ്ങൾ മുതിർത്തതിൽ
ഇമ്പം തേടീല ഭരതൻ മഹാത്മാവായ രാഘവൻ.
ചോദിച്ചാനപ്പരതനോടതിൽ പ്രിയസുഹൃത്തൊരാൾ:—
'സഖേ, സുഹൃൽപരീതൻ നീ കൊണ്ടാടീടാത്തതെന്തുവാൻ? ൩
ആച്ചോദിച്ച സഖാവോടു ഭരതൻതാനമോതിനാൻ:—
"കേൾക്കനി,തുകൊണ്ടാണീ മാലെനിയ്ക്കേററതെന്നു നീ:
സ്വപ്നത്തിലച്ഛനെക്കണ്ടേൻ, മങ്ങിയും മുടി ചിന്നിയും
കലുഷച്ചാണകക്കുണ്ടിൽക്കുന്നിന്മേൽനിന്നു വീഴ്കതായ്; ൭
കണ്ടേനച്ചാണകക്കുണ്ടിലദ്ദേഹം നീന്തിടുന്നതും,
തൈലം കുടന്നയാൽ മോന്തിക്കൂടെക്കൂടേ ചിരിപ്പതും;
പിന്നെച്ചോർ തിന്നു തലക്കീഴായിത്താൻ പേർത്തുപേർത്തുമേ.
എണ്ണ, മേലൊക്കയും തേച്ചിട്ടെണ്ണയിൽത്തന്നെ മുങ്ങിനാൻ ൧൦
ആഴി വററിയതും, സ്വപ്നേ ചന്ദ്രനൂഴിയിൽ വീണതും,
ഇരുൾപ്പരപ്പിനാൽപ്പോലെ ഭൂമി മൂടലിലായതും,

Digitized By Kerala Sahitya Akademi

തിരുവാഹനമാമാനയ്ക്കൊരു കൊമ്പു മുറിഞ്ഞതും,
ആളിപ്പിടിച്ചുതായുള്ളോരഗ്നി പെട്ടെന്നു കെട്ടതും ൧൬
മന്നിടം വിണ്ടതും, നാനാപാദപങ്ങൾ വരണ്ടതും
ഞാൻ കണ്ടുവല്ലോ, മലകൾ പുകഞ്ഞതുമിടിഞ്ഞതും.
കാരിരിമ്പായ പീഠത്തിൽക്കറുപ്പും ചുററി വാഴുവേ,
കരിമഞ്ഞനിറസ്ത്രീകൾ തല്ലിനാർ തിരുമേനിയെ. ൧൭
പിന്നീടു ചെങ്കുറിക്കൂട്ടുമാല്യം പൂണ്ടുദിതത്വരം
കഴുതത്തേരിനാൽത്തെക്കോട്ടെഴുന്നള്ളി സുധാർമ്മികൻ.
ചെഞ്ചേല ചുററി മത്താണ്ട വികൃതാസ്യയൊരാശരി
ചിരിച്ചു ഭൂപനെ വലിപ്പതും കാണായിവന്നു മേ. ൧൮
ഇതൊക്കെക്കാണുകയുണ്ടയേ ഞാനിബ്ഭയങ്കരരാത്രിയിൽ;
ഞാനോ, ലക്ഷ്മണനോ ചാവും, രാമനോ, തിരുമേനിയോ!
സ്വപ്നത്തിൽക്കഴുതത്തേരാലേതൊരാൾ നടകൊള്ളുമോ,
ആയാൾതൻ പുക വൈകാതെ കാണാകും ചുടുടയ്ക്കുമേൽ! ൧൯
ഇതിലുള്ളഴൽകൊണ്ടല്ലോ, ഞാൻ കൊണ്ടാടാത്തു നിങ്ങളെ;
വററിപ്പോകുന്നിതെൻതൊണ്ട; ചുററിപ്പോകുന്നിതെൻമനം!
കാണ്മീല ഞാൻ ഭയസ്ഥാനം; ഭയം തോന്നുന്നുമുണ്ടു മേ:
അടച്ചുപോയിതെന്നൊച്ച; നിറവും കെട്ടുപോയി മേ; ൨൦
തങ്കൽജ്ജുഗുപ്സയും കൊൾവൂ; ഹേതു കാണ്മതുമില്ല ഞാൻ

എന്നിയ്ക്കു. മുമ്പേ കരുതാത്തതാം ബഹു-
പ്രകാരദുസ്സ്വപ്നമിതിങ്ങു കാൺകയാൽ,
അചിന്ത്യസന്ദർശനനാം നരേന്ദ്രനെ
സ്മരിച്ചു നീങ്ങാതമരുന്നു വൻഭയം.”

—*—

എഴുപതാം സർഗ്ഗം: ഭരതപ്രതിയാനം.

—*—

ഭരതൻ സ്വപ്നമാതുമ്പോൾ, ക്ലാന്തവാഹനർ ദൂതരും
പുക്കാർ ദുർഗ്ഗക്കിടങ്ങുള്ള രമ്യം രാജഗൃഹം പുരം;

Digitized By Kerala Sahitya Akademi

രാജാവെയും മകനെയും കണ്ടു സൽകൃതരായവർ
രാജാവിൻ കാൽ പിടിച്ചിട്ടാബ്ഭരതങ്കലുണർത്തിനാർ:- ൨
'ഭവാങ്കൽക്കുശലം ചൊല്‌വൂ വാദ്ധ്യായനും മന്ത്രിമാരുമേ;
പുറപ്പെട്ടുക വേഗത്തിൽ: വെമ്പേണ്ടും കാര്യമുണ്ടു തേ.
ഇതാ, മികച്ചവസനങ്ങളുമാഭരണങ്ങളും;
എടുത്തമ്മാമനും നല്കിക്കൊള്ളുക, യതലോചന: ൪
പൃഥ്വീശനാണിതിൽപ്പത്തുംപത്തുംകോടി നൃപാത്മജ;
പത്തുകോടി മുതൾഞാതെ നിന്നമ്മാമന്നുമുള്ളതാം.'
എടുത്ത,തെല്ലാം ബന്ധുക്കൾക്കേകി,യമ്പോടു ദൂതരെ
വേണ്ടുനാതേകി മാനിച്ചു ചോദിച്ചാൻ കൈകയീസുതൻ:- ൬
"എന്നച്ഛനാം ദശരഥക്ഷ്മാപൻ കുശലിയല്ലയോ?
ആരോഗ്യമല്ലീ പെരിയ രാമനും ലക്ഷ്മണനുമേ?
ധർമ്മതൽപര, ധർമ്മജ്ഞ,യാര്യ,ധർമ്മാനുദർശിനി,
അരോഗയല്ലീ കൌസല്യ, ധീമാൻ രാമന്റെയമ്മയും? ൮
വീരലക്ഷ്മണശത്രുഘ്നമാതാവായ സുമിത്രയും
അരോഗയല്ലീ നടുവിലുള്ളോളാം ധർമ്മവേദിനി?
സ്വാർത്ഥക്കാരി കടുംശുണ്ഠിക്കാരി പണ്ഡിതമാനിനി,
അരോഗയല്ലീയെന്നമ്മ?—യെന്തുവാൻ ചൊല്ലി കൈകയി?" ൧൦
എന്നായ് മഹാനാം ഭരതൻ ചോദിച്ചളവു ദൂതരും
ഇവണ്ണമബ്ഭരതനോടുണർത്തിച്ചിതു താഴ്മയിൽ:—
'ക്ഷേമന്തന്നെ, ഭവാൻ ക്ഷേമമിച്ഛിച്ചിപ്പോക്കു നരർഷഭ;
ശ്രീയും ഭവാങ്കൽച്ചേരുന്നു; പൂട്ടാമിഹ രഥം തവ.' ൧൨

ഇതു കേട്ടബ്ഭരതനുമദ്ദൂതരൊടു ചൊല്ലിനാൻ:—
'യാത്ര ചൊല്ലട്ടെ, വെമ്പിപ്പൂ ദൂതരെന്നരചങ്കൽ ഞാൻ.'
ദൂതരോടിതുരച്ചിട്ടു, ദൂതന്മാരാൽ പ്രചോദിതൻ,
മഹീശസൂനു ഭരതൻ മാതാമഹനൊടോതിനാൻ:— ൧൪
'അച്ഛന്നടുക്കൽപ്പോകന്നേൻ പുരാനേ ദൂതവാക്കിനാൽ;
തിരിച്ചുവന്നുകൊള്ളാം ഞാനെ,ന്നെയങ്ങോർത്തിടുമ്പൊഴേ.'

Digitized By Kerala Sahitya Akademi

ഭരതോക്തമിദം കേട്ടു മാതാമഹമഹീശ്വരൻ
ശുഭമായ്, മൂൎദ്ധനി മുകൎന്നാ രാഘവനൊടോതിനാൻ:— ൧൫
'പോയ്ക്കൊൾകുണ്ണി, വിട തരാം; നിന്നാൽക്കൈകേയി പുത്രിണി!
ചൊല്കമ്മയോടും കുശലമച്ഛനോടും പരന്തപ,
വാദ്ധ്യായനോടും കുശല, മാ മറു വിപ്രശ്രേഷ്ഠന്മാരോടും,
കുഞ്ഞേ, വൻവില്ലരാം ഭ്രാതൃരാമലക്ഷ്മണരോടുമേ.' ൧൬
നല്ലാനകളെയും ചിത്രകംബളാജിനവൃന്ദവും
കൊണ്ടാടിദ്ധനമായ് നല്കി ഭരതന്നഥ കേകയൻ;
രണ്ടായിരം പൊൻപതക്ക,മായിരത്തറുനൂറു ഹയം,
കൊണ്ടാടി,യിദ്ധനത്തയും ദൌഹിത്രന്നേകി കേകയൻ ൧൦
വിശ്വാസ്യരായ്ഗ്ഗുണികളാം സമ്മതാമാത്യരെന്നെയും
ഭരതന്നശ്വപതിയങ്ങരുളി പിന്തുണയ്ക്കുടൻ.
ഐരാവതൈന്ദ്രശിരരാം ദൃഷ്ടിപ്രിയഗജങ്ങളും,
ചെമ്മേ പായും ഖരങ്ങളും ധനമങ്ങേകി മാതുലൻ. ൧൧
അന്തഃപുരേ പോഷിതരായ്, പുലിവീര്യബലത്തരായ്,
സുദംഷ്ട്രരാം പെരും നായ്ക്കളെയുമങ്ങേകി കാഴ്ചയായ്,
ആകൈകേയത്രാപ്തിതമാം ധനത്തെക്കൈകേയീസുതൻ
കൊണ്ടാടിയില്ലാ ഭരതൻ പോരുവാനുള്ള വെമ്പലാൽ: ൧൪
അവനുണ്ടായിരുന്നല്ലോ പെരുതാം ചിന്ത മാനസേ,
ദൂതന്മാർതൻ വെമ്പലാലും സ്വപ്നം കണ്ടതിനാലുമേ.
സ്വഗൃഹം പുക്കുപോന്നിട്ടു നരാശ്വശ്വേപരീതനായ്
മികച്ച രാജമാൎഗ്ഗത്തിലണഞ്ഞാനപ്പുരപ്രഭൻ. ൧൫
അഞ്ഞു പിന്നിട്ടുപോന്നന്തഃപുരം കണ്ടാൻ മഹാമതി;
ശ്രീമാൻ ഭരതനാപ്പൂക്കാനതിങ്കൽത്തടവെന്നിയേ.
മാതാമഹൻ, യുധാജിത്താമമ്മാമനിവരോടുമേ
ചൊല്ലി,ത്തേരാണ്ടു, ഭരതൻ പോന്നു ശത്രുഘ്നയുക്തനായ്. ൧൬
നൂറിൽപ്പുറം വട്ടരുംതേരുഷ്ട്രാശ്വഖരാദികളാൽ
പൂട്ടിയാൾക്കാർ പിന്തുടർന്നു പോരും ഭരതനെത്തദാ.

Digitized By Kerala Sahitya Akademi

മാതാമഹാനീകവൃതൻ, തനിയ്ക്കൊ-
ത്തമാത്യരോടും, ഭരതൻ സുധീരൻ
ശത്രുഘ്നനൊന്നിച്ചപശത്രു, നാകാൽ
സിദ്ധൻ കണക്കെ,പ്പുരി വിട്ടുപോന്നു.

—(൦)—

എഴുപത്തൊന്നാം സർഗ്ഗം: ഭരതപ്രത്യാഗമനം.

—*—

ആ രാഘവൻ രാജഗൃഹാൽക്കിഴക്കോട്ടു ഗമിച്ചവൻ,
സുദാമയെന്ന നദി കണ്ടു,തു പിന്നിട്ടു കാന്തിമാൻ!
വിശാലമാം ഹ്റാദിനിയും പടിഞ്ഞാട്ടൊഴുകും നദി,
ശതദ്രുവെന്ന നദിയും കടന്നു ശ്രീകകുത്സ്ഥജൻ; ൧

ഏലാധാനേ നദി കടന്ന,ന്നത്തെപരപപ്പടെ,
ശിലാനദി കടന്ന,ഗ്നികോണിലായ്ശ്ശല്യകർത്തനം
ശിലാവഹയുമീക്ഷിച്ചാ ശ്രീമാൻ സത്യപരൻ ശുചി
പിന്നിട്ടു ചൈത്രരഥമാം കാട്ടിലേയ്ക്കു മഹാദ്രികം; ൪

പിന്നെസ്സരസ്വതീസിന്ധുസംഗമത്തിങ്കലെത്തിനാൻ;
വീരമത്സ്യത്തിനു വടക്കാണ്ടാൻ ഭാരുണ്ഡകാനനം;
മല ചൂഴെയൊഴുക്കുറിക്കളിരേകും കുലിംഗയും
കടന്നു യമുനാന്തം പുക്കേകി സേനയ്ക്കു വിശ്രമം: ൩

മൈ നനച്ചാശ്വസിപ്പിച്ചാൻ തളൎന്ന തുരഗങ്ങളെ;
സ്നാനപാനങ്ങളും ചെയ്തു പോന്നാൻ വെള്ളമെടുത്തുടൻ.
ആരും കേറാത്ത പെരുംകാടൊന്നഥ ഭദ്രൻ നൃപാത്മജൻ
പിന്നിട്ടു ഭദ്രയാനത്താൽ, വായു വാനം കണക്കിനേ. ൮

അംശുധാനേ കടക്കാവല്ലാത്ത വമ്പുഴ ഗംഗയെ
കണ്ടിട്ടു,ണ്ണത്താൻ കാകുത്സ്ഥനാശു പ്രാഗ്വടമാം പുരം;
പ്രാഗ്വടേ ഗംഗ പിന്നിട്ടിട്ടു,ണ്ണത്താൻ കുടികോഷ്ഠിക;
വടയോടൊത്തു,തു കടന്നു,ണ്ണത്താൻ ധൎമ്മവർദ്ധനം. ൧൦

Digitized By Kerala Sahitya Akademi

തോരണത്തെൻവശത്തൂടേ ജംബൂപ്രസ്ഥമതിലെത്തിനാൻ;
വരൂഥഗ്രാമവും പുക്കാൻ രമ്യം ദശരഥാത്മജൻ.
അങ്ങു രമ്യവനം പാർത്തു കിഴക്കോട്ടു ഗമിച്ചവൻ
ചെമ്പരുത്തികളുള്ളുജ്ജിഹാനോദ്യാനത്തിലെത്തിനാൻ; ൧൨
അച്ചെമ്പരുത്തി ചെന്നിക്ഷിച്ചു,ജ്ജവാശ്വരഥസ്ഥനായ്
പടയ്ക്കനുജ്ഞയും നല്കി,പ്പോന്നു ഭരതനാശുസാ.
കടന്നാൻ സർവ്വതീർത്ഥം പാർത്തിട്ടുത്താനികയാം നദി,
മററു നാനാനദികളും പർവ്വതാശ്വഹയങ്ങളാൽ; ൧൪
ഹസ്തിപൃഷ്ഠകവും പുക്കു പിന്നിട്ടാൻ കുടികാനദി;
കടന്നാനാ നരവ്യാഘ്രൻ ലൗഹിത്യത്തിൽക്കപീവതി,
ഏകസാലേ സ്ഥാണുമതി, വിനതേ ഗോമതീനദി.
കലിംഗനഗരത്തിങ്കൽപ്പുയനിൻകാട്ടു പൂകിനാൻ; ൧൬
വെക്കം ഭപാരികയുംചെയ്താൻ ഭരതൻ ക്ലാന്തവാഹനാൽ;
വനവും രാത്രിയിൽപ്പിന്നിട്ടാശു പോന്നു,രുണോദയേ
കണ്ടാൻ, മനുമഹീപാലൻ തീർത്തതാകുമയോദ്ധ്യയെ.
വഴിയ്ക്കൊരേഴു നിശകൾ കഴിച്ചു പുരുഷർഷഭൻ ൧൮
ആയയോദ്ധ്യാപുരം മുന്നിൽക്കണ്ടു സൂതനൊടോതിനാൻ:—
"ഹർഷം കുറഞ്ഞി,താ ദൂരാൽക്കാണായീടുന്നു സൂത, മേ,
വെണ്മണ്ണും നന്മലർത്തോപ്പുമൊത്തയോദ്ധ്യ യശസ്വിനി:
യജ്വാക്കൾ ഗുണസംപന്നർ വേദപാരഗരന്തണർ ൨൦
മുക്കാലുമാഢ്യർ ചേർന്നോന്നു, രാജർഷിപരിപാലിത.
കേൾക്കാം, സ്ത്രീപുരുഷന്മാർതൻ പെരുതാം തുമുലസ്വനം
മുമ്പയോദ്ധ്യയിലെമ്പാടു;—മതിപ്പോൾക്കേൾപ്പതില്ല ഞാൻ.
അന്തിയ്ക്കെത്തി രമിച്ചിട്ടു നിത്തിപ്പോകും ജനങ്ങളാൽ ൨൨
നിളെശ്ശോഭിച്ചിരുന്നല്ലോ മുമ്പെല്ലാം മലർവാടികൾ;
കാമിത്യക്തങ്ങളവയിന്നെൻനേക്കു കരയുന്നിതോ
കാടായ്ച്ചമഞ്ഞപോലത്രേ തോന്നുന്നു പുരി സൂത മേ:
ഇവിടെ ക്കാണ്മതില്ലല്ലോ മുന്നേപ്പോലെ നരോത്തമർ ൨൪

Digitized By Kerala Sahitya Akademi

യാനാശോഭങ്ങളിൽക്കേറിപ്പോവതും വന്നിടുന്നതും.
മത്തഭൃംഗങ്ങളായ് മുന്നം വിളങ്ങി മലർവാടികൾ,
ആളുകൾക്കു രതിച്ചേർച്ച്പൂങ്കുലതമങ്ങളായ്;
അവയിന്നെങ്ങുമിമ്പം വിട്ടല്ലോ കാണാപ്പൂരുമേ, ൨൩
വഴിയ്ക്കില കൊഴിഞ്ഞോ,ത്തുകഴുംമട്ടാം മരത്തൊടും!
ഇപ്പോഴും കേൾപ്പതില്ലല്ലോ, മദിച്ച മൃഗപക്ഷികൾ
കൊഴുത്ത മധുരക്കൊഞ്ചലുതിക്കുന്നോ കളസ്വനം!
അകിൽചന്ദനധൂപത്തിൻ മണം തിങ്ങി, വിശുദ്ധമായ് ൨൪
വീശാത്തതെന്തു മുന്നേപ്പോലോ,മനക്കാറ്റു സാംപ്രതം?
ഭേരീവീണാമൃദംഗങ്ങൾ കൊട്ടിയിട്ടുളവാം രവം,
മുമ്പെന്നും നേർത്തിടാതുള്ളതന്നി,ന്നടങ്ങിയതെന്തുവാൻ?
അനിഷ്ടവും ക്രൂരവുമാമമംഗളനിമിത്തവും
പലമാതിരി കാണ്മു ഞാൻ;—തിൽ വാടുന്നിതെൻ മനം!
സർവഥാ ദുർല്ലഭം സൂത, കുശലം മമ മിത്രരിൽ:
മോഹകാരണമില്ലാതെയല്ലോ, വാടുന്നതെന്മനം!" ൨൫
മാഴ്കി,പ്പേടിച്ചു,ലുളിതേന്ദ്രിയനാ,യുൾ തളർന്നുതാൻ
പൂകി, കാകുത്സ്ഥർ പാലിച്ച പുരിയിൽബ്ഭരതൻ ദ്രുതം:
വൈജയന്തപ്പടിവഴിയ്ക്കുൾപ്പുക്കാൻ ശ്രാന്തവാഹനൻ;
കാവല്ക്കാരേററു വിജയം ഘോഷിച്ചൊന്നിച്ചുകൂടിനാർ;
അക്കാവല്ക്കാരെയങ്ങൊട്ടും മാനിച്ചാ, കുലമാനസൻ, ൨൬
ശ്രാന്തനാമശ്വപതിസൂതനോടോതി രാഘവൻ:—
"എന്തിനാണയ്യ വെമ്പിച്ചു വരുത്തീ മാമകാരണം?
അശുഭാശങ്കയുള്ളിൽ; നെറിവും കൊഴിയുന്നു മേ!
മുൻകേട്ടിരിപ്പതെമ്മട്ടുള്ളവയോ രാജമൃത്യുവിൽ, ൨൭
ആ ലക്ഷണങ്ങളൊട്ടുക്ക കാണുന്നുണ്ടിങ്ങു സൂത, ഞാൻ:
നിലച്ചു തൂപ്പും തളിയും; കാണ്മു പരുപരുപ്പതാൻ;
അടച്ചിട്ടില്ല കതകും; ലക്ഷ്മിയില്ലൊരുദിക്കിലും;
ബലികർമ്മം നടക്കുന്നില്ലില്ല ധൂപസുഗന്ധവും: ൨൮

Digitized By Kerala Sahitya Akademi

ഒരു ശോഭ ജനങ്ങൾക്കില്ല,ട്ടിയിട്ടില്ല വീടരെ;
ഇല്ല മോടിയു;—മിവ്വണ്ണം കാണ്മൂ നാൻ തറവാടുകൾ.
തിരുമുററമടിച്ചിട്ടില്ല,ണിഞ്ഞിട്ടില്ല മാല്യവും;
ദേവാലയങ്ങൾ ശൂന്യങ്ങൾ ശോഭിയ്ക്കുന്നീല മുമ്പടി;
പാഴായ്പ്പോയ് ദേവബിംബങ്ങള,ദ്ധ്വരായതനങ്ങളും;
പുഷ്പക്കടകളിൽശ്ശോഭിയ്ക്കുന്നീലമ്മട്ടിൽ വാണിഭം;
കച്ചോടക്കാരുമിങ്ങിപ്പോൾക്കാണാകുന്നില മുമ്പടി,
ചിന്തയുൾക്കൊണ്ടു, തൊഴിലും വിട്ടനങ്ങാതിരിയ്ക്കയാം;
മൃഗപക്ഷികളാൎത്തങ്ങൾ ചൈത്യദേവാലയങ്ങളിൽ.
നിറം മങ്ങി, മെലിഞ്ഞശ്രു തിങ്ങിസ്സാൽക്കണ്ണു ചിന്തരായ്
കാണാകുന്നു വശംകെട്ടി,ന്നാരോം പെണ്ണും പുരത്തിൽ മേ!"
അയോധ്യയിലനിഷ്ടങ്ങളേവ കണ്ടാൎത്തചിത്തനായ്
സൂതനോടിതുരച്ചെത്തി ഭരതൻ നൃപമന്ദിരേ.

നിശ്ശൂന്യമേ ചത്വരവേശ്മരത്ഥ്യ;
രജോവിവൎണ്ണം പടിവാതിൽയന്ത്രം;
വിൺ പോലിരുന്നാപ്പുരിയേവമായ-
തീക്ഷിച്ചവൻ ദുഃഖപരീതനായ്പ്പോയ്!
പുരത്തിൽ മുല്ലാടനഭ്രുതമെല്ലാ-
ത്തനിഷ്ടമാരോന്നിഹ കാങ്കെയാലേ
മനസ്സു വാടി,ത്തല താന്നു, മാൽ പൂ-
ണ്ടുൾപ്പൂക്കിതച്ഛന്റെ ഗൃഹം മഹീയാൻ. ൫൧

—*—

## ഏഴുപത്തിരണ്ടാം സൎഗ്ഗം: കൈകേയീഭരതസംവാദം.

അങ്ങച്ഛന്റെ ഗൃഹത്തിങ്കലച്ഛനെക്കണ്ടിടായ്കയാൽ,
ചെന്നുമാതാവിനെക്കാണ്മാൻ ഭരതൻ മാതൃമന്ദിരേ.
ദൂരസ്ഥലത്തായിരുന്ന മകൻ വന്നതു കണ്ടുടൻ
സ്വൎണ്ണാസനാലെഴുന്നേററാളാ,ഹ്ലാദം പൂണ്ടു കൈകയി. ൧



Digitized By Kerala Sahitya Akademi

ശ്രീ വിട്ടുപോയ തൻഗേഹം പുക്കതോടേ സുധാർമ്മികൻ
പിടിച്ചുകൊണ്ടാൻ ഭരതനമ്മതൻ തൃപ്പദങ്ങളെ.
ആപ്പേരാളും ഭരതനെപ്പുല്കി, മൂൎദ്ധ്നി മുകൎന്നവൾ
മടിയിൽക്കേററിവെച്ചിട്ടു ചോദിപ്പാനായ്ത്തുടങ്ങിനാൾ.- ൮

'അമ്മാത്തുനിന്നു നീ പോന്നിട്ടിന്നേയ്ക്കു ദിനമെത്രയായ്?
ഇല്ലല്ലി തേ വഴിക്ഷീണം, തേരിൽ വേഗേന പോന്നതിൽ?
നിന്മുത്തച്ഛന്നു സുഖമോ, യുധാജിന്മാതുലന്നുമേ?
പോയ നാൾതൊട്ടു സുഖമോ? മകനേ, ചൊല്ലുകൊക്കയും.' ൯

പ്രിയമിങ്ങിനെ കൈകേയി ചോദിച്ചാരേ നൃപാത്മജൻ
പറഞ്ഞാനമ്മയോടെല്ലാം, ഭരതൻ പങ്കജേക്ഷണൻ:-
"അമ്മാത്തുനിന്നു ഞാൻ പോന്നിട്ടേഴ്ചെന്നിതു വാസരം;
മുത്തച്ഛന്നു സുഖം തന്നേ, യുധാജിന്മാതുലന്നുമേ. ൧൦

തമ്പുരാനഹിതമ്മല്ലൻ മേ തന്നതാം ധനരത്നമോ,
ക്ഷീണിച്ചുപോയ് വഴിയിൽവെച്ചു;-തിനാൽ മുമ്പു പോന്നു (ഞാൻ;
രാജാജ്ഞ ചൊന്ന ദൂതന്മാർ വെമ്പിച്ചിട്ടാണു പോന്നു ഞാൻ.
ഞാൻ ചോദിപ്പാൻ തുടങ്ങുന്നതമ്മ ചൊല്ലുകവേണമേ: ൧൧

ശൂന്യമാമ കിടക്കുന്നു പൊൻകട്ടിലിതു സാമ്പ്രതം;
ഇല്ലിമ്പമിക്ഷ്വാകുകുലത്തിന്നൊന്നും തോന്നിടുന്നു മേ.
അമ്മതൻ മന്ദിരമിതിലുണ്ടാം മിക്കപ്പൊഴും നൃപൻ;
കാണ്മീലിപ്പോളച്ഛനെ,ക്കാണ്മവാനിങ്ങുവന്നു ഞാൻ. ൧൨

അച്ഛന്റെ കാൽ പിടിപ്പൻ ഞാൻ; ചൊല്ലുകമ്മേ ഹമെങ്ങവാൻ?
മൂത്തമ്മ കൌസല്യയുടെ പാൎപ്പിടത്തായിരിയ്ക്കുമോ?"
കൈകേയി ചൊന്നാൾ പ്രിയമാമെന്നപോലുഗ്രമപ്രിയം,
അറിയാതുള്ളവനോടു രാജ്യലോഭവിമോഹിതാ:— ൧൩

'ഗതിയെന്തെല്ലാ ദേഹിയ്ക്കും, പുക്കാൻ നിന്നച്ഛനഗ്ഗതി,
മഹാൻ, തേജസ്വി, യജ്വാവു, ശിഷ്ടൎക്കു ഗതി മന്നവൻ,

Digitized By Kerala Sahitya Akademi

അാ വാക്കു കേട്ടു ഭരതൻ പിതൃശോകബലാർത്തനായ്
നിലത്തു വീണാൻ പെട്ടെന്നു, ദ്യുതി, ധർമ്മിഷ്ഠവംശജൻ; ൧൬
'അയ്യോ, ഞാൻ ഹതനായെ'ന്നു പാവപ്പെട്ടാർത്തവാക്കൊടും
വീണുപോയി മഹാബാഹു, കൈ നിലത്തിട്ടു വിഷ്ണുവാൻ.
പില്പാടച്ഛന്റെ മൃതിയാമാപത്തിലുഴൽ വ്യാധ്യത്താൽ
മനം കലങ്ങിപ്പുതറി വിലപിച്ചാൻ മഹാദ്യുതി:- ൧൮
'ലസിച്ചിരുന്നു മുമ്പെ,ന്നച്ഛന്റെയിക്കട്ടിൽ ശോഭനം,
ശരത്തിലല്ലിൽശ്ശശിയാൽ സ്വച്ഛമാം വാനു പോലവേ;
അതിന്നിതാ വിളങ്ങുന്നില്ലധീമാൻ വിട്ടുപോകയാൽ,
ചന്ദ്രൻ വിട്ടംബരം പോലെ, നീർ വരണ്ടാഴി പോലെയും!' ൨൦
തേങ്ങിക്കണ്ണീർ ചൊരിഞ്ഞെ,റ്റം വേദനപ്പെട്ട ചിത്തനായ്
ശ്രീമന്മുഖത്തെ വസ്ത്രത്താൽ മൂടി വെൽവോരിലുത്തമൻ;
കാട്ടിൽ വെട്ടിയിടപ്പെട്ട പയനിൻ തടി പോലവേ
മന്നിങ്കൽ വീണതായ്ക്കണ്ടാളിനനാം ദേവതുല്യനെ, ൨൨
മാതംഗസമനെ, ച്ചന്ദ്രസൂര്യന്മാർക്കൊക്കുമുണ്ണിയെ,
എഴുന്നേല്പിച്ചു മാതാവു ശോകാർത്തനൊടിതോതിനാൾ:—
'എഴുന്നേല്ക്കെ,ഴുന്നേല്ക്കു;—യെന്തേ കിടക്കുന്നതിങ്ങു പേരാണ്ട മന്നവ?
മാഴ്കില്ലല്ലോ വിശിഷ്ടന്മാർ, സത്ഭ്യർ നിന്മട്ടിലുള്ളവർ. ൨൪
ദാനയജ്ഞാപ്തിയും, ശീലവേദവാക്യാനുവൃത്തിയും
പൂണ്ട നിൻബുദ്ധി സദ്ബുദ്ധേ, സൂര്യനെ സൂര്യാഭ പോലെയാം!'
നെട്ടനേരം കരഞ്ഞിട്ടു ഭൂമിമേൽ വീണുരുണ്ടവൻ
ബഹുശോകാർത്തനായേവം ചൊന്നാനമ്മയൊടുത്തരം: ൨൬
"രാമാഭിഷേകമോ ഭൂപൻ യാഗമോ ചെയ്യുമാവണം
എന്നും നിനച്ചു ഹർഷിച്ചുകൊണ്ടല്ലോ, യാത്രപോന്നു ഞാൻ;
അതിതാ,നേർമറിച്ചായി; വിണ്ടുപോകുന്നു മേ മനം:
കാണ്മീലല്ലോ പ്രിയഹിതം സദാ നോക്കിന താതനെ! ൨൮
അമ്മേ, ഞാൻ വന്നതിൻ മുമ്പെന്താതങ്കാൽ മൃതനായ് താതൻ?
രാമാദ്യരേവരും ധന്യര,ച്ഛനെസ്സംസ്കരിക്കയാൽ!

Digitized By Kerala Sahitya Akademi

ഞാൻ വന്നതറിയുന്നില്ലാ ന്യൂനം പേരാണ്ട തമ്പുരാൻ:
കനിഞ്ഞെന്മൂർദ്ധ്നി മുകരുമല്ലോ താതൻ ധൃതത്വരം! ൩൦
എങ്ങാണാ,ക്കർമ്മപടുവാമച്ഛന്റെ മൃദുതൃക്കരം?
പേർത്തും തുടയ്ക്കാറുണ്ടല്ലോ മദ്ഗാത്രേ പൊടി പററിയാൽ!
ആരെന്നാര്യൻ, സുഹൃത്തച്ഛൻ, ഞാനാക്കിങ്ങേററ ദാസനോ,
ചൊല്ലുകാസ്സുഖകർമ്മാവാം രാമനോടെന്നെയഞ്ജസാ: ൩൨
അച്ഛനല്ലോ, സധർമ്മജ്ഞനായ ശിഷ്ടന്നു പൂർവ്വജൻ;
തൽപ്പാദം പിടിപ്പൻ ഞാ;-നവിടുന്നിനി മേ ഗതി!
ധർമ്മജ്ഞനമ്മേ, ധർമ്മിഷ്ഠൻ മഹാഭാഗൻ ദൃഢവ്രതൻ
എന്തൊന്നരുളിയെന്നച്ഛൻ തമ്പുരാൻ സത്യവിക്രമൻ? ൩൪
എന്നോടുള്ളന്ത്യസന്ദേശം കേൾക്കട്ടെ വഴിപോലെ ഞാൻ!"
എന്നു ചോദിച്ചപോതോതിയൊണ്ടാൾ കൈകേയി വാസ്തവം:-
"ഹാ, രാമ! ലക്ഷ്മണാ! സീതേ! എന്നാവം വിലപിച്ചുതാൻ
മരിച്ചുപോയ് മഹാത്മാവാ മന്നവൻ മതിമത്തരൻ. ൩൬
എന്നാൽ നിന്നച്ഛനരുളിച്ചെയ്തോരന്ത്യമാം മൊഴി,
പാശത്താൽ വൻഗജം പോലേ കാലധർമ്മസമാവൃതൻ:—
'ആർ കാണും, സീതയോത്തിങ്ങു തിരിയെവന്ന രാമനെ.
ദോഷ്മനാം ലക്ഷ്മണനെയു,മജ്ഞന്മാർ കൃതാർത്ഥരാം!" ൩൮
അതുകേട്ടുഴലേ പൂണ്ടാൻ രണ്ടാമപ്രിയവാക്കിനാൽ;
അഴലാൽത്താന്തനായ് വീണ്ടും ചോദിച്ചാനമ്മയോടവൻ:-
'എങ്ങു പോയ് ധർമ്മപരനാക്കൌസല്യാനന്ദവർദ്ധനൻ
തമ്പിയാം ലക്ഷ്മണനുമായ്സ്സീതയോടൊത്തു സാംപ്രതം?' ൪൦
എന്നു ചോദിച്ചനേരത്തു, തന്മാതാവു യഥാർത്ഥമായ്
ചൊല്ലുവാൻ തുടങ്ങി, പ്രിയമാമെന്നോർത്തു പെരുതപ്രിയം:-
'ഉണ്ണി, ദണ്ഡകവങ്കാട്ടിൽഗ്ഗമിച്ചാൻ തോലുടുത്തൊരാടേ
ലക്ഷ്മണാനുഗനായ്സ്സീതയോടുമൊത്താ നൃപാത്മജൻ.' ൪൨
അതു കേട്ടിട്ടു ഭരതൻ ഭ്രാതൃചാരിത്രശങ്കയാൽ
ഭീതനായ് സ്വകുലശ്രേഷ്ഠ്യാൽച്ചോദിപ്പതിനൊരുങ്ങിനാൻ:—

Digitized By Kerala Sahitya Akademi

"രാമൻ കവൎന്നതില്ലല്ലീ വല്ല വിപ്രന്റെയും ധനം?
നിസ്വനെയോ ധനിയെയോ കൊന്നീലല്ലീയവൻ വൃഥാ ൪൪
പരദാരങ്ങളെക്കാമിയ്ക്കുന്നില്ലല്ലീ നൃപാത്മജൻ?
ഭ്രൂണഘ്നനെപ്പോലവനെയെന്തേ ദണ്ഡക കേറുവാൻ?"
അപ്പോളവന്റെ ചപലയമ്മയാത്തനതാം തൊഴിൽ
ശരിയ്ക്കാ സ്ത്രീസ്വഭാവത്താൽത്തന്നേ ചൊല്വാൻതുടങ്ങിനാൾ;
ഏവം മഹാനാം ഭരതൻ ചോദിച്ചുളവു ചൊല്ലിനാൾ,
അറിവുണ്ടെന്നു തെളിയും മൂഢ കൈകേയി ഹൃഷ്ടയായ്:—
"രാമനൊന്നും കവൎന്നിട്ടില്ലൊരു വിപ്രന്റെയും ധനം;
നിസ്വനെയോ ധനിയെയോ ഹനിച്ചിട്ടില്ലവൻ വൃഥാ; ൪൮
ചെയ്യാ രാമൻ. പരസ്ത്രീയെക്കണ്ണാൽ നോക്കുകപോലുമേ!
ഇങ്ങു രാമാഭിഷേകം കേട്ടപ്പോൾത്താനച്ഛനോടു ഞാൻ
രാജ്യമുണ്ണിയ്ക്കു യാചിച്ചേൻ രാമന്നോ, ദൂരവാസവും.
തൻവൃത്തി പൂണ്ടാ നിന്നച്ഛൻ ചെയ്താനതുപോലെതാൻ: ൫൦
ദൂരത്തയച്ചാൻ സൌമിത്രിസീതമാരൊത്ത രാമനെ;
അപ്പൊന്നുമകനെക്കാണാഞ്ഞുരുകീൎത്തി മഹീശ്വരൻ
പുത്രശോകാൽ തളൎന്നത്രേ കാലധൎമ്മമണഞ്ഞുപോയ്.
നീയോ; ധൎമ്മമറിഞ്ഞോനേ, രാജാവായ് വാണുകൊൾകിനി:
നിനക്കുവേണ്ടിയല്ലോ, ഞാൻ ചെയ്തുവെച്ചതിതൊക്കെയും.
വേണ്ടാ ശോകവുമുൾച്ചൂട്ടും; കൈക്കൊൾക ധീരത കൊൾക നീ:
പുരി നിൻകീഴിലായല്ലോ, നാടിതും നിരുപദ്രവം.
വെക്കം വസിഷ്ഠാദിവിധിജ്ഞവിപ്ര-
ന്മാരൊത്തു കൂടെ, നൃപദാഹകൎമ്മം
ചെമ്മേ കഴിച്ചു,ക്ഷതസന്താപനാം നീ,
തനിയ്ക്കു ചെയ്യിയ്ക്ക ധരാഭിഷേകം." ൫൪

## ഏഴുപത്തിമൂന്നാം സൎഗ്ഗം: കൈകേയീഗൎഹണം.

അച്ഛൻ മരിച്ചതും, ഭ്രാതാക്കളെ ദൂരത്തയച്ചതും
കേട്ടു മാൽകൊണ്ടെരിപൊരിക്കൊണ്ടോതീ ഭരതനിങ്ങിനെ:—

Digitized By Kerala Sahitya Akademi

"നാടെന്തിനാണു, കെട്ടതിപ്പെട്ടു മാഴ്കുമെനിയ്ക്കിഹ
താതനും താതസമനാം ഭ്രാതാവും വിട്ടിരിയ്ക്കവേ? ൨
മാലിന്മേൽ മലണച്ചു മേ, പുണ്ണിന്മേൽ ക്ഷാരമിട്ടു നീ:
തമ്പുരാനെ മരിപ്പിച്ചു; രാമനേകി മുനിതപവും!
കുലം കെടാൻ വന്നവൾ നീ കാളരാത്രി കണക്കിനേ;
എന്നച്ഛൻ തീക്കനലിനെപ്പുണർന്നിട്ടറിയാതെപോയ്! ൪
എൻ തമ്പുരാനു മൃതി ചേർത്തല്ലോ നീ പാപദർശിനി;
സുഖം കെട്ടതീ മോഹാചിക്കുലത്തിൽക്കുലപാംസനി!
നീയായ്ച്ചേർന്നിപ്പോളെന്നച്ഛൻ, സത്യസന്ധൻ, സുകീർത്തിമാൻ,
തീവ്രദുഃഖാർത്തനായ്ത്തീർന്നുപ്പെട്ടല്ലോ ദശരഥൻ നൃപൻ! ൬
മുടിച്ചതെന്തിനെ,നാച്ഛൻ ധാർമ്മികൻ തിരുമേനിയെ?
എന്തിന്നു രാമനെപ്പോക്കി? പോയതെന്തിന്നു കാനനേ?
പുത്രശോകത്തെയുൾക്കിൽപ്പെട്ടക്കൌസല്യാസുമിത്രമാർ,
നീയാമെന്നമ്മയായ്ച്ചേർന്നു ജീവിയ്ക്കിലതു ദുഷ്കരം! ൮
മറ്റും ശുശ്രൂഷ ചെയ്യാറുണ്ടല്ലോ ധാർമ്മികനഗ്രജൻ,
ഗുരുശുശ്രൂഷണാഭിജ്ഞനമ്മയിൽപ്പോലെ നിങ്കലും.
ദീർഘദർശിനിയാമെൻെറ കൌസല്യവലിയമ്മയും
നിങ്കൽസ്സോദരിയിൽപ്പോലെ വർത്തിപ്പൂ ധർമ്മനിഷ്ഠയാൽ; ൧൦
അവിടുത്തെ മഹാത്മാവാം മകനെത്തോലുടുപ്പുമായ്
കാട്ടിൽപ്പാർപ്പാനയച്ചിട്ടു ദുഷ്ടേ, മാഴ്കാത്തതെന്തു നീ?
അപാപദർശനൻ ശൂരൻ കൃതാത്മാവു യശസ്വിയെ
തോലുടുപ്പിച്ചയച്ചിട്ടു ഫലമെന്തൊന്നു കാണ്മൂ നീ? ൧൨
ദുരയാലറിവീലാ നീ നൂനം രാമങ്കലെൻനില:
വരുത്തിയല്ലോ നാടിന്നായ്, വലുതാമീ വിപത്തു നീ!
രാമലക്ഷ്മണരാം മർത്ത്യവ്യാഘ്രരെക്കണ്ടിടാതെ ഞാൻ
എന്തു ശക്തിപ്രഭാവത്താലാളാം, നാടു ഭരിയ്ക്കുവാൻ? ൧൪
അവലംബിച്ചുപോന്നല്ലോ ബലവാൻ നൃപനും സദാ,
മേരു മേരുവനത്തെപ്പോലധാർമ്മികബലിഷ്ഠനെ.

Digitized By Kerala Sahitya Akademi

അതു ഞാനിപ്പോരമെപ്പുണ്ണമെന്തോജസ്സാൽച്ചുമന്നിട്ടും,
വലാളയേന്തിയ ചുമടൊരിളംകാള പോലവേ? ൧൮
ഉണ്ടാകയില്ലാം പട്ടത്വം മേ യോഗബുദ്ധിബലങ്ങളാൽ;
എന്നാലും, നിറവേററാ നിന്നാശ ഞാൻ പുത്രലാലസേ!
മടിയ്ക്കില്ലായിരുന്നു ദുഷ്ടേ നിന്നെ ത്യജിയ്ക്കുവാൻ;
നിങ്കൽ മാതൃസമസ്നേഹം രാമന്നില്ലെന്നിരിയ്ക്കിൽ ഞാൻ! ൧൯
നിനക്കീ നിനവെവ്വണ്ണമുളവായ് പാപദർശിനി,
വിഗർഹിതം, സച്ചരിതച്യുതേ, നമ്മുടെ പൂർവരാൽ?
ഇക്കലത്തിൽസ്സദാ ജ്യേഷ്ഠന്നല്ലോ രാജ്യാഭിഷേചനം;
മററു സോദരരദ്ദേഹത്തിന്നു കീഴ്പ്പെട്ടുനിന്നിടും. ൨൦
നോക്കുന്നില്ലായിരിയ്ക്കാം നീ രാജധർമ്മത്തെ നിഷ്ഠുരേ;
അല്ലെങ്കിൽ നിന്നാലജ്ഞാതം, രാജധർമ്മം സനാതനം!
എന്നൊന്നും രാജസുതരിൽ ജ്യേഷ്ഠന്നാണഭിഷേചനം;
രാജാക്കന്മാർക്കിതു സമം;—മൈക്ഷ്വാകക്ക് വിശേഷതഃ. ൨൧
ധർമ്മപാലരാം വംശവൃത്തശോഭികളാം നമ്മുടെ
നടപ്പുമേവ പിഴമാറിപ്പോയി നിങ്കലടുക്കയാൽ!
മൂത്താളെയല്ലോ വാഴിച്ചു സദ്പുത്രർ തവ ഭൂപരും;
നിന്നിലുണ്ടായതെമ്മട്ടിബ്ബുദ്ധിമോഹം വിഗർഹിതം? ൨൨
എന്നാൽ നിന്നാശ നിറവേററില്ല ഞാൻ പാപനിശ്ചയേ:
എനിയ്ക്കു,യിരിനെപ്പോക്കും വിപത്താല്ലോ വരുത്തി നീ!
ഇതാ, ഞാനിപ്പോഴേ ബന്ധുപ്രിയനാം സത്യസന്ധനെ
കാനനാൽത്തിരിയേകൊണ്ടുപോരും, നിന്നപ്രിയത്തിനായ്! ൨൩
രാമനെത്തിരിയേകൊണ്ടുപോന്നിട്ടു,ന്തസ്സുഖത്തൊടേ
ദാസനായ് നില്പയും ചെയ്യുന്നതേജോദാസുരന്നു ഞാൻ!"
ഈയപ്രിയച്ചൊല്ലുകളാലവൾക്കു-
നോവേകി, വീണ്ടും ഭരതൻ മഹീയാൻ
മാൽ മൂത്തു കേണാർത്തിതു, മന്ദരത്തിൻ
ഗുഹാന്തരേ കേസരിയെന്നപോലേ. ൨൪

Digitized By Kerala Sahitya Akademi

## എഴുപത്തിനാലാം സൎഗ്ഗം: ഭരതക്രോധവാക്യം.

---

അവ്വണ്ണമഞ്ജനനിയെപ്പഴിച്ചു ഭരതൻ തദാ
പെരുതാമരിശം പൂണ്ടു വീണ്ടുമിങ്ങിനെ ചൊല്ലിനാൻ:-
"നാട്ടിൽനിന്നകലെപ്പോക ദുഷ്ടേ, കൈകേയി, നിഷ്ഠുരേ;
നീ ധൎമ്മത്യക്ത; മൃതനെക്കുറിച്ചു കരയൊല്ല നീ! ൧

കെട്ടതെന്തു തേ ഭൂപൻ, ധൎമ്മമേറിയ രാമനോ?
ചാക്കും പോക്കുമിവൎക്കൊപ്പം വന്നല്ലോ, നീനിമിത്തമായ്!
ഭ്രൂണഹത്യ നിനക്കേററിതിക്കുലത്തെ മുടിയ്ക്കയാൽ;
കൈകേയി, നരകേ പോക; ഭൎത്തൃലോകത്തു ചെല്ലൊലാ! ൨

ഇത്രയ്ക്കു പാപം ചെയ്തല്ലോ ഘോരമാം തൊഴിൽകൊണ്ടു നീ;
സമസ്തപ്രിയനെപ്പോക്കി,ബ്ഭയം ചേൎത്തിതെനിയ്ക്കുമേ.
നീമൂലമച്ഛൻ തീൎപ്പെട്ടു; രാമനോ കാടു പൂകിനാൻ;
എനിയ്ക്കു ജീവലോകത്തിൽദ്ദുഷ്കീൎത്തിയുമുളവാക്കി നീ. ൩

മമ മാതൃനിഭാമിത്രേ, നൃശംസേ, രാജ്യലോലുപേ,
എന്നോടു മിണ്ടിക്കൂടാ നീ ദുൎവൃത്തേ, ഭൎത്തൃഘാതിനി!
സുമിത്ര, കൌസല്യയുമെൻ മററു മാതൃജനങ്ങളും
കുലം കെട്ടത്ത നിന്നെപ്പുക്കതിദുഃഖത്തിലാണ്ടുപോയ്. ൪

ധീമാനാം ധൎമ്മരാജാശ്വപതിയ്ക്കു മകളല്ല നീ;
പിതൃവംശാ മുടിപ്പാനങ്ങുളവായ് രാക്ഷസത്തി നീ!
സതതം സത്യപരനായ് ധൎമ്മവാനായ രാമനെ
കാട്ടിന്നയച്ചുവല്ലോ നീ; മാലാൽ വിൺ പൂകിയച്ഛനും! ൫

നിനക്കുററതു യാതൊന്നു,പ്പാപം പററിയതെങ്കലാം;
താതഭ്രാതൃപരിത്യക്തൻ, സൎവ്വാപ്രിയനുമായി ഞാൻ!
ധൎമ്മിഷ്ഠയായ കൌസല്യയ്ക്കീ വേൎപാടു പിണച്ചു നീ
ചെന്നേല്ക്കു നരകപ്പാരിലുംപ്പൂകം പാപനിശ്ചയേ! ൬

ബന്ധുക്കൾക്കുററ താങ്ങെന്ന നീയെന്തോൎക്കാത്തു നിൎദ്ദയേ,
ജ്യേഷ്ഠനായ്ത്താതസമനാം കൌസല്യാസൂനു രാമനെ?

Digitized By Kerala Sahitya Akademi

അംശപ്രത്യംശജൻ പുത്രൻ, നെഞ്ചിൽനിന്നും ജനിക്കുവോൻ;
അതിനാൽജ്ജനനിക്കേറെ പ്രിയനാം; ബന്ധുവോ, പ്രിയൻ. ൧൮
പണ്ടൊരിക്കൽ,കാമധേനു, ധർമ്മജ്ഞ, സുരപൂജിത
കണ്ടുപോൽ കണ്ഠമുഴുതു മൂർച്ഛിക്കും രണ്ടു പുത്രരെ;
നട്ടുച്ചയ്ക്കു തളർന്നുള്ളൊപ്പുത്രരെബ്ഭുവി കാണ്കയാൽ
കേണുപോയ്,പുത്രശോകത്താൽക്കണ്ണിൽക്കണ്ണീർ നിറഞ്ഞവൾ.
അക്കണ്ണീരിന്റെ സൗരഭ്യം തിരണ്ട ചെറുതുള്ളികൾ
വീണു, താഴെ ഗമിക്കുന്ന മഹാത്മാവാം സുരേന്ദ്രനിൽ;
നോക്കവേയാളമ്പർകോൻ കണ്ടാൻ വാനത്തു കാമധേനുവെ,
പാരം മാഴ്കി വശംകെട്ടു കരഞ്ഞുംകൊണ്ടു നില്പതായ്. ൧൯
ആ യശസ്വിനിതൻ ശോകതാപം കണ്ടു സുരാധിപൻ
നടുങ്ങിത്തൊഴുകയ്യോടേ ചോദിച്ചാൻ വജ്രി വാസവൻ'—
'എൻകൂട്ടക്കാരിലാരാനുമേകുന്നീലല്ലി വൻഭയം?
മാലങ്ങയ്ക്കെന്തുകൊണ്ടുള്ളൂ? ചൊല്ക, സർവ്വഹിതൈഷിണി!' ൨൦
ഇവണ്ണം ബുദ്ധിമാനിന്ദ്രൻ ചൊന്നാറേ, കാമധേനുവും
ഉത്തരം ചൊല്ലിനാൾ ധീര, വാഗ്വിദഗ്ദ്ധനൊടിങ്ങിനെ:—
'ശാന്തം പാപം: നിങ്ങളാതൊന്നും ചെയ്തില്ല, വാസവ!
കഷ്ടപ്പാടാണ്ട സുതരെപ്പററിയാണാഴൽകൊൾവു ഞാൻ: ൨൧
ഇതാ കാണായ്, മെലിഞ്ഞെൽപ്പെട്ടു വെയിലേററു തപ്തരായ്,
ദുരാത്മാവാം കൃഷിക്കാരൻ വലയ്ക്കുമിരുകാളകൾ.
എൻതനൂഭവരാണല്ലോ ദുഃഖിപ്പൂ ഭാരപീഡയാൽ;
ഇതു കണ്ടാണെനിക്കല്ലൽ;—ല്ലില്ല പുത്രസമൻ പ്രിയൻ!' ൨൨
ഈ ലോകം നിറയെപ്പുത്രരുള്ളോൾ കേഴ്വു കാണ്കയാൽ
ഇല്ല പുത്രനിലും മീതെയൊന്നെന്നെണ്ണീ പുരന്ദരൻ;
പുണ്യസൗരഭമായ്ത്തൂകൽ വീണ കണ്ണീരു കാണ്കയാൽ,
ശ്രേഷ്ഠതാനാസ്സുരഭിയെന്നെണ്ണീ ശക്രൻ സുരേശ്വരൻ. ൨൩
സദാ നിസ്തുല്യചരിത, ലോകധാരണകാംക്ഷിണി,
ശ്രീമാനേകാൾ, നിത്യമുന്നയാൾ, സ്വഭാവാലുള്ള ചേഷ്ടയാൽ



Digitized By Kerala Sahitya Akademi

മാഴ്കന്തൂ, വളരെപ്പുത്രരുള്ളോളാം കാമധേനുവും;
പിന്നെയെന്താണു കൌസല്യ, രാമൻകൂടാതിരിപ്പവൾ? ൨൭
ഈയേകപുത്രയാം സാധ്വിയ്ക്കപുത്രത വരുത്തി നീ;
അതിനാൽ നേട്ടമെന്നും നീ ദുഃഖ,മിങ്ങും പരത്തിലും!
ഞാൻ ഭ്രാതാവിന്നുമച്ഛന്നു, മിസ്സ്വപര്യയശേഷവും,
യശസ്സു വായ്പിയ്ക്കുവതും ചെയ്യുന്നുണ്ടി;—ല്ല സംശയം: ൩൦
കരുത്തേറിയ കൌസല്യാസുതനെക്കൊണ്ടുവന്നുടൻ,
പൂകുന്നതുണ്ടു ഞാൻതന്നേ മുനിസേവിതമാം വനം.
പാപേ, നീ ചെയ്ത പാപത്തെസ്സഹിപ്പാൻ പാപനിശ്ചയേ,
ആളല്ല; ബാഷ്പഗളരാം പൌരർതൻ നോട്ടമേററു ഞാൻ. ൩൨
നീയഗ്നിയിൽച്ചാട്ടുകയോ, താന്താൻ ദണ്ഡക പൂകയോ,
തൂങ്ങിച്ചാവുകയോ ചെയ്ക: മറെറാന്നില്ലാശ്രയം തവ!
ഞാനു, മാസ്സത്യവിക്രാന്തൻ രാമനുഴിയെ നേടിയാൽ,
കല്മഷങ്ങളകന്നോനായ്ക്കൃതകൃത്യത കൊള്ളുവൻ!" ൩൪
എന്നു രോഷാൽ ഫണിയെപ്പോൽ ചീററി വീണാൻ നിലത്തവൻ,
വടിതോട്ടികളേററാന കാട്ടിൽക്കുഴിയിലാംവിധം;

മിഴിത്തുടപ്പാൻ വിഭൂഷയൊക്കയും
തെറിച്ചു, വസ്ത്രങ്ങളഴിഞ്ഞരിന്ദമൻ
നിലത്തുവീണു നൃപപുത്രനു,ത്സവാ-
ത്യയത്തിലിന്ദ്രധ്വജമെന്നപോലവേ! ൩൫

---

എഴുപത്തഞ്ചാം സർഗ്ഗം: ഭരതശപഥവാക്യം.

—*—

നെടുനേരത്തിനാൽബ്ബോധം പൂണ്ടെഴുന്നേററു വീര്യവാൻ
ദീനയാമമ്മയെക്കണ്ണീർ തിങ്ങും കൺകൊണ്ടു നോക്കിനാൻ;
പഴിച്ചാൻ മന്ത്രിമധ്യത്തിൽവെച്ചബ്ഭരതനമ്മയെ:—
"ഞാനാശിയ്ക്കിലുമിച്ഛിച്ചീലാ, ലോചിച്ചില താനമായ്; ൧

Digitized By Kerala Sahitya Akademi

അറിഞ്ഞീല,ഭിഷേകത്തെയച്ഛൻ നിശ്ചയിച്ചതും:
വിദൂരത്തായിരുന്നല്ലോ ശത്രുഘ്നനൊരുമിച്ചു ഞാൻ.
ഞാനറിഞ്ഞീല പെരിയ രാമൻെറ വനവാസവും,
അകലെപ്പോക്കു സൌമിത്രിസീതമാർക്കും ഭവിച്ചതും.' ൮
മഹാത്മാവാം ഭരതനമ്മട്ടേ നിലവിളിക്കവേ,
ഒച്ച കേട്ടിട്ടു കൌസല്യ സുമിത്രയൊടിതോതിനാൾ:—
'വന്നുവല്ലോ ഭരതൻ, ക്രൌര്യക്കാരി കൈകേയിതൻ മകൻ:
ആ ദീർഘദർശി ഭരതൻതന്നെക്കാണേണമൊന്നു മേ.' ൯
സുമിത്രയോടിദം ചൊല്ലി, മുഖം മങ്ങി മെലിഞ്ഞവൾ
പോന്നാൾ ഭരതപാർശ്വത്തേക്കും, മയങ്ങി വിറപ്പവൾ.
എന്നാലാ, രാമസോദര്യനാകും ഭരതനും തദാ
കൌസല്യാമന്ദിരത്തേക്കു പോന്നു ശത്രുഘ്നയുക്തനായ്. ൰
കണ്ടു കെട്ടിപ്പിടിച്ചാരസ്സുമിത്രാകൈകയീസുതർ,
ദുഃഖാർത്തയായി മോഹിച്ചു വീണ കൌസല്യയെത്തുഷാ.
കരഞ്ഞുകൊണ്ടക്കരയുവോരെപ്പുല്കി മനസ്വിനി
ചൊന്നാൾ ഭരതനോടേവമാർത്തു കൌസല്യ ദീനയായ്:- ൧൧
"നാടിതാ,കിട്ടി നിർബ്ബാധം, നാടിച്ഛിയ്ക്കും നിനക്കഹോ,
കഷ്ടംകൈക്കൊണ്ടു കൈകേയിയഞ്ജസാ നേടിവെയ്ക്കയാൽ!
ചോൽ ചുററിച്ചെൻെറ മകനെക്കാട്ടിൽപ്പാർപ്പാനയച്ചതിൽ
ഗുണമെന്തൊന്നു കാണുന്നു, ക്രൂരദർശിനി കൈകയി? ൧൨
ഹിരണ്യനാഭനെന്നുണ്ണി കീർത്തിമാനെങ്ങു പാർപ്പിതോ,
അങ്ങോട്ടയച്ചാൽക്കൊള്ളാമേ വേഗം കൈകയിയെന്നെയും!
അഥവാ, ഞാൻ, സ്വയംതന്നെ സുമിത്രാനുഗയായ്സ്സുഖം,
അഗ്നിഹോത്രമെടുപ്പിച്ചു പോയ്ക്കൊള്ളാം രാമസന്നിധൌ. ൧൩
അല്ലെങ്കിലിപ്പോൾ,ത്താൻതന്നെ കൊണ്ടാക്കിത്തരികെന്നെ നീ,
ആ നരവ്യാഘ്രനെന്നുണ്ണി തപം ചെയ്യുമരുന്നിടം.
നിനക്കു തരുവിച്ചല്ലോ, ധനധാന്യസമൃദ്ധമായ്
തേരാനയശ്വങ്ങളും നിറഞ്ഞുള്ളീപ്പെരിയ നാടവൾ!" ൧൪

Digitized By Kerala Sahitya Akademi

എന്നും മററും കടുംചൊല്ലാൽ നിന്ദിതൻ ഭരതൻ ശുദ്ധൻ
തീവ്രദുഃഖനായാൻ, പുണ്ണിന്മേൽസ്പൃശിക്കത്തറയാതിൻവിധം!
അവൾതൻ കാല്ക്കലാണ്ണിന്നാൻ; പലമട്ടും പ്രതപ്തയാൽ
വിലപിച്ചു വിമൂർച്ഛിച്ചാൻ; പിന്നോട്ടുണർവു നേടിനാൻ, ൯
പുരമാളോരു വിലപിക്കുന്നാകെ കൗസല്യയോടുടൻ.
തൊഴുകൈ പൂണ്ടിതിൻവണ്ണം ചൊന്നാൻ ഭരതനത്തരം:—
“യാതൊന്നുമറിയാത്തെന്നെയമ്മേ, നിന്ദിപ്പതെന്തു നീ?
രാമങ്കൽ ഞാൻ ദൃഢാനല്പപ്രേമാവെന്നറിയാം തവ. ൧൦
ശാസ്ത്രങ്ങളിൽശ്ശിക്ഷിതയാം ബുദ്ധി നേടാത്തൊരിയ്ക്കലും;
സജ്ജസത്യപരനാമാര്യനെപ്പോക്കിവിട്ടവൻ!
മാതാപിതൃഭൃത്യനായ്പ്പോക, മേഹിയ്ക്ക രവിനേർത്താൻ,
സുപ്തഗോവെച്ചുവിട്ടീടുകാര്യനെപ്പോക്കിവിട്ടവൻ! ൧൧
വൻഭവം ചെയ്യിച്ചാലങ്ങൊക്ക് കൂലി നല്കാത്ത നാഥനിൽ
എന്തധർമ്മ,മതേല്പ്പെട്ടെ,യാര്യനെപ്പോക്കിവിട്ടവൻ!
നാട്ടാരെപ്പുത്രരെപ്പോലെ സംരക്ഷിയ്ക്കും മഹീശനെ
ദ്രോഹിച്ചാലുള്ള പാപം കൊൾകാ,ര്യനെപ്പോക്കിവിട്ടവൻ! ൧൨
കരം വാങ്ങി പ്രജകളെപ്പാലിയ്ക്കാത്ത നരേന്ദ്രനിൽ
എന്തധർമ്മ,മതേല്ക്കട്ടെ,യാര്യനെപ്പോക്കിവിട്ടവൻ!
ഏറാരച്ചിട്ടൃഷീന്ദ്രർക്ക് സത്രത്തിൽ ക്രതുദക്ഷിണ
മറിച്ചാലുള്ള പാപം കൊൾകാ,ര്യനെപ്പോക്കിവിട്ടവൻ! ൧൩
തേരാനയശ്വങ്ങൾ നിറഞ്ഞായുധം ചിന്നുമാജിയിൽ
സാധുധർമ്മമനുഷ്ഠിയ്ക്കായ്ക,യാര്യനെപ്പോക്കിവിട്ടവൻ!
ധീമാൻ പണിപ്പെട്ടുപദേശിച്ച സൂക്ഷ്മാർത്ഥശാസ്ത്രവും
കെട്ടത്തിട്ടെ ദുഷ്ടാത്മാവാ,യാര്യനെപ്പോക്കിവിട്ടവൻ; ൧൪
കൈത്തോളുകൾ തടിച്ചുള്ള ചന്ദ്രാർക്കദ്യുതിയാമവൻ
നാടു വാഴ്വതു കണ്ടീടൊല്ലാ,ര്യനെപ്പോക്കിവിട്ടവൻ!
'ആട പായസമെൾച്ചോറും വൃഥാ തിന്നുക നിശ്ചല്യനൻ;
ഇതുനിന്ദനവും ചെയ്യുകാര്യനെപ്പോക്കിവിട്ടവൻ! ൧൫

Digitized By Kerala Sahitya Akademi

കാലാൽത്തൊടട്ടെ പശുവെ ച്ചൊല്ലട്ടെ ഗുരുദൂഷണം,
മിത്രത്തെയേററം ദ്രോഹിയ്ക്കുകാ,യ്തനെപ്പോക്കിവിട്ടവൻ!
വിശ്വാസാൽ വല്ല വിജനത്തിലും ചൊന്നോരു ദൂഷണം
പുറത്താക്കട്ടെ ദുഷ്ടാത്മാവാ,യ്തനെപ്പോക്കിവിട്ടവൻ! ൩൨
ചെയ്യാത്തോൻ, നന്ദിയില്ലാത്തോൻ സന്ത്യക്തനനപത്രപൻ
പാരിൽ ദ്വിഷ്ടനമാവട്ടെ,യാൎയ്യനെപ്പോക്കിവിട്ടവൻ!
തൻവീട്ടിൽദ്ദാരസുതരും ഭൃത്യരും ചൂഴെ നില്ക്കവേ,
ഒററയ്ക്കുണ്ണട്ടെ മൃഷ്ടാന്നമാൎയ്യനെപ്പോക്കിവിട്ടവൻ! ൩൪
തക്ക ഭാൎയ്യയെ നേടാതെ, ധൎമ്മാനുഷ്ഠാനമെന്നിയേ,
മക്കളില്ലാതെ ചാകട്ടെ,യാൎയ്യനെപ്പോക്കിവിട്ടവൻ!
തൻഭാൎയ്യയിൽത്തൻ പ്രജയെക്കാണാതെയഴലേല്ക്കുക,
ആയുസ്സു മുഴുവൻ നേടായ്ക,യ്തനെപ്പോക്കിവിട്ടവൻ! ൩൬
രാജസ്ത്രീബാലവൃദ്ധഘ്നന്നെന്തുപാപം കഥിപ്പിതാ,
ഭൃത്യത്യാഗിയ്ക്കുമെന്തൊന്നോ പാപ,മപ്പാപമേല്ക്കുക!
അരക്ക, മദ്യമാംസങ്ങൾ, വിഷം, ലോഹമിവററിനാൽ
പുലൎത്തുക കുടുംബത്തെ,യാൎയ്യനെപ്പോക്കിവിട്ടവൻ! ൩൮
പററലൎപ്പങ്കിനു ഭയം നല്കി പട നടക്കവേ
പാഞ്ഞുപോം നരനെക്കൊല്ലുകാ,യ്തനെപ്പോക്കിവിട്ടവൻ.
മൺചട്ടിപ്പൊളി കൈക്കൊണ്ടു പിച്ചയ്ക്കായ്ക്കീറമുണ്ടൊടും
മന്നിൽത്തെണ്ടട്ടെ നൊസ്സൻ പോലാ,യ്തനെപ്പോക്കിവിട്ടവൻ! ൪൦
സക്തനാവട്ടെ കള്ളി പെൺ ചൂതാട്ടമിവയിൽസ്സദാ;
കാമക്രോധവശത്താവുകാ,യ്തനെപ്പോക്കിവിട്ടവൻ!
ചെല്ലൊല്ലാ ബുദ്ധി ധൎമ്മത്തിൽ, ച്ചെയ്കീടട്ടെയധൎമ്മവും;
അപാത്രവൎഷിയായ്ത്തീരുകാ,യ്തനെപ്പോക്കിവിട്ടവൻ! ൪൨
കള്ളന്മാർ കട്ടൊടുക്കട്ടെ, യാൎയ്യനെപ്പോക്കിവിട്ടവൻ
ലക്ഷക്കണക്കിലാൎജ്ജിച്ചുവെച്ച നാനാധനങ്ങളെ!
ഇരുസന്ധ്യയ്ക്കുറങ്ങുന്നോന്നെന്തു പാപം വിധിപ്പിതാ,
അപ്പാപമേററുകൊള്ളട്ടെ,യാൎയ്യനെപ്പോക്കിവിട്ടവൻ! ൪൪

Digitized By Kerala Sahitya Akademi

തീ വെച്ചോന്നെന്തുവാൻ പാപം, ഗുരുതല്പഗനെന്തുവാൻ,
മിത്രദ്രോഹിയ്ക്കുമെന്തൊന്നാ പാപ, മപ്പാപമേല്ക്കുക!
ദേവകർമ്മം പിതൃകർമ്മമച്ഛനമ്മയിവർക്കുമേ
ശുശ്രൂഷയാചരിച്ചീടായ്കാ,ര്യനെപ്പോക്കിവിട്ടവൻ! ൪൬
സല്ലോകസജ്ജനശ്ലാഘാസൽക്കർമ്മങ്ങളിൽനിന്നവൻ
ഭ്രഷ്ടനാകട്ടെയിപ്പോൾത്താനാ,ര്യനെപ്പോക്കിവിട്ടവൻ!
മാതൃശുശ്രൂഷ കൈവിട്ടിട്ടനർത്ഥത്തിങ്കൽ നില്ക്കുക,
നെടുംകൈവിരിമാറൊക്കമാ,ര്യനെപ്പോക്കിവിട്ടവൻ. ൪൮
നിസ്വനായ്, മക്കൾ പെരുകി, ജ്വരരോഗസമേതനായ്,
കഷ്ടപ്പെടട്ടേ സതത,മാര്യനെപ്പോക്കിവിട്ടവൻ!
ദീനരായ് വാഞ്ഛിതമേല്പോട്ടു നോക്കി യാചിയ്ക്കുമാൾകളിൽ
ആശാഭംഗമിയറ്റട്ടെ,യാര്യനെപ്പോക്കിവിട്ടവൻ! ൫൦
രമിയ്ക്കുകെന്നും ചതിയാല,ശ്ശുദ്ധൻ, പിശുനൻ: ശഠൻ,
രാജഭീതന,ധർമ്മാത്മാവാ,ര്യനെപ്പോക്കിവിട്ടവൻ!
സതി ഭാര്യയൃതുസ്നാതയൃതുകാലത്തു ചെല്ലവേ;
കൈക്കൊള്ളാതാക ദുഷ്ടാത്മാവാ,ര്യനെപ്പോക്കിവിട്ടവൻ! ൫൨
ധർമ്മപത്നിയെ വിട്ടേച്ചു ഗമിയ്ക്ക പരപത്നിയെ
അധർമ്മനിരതൻ മൂഢനാ,ര്യനെപ്പോക്കിവിട്ടവൻ!
സന്താനത്തെപ്പുലർത്താത്തോരന്തണന്നെന്തു ദുഷ്കൃതം,
അതു നേടീടുമാറാവുകാ,ര്യനെപ്പോക്കിവിട്ടവൻ! ൫൪
വെള്ളം കലക്കിയോനെന്തുപാപം നഞ്ഞേകിയോന്നുമേ,
ആയതൊറ്റയ്ക്കു നേടട്ടെ,യാര്യനെപ്പോക്കിവിട്ടവൻ!
കറക്ക, കുട്ടി ചെറുതാം പയ്യിനെക്കലുഷേന്ദ്രിയൻ,
വിപ്രപൂജ മുടക്കീടുകാ,ര്യനെപ്പോക്കിവിട്ടവൻ! ൫൬
തണ്ണീരിരിയ്ക്കുമ്പോഴവൻ തൃഷാർത്തനെ മിരട്ടുമോ,
അവനുണ്ടാം പാപമേല്ക്കുകാ,ര്യനെപ്പോക്കിവിട്ടവൻ;
വിവാദികളിലേകങ്കൽക്കൂർകൊണ്ടു വഴികാട്ടിയാൽ
പറ്റിപ്പോകുന്ന പാപം കൊൾകാ,ര്യനെപ്പോക്കിവിട്ടവൻ!" ൫൮

Digitized By Kerala Sahitya Akademi

മൽത്താവും മകനും പോയ കൌസല്യയെയിതിൻവിധം
ആശ്വസിപ്പിയ്ക്കവേതന്നെ വീണ്ടു ദീനൻ നൃപാത്മജൻ.
കട്ടംശപഥമോടാണയിടവേ ശോകതപ്തനായ്
ബോധം കെട്ടാബ്ഭരതനോടങ്ങു കൌസല്യ ചൊല്ലിനാൾ:- ൩൦
'ഈ മാലെനിയ്ക്കു മകനേ പെരുകീടുന്നു വീണ്ടുമേ:
എൻപ്രാണനെ ഞെരുക്കുന്നുവല്ലോ, നിൻശപഥോക്തികൾ!
ഭാഗ്യം, ധർമ്മാൽച്ചലിച്ചിട്ടില്ലുള്ളം തവ സുലക്ഷണം!
കുഞ്ഞേ സത്യപ്രതിജ്ഞൻ നീ സല്ലോകങ്ങളണഞ്ഞിടും! ൩൨
എന്നോതി മടിയിൽക്കേററിപ്പുല്കിക്കേണാൾ തുലോം ശുചാ,
മഹാഭുജൻ ഭരതനെ, ഭ്രാതൃവാത്സല്യശാലിയെ.
ദുഃഖാർത്തനാം മഹാത്മാവിന്നീവിധം വിലപിയ്ക്കവേ
കലങ്ങിപ്പോയ് മനം മോഹത്താലും മാൽത്തള്ളലാലുമേ! ൩൪

നാനാതരത്തിൽ പ്രലപിച്ചു, മുള്ളം
മയങ്ങി മോഹിച്ചു നിലത്തു വീണും,
ഇടയ്ക്കിടയ്ക്കുഷ്ണവീർപ്പു വിട്ടും
കഴിഞ്ഞിതാ രാത്രിയവന്നു ദുഃഖാൽ!

—*—

## എഴുപത്താറാം സർഗ്ഗം: ദശരഥസംസ്കാരം.

—(o)—

ഏവം മാൽകൊണ്ടു വേവുററ കൈകേയീസൂനുതന്നോടായ്,
വരിഷ്ഠവാക്കാം വാഗ്മീന്ദ്രൻ വസിഷ്ഠമുനി ചൊല്ലിനാൻ:-
'പോരും ദുഃഖം, തവ ശുഭം, രാജപുത്ര, സുകീർത്തിമൻ!
മന്നവനിപ്പോഴേ വേണ്ടും ശേഷക്രിയ കഴിയ്ക്കു നീ.' ൨
വസിഷ്ഠവചനം കേട്ടു ഭരതൻ ധൃതധൈര്യനായ്
ശേഷക്രിയകളൊട്ടുക്ക ചെയ്യിച്ചു ധർമ്മകോവിദൻ:
കിടത്തിനാനെണ്ണയിൽനിന്നെടുത്തിട്ടു നിലത്തവൻ,
മുഖം മഞ്ഞച്ചുപോയങ്ങുറങ്ങുന്നോൻ പോലിരുന്ന മഹീന്ദ്രനെ: ൪

Digitized By Kerala Sahitya Akademi

പിന്നീട്ട നാനാരത്നങ്ങളണിഞ്ഞ വരമെത്തമേൽ
കിടത്തി,യച്ഛനെപ്പററി വിലപിച്ചാൻ മകൻ ശ്രുചാ:
"ഇടന്നതെന്തോ,ദ്ദൂരസ്ഥൻ ഞാൻ വരുംമുമ്പു മന്നവ,
ധർമ്മജ്ഞോജ്ഝിതസൌമിത്രിരാമന്മാരെയകററി നീ? ൮
നൃസിംഹനാം കർമ്മപടു രാമനില്ലാഞ്ഞിളേശ്വര,
മാലേററ ഞങ്ങളെ വെടിഞ്ഞെത്തുന്നള്ളുവതെങ്ങുവാൻ!
ഈ നിൻപുരിയിലാരേകും യോഗക്ഷേമമനാകുലം,
അച്ഛൻ വിൺ പൂകിയും, രാമൻ കാട്ടിൽപ്പോയുമിരിക്കവേ? ൯
തമ്പുരാൻ വിട്ടു വൈധവ്യം പെട്ടനിഷ്പ്രഭയായ് മഹി;
നിശ്ചന്ദ്രനിശപോലല്ലോ തോന്നുന്നു പുരവും മമ!"
എന്നാം തളന്നു വിലപിക്കുന്നാംപ്പരതനോടുടൻ
അരുളംചെയ്തീടിനാൻ വീണ്ടും വസിഷ്ഠമുനിസത്തമൻ:- ൧൦
'ഈ രാജാവിന്നു ചെയ്യേണ്ടും ശേഷക്രിയകളേവയോ,
അവ ചെയ്ക മഹാബാഹോ, മാഴ്കാതേ ചിന്തയെന്നിയേ.'
ആവാമെന്നാ വസിഷ്ഠോക്തി മാനിച്ചു ഭരതൻ തദാ
വെമ്പിച്ചാനൃത്വിഗാചാര്യപുരോഹിതരെയൊക്കയും. ൧൧
അഗ്നിശാലയ്ക്കു വെളിയിൽ വെച്ചിരുന്ന നൃപാഗ്നികൾ
കൊണ്ടുവന്നു യഥാശാസ്ത്രമൃത്വിക്കുകൾ സയാജകർ.
പില്ലാട്ട പള്ളിപ്പല്ലക്കിലേററിത്തീപ്പെട്ട ഭൂപനെ
ചുമന്നാർ, ശോകബാഷ്പത്താൽത്തൊണ്ടനാ പരിചാരകർ. ൧൨
പൊൻവെള്ളിപ്പൂക്കളും മാല്യേ വിചിത്രവസനങ്ങളും
വിരിച്ചുകൊണ്ടൊ,രാൾക്കൂട്ടം നടന്നു തിരുമുമ്പിലായ്.
ദേവതാരം, പതിമുക, മകിൽ, ഗുൽഗുലു, ചന്ദനം,
ചരളം മുതലാം നാനാഗന്ധവസ്തുക്കളെച്ചിലർ ൧൩
കൂട്ടിനാർ കൊണ്ടുവന്നങ്ങു; തത്ര പൊന്നാ മഹീശനെ
ഇറക്കി,പ്പട്ടടനടുക്കൃത്വിക്കുകൾ കിടത്തിനാർ;
തീ വെപ്പിച്ചു ജപിച്ചാർ തന്നൃത്വിക്കുകളവനുടൻ;
സാമവും വിധിപോലങ്ങു സാമജ്ഞരവർ പാടിനാർ. ൧൪

Digitized By Kerala Sahitya Akademi

അപ്പോൾപ്പുരിയിൽനിന്നിങ്ങു പോന്നു കിഴവർ ചുറ്റുമായ്,
പല്ലക്കും യാനവും കേറിത്തന്നാരികൾ യഥോചിതം;
അപ്രദക്ഷിണവും വെച്ചാരന്തിചിത്താം നരേന്ദ്രനെ
ഋത്വിക്കുകളുമൊപ്പം കൂടോടെ കൗസല്യാദിമാതരും ൨൦
തദാ ക്രൗഞ്ചീസമം കേൾക്കായ് മാഴ്കും സ്ത്രീകൾതന്നൊലി:
കരുണം മുറയിട്ടാരങ്ങവരായിരമായിരം!
തദാ ക്രൗഞ്ചീസമം കേൾക്കായ് മാഴ്കും സ്ത്രീകൾതന്നൊലി:
കരുണം മുറയിട്ടാരങ്ങവരായിരമായിരം!
കരഞ്ഞും, പേൎത്തുപേൎത്തും മാൽ പൊറാഞ്ഞു വിലപിച്ചുമേ,
രാജനാരികൾ യാനം വിട്ടിറങ്ങി സരയൂതടേ. ൨൧

അത്ര രാജ്ഞിമാരും ഋത്വമന്ത്രിമാരും
കുമാരനൊന്നിച്ചു നിവാപമേകി,
കണ്ണും നിറഞ്ഞപ്പുരി പുക്കു, മന്നിൽ-
ക്കിടന്നു, പോക്കീ പുല പത്തുനാളും.

—*—

## എഴുപത്തേഴാം സൎഗ്ഗം: അസ്ഥിസഞ്ചയനം.

പത്തുനാൾ ചെന്നതിൻശേഷം പുല പോക്കി നൃപാത്മജൻ
പന്തിരണ്ടാം ദിനത്തിങ്കൽ ശ്രാദ്ധകൎമ്മം നടത്തിനാൻ:
ബ്രാഹ്മണൎക്കേകിനാനേറ്റം ധനത്തെ പൂമന്നവും
ഭൂരിവെള്ളാട്ടുകളെയും, വളരെഗ്ഗോക്കളെയുമേ; ൨
ദാസീദാസർ; മഹാഗേഹയാനങ്ങളിവയും തദാ
ബ്രാഹ്മണൎക്കേകിനാൻ ഭൂപന്നൗൎദ്ധ്വദൈഹികമായ് മകൻ.
അതിൽപ്പിന്നെപ്പതിമ്മൂന്നാം ദിവസം പുലർവേളയിൽ
വിലപിച്ചാൻ മഹാബാഹു ഭരതൻ ശോകമൂൎച്ഛിതൻ— ൪
അസ്ഥിസഞ്ചയനത്തിന്നായ്ച്ചെന്നച്ഛന്റെ ചിതാന്തികേ,
തേങ്ങിത്തേങ്ങിക്കരഞ്ഞേവം കഥിച്ചാനതിദുഃഖിതൻ:-
"അയ്യോ രാമനല്ലല്ലോ ഞാനല്പിപ്പിയച്ഛൻ തന്നാൽ;
അവൻ വനം പൂകുകയാൽ വിജനൻ ത്യക്തനായി ഞാൻ! ൬

30

അനാഥയാമാർക്കുമ്പോയ മകൻ കാട്ടിൽഗ്ഗമിച്ചിതോ,
അക്കൌസല്യാംബയെ വെടിഞ്ഞച്ഛനെങ്ങോട്ടുപോയ് നൃപ!”
അന്ധി വെന്തു ചുകപ്പാന്ന ചാരക്കളമതങ്ങവൻ,
അച്ഛന്റെ മൈ നശിച്ചേടം കണ്ടു മാഴ്കി ഞെരുങ്ങിനാൻ; ൬
കണ്ടിട്ടവൻ കരഞ്ഞുംകൊണ്ടാർത്തനായ്സ്ഥിണ്ഡിതുഴിയിൽ,
പൊന്തിയ്ക്കപ്പെട്ടവേ വീണ യന്ത്രേന്ദ്രധ്വജമാംവിധം.
പ്രാപിച്ചാർ തദമാത്യന്മാരെല്ലാം സുവ്രതനെത്തദാ,
പുണ്യക്ഷയേ വീണ യയാതിയെത്താപസർ പോലവേ;
ശോകാർത്തനാം ഭരതനെക്കണ്ടു ശത്രുഘ്നനും തദാ
ഊഴിനാഥനെയോൎമ്മിച്ചു മോഹിച്ചൂഴിയിൽ വീണുപോയ്.
ഉന്മത്തൻ പോലെയുൾമങ്ങി വിലപിച്ചാൻ സുദുഃഖിതൻ,
അന്നന്നതാതാമച്ഛന്റെ ഗുണഭോഗങ്ങളോർക്കയാൽ‘- ൭
‘മന്ഥരാജനിതം, തീവ്രം, കൈകേയീനക്രസംയുതം,
മുക്കിക്കളഞ്ഞിതക്ഷോഭ്യം!വരദാനാമയാർണ്ണവം!
ഭവാൻ സദാപി ലാളിച്ച കുഞ്ഞിനെ,സ്സുകുമാരനെ,
വിലപിയ്ക്കും ഭരതനെക്കൈവെടിഞ്ഞച്ഛനെങ്ങുപോയ്! ൮
ഞങ്ങൾക്കൊക്കെ പാനാന്നവസ്ത്രഭൂഷകളെല്ലവാൻ
ചോദിച്ചു നല്കിപ്പോന്നല്ലോ; ഞങ്ങൾക്കാരുണ്ടതിന്നിനി?
ധൎമ്മജ്ഞനാം മഹാത്മാവു തമ്പുരാൻ വിട്ടുപോകയാൽ
പിളരേണ്ടുന്ന കാലത്തും പിളരുന്നില മേദിനി! ൯
അച്ഛൻ വിൺ പൂകിയും, രാമൻ കാട്ടിൽപ്പോയുമിരിയ്ക്കവേ,
കെല്പെന്തെനിയ്ക്കു ജീവിപ്പാൻ? തീയിൽച്ചാടുന്നതുണ്ടു ഞാൻ!
ജ്യേഷ്ഠനച്ഛനുമില്ലാതെ, ശൂന്യമാകുമയോധ്യയിൽ,
ഐക്ഷ്വാകർ കാത്തതിൽപ്പൂകാ, പൂകുവാൻ ഞാൻ തപോവ
അവർതൻ പ്രവിലാപം കേട്ടു,നത്ഥമതു കണ്ടുമേ, [നം!” ൯
വീണ്ടുമത്യാർത്തനായ്ത്തീർന്നു കൂടെയുള്ളവരൊക്കെയും.
മാലാൽത്തളൎന്ന ഭരതശത്രുഘ്നരിരുപേരുമേ
മന്നിൽക്കിടന്നരുണ്ടോർ, കൊമ്പററ കാളകൾ പോലവേ. ൧൦

Digitized By Kerala Sahitya Akademi

അപ്പോൾസ്സുശീലൻ സൎവ്വജ്ഞനാം തൻപിതൃപുരോഹിതൻ
വസിഷ്ഠനബ്ഭരതനെയെഴുന്നേല്പിച്ചു ചൊല്ലിനാൻ:-
'അച്ഛനെസ്സംസ്കരിച്ചിട്ടു പതിമ്മൂന്നാമഹസ്സിതാം;
ബാക്കിയസ്ഥിപെറുക്കാതിങ്ങനേ വൈകിപ്പൂ നീ വിഭോ? ൧൩
ചേരും ദ്വന്ദ്വങ്ങൾ മൂന്നല്ലോ ജന്തുക്കളിലൊരേവിധം;
അതി,വയ്യങ്ങളവയിലിമ്മട്ടായ്ത്തീരൊലാ ഭവാൻ!'
ശത്രുഘ്നനെയെഴുന്നേല്പിച്ചത്തൽ നീക്കിസ്സുമന്ത്രരും,
ജന്മമൃത്യുക്കളെവൎക്കുമുണ്ടെന്ന പൊരുളോതിനാൻ. ൧൪
എഴുന്നേററാ നരവ്യാഘ്രർ വിളങ്ങീ പുകളേറിയോർ,
വെയ്യേററു മഴവെള്ളേററ രണ്ടിന്ദ്രധ്വജമാംവിധം.
കണ്ണീർ തുടച്ചു,ക്ഷി തുടൎന്നാ,ൎത്തവാക്കുകൾ ചൊല്കവേ,
തിടുക്കി മററുകൎമ്മങ്ങൾക്കമാത്യന്മാർ കുമാരരെ. ൧൫

---

എഴുപത്തെട്ടാം സൎഗ്ഗം: മന്ഥരാമോചനം.

---

പിന്നെ യാത്രയ്ക്കൊരുങ്ങുമ്പോൾ, ശത്രുഘ്നൻ ലക്ഷ്മണാനുജൻ
മാലിൽ വേവും ഭരതനോടീവണ്ണമുരിയാടിനാൻ:—
'താങ്ങവൻ പ്രാണികൾക്കെല്ലാം മാലിലെ,ന്തോ തനിയ്ക്കിനി,
കാടേററപ്പെട്ടിതോജസ്വിയാ രാമനൊരു പെണ്ണിനാൽ! ൧
വീൎയ്യവാനും പ്രബലനുമായ ലക്ഷ്മണനെന്നവൻ
അച്ഛനെക്കൊന്നു മോചിപ്പിയ്ക്കാഞ്ഞതെന്താണു രാമനെ?
നയാനയം നിരീക്ഷിച്ചു മുന്നേ കൊല്ലേണ്ടതല്ലയോ,
പെണ്ണിന്നടിമയായ്ച്ചീത്ത വഴി കേറിയ ഭൂപനെ?' ൨
ശത്രുഘ്നൻ ലക്ഷ്മണഭ്രാതാവിവണ്ണമുരചെയ്യവേ,
പ്രാഗ്ദ്വാരത്തെത്തിനാൾ കൂനി പണ്ടമെല്ലാമണിഞ്ഞവൾ:
ചന്ദനച്ചാറു മേൽപ്പൂശി, രാജവസ്ത്രങ്ങൾ പൂണ്ടവൾ,
അതാതു പല പണ്ടങ്ങൾ പലമട്ടിലണിഞ്ഞവൾ; ൩
അരഞ്ഞാണുകളും മററു പല നൽഭൂഷണങ്ങളും
കെട്ടി മിന്നീ, കയർക്കെട്ടിൽപ്പെട്ട വാനരി പോലവേ.

Digitized By Kerala Sahitya Akademi

കാവൽക്കാരാക്കാറിനയാമരുദ്ധഷ്ടത്തി ക്രുനിയെ
കണ്ടവാറേ പിടിച്ചങ്ങു ശത്രുഘ്നനോടുണർത്തിനാർ:— ൯

'ആർമൂലം കാട്ടിലായ് രാമനു,ടൽ കൈവിട്ടിതച്ഛനും,
അദ്ദുഷ്ടനിഷ്ഠുരയിതാ;-ശിക്ഷിയ്ക്കുക യഥേഷ്ടമേ.'
ആ വാക്ക കേട്ടു ശത്രുഘ്നനതിയാം വ്യസനത്തൊടേ
ശുദ്ധാന്തചരരോടെല്ലാം ചൊന്നാനേവം ധൃതവ്രതൻ:— ൧൦

'പിണച്ചല്ലോ കടുംമാവെൻഭ്രാതൃക്കൾക്കും പിതാവിനും;
അതിനാലിവളാ ക്രൂരകർമ്മത്തിൻ ഫലമേല്ക്കണം.'
എന്നുരച്ചിട്ടവൻ ക്ഷിപ്രം ചെന്നമത്തു പിടിയ്ക്കയാൽ,
തോഴിമാർ മുഴമക്രന്ദിയഗ്ഗ്രഹത്തെ മുഴക്കിനാർ. ൧൧

ശത്രുഘ്നനുടെ കോപം കണ്ടത്യന്തം സന്താപത്തൊടേ
കുതിച്ചുപാഞ്ഞോര,വരന്തൻ തോഴിമാരൊക്കെ നീളവേ.
വിളിച്ചാർ തമ്മില,വരന്തൻ തോഴിമാരൊക്കെയൊപ്പമേ:
'മുതിന്നതാക്കിലിദ്ദേഹം ബാക്കിവെയ്ക്കില്ല നമ്മളെ! ൧൨

ദയൌദാര്യയശോധർമ്മവതി കോസലപുത്രിയെ
ശരണംപൂകുക;-വിട്ടന്നത്ര ഗതി നമുക്കിഹ!'
രോഷത്താൽക്കൺചുകപ്പാന്നശ്ശത്രുഘ്നൻ ശത്രുതാപനൻ
നിലത്തിട്ടവലിച്ചാന,ങ്ങാശ്ശത്രുകേഴുന്ന ക്രുനിയെ. ൧൩

അങ്ങങ്ങിട്ടു വലിയ്ക്കപ്പെട്ടീടും മന്ഥരതന്നുടെ
ആ നാനാവിധനല്പ്പണ്ടം മന്നിൽച്ചോടിയുതിർന്നുപോയ്;
അപ്പണ്ടം ചിന്നിടുകയാൽ ശ്രീമത്താം രാജമന്ദിരം
ഏറെശ്ശോഭിച്ചിതന്നേരം, ശാരദാകാശമംഗിയിൽ. ൧൪

അക്കരുത്തനതിക്രോധാൽപ്പിടികൂടി നരർഷഭൻ
കൈകേയിയെദ്ധിക്കാരിച്ചുചൊന്നാൻ പരുഷഭാഷിതം.
അദ്ദുഷ്പരുഷവാക്കാലേ ദുഃഖമേറിയ കൈകയി
ശത്രുഘ്നനിൽബ്ഭയം പൂണ്ടു ശരണംപുക്ക പുത്രനെ. ൧൫

അവളെക്കണ്ടു ഭരതൻ ക്രുദ്ധശത്രുഘ്നനോടുടൻ,
'അവധ്യയല്ലോ സ്ത്രീയാൾക്കു; ക്ഷമ കൊൾകെ'ന്നു ചൊല്ലിനാൻ;-

Digitized By Kerala Sahitya Akademi

'കൊന്നേനേ പാപദുർവൃത്തയാമിക്കൈകേയിയെ സ്വയം,
തള്ളാ മാതൃഘ്നനാമെന്നെയധാർമ്മികൻ രാമനെങ്കിൽ ഞാൻ! ൧൧
ഇക്കുനിപോലും കൊല്ലപ്പെട്ടതു കേട്ടാൽക്കകുത്സ്ഥനന്ദനൻ
സംസാരിയ്ക്കില്ല നിന്നോടുമെന്നോടും ധാർമ്മികൻ ദൃഢം!'
ഭരതച്ചൊല്ലു കേട്ടിട്ടു ശത്രുഘ്നൻ ലക്ഷ്മണാനുജൻ
അടക്കിവെച്ചാനരിശം, വിട്ടാൻ, മന്ഥരതന്നെയും. ൧൨
ഉടൻ കൈകേയിതൻ കാല്ക്കൽച്ചെന്നു വീണിതു മന്ഥര;
നെടുവീർപ്പിട്ടു മാൽ മുത്തു വിലപിച്ചിതു ദീനമായ്.

ശത്രുഘ്നനച്ചെയ്തോരൊലുമ്പൽമൂലം,
കുടുക്കിലാം ക്രൗഞ്ചി കണക്കു മാഴ്കി
വിസംജ്ഞയായ് നോക്കിന കുനിയെക്ക-
ണ്ടാശ്വാസമേകീ ഭരതാംബ മെല്ലെ. ൧൩

—*—

## ഏഴുപത്തൊമ്പതാം സർഗ്ഗം: ഭരതപ്രതിജ്ഞ.

—*—

അതിൽപ്പിന്നെപ്പതിന്നാലാം ദിനത്തിൽപ്പുലർവേളയിൽ
ചേർന്നൊത്തു രാജകർത്താക്കൾ ഭരതൻതന്നൊടോതിനാർ:—
വിൺ പുക്കല്ലോ ദശരഥൻ നമുക്കുററ ഗുരൂത്തമൻ
ജ്യേഷ്ഠനാം രാമനെപ്പോക്കിബ്ബലിലക്ഷ്മണനേയുമേ. ൧
രാജാവാകണ്ട ഞങ്ങൾക്കിന്നരുകീർത്തേ, നൃപാത്മജ;
കുററം ചെയ്യാത്തതൈക്യത്താലാണീ, രാജ്യമനായകം.
ഇതാ, പട്ടാഭിഷേകക്കോപ്പെല്ലാം കൈക്കൊണ്ടു രാഘവ,
നിന്നെക്കാക്കുന്നു തന്നാൾക്കാർ പൗരരും നൃപനന്ദന. ൨
രാജ്യം ഭരത, കൈക്കൊൾക പിതൃപൈതാമഹം ധ്രുവം;
അഭിഷേകം കഴിച്ചസ്മദ്രക്ഷചെയ്ക നരർഷഭ!'
പട്ടാഭിഷേകക്കോപ്പെല്ലാം വലംവെച്ചു ധൃതവ്രതൻ
അജ്ജനങ്ങളൊടെല്ലാമേ ചൊന്നാൻ ഭരതനുത്തരം:— ൩

Digitized By Kerala Sahitya Akademi

"രാജത്വം മൂപ്പിലേയ്ക്കല്ലോ പതിവായ് നമ്മൾതൻകുലേ;
പറയായ്ക,റിവുള്ളോരാം ഭവാന്മാരെന്നോടീവിധം.
നമുക്ക,ഗ്രജനാം രാമൻ വേണമുർവീശനാകുവാൻ;
ഞാനോ, വനത്തിൽപ്പാർക്കുന്നുണ്ടഞ്ചുമൊമ്പതുമാണ്ടുകൾ. ൯

കൂട്ടുവിൻ ബലമേറുന്ന ചതുരംഗപ്പെരുംപട:
ജ്യേഷ്ഠനാം രാമനെക്കൊണ്ടുവരുവൻ കാട്ടിൽനിന്നു ഞാൻ.
അഭിഷേകത്തിനായിട്ടീയൊരുക്കിയതൊക്കവേ
മുന്നിലാക്കിഗ്ഗമിയ്ക്കുന്നേൻ, രാമനായ്ക്കാട്ടിലേയ്ക്കു ഞാൻ. ൧൦

അങ്ങുവെച്ചഭിഷേകം ചെയ്താ നരവ്യാഘ്രരാമനെ
പൂജിച്ചു കൊണ്ടുവരുവൻ, യജ്ഞാലഗ്നിയെയാംവിധം:
എന്നമ്മയെന്നോതുമിവൾക്കണയ്ക്കില്ലിഷ്ടസിദ്ധി ഞാൻ;
ദുർഗ്ഗമാം കാട്ടിൽ ഞാൻ വാഴും; രാമൻ രാജാവുമായ്വരും! ൧൧

വഴി വെട്ടട്ടെ, വിഷമം സമമാക്കട്ടെ ശില്പികൾ
കൂടെപ്പോകട്ടെ, വഴിയിൽദ്ദുർഗ്ഗം നോക്കുന്ന രക്ഷകർ."
രാമനെപ്പററിയീവണ്ണം ശ്രീമത്താം ഭരതഭാഷിതം
ചൊല്ലും രാജാത്മജനോടു ചൊന്നാരാളുകളേവരും: ൧൨

'പൂമാതാം ലക്ഷ്മി വാഴട്ടെ,യേവം പറയുമങ്ങയിൽ:
പാര,ജ്ഞനാം രാജസുതന്നേകാനല്ലോ നിനപ്പു നീ!'
മികച്ചതാം വാക്കതു രാജനന്ദനൻ
പ്രതിജ്ഞയായ്ച്ചൊന്നതു കേട്ടവേളയിൽ,
അവങ്കൽ മോദാൽ നയനാനനത്തിൽനി-
ന്നതിന്നുവീണു സഭികക്കു കണ്ണുനീർ. ൧൩

ചൊന്നാരീയൊരു മൊഴി കേട്ടു ജാതഹർഷം
മാൽ നീങ്ങിസ്സചിവസമേതരസ്സദസ്യർ:—
'നിൻചൊല്ലാൽ നൃവര വഴിയ്ക്കയച്ചിരിപ്പു
വേലക്കാരെയുമഥ രക്ഷിലോകരേയും.'

## എണ്പതാം സര്ഗ്ഗം: മാര്ഗ്ഗനിര്മ്മാണം.

പിന്നെ, സ്ഥലങ്ങളറിവോര്, സൂപ്പണിത്തോണിയുള്ളവര്,
തന്ജോലി നോക്കും ശൂരന്മാര് യന്ത്രകാരര്. തുരപ്പുകാര്,
കൂലിക്കാര്, കൊത്തുവേലക്കാര്, മേലാൾക്കാര്, യന്ത്രകോവിദര്,
മരംവെട്ടികൾ, തച്ചന്മാര്, വഴി ചെത്തിനികത്തുവോര്, ൫
മുളപ്പണിക്കാര്, കമ്മായപ്പണിക്കാര്, കിണര് കുത്തുവോര്,
വഴി കാട്ടും വിരുതരും നടകൊണ്ടിതു മുന്നിലായ്.
അദ്ദേശത്തെയ്യുതിജവാല്പ്പൊരുമാ വന്ജനോല്ക്കരം
ഇമ്പമുൾക്കൊണ്ടു ശോഭിച്ചിതേ,ററത്തില്ക്കടല് പോലവേ. ൬
തങ്ങൾക്കു തങ്ങൾക്കുഴംവെച്ചാ വഴിത്തൊഴിലാളികൾ
നാനോപകരണത്തോടേ നടകൊണ്ടിതു മുന്നിലായ്.
ചെടികൊമ്പുകളും വള്ളിക്കെട്ടും കുററികൾ പാറയും
നാനാവൃക്ഷങ്ങളും വെട്ടി വഴിയുണ്ടാക്കിനാരവര്. ൭
മരമില്ലാത്തിടത്തെല്ലാം മരം നാട്ടീടിനാര് ചിലര്;
മുറിച്ചിതോരോന്ന,രിവാൾമഴുകല്ലുളിയാല്ച്ചിലര്.
വേരറപ്പാന് രാമച്ചത്തണ്ടിനം ചിലര്ത്തുജ്ജിതര്.
പറിച്ചുനീക്കി,യങ്ങിങ്ങു ദുര്ഗ്ഗങ്ങളെ നികത്തിനാര്. ൮
മണ്ണിട്ടു തൂര്ത്തു നെടുതാം കുഴിയും കിണറും ചിലര്;
ചിലര് താന്നേടവും നീളേ നിരപ്പൊത്തുള്ളതാക്കിനാര്.
ഉടയ്ക്കേണ്ടതുടച്ചിട്ടാര്, കെട്ടേണ്ടുന്നതു കെട്ടിനാര്;
പിളര്ത്തിനാരാ വേലക്കാര് പിളര്ത്തേണ്ടുമതാതിടം. ൯
വൈകാതെ,തന്നെ, വളരെ ച്ചെറു തോടുകളെത്തുലാം.
വെള്ളം കേറാന് കടല്പ്പോലെ്പ്പമാക്കിനാര് പലമട്ടിലായ്
വെള്ളമില്ലാത്തിടംതോറും കുഴിച്ചുണ്ടാക്കിനാരവര്
തിണ്ണയാലണിയപ്പെട്ട നാനാവിധജലാശയം. ൰
കമ്മായമിട്ട തറയും തുല്യോം പൂത്ത മരങ്ങളും
മുദാല്ക്കൂകം കിളികളും കൊടിച്ചുറ്റുമിയന്നതായ്,

Digitized By Kerala Sahitya Akademi

ചെമ്മെ ചന്ദനനീർ പാററിപ്പല പൂക്കളണിഞ്ഞതായ്
ലസിച്ചിതച്ചമൂമാർഗ്ഗം, സുരമാർഗ്ഗം കണക്കിനേ. ൮
പിന്നെച്ചെന്നാപ്തധികൃതരാജ്ഞാപിച്ചാജ്ഞപോലവേ,
സ്വാദുക്കളാം കായ്കൾ പെരുത്തുള്ള രമ്യസ്ഥലങ്ങളിൽ
മഹാത്മാവായ ഭരതനായിക്കെട്ടിയ പാളയം
വിളങ്ങിച്ചീടിനാർ വീണ്ടും ഭൂഷാഭൂഷണങ്ങളാൽ. ൯
നാല്പൊത്ത നാളിൽ,പ്പൊഴുതില,തിന്റെയറിവുള്ളവർ
തീർപ്പിച്ചിതു മഹാത്മാവാം ഭരതന്നുള്ള പാളയം.
കിടങ്ങു ചുഴലെച്ചെന്നാം, മണ്ണലററാ പരത്തിയും,
ഇന്ദ്രകീലാദ്രിമട്ടൊത്തും, നൽപ്പ്രാതകളിണങ്ങിയും,
പ്രാസാദങ്ങൾ നിരന്നൊത്തും, കമ്മായമതിൽ ചുററിയും,
കൊടിക്കൂറയണിഞ്ഞും, വൻവഴി ഭംഗിയിൽ വെട്ടിയും,
വിടങ്കാഗ്രവിമാനങ്ങൾ പൊങ്ങി വാനത്തുരുമ്മിയും
വിളങ്ങീ വിണ്ടലം പോലെ,യങ്ങപ്പാളയമൊക്കയും. ൧൦
പലജാതിമരക്കാട്ടും തെളിഞ്ഞ കുളിർവെള്ളവും
വമ്പിച്ച മത്സ്യനിരയും ചേർന്ന ഗംഗവരെയ്ക്കുമേ,
സചന്ദ്രതാരാനിര ചാർത്തുമംബരം
തെളിഞ്ഞു രാവിങ്കൽ വിളങ്ങിടും വിധം,
ക്രമേണ നൽശ്ശില്പികൾ തീർത്തതാകുമാ-
നരേന്ദ്രമാർഗ്ഗം വിലസീ മനോഹരം ൧൧

—*—

## എണ്പത്തൊന്നാം സർഗ്ഗം: സഭാസമ്മേളനം.

—*—

നാന്ദീമുഖനിശാന്തത്തിൽ സൂതമാഗധർ വാഗ്മികൾ
വാഴ്ത്തീടിനാർ ഭരതനെ മംഗളാഢ്യസ്തവങ്ങളാൽ.
മുഴങ്ങീ കനകക്കോലാൽ കൊട്ടും യാമപ്പെരുമ്പറ;
ഊതിനാർ ശംഖം മററും നാനാസ്വരത്തിലായ്. ൧
വാനിടത്തെ നിറയ്ക്കുന്നാത്തൂര്യഘോഷം മഹത്തരം
മാലിൽ വേവും ഭരതനെപ്പെരുത്തും വേവിച്ചിതല്ലലാൽ.

Digitized By Kerala Sahitya Akademi

ഉന്നന്നേണിററശേഷമാഷത്തെ വിലക്കിഗ്ഗൂരതൻ തദാ,
'ഞാനല്ല രാജാവെ'ന്നോതി,ശ്ശത്രുഘ്നനോടിതോതിനാൻ:— ൪
"നോക്കു ശത്രുഘ്ന, കൈകേയി പാകേററം ചെയ്തിതപ്രിയം:
ദുഃഖങ്ങളെങ്കൽ വെച്ചിച്ചു പോയാൻ ദശരഥൻ നൃപൻ;
ആ മഹാധർമ്മരാജന്റെ ധർമ്മാഢ്യരാജലക്ഷ്മിയോ,
ചുററുന്നിതാ, നീററിലൂന്നുന്നാളില്ലാത്തോണി പോലവേ! ൫
ആർ നമുക്കു മഹാനാഥനാ,രാഘവനെയും സ്വയം
കാടേററിയല്ലോ, ധർമ്മത്തെക്കൈവിട്ടെന്നാമ്മയാമിവൾ!"
ഭരതൻ വെളിവേറേവം വിലപിപ്പതു കാൺകയാൽ
വശംകെട്ട കരഞ്ഞാരങ്ങാക്കെ സ്ത്രീകളേവരും. ൬
അദ്ദേഹം വിലപിയ്ക്കുമ്പോളി,ക്ഷ്വാകുപ്രഭുവിൻ സഭ
പൂകിനാൻ രാജധർമ്മജ്ഞൻ വസിഷ്ഠനതികീർത്തിമാൻ;
ദിവ്യമായ്ത്തങ്കമയമായ് മണിരത്നനിരത്നത്തിൽ
ചെന്നാൻ സുധർമ്മയിൽപ്പോലെ, ശിഷ്യരൊന്നിച്ചു ധാർമ്മികൻ
നൽവിരിപ്പു വിരിച്ചോരു പൊന്നിൻപീഠത്തിലായവൻ
ഇരുന്നാൻ സർവ്വവേദജ്ഞൻ; ദൂതരോടരുളീടിനാൻ;-
'ബ്രഹ്മക്ഷത്രിയവിഡ്മന്ത്രിഗണത്തലവരെ ദ്രുതം
വരുത്തുക മടിയ്ക്കാതെ: വെമ്പലുണ്ടും കാര്യമുണ്ടിഹ; ൧൦
സരാജഭൃത്യൻ ശത്രുഘ്നൻ, ഭരതൻ പുകളേറിയോൻ,
യുധാജിത്തു, സുമന്ത്രൻ, തൽക്കൂററുകാരിവരേയുമേ.'
ഉടൻ പുറപ്പെട്ടിതൊരു പെരും ഹലഹലാരവം,
ജനങ്ങൾ തേരശ്വഗജാരൂഢരായാഗമിയ്ക്കയാൽ. ൧൧
വന്നെത്തിടും ഭരതനെ,ശ്ശക്രനെസ്സുരർ പോലവേ
കൊണ്ടാടിനാർ ദശരഥന്നൊപ്പമാംമാറു നാഗരർ.
തിമി,ഫണി,ചരൽ,ശംഖം,രത്നമൊ-
ത്തൊരു നിഭൃതക്കയമെന്നപോലവേ
വിലസി ദശരഥാത്മജാതനാൽ,-
ദ്ദശരഥനുള്ളവിധത്തിലസ്സഭ. ൧൨



Digitized By Kerala Sahitya Akademi

## എണ്പത്തിരണ്ടാം സൎഗ്ഗം: ഭരതന്റെ വനപ്രസ്ഥാനം.

---

ധീമാൻ ഭരതനാ മാന്യപൂൎണ്ണമായ സഭസ്സിനെ
പാൎത്താൻ പ്രശസ്തഗ്രഹമാം രാത്രിയെത്തിങ്കൾ പോലവെ,
മുറയ്ക്കൊത്താസനംതോറുമിരിയ്ക്കും മാന്യർതമ്മുടെ
വസ്ത്രാംഗരാഗപ്രഭയാൽത്തിളങ്ങി ശ്രേഷ്ഠമസ്സഭ; ൨
വിദ്വജ്ജനത്താൽ നിറയപ്പെട്ടു ശോഭിയ്ക്കുമസ്സഭ
കാണായ്,വാൎതിങ്കൾ ചേൎന്നോരു ശരന്നിശ കണക്കിനെ.
രാജപൌരരെയെല്ലാമേ പരക്കെപ്പാൎത്തു ധാൎമ്മികൻ
പുരോഹിതൻ ഭരതനോടിതോതി മൃദുവാംവിധം:- ൪
"ഉണ്ണീ,വിൺ പൂകിനാൻ ധൎമ്മകൃത്താം ദശരഥൻ നൃപൻ
ധനധാന്യങ്ങൾ ചേരും വമ്പനിനെത്തവ തന്നുതാൻ;
രാമനും സത്യനിരതൻ സാധുധൎമ്മത്തെയോൎക്കയാൽ
അച്ഛന്റെ ചൊൽ വെടിഞ്ഞീല, ചന്ദ്രൻ ചന്ദ്രിക പോലവേ. ൬
അച്ഛനും ജ്യേഷ്ഠനും തന്നു രാജ്യം നിഷ്കണ്ടകം തവ;
ഭുജിയ്ക്ക തുഷ്ടാമാത്യൻ നീ: ചെയ്കാം കൊൾകഭിഷേചനം.
ചെരും വടക്കരും,തെക്കർ, പടിഞ്ഞാററർ, തുരുത്തുകാർ,
അപരാന്തരുമെത്തിയ്ക്കും നിനക്കായ് രത്നകോടികൾ!" ൮
ആ വാക്കു കേട്ടു ഭരതൻ പാരം ശോകനിമഗ്നനായ്
ചെന്നാൻ രാമങ്കൽ മനസാ ധൎമ്മജ്ഞൻ ധൎമ്മകാംക്ഷയാൽ.
കണ്ണീരിടച്ച്യോടൊത്തത്തരുണൻ ഹംസസുസ്വരൻ
വിലപിച്ചാൻ സഭാമദ്ധ്യേ പഴിച്ചാൻ ഗുരുതന്നെയും:-. ൧൦
"ചരിതബ്രഹ്മചൎയ്യന്റെ,സ്നാതന്റെ, മതിമാനുടെ,
ധൎമ്മസക്തന്റെ നാടെന്മട്ടുള്ളോരപഹരിച്ചിടും?
നാടിദ്ദശരഥനുണ്ടായോനെങ്ങിനെ കവൎന്നിടും?
നാടും ഞാനും രാമനുള്ളതി;-ങ്ങു ധൎമ്മം കഥിയ്ക്ക നീ. ൧൨
ജ്യേഷ്ഠൻ ശ്രേഷ്ഠൻ സുധൎമ്മിഷ്ഠൻ ദിലീപനഹുഷോപമൻ
കാകുത്സ്ഥൻതാൻ ദശരഥനൊപ്പം വാഴേണമൂഴിയെ.

Digitized By Kerala Sahitya Akademi

അനാൎയ്യർ ചെയ്യുമസഹ്യപാപം ഞാനാചരിക്കുകിൽ,
ഇക്ഷ്വാകുലോകത്തിലിവൻ കുലദൂഷകനായ്‌വരും! ൧൮
അമ്മ ചെയ്തോരു പാപത്തിലനുകൂല്യവുമില്ല മേ;
കൈകൂപ്പിപ്പണിയുന്നേൻ ഞാനിങ്ങിരുന്നു വനസ്ഥനെ!
ചെല്ലുവൻ രാമനിൽത്തന്നേ; രാജാവാ,മനഘാഗ്ര്യനാം:
മൂന്നു ലോകങ്ങളും വാഴാൻ തക്കോരാളാണു രാഘവൻ.” ൧൯
ആധൎമ്മയുക്തമാം വാക്കു കേൾക്കയാൽസ്സഭ്യരേവരും
ഹൎഷത്താൽക്കണ്ണുനീർ തൂകി, രാമങ്കൽക്കരളും വെച്ചുവർ.
‘കാട്ടിൽനിന്നേട്ടനെക്കൊണ്ടുപോരുവാൻ കഴിയുന്നില്ലലോ;
അക്കാട്ടിൽത്താൻ വസിപ്പൻ ഞാനാ,ര്യസൗമിത്രി പോലവേ.
ചെയ്യാനാവുന്നതെല്ലാമേ ഞാൻ ബലാൽക്കൊണ്ടുപോരുവാൻ,
ഗുണവത്തികൾ സത്തുക്കൾ മാന്യരാം ശില്പികൾ കാണ്മവേ.
വഴി നന്നാക്കി രക്ഷിപ്പാൻ കൂലിയാളുകാരെയൊക്കയും
മുല്പാടയച്ചിരിപ്പൂ ഞാൻ; ഞാനും പോവുകതന്നെയായ്.’ ൨൦
ഏവം പറഞ്ഞു ധൎമ്മിഷ്ഠൻ ഭരതൻ ഭ്രാതൃവത്സലൻ
ചാരേ മേവും മന്ത്രവിത്താം സുമന്ത്രനോടിതോതിനാൻ:-
‘ചിക്കെന്നെണീറ്റുപോയിട്ടെൻചൊല്ലാലേ സുമന്ത്ര, നീ
പുറപ്പെടാനാജ്ഞ കൊടുത്തുടനെത്തിക്ക സേനയെ.’ ൨൧
മഹാത്മാവാം ഭരതനിതുരച്ചാറേ സുമന്ത്രനും
ഹൎഷിച്ചു,തെല്ലാമാജ്ഞയ്ക്കൊത്താദേശിച്ചു യഥേഷ്ടമേ.
ഹൎഷിച്ചു, രാമനെക്കൊണ്ടുപോരുവാൻ സൈന്യയാത്രയെ
നിയോഗിച്ചതു കേട്ടിട്ടുപ്പൌരരും പടനായരും. ൨൨
യാത്രാനിയോഗം കേട്ടിട്ടു യോധാംഗനകളേവരും
വെമ്പിച്ചാരിമ്പമുൾക്കൊണ്ടു വീട്ടിൽ വീട്ടിൽ മണാളരെ.
അശ്വം, പായും കാളവണ്ടി, വേഗമേറിയ തേരുമായ്
സൈന്യത്തെയൊട്ടുക്ക പുറപ്പെടുവിച്ചാർ ബലാധിപർ. ൨൩
അസ്സജ്ജസേനയെക്കണ്ടു ഭരതൻ ഗുരുസന്നിധൌ,
‘എൻതേർ വെക്കമെണക്കു’ന്നാൻ സുമന്ത്രനൊടു ചാരവേ.

Digitized By Kerala Sahitya Akademi

ഭരതന്റെ നിയോഗത്തെക്കൈക്കൊണ്ടുള്ളം കളിത്തവൻ
കൊണ്ടുചൊന്നാൻ, വരാശ്വങ്ങൾ പൂട്ടപ്പെട്ടോരു തേരിനെ. ൨൯

മഹാവനം പുക്ക പുകഴ്ന്നൊരാര്യനെ-
സ്സയുക്തവാക്കാൽക്കനിയിച്ചുകൊള്ളുവാൻ,
പ്രതാപി ചൊന്നാൻ ദൃഢസത്യവിക്രമൻ
സുധീരനാമമ്പരതൻ കകുത്സഹജൻ:-
'സുമന്ത്ര, ചിക്കെന്നെഴുന്നേറ്റുപോക
സൈന്യേശപാർശ്വം പട കൂട്ടുവാനായ്:
ലോകപ്രിയാർത്ഥം കനിയിച്ചു, കാട്ടിൽ
വാണീടുമാ രാമനെയാനയിപ്പൻ.' ൩൦
അസ്സൂതിതാനും, ഭരതന്റെ സമ്യ-
ക്കാകും നിയോഗാൽക്കൃതകൃത്യനായി,
പൌരാഗ്രഗന്മാർ, പടനാഥർ, കൂറു-
കാരെന്നിവർക്കൊക്കയുമാജ്ഞ നല്കി.
അപ്പോളെഴുന്നേറ്റു ഗൃഹങ്ങൾതോറു-
മാ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രർ
ഒരുക്കിനാരൊട്ടകമാനതേർക-
ളെയും കലീനാശ്വഖരങ്ങളെയും. ൩൧

---

## എണ്പത്തിമൂന്നാം സർഗ്ഗം: ഭരതവനയാത്ര.

---

പുലർകാലത്തെഴുന്നേറ്റു പള്ളിത്തേരേറിയഞ്ജസാ
നടകൊണ്ടു ഭരതനാ രാമദർശനകാംക്ഷയാൽ.
നടകൊണ്ടാരവനുടെ മുന്നിൽ മന്ത്രിപുരോഹിതർ,
അശ്വങ്ങൾചേർന്ന സൂര്യത്തേരതിർത്തേരേറിയേവരും. ൧
വിധിപോലെയൊരുക്കപ്പെട്ടാനയൊമ്പതിനായിരം
ഐക്ഷ്വാകനാം ഭരതനെപ്പിന്തുടർന്നിതു യാത്രയിൽ.
പതിററായിരം തേരും വിവിധായുധർ വില്ലരും
പുകഴ്ന്ന രാജസുതനെപ്പിന്തുടർന്നിതു യാത്രയിൽ. ൨

Digitized By Kerala Sahitya Akademi

ലക്ഷം തുരപ്പിക്കതിര പിന്തുടൎന്നിതു യാത്രയിൽ
കാകുത്സ്ഥനാം ഭരതനെ,ഭ്രാന്തനെ,സ്സത്യസന്ധനെ.
കൈകേയിയും യശസ്സേറുമക്കൗസല്യ സുമിത്രയും
മിന്നും യാനങ്ങളിൽപ്പോന്നു, രാമാനയനതുഷ്ടിയാൽ. ൮

പോന്നു ലക്ഷ്മണനോടൊത്ത രാമനെക്കാണുവാൻ മുദാ,
അവനെക്കൊണ്ടുതാനോരോന്നോതിക്കൊണ്ടാൎയ്യവൃന്ദവും.
'കൊണ്ടൽവൎണ്ണൻ, മഹാബാഹു, സ്ഥിരസത്വൻ, ദൃഢവ്രതൻ,
ലോകത്തിനല്ലൽ പോക്കുന്നോൻ രാമനെക്കാണുമെന്നു നാം? ൯
കണ്ടാൽത്തന്നേ നമുക്കല്ലൽ നീക്കുമല്ലോ കകുത്സ്ഥജൻ,
ഉലകിനൊക്കയുമിരുട്ടുദിതൻ ഭാനു പോലവേ'
സത്സല്ലാപങ്ങളീവണ്ണം ചെയ്തുകൊണ്ടും സഹൎഷരായ്
തങ്ങളിൽത്തഴുകിക്കൊണ്ടും പോന്നാർ നഗരവാസികൾ. ൧൦

അങ്ങു മററും പ്രിയപ്പെട്ടോർ, കരച്ചാടക്കാരുമേവരും
രാമനെച്ചൊല്ലി ഹൎഷിച്ചു പോന്നാർ പൌരരുമേവരും.
രത്നസംശോധകന്മാരും, നലമൊത്ത കുലാലരും,
ആയുധങ്ങൾ ചമപ്പോരും, തുല്പണിക്കാരുമങ്ങിനെ ൧൧
പീലിപ്പണിക്കാരി,ച്ചക്കാർ, മിനുപ്പിപ്പോർ, തുളയ്ക്കുവോർ,
കുമ്മായം തേയ്ക്കുവോർ, കൊമ്പുവേലക്കാർ, ഗന്ധജീവികൾ,
പുകഴ്ന്ന പൊന്നുവേലക്കാർ, കംബളങ്ങളലക്കുവോർ,
തിരുമ്മുകാർ, കളിപ്പിപ്പോർ, വൈദ്യർ, ധൂപകർ, ശൌണ്ഡികർ,
അലക്കുകാരും, തുന്നൽക്കാരു,രിടച്ചേരിമുമ്പരും,
സ്ത്രീയുക്തരാം നട്ടുവരും നടകൊണ്ടിതു മാരരും.
വേദജ്ഞർ യോഗവാന്മാർ സദ്വൃത്തരായിരമായിരം
പിന്തുടൎന്നു ഭരതനെ ദ്വിജരും കാളവണ്ടിയിൽ. ൧൨

വെൺവസ്ത്രം ചെങ്കുറിക്കൂട്ടും ചാൎത്തി മോടിയൊടേവരും
പിന്തുടൎന്നു ഭരതനെ നാനായാനത്തിൽ മെല്ലവേ.
പിന്തുടൎന്നിതു കൈകേയീസുതനെ,ത്തുഷ്ടഹൃഷ്ടരായ്,
ഭ്രാതാവെക്കൊണ്ടുപോരാൻ പോം ഭ്രാതൃഭക്തനെയപ്പുട. ൧൩

Digitized By Kerala Sahitya Akademi

തേർവാഹനഗജാശ്വത്താൽപ്പെരുത്തു വഴി പോയവർ
ശൃംഗിവേരപുരത്തിങ്കലണഞ്ഞാർ ഗംഗതൻതടം:
ഇങ്ങല്ലോ വാണുപോരുന്നു വീരൻ രാമസഖൻ ഗുഹൻ,
ശ്രദ്ധവെച്ചാ പ്രദേശത്തെക്കാത്തുകൊണ്ടു സബന്ധുവായ്. ൨൦

ചക്രവാകാഭരണമാം ഗംഗാതീരത്തു ചെന്നുടൻ
നിലക്കൊണ്ടു, ഭരതനെപ്പിന്തുടൎന്നിടുമപ്പട.
കൂടെയുള്ളാപ്പടയെയും പുണ്യയാം ഗംഗതന്നെയും
പാൎത്തിട്ടു ഭരതൻ വാഗ്മി മന്ത്രിമാരോടു ചൊല്ലിനാർ:- ൨൨

'നിൎത്തിക്കൊള്ളുവിനിഷ്ടംപോലെന്റെ സൈന്യത്തെയൊക്കയും;
ഇന്നുനാം വിശ്രമിച്ചിട്ടിപ്പുഴ നാളെക്കടന്നിടാം.
ഉദകക്രിയയും ചെയ്യാൻ നദിയങ്കലിറങ്ങി ഞാൻ
സ്വൎഗ്ഗം പൂകിയ ഭൂപാലന്നൗൎദ്ധ്വലോകസുഖത്തിനായ്.' ൨൪

എന്നിവൻ ചൊല്ലെ,യാവാമെന്നാസ്ഥ പൂണ്ടേതി മന്ത്രിമാർ
നിൎത്തീ വെവ്വേറെയതിനെ,ത്താന്താങ്ങൾക്കിഷ്ടമാംവിധം.

യഥാൎഹമക്കോപ്പുകൾ ചേൎന്ന സേനയെ-
പ്പെരുംനദീവക്കിൽ നിറുത്തിയിട്ടവൻ
നിനച്ചു വാണാൻ ഭരതൻ, കരംപ്പുര-
പ്പിയന്ന രാമന്റെ നിവൎത്തനത്തിനെ. ൨൬

—(೦)—

എണ്പത്തിനാലാം സൎഗ്ഗം: ഭരതഗുഹസമാഗമം.

—*—

ഗംഗാനദിയ്ക്കടുത്തെത്തി നിലക്കൊണ്ടോരു സേനയെ
കണ്ടുവാറേ നിഷാദേന്ദ്രൻ കൂട്ടരോടോതി സത്വരം:—
'ഇങ്ങിതാ, കാണ്മു കടൽ പോലുള്ളോരു പെരുതാം പട;
കാണ്മീലിതിന്നൊരററം ഞാനേൎത്തിട്ടു കരംകൊണ്ടുമേ! ൨

താൻതാൻ വന്നെത്തിയിട്ടുണ്ടു ദുർബ്ബുദ്ധി ഭരതൻ ദൃഢം:
ഇതാ, തേരിൽപ്പെരിയൊരക്കോവിദാരമയധ്വജം.
ബന്ധിയ്ക്കും ദാശരാം നമ്മെ,യഥവാ കൊന്നൊടുക്കിടും:
'അല്ലെങ്കിലച്ഛൻ രാജ്യത്തുനിന്നു പോക്കിയ രാമനെ, ൪

ആ രാജാവിന്റെ ദുഷ്പ്രാപമാം ശ്രീ കൊതിയ്ക്കയാൽ
കൊല്ലുവാനായ് വരികയാം ഭരതൻ കൈകയീസുതൻ!
സ്വാമിയാണെൻസഖാവാണു, രാമൻ ദശരഥാത്മജൻ;
തൽക്കാര്യത്തിന്നൊരുമ്പെട്ടു ഗംഗാതീരത്തു നില്ക്കുവിൻ. ൯
ഗംഗാനദിയിലും ചെന്നു നില്ക്കട്ടേ ദാശരേവരും,
സസൈന്യം പുഴയെക്കാത്തു മാംസകായ്കനിയ്യുണ്മായ്:
അഞ്ഞൂറു തോണിയിൽ യുവദാശന്മാർ നൂറുനൂറുപേർ
ഒരുങ്ങിനില്ക്കുകൊന്നായിച്ചൊല്ലിവിട്ടീടിനാനവൻ:- ൱
'ഭരതൻ രാമനിൽ പ്രീതിയുക്തനാണെന്നിരിയ്ക്കിലേ,
ഗംഗയിപ്പോൾക്കടക്കാവൂ സുഖമാംവണ്ണമിപ്പട.'
എന്നോതി മീൻമാംസമധൂപായനങ്ങളെടുത്തുടൻ
ചെന്നാൻ ഭരതപാർശ്വത്തെയ്ക്കോ, നിഷാദേശനാം ഗുഹൻ. ൰
അവൻ ചെല്വതു കണ്ടിട്ടു സൂതപുത്രൻ പ്രതാപവാൻ
ചൊന്നാൻ ഭരതനോടേവം വിനയജ്ഞൻ വിനീതനായ്:-
'ഇതാ, ബന്ധുക്കൾ വളരെപ്പേരാൽച്ചുറ്റപ്പെട്ടും പ്രവൃ
വൃദ്ധൻ നിന്നഗ്രജസഖൻ ദണ്ഡകാരണ്യകോവിദൻ; ൰൧
കാണട്ടെ നിന്നെക്കാകുത്സ്ഥ,നിഷാദപ്പെരുമാൾ ഗുഹൻ:
അറിഞ്ഞിരിയ്ക്കും ദൃഢം,മാ രാമലക്ഷ്മണരുള്ളിടം.'
സുമന്ത്രസുവചസ്സേവം കേട്ടബ്ഭരതനോതിനാൻ,
'വേഗത്തിൽക്കണ്ടുകൊള്ളട്ടെയെന്നെയിഗ്ഗുഹനെ,ന്നുതാൻ. ൰൪
അനുജ്ഞ നേടിസ്സന്തോഷം പൂണ്ടു ബന്ധുക്കൾ ചുറ്റുമായ്
ചെന്നു കുമ്പിട്ടു ഭരതനോടു ചൊല്ലീടിനാൻ ഗുഹൻ:-
'ഇദ്ദേശം തേ ഗൃഹാരാമം; വഞ്ചിച്ചു ഞങ്ങളെബ്ഭവാൻ;
എല്ലാം ഞങ്ങൾ സമൎപ്പിപ്പൂ; വാഴ്ക, തൻദാസമന്ദിരേ! ൰൩
നിഷാദർ കൊണ്ടുവന്നിട്ടുണ്ടല്ലോ മൂലഫലങ്ങളും,
നാനാവന്യങ്ങളും, പച്ചമാംസവും ശുഷ്കമാംസവും;
ആഃവാളമൂട്ടപ്പെട്ടിട്ടീ രാവിൽപ്പാൎക്കാവു നിൻപട!
വിചിത്രകാമാൎച്ചിതനായ് നാളെപ്പോകാം സസൈന്യനായ്.' ൰൪

## എൺപത്തഞ്ചാം സർഗ്ഗം: ഭരതഗുഹസംവാദം

—: * :—

ഇതു കേട്ടു നിഷാദാധിപതിയാം ഗുഹനോടുടൻ
ബുദ്ധിമാൻ ഭരതൻ ചൊല്ലീ യുക്ത്യർത്ഥയുതമുത്തരം:-
ചെയ്തതീർന്നു, മഹത്താം നിൻനിനവെൻഗുരുവിൻസഖേ:
'ഈയെൻസൈന്യത്തെയൂട്ടീടാനുറച്ചല്ലോ തനിച്ചു നീ!'
ഇസ്സദ്വചസ്സോതി,നിഷാദേശനാം ഗുഹനോടുടൻ
ചോദിച്ചുകൊണ്ടാൻ ഭരതൻ ശ്രീമാൻ തേജസ്സു വായ്ചവൻ:-
'ഭരദ്വാജാശ്രമത്തെയ്ക്കു, പോകേണ്ടും വഴിയോതുവാൻ?
ഇഗ്ഗംഗാതീരമാം ദേശം ദുരന്തം, ദുർഗ്ഗമം തുലോം.'
അബ്ബുദ്ധിമാൻ രാജസുതനീച്ചോദിച്ചതു കേട്ടുടൻ
പറഞ്ഞാൻ തൊഴുകയ്യോടെ വനസഞ്ചാരിയാം ഗുഹൻ:—
'ഭവാന്റെകൂടെപ്പോന്നിടും ദാശർദേശജ്ഞർ സാദരം;
കൂടെപ്പോന്നീടുവൻ ഞാനും പുരുകീർത്തേ, നൃപാത്മജ.
അക്ലിഷ്ടകാരി രാമങ്കൽ ദോഷാലല്ലല്ലി നിൻഗതി?
ശങ്കതോന്നിപ്പതുണ്ടല്പമെനിയ്ക്കീ നിൻപെരുംപട!'
ഗുഹനിങ്ങിനെ ചോദിയ്ക്കെ,യാകാശം പോലെ നിർമ്മലൻ
അദ്ദേഹത്തോടു ഭരതൻ മയത്തിലുരിയാടിനാൻ:—
'അക്കഷ്ടകാലമുണ്ടാകൊല്ലെ;-ന്നെശ്ശങ്കിച്ചിടായ്ക നീ:
അച്ഛനെപ്പോലെയാണല്ലോ, ജ്യേഷ്ഠനാം രാഘവൻ മമ.
കൊണ്ടുപോരാൻ ഗമിയ്ക്കുന്നേൻ കാട്ടിൽപ്പാർക്കുന്ന രാമനെ;
മറിച്ചുകരുതേണ്ടാ നീ; നേരത്രേ ചൊൽവു ഞാൻ ഗുഹ!'
ഭരതച്ചൊല്ലു കേട്ടിട്ടു മുഖം നന്നായ്ത്തെളിഞ്ഞവൻ
വീണ്ടും ഭരതനോടുള്ളം കളിത്തൊന്നുരിയാടിനാൻ:—
'ധന്യൻ നീ;നിൻകിടയ്ക്കൊത്തൊരാളെക്കാണ്മീല മന്നിൽ ഞാൻ.
ത്യജിപ്പാൻ നിശ്ചയിച്ചല്ലോ, താനേ കൈവന്ന നാടു നീ!
ഭവാന്റെ കീർത്തിയെന്നെന്നും നടക്കും ഭുവനങ്ങളിൽ.
ക്ലേശിയ്ക്കും രാമനെക്കൊണ്ടുപോരാനല്ലോ നിനപ്പു നീ!'

Digitized By Kerala Sahitya Akademi

ഗുഹൻ ഭരതനോടേവം സംസാരിയ്ക്കുംദശാന്തരേ
സൂര്യൻ നിഷ്പ്രഭനായ്ത്തീർന്നു വന്നടുത്തിതു രാത്രിയും. ൧൭
അസ്സൈന്യത്തെ നിറുത്തിച്ചു, ഗുഹനാൽപ്പരിതോഷിതൻ
പോയിക്കിടന്നാനാ ശ്രീമാൻ ശത്രുഘ്നനൊട്ടുകൂടവേ.
എന്നാലവ്വണ്ണമാം രാമചിന്താദുഃഖത്തിലാണ്ടുപോയ്,
സുഖോചിതൻ മഹാത്മാവു ഭരതൻ ധർമ്മതൽപരൻ. ൧൮
ശോകാഗ്നി കാകുത്സ്ഥനെയങ്ങകമേ ചുട്ടെരിയ്ക്കയായ്,
കാട്ടുതീ പററിയ മരത്തിനെയുൾത്തീയ്യു പോലവേ.
തൂകിനാൻ മെയ്യിൽനിന്നെല്ലാമുൾത്തീയ്യാലുള്ള വേർപ്പിനെ,
വെയിലിൻ ചൂടേററ ഹിമവാൻ മഞ്ഞു തൂകുന്നമാതിരി. ൧൯
മനോരാജ്യക്കല്ലിളപ്പും, നാനാനിശ്വാസധാതുവും,
വൈവശ്യമാം മരച്ചാർത്തും, ശോകായാസാധിശൃംഗവും,
പ്രമോഹജന്തുശതവും, ചൂടാം ചെടിയുമില്ലിയും
ചേർന്നൊത്ത മാൽമാമലയാലമുങ്ങി കൈകയീസുതൻ! ൨൦

അതീവ വീർപ്പിട്ടു, മനസ്സു ചുട്ടു,കം
കലങ്ങി മൂർച്ഛിച്ചു വിപത്തിലാകയാൽ
പ്രശാന്തി നേടീല മനുഷ്യപുംഗവൻ,
ഗണം പിരിഞ്ഞുള്ളൊരു കാള പോലവേ.
സഭൃത്യനായിഗ്ഗുഹനോടിണങ്ങിയാ
മഹാനുഭാവൻ ഭരതൻ സമാഹിതൻ
അതീവ മാഴ്കീ; ഗുഹനപ്പൊളാര്യനെ-
ക്കുറിച്ചൊരാക്കം ഭരതന്നു നല്കിനാൻ. ൨൧

—*—

## എൺപത്താറാം സർഗ്ഗം: ഗുഹവാക്യം.

—*—

പിന്നെച്ചൊന്നാൻ മഹാത്മാവാം ലക്ഷ്മണൻെറ മനോഗുണം
അമേയനാം ഭരതനോടരണ്യചരനാം ഗുഹൻ:—
"കൺ ചിമ്മാതാര്യനെക്കാപ്പാൻ കയ്യിൽ വാറുംവില്ലുമമ്പുമായ്
നിന്ന സൽഗ്ഗുണവാനാകുമാ ലക്ഷ്മണനൊടോതി ഞാൻ:— ൧



Digitized By Kerala Sahitya Akademi

'ഇതാ, നമ്മെത്തയങ്ങയ്ക്കായ്'ത്തീർത്തിരിയ്ക്കുന്നു രാഘവ;
കിടന്നുകൊൾകിതിൽക്ഷണത്തെ; വിശ്രമിയ്ക്ക യഥാസുഖം.
മാൽ ശീലിച്ചവരിയ്യുള്ളോരെല്ലാ;-മങ്ങോ, സുഖോചിതൻ;
ഞങ്ങൾ നില്ക്കാമുറങ്ങാതെയാത്മരക്ഷയ്ക്ക ധാർമ്മിക. ൪

രാമനെക്കാൾപ്രിയപ്പെട്ടോനില്ലെനിയ്ക്കൊരുമൂഴിയിൽ;
ഉൽക്കണ്ഠ വേണ്ടാ; നിൻമുന്നിൽച്ചൊല്ലമോ ഭോഷ്കിതിന്നു
ഇവൻെറ കനിവാൽഭവനമെനിയ്ക്ക വളർകീർത്തിയും, [ഞാൻ
പാരിച്ചധർമ്മാപ്തിയു, മിപ്പാരിൽക്കാമാത്ഥപൂർത്തിയും! ൫

ഞാൻ കാത്തുകൊള്ളാം വില്ലേന്തിശ്ശേഷക്കാരൊത്തു നീളവേ,
സീതയൊന്നിച്ചുറങ്ങുന്ന നൽസ്സഖാവായ രാമനെ.
ഇല്ല ഞാനറിയാതൊന്നിക്കാട്ടിൽ, നിത്യം നടക്കയാൽ;
ചെറുക്കാം ഞങ്ങളടരിൽച്ചതുരംഗബലത്തൊടും.' ൬

ഇവണ്ണം ഞങ്ങൾ ചൊന്നാറേ, മഹാത്മാവായ ലക്ഷ്മണൻ
ധർമ്മമേ പാർത്തനനയിപ്പിച്ചാൻ ഞങ്ങളെയൊക്കയും:-
'സസീതനായ് ദാശരഥി പാഴ്നിലത്തിൽപ്പള്ളികൊൾകവേ
എന്മട്ടറങ്ങാൻ, ജീവിപ്പാൻ, സുഖിപ്പാനെളുതാം മമ? ൭

ആരെദ്ദേവാസുരർക്കാക്കും പോരിൽ നേർക്കാൻ കഴിഞ്ഞിടാ,
കാണ്ക,സീതയുമായ്പ്പുല്ലിൽക്കിടക്കവതവൻ ഗുഹ!
വലുതായ തപസ്സാലും നാനായത്നങ്ങളാലുമേ
പിറന്ന തത്സമരൂപക്കത്തൊല്ലാ, ദശരഥന്നിവൻ; ൮

ഇദ്ദേഹം പോന്നതുവശാലിരിയ്ക്കില്ലേറെനാൾ നൃപൻ;
വേഗത്തിൽത്താൻ വിധവയായ്ത്തീരുമേ തീർച്ച, മേദിനി
തളർന്നടങ്ങിയിട്ടുണ്ടാമുറക്കെക്കേണു നാരിമാർ;
അതുമൂലം നിശ്ശബ്ദമായ്ത്തീർന്നിരിയ്ക്കാം നൃപാലയം! ൯

കൌസല്യ,തമ്പുരാനെൻെറയമ്മയെന്നിവരേവരും,
തോന്നില, ജീവിയ്ക്കുവതുണ്ടെന്നായീ രാത്രിമാത്രമാം!
ശത്രുഘ്നനെപ്പാർത്തെന്നമ്മ പക്ഷേ, ജീവിച്ചിരുന്നിടാം;
വീരനെപ്പെററ കൌസല്യതാനോ, മാലാൽ മരിച്ചുപോം! ൧൦

Digitized By Kerala Sahitya Akademi

മുടിഞ്ഞുപോയ് മുടിഞ്ഞുപോയ്: രാജധാനത്തു രാമനെ
വാഴിയ്ക്കാതി,സ്ഥിതനാകാതെ നഷ്ടനായിതപ്പെട്ടം!
അക്കാലമായാല,ഖിലപ്രേതകർമ്മങ്ങളാൽ ത്വമ
സംസ്കരിയ്ക്കും കൃതാർത്ഥന്മാർ, തീർപ്പെട്ട പിതൃഭൂപനെ! ൧൯
രമ്യങ്ങളായ മുററങ്ങൾ, വേർതിരിച്ചുള്ള പാതകൾ,
ഹർമ്മ്യപ്രാസാദജാലങ്ങൾ, സർവ്വതാ സമൃദ്ധിയും,
തേരാനായശ്വാനിരയും, തൂര്യനാദമുഴക്കവും,
സമസ്തനന്മതികവും, ഹൃഷ്ടപുഷ്ടജനൌഘവും, ൨൦
ആരാമോദ്യാനഗണവും, സമാജോത്സവഭംഗിയും
ചേരുമെൻതാതപുരിയിൽ സ്സഞ്ചരിയ്ക്കും സുഖാന്വിതർ!
കുശലം പുലരും സത്യപ്രതിജ്ഞനൊടൊത്തു നാം,
ഇക്കാലമവസാനിച്ചാൽ, സ്സുഖമായ്ച്ചെന്നു പൂകുമോ!' ൨൧
ആവലാതികളീവണ്ണം മഹാത്മാവാം നൃപാത്മജൻ
പറഞ്ഞുകൊണ്ടു നില്ക്കത്താനാ രാവു മുഴുമിച്ചുപോയ്.
പുലർന്നക്കൻ തെളികെ,യിഗ്ഗംഗാതീരത്തുവെച്ചു ഞാൻ
ജട കെട്ടിച്ചു സുഖമായ്ക്കടത്തീ രണ്ടുപേരെയും. ൨൪

ജടാധരന്മാർ തരുവല്ക്കവസ്ത്രരാ-
മഹാബലന്മാർ ഗജയൂഥപോപമർ
മികച്ച വില്ലമ്പുകൾവാളുമേന്തിയോർ
സസീതർ പോയാർ മതിവെച്ചരിന്ദമർ.'

—*—

എണ്പത്തേഴാം സർഗ്ഗം: രാമവൃത്താന്തകഥനം.

---

അതി വിപ്രിയമായുള്ള ഗുഹന്റെ മൊഴികേൾക്കയാൽ
ചിന്ത പൂണ്ടാൻ ഭരതനാ, വിപ്രിയം കേട്ടനേരമേ:
കോമളാംഗൻ മഹാസത്ത്വൻ സിംഹസ്കന്ധൻ മഹാഭുജൻ
താമരത്താർനെടുംകണ്ണൻ തരുണൻ പ്രിയദർശനൻ! ൧.
ആലോചിച്ചൊട്ടുനേരത്തെയ്ക്കത്രയും ദീനചിത്തനായ്
ഞാണ്ടു പെട്ടെന്നു വള്ളരിൻവൻതല്ലാലാനപോലവേ.

Digitized By Kerala Sahitya Akademi

ഭരതൻ തൻ മൂർച്ഛകണ്ടു നിറംകെട്ടുമുഖത്തൊടേ
നടുങ്ങിപ്പോയ് ഗുഹൻ തത്ര, ഭൂകമ്പേ ശാഖി പോലവേ. ൭

അതുനേരം ഭരതനെപ്പുൽകിക്കേണൊന്നുറക്കനേ
മാൽ വായ്ച്ചു വെളിവറ്റോനായ് ശത്രുഘ്നൻ സവിധസ്ഥിതൻ.
ഉടനങ്ങോട്ടുചെന്നാരമ്പരതാംബകളേവരും,
നോൽമ്പാൽച്ചടച്ചോർ വല്ലാത്ത ഭർത്തൃദുഃഖാൽ വലഞ്ഞവർ ൮

അവരും കേണുകൊണ്ടങ്ങു വുഴന്നാർ വീണ പുത്രനെ
കൌസല്യയോ, കരളെരിഞ്ഞവനെച്ചെന്നു പുല്കിനാൾ.
സ്നേഹത്താൽ,ത്തന്നുണ്ണിയെപ്പോലേ കെട്ടിപ്പുല്കിത്തപസ്വിനി
ചോദിച്ചാളബ് ഭരതനോടഴലാൽക്കേണുകൊണ്ടുതാൻ:— ൯

'ഉണ്ണീ, ബാധിപ്പതില്ലല്ലീ രോഗം നിന്നുടെ മെയ്യിനെ?
നിൻപക്കലല്ലോ, ഈ രാജകുലത്തിന്നിന്നു ജീവിതം.
പോയല്ലോ സാനുജൻ രാമൻ, നിന്നെക്കണ്ടു പൊറുപ്പു ഞാൻ!
ഭർത്തൃശരീരാപായാൽ നീയേ ഞങ്ങൾക്കിനി പ്രഭു. ൧൦

അശുഭം വല്ലതും കേട്ടീലല്ലീ നീ ലക്ഷ്മണനാലോ,
സഭാര്യനായ് വനം പുക്കൊരേകപുത്രാസുതനാലോ?'
ബോധം തെല്ലിടയാൽപ്പൂണ്ടു കേണുംകൊണ്ടപ്പുരുപ്രഥൻ
കൌസല്യയ്ക്കു സമാശ്വാസം നല്കിഗ്ഗുഹനൊടോതിനാൻ:- ൧൧

'രാവെങ്ങു പാർത്താനെൻ ജ്യേഷ്ഠൻ,സീതയെങ്ങെ,ങ്ങു ലക്ഷ്മണൻ?
എന്തശിച്ചെതു തല്പത്തിലുറങ്ങീ? ഗുഹ, ചൊല്ക നീ.'
ഹർഷാൽച്ചൊന്നാൻ ഭരതനോടാ നിഷാദാധിപൻ ഗുഹൻ,
നൽപ്രിയാതിഥിയാം രാമന്നെന്തൊക്കെച്ചെയ്തുവെന്നതും: ൧൨

"നാനാവിധാന്നം ഭക്ഷ്യങ്ങൾ പലമാതിരി കായ്കളും
വളരെക്കാഴ്ചവെച്ചേൻ ഞാൻ രാഘവന്നമരേത്തിനായ്.
അതെല്ലാം തിരിയേതന്നാൻ രാമൻ സത്യപരാക്രമൻ;
സ്വീകരിച്ചീലതാഭ്ദ്രഹം, ക്ഷത്രധർമ്മം സ്മരിക്കയാൽ: ൧൩

'വാങ്ങാൻപാടില്ല ഞങ്ങൾക്ക;കൊടുക്കേണം സദാ സഖേ.'
എന്നായനുനയിപ്പിച്ചാനാ മഹാൻ ഞങ്ങളെ പ്രഭോ,

Digitized By Kerala Sahitya Akademi

ലക്ഷ്മണാനീതമാം തണ്ണീർ കുടിച്ചു പുകളേറിയോൻ
ഉപവാസമനുഷ്ഠിച്ചാനന്നു രാമൻ സസീതനായ്, ൯
ശേഷിച്ച സലിലം പാനംചെയ്തു ലക്ഷ്മണനും തദാ;
മൌനം പൂണ്ടാസ്ഥയിൽസ്സന്ധ്യ വന്ദിച്ചാരവർ മൂവരും.
പിന്നെ രാമനു ചേലൊത്ത മെത്തയൊന്നുളവാക്കിനാൻ
ദർഭപ്പുല്ലുഞ്ജസാ താൻതാൻ കൊണ്ടുവന്നിട്ടു ലക്ഷ്മണൻ. ൧൦
ആ മെത്തമേൽക്കിടന്നാനാ രാമൻ സീതയൊടൊപ്പമേ
അവർതൻ കാലു കഴുകിച്ചിങ്ങു പോന്നിതു ലക്ഷ്മണൻ.
ഇതാണായിംഗുദീമൂല,മപ്പുല്ലമിതുതന്നെയാം;
അന്നു രാവിങ്കലിങ്ങല്ലോ കിടന്നു, സീത രാമനും. ൧൧

ശരം നിറഞ്ഞുള്ളിരുതൂണി പിൻവശം
മുറുക്കി,നൽക്കയ്യുറയിട്ടു,രിന്ദമൻ
കുലച്ച വൻവില്ലുമെടുത്തു ലക്ഷ്മണൻ
നടന്നു രാവാകെയവന്റെ ചുറ്റുമായ്.
മികച്ച വില്ലമ്പുകൾ പൂണ്ടു ഞാനുമേ
നടന്നിതാ ലക്ഷ്മണനോടുകൂടവേ,
മുതിർന്നു വില്ലേന്തിയ കൂറ്റുകാരുമൊ-
ത്തു,മർത്ത്യരാജപ്രതിമന്നു കാവലായ്." ൧൨

## എൺപത്തെട്ടാം സർഗ്ഗം: ഭരതമനോരഥം.

അതെല്ലാമാസ്ഥയാ കേട്ടു ഭരതൻ മന്ത്രിമാരുമായ്
ഓടൽച്ചുവട്ടിൽച്ചെന്നിട്ടാ രാമൻതൻ മെത്ത പാർത്തുടൻ
ചൊന്നാൻ മാതാക്കളോടെല്ലാം;-'മിങ്ങത്രേ രാവിലാ മഹാൻ
കിടന്നരുളി മന്നിങ്കൽ;-തിരുമെയ്യിന്റെ പാടിതാ! ൧
മഹാഭാഗൻ ദശരഥൻ മഹാഭാഗകുലോദിതൻ
ധീമാൻ ജനിപ്പിച്ചവനാം രാമൻ മന്നിൽശ്ശയിയ്ക്കയോ!
മാൻതോലാം മേൽവിരിപ്പോക്കും പള്ളിപ്പൂമെത്തകൾക്കുമേൽ
കിടന്ന മർത്ത്യർഷഭനെവ്വണ്ണം മന്നിൽക്കിടന്നിടും! ... .. ൨

Digitized By Kerala Sahitya Akademi

വിമാനമേടമുകളിൽ വരാന്തയിലുമനഘം—
പൊൻവെള്ളിനിലവും നല്ല വിരിപ്പുകളുമുള്ളതായ്
വിചിത്രപുഷ്പങ്ങളണിഞ്ഞകിൽചന്ദനഗന്ധിയായ്
വെൺകാർനിറം തങ്കിയതായ് ത്തത്തക്കൂട്ടം ചിലപ്പതായ്. ൮

കളിത്തൂമണം പൂണ്ട കനകച്ചുമരൊത്തതായ്
സുമേരുത്തുല്യമാം പള്ളിവന്മേടയിൽ—വസിച്ചവൻ,
നന്മെഴക്കാപ്പിൻകിലുക്കത്താൽഗ്ഗീതവാദ്യരവങ്ങളാൽ
നൃത്യരംഗസ്വനത്താലും നിത്യം പള്ളിയുണർന്നവൻ, ൯

പുലർകാലത്തു വളരെസ്സൂതമാഗധവന്ദികൾ
ചേരും ഗാഥാസ്തുതികളാൽ വാഴ്ത്തിപ്പോന്നോൻ പരന്തപൻ!
എൻദൃഷ്ടിയ്ക്കിതവിശ്വാസ്യം; നേരായ്ത്തോന്നുന്നതില്ല മേ;
ചേരുന്നോ ഭ്രാന്തിയെന്നുള്ളിലോ?-സ്വപ്നമിതെന്നു ഞാൻ! ൰

ഇല്ലൊരീശ്വരനും നൂനം കാലത്തെക്കാൾബ്ബലിഷ്ഠനായ്;
കിടന്നല്ലോ വെറുംമന്നിലദ്ദാശരഥി രാമനും!
വിദേഹരാജാത്മജയാം പ്രിയദർശിനി സീതയും
കിടന്നുവല്ലോ മന്നിങ്കലോമൽദ്ദശരഥസ്നുഷ! ൰൧

ഇതാ, മദ്ഗുരുവിൻമെത്ത;-യുരുണ്ടീടിന പാടിതാ;
കട്ടംനിലത്തു പുല്ലെല്ലാം ചതഞ്ഞിട്ടുണ്ടു മെയ്യിനാൽ:
നൂനം, പണ്ടമഴിയ്ക്കാതാണുറങ്ങിയതു ജാനകി:
ഈ നന്മെത്തയിലങ്ങങ്ങുണ്ടല്ലോ കാണുന്നു പൊൻപൊടി! ൰൨

തോൾപ്പട്ടിതിന്നുമേലിട്ടാളന്നു ജാനകി, തീർച്ചതാൻ:
ഇതാ വിളങ്ങുന്നുണ്ടല്ലോ പതിഞ്ഞ പട്ടുനൂലുകൾ
ഭർത്താവിൻ മെത്തയിൽസ്സൌഖ്യമെന്നാവാം: സാധു മൈഥിലി
കഷ്ടപ്പാടറിവീലല്ലോ; ബാല, കോമളഗാത്രിയാൾ! ൰൩

ഹാ, ഞാൻ കഠോരനെ;-ന്മൂലമല്ലോ രാമൻ സഭാര്യനായ്
ശയിയ്ക്കുന്നതനാഥൻ പോലി,പ്പടിയ്ക്കുള്ള മെത്തയിൽ!
സാർവ്വഭൌമകുലോദ്ഭൂതൻ, പാരിനൊട്ടുക്ക സമ്മതൻ,
പാരിന്നൊക്കെപ്പ്രിയൻ നല്ല സുഖദം നാടു വിട്ടഹോ, ൰൪

Digitized By Kerala Sahitya Akademi

കിടന്നു മന്നിലെവ്വണ്ണം, താമ്രാക്ഷൻ, പ്രിയദർശനൻ,
രാമനിന്ദീവരശ്യാമനദുഃഖാർഹൻ, സുഖോചിതൻ!
ധന്യൻ തന്നെ മഹാഭാഗൻ ലക്ഷ്മണൻ ശുഭലക്ഷണൻ:
ദുഷ്കാലത്തനവർത്തിയ്ക്കുന്നുണ്ടല്ലോ ജ്യേഷ്ഠരാമനെ! ൧൦

കൃതാർത്ഥ താൻ സീത, വനം പൂകല്ലോ പതിയൊത്തവൾ!
അമരക്കാരനററുഴി ശൂന്യമായ്ത്തോന്നിടുന്നു മേ,
അച്ഛൻ വിണ്ണേറിയും രാമൻ കാടണഞ്ഞുമിരിയ്ക്കയാൽ! ൧൧

ആക്രമിയ്ക്കുകയില്ലാരുമുർവിയെക്കരൾകൊണ്ടുമേ:
കാട്ടിൽവാണാലുമഞ്ഞോർതൻ കൈക്കരുത്തുണ്ടു കാവലായ്!
മതിൽപ്പാറാവി,ഭാശപത്തെക്കെട്ടൽ, വാതിലടയ്ക്കലും,
രക്ഷയും, കാവലും, സൈന്യപ്രഹർഷവുമൊഴിഞ്ഞതായ് ൧൨

ഇടിച്ചിലും പെട്ടു തരംകെട്ടതാം രാജധാനിയെ
ശത്രുക്കളോഹരിയേ ചെയ്യാ, നഞ്ഞുപ്പെട്ടതാകണക്കിനേ!
ഇന്നുതൊട്ടു കിടപ്പൻ ഞാൻ മന്നിലോ പുല്ലുതന്നിലോ:
മരത്തോൽജടയും പൂണ്ടു നിത്യം കായ്കനിഭുക്കുമായ്, ൧൩

അവിടെയ്ക്കായ് വനേ പാർപ്പൻ ബാക്കിക്കാലം സുഖേന ഞാൻ;
എന്നാൽപ്പാഴാകയില്ലല്ലോ, പൂർവ്വജന്നാപ്രതിശ്രുതം.
ശത്രുഘ്നൻ,ഗ്രജന്നായിപ്പാർക്കും ഞാനൊത്തു പാർത്തിടും;
ജ്യേഷ്ഠനോ, ലക്ഷ്മണനുമായ് രക്ഷിച്ചീടുമയോധ്യയെ. ൧൪

അഭിഷേചിച്ചിടും വിപ്രർ കാകുത്സ്ഥനെയയോധ്യയിൽ;
എന്നാശയിതു ദേവന്മാർ സാധിപ്പിയ്ക്കുകയില്ലയോ!

സപയം വണങ്ങിപ്പലമാതിരിയ്ക്ക ഞാൻ
പ്രസാദനം ചെയ്യുതെടുത്തിടായ്കിലോ,
പെരുത്തുനാൾ രാഘവനൊത്തു പാർക്കവൻ
വനത്തിൽ ഞാനെ;ന്നെ വെടിഞ്ഞിടില്ലവൻ! ൧൫

—*—

Digitized By Kerala Sahitya Akademi

## എണ്പത്തൊമ്പതാം സർഗ്ഗം: ഭരതഗംഗാതരണം.

—*—

*അഗ്ഗംഗക്കരയിൽത്തന്നെ രാത്രി പാർത്തിട്ടു രാഘവൻ*
കാലത്തെണീററമ്പരതൻ ശത്രുഘ്നനൊടിതോതിനാൻ:-
'എണീയ്ക്കു, ശത്രുഘ്ന, കിടപ്പതെന്തേ?-ദ്ദാശരാജനെ
ചെന്നുകാത്തു,തേ ഭദ്ര,മവൻ പുഴ കടത്തിടും.' ൨
'ഉറങ്ങാതെ കിടപ്പാണാ ജ്യേഷ്ഠനെത്തന്നെയോർത്തു ഞാൻ'
എന്നാൻ, വിളിയ്ക്കപ്പെട്ടാറേ ശത്രുഘ്നനനുജാതനും.
എന്നു തമ്മിൽ നരവ്യാഘ്രർ സംസാരിയ്ക്കുന്നനേരമേ
വന്നണഞ്ഞമ്പരതനെത്തൊഴുതോതീടിനാൻ ഗുഹൻ:- ൪
'ആററിൻവക്കിൽസ്സുഖിച്ചല്ലേ രാത്രി പാർത്തു രാഘവ?
സസൈന്യനാം ഭവാന്നെല്ലാം നിരുപദ്രവമല്ലയോ?'
സ്നേഹത്താലേ നിഷാദേന്ദ്രനിച്ചോദിച്ചതു കേട്ടടൻ,
രാമന്നധീനൻ ഭരതൻതാനമിങ്ങിനെ ചൊല്ലിനാൻ:- ൬
'സുഖം രാജൻ, രാത്രി ഞങ്ങൾക്ക:—ങ്ങു പൂജിച്ചു ഞങ്ങളെ;
ദാശർ ഗംഗകടത്തട്ടെ ഞങ്ങളെപ്പല തോണിയിൽ.'
ഭരതൻെറ നിയോഗം കേട്ടതിവെമ്പലൊടേ ഗുഹൻ
നഗരത്തിൽ മടങ്ങിച്ചെന്നാ ജ്ഞാതികളൊടോതിനാൻ: ൮
'ഉണർന്നെഴുന്നേററിടുവിൻ; സദാ നിങ്ങൾക്കു മംഗളം!
ഇറക്കുവിൻ തോണികളെ;-പ്പുഴ നമ്മൾ കടത്തണം'.
അതു കേട്ട,ങ്ങുള്ളപ്പാടാൽ വെമ്പലോടെഴുന്നേററവർ
അഞ്ഞൂറു തോണിയെത്തിച്ചാരഞ്ജസാ നിളെനിന്നുമായ്, ൧൦
പായ് കെട്ടി വൻനാക്കമണിത്തൂക്കിച്ചേലൊത്ത ചേർപ്പോടും
തക്ക കാറേറശി വിലസുമിണവഞ്ചികൾ വേറെയും;
കൊണ്ടുവന്നാൻ ഗുഹൻ തന്നേ, വെഞ്ചാമ്പിളി വിരിച്ചതും
ആസ്ഥാനകാഘോഷവുമൊരു നല്ലിണവഞ്ചിയെ ൧൨
അതിൽക്കേറീ ഭരതനമച്ഛത്രുഘ്നനുമൂർജ്ജിതൻ;
കേറീ സുമിത്ര,കൌസല്യ,മററു മാതൃജനങ്ങളും.

Digitized By Kerala Sahitya Akademi

അവക്കുമുമ്പേ വാധ്യാന്മന്ത്രണന്മാർ ഗുരുക്കളും
പിന്നെ രാജാംഗനകളും വണ്ടിപാണിവൃന്ദവും. ൫൪
പടവീടു ചുട്ടമ്പോഴും കടവത്തെത്തിടുമ്പൊഴും
സാമാനമേന്തുമ്പൊഴുമുള്ളിരമ്പം പാറിയംബരേ.
ആപ്പായ കെട്ടിയവയാം ദാശർ മേവിന തോണികൾ
കേറിയോരെ വഹിച്ചുംകൊണ്ടോടിപ്പോന്നിതനങ്ങളം. ൫൬
ചിലതാ സ്ത്രീകളാൽപ്പൂർണ്ണം, ചിലതശ്വങ്ങളാലുമേ;
മഹാർഘയാനയുഗ്യത്തെ വഹിച്ചു ചില തോണികൾ.
ജനത്തെ മറുതീരം പുക്കിറക്കിപ്പിന്തിരിയ്ക്കവേ,
അവയെപ്പലമട്ടാററിലോടിച്ചാർ ദാശബാന്ധവർ. ൫൮
പാപ്പാന്മാർ പ്രേരണംചെയ്ക പള്ളിയമ്പാരിയാനകൾ
കടക്കമ്പോൾ പ്രകാശിച്ചു, സപക്ഷാദ്രികൾ പോലവേ.
ചിലർ തോണികളിൽക്കേറി; കടന്നു ചിലർ 'പാണ്ടി'യാൽ;
കടന്നു ചിലർ കുംഭത്താൽ;-ച്ചിലർ നീന്തിക്കടക്കയായ്.
അദ്ദാശരാൽ സ്വയംഗംഗ കടത്തപ്പെട്ട നൽപ്പട
പൂകീ മൈത്രമുഹൂർത്തത്തിൽ പ്രയാഗവനമുത്തമം.

സൈന്യത്തെയാശ്വാസമണച്ചു സൌഖ്യ-
പ്പെട്ടത്തി നിർത്തിബ്ഭരതൻ ഗഭീരൻ
പോയാൻ ഭരദ്വാജമഹർഷിതന്നെ-
ക്കാണ്മാൻ പുരോധസ്സുകളോടുകൂടി. ൬൦
അവൻ സുരാചാര്യജനാം മഹാത്മ-
വിപ്രന്റെ രമ്യാശ്രമഭൂവിലെത്തി
കണ്ടാൻ മനോജ്ഞോടജവൃക്ഷജാല-
മാകും ദ്വിജേന്ദ്രന്റെ മഹാവനത്തെ.

---

## തൊണ്ണൂറാം സർഗ്ഗം: ഭരതഭരദ്വാജസമാഗമം.

---

ഭരദ്വാജാശ്രമം കണ്ടു വിളിപ്പാടകലത്തുതാൻ
സൈന്യത്തെയൊക്കെയും നിർത്തിച്ചെന്നാൻ സചിവയുക്തനായ്,



Digitized By Kerala Sahitya Akademi

കോപ്പുമായുധവും വെച്ചു ധർമ്മജ്ഞൻ ധവളാംബരൻ
വാദ്ധ്യാനെ മുന്നിലാക്കിക്കാൽനടയ്ക്കു നരപുംഗവൻ. ൨
അബ്ഭരദ്വാജനെക്കണ്ടപൊഴുതാ മന്ത്രിമാരെയും
നിർത്തിപ്പുരോഹിതൻതന്റെ പിമ്പേ ചെന്നാൻ കകുത്സ്ഥജൻ
വസിഷ്ഠനെക്കണ്ടുടനെ ഭരദ്വാജൻ തപോധനൻ
ശിഷ്യരോട,ർഘ്യമെന്നായ്ച്ചൊന്നെണീററാനാസനാൽ ദ്രുതം. ൪
വസിഷ്ഠനോടു ചേർന്നിട്ടു, ഭരതൻ കൈവണങ്ങവേ,
അവനെദ്ദാശരഥിയെന്നറിഞ്ഞാനമഹാദ്യുതി.
മുറയ്ക്കവർക്ക രണ്ടാൾക്കുമർഘ്യപാദ്യങ്ങൾ കായ്കളും
നല്കിച്ചോദിച്ചു കുശലം ധർമ്മാഭിജ്ഞൻ ഗൃഹത്തിലും, ൬
അയോദ്ധ്യയിൽ,ക്കോശചമൂമിത്രാമാത്യജനത്തിലും;
കഥിച്ചീലാ ദശരഥൻതൻപേർ, മൃതിയറിഞ്ഞവൻ.
വസിഷ്ഠഭരതന്മാരും ചോദിച്ചാരങ്ങനാമയം
മെയ്യ,ഗ്നി, ശിഷ്യർ, വൃക്ഷങ്ങൾ, മൃഗപക്ഷികളെന്നിതിൽ ൮
'അതേ' എന്നുര കൈക്കൊണ്ടു ഭരദ്വാജൻ തപോധനൻ
ചോദിച്ചാൻ രാഘവസ്നേഹാൽ ഭരതൻതന്നോടിങ്ങിനെ:-
"ഹേതുവെന്തു,ഴി വാഴുന്ന ഭവാനിങ്ങോട്ടു പോരുവാൻ?
ചൊല്കിങ്ങിതെല്ലാം; വിശ്വാസം വരുന്നില്ല മനസ്സിൽ മേ. ൧൦
ശോഷമേകം ദ്വിഷജ്ജിത്താമാരെക്കൌസല്യ പെററുവോ;
ഭ്രാതൃഭാര്യകളൊത്താരെച്ചിരം കാട്ടിന്നയച്ചുവോ;
'കാട്ടിൽപ്പാർത്തീടുകീരേഴാണ്ടു'ന്നേ,തൊരു യശസ്വിയെ
ഒരു പെണ്ണിന്റെ ചൊൽമൂലമച്ഛൻ ചൊല്ലിയയച്ചുവോ; ൧൨
ഇങ്ങാ നിഷ്പാപനിൽപ്പാപം ചെയ്യാനോർപ്പീലയല്ലി നീ,
നാടു നിർബ്ബാധമായ് വാഴാനവന്റയനുജങ്കലും?"
ഇതു കേട്ടിട്ടു ഭരതൻ ഭരദ്വാജനൊടോതിനാൻ
മാലാൽക്കണ്ണീരു വാർന്നൊച്ചയ്ക്കിടച്ചിയൊടുകൂടവേ:— ൧൪
"ഹതൻ ഞാനി,തുമട്ടെന്നെബ്ഭഗവാനും നിനയ്ക്കുകിൽ!
എന്നാൽക്കാണ്മീല ദോഷം ഞാൻ; ചൊല്ലായ്കെന്നോടിതിൻവിധം

Digitized By Kerala Sahitya Akademi

ഇല്ലാനകൃത്യമെന്നമ്മയെനിയ്ക്കായ് ച്ചൊല്ലിവെച്ചതിൽ
തോഷിച്ചുമില്ലമ്മൊഴിയാലു;-ളുകൈക്കൊണ്ടുമില്ല ഞാൻ. ൮
ആ നരവ്യാഘ്രനെ പ്രീതനാക്കുവാൻ പോന്നതാണു ഞാൻ,
തിരിച്ചയോധ്യയിൽക്കൊണ്ടുപോകാൻ, തൃക്കാൽ വണങ്ങുവാൻ.
ഇമ്മട്ടിലുള്ളവൻ ഞാനെന്നറിഞ്ഞു ദയ ചെയ്ക നീ!
ഭഗവാൻ, ചൊല്ക,വിടെയാണിപ്പോഴാ രാമൻ ധരേശ്വരൻ?"
ഋത്വിഗ്വസിഷ്ഠാദികരാം തൻ പ്രാർത്ഥനത്താൽ പ്രസന്നനായ്
ഭഗവാനാം ഭരദ്വാജൻ ഭരതൻതന്നൊടോതിനാൻ:-
"രഘുവംശജനാമങ്ങയ്ക്കിതു ചേരും നരർഷഭ,
ഗുരുവിൽത്താഴ്മ, ദമവും സാധുലോകാനുവൃത്തിയും. ൧൦
അറിവേൻ നിൻെറ നിനവിതു;-റപ്പിപ്പതിന്നാണു, ഞാൻ
ചോദിച്ചതാവിധം നിന്നോടേ,റെക്കീർത്തി വളർത്തുവാൻ.
അറിവേൻ, ധാർമ്മികൻ രാമൻ സീതാലക്ഷ്മണസംയുതൻ
ചിത്രകൂടഗിരീന്ദ്രത്തിൽ വാഴ്വൂ തവാഗ്രജൻ. ൧൧
അങ്ങോട്ടു നാളെപ്പോയിടാം; സാമാത്യൻ പാർക്കിന്നു നീ;
ചെയ്കെന്നിഷ്ടമിതിഷ്ടാർത്ഥപ്രദാതാവേ,മഹാമതേ."

ഉണർത്തിനാനങ്ങിനെതന്നൊയെന്ന,തി-
പ്രമോദമോടേ ഭരതൻ നൃപാത്മജൻ;
ഉറച്ചുകൊണ്ടാനന്നു,ന്നരാത്രിയിൽ-
ത്തദാശ്രമപ്പാർപ്പുമുദാരദർശനൻ. ൧൪

## തൊണ്ണൂറ്റൊന്നാം സർഗ്ഗം: ഭരതാതിഥ്യം

അന്നങ്ങു പാർപ്പുറച്ചോരേ ഭരതൻ കൈകയീസുതൻ
ക്ഷണിയ്ക്കപ്പെട്ടിതൃഷിയാലാതിഥ്യഗ്രഹണത്തിനായ്.
അവനോടോതി ഭരതൻ:-'നല്കിയല്ലോ ഭവാനിഹ
പാദ്യാർഘ്യവും കാട്ടുപദാർത്ഥത്താലാതിഥ്യവും മമ.' ൧
ഭരദ്വാജൻ ചിരിച്ചുംകൊണ്ടോതി ഭരതനോടുടൻ:-
"അറിവേൻ; പ്രീതിയുള്ളോരം നീ തെല്ലൊന്നാലും തെളിഞ്ഞിടും;

Digitized By Kerala Sahitya Akademi

എന്നാലുമീ നിൻപാടകൾക്കുണ്ണണമല്ലോൻ നിനച്ചു ഞാൻ:
എന്നിച്ഛയ്ക്കൊത്തമട്ടേ'നി ചെയ്യേണ്ടണം നരർഷഭ! ൭

എന്തിന്നു സേനയെദ്ദൂരെ നിർത്തിയിട്ടിങ്ങു വന്നു നീ?
എന്തേ, സേനയോടൊത്തിങ്ങു പോരാഞ്ഞതു നരർഷഭ?"
ഭരതൻ തൊഴുതിമ്മട്ടത്തുപാധ്യനനൊടോതിനാൻ:-
"ഭഗവാങ്കൽബ്ഭയാലത്രേ പോരാഞ്ഞു പടയൊത്തു ഞാൻ: ൮

രാജാവു ഭഗവൻ, രാജകുമാരന്മനാരതം
സൂക്ഷിച്ചുകന്നുനിൽക്കേണമല്ലോ മുനിപദങ്ങളിൽ.
മഹാശ്വങ്ങളുമാൾക്കാരും വരമത്തഗജങ്ങളും
വൻഭൂമി മൂടിപ്പോം ഭഗവൻ, കൂടെപ്പോരുന്നതുണ്ടു മേ; ൯

അവ വൃക്ഷസ്ഥലജലാശ്രമപർണ്ണാലയങ്ങളെ
ഉപദ്രവിയ്ക്കൊല്ലെന്നോർത്താണൊ,റ്റയ്ക്കു പോന്നതിങ്ങു ഞാൻ."
'വരുത്തുകിങ്ങു സൈന്യത്തെ'യെന്നു മാമുനി ചൊല്കയാൽ,
അതിങ്കൽനിന്നു ഭരതനസ്സൈന്യത്തെ വരുത്തിനാൻ. ൧൦

മുനിയഗ്നിഗൃഹം പൂകി നീർ നുകർന്നു തുടച്ചുടൻ
വിളിച്ചാൻ വിശ്വകർമ്മാവെ, വിരുന്നൂട്ട നടത്തുവാൻ:-
"വിളിപ്പേൻ വിശ്വകർമ്മാവെ; ത്വഷ്ടാവെയിവിടെയ്ക്കു ഞാൻ:
വിരുന്നൂട്ടാൻ നിനയ്ക്കുന്നേന;-തിൽ വേണ്ടതു ചെയ്ക മേ. ൧൧

വിളിപ്പേൻ മൂന്നുദിക്പാലന്മാരെയിന്ദ്രാദിദേവരെ:
വിരുന്നൂട്ടാൻ നിനയ്ക്കുന്നേന;-തിൽ വേണ്ടതു ചെയ്ക മേ.
കിഴക്കോട്ടാമൊഴുക്കോടും പടിഞ്ഞാട്ടാമൊഴുക്കോടും
മന്നിൽ വാനിലുമുള്ളോർകളെല്ലാമിഹ വരേണമേ: ൧൨

മൈരേയത്തെയൊഴുക്കട്ടേ ചിലർ, നൽസ്സുരയെച്ചിലർ,
കരിമ്പിൻനീരുപോലുള്ള കുളിർവെള്ളത്തെയും ചിലർ.
വിളിപ്പേൻ, ദേവഗന്ധർവ്വർ, വിശ്വാവസു, ഹാഹാ,ഹൂഹൂ,
അപ്സരസ്ത്രീകൾ, ഗന്ധർവ്വീ-ദേവിമാരിവരെസ്സമം; ൧൩

ഘൃതാചി, ഹേമ, വിശ്വാചി, മിശ്രകേശി, യലംബുസ,
നാഗദത്താഖ്യ, സോമാ-ദ്രിഗൃതസ്ഥലകൾതമ്മെയും.

Digitized By Kerala Sahitya Akademi

ബ്രഹ്മരുദ്രസന്നിധിയിലെത്തനപിമാരെയുമൊക്കയും
വിളിപ്പേൻ, തുംബുരുവൊടും സാമഗ്രികളോടും സമം. ൧൮
ആടമെക്കോപ്പില, സദാ ദിവ്യപ്പെൺകായുമൊത്തതായ്
കരസ്ഥം ദിവ്യകൌബേരവനമിങ്ങു വരേണമേ!
ശ്രേഷ്ഠാന്നം വളരെത്തീർക്കേസ്സാമഭഗവാനിഹ
ഭക്ഷ്യവും ഭോജ്യവും ചോഷ്യം ലേഹ്യവും പലമട്ടിലായ്. ൨൦
പൊഴിച്ചീടട്ടെ വൃക്ഷങ്ങൾ വിചിത്രകുസുമങ്ങളെ,
സുരാദിപേയങ്ങളെയും, നാനാമാംസഗണത്തെയും.''
എന്നായ് വിശുദ്ധസ്വരമാംവണ്ണം ചൊല്ലീടിനാൻ മുനി,
സമാധിമാൻ തപോയുക്തൻ തേജസ്സിലെതിരററവൻ. ൨൨
കിഴക്കു നോക്കിത്തൊഴുതഭദ്രഹം ധ്യാനിച്ചിരിയ്ക്കവേ
വന്നണഞ്ഞിതു വെവ്വേറെയദ്ദേവതകളേവരും.
മലയം ദർദ്ദുരമിവയോടുരുമ്മിപ്പുതുക്കാവ
വീശീ വിയപ്പു വററുംമാറാരാമൽക്കളിർകാററുടൻ. ൨൪
ഉണ്ടായ്വന്നു തുരുതുരെദ്ദിവ്യമാം പുഷ്പവർഷവും;
ദിവ്യദുന്ദുഭിനിഘോഷം കേൾക്കായി ദിക്കിലൊക്കയും.
വീശീ പേശലമാം തെന്നലാ,ടിനാരപ്സരസ്സുകൾ;
പാടിനാർ ദേവഗന്ധർവർ; മുതിർന്നു വീണവായന. ൨൬
മയത്തിൽസ്സമമായ്പ്പൊങ്ങി ലയസംയുതമാം സ്വനം
മന്നിലും വാനിലും പൂകീ പ്രാണികർണ്ണപുടങ്ങളിൽ.
ആ നരശ്രോത്രസുഖദം ദിവ്യസ്വനമലയ്ക്കവേ,
കണ്ടു ഭരതസൈന്യങ്ങൾ വിശ്വകർമ്മപ്പണിത്തരം: ൨൮
നിരപ്പിയന്നതായ് പാത്തട്ടഞ്ചുയോജന ചുററുമേ
മൂടപ്പെട്ടതുമായ് നീലവൈഡൂര്യപ്പുല്പരപ്പിനാൽ;
അവിടെക്കുവളം പ്ലാവും വിളാവാം മാതളങ്ങളും
കായ്ക്കളാലണിയപ്പെട്ടു വിലസീ മാവു നെല്ലിയും. ൩൦
വടക്കേക്കുരുരാജ്യത്തെദ്ദിവ്യഭോഗാഢമാം വനം
വന്നൊത്തി, നൽപ്പുഴകളും തീരദ്രുമശതത്തൊടേ;

Digitized By Kerala Sahitya Akademi

വെൺനാലുകെട്ടുകളും ഗജപ്പന്തിയും ഹയശാലയും
ഹർമ്മ്യപ്രാസാദനിരയും ഗോപുരവും തോരണങ്ങളും ൩൨
ചാരുതോരണമായ് വെണ്മാക്കേതിരാം നൃപമന്ദിരവും:
ദിവ്യമാല്യങ്ങളെച്ചാർത്തിട്ടിദിവ്യഗന്ധം തളിച്ചതായ്
ചത്വരത്തിൽപ്പരപ്പാർന്ന യാനശയ്യാസനാഢ്യമായ്
സർവ്വദിവ്യരസം പൂണ്ടു ദിവ്യവസ്ത്രാന്നയുക്തമായ് ൩൪
മോറിത്തെളിഞ്ഞ പാത്രം ഭോജനമെല്ലാം ചമച്ചതായ്
സർവ്വാസനങ്ങളും വെച്ചു പള്ളിമെത്ത വിരിച്ചതായ്
രത്നം നിറഞ്ഞ കൊട്ടാരമതു പുക്കാൻ മഹാഭുജൻ
മഹർഷിയാലനുജ്ഞാതൻ ഭരതൻ കൈകയീസുതൻ. ൩൬
അവനെപ്പിന്തുടർന്നാരഗ്ഗുരുമന്ത്രികളേവരും;
അക്കൊട്ടാരപ്പുരിപുക്കു കണ്ടാമോദം തേടിനാരവർ.
അങ്ങു വെൺചാമരച്ഛത്രദിവ്യരാജാസനങ്ങളെ,
നൃപനെപ്പോലെ ഭരതൻ വലംവെച്ചാനമാത്യവാൻ; ൩൮
രാമന്നായ് പ്രണമിച്ചിട്ടു പൂജിച്ചാനാസനത്തെയും;
ഒരു വെൺചാമരം കൈക്കൊണ്ടിരുന്നാൻ സചിവാസനേ.
മുറയ്ക്കിരുന്നാരാ മന്ത്രിപുരോഹിതരുമവരും;
പിൽപ്പാടിരുന്നു സേനേശൻ, പിന്നെക്കൈനിലമൂപ്പനും. ൪൦
പിന്നീടങ്ങൊട്ടുനേരത്താൽപ്പായസച്ചളിയാറുകൾ
ഭരതന്നരികത്തെത്തി ഭരദ്വാജന്റെയാജ്ഞയാൽ;
അവതന്നിരുവക്കത്തും വെള്ളക്കമ്മായമിട്ടവ
ബ്രഹ്മപ്രസാദാലുണ്ടായി രമ്യദിവ്യാലയങ്ങളും ൪൨
അതേനേരത്തു വന്നെത്തി ദിവ്യമെയ്ക്കോപ്പണിഞ്ഞവർ
ഇരുപത്തായിരം സ്ത്രീകൾ, വിരിഞ്ചൻ ചൊന്നയച്ചവർ;
വന്നെത്തി മുത്തു പവിഴം പൊന്നുരത്നമണിഞ്ഞവർ
ഇരുപത്തായിരം സ്ത്രീകൾ, കുബേരൻ ചൊന്നയച്ചവർ; ൪൪
ഏവർ തൊട്ടാൽപ്പുമാൻഭ്രാന്തനപ്സരോനാരിമാരവർ
ഇരുപത്തായിരം പേർകൾ വന്നെത്തി നന്ദനസ്ഥലാൽ,

Digitized By Kerala Sahitya Akademi

സ്വൎഗ്ഗത്തെജ്ജയിച്ചോരവർ ഗോപൻ, തുംബുരു,നാരദൻ
എന്നീഗ്ഗന്ധൎവ്വരാജാക്കൾ പാടീ ഭരതമുന്നിലായ്. ൪൯

അലംബുസാമിശ്രകേശിവാമനാപുണ്ഡരീകമാർ
ആടീ ഭരതപാൎശ്വത്തിൽ,ബ്ഭരദ്വാജന്റെയാജ്ഞയാൽ.
ദേവോദ്യാനങ്ങളിൽപ്പൂക്കളെവ ചൈത്രരഥത്തിലും,
അവ കാണായ് പ്രയാഗത്തിൽ,ബ്ഭരദ്വാജന്റെ ശക്തിയാൽ.
കൂവളം മദ്ദളക്കാരൻ; താന്നി താളം പിടിപ്പവൻ;
അരയാൽ നൎത്തകനുമായ്, ഭരദ്വാജന്റെയാജ്ഞയാൽ.
ഉങ്ങ്,,മൈലെള്ള്, ചരളം, കരിമ്പനകളെന്നിവ
ചമഞ്ഞാരങ്ങു സരസം കുനതും കുറിയോരുമായ്. ൫൦

ഇരുമുൾ നെല്ലിയും ഞാവൽ കാട്ടിലുള്ളവ മറ്റുമേ,
പിച്ചകം മുല്ലയും ജാതി കാട്ടുവള്ളികൾ മറ്റുമേ
ചൊന്നാർ പെണ്ണുങ്ങളായ്ത്തീൎന്നു, ഭരദ്വാജന്റെയാശ്രമേ:-
'സുരാപർ സുര സേവിപ്പിൻ, വേണ്ടുന്നോർ പായസത്തെയും;
സ്വാദുമദ്ധ്യമാംസങ്ങളെയും വേണ്ടുവോളം ഭുജിയ്ക്കുവിൻ.'
മൈ തിരുമ്മിക്കുളിപ്പിച്ചാരാറ്റിൻചാരുതടങ്ങളിൽ,
ഓരോരോ പൂരുഷനെയങ്ങേഴമെട്ടും വധൂടിമാർ.
തലോടുവാനും വന്നെത്തീ മങ്കമാർ മഞ്ജുനേത്രമാർ; ൫൧

തോൎത്തി മദ്യം കുടിപ്പിച്ചാർ വിജനേ വരനാരിമാർ.
ഗജാശ്വം കാള കഴുതയൊട്ടകങ്ങളിവയ്ക്കുമേ,
വിധിപോലവതൻതീറ്റി നല്കിനാർ യാനപാലകർ;
കരിമ്പുതേൻമലരിവ നിൎബ്ബന്ധംചെയ്തു തീറ്റിനാർ ൫൨

ഇക്ഷ്വാകുവംശ്യഭടർതൻ യാനങ്ങളെ മഹാബലർ.
അറിഞ്ഞീലാനയെപ്പാപ്പാൻ, യന്താവു തുരഗത്തെയും:
മത്താൎന്നു വെളിവറ്റങ്ങു വിളങ്ങീ തുഷ്ടമപ്പട.
ചുകന്ന ചന്ദനം പൂശി, വേണ്ടതൊട്ടുക്കു നേടിയും, ൫൩

അപ്സരസ്ത്രീകളായ്ച്ചേൎന്നപ്പടയാളികൾ ചൊല്ലിനാർ:-
'പോകാ ഞങ്ങളയോദ്ധ്യയ്ക്കു, പോകില്ലാ ദണ്ഡകയ്ക്കുമേ;

Digitized By Kerala Sahitya Akademi

കരളലം കൊൾക ഭരതൻ! സുഖം നേടട്ടെ രാമനും!'
ഏവം സ്വതന്ത്രരായ്ച്ചൊന്നാരസ്സൽക്കാരം ലഭിയ്ക്കയാൽ; ൬൦
കാലാൾകളാം ഭടന്മാരും ഗജാശ്വാരോഹപാലരും
ആഹ്ലാദമോടങ്ങാപ്പിട്ടുകൊണ്ടാരായിരമായിരം;
ഭരതാനുഗരക്കൂട്ടരിതു വിണ്ണെന്നുമോതിനാർ.
ചിരിച്ചാർ, നടനംചെയ്താർ, പാടിനാർ പടയാളികൾ; ൬൨
മാല്യം പൂണ്ടു കിടന്നെങ്ങും പാഞ്ഞാരായിരമായിരം.
ആസ്സുധാതുല്യമാമന്നമശിച്ചോരാമവക്കടൻ
അദ്ദിവ്യഭക്ഷ്യജാലം കണ്ടാർത്തി തോന്നീ ഭുജിയ്ക്കുവാൻ!
ചേടീദാസർ വധൂയോധന്മാരുമായിരമായിരം ൬൪
തിമിർത്താരേററം,മെപ്പേരുമലങ്കിയതുടുത്തവർ.
ഗജാശ്വങ്ങൾ ഖരോഷ്ട്രങ്ങൾ ഗോക്കൾ പക്ഷിമൃഗങ്ങളും
തൃപ്തി പൂണ്ടാർ തുലോം; മങ്ങില്ലന്യനിർമ്മിതമൊന്നുമേ!
വസ്ത്രം മുഷിഞ്ഞോനങ്ങില്ല, മലിനൻ ക്ഷുൽസമേതനും; ൬൬
കാണപ്പെട്ടീല മുടിമേൽപ്പൊടിപററിയുമേവനും.
പന്നിയാട്ടുകളാലുള്ള മികച്ച കറിവസ്തുവും
കായ്ക്കഴമ്പുകൾ വെൺചോറും രസഗന്ധിപ്പരിപ്പുമേ
നിറഞ്ഞ പൂപ്പണിയണിച്ചരക്കായിരമായിരം ൬൮
കണ്ടാരങ്ങദ്ഭുതത്തോടേ നരർ നാലുവശത്തിലും.
കാനനാന്തേ കിണറുകൾ പായസച്ചളി ചേന്നവ;
അപ്പൈക്കൾ കാമധേനുകൾ; തേനൊഴുക്കി മരങ്ങളും!
പിടാവിൽ വേവിച്ച നറുംമയിൽമാൻകോഴിമാംസവും ൭൦
ചുഴന്നു മധുപൂർണ്ണങ്ങളായിത്തീന്നിതു വാപികൾ.
കറിപ്പാത്രം ശതശതം, വട്ടളം പെരുതായിരം,
തനിത്തങ്കത്തളികകൾ പത്തുകോടിയുമങ്ങിനെ,
സുസംസ്കൃതം നിറതയിർക്കലം, കുജാവു, കിണ്ടികൾ, ൭൨
മാത്തച്ചു നന്മണംപൂണ്ടു പുതുമോരിൻ കയങ്ങളും
രസാളം വെൺതയിർ നിറഞ്ഞുള്ള മററു കയങ്ങളും

Digitized By Kerala Sahitya Akademi

കാണായ് പഞ്ചാരതൻ കുമ്പാരങ്ങളും പാല്പായസങ്ങളും!
കല്ക്കം സുഗന്ധപ്പൊടികൾ നാനാസ്നാനപദാർത്ഥവും ൬൭
നരർ പാത്രങ്ങളിൽക്കണ്ടു പുഴക്കടവുതോറുമേ.
വെളുത്തു കൂർച്ചമോടൊത്ത ദന്തകാഷ്ഠചയങ്ങളും,
വെൺചന്ദനമരച്ചിട്ടു ചെപ്പിലായ് വെച്ചിരിപ്പതും,
തുടച്ചു കണ്ണാടികളും, വസ്ത്രം കൂട്ടിക്കിടപ്പതും, ൬൮
തോൽച്ചെരിപ്പും, മെതിയടിജോടിയും പെരുതായിരം,
മഷിയോടുകളും, ചിപ്പും, കൂർച്ചം, കടകൾ, വില്ലുകളും,
പലേതരം ചട്ടകളും, ശയനീയാസനങ്ങളും,
ഗജാശ്വോഷ്ട്രഖരങ്ങൾക്കു കുടിപ്പാൻ നിർക്കയങ്ങളും, ൬൯
ഇറങ്ങാൻ നല്ലകടവും തെളിനീരുൽപലാബ്ജവും
വാനിന്റെ നിറവും ചേർന്ന സുഖസ്നാനഹ്രദങ്ങളും
കണ്ടാരങ്ങവരെമ്പാടും, പശുക്കൾക്കു കൊടുക്കുവാൻ
നീലവൈഡൂര്യനിറമാം മൃദുപുൽ കൂട്ടിയിട്ടതും. ൭൦
ഭരതന്നൃഷിശ്രേഷ്ഠൻ ചെയ്തോരാതിത്ഥ്യമാവിധം,
സ്വപ്നം പോലത്ഭുതം കണ്ടിട്ടാശ്ചര്യപ്പെട്ടിതാ നരർ.
ഇവണ്ണം, നന്ദനത്തിങ്കൽസ്സുരർ പോലെ രമിക്കവേ
കഴിഞ്ഞിതാ രാത്രി ഭരദ്വാജന്റെ സുഭഗാശ്രമേ. ൭൧
ഗന്ധർവാ നദികളും വന്നപാടേ തിരിച്ചുപോയ്,
ഭരദ്വാജാനുമതിയോടാത്തനാരികളുമേവരും.

ശരിക്കു മദ്യാൽക്കടർ മർത്ത്യർ തൃപ്തരായ്;
ശരിക്കു ദിവ്യാഗരുചന്ദനാർദ്രരായ്;
ശരിക്കു വേറെ ചിതറി, ജനങ്ങൾതൻ
ചതഞ്ഞ നാനാവരദിവ്യമാലകൾ! ൭൨

—*—

തൊണ്ണൂറിരണ്ടാം സർഗ്ഗം: ചിത്രകൂടമാർഗ്ഗകഥനം.

—(o)—

വിരുന്നേറ്റാ രാത്രി പാർത്തു ഭരതൻ പരിവാരവാൻ
ഭരദ്വാജന്റെയരികത്തണഞ്ഞാൻ സാഭിലാഷനായ്.



Digitized By Kerala Sahitya Akademi

ഭരതൻ ചെന്നു കൈക്കൂപ്പിയത്ര കണ്ടരിയാടിനാൻ
കൃതഹോമൻ ഭരദ്വാജനാ നരവ്യാഘ്രനോടൃഷി:- ൨

'സുഖമായ്ത്തീർന്നിതോ രാത്രിയങ്ങയ്ക്കീയസ്മദാശ്രമേ?
തൃപ്തരായോ വിരുന്നാൽ നിന്നാളുകാരനാഘ? ചൊല്ക മേ.'
ആശ്രമാൽപ്പുറമേ വന്ന തേജസ്സേറും തപസ്വിയെ
നമസ്കരിച്ചു തൊഴുകയ്യോടേ ഭരതനോതിനാൻ:- ൪

'സുഖേന പാർത്തേൻ സാമാത്യൻ സൈന്യവാഹനമൊത്ത ഞാൻ,
വേണ്ടതൊക്കെ ഭഗവാൻ മതിയാംവരെ നല്കയാൽ.
ചൂടും വാട്ടവുമേറ്റാമൽസ്ഥലം പുക്ക സമൃദ്ധരായ്
സുഖിച്ചല്ലോ പാർത്തു ഞങ്ങളേവരും, ദാസർകൂടിയും! ൬

ഇച്ഛയാ യാത്രചൊല്ലുന്നേൻ ഭഗവാനോടൃഷീന്ദ്ര, ഞാൻ;
ജ്യേഷ്ഠന്നടുക്കൽപ്പോമെന്നെപ്പാർത്താലും സ്നിഗ്ദ്ധദൃഷ്ടിയാൽ!
ധർമ്മജ്ഞ, ധർമ്മപരനാമമ്മഹാന്റെയാശ്രമം
കഥിയ്ക്ക; വഴിയേതെത്രയുണ്ടെന്നുമരുൾചെയ്ക മേ.' ൮

ഇച്ചോദ്യം കേട്ടു തേജസ്വി ഭരദ്വാജൻ തപോധനൻ
ഭ്രാതൃദർശനമിച്ഛിയ്ക്കും ഭരതൻതന്നൊടോതിനാൻ:-
'കാടൊന്നു, രണ്ടരക്കാതംദൂരെ ഭരത, നിർജ്ജനം;
ചിത്രകൂടാദ്രിയുണ്ടങ്ങു, നല്ലകൂടകല്ലിളപ്പുമായ്. ൧൦

അതിൻ വടക്കുഭാഗത്തായുണ്ടു മന്ദാകിനീനദി,
പൂത്ത വൃക്ഷങ്ങളാൽ മൂടി രമ്യമാം പൂത്ത കാടുമായ്.
അപ്പുഴയ്ക്കരികത്തല്ലോ ചിത്രകൂടാഖ്യപർവതം,
മദ്ധ്യേ പർണ്ണാലയം വത്സ; പാർപ്പുണ്ടു ദൃഢമങ്ങവർ. ൧൨

തെല്ലു തെക്കോട്ടുപോയ്ത്തെക്കുപടിഞ്ഞാറു വഴിയ്ക്കുതാൻ,
ആനതേർത്തുരഗം തിങ്ങും പടയെപ്പടനായക,
നടത്തുകെ;-ന്നാൽക്കണ്ടെത്തും നീ മഹാഭാഗ, രാമനെ.'
എന്നാ യാത്ര ചെവിക്കൊണ്ടു ചുഴന്നാരങ്ങു വിപ്രനെ, ൧൪
യാനം വെടിഞ്ഞു യാനാർഹമാരാം രാജേന്ദ്രനാരിമാർ:
മാഴ്കിച്ചുടച്ചു കൌസല്യ സുമിത്രാദേവിതാനുമായ്

Digitized By Kerala Sahitya Akademi

പിടിച്ചാൾ മുനിതൻ കാല്ക്കൾ, വിറച്ചുംകൊണ്ടു കൈകളാൽ;
അഭീഷ്ടം നിറവേറാഞ്ഞോൾ, ലോകരെല്ലാം പഴിച്ചവൾ ൧൮
കൈകേയിയും നാണമോടേ പിടിച്ചാളൃഷിതൻ കഴൽ.
ഭഗവാനാം മാമുനിയെ വലംവെച്ചു നടന്നുടൻ
ഭരതന്റെയടുക്കൽത്താൻ നിന്നാൾ ദീനമനസ്സവൾ.
ചൊന്നാൻ ഭരതനോടപ്പോൾബ്ഭരദ്വാജൻ ദൃഢവ്രതൻ:- ൧൯
'വേർതിരിച്ചറിയേണം മേ നിൻമാതാക്കളെ രാഘവ.'
ഭരദ്വാജോക്തി കേട്ടിട്ടു ഭരതൻ ധർമ്മതൽപരൻ
പറഞ്ഞാൻ തൊഴുകൈ പൂണ്ടു, പറവാൻ വിരുതുള്ളവൻ:-
"ഈ മാമുനേ താതമഹിഷീദേവിയെദ്ദേവതാഭയെ ൨൦
ശോകോപവാസകൃശയെക്കാണ്മിലേ ഭഗവൻ, ഭവാൻ;
ആ നരവ്യാഘ്രനാം സിംഹവിക്രാന്തഗതി രാമനെ
പെറ്റാളദിതി ധാതാവെപ്പോലെ, കൌസല്യയാമിവൾ.
മാൽ പൂണ്ടിവൾക്കുള്ളിടത്തുകൈ പിടിച്ചേവൾ നില്പിതോ, ൨൧
കാട്ടിൽപ്പൂ കൊഴിയും കർണ്ണികാരക്കൊമ്പു കണക്കിനെ;
അദ്ദേവിയുടെ പുത്രന്മാർ ദേവാഭന്മാർ കുമാരകർ
വീരർ ലക്ഷ്മണശത്രുഘ്നരിരുപേർ സത്യവിക്രമർ.
ആർമൂലം പോയിതോ ചാകാനിരുപേർ നരപുംഗവർ, ൨൨
ഭൂപൻ ദശരഥൻ പുത്രവിരഹാൽ വിണ്ണുമേറിയോ,
ക്രുദ്ധയും മൌഢ്യവും ഡംഭം പൂണ്ടോൾ ചന്തംനടിപ്പവൾ
എന്നമ്മയാമക്കൈകേയിയിവളൈശ്വര്യകാംക്ഷിണി
ശിഷ്ടരൂപിണിയാം ദുഷ്ട, പാപനിശ്ചയ, നിർദ്ദയ; ൨൩
കാണെന്നതിവളാലല്ലോ പാരമാപത്തെനിക്കു ഞാൻ!"
കണ്ണീരാൽത്തൊണ്ടയിടറുമാറിതോതി നരർഷഭൻ,
ക്രോധാൽച്ചീറലും ഫണിയെക്കാപ്പോൾ വീർപ്പിട്ടാൻ കൺ ചുകന്ന
ആമട്ടോതും ഭരതനോടൃഷീന്ദ്രനതിബുദ്ധിമാൻ [വൻ.
ചൊന്നാനേവം ഭരദ്വാജനർത്ഥവത്താകമുത്തരം:—
'ദോഷം ഭരത, നണ്ണൊല്ല കൈകേയിയുടെപേരിൽ നീ;

Digitized By Kerala Sahitya Akademi

രാമൻെറയീ നാട്ടുവിട്ടലൊട്ടുവിൽ ക്ഷേമമാസ്സരും.
വാനോക്കും ഭാവിതാത്മാക്കളെൃഷിമാക്കസുരക്കുമേ ൩൦
രാമൻെറ നാട്ടുവിടലാലുള്ള വാമിങ്ങ നന്മതാൻ.'
വന്ദിച്ചനുഗ്രഹം വാങ്ങി, വലംവെച്ച്യഷിയോട്ടടൻ
വിട ചോദിച്ചു,ഭരതൻ ചൊല്ലീ പടയൊരുങ്ങുവാൻ.
ഉടനേ പൊന്നണിഞ്ഞിട്ടിവ്യവിവിധാശ്വരഥങ്ങളെ ൩൧
പൂട്ടിക്കേറീ യാത്രയ്ക്കായ്പ്പലമാതിരിയാളുകൾ.
കനകച്ചങ്ങലകളിട്ടാൺപെണ്ണാനകൾ,
വർഷത്തിൽക്കാർകളെപ്പോലെ പുറപ്പെട്ടു സഘോഷമായ്.
പലമാതിരി യാനങ്ങൾ വലുതും ചെറുതായതും ൩൨
മികച്ചവ പുറപ്പെട്ടു; കാലാളും, കാൽനടയ്ക്കുമേ.
കൌസല്യാദ്യംഗനകളും മേത്തരം വാഹനങ്ങളിൽ,
രാമനെ ക്കാണുവാൻവേണ്ടിസ്സാമോദമെഴുന്നള്ളിനാർ.
പുതുചന്ദ്രാക്കനേർപള്ളിപ്പല്ലക്ക നിയമിച്ചതിൽ ൩൩
കേറിഗ്ഗമിച്ചാൻ ഭരതൻ ശ്രീമാനാൾക്കാരൊടൊപ്പമേ.
നടന്നിതാനതേരശ്വം നിറഞ്ഞുള്ളപ്പെരും പട.
തെക്കേട്ടിക്ക മറച്ചേന്തും പെരുംകാറെന്ന പോലവേ,
ഗംഗതൻ പശ്ചിമസ്ഥാനാൽ മലയാറുകൾതോറുമേ ൩൪
മൃഗപക്ഷികൾ മേവുന്ന കാനനങ്ങൾ കടന്നുടൻ.

ഹർഷിച്ച വാജിഭടിപയോധരൊത്തു,
മൃഗദ്വിജൌഘങ്ങൾ നടുങ്ങുമാറായ്
ആ വൻവനത്തിങ്കലണഞ്ഞുകൊണ്ടു
ശോഭിച്ചിതന്നബ്ഭരതൻെറ സൈന്യം.

—*—

## തൊണ്ണൂററിമൂന്നാം സർഗ്ഗം: ഭരതവനപ്രവേശം.

—*—

അഗ്ഗമിയ്ക്കും മഹാസൈന്യം പരിക്കേല്പിച്ചകാരണം
കൂട്ടമിട്ടോടിനാർ കാട്ടിലമരും മത്തയൂഥപർ.

Digitized By Kerala Sahitya Akademi

പുള്ളിമാനാൾക്കൊടിയും നീളെക്കൃഷ്ണമൃഗങ്ങളും
കാണായി കാട്ടുകളിലും മലയിങ്കലുമാററിലും. ൨

മോദേന പോയാനാധർമ്മശീലൻ ദശരഥാത്മജൻ,
ഇരമ്പിടുന്ന നാലംഗപ്പെരുമ്പടയൊടൊപ്പമേ.
മഹാനാം ഭരതൻതൻെറ കടൽക്കൊളെതിരാംപട
മൂടി മന്നിനെ, വർഷത്തിൽ മേഘം വാനിനെയാം വിധം. ൪

കുതിച്ചോട്ടം കുതിരകൾ കൊമ്പനാരും നിരക്കയാൽ,
അന്നേരമെന്നേരം കാണാവതല്ലാതായ്ത്തീർന്നു പാരിടം!
ശ്രീമാനൊട്ടേറെ വഴി പോയ് വാഹനങ്ങൾ തളർന്നവൻ
ഭരതൻ മന്ത്രിവരനാം വസിഷ്ഠനൊട്ട ചൊല്ലിനാൻ:— ൩

"ഞാൻ കേട്ടറിഞ്ഞപോലല്ലോ കാണുന്ന വടിവൊക്കെയും!
ന്യൂനമെത്തികഴിഞ്ഞു നാം,ഭരദ്വാജൻ പറഞ്ഞേടം;
ഇതാ, ശൈലം ചിത്രകൂട;-മിതാ മന്ദാകിനീനദി;
ഇതാ.ദൂരെ വിളങ്ങുന്നു കരിംകാറെതിർകാനനം. ൮

ചിത്രകൂടാചലത്തിൻെറ രമ്യസാനുസ്ഥലങ്ങളെ
ചതയ്ക്കുന്നുണ്ടിദാനീം, മേ മലകൾക്കൊൾക്കൊക്ഷമാനകൾ;
ഗിരിസാനുക്കളിലിതാ, പൂ പൊഴിയ്ക്കുന്നു ശാഖികൾ,
വർഷത്തിൽത്തിങ്ങിയ കരിംകാർകൾ നീരെന്നപോലവേ. ൧൦

കിന്നരാവാസമാം ദേശം കാണ്ക ശത്രു , പർവ്വതേ,
മകരാവൃതമാമാഴി പോലെമ്പാടും മൃഗാവൃതം:
ഇളക്കപ്പെട്ടു മണ്ടിപ്പോം മൃഗങ്ങൾ വിലസുന്നിതാ,
വാനിങ്കൽക്കാററു ചിന്നിച്ച ശരദഭ്രങ്ങൾ പോലവേ. ൧൨

മൂർദ്ധ്നി ചാർത്തുന്നു, കാർകുന്തലുയരെക്കെട്ടിവെച്ചിവർ
സുഗന്ധിപ്പൂമുടിപ്പുണ്ടം, തെക്കരാം നരർ പോലവേ.
നിശ്ശബ്ദം പോലിരുന്നോരീഘോരദർശനമാം വനം,
ആൾതിങ്ങീടുമയോധ്യയ്ക്കു നേരായ്ത്തോന്നുന്നിതദ്യമേ! ൧൪
കുളമ്പാൽപ്പൊങ്ങിയ പൊടി മൂടിനില്ക്കുന്നു വാനിനെ;
കാററുണ്ടതിനെ നീക്കുന്നു, മൽപ്രിയമൈഷി കണക്കടൻ.

Digitized By Kerala Sahitya Akademi

അശ്വയുക്തങ്ങളീസ്സൂതശ്രേഷ്ഠർ കേറിയ തേരുകൾ
കാട്ടിലേയ്ക്കു കുതിച്ചോടുന്നതു ശത്രുഘ്ന, കാൺക നീ. ൮

ഇതാ, മികച്ച ചിറകൊത്തഴകേറിയ മൈലുകൾ
പേടിച്ചുപ്പാപ്പിടത്തെയ്ക്കു പറക്കുന്നതു കാൺക നീ.
ഇദ്ദേശമത്യന്തമനോഹരമായ്ത്തോന്നിടുന്നു മേ;
തപസ്വാവാസമിതു വിൺവഴി തന്നെയകല്മഷ! ൯

കാട്ടിൽ മാൻപേടകളുമൊത്തൊട്ടേറെപ്പുള്ളിമാനുകൾ
കാണാകുന്നു മനോജ്ഞങ്ങൾ, പുഷ്പ പതിച്ചവ പോലവേ!
സൈന്യങ്ങൾ ചെമ്മേ പോകട്ടെ തേടിനോക്കട്ടെ കാനനേ,
ആ രാമലക്ഷ്മണനരവ്യാഘ്രരെക്കണ്ടുകിട്ടുവാൻ.” ൧൦

ഭരതൻ ചൊല്ലിയതു കേട്ടാൾക്കാര്യായുധപാണികൾ
പൂകിനാരാ വനം ശൂരർ; കണ്ടാരങ്ങൊരു ധൂമവും.
ധൂമാഗ്രം കണ്ടു വന്നെത്തിച്ചൊന്നാർ ഭരതനോടവർ:-
‘വിജനത്തിൽ വരില്ലഗ്നി: നൂനം, രാഘവരിങ്ങുതാൻ! ൧൧

അതല്ല,രിഘ്നരാം കൊച്ചുതമ്പുരാന്മാർ നരർഷഭർ
ഇല്ലെങ്കിൽ വേറെയിങ്ങുണ്ടാം രാമനൊക്കും തപസ്വികൾ!’
ഭരതൻ സാധുഷിതമാമവർതൻ വാക്കു കേട്ടുടൻ
ചൊന്നാനസ്സൈന്യരോടെല്ലാ,മരിപ്പടയുടപ്പവൻ:— ൧൨

‘ഒതുങ്ങി നില്ക്കുവിൻ: നിങ്ങളിനിയങ്ങോട്ടു പോരൊലാ;
ഞാൻമാത്രം പോകുവൻ വാധ്യാൻ സുമന്ത്രനിവർ മാത്രവും.’
എന്നുകേട്ടവരെപ്പേരുമങ്ങുനില്പായി നീളവേ;
ഭരതൻ പുകയുള്ളേടത്തുറപ്പിച്ചിതു ദൃഷ്ടിയെ. ൧൩

അടങ്ങിനിന്നു ഭരതൻ്റെയാജ്ഞയാ-
ലനീക,മഗ്രേ പുക കണ്ടിടുമ്പൊഴും;
പ്രിയപ്പെടും രാമനൊടാശു ചേരുമെ-
ന്നതോർക്കയാലുൾക്കളിരാണ്ടിതപ്പൊഴും.

—*—

Digitized By Kerala Sahitya Akademi

## തൊണ്ണൂററിനാലാം സർഗ്ഗം: ചിത്രകൂടവർണ്ണനം.

---

നെടുനാളായ്ഗ്ഗിരിയതിൽപ്പാർക്കും ഗിരിവനപ്രിയൻ
സീതയ്ക്കു സന്തുഷ്ടി വരാൻ, തൻമനസ്സും രസിയ്ക്കുവാൻ
കാട്ടിക്കൊടുത്താൻ നൽച്ചിത്രകൂടം ദശരഥാത്മജൻ
ഭാര്യയ്ക്കു ദേവസദൃശൻ, ശചിയ്ക്കിന്ദ്രൻ കണക്കിനേ:— ൨
"രാജ്യവിഭ്രംശവും ഭദ്രേ, കൂററുകാരാസ്സിരിഞ്ഞതും
എനിയ്ക്കുൾപ്പീഡ ചെയ്ക്കുന്നീലീ, രമ്യഗിരി കാണ്കയാൽ.
കാൺകീയചലം ഭദ്രേ, വിചിത്രവിഹഗാന്വിതം,
വാനം തുളച്ചുപോംമട്ടാം ധാതുശൃംഗങ്ങളാൽ വൃതം: ൪
വെള്ളിയ്ക്കുതുല്യം ചിലതു, ചിലതോ ചോര പോലവേ,
മഞ്ഞമഞ്ചെട്ടിനേർവർണ്ണം ചിലതിന്ദ്രോപലപ്രഭം
പുഷ്യാക്കൈതപ്പൂമട്ടിൽ, ച്ചിലതൃക്ഷംസാഭയിൽ,
ഏവംലസിപ്പൂ,മലതൻ ധാതു ചാർത്തിയ ഭൂമികൾ. ൬
ദുഷ്ടററ നാനാമൃഗവുമൃക്ഷം പുലി തരക്ഷുവും
ചുഴന്നീമല ശോഭിപ്പൂ, ബഹുപക്ഷികൾ തിങ്ങിയും.
മാവും, പ്ലാവും, മുരൾ, ഞമ, ഞാവൽ, പാച്ചോററി, വേങ്ങകൾ,
കായാവു, മൈലെള്ള, കോലം, പനച്ചി, തൊടുകാരകൾ, ൮
നീർമാതളം, കുമിഴ, വേപ്പ്,രിപ്പ, മുള, കൂവളം,
ലന്ത, നെല്ലി, കടമ്പും, നീർമരുതും, ചൂരൽ മാതളം,
തണലുള്ളവ രമ്യങ്ങൾ പൂവും കായുമിയന്നവ
ഇത്യാദികൾ നിറഞ്ഞേററം വിളങ്ങിടുന്നിതിഗ്ഗിരി. ൧൦
രമ്യാദ്രിത്താഴ്വരകളിൽക്കോൾമയിർക്കൊള്ളുമാറിതാ,
ഇണചേൎന്നു രമിയ്ക്കുന്നു ഭദ്രേ, സസ്നേഹർ കിന്നരർ.
കൊമ്പത്തു തൂക്കിയവയാം വാൾകൾ പട്ടാംബരങ്ങളും
കാൺക, വിദ്യാധരികൾതൻ കമ്രകേളീസ്ഥലങ്ങളും. ൧൨
നീർച്ചോലയുററുറവുകളുതാതിടമൊലിയ്ക്കയാൽ
ശോഭിപ്പിതീ മല, മദമ്പാടോലുന്നാന പോലവേ.
നാനാകുസുമസൌരഭ്യം വഹിയ്ക്കുന്ന ഗുഹാനിലൻ,
മൂക്കു തുപ്പിപ്പെട്ടംമാരു ഖന്നാ,ർക്കുൾക്കുളിരേകിടാ? ൧൪

Digitized By Kerala Sahitya Akademi

ഇങ്ങേററമാണ്ടു നിന്നോടും സൌമിത്രിയോടുമൊപ്പമേ
പാക്കുന്നതാകിൽ, ബ്ബാധിയ്ക്കില്ലുഴലെന്നെയനിന്ദിതേ!
പൂകായ് തഴച്ചതായ് നാനാപക്ഷിച്ചാത്തൊത്തു രമ്യമായ്
ചിത്രശൃംഗാഢ്യമാമിങ്ങു തുഷ്ടി കൊള്ളുന്നു ഞാൻ പ്രിയേ. ൮
ഈയരണ്യനിവാസത്താൽ നേടീ രണ്ടു ഫലങ്ങൾ ഞാൻ:
ധമ്മത്തിലച്ഛനാനൃണ്യം, ഭരതപ്രിയമിങ്ങിനെ.
വൈദേഹി, നീ രമിപ്പീലേ ചിത്രകൂടത്തിലെന്നോടും,
മനോംഗവാക്പ്രീതി പെറും നാനാഭാവങ്ങൾ കാങ്കയാൽ? ൯
ഇക്കാട്ടുവാഴ്ച മുക്തിയ്ക്കും, രാജ്ഞി, ജന്മാന്തരത്തിനും
നന്നെന്നാർ, പൂർവ്വരാജർഷിമാർകളെൻ പ്രപിതാമഹർ.
പലമാതിരിയായ്, ത്തുരുത്തുരുണ്ട,ദ്രിയ്ക്കു ചുററുമേ,
പരന്ന പാറ ശോഭിപ്പൂ പീതനീലസിതാരുണം. ൧൦
രാവിൽത്തീജ്ജാലകൾക്കൊപ്പം ശോഭിയ്ക്കുന്നൂ മഹാദ്രിമേൽ,
തൻകാന്തിവായ്പാൽ വിലസും ചെടിയായിരമായിരം.
ചില ദേശം ഗൃഹംപോലേ; ചിലതുദ്യാനസന്നിഭം;
ശോഭിയ്ക്കുന്നുണ്ടൊരേകല്ലായ്ച്ചിലതീ മലയിൽ പ്രിയേ. ൧൧
ശോഭിപ്പൂ ചിത്രകൂടം, പാർ പിളത്തുണ്ടായവണ്ണമേ;
അതാ, കാണ്മൂ ചിത്രകൂടകൂടം, സവ്വത്ര ശോഭനം.
ഭ്രുജ്ജത്തോൽ-തകരം കൊട്ടം-പുന്നപ്പൂവും വിരിച്ചവ
കാങ്ക നീ കാമിതല്പങ്ങൾ, പൊയ്ത്താരിതൾ നിറഞ്ഞവ. ൧൨
കാമിമാർ പെരുമാറിക്കൈവിട്ട താമരമാലകൾ
കാണാകുന്നുണ്ടു കല്യാണി; കാങ്ക നാനാഫലങ്ങളും.
വസൌകസാരാനളിനീമഹോത്തരകുരുക്കളെ
വെല്വിതോ ചിത്രകൂടാദ്രി,ഫലമൂലജലാവൃതം!

വിദേഹജേ, കാലമിതാകെ നിയ്യമായ്
രമിച്ചു സൌമിത്രിയുമൊത്തു തമ്പി, ഞാൻ ൧൩
വരവ്രതത്താലിഹ സൽപഥസ്ഥനായ്-
സ്സുഖം ഭജിപ്പൻ, കുലധമ്മവർദ്ധനം.”

---

Digitized By Kerala Sahitya Akademi

## തൊണ്ണൂററഞ്ചാം സർഗ്ഗം: മന്ദാകിനീവർണ്ണനം.

---

പിന്നെശ്ശൈലം വിട്ടിറങ്ങിസ്സീതയ്ക്കുക്കോസലേശ്വരൻ
കാട്ടിക്കൊടുത്താൻ സുജല രമ്യ മന്ദാകിനീനദി;
ഉരിയാടുകയുംചെയ്താൻ രാമൻ താമരസേക്ഷണൻ,
സുശ്രോണിയാമണിത്തിങ്കൾമുഖി വൈദേഹിയോടുടൻ:- ൧.
"കാണ്ക, ചിത്രമണൽത്തിട്ട ചേർന്നു, തുണ്ടാർ നിറഞ്ഞതായ്,
ഹംസസാരസർ മേവുന്ന രമ്യമന്ദാകിനീ നദി:
തീരജാതങ്ങളാം നാനാപൂകായ്വൃക്ഷങ്ങൾ ചേർന്നതായ്
രാജിപ്പൊന്നെങ്ങുമേ, രാജരാജപദ്മിനി പോലവേ. ൨
മൃഗങ്ങളുടെ പാനത്താൽ നീർകലങ്ങിയിരിപ്പവ,
രമ്യങ്ങളിക്കടവുകളാഹ്ലാദമരുളുന്നു മേ.
മാൻതോലും ജടയും പൂണ്ടോർ കാലേ ചീരോത്തരാംബരർ
കളിപ്പൂ മുനിമാർ മന്ദാകിനിയാം നദിയിൽ പ്രിയേ. ൩
ആദിത്യനെയുപാസിപ്പൂ കൈകളും പൊക്കി നിഷ്ഠയാൽ
ഇതാ, വിശാലാക്ഷി, ശിതവ്രതരാമൃഷിമാർ ചിലർ.
കാററാൽക്കൊമ്പാടിയിലയും പൂവും നദിയിലെങ്ങുമേ
തൂകും ദ്രുമങ്ങളാൽ,ശ്ശൈലം നൃത്തംവെയ്പ്പാൻ മുതിർന്നിതോ! ൪
ചിലേടം സിദ്ധജനവും—കാണ്ക മന്ദാകിനീനദി.

കാണ്ക, കാററടിയാൽത്തീരത്തടിഞ്ഞ സുമപംക്തികൾ;
കണ്കെ നീ, ചിലതംഭസ്സിൻമദ്ധ്യേ നീന്തിക്കളിപ്പതും; ൫
അവയിൽച്ചെന്നുകേറുന്നു, കല്യാണി, കളഭാഷികൾ,
ഭംഗിയിൽക്കൂകിയുംകൊണ്ടു ചക്രവാകാഖ്യപക്ഷികൾ
ഇച്ചിത്രകൂടവും മന്ദാകിനിയും കാണൽ സാധ്വി, മേ
പുരവാസത്തിലുംമീതെയത്രേ, നിൻദർശനത്തിലും! ൬
അപാപരായ സിദ്ധന്മാർ തപോദമശമാന്വിതർ
നിത്യം തണ്ണീരലച്ചീടുമിതിൽ നീരാടുകെന്നൊടും;



Digitized By Kerala Sahitya Akademi

നീരാട്ട തോഴിയെപ്പോലെയീ മന്ദാകിനിയാററിൽ നീ
വെൺചെന്താമരകളെസ്സീതേ, മുക്കിയുംകൊണ്ടു ഭാമിനി! ൧൮
ജന്തുക്കൾ പൌരർ പോല;-പ്രിയയോദ്ധ്യയ്ക്കൊപ്പമംഗനേ;
സരിത്തിതോ, സരയു പോലേ;-വം നണ്ണുക നീ സദാ!
എൻചൊല്ലേഴമരും ധർമ്മാത്മാവാം ലക്ഷ്മണനും, മമ
ഇണക്കമുടയോൾ നീയും സീതേ, നല്കുന്നു തുഷ്ടിയെ! ൧൯
മൂന്നുനേരം കളിയ്ക്കുന്നോൻ, തേൻകായ്കനി ഭുജിപ്പവൻ,
ആശിയ്ക്കുന്നീലയോദ്ധ്യയ്ക്കും നാടിനും, നിന്നൊടൊത്ത ഞാൻ!

മൃഗവ്രജം ചേർന്ന മനോജ്ഞമായ്, ദ്വിജ-
പ്ലവംഗസിംഹങ്ങൾ ജലം കുടിപ്പതായ്,
സുപുഷ്പവൃക്ഷങ്ങളണിഞ്ഞതാമിതിൽ-
ത്തളച്ചു തീർന്നൊരുവൻ സുഖപ്പെടാ?" ൨൦
തുടർന്നിവണ്ണം പലതാററിനെക്കുറി-
ച്ചുരച്ചു രാമൻ പ്രിയയോടുകൂടവേ,
ദൃഗഞ്ജനശ്രീശുഭചിത്രകൂടമ-
ക്കുത്സാഖംശോഭയകാരി ചുററിനാൻ.

---

തൊണ്ണൂററാറാം സർഗ്ഗം: ഭരതാഗമനദർശനം.

---

ആ മലമ്പുഴയവ്വണ്ണം കാട്ടി, വൈദേഹി സീതയെ
മാംസത്താൽ പ്രീതയാക്കിക്കൊണ്ടിരുന്നാൻ ഗിരിസാനുവിൽ:
'ഇതു മൃഷ്ടം, മിതോ സ്വാദു, വിതു തീയിൽപ്പൊരിച്ചതാം'
എന്ന,ങ്ങിരുന്നാൻ ധർമ്മിഷ്ഠൻ സീതയോടൊത്തു രാഘവൻ. ൨
അവനേവമിരിയ്ക്കുമ്പോൾ ബ്ഭരതാഗമനത്തിലെ
പടപ്പൊടിയിരമ്പങ്ങൾ പൊങ്ങി, വാനം തൊടുംവിധം.
അന്നേരമപ്പെരുമിരമ്പത്താൽപ്പേടിച്ചുരണ്ടുടൻ
കൂട്ടമിട്ടോടിനാർ നാലുദിക്കിലും മത്തയൂഥപർ. ൪
ശ്രവിച്ചാനങ്ങു പടയുണ്ടാക്കുമാത്തു രാഘവൻ;
കണ്ടാന,തോടൊത്തോടുംയൂഥപാലരൊട്ടുക്ക പാഞ്ഞതും.

Digitized By Kerala Sahitya Akademi

അവതൻ പാർശ്വിലീക്ഷിച്ചു,മാരാവമതു കേട്ടുമേ
രാമൻ തേജസ്സുകത്തുന്ന സൌമിത്രിയോടു ചൊല്ലിനാൻ:— ൩
"അഹോ, സുമിത്രതനോ മഹാരവം, നോക്ക ലക്ഷ്മണ:
കേൾപ്പൂ ഗംഭീര,മിടി പോലെയുഗ്രത്തുമുലസ്വനം.
വങ്കാട്ടിലങ്ങാനകളോ കാട്ടുപോത്തും, മൃഗങ്ങളും
സിംഹങ്ങളാൽ ഭയപ്പെട്ടോ പാഞ്ഞു പിടയ്ക്കുന്നു നീളവേ? ൫
രാജാവോ, രാജസമനോ, വേട്ടയാടുന്നിതോ വനേ?
വല്ല ദുഷ്ടമൃഗംതാനോ? നീ പരീക്ഷിക്ക ലക്ഷ്മണ.
ഈലാം ദുശ്ചരമീശൈലം സൌമിത്രേ, പക്ഷികൾക്കുമേ;
നേരാംവണ്ണമിതെല്ലാമേ പരമാർത്ഥമറിയണം ഭവാൻ." ൧൦

സത്വരം, പൂത്തൊരു മരത്തിന്മേൽക്കയറി ലക്ഷ്മണൻ
ദിക്കെല്ലാം നോക്കിയുംകൊണ്ടു കിഴക്കോട്ടുനോക്കിനാൻ;
വടക്കോട്ടഥ നോക്കുമ്പോൾക്കണ്ടാനൊരു പെരുംപട,
തേരാനയശ്വം കോപ്പിട്ട കാലാളിവ നിറഞ്ഞതായ്. ൧൧
ഗജാശ്വങ്ങൾ നിറഞ്ഞാത്തേർക്കൊടി ചാർത്തിയ സേനയെ
രാമനോടങ്ങണത്തിച്ചാനി,തുമൊന്നരിയാടിനാൻ:—
'കെടുത്തുകഗ്നിയെ ജ്യേഷ്ഠൻ; ഗുഹ പൂകട്ടെ മൈഥിലി;
വിൽ കലയ്ക്കുകയുംചെയ്ക; ശരമേന്തുക, ചട്ടയും.'
ആ ലക്ഷ്മണനൊടായ് രാമൻ ചോദിച്ചാൻ പുരുഷർഷഭൻ:—
'സൌമിത്രേ, നോക്കുകീ, സ്സേനയാരുടേതെന്നു നിന്മതം?'
രാമന്റെ ചോദ്യമിതു കേട്ടുരചെയ്തിതു ലക്ഷ്മണൻ,
തീ പോലപ്പടയെച്ചുട്ടു പൊട്ടിപ്പാൻ പോലെ രുഷ്ടനായ്:— ൧൩
"നാടു നിർബാധമായ് വാഴാനഭിഷേകം കഴിച്ചുടൻ
നമ്മെക്കൊല്വാൻ വരികയാം ഭരതൻ കൈകയീസുതൻ:
ഇതാ, വിളങ്ങുന്നുണ്ടല്ലോ ശ്രീമത്താകിയ മാമരം;
ശോഭിപ്പൂ, തേരിലുയരെ,ക്കോവിദാരമയധ്വജം. ൧൫
ഇതാ, വരുന്നു വേണ്ടുംപോലോട്ടമശ്വങ്ങളേറിയോർ;
ഇതാ, ലസിപ്പൂ യന്താക്കൾ മോദാലാനപ്പുറങ്ങളിൽ.

Digitized By Kerala Sahitya Akademi

വില്ലും കൈക്കൊണ്ടു കുന്നിന്മേൽക്കേറിനില്ക്കുക വീര, നാം;
അല്ലെങ്കിലിങ്ങുതാൻ നില്ക്കാം ചട്ടയിട്ടായുധത്തോടും. ൧൦
പോരിൽ നമ്മുടെ കീഴാമോ കോവിദാരമയധ്വജം!
കാണുമനോ ഞാൻ ഭരതനെ;-യിവൻകാരണമല്ലയോ
വന്മാലിലാണ്ടു കാകുത്സ്ഥ, സീതയോടെന്നൊടും ഭവാൻ!
ശാശ്വതം രാജ്യമാർമൂലം കിട്ടീലങ്ങയ്ക്കു രാഘവ, ൧൧
വന്നാനാ വൈരി ഭരതൻ; വീര,വധ്യനെനിയ്ക്കിവൻ.
കാണ്മീല ഞാൻ, ഭരതനെക്കൊല്വതിൽത്തിന്മ രാഘവ:
മുന്നം ദ്രോഹിച്ചു വഗ്ഗത്തെക്കൊന്നാലില്ലൊരധർമ്മവും.
മുൻദ്രോഹി ധർമ്മം കൈവിട്ടോൻ ഭരതൻ രഘുനന്ദന; ൧൪
ഇവനെക്കൊന്നതിൽപ്പിന്നെ,ബ്ഭവാൻ വാഴ്ക്കുഴിയൊക്കയും.
ഇന്നു ദുഖാർത്തയായ്ക്കാണും, പോരിൽ ഞാൻ കൊന്ന പുത്രനെ,
ഗജഭഗ്നദ്രുമത്തെപ്പോലു്യ,ഴികാമിച്ചു കൈകയി!
കൊല്വൻ ഞാൻ കൈകയിയെയും കൂട്ടത്തോടേ സബാന്ധവം: ൧൫
മഹാപാപത്തിൽനിൽനിന്നിന്നു മുക്തയാകട്ടെ മേദിനി!
ഇന്നീയന്ത്രിതമാം ക്രോധം, ധിക്കാരമിവ മാനദ,
വിടുവൻ ശത്രുസൈന്യത്തിൽ,ക്കച്ചിലിൽത്തീ കണക്കിനെ!
ഇന്നു കൂർത്തശരൌഘത്താൽശ്ശത്രുഗാത്രം നുറുക്കി ഞാൻ ൧൭
ഇച്ചിത്രകൂടകാന്താരം ചോര ചിന്നിയതാക്കുവൻ!
ശരൌഘത്താൽ നെഞ്ചു വിണ്ട മാതംഗതുരഗങ്ങളെ
ജന്തുക്കളെട്ടിഴയ്ക്കട്ടെ, ഞാൻ കൊന്ന നരർതമ്മെയും;
വില്ലമ്പുകൾക്കുള്ള കടം വീട്ടുന്നുണ്ടീ, മഹാവനേ, ൨൦
സസൈന്യനാം ഭരതനെക്കൊലചെയ്തിട്ടു ഞാൻ ദൃഢം!"

—*—

തൊണ്ണൂറേഴാം സർഗ്ഗം: ഭരതാഗമനനിർണ്ണയം.

—*—

സൌമിത്രി ലക്ഷ്മണൻ ക്രോധം മൂത്തൊരുമ്പെട്ടുനില്ക്കവേ,
സമാശ്വസിപ്പിച്ചുരച്ചിച്ചെയ്താൻ രാമനിതിൻവിധം:—

Digitized By Kerala Sahitya Akademi

'കാർയ്യമെന്തിങ്ങു വില്ലാലും വാളാൽപ്പരിചയാലുമേ,
വില്ലാളി ധീമാൻ ഭരതൻ സ്വയം വന്നണയുംവിധൌ? ൨
ഈ വന്ന ഭരതൻതന്നെക്കൊന്നിട്ടെന്തൊന്നു ചെയ്യ്കിലും
ദുഷ്പ്രേരിയന്ന രാജ്യത്താല, ച്ഛനോടേററുചൊന്ന ഞാൻ?
ബന്ധുക്കളോ സ്നേഹിതരോ നശിച്ചിട്ടുളവാം ധനം
സ്വീകരിയ്ക്കുകയില്ലാ ഞാൻ, നഞ്ഞപ്പം പോലെ ലക്ഷ്മണ! ൪
നിങ്ങൾക്കുവേണ്ടിയത്രേ ഞാനിച്ഛിയ്ക്കുന്നതു ലക്ഷ്മണ, .
ധർമ്മാർത്ഥകാമവും ഭൂവു;-മിച്ചൊല്ലുന്നതു സത്യമാം!
ഭ്രാതാക്കൾതൻ സുരക്ഷയ്ക്കും കുശലത്തിന്നുമാണു ഞാൻ
നാടും ലക്ഷ്മണ, കാംക്ഷിപ്പതാ;-യുധത്താണു സത്യമാം! ൬
സൌമ്യ, കിട്ടാത്തതൊന്നല്ലീ, യാഴി ചൂഴ്ന്നൊരൂഴി മേ;
ഇച്ഛിയ്ക്കാ ഞാന,ധർമ്മത്താലിന്ദ്രത്വംകൂടി ലക്ഷ്മണ!
ശത്രുഘ്നനും ഭരതനും നീയും കൂടാതെ മാനദ,
സുഖമേതാണെനിയ്ക്കുള്ളതു നീറാവുകഗ്നിയിൽ! ൮
കില്ലില്ല,യോധ്യയിൽച്ചെന്ന ഭരതൻ, ഭ്രാതൃവത്സലൻ
പ്രാണനെക്കാളെനിയ്ക്കിഷ്ടൻ, കുലധർമ്മത്തെയോർപ്പവൻ,
വീര, ജാനകിയും നീയുമൊത്തു ഞാൻ പുരുഷർഷഭ,
മരത്തോൽജടയും പൂണ്ടു നാടു വിട്ടതു കേൾക്കയാൽ ൧൦
ശോകാഭിഭൂതേന്ദ്രിയനായ് സ്നേഹാക്രാന്തമനസ്കനായ്
കാണുവാൻ വന്നതാവേണം; വന്നതല്ലാ മറിച്ചിവൻ!
അമ്മ കൈകേയിയെ ക്രോധാൽദ്ധിക്കാരിച്ചു കയർത്തുടൻ
പോന്നു പിതാവെക്കനിയിച്ചി,ശ്ശ്രീമാന്നൂഴി മേ തരാൻ! ൧൨
ഇപ്പോളിബ്ഭരതൻ നമ്മെക്കാണ്മാനോർപ്പതു യുക്തമാം;
ചെയ്യില്ലിവൻ മനസ്സാലും നമ്മളിൽച്ചെററുമപ്രിയം!
ഭരതൻ ചെയ്കയുണ്ടായോ മുമ്പെങ്ങാനും തവാപ്രിയം?
ഇതയ്ക്കു ഭയമോ? ശങ്കിയ്ക്കുന്നതല്ലാ ഭരതങ്കൽ നീ! ൧൪
കഥിയ്ക്കൊലാ വിപ്രിയവും തീക്ഷ്ണവും ഭരതങ്കൽ നീ:
ഭരതന്നപ്രിയം ചൊന്നാലപ്രിയം മമ ചൊന്നതാം!

Digitized By Kerala Sahitya Akademi

മക്കളച്ഛനെയെമ്മട്ടു കൊല്ലും വല്ലവിപത്തിലും?
ഭ്രാതാവെമ്മട്ടു കൊല്ലും, തൻപ്രാണഭ്രാതാവെ ലക്ഷ്മണ? ൧൮
നാടിന്നുവേണ്ടിയാണേവം നീയുരയ്ക്കുന്നതെങ്കിലോ,
ചൊല്‌വൻ ഭരതനെക്കണ്ടാൽ, 'നാടിവന്നേകുകെ'ന്നു ഞാൻ.
'നാടിവന്നേകുകെ'ന്നൊന്നു ഞാൻ ലക്ഷ്മണ, കഥിയ്ക്കുകിൽ,
ആവാമെന്നേ പറഞ്ഞീടും ഭരതൻ പരമാർത്ഥമായ്!" ൧൯
അമ്മട്ടു ധർമ്മവാനാര്യൻ ചൊന്നപ്പോൾ തദ്ധിതോത്സുകൻ
ലക്ഷ്മണൻ ലജ്ജയാ തങ്കൽത്തന്നെയുൾച്ചുരുങ്ങിപ്പോലെയായ്!
ആ വാക്കു കേട്ടു നാണിച്ച ലക്ഷ്മണൻ പുനരോതിനാൻ:-
'വന്നതാ,മങ്ങയെക്കാണ്മാനച്ഛൻ ദശരഥൻ സ്വയം.' ൨൦
സലജ്ജനാം ലക്ഷ്മണനെപ്പാർത്തു രാമനുമോതിനാൻ:-
"നമ്മളെക്കാണ്മവാൻ വന്നതാവാമിങ്ങീ മഹാഭുജൻ;
അല്ലെങ്കിൽക്കാട്ടിലെപ്പാർപ്പു നണ്ണിപ്പുരിയിലേയ്ക്കുതാൻ
കൊണ്ടുപോയെന്നുമാം, സൌഖ്യയോഗ്യരെന്നോർത്തു നമ്മളെ; ൨൧
അതീവ സൌഖ്യം ശീലിച്ച വിദേഹജയെമാത്രമോ
ശ്രീമാൻ രാഘവനെന്നച്ഛൻ കാട്ടിൽനിന്നങ്ങു കൊണ്ടുപോം.
ഇതാ ലസിപ്പൂ, ശ്രേഷ്ഠങ്ങളാം കുലീനങ്ങൾകൊത്തവ
വീര മാരുതവേഗത്തിൽപ്പായുമാ രണ്ടു വാജികൾ. ൨൨
ഇതാ, പെരിയ മെയ്യോടും നടപ്പൂ പടമുന്നിലായ്
ധീമാനച്ഛന്റെ ശത്രുഞ്ജയവൃദ്ധമതംഗജം.
എന്നാലച്ഛന്റെയദ്ദിവ്യവെണ്കൊററക്കുട പൂജിതം
കാണുന്നീല മഹാബാഹോ; ശങ്കയുണ്ടിന്നെനിയ്ക്കിതിൽ. ൨൩
ഇറങ്ങു ശാഖിമേൽനിന്നു; ചെയ്യുകെൻമൊഴി ലക്ഷ്മണ"
എന്നു ധാർമ്മികനാം രാമനസ്സൌമിത്രിയോടോതിനാൻ.
ആ മരത്തിന്മുകളിൽനിന്നിറങ്ങിസ്സമിതിഞ്ജയൻ
ലക്ഷ്മണൻ തൊഴുകൈ പൂണ്ടു നിന്നാൻ രാമന്റെയന്തികേ. ൨൪
'ഉപദ്രവം വരൊല്ലെ'ന്നു ഭരതൻ ചെയ്തൊരാജ്ഞയാൽ
പാർപ്പുറപ്പിച്ചു പടയദ്ദിരിതൻ നാലിടത്തിലും.

Digitized By Kerala Sahitya Akademi

മലയ്ക്കുചുറ്റത്തൊന്നരയാം യോജനപ്പാട്ട ചുററുമായ്
നിന്നു, തേരാനയശ്വങ്ങൾ തിങ്ങുമാ രാഘവപ്പട. ൩൦

കാകുത്സ്ഥന്മാരിൽക്കനിഷ്ഠന്മാരുമായി,-
ധർമ്മത്തെ മുൻനിർത്തിയഹന്ത നീക്കി
നയജ്ഞനാകും ഭരതൻ നയിച്ചൊ-
രസ്സേന ശോഭിച്ചിതു ചിത്രകൂടേ.

---

## തൊണ്ണൂറ്റെട്ടാം സർഗ്ഗം: രാമാശ്രമദർശനം.

---

സൈന്യത്തെ നിർത്തി വിദ്വാനാര്യൻ കാൽനടയ്ക്കുതാൻ
ചെല്‌വാൻ മുതിർന്നാൻ, ഗുർവാജ്ഞാകരനാകിയ രാമനിൽ.
പടതൻതന്നിടത്താത്തവിനയംനിന്ന നേരമേ
ചൊല്ലിനാൻ ഭരതൻ, ഭ്രാതാവായ ശത്രുഘ്നനോടിദം:- ൨
"ചിക്കെന്നിക്കാട്ടിലെമ്പാടുമന്വേഷിയ്ക്കുക സൌമ്യ, നീ,
ആൾക്കൂട്ടത്തോടുമീച്ചെന്ന വേടന്മാരൊടുമൊപ്പമേ.
അന്വേഷിയ്ക്കട്ടെയിവിടെത്താൻതാൻ കാകുത്സ്ഥനെഗ്ഗുഹൻ,
വാൾവില്ലമ്പുള്ള ശേഷക്കാർ വളരെപ്പേർ ചുഴന്നവൻ. ൪
അമാത്യരും നാഗരരും ഗുരുവിപ്രരുമായ് സ്വയം
കാല്ക്കുളാൽസ്സഞ്ചരിപ്പൻ ഞാൻ കാനനത്തിലെങ്ങുമേ.
രാമനേയും, കരുത്തേറുമുള്ള ലക്ഷ്മണനേയുമേ
മാന്യസീതയെയും കാണുംവരെശ്ശാന്തി വരില്ല മേ! ൬
തണ്ടാരിതൾക്കണ്ണുള്ളൊന്നു, ചന്ദ്രനെപ്പോലെ സുന്ദരം,
ജ്യേഷ്ഠന്റെ വദനം കാണുംവരെശ്ശാന്തി വരില്ല മേ!
രാജലക്ഷണസംയുക്തം, ജ്യേഷ്ഠൻതൻ തൃപ്പദദ്വയം
തലയിൽക്കേറ്റിവെച്ചീടുംവരെശ്ശാന്തി വരില്ല മേ! ൮
രാജ്യാർഹനച്ഛനുത്തമർക്കുടെ രാജ്യത്തിൽ വാണവൻ
അഭിഷേകപയസ്സാടുംവരെശ്ശാന്തി വരില്ല മേ!

Digitized By Kerala Sahitya Akademi

കൃതാൎത്ഥൻതന്നെ സൌമിത്രി: കാണ്മിതല്ലോ ശരിയ്ക്കുവൻ,
രാമൻെറ പൊയ്ത്താർക്കണ്ണൊത്തു മിന്നും വെണ്മതിനേർമുഖം!

കൃതാൎത്ഥതാൻ,മഹാഭാഗ ജനകാത്മജ മൈഥിലി:
അവരം പിന്തുടരുന്നല്ലോ സാഗരാന്തക്ഷിതീശനെ!
ധന്യമീച്ചിത്രകൂടാഖ്യശൈലം ശൈലേശ്വരോപമം:
നന്ദനത്തിൽക്കബേരൻ പോലിങ്ങല്ലോ വാഴ്വൂ രാഘവൻ! ൧൫

കൃതാൎത്ഥം, ദുഷ്ടജന്തുക്കരം മേവുമീദ്ദുൎഗ്ഗമാം വനം:
ഇങ്ങല്ലോ വാഴ്വൂ തേജസ്വി രാമൻ ശാസ്ത്രധരോത്തമൻ!"
എന്നരച്ചതിതേജസ്വി ഭരതൻ പുരുഷഷ്ഭൻ
കാൽനടയ്ക്കു മഹാബാഹു വലുതാം കാട്ടു പൂകിനാൻ. ൧൬

ഗിരിസാനുക്കളിലെയാപ്പൂത്ത വൃക്ഷഗണങ്ങളിൽ,
നടുക്കിലൂടെ നടകൊണ്ടാനാ വാഗ്മിപുരോഗമൻ.
ചിത്രകൂടാദ്രിയിലൊരു പൂത്ത സാലമണഞ്ഞവൻ
രാമാശ്രമത്തിലെത്തിയ്ക്കിൻ ധൂമം കണ്ടാൻ സമുന്നതം. ൧൭

മോദിച്ചു ഭരതൻ ശ്രീമാനതു കണ്ടു സബാന്ധവൻ,
രാമനിങ്ങെന്നറിഞ്ഞൊ,ഴിയ്ക്കുക്കരെച്ചെന്നതിൻവിധം!

അച്ചിത്രകൂടാദ്രിയിലാഴ്ന്നർ ചേന്ന
രാമാശ്രമം കണ്ടതിവെമ്പലോടേ,
മഹാശയൻ സേനയെ നിൎത്തി വീണ്ടും
നടന്നുകൊണ്ടാൻ ഗുഹനോട്ടുകൂടി. ൧൮

—*—

തൊണ്ണൂററൊമ്പതാം സൎഗ്ഗം: രാമഭരതസമാഗമം.

—: * :—

സൈന്യങ്ങരം നിന്നതിൽപ്പിന്നെ, ജ്യേഷ്ഠനെക്കാണ്മതിന്നുടൻ
പോന്നാൻ, ശത്രുഘ്നനെക്കാട്ടിക്കൊണ്ടേ ഭരതനുത്സുകൻ.
വസിഷ്ഠഷിയൊടെ, 'നമ്മാരെക്കൊണ്ടുവരു ജവാൽ'

Digitized By Kerala Sahitya Akademi

എന്നോതിവിട്ടവൻ വെമ്പി മുമ്പിൽപ്പോന്നാൻ ഗുരുപ്രിയൻ വ
ശത്രുഘ്നനെസ്സമീപത്തായ്പ്പിന്തുടർന്നാൻ സുമന്ത്രനും:
അയാളും ഭരതനൊത്തോടല്ലാ രാമദിദൃക്ഷയിൽ.
പോരുന്ന ഭരതൻ പിന്നെ ഭ്രാതാവിൻ പർണ്ണശാലയും
കണ്ടാനുടജവും ശ്രീമാൻ താപസാവസഥാന്തരേ. ൯
കണ്ടിടിനാൻ ഭരതനശ്ശാലതൻ മുന്നിടത്തിലായ്,
വെട്ടിപ്പൊളിച്ച വിറകുമറുത്തിട്ടുള്ള പൂക്കളും.
കണ്ടാൻ, സാനുജനാം രാമന്നാശ്രമം ചെന്നുചേരുവാൻ
മരങ്ങളിൽച്ചീരകുശകൃതാ ചിഹ്നമതാത്തിടം. ൧൦
കണ്ടാൻ, മൃഗം പോത്തിവരുന്നുന്നക്കൊച്ചാണകങ്ങളെ
തണുപ്പു മാററാനക്കാട്ടിൽക്കുന്നുകൂട്ടിയിരിപ്പതും.
നടന്നുകൊണ്ടേ ഭരതൻ ദ്യുതിശാലി മഹാഭുജൻ
ഹർഷിച്ചു ശത്രുഘ്നനോടും ചൊന്നാനാ മന്ത്രിമാരൊടും:- ൧൧
"ഭരദ്വാജൻ പറഞ്ഞേടത്തെത്തി നാമെന്നു കാണ്മു ഞാൻ;
മന്ദാകിനീനദിയിതിന്നൊട്ടടുത്തായിരിയ്ക്കണം!
മരത്തോലുയരെത്തൂക്കിയിട്ടുണ്ടീ;-വഴി, ലക്ഷ്മണൻ
അകാലേ പോകുവാൻവേണ്ടിയടയാളമണച്ചതാം ൧൨
ഇതാ, വമ്പിച്ച കൊമ്പൊക്കമുക്കക്കൂടിയ കുംഭികൾ
തമ്മിലുറററിച്ചുററിനടന്നോടും, നഗാന്തികേ.
കാട്ടിലെന്തിൻെറയാധാനമിച്ഛിപ്പൂ മുനിമാർ സദാ,
ആയഗ്നിതൻ നിബിഡമാം പുക കാണപ്പെടുന്നിതാ. ൧൩
ഇങ്ങു ഞാൻ, ഗുരുസൽക്കാരകാരിയാം പുരുഷേന്ദ്രനെ,
കണ്ടെത്തുമാര്യനെ,ത്തുഷ്ട്യാ മാമുനിയ്യൊത്ത രാമനെ!"
പിമ്പൊട്ടിട നടന്നിട്ടു, മന്ദാകിന്യന്തികത്തിലായ്
ചിത്രകൂടമണഞ്ഞേ,വമവരോടോതി രാഘവൻ:- ൧൪
'വീരാസനമിരിപ്പാണു നിലത്തു പുരുഷർഷഭൻ
ജനേന്ദ്രൻ വിജനംപുക്കു; മോശമെൻജന്മജീവിതം!
ഞാൻമൂലമഴലിൽപ്പെട്ടു ലോകനാഥൻ മഹാദ്യുതി
കാമമെല്ലാമുപേക്ഷിച്ചു കാട്ടിൽപ്പാർക്കുന്നു രാഘവൻ, ൧൫



Digitized By Kerala Sahitya Akademi

എന്നു ലോകർ പഴിയ്ക്കും ഞാൻ കനിയിച്ചിന്നു കാല്ക്കലായ്
വീഴ്വൻ രാമന്റെയും, സീതതന്റെയും ലക്ഷ്മണന്റെയും!
അക്കാട്ടിലേവം വിലപിയ്ക്കുന്നാദ്ദശരഥാത്മജൻ
കണ്ടു ചേലൊത്തു വലുതായ്പ്പുണ്യയാം പർണ്ണശാലയെ: ൮
സാലതാലാശ്വകർണ്ണോത്ഥപർണ്ണൗഘംകൊണ്ടു മേഞ്ഞതായ്
മുട്ടൽ വിരിച്ചോരു യജ്ഞവൻവേദി പോലെയായ്,
ഭാരം വഹിയ്ക്കും മഴവില്ലെതിർവൈരിംല്ലവില്ലുകൾ
പുറത്തു പൊൻപൂശിയുരപ്പേറുന്നവ ലസിപ്പതായ്, ൧൦
സൂര്യാംശു പോലാം തൂണീരസ്ഥിതഘോരശരങ്ങളാൽ,
ദീപ്താസ്യാഹികളാൽബ്ഭോഗവതി പോലെ ലസിപ്പതായ്,
പൊന്നുറയ്ക്കുള്ളിലമരും രണ്ടുവാൾ വിലസുന്നതായ്,
പൊൻപുള്ളിചേരും പരിചയിണയാലും ലസിപ്പതായ്, ൧൨
പൊന്നണിക്കയ്യുറ പലജാതി തൂക്കിയിരിപ്പതായ്;
മൃഗങ്ങൾക്കസ്സിംഹഗുഹ പോലെ മാററാക്കധൃഷ്യയായ്.
പൂർവ്വോത്തരം ചാഞ്ഞു പരന്നഗ്നിയാളിയ വേദിയും
ആ രാമനിലയത്തിങ്കൽബ്ഭരതൻ കണ്ടു പാവനാ. ൧൪
തെല്ലുനേരം നിരീക്ഷിച്ചബ്ഭരതൻ കണ്ടിതായ്തനെ,
ഉടജേ വാണിട്ടം വട്ടച്ചിട ചൂടിയ രാമനെ.
കാണായ്, കൃഷ്ണാജിനം പൂണ്ടോൻ, മരത്തിൻതോലുടുത്തവൻ,
ചെന്തീ ചുഴന്നവൻ പോലെയങ്ങിരിയ്ക്കുന്ന രാഘവൻ: ൧൬
സിംഹസ്കന്ധൻ മഹാബാഹു, പുണ്ഡരീകവിലോചനൻ,
സമുദ്രാന്തക്ഷിതിയ്ക്കീശൻ, ധർമ്മം ചെയ്യുതുള്ളന്നവൻ,
ശാശ്വതബ്രഹ്മസദൃശൻ, സീതാലക്ഷ്മണസംയുതൻ;
നിലത്തു ദർഭകൾ വിരിച്ചിരിപ്പാണാ മഹാഭുജൻ. ൧൮
അവനെക്കണ്ടു ഭരതൻ ശ്രീമാൻ ശോകനിമഗ്നനായ്;
പാഞ്ഞുചെന്നിതു ധർമ്മിഷ്ഠൻ ഭരതൻ കൈകയീസുതൻ.
കണ്ടവാറെ വിവശനായ് വിലപിച്ചാൻ സഗദ്ഗദം;
ഉൾക്കണ്ണത്താലടക്കീടാൻ ശക്തനാകാതെ ചൊല്ലിനാൻ:- ൨൦

Digitized By Kerala Sahitya Akademi

"ഏവൻ സദസ്സിൽ പ്രമുഖകൾക്കു പാസിപ്പതിനർഹനാം,
ആയെൻജ്യേഷ്ഠനിതാ, വാഴ്വൂ കാട്ടുജന്തുക്കൾ ചുററുമായ്!
വിലയേറിയ വസ്ത്രങ്ങൾ ചാർത്തിപ്പോന്ന മഹാനിതാ,
മാന്തോലുടുത്തിരിയ്ക്കുന്നു, ധർമ്മനിഷ്ഠാചരിയ്ക്കുവാൻ! ൩൨

ആർ ചൂടിപ്പോന്നുവോ നാനാവിചിത്രകസുമങ്ങളെ,
ആ രാമനിച്ചിടക്കെട്ടു ചുമന്നീടുന്നതെങ്ങിനെ!
നേർക്കു യാഗങ്ങളാൽധർമ്മംനേടലേവന്നു യോഗ്യമോ,
കായക്ലേശങ്ങളാലുണ്ടാം ധർമ്മം തേടുകയാണവൻ. ൩൪

എവന്റെ മെയ്യിനെസ്സേവിച്ചിതോ മുന്തിയ ചന്ദനം,
ചളി പററിപ്പുവതെമ്മട്ടാ, ജ്യേഷ്ഠന്റെ തിരുമെയ്യിതിൽ?
ഞാൻമൂലമല്ലോ മാഴ്കലവമാണ്ടു രാമൻ സുഖോചിതൻ:
ഛീ, നൃശംസനാമെന്റെ ജീവിതം ലോകനിന്ദിതം!" ൩൫

ഈ വിലാപേന ഭരതൻ മുഖാബ്ജം വേർത്തുദീനനായ്,
രാമന്റെ കാല്ക്കലെത്താതേ കരഞ്ഞുംകൊണ്ടു വീണുപോയ്!
ദുഃഖത്താൽ വെന്ത ഭരതൻ രാജപുത്രൻ മഹാബലൻ
ഞരങ്ങിനാനൊന്നാര്യാ!' എന്നോ;—തീലാ പിന്നെയൊന്നുമേ;
കണ്ണീരാൽത്തൊണ്ടയടയെപ്പാർത്തു പോരാണ്ട രാമനെ
'ആര്യാ;' എന്നു വിളിച്ചിട്ടു, സംസാരിപ്പാനശക്തനായ്!
ശത്രുഘ്നനും കേണുകൊണ്ടു രാമപാദം വണങ്ങിനാൻ,
ആ രണ്ടുപേരെയും പുല്കിക്കണ്ണീർ വാർത്തിതു രാമനും. ൪൦

സുമന്ത്രനോടും ഗുഹനോടുമെന്നി-
ട്ടണഞ്ഞുനിന്നാർ നൃപപുത്രർ കാട്ടിൽ,
നഭസ്സിലേ ശുക്രഗുരുക്കളോടു
ദിനേശനും ചന്ദ്രനുമെന്നപോലേ.
മതംഗജേന്ദ്രോപമരാ മഹീശർ
വൻകാട്ടിലങ്ങൊത്തൊരുമിച്ചനേരം,
അക്കാനനാവാസരുമാകമാനം
ഹർഷം വെടിഞ്ഞശ്രുജലം പൊഴിച്ചു! ൪൧

—(൦)—

## ഒരുനൂറാം സർഗ്ഗം: കുശലപ്രശ്നം.

—*—

ചീരാംബരൻ ജടാധാരി തൊഴുതുഴിയിൽ വീണവൻ
കാണായ് രാമനു ദുർദ്ദർശൻ, യുഗാന്തരവി പോലവേ.
മുഖം മങ്ങിച്ചടച്ചോനെപ്പണിപ്പെട്ടങ്ങറിഞ്ഞുടൻ
ഭ്രാതാവാകും ഭരതനെത്താങ്ങി കൈക്കൊണ്ടു രാഘവൻ. ൨

പുണൎന്നു മൂർദ്ധാവിൽ മുകൎന്നങ്കത്തിൽക്കേറ്റിവെച്ചവൻ
ചോദിച്ചാനബ്ബരതനോടാദരം പൂണ്ടു കകുത്സ്ഥജൻ:-
"എങ്ങുവാനുണ്ണി, നിന്നച്ഛൻ? പോന്നല്ലോ കാട്ടിലെയ്ക്കു നീ;
അവിടുന്നുള്ളകാലത്തു വനംക്കൂടാ വനത്തിൽ നീ ൪

ദൂരാൽ വന്ന വിവർണ്ണാംഗനാകും ഭരതനെച്ചിരാൽ
കാണുന്നു ഹാ, ഞാനിക്കാട്ടിൽ! വന്നതെന്തുണ്ണി, നീ വനേ?
ഉണ്ണി, രാജാവിരിപ്പില്ലേ? വന്നല്ലോ ഇവിടത്തിൽ നീ;
പെട്ടെന്നു ദീനനായ് നാടുനീങ്ങിയില്ലല്ലി തമ്പുരാൻ? ൬

പോയീലല്ലീ കിടാവായ നിൻ നാടന്യാല, ശാശ്വതം?
ഉണ്ണീ, ശുശ്രൂഷ ചെയ്വീലേ സത്യവിക്രമനച്ഛനെ?
നൃപൻ ദശരഥൻ സത്യസന്ധൻ കുശലിയല്ലയോ,
രാജസൂയാശ്വമേധങ്ങൾ ചെയ്തവൻ ധർമ്മനിശ്ചയൻ? ൮

ആ ബ്രാഹ്മണനെ വിദ്വാനെദ്ധർമ്മിഷ്ഠനെ മഹാതപസ്വിയെ
ഇക്ഷ്വാകുവാദ്ധ്യായനെ മുറയ്ക്കുണ്ണി, പൂജിപ്പതില്ലയോ?
അക്കൗസല്യ സുഖിപ്പീലേ, പ്രജാവതി സുമിത്രയും?
ഉണ്ണി, നന്ദിച്ചിടുന്നില്ലേ, പൂജ്യ കൈകേയി ദേവിയും? ൧൦

വിനയാഢ്യൻ കുലോദ്ഭൂതനനസൂയൻ ബഹുശ്രുതൻ
തുടൎന്നകാണ്മോനാചാര്യൻ നിന്നാൽപ്പൂജിതനല്ലയോ?
നിത്യം നിന്നഗ്നികർമ്മസ്ഥൻ വിധിജ്ഞനൃജുബുദ്ധിമാൻ
വേണ്ടപ്പോളറിയിപ്പീലേ, ഹുതവും ഹോഷ്യമാണവും? ൧൨

ദേവമാതാപിതൃഗുരുപിതൃസന്നിഭർത്തമ്മെയും
വൃദ്ധ വൈദ്യദ്വിജരെയുമുണ്ണി മാനിപ്പതില്ലയോ?

Digitized By Kerala Sahitya Akademi

ഉത്തമൈഷ്വപ്രസൂയുതനെ, യത്ഥശാസ്ത്രവിദഗ്ദ്ധനെ,
സുധന്വാവാം ഗുരുവിനെയുണ്ണി മാനിപ്പതില്ലയോ? ൧൪

ഉണ്ണി, ശൂരർ, തനിയ്ക്കൊത്തോർ, ശാസ്ത്രജ്ഞന്മാർ, ജിതേന്ദ്രിയർ
കുലീനരിംഗിതജ്ഞന്മാരല്ലേ നിന്നുടെ മന്ത്രിമാർ?
മന്നോർക്കു മന്ത്രധരരാം ശാസ്ത്രജ്ഞകോവിദർ മന്ത്രിമാർ
മറച്ച മന്ത്രമാണല്ലോ, ജയത്തിൻ വേരു രാഘവ. ൧൫

വല്ലാതുറങ്ങുകില്ലല്ലീ? കാലത്തുണരുകില്ലയോ
പുലർച്ചയ്ക്കർത്ഥലാഭത്തെ നിനച്ചീടാറുമില്ലയോ?
താനേ നടത്താറില്ലല്ലീ മന്ത്രത്തെ, പ്പലർകൂടിയും?
നാട്ടിൽപ്പരക്കുന്നില്ലല്ലോ ഭവാൻതൻ മന്ത്രമൊന്നുമേ? ൧൬

യത്നം കുറഞ്ഞതായ് ലാഭമേറും കാര്യമുറച്ചു നീ
വെക്കം തുടങ്ങിടുന്നില്ലേ? നീട്ടാറില്ലല്ലി രാഘവ?
ചെയ്തതിൻമുന്നമോ, ചെയ്തപോലാവതിനു മുന്നമോ
കീഴുന്നരറിവീലല്ലോ, നിന്റെ കർത്തവ്യമൊന്നുമേ? ൨൦

അറിയപ്പെട്ടുവീലല്ലീ തർക്കത്താൽ യുക്തിയാലെയോ,
നീയോ സചിവരോ ചെയ്ത മന്ത്രം മറ്റൊന്നിനാലെയോ?
ആയിരം മൂർഖരെത്തള്ളിക്കൊള്ളുവീലേ പ്രാജ്ഞനേകനെ?
പ്രാജ്ഞൻ കാര്യക്കുഴപ്പത്തിൽച്ചെയ്യുമല്ലോ മഹാഗുണം. ൨൨

മൂർഖന്മാരായിരംപേരെപ്പോലും ഭൂപനെടുക്കുകിൽ,
അയുതംപേരെയായാലു, മവരാൽത്തുണ കൈവരാ,
ഒറ്റയ്ക്കും, മന്ത്രി മേധാവി ശൂരൻ ദക്ഷൻ വിചക്ഷണൻ
ഭൂപനും ഭൂപതുല്യന്നും ശ്രീ പാരമുളവാക്കുമേ. ൨൪

മികച്ചതിന്നു മുഖ്യന്മാർ, മധ്യമത്തിന്നു മധ്യമർ,
താന്ന വേലയ്ക്കു താന്നോരുമായല്ലേ വെച്ചു ഭൃത്യരെ?
പിതൃപൈതാമഹന്മാരാം സുവിശുദ്ധസ്ഥരമാത്യരെ,
ശ്രേഷ്ഠരെ ശ്രേഷ്ഠകർമ്മങ്ങൾക്കാക്കുന്നില്ലേ വിശുദ്ധരെ? ൨൫

നിൻനാട്ടിലുഗ്രദണ്ഡത്താൽ നാട്ടാർക്കുഴൽ വളർക്കുവാൻ
സമ്മതിയ്ക്കുന്നതില്ലല്ലീ മന്ത്രിമാർ കൈകയീസുത?

Digitized By Kerala Sahitya Akademi

നിന്നെ നന്ദിപ്പതില്ലല്ലീ കടുത്ത പിടിക്രൂടലാൽ,
വാധ്യാന്മാർ ഭ്രഷ്ടനെപ്പോലേ, കാമിയെ സ്ത്രീകൾ പോലെയും? ൨൮
ഉപായപടുവാം വൈദ്യൻ, ദൂഷണംചെയ്ത സേവകൻ,
രാജ്യേച്ഛു ശൂരനിവരെക്കൊന്നിടാത്തോൻ കൊലപ്പെടും!
ക്ലേശമില്ലാത്തവൻ, ശൂരൻ, ബുദ്ധിമാൻ, ശുചി, ധൈര്യവാൻ,
കുലീനൻ, കൂറുമുടയോൻ, പടു സേനേശനില്ലയോ? ൩൦
വിക്രമം കാട്ടിയോർ, ശൂരർ, മുഖ്യന്മാർ പടയാളികൾ
കരുത്തർ നിന്നാൽസ്സൽക്കാരപൂർവ്വം ശ്ലാഘിതരല്ലയോ?
കൊററും ശമ്പളവും സൈന്യത്തിന്നു വേണ്ടുന്നപോലവേ
അന്നന്നേകേണ്ടതേകില്ലേ? വൈകിയ്ക്കാറില്ലയല്ലി നീ? ൩൨
കൊററിന്നും ശമ്പളത്തിന്നും വൈകിയാൽ, സ്വാമിയിൽബ്ഭടർ
ചൊടിയ്ക്കും, ശണ്ഠകൂട്ടീടു;-മതു വല്ലാത്തനർത്ഥമാം!
നിന്നിൽക്കൂറുടയോരല്ലീ ജ്ഞാതിപ്രവരരേവരും?
പ്രാണൻ കളയുമാറില്ലേ നിൻകാര്യങ്ങളിലാസ്ഥയാൽ? ൩൪
നിനക്കില്ലേ, സ്വദേശീയൻ ദക്ഷൻ തക്കത്തു തോന്നുവാൻ
ചൊന്നപോലോതുവാൻ വിദ്വാൻ ദൂതൻ ധീര,പണ്ഡിതൻ?
എതിർപക്ഷിൽപ്പതിനെട്ടും, തൻപക്ഷിൽപ്പതിനഞ്ചുമ
തീർത്ഥങ്ങളറിവീലേ നീ മൂവ്വർ നാം ഗൂഢചാരരാൽ? ൩൬
പോക്കപ്പെട്ടിട്ടു തിരിയേ വന്ന ശത്രുക്കളിൽസ്സദാ,
അശക്തരെന്ന,മാന്തിയ്ക്കുന്നില്ലീ നീയരിന്ദമ?
ഉണ്ണി മാനിച്ചുപോരുന്നില്ലല്ലീ ചാർവ്വാകവിപ്രരെ?
ആപത്തുണ്ടാക്കുവോരല്ലോ പണ്ഡിതമ്മന്യരിജ്ഞർ. ൩൮
മികച്ച ധർമ്മശാസ്ത്രങ്ങളിരിയ്ക്കെ,ത്തക്ക്ബുദ്ധിയാൽ
നിരർത്ഥമായ്പ്പുലമ്പുന്ന ദുഷ്ടപണ്ഡിതരാണവർ.
ഉണ്ണീ, നമ്മുടെ പൂർവ്വന്മാർ വീരന്മാർ പണ്ടു വാണതായ്
സത്യാഖ്യയായ്,ദൃഢദ്വാരയായ്,ത്തേരശ്വേഭപൂർണ്ണയായ്, ൪൦
ബ്രാഹ്മണക്ഷത്രവൈശ്യന്മാർ സ്വകർമ്മരതരെപ്പൊഴും
ജിതേന്ദ്രിയർ മഹോത്സാഹരായ്മരൊട്ടേറെയുള്ളതായ്,

Digitized By Kerala Sahitya Akademi

നാനാപ്രസാദവൃതയായ,റിവുകളുള്ളാർ നിറഞ്ഞതായ്,
തുഷ്ടയാം ശ്രീയുതായോദ്ധ്യ സംരക്ഷിപ്പീലയോ ഭവാൻ? ൪൨
അനേകചൈത്യാനചിതമായ്,സ്സന്നസ്ഥിതജനാഢ്യമായ്,
കോവിലാൽച്ചിറയാൽത്തണ്ണീർപ്പന്തലാലും ലസിപ്പതായ്
ഹൃഷ്ടസ്ത്രീപുംസയുതമായ്,സ്സമാജോത്സവശാലിയായ്,
പശുക്കളൊത്തു,ഴിയുഴ്‌തു,പദ്രവവിഹീനമായ്, ൪൪
നദീമാതൃകമായ്, വ്യാളഹീനമായ്, രമണീയമായ്,
ഖനിവ്രജാലംകൃതമായ്,ബ്ഭയമൊന്നും പെടാത്തതായ്
ദുർവൃത്തരില്ലാത്തതുമായ്,-ച്ചൊവ്വിലെൻപൂർവർ കാത്തതായ്,
ശ്രീമത്താം നാട്ട സുഖമായല്ലേ മേവുന്നു രാഘവ? ൪൬
നിനക്കു കൃഷിഗോരക്ഷക്കാരെല്ലാം പ്രിയരല്ലയോ?
ഉണ്ണീ, വാർത്താവിധാനത്താലല്ലോ പാരിൽസ്സുഖോദയം.
അവർക്കു നല്കിടുന്നില്ലേ രക്ഷയും പരിഹാരവും?
കാക്കേണമല്ലോ ധർമ്മത്താൽ നൃപൻ നാട്ടാരെയൊക്കയും. ൪൮
കൊടുംവീലേ സ്ത്രീകളിൽസ്സാന്ത്വം? ചെയ്യുന്നില്ലേ സുരക്ഷയും?
നമ്പുന്നീലല്ലിയിവരെ?-ച്ചൊല്ലാറില്ലല്ലി ഗോപ്യവും?
കാക്കുന്നില്ലേ ഗജവനം?—മില്ലേ പിടികളും തവ?
തൃപ്തിപ്പെടുന്നതില്ലല്ലീ പിടിയശപദപിപങ്ങളിൽ? ൫൦
പ്രാഹ്ണംതോറുമുണർന്നേറു ചൊല്ലാറില്ലേ ചമഞ്ഞു നീ
നിത്യം നരർക്കു കാണ്മാനായാസ്ഥാനത്തു നൃപാത്മജ?
വേലക്കാരൊക്കയും നിന്നെക്കാണുന്നില്ലല്ലി നിർഭയം?
തീരെ ത്യക്തരുമല്ലല്ലീ? ഇടമട്ടാണിതിൽഗ്ഗുണം. ൫൨
ദുർഗ്ഗത്തിലെല്ലാം ജലവും, ധനധാന്യായുധങ്ങളും,
യന്ത്രങ്ങളും, ശില്പിവില്ലാളിമാരും നിറയെയില്ലിയോ?
വരവേററം നിനക്കില്ലേ, ചെലവത്യല്പമല്ലയോ?
നിന്നീടുവെപ്പുപാത്രത്തിൽച്ചെല്ലുന്നില്ലല്ലി രാഘവ? ൫൪
പിതൃകാര്യം, ദേവകാര്യം,മാരണന്മാർ, വിരുന്നുകാർ,
യോധർ, മിത്രങ്ങളിവയാലല്ലീ ചെല്ലുന്നു നിൻവ്യയം?

Digitized By Kerala Sahitya Akademi

ചൌര്യം ചുമത്തപ്പെട്ടോരു ശുചിയാം ശുദ്ധനാര്യനെ
ശിക്ഷിപ്പീലല്ലി ദുരയാൽ,ച്ചോദ്യംചെയ്യാതെ പണ്ഡിതർ? ൫൬
കാലേ തൊണ്ടിയുമായ്ക്കണ്ടുപിടിയ്ക്കപ്പെട്ട ചോരനെ
ചോദ്യംചെയ്തു വിടാറില്ലയല്ലി ലോഭാൽ നരർഷഭ?
ധനിനിർദ്ധനർ വാദിയ്ക്കും വ്യവഹാരത്തെ രാഘവ,
നിഷ്പക്ഷപാതം നോക്കില്ലേ നിന്നാമാത്യർ ബഹുശ്രുതർ? ൫൭
ചുമ്മാ കുററം ചുമത്തപ്പെട്ടവർക്കുള്ളശ്രു രാഘവ,
മുടിയ്ക്കും, നാടു ഭോഗാർത്ഥം വാഴ്പ്പോൻെറ പശുപുത്രരെ!
വൃദ്ധർ, കട്ടികൾ, വൈദ്യമുഖ്യന്മാരെന്നിവരെ രാഘവ,
ദാനം, മനം, വാക്കി മൂന്നാൽപ്പാട്ടിൽ വെയ്ക്കുന്നതില്ലയോ? ൬൦
ചൈത്യദേവാതിഥികളെഗ്ഗുരുവൃദ്ധർഷിമാരെയും
സിദ്ധാർത്ഥരാം ദ്വിജരെയുമെല്ലാം പൂജിപ്പതില്ലയോ?
അർത്ഥത്താൽദ്ധർമ്മമോ വീണ്ടും ധർമ്മത്താലർത്ഥമോ ഭവാൻ
മുടിപ്പീലല്ലി, ഭോഗാർത്ഥം കാമത്താലവ രണ്ടുമോ? ൬൨
കാലേ കാലജ്ഞ, ധർമ്മാർത്ഥകാമങ്ങളെ വരപ്രദ,
മുഴുവൻ വേർതിരിച്ചല്ലേ ഭജിപ്പൂ നീ ജയത്തമ?
നിനക്കു കുശലം സർവ്വശാസ്ത്രതത്ത്വജ്ഞരന്തണർ
നേരുന്നില്ലേ മഹാപ്രാജ്ഞ, പൌരനാട്ടാരൊടൊപ്പമേ? ൬൪
നാസ്തികൃം, ഭോഷ്കു, രോഷവും, പ്രമാദം, ദീർഘസൂത്രവും,
വിജ്ഞരെക്കാണലില്ലായ്ക, മടി,യിന്ദ്രിയവശ്യത,
ഒററയ്ക്കു കാര്യംചിന്തിയ്ക്ക, മൂഢരോടൊത്ത മന്ത്രവും,
നിശ്ചയിച്ചതു ചെയ്യായ്ക, മന്ത്രം സൂക്ഷിച്ചിടായ്കയും, ൬൬
മംഗളാദ്യനനുഷ്ഠാന,മേതിലും ചെന്നുചാടലും
ഈ രാജദോഷമീരേഴും വർജ്ജിയ്ക്കുന്നില്ലയോ ഭവാൻ?
ദശപഞ്ചചതുർവ്വർഗ്ഗം, ശരിയായ്സ്സപ്തവർഗ്ഗവും,
അഷ്ടവർഗ്ഗത്രിവർഗ്ഗങ്ങൾ, മൂന്നു വിദ്യ, കുകുത്സുത്മജ, ൬൮
വഴിപോലിന്ദ്രിയജയം, ഷാഡ്ഗുണ്യം, ദൈവമാനുഷം,
കരണീയവു,മൈനാങ്കവർഗ്ഗം, പ്രകൃതിമണ്ഡലം,

Digitized By Kerala Sahitya Akademi

യാത്രാദണ്ഡവിധാനങ്ങളി,രണ്ടാം സന്ധിവിഗ്രഹം
ഇവ ബുദ്ധ്യാ നിരൂപിയ്ക്കുന്നില്ലയോ നീ മഹാമതേ? ൭൦
മൂന്നോ നാലോ യഥോദ്ദിഷ്ടം മന്ത്രിമാരൊത്തു ഗൂഢമായ്,
വെവ്വേറെയായുമൊന്നിച്ചും മന്ത്രം ചെയ്യിലയോ ഭവാൻ?
ഫലവത്തല്ലി നിൻവേദം? ഫലവത്തല്ലി നിൻക്രിയ?
ഫലാഢ്യയല്ലി നിൻപത്നി? ഫലവത്തല്ലി നിൻശ്രുതം? ൭൨
ആയുഷ്യയായ്,കീർത്തിദയായ്,ധർമ്മകാമാർത്ഥയുക്തയായ്,
ഞാനിപ്പറഞ്ഞപോലുള്ളൊന്നല്ലേ നിൻബുദ്ധി രാഘവ?
എന്തു വൃത്തി ചിതാവേല്പിതെ, നമ്മൻപ്രപിതാമഹർ,
ആ വൃത്തിയേല്പതില്ലേ നീ, സന്മാർഗ്ഗഗസുവൃത്തിയും? ൭൪
സ്വാദുള്ള ഭക്ഷ്യമൊററയ്ക്കു ഭക്ഷിപ്പീലല്ലി രാഘവ?
യാചിയ്ക്കും സ്നേഹിതന്മാർക്കു നല്കാറില്ലേ ധനം ഭവാൻ?

അഭിജ്ഞനാം ഭൂപതി നാട്ടുകാരെ-
ധർമ്മേണ രക്ഷിച്ചു ഭരിച്ചുപോന്നാൽ,
മന്നാകമാനം വഴിപോലെ നേടി,
വിണ്ണേറുമല്ലോ മതിമാനൊടുക്കം." ൭൬

---

## തൊണ്ണൂററൊന്നാം സർഗ്ഗം: ദശരഥമരണ കഥനം.

---

രാമൻെറ ചോദ്യം കേട്ടിട്ടു ഭരതൻ ചൊല്ലിയുത്തരം:-
"ധർമ്മമില്ലാത്തെനിയ്ക്കെന്തു രാജധർമ്മത്തിനാൽ ഫലം?
എന്നും ശാശ്വതമിദ്ധർമ്മം നമുക്കുണ്ടു നരർഷഭ:
രാജാവേ, ജ്യേഷ്ഠനുള്ളപ്പോളനുജൻ നൃപനായ്വരാ. ൨
അതിനാൽപ്പോരികെന്നോടൊത്തയോദ്ധ്യയ്ക്കു രാഘവ;
നമ്മൾതൻ കുലനന്മയ്ക്കായഭിഷേകവുമേല്ക്ക നീ.
നൃപൻ മാനുഷനാണത്രേ! ദേവനെന്നാണു മന്മതം:
അമാനുഷൻതാനല്ലോ, തച്ചൃത്തം ധർമ്മാർത്ഥസംയുതം. ൪



Digitized By Kerala Sahitya Akademi

ഞാൻ കേകയത്തിൽ വാഴുമ്പോഴും, നീ കാടാണ്ടുമിരിയ്ക്കവേ,
അച്ഛൻ രാജാവു വിണ്ണേറി യജ്വാവു സുജനപ്രിയൻ;
സീതാലക്ഷ്മണരൊത്തങ്ങുന്നിങ്ങു പോന്നതൊടൊപ്പമേ,
ദുഃഖശോകക്കയററത്താൽ സ്വർഗ്ഗം പ്രാപിച്ചുപോയ് നൃപൻ!
എഴുന്നേല്ക്ക നരവ്യാഘ്ര! ചെയ്ക ചിന്നുദകക്രിയ;
ഞാനും ശത്രുഘ്നനും മുന്നേ കഴിച്ചിതുദകക്രിയ.
പ്രിയൻ കൊടുത്തതാണല്ലോ, പിതൃലോകത്തു രാഘവ,
നശിയ്ക്കാതുള്ളതൊന്നെന്നാരി;—വിട്ടുപോനോ പിതൃപ്രിയൻ! ൭൰

നിൻകാഴ്ചയിച്ഛിച്ചു, ചിന്ത നിന്നിൽ മാഴ്കി,
നിങ്കൽപ്പതിഞ്ഞുള്ള മനസ്സുമായി,
നീ വിട്ടു, നിമ്പാലിൽ വലഞ്ഞു, നിന്നെ
സ്മരിച്ചുതാൻ, നിൻജനകൻ മരിച്ചു!"

—*—

ഒരുനൂററിരണ്ടാം സർഗ്ഗം: സൈന്യസമാഗമം.

—*—

അച്ഛൻമരിച്ചതായിട്ടുണ്ണ്ഭരതൻ ചൊന്നഭാഷിതം
മാലാളുമാറു കേട്ടിട്ടു രാമനു വെളിവററുപോയ്;
യുദ്ധത്തിൽദ്ദാനവാരാതി വിട്ട വജ്രം കണക്കിനെ,
ഭരതൻ ചൊന്ന കടുവാഗ്വജ്രമേററു പരന്തപൻ ൨
തൃക്കയ്യുരണ്ടും പൊങ്ങിച്ചു മന്നിൽ വീണിതു രാഘവൻ,
മഴുകൊണ്ടു മുറിച്ചോരു കാട്ടുപൂമരമാംവിധം!
ആവിധം ഭൂതലേ വീണ ഭൂഭർത്താവായ രാമനിൽ,
കൂലാഘാതക്ലമാൽ നിദ്രകൊള്ളുമാനയ്ക്കു തുല്യനിൽ, ൪
വില്ലാളിമാരാം ഭ്രാതാക്കളും വൈദേഹിയൊടുകൂടവേ
കേണുകൊണ്ടങ്ങുമേ തണ്ണീർ തളിച്ചാർ ശോകഖിന്നനിൽ.
വീണ്ടും തൻേറടമാന്നിട്ടു കണ്ണീരും വാർത്തുകൊണ്ടവൻ
ചൊല്ലാൻതുടങ്ങിനാനേററമാവലാതി കകുത്സ്ഥജൻ; ൬
ഉർവീശനച്ഛൻ സ്വർഗ്ഗം പുക്കതു കേട്ടിട്ടു രാഘവൻ
ചൊന്നാൻ ഭരതനോടേവം ധർമ്മ്യമാം മൊഴി ധാർമ്മികൻ:-

Digitized By Kerala Sahitya Akademi

"എന്തൊന്നയോധ്യയിൽച്ചെയ്യു,മച്ഛൻ തീപ്പെട്ടിരിയ്ക്കെ ഞാൻ?
ആരു പാലിയ്ക്കു,മാ രാജശ്രേഷ്ഠനില്ലാത്തയോധ്യയേ? ൯
കെട്ടസന്തതിയാമെന്നാലാമഹാനെന്തു കാര്യമാം?
തീപ്പെട്ടതെന്മാൽകൊണ്ടല്ലോ; സംസ്കരിച്ചതുമില്ല ഞാൻ!
ഹാ, നീ കൃതാർത്ഥൻ ഭരത! തമ്പുരാന്നനവദ്യ, നീ
ശത്രുഘ്നനൊത്തു ചെയ്തല്ലോ ശേഷക്രിയകളൊക്കയും! ൧൦
നൃപാഭാവാൽത്തലവനററുഴന്നീടുമയോധ്യയിൽ,
വനവാസം കഴിഞ്ഞാലുമാളാകാ ചെൽവതിന്നു ഞാൻ.
വനവാസം തീർന്നയോധ്യ പൂക്കാലെന്നെപ്പുരന്തപ,
അനുശാസിയ്ക്കുവാൻ വീണ്ടു മാരുണ്ടു,ച്ഛൻ മരിയ്ക്കയാൽ! ൧൧
മുന്നം കീഴ്നില്ക്കുമെന്നോപ്പാർത്തച്ഛൻ സാന്ത്വങ്ങൾ ചൊല്ലിടും;
ഞാനാരിൽനിന്നിനിക്കേൾക്കു,മക്കർണ്ണസുഖവാക്കുകൾ!"
ഏവം ഭരതനോടോതിശ്ശോകത്താൽ വെന്ത രാഘവൻ:
മുഴുവാർതിങ്കൾമുഖിയാം ഭാര്യയെപ്പാർത്തു ചൊല്ലിനാൻ:- ൧൨
'സീതേ, മൃതൻ നിൻശ്വശുരൻ; നിന്നച്ഛൻ പോയി ലക്ഷ്മണ,
വിൺ പൂകീ നൃപനെ,ന്നല്ലോ ചൊല്ലുന്നു ഭരതൻ ശുചാ.'
കണ്ണീർ പതിന്മടങ്ങായിട്ടുളവായ് നയനങ്ങളിൽ
പേരാളുമക്കുമാരന്മാർക്കേ,വം കാകുത്സ്ഥനോതവേ. ൧൩
പിന്നേററമാശ്വസിപ്പിച്ചു തമ്പിമാരേവരും
രാമനോടോതി:—'ചെയ്കച്ഛനമ്പുരാന്നുദകക്രിയ.'
വിണ്ണേറീ ശ്വശുരൻ ഭൂപനെന്നു കേട്ടിട്ടു മൈഥിലി
പ്രേയാനെ നോക്കാനാളായീല,ശ്രുവാൽക്കൺനിറഞ്ഞവൾ! ൧൪
കേണീടുമജ്ജാനകിയെയാശ്വസിപ്പിച്ചു രാമനും
ചൊന്നാൻ ലക്ഷ്മണനോടേറ്റു ദുഃഖിതൻ ദുഃഖിതോക്തിയെ:-
'വരുത്തുകോടൽപ്പിണ്ണാക്കു;കൊണ്ടുവാ പുതുവല്ക്കവും:
പോകുന്നോൻ ഞാൻ മഹാത്മാവാമച്ഛന്നുദകമേകുവാൻ. ൨൦
സീത മുമ്പിൽ നടക്കട്ടെ,യതിൻപിമ്പു നടക്ക നീ:
പിറകേ പോരുവൻ ഞാനി;-തത്രേ ദുസ്സഹയാംഗതി!'

Digitized By Kerala Sahitya Akademi

പില്പാടവർക്കു നിത്യാനുചരൻ, മൃദു, മഹാമതി,
ദാന്തൻ, പ്രശാന്തനാ,ത്മജ്ഞൻ, രാമങ്കൽദൃഢഭക്തിമാൻ ൨൨
സുമന്ത്രൻ ഭൂപസുതരൊത്താശ്വസിപ്പിച്ചു രാമനെ
പിടിച്ചിറക്കിനാൻ മന്ദാകിനിയാം നൽസ്സരിത്തതിൽ:
വൻനീർക്കുത്തും സദാ പൂത്ത കാടുമൊത്തു സുതീർത്ഥമായ്
മനോജ്ഞനദിയാം മന്ദാകിനി കൃച്ഛ്റാലണഞ്ഞവർ, ൨൪

ചേററ നല്ല കടവിൽച്ചെന്നിറങ്ങി യശസ്വികൾ
ഉദകം നല്കി മന്നന്നങ്ങി, 'തങ്ങൾക്കാവുകെ'ന്നുടൻ.
വെള്ളം കുടന്നായിൽക്കോരിയെടുത്തവനിപാലകൻ
യമദേശാഭിമുഖനായ്ക്കരഞ്ഞുംകൊണ്ടു ചൊല്ലിനാൻ: ൨൬
'പിതൃലോകഗനാമങ്ങയ്ക്കിന്നു ഞാനീത്തരും ജലം
നിലനില്ക്കട്ടെയെന്നേയ്ക്കും നൃപശാർദ്ദൂല, നിർമ്മലം!'
പിന്നെ മന്ദാകിനീതീരാൽക്കേറിയിട്ടക്കകുത്സ്ഥജൻ
പിണ്ഡം വെച്ചാൻ പിതാവിന്നു തേജസ്വി സഹജാന്വിതൻ. ൨൮

ലന്തക്കുരുവൊടോടൽപ്പിണ്ണാക്കു ദർഭ വിരിച്ചതിൽ
വെച്ചാദ്ദുഃഖാർത്തനാം രാമൻ കരഞ്ഞുംകൊണ്ടു ചൊല്ലിനാൻ:-
'ഇതശിയ്ക്കു മഹാരാജ, മുദാ; ഞങ്ങളിതുണ്ണുവോർ:
മർത്ത്യന്നെന്തന്ന,മതുതാനന്നം തദ്ദൈവതത്തിനും.' ൩൦
പില്പാടതേവഴിയ്ക്കാററിൻവക്കിൽനിന്നു തിരിച്ചവൻ
മനോജ്ഞസാനുവാമദ്രിതന്മേലേറീ നരർഷഭൻ;
പിന്നെപ്പർണ്ണാലയദ്വാരത്തണഞ്ഞു ധരണീശ്വരൻ
സൌമിത്രിഭരതന്മാരെപ്പിടിച്ചാനിരുകൈകളാൽ. ൩൨

വൈദേഹിയൊത്തു കേഴുന്നാ ഭ്രാതാക്കളുടെയൊച്ചയാൽ,
സിംഹങ്ങൾതൻ രവത്താൽപ്പോലുണ്ടായ് മാറെറാലിയദ്രിയിൽ.
അച്ഛന്നുദകമേകുന്ന കരുത്തർ കരയുംവിധൌ
തുമുലധ്വനി കേട്ടിട്ടു ഞെട്ടീ ഭരതസൈനികർ; ൩൪
ചൊല്കയുംചെയ്തു:-'ഭരതൻ ചെന്നെത്തി രാമനിൽദ്ദൃഢം;
വൻശബ്ദം, താതമൃതിയാൽ മാഴ്കുന്നവരുടേതു താൻ!

Digitized By Kerala Sahitya Akademi

ഉടനെ പാർപ്പിടം കൈവിട്ടു, ശബ്ദത്തിന്നു നേരെയായ്
പാഞ്ഞുപോന്നാർ ശരിയ്ക്കെല്ലാപേരുമേകമനസ്സോടെ: ൩൬

ചിലരശ്വം, ചിലർ ഗജം, ചിലർ ചമർത്തിയ തേരുമായ്
പോന്നു ക്ലേശാസഹിഷ്ണുക്കൾ; മററുള്ളവർ കാൽനടയ്ക്കുതാൻ.
ചിരാൽപ്പോന്നവനെപ്പോലി,ങ്ങിയ്ക്കിടെപ്പോന്ന രാമനെ
കാണ്മാനായാശ്രമത്തെയ്ക്കു പോന്നാരെപ്പേരുമഞ്ജസാ; ൩൮

അങ്ങാ ഭ്രാതാക്കൾതൻചേർച്ച കാണ്മാൻ പോന്നാരതിദ്രുതം,
ചക്രനേമിസ്വനം വായ്ക്കും നാനായാനത്തിലൂടവേ.
അപ്പുവനേകയാനത്തിൻ ചക്രനേമികളുണ്ടായാൽ
ഭൂരിഘോഷം മുഴക്കി, കാർമ്മേഘച്ഛായിൽ ദ്യോവു പോലവേ. ൪൦

അതിൽപ്പേടിച്ചു, പിടികൾ ചുഴലെച്ചേരുമാനകൾ
മദസൌരഭ്യവും വീശിപ്പോയാർ മറെറാരു കാട്ടിനായ്.
നടുങ്ങീ പന്നി, ചെന്നായ, നരി, പോത്തുകൾ, സർപ്പവും,
കരങ്കനും, പൈച്ചെവിമാൻ, പുള്ളിമാനാ,ശ്ശുമാനുമേ. ൪൨

കോകങ്ങള,രയന്നങ്ങൾ, നത്തു-നീർക്കോഴി കൊററികൾ,
ക്രൌഞ്ചം,മാൺ കുയിലും നീളെപ്പറന്നു വെളിവെന്നിയേ.
അശ്ശബ്ദത്താൽബ്ഭയപ്പെട്ട ഖഗൌഘം തിങ്ങി വാനവും,
മനുഷ്യർതിങ്ങി മഹിയും, വിളങ്ങി തത്ര രണ്ടുമേ. ൪൪

പിപ്പാടപ്പുരുഷവ്യാഘ്രൻ പുകൾപ്പെട്ടോനരിന്ദമൻ
രാമൻ നിലത്തിരിയ്ക്കുന്നതഞ്ജസാ കണ്ടിതാളുകൾ.
കൈകേയീമന്ഥരകളെ പ്പഴിച്ചോത്തൊരുമിച്ചുതാൻ.
രാമങ്കലെത്തിക്കണ്ണീരു തൂകിനാരേററമാളുകൾ. ൪൬

കണ്ടാക്കണ്ണീർ നിറഞ്ഞോരാമഴലാണ്ട ജനങ്ങളെ,
അച്ഛനമ്മകളെപ്പോലേ പുണർന്നാൻ ധർമ്മവിത്തവൻ:
പുണർന്നുകൊണ്ടാൻ ചിലപേരെയങ്ങവൻ;
വണങ്ങിനിന്നാരവനെപ്പുറം ചിലർ; ൪൮
വയസ്യബന്ധുക്കളെയൊക്കയും മുറ-
യ്ക്കുണഞ്ഞു മാനിച്ചിതു രാജനന്ദനൻ.

Digitized By Kerala Sahitya Akademi

മഹാശയന്മാരവർ കേഴുമാ സ്വനം
മഹീനഭോഭിഗ്ഗിരിഗഹ്വരങ്ങളെ
പ്രതിധ്വനിപ്പിച്ചു, മൃദംഗനിസ്വനം
കണക്കെ കേൾക്കായിതഖണ്ഡമാംവിധം!

—*—

ഒരുനൂററിമൂന്നാം സർഗ്ഗം: മാതൃസമാഗമം.

—*—

രാജാവുതൻ പത്നികളെ മുന്നിലാക്കി വസിഷ്ഠനും
അവിടെയ്ക്കു പുറപ്പെട്ടു രാമദർശനതൃഷ്ണയാ.
മന്ദം മന്ദാകിനീപാർശ്വത്തൂടെ പോരുന്ന രാജ്ഞിമാർ
അങ്ങക്കടവു ദർശിച്ചു, രാമലക്ഷ്മണസേവിതം. ൧

മുഖം കരിഞ്ഞശ്രു നിറഞ്ഞീടും കൌസല്യ ദീനയായ്
സുമിത്രയോടും മററുള്ള രാജ്ഞിമാരോടുമോതിനാൾ:
"ഇതാണ, ക്ലിഷ്ടകർമ്മാക്കളനാഥരവർ കാനനേ
ഇറങ്ങുമാറുള്ള കടവു, ന്നു രാജ്യബഹിഷ്കൃതർ. ൨

ഇങ്ങുനിന്നാണു, നിൻ പുത്രൻ സുമിത്രേ, പതിവായ് ജ്ജലം
താൻതാൻ സൌമിത്രി മടിയാതെൻപുത്രന്നായെടുപ്പതും.
നിന്ദാർഹനല്ല നിൻപുത്രൻ നികൃഷ്ടത്തൊഴിൽ ചെയ്കിലും:
ജ്യേഷ്ഠന്നുവേണ്ടിച്ചെയ്യുന്നതൊക്കയും ഗുണയുക്തമാം. ൩

ക്ലേശാങ്ങൾക്കു തക്കാളല്ലാത്തീ നിൻപുത്രനിന്നുതാൻ,
മാലേറും താന്ന തൊഴിൽ പെട്ടതിൽനിന്നൊഴിയില്ലയോ!"
കണ്ടാൾ നിലത്തുടൻ, മുമ്പു തെക്കോട്ടാകിയ ദർഭമേൽ
അച്ഛന്നു വെച്ചതാമോടൽപ്പിണ്ണാക്കഞ്ഞീശ്ശലാനത്രയാൾ ൪

അച്ഛന്നാങ്ങാർത്തനാം രാമൻ വെച്ചതാമതു കാണ്കയാൽ,
എല്ലാദ്ദശരഥസ്ത്രീകളോടും കൌസല്യ ചൊല്ലിനാൾ:-
'ഇതാ, വേണ്ടുംവിധം രാമൻ വെച്ചതാണിതു, നോക്കുവിൻ,
രാഘവേക്ഷ്വാകുപതിയാം മഹാനായ പിതാവിനായ്! ൫

Digitized By Kerala Sahitya Akademi

ദേവതുല്യൻ മഹാത്മാവാബ്ഭൂപൻ ഭോഗം ഭുജിച്ചവൻ;
തക്കതല്ലവിടെയ്ക്കുണ്ണാനിതെന്നത്രേ നിനപ്പൂ ഞാൻ!
നാലതിത്തിവരെയ്ക്കുഴി ഭുജിച്ചിട്ടിന്ദ്രസന്നിഭൻ
എവ്വണ്ണമുണ്ണുമാടൽപ്പിണ്ണാക്കോ, ക്ഷോണീശ്വരൻ വിഭു! ൧൨
ഇങ്ങിതിൽപ്പരമാം കഷ്ടമൊന്നും തോന്നുന്നതില്ല മേ:
അപ്പുന്ന പിണ്ണാക്കേകേണ്ടിവന്നല്ലോ രാമന്നുധീമാൻ!
അച്ഛനായ് രാമനോടൽപ്പിണ്ണാക്ക വെച്ചതു കാങ്കിലും,
എൻനെഞ്ചെന്തായിരംപാടായ് നുറുങ്ങാത്തതു മാലിനാൽ! ൧൪
ലോകത്തിലെ ശ്രുതിയിതു നേരെന്നായ്ത്തോന്നിടുന്നു മേ:
മർത്ത്യന്നെന്തന്നം,മതുതാനന്നം തദ്ദൈവതത്തിനും."
എന്നാർത്തയാമവൾക്കാക്കം നല്കിപ്പോന്നസ്സപത്നിമാർ.
കണ്ടു, സ്വർച്ച്യുതനാം ദേവനൊത്ത രാമനെയാശ്രമേ. ൧൬
ഭോഗങ്ങളെല്ലാം കൈവിട്ട രാമനെക്കണ്ടു തായമാർ
തേങ്ങിക്കരഞ്ഞാര,ഴലാൽ മെലിഞ്ഞവർ വലഞ്ഞവർ.
മർത്ത്യവ്യാഘ്രനെഴുന്നേററാ മാതാക്കളുടെയൊക്കയും
തൃക്കാലുകൾ പിടിച്ചാനാ രാഘവൻ സത്യസംഗരൻ. ൧൮
തുടച്ചാർ സുഖദസ്പർശകോമളത്തൃക്കരങ്ങളാൽ
രാഘവന്റെ പുറത്തുള്ള പൊടിയദ്ദീർഘനേത്രമാർ.
സൌമിത്രിയും സഖേദം കണ്ടാ മാതാക്കളെയൊക്കയും
രാമന്നുപിമ്പുടനുടൻ കൈവണങ്ങീടിനാൻ ക്രമാൽ. ൨൦
നല്ലാർകളെല്ലാം രാമങ്കൽപ്പോലവേ പെരുമാറിനാർ,
ആദ്ദാശരഥിയാം പുണ്യലക്ഷണൻ ലക്ഷ്മണങ്കലും.
അബ്ഭർത്തൃമാതാക്കളുടെ കാൽ പിടിച്ചിട്ടു സീതയും
മുന്നിൽ നിന്നാളഴൽപ്പെട്ടു, കണ്ണീർ തിങ്ങിയ കണ്ണുമായ്. ൨൨
കാട്ടിൽപ്പാർത്തു മെലിഞ്ഞല്ലൽപ്പെട്ടമദ്ദീനദീനയെ,
മാതാവു മകളെപ്പോലെ പുല്കിക്കൌസല്യ ചൊല്ലിനാൾ:-
'വിദേഹേശന്റെ മകളെവ്വണ്ണം ദശരഥസ്നുഷ
കഷ്ടപ്പെട്ടുകയായ്, ശൂന്യകാനനേ രാമപത്നിയാൾ!

Digitized By Kerala Sahitya Akademi

വെയിലിൽക്കാഞ്ഞംബുജം പോലെ ഞെരുക്കപ്പെട്ടാമ്പൽ പോലെ
നിന്മുഖം കാണുകയാലെന്നെദ്ദുഃഖാരണിജമാമഴൽ, (വേ,
ചെന്തീ വിറകിനെപ്പോലുപ്പുംചേർന്നെരിപ്പൂ വിദേഹജേ! ൨൮

ഇവണ്ണമാർത്തയാമമ്മ ചൊല്ലവേ ഭരതാഗ്രജൻ
ചെന്നാ വസിഷ്ഠനുടെയും കാൽ പിടിച്ചിതു രാഘവൻ.
പെരുത്ത തേജസ്സെഴുമഗ്നിതുല്യനാം
പുരോഹിതൻതന്നുടെ കാൽ പിടിച്ചുടൻ,
സുരേശനിന്ദ്രൻ ഗുരുവിൻെറയെന്നപോ-
ലി,രുന്നിതദ്ദേഹവുമൊത്തു രാഘവൻ. ൨൯

അനന്തരം, സന്മതരാമമാത്യരും,
പ്രധാനരാം പൌരർ, പടജ്ജനങ്ങളും,
മികച്ച ധർമ്മജ്ഞരുമൊത്തു പൂർവ്വജ-
ന്നടുത്തിരുന്നു ഭരതൻ സുധാർമ്മികൻ.
അടുത്തിരുന്നാബ്ഭരതൻ പ്രഭോജ്ജ്വല-
ത്തപസ്വിവേഷാന്വിതനായ രാമനെ
വിനീതനായ്പ്പാർത്തു, വിരിഞ്ചനെസ്സുരേ-
ശ്വരൻ കണക്കെത്തൊഴുതാൻ പ്രതാപവാൻ. ൩൦
'വണങ്ങി മാനിച്ചു ശരിയ്ക്കു രാഘവ-
ന്നടുക്കലെന്തിബ്ഭരതൻ പറഞ്ഞിടും'
ഇവണ്ണമാ ശ്രേഷ്ഠജനത്തിനപ്പൊഴു-
ദ്ഭവിച്ചു നേരായ്ക്കരികെക്കുതൂഹലം.
സുധീരനാ രാഘവന,ങ്ങു ലക്ഷ്മണൻ,
മഹാനുഭാവൻ ഭരതൻ സുധാർമ്മികൻ,
വയസ്യരൊന്നിച്ചു വിളങ്ങി,യധ്വരേ
സദസ്യരൊത്തഗ്നികൾ മൂന്നു പോലിവർ. ൩൨

---*---

Digitized By Kerala Sahitya Akademi

## ഒരുനൂററിനാലാം സർഗ്ഗം: രാമഭരതസംവാദം

—: * :—

ഗുരുവത്സലനാ ഭ്രാതാവെന്നറിഞ്ഞിട്ടു രാഘവൻ
ഭ്രാതാവാം ലക്ഷ്മണനുമായ് ച്ചോദ്യംചെയ്യാൻ തുടങ്ങിനാൻ:—
'ഇതെന്താണെന്നു, നീ ചൊല്ലിക്കേൾപ്പാൻ കാംക്ഷിച്ചിടുന്നു ഞാൻ:
പോന്നവല്ലോ ജടാവല്ക്കമാർന്നോരാൾ പൂണ്ടിവിടെയ്ക്കു നീ. ൧

എന്തിന്നു, നാടുപേക്ഷിച്ചു, മാന്തോൽജട ധരിച്ചു നീ
വന്നെത്തിയിപ്പ്രദേശത്തു? ചൊല്ലേണമതൊക്കയും.'
എന്നായ്പ്പെരിയ കാകുൽസ്ഥൻ മുറക്കെപ്പുല്കി വീണ്ടുമേ
ചൊല്ലുയാൽത്തൊഴുകയ്യോടേ കഥിച്ചാൻ കൈകയീസുതൻ. ൨

"അച്ഛൻ ദുഷ്കരമാം കൈ ചെയ്താർയ്യനെസ്സന്ത്യജിച്ചുടൻ
സ്വർഗ്ഗം പുക്കാൻ മഹാബാഹോ, പുത്രശോകം പൊറായ്കയാൽ.
എന്നമ്മ കൈകയിപ്പെണ്ണിൻ ചൊല്ലാലല്ലോ പരന്തപ,
ചെയ്തു,തൻപുകൾ പോക്കുന്ന വന്മഹാപാപമിങ്ങിനെ! ൩

നാടു നേടാതെ വൈധവ്യം വന്നു മാലാൽ മെലിഞ്ഞവൾ
എന്നമ്മയേററം കൊടുതാം നരകത്തിങ്കൽ വീണുപോം!
എന്നാലോ, ദാസനാമെങ്കൽക്കനിഞ്ഞരുളണം ഭവാൻ:
ഇന്നുതാനമ്പർകോനെപ്പോലേല്ക്ക രാജ്യാഭിഷേകവും. ൪

ഇതാ, നാട്ടാർ, വിധവമാരമ്മമാർകളുമേവരും
വന്നിരിപ്പൂ തവോപാന്തേ; കനിഞ്ഞരുളിടേണമേ!
മുറയ്ക്കു വന്നൊത്ത തനിക്കൊത്തതാം നാടു മാനദ,
കൈക്കൊണ്ടരുൾക ധർമ്മത്താൽ;-തുഷ്ടരാക്കുക മിത്രരെ. ൫

ഭൂമിയെല്ലാമവിധവയാവട്ടേ നാഥനങ്ങയാൽ,
തെളിഞ്ഞ ചന്ദ്രനെക്കൊണ്ടു ശരന്നിശ കണക്കിനെ!
ഈയമാത്യരുമൊന്നിച്ചു താണപേക്ഷിച്ചിടുന്നു ഞാൻ:
കനിഞ്ഞരുൾക ദാസങ്കൽ, ശ്ശിഷ്യങ്കൽ,ഭ്രാതൃജങ്കൽ നീ! ൬



Digitized By Kerala Sahitya Akademi

ഇതാ, ശാശ്വതമച്ഛൻെറയെല്ലാപ്രകൃതിവൃന്ദവും:
മാന്യമാമിതിനെത്തള്ളായ്കങ്ങന്നു മനുജർഷഭ!"
  എന്നുരച്ചു മഹാബാഹു സാശ്രുവായ്ക്കൈകയീസുതൻ
രാമൻെറ കാല്ക്കൽ മുട്ടിച്ചാൻ ശരിയ്ക്കു തല വീണ്ടുമേ. ൪൪

വീണ്ടും, വീണ്ടും, മദിച്ചാനയ്ക്കൊപ്പമായ് നിശ്വസിയ്ക്കവേ
ഭ്രാതാവാമബ്ഭരതനെപ്പുല്കി രാമനിതോതിനാൻ:—
'കുലീനൻ സത്ത്വഗുണവാൻ തേജസ്വി ചരിതവ്രതൻ
നിന്മട്ടിലുള്ളാൻ നാടിന്നായ്പ്പാപമെങ്ങിനെ ചെയ്തിടും? ൪൬

ദോഷം കാണ്മീല ഞാൻ നിങ്കൽത്തരിമ്പുമരിസൂദന;
നിന്ദിച്ചിടായ്കമ്മയെയു,മറിവില്ലായ്മകൊണ്ടു നീ.
ചെയ്യാം തോന്നിയതെന്തെന്നും, പെരിയോർക്ക് മഹാമതേ,
ആശ്രിതന്മാരിലനഘ, പുത്രരിൽപ്പത്നിമാരിലും. ൪൮

എമ്മട്ടെണ്ണീ ശിഷ്ടർ പാരിൽബ്ഭാര്യാതനയശിഷ്യരെ,
അമ്മട്ടേ നമ്മളവിടെയ്ക്കെന്നു സൌമ്യ, ധരിയ്ക്ക നീ.
ഞാൻ വല്കമാന്തോലുകളാമുടുപ്പും പൂണ്ടു കാട്ടിലോ,
നാട്ടിലോ പാർക്കമാറാക്കാനാളത്രേ സൌമ്യ, തമ്പുരാൻ ൫൦

ലോകം പൂജിച്ച ധർമ്മജ്ഞനച്ഛനാടൈത്രയാദരം
അത്രയ്ക്കമ്മയോടും വേണമാദരം ധാർമ്മികോത്തമ.
ധർമ്മിഷ്ഠരാകുമീയച്ഛനമ്മമാരന്നു രാഘവ,
കാട്ടിൽപ്പോകെന്നു കല്പിച്ചു ഞാൻ മറ്റെന്താചരിയ്ക്കുമോ? ൫൨

ലോകർ മാനിച്ച രാജ്യം നീ കൈക്കൊള്ളേണമയോദ്ധ്യയിൽ;
ദണ്ഡകക്കാട്ടിൽ വാഴേണം മരവുരിയുമുടുത്തു ഞാൻ.
ഏവം പകുത്തും, മാലോകർ കേൾക്കെച്ചൊല്ലിയുമല്ലയോ
വിണ്ണു പൂകീ ദശരഥൻ, തേജസ്സേറും നൃപോത്തമൻ? ൫൪

ധാർമ്മികൻ ലോകഗുരുവാം നൃപൻ മേലാൾ നിനക്കുമേ!
അച്ഛൻ നല്കിയ ഭാഗത്തെശ്ശരിയ്ക്കനുഭവിയ്ക്ക നീ.
ഞാനോ, സൌമ്യ, പതിന്നാലുവർഷം ദണ്ഡവനസ്ഥനായ്
ഭുജിയ്ക്കുവൻ, മഹാത്മാവാമച്ഛൻ നല്കിയ പങ്കിനെ. ൫൬

Digitized By Kerala Sahitya Akademi

സുരേന്ദ്രതുല്യൻ നരലോകപൂജിതൻ
മഹാൻ പിതാവെന്തിവരോടു ചൊല്ലിയോ,
അതേ ഹിതം മേ പരമെന്നകാമ്യ ഞാ-
ന,ശേഷലോകേശതപോലുമല്ലതാൻ!"

ഒരുനൂററഞ്ചാം സർഗ്ഗം: തത്ത്വോപദേശം.

* 

അമ്മിത്രങ്ങളാം പുഴനാളൂ നരസിംഹർക്കിതിൻവിധം
ദുഃഖേന സങ്കടപ്പെട്ടുകൊണ്ടേ തീർന്നിതു ശർവരി.
നേരം നന്നായ്പ്പുലർന്നോരു മിത്രരൊത്തസ്സഹോദരർ
മന്ദാകിന്യാം ജപം ഹോമം കഴിച്ചിട്ടെത്തി രാമനിൽ. ൨
ഇരുന്നാരവർ മിണ്ടാതേ; ചൊല്ലീലാരുമൊരെണ്ണവും;
ഭരതൻ മിത്രമധ്യത്തിൽവെച്ചു രാമനൊടോതിനാൻ:
"ആശ്വാസപ്പെട്ടിതെന്നമ്മ;-യീ നാടിവനു തന്നതാം;
അതങ്ങേയ്ക്കു തരുന്നേൻ ഞാൻ; വാഴ്ക രാജ്യമകണ്ടകം. ൪
വർഷത്തിൽ വാർവെള്ളം നീക്കത്താലുടഞ്ഞ ചിറ പോലവേ
നിർത്താവതല്ല വൻനാടിതങ്ങൊഴിഞ്ഞേവനാലുമേ!
അശ്വഃപ്പോക്ക ഖരം, താർക്ഷ്യപ്പോക്ക പക്ഷിയുമാംവിധം
നിൻപോക്ക പിന്തുടരുവാനാളല്ലാ ഞാൻ മഹീപതേ! ൬
പരന്മാരെപ്പുലർത്തുന്നോനെന്നെന്നും നന്നു ജീവിതം;
പരരാൽപ്പുലരുന്നോനോ, തീയതേ രാമ, ജീവിതം!
മുറയ്ക്കോരാൾ നട്ടു വളർത്തിന യാതൊരു പാദപം
മുണ്ടൻ കേറാത്തതായ്ക്കുട്ടിവെച്ചു മാമരമാകുമോ, ൮
അതു പുഷ്പിച്ചുനിന്നിട്ടു കായ്കൾ കാട്ടാതിരിക്കുകിൽ,
നട്ടുണ്ടാക്കിയതിൻ പ്രീതിയായാളനുഭവിച്ചിടാ;
ഇതു സാമ്യം; പൊരുൾ ഭവാനറിയാം സുമഹാഭുജ,
ഭൃത്യരാം ഞങ്ങളെ ശ്രേഷ്ഠൻ സ്വാമി നീ പാലിയായ്കിലോ! ൧൦
വൈരിഘ്നനങ്ങയെപ്പൌരമുഖ്യരെല്ലാം നൃപോത്തമ,
ദീപ്തനാം സൂര്യനെപ്പോലെ കാണട്ടേ നാടു വാഴ്വതായ്!

Digitized By Kerala Sahitya Akademi

അലറട്ടേ മദേഭങ്ങൾ രാമ, നിന്നനുയാത്രയിൽ:
നന്ദിയ്ക്കട്ടേ നിരാതങ്കമന്തഃപുരവധൂടിമാർ." ൧൨

കൊള്ളാമെന്നഭിനന്ദിച്ചാരാ നാനാവിധർ നാഗരർ,
കാകുത്സ്ഥനോടു ഭരതൻ യാചിയ്ക്കുന്നതു കേൾക്കയാൽ.
യശസ്വി ഭരതൻ മാൽ പൂണ്ടിവണ്ണം വിലപിയ്ക്കവേ,
രാമൻ കൃതാത്മാവവനെയാശ്വസിപ്പിച്ചിതാത്മവാൻ:— ൧൪

"യഥേഷ്ടം ചെയ്യുവാൻ വയ്യീ, മനുഷ്യൻ പരതന്ത്രനാം:
അങ്ങോട്ടിങ്ങോട്ടു ദൈവത്താൽ വലിയ്ക്കപ്പെട്ടവോനിവൻ!
വിനാശാവധിതാൻ നേട്ടം; പതനാവധിയുന്നതി;
വിയോഗാവധി സംയോഗം; മരണാവധി ജീവിതം! ൧൬

പഴുത്ത കായ്കൾക്കില്ലല്ലോ വീഴ്ച വിട്ടൊന്നിലും ഭയം.
ഏവം ജനിച്ചവന്നില്ലാ, മൃതി വിട്ടൊന്നിലും ഭയം.
തൂണുറപ്പുള്ള ഭവനം പഴകിച്ചാഞ്ഞിടുംപടി,
ജരാമൃത്യുവശന്മാരായ് ച്ചാഞ്ഞുപോകുന്നു മർത്ത്യരും! ൧൮

കഴിഞ്ഞുപോവതാം രാത്രി തിരിയേവന്നുചേർന്നിടാ:
പോകയേചെയ്വൂ, കാളിന്ദിപൂർണ്ണമാമലയാഴിയിൽ!
പോകുമോരോ ദിവസവും പ്രാണികൾക്കൊക്കെയഞ്ജസാ
ആയുസ്സിനെ ക്ഷയിപ്പിപ്പൂ, വേനൽ വെള്ളത്തെയാംവിധം. ൨൦

തങ്കലേ മാഴ്കകെ,ന്തിന്നു മാഴ്കീടുന്നു പരങ്കൽ നീ:
നിന്നായുസ്സററിടുന്നാല്ലോ നടപ്പിലുമിരിപ്പിലും!
മൃത്യു കൂടെനടക്കുന്നു; മൃത്യു കൂടെയിരിപ്പിതേ;
മൃത്യുകൂടെ നെടുവഴി പോന്നുകൂടേ മടങ്ങിടും! ൨൨

ചുക്കിച്ചുളിഞ്ഞു മെയ്യെല്ലാം; വെളുത്തു തലരോമവും;
ജരയാൽജ്ജീർണ്ണനാം മർത്ത്യനെന്തു ചെയ്തിട്ടു ശക്തനാം?
രസം സൂര്യോദയിയ്ക്കുമ്പോൾ; രസമസ്തമയത്തിലും;
തങ്ങൾക്കായുസ്സു പോകുന്നതറിയുന്നീല മാനുഷർ! ൨൪

പുതുതായ്പ്പുതുതായെത്തുമൃതു കണ്ടിങ്ങു ഹൃഷ്ടരാം;
ഋതുമാററത്തിലോ, ജീവക്ഷതി നേടുന്നു ദേഹികൾ!

Digitized By Kerala Sahitya Akademi

മരവും മരവും തമ്മിൽച്ചേൎന്നീടില്ലേ മഹാബ്ധിയിൽ;
ചേൎന്നിട്ടിത്തിരിനേരത്താൽ വേർപെടുന്നതുമില്ലയോ; ൨൬

അവ്വണ്ണം ഭാൎയ്യമാർ, മക്കൾ, ബന്ധുക്കാരും, ധനങ്ങളും
ചേൎന്നിട്ടകന്നുപോകുന്നിതി;—വർപാടായതൽ തീൎച്ചതാൻ!
ഇച്ഛിച്ചപോലിരുന്നീടുമാറില്ലിങ്ങൊരു ദേഹിയും;
അതിനാൽ മൃതനിൽശ്ശോചിപ്പവന്നു കഴിവില്ലതിൽ! ൨൯

വഴിയ്ക്കു നിന്നു, പോകുന്ന വഴിപോക്കരൊടായൊരാൾ,
'ഞാനും നിങ്ങൾക്കുപിറകേ വരാ'മെന്നോതിടും പടി,
തൻപൂൎവ്വരഷ്ടന്മുത്തച്ഛർ പോയതാം വഴി തീൎച്ചതാൻ;
അതു പൂക്കാലല്ലലെന്തിന്നു?-തിന്നില്ലൊരു നീക്കവും! ൩൦

പിന്തിരിയ്ക്കാതൊഴുക്കിൻമട്ടായുസ്സു കുതികൊൾകവേ,
സുഖത്തിൽച്ചേൎക്കാത്മാവെ:-സ്സുഖം നേടേണ്ടുവോർ നരർ.
അധാൎമ്മികൻ ശുഭാശേഷസുദക്ഷിണമഖങ്ങളാൽ
നിഷ്പാപനായി വിണ്ണേറി, നമ്മൾതന്നച്ഛനാം നൃപൻ. ൩൨

ഭൃത്യരെപ്പോററിടുകയാൽ, പ്രജാസംരക്ഷ ചെയ്കയാൽ,
ധൎമ്മ്യവിത്താൎജ്ജനത്താലുമച്ഛൻ വിണ്ണേറി നമ്മുടെ.
ഇഷ്ടസൽക്കൎമ്മനിരയാൽ,സ്സുദക്ഷിണമഖങ്ങളാൽ
സ്വൎഗ്ഗം പൂക്കാൻ ദശരഥൻ, നമ്മൾതന്നച്ഛനാം നൃപൻ. ൩൭

നാനായജ്ഞങ്ങളെച്ചെയ്തും പൂൎണ്ണഭോഗങ്ങൾ നേടിയും
ദീർഘായുസ്സായിവൎത്തിച്ചുവല്ലോ വിണ്ണേറി മന്നവൻ;
ദീർഘായുസ്സൊടു ഭോഗങ്ങൾ നേടി സ്വൎഗ്ഗം ഗമിയ്ക്കയാൽ
ശോച്യനല്ലച്ഛനിങ്ങുണ്ണീ, രാഘവൻ സജ്ജനാൎച്ചിതൻ. ൩൮

നമ്മൾതന്നച്ഛനജ്ജീൎണ്ണമൎത്ത്യദേഹം വെടിഞ്ഞു പോയ്,
ബ്രഹ്മലോകത്തിലെദ്ദിവ്യമായ സമ്പത്തു നേടിനാൻ;
അവനെപ്പററി മാഴ്കീടില്ലിവണ്ണമറിവുള്ളവരാം—
നിന്നെപ്പോൽബ്ബുദ്ധിമികവും ശാസ്ത്രബോധവുമുള്ളവരാം. ൩൯

ഈ നാനാവിധശോകങ്ങൾ, വിലാപങ്ങൾ, കരച്ചിലും
വൎജ്ജങ്ങളല്ല്യല്ലോ, ധീമാനാം ധീരനു ദശയേതിലും.

Digitized By Kerala Sahitya Akademi

അതിനാൽ മാഴ്കൊലാ, സ്വസ്ഥനാക, പോയ് വാഴ്കപ്പുരേ;
നിനക്കതെല്ലാം കല്പിച്ചു വരിയച്ഛൻ വരദപര. ൪൦
എന്നെയെങ്ങു നിയോഗിച്ചു പുണ്യകൃത്തവിടുന്നതാൻ,
അങ്ങാചരിയ്ക്കുവൻ ഞാനമാഴ്ത്തതാതൻെറ ശാസനം.
തള്ളാൻപാടില്ലവൻ്റെ ശാസനം ഞാനരിന്ദമ;
അതെന്നും മാന്യമങ്ങയ്ക്കും; ബന്ധുവച്ഛൻ നമുക്കവൻ. ൪൧
അച്ഛൻെറയാധാൎമ്മികസമ്മതമായ നിദേശമേ
പാലിപ്പൻ കാനനപ്പാപ്പ്പാം കൎമ്മത്താൽ ഞാൻ കകുത്സ്ഥജ.
ധൎമ്മിഷ്ഠനായ്സ്സദയനായ്ഗ്ഗുരുക്കൾക്കു വിധേയനായ്
വൎത്തിയ്ക്കേണം നരവ്യാഘ്ര, പരത്ര ശ്രേയമാപ്പവൻ. ൪൨
നിന്നെ നിൻനിലയിൽച്ചുത്ത്വെയ്ക്കു പുരുഷപുംഗവ,
അച്ഛൻ ദശരഥൻതൻെറ സച്ചരിത്രം നിനച്ചു നീ."
എന്നിപ്രകാരം പിതൃശാസനത്തെ-
പ്പുലൎത്തുവാനായ്പ്പൊരുളൊത്തവാക്യം
കനിഷ്ഠനോരൊട്ടിടയാൽക്കഥിച്ചു
നിൎത്തീ മഹാനാം പ്രഭുവായ രാമൻ. ൪൩

---

## ഒരു നൂററാറാം സൎഗ്ഗം: ഭരതാഭ്യൎത്ഥനം.

—*—

രാമൻ പൊരുളൊടൊത്തേവം ചൊല്ലി നിൎത്തിയതിന്നുമേൽ,
പ്രജാവത്സലനാം രാമനോടു മന്ദാകിനീതടേ
ധൎമ്മിഷ്ഠൻ ഭരതൻ ചൊന്നാൻ ധൎമ്മത്തോടു വിചിത്രമായ്:—
"ആരുള്ളു പാരിലങ്ങയ്ക്കു തുല്യനായിട്ടരിന്ദമ? ൧
ദുഃഖമങ്ങയെ മാഴ്കിയ്ക്കാ; സുഖം ഹൎഷപ്പെടുത്തിടാ.
പ്രിയൻ വൃദ്ധൎക്ക്;-വരിൽ നീ ചോദിയ്ക്കും സംശയങ്ങളും.
'ചത്തവൻ പോലെ ജീവിപ്പോനി;-ല്ലാത്തവിധമുള്ളതും'
എന്നീയറിവു സിദ്ധിച്ചോനെന്തുമൂലമഴൽപ്പെടും? ൪
പരാവരങ്ങളറിവാനാ,പത്തേവം ഭവിയ്ക്കിലും
അല്ലൽപ്പെടുകയില്ലല്ലോ; നീയുമമ്മട്ടു മന്നവ.

Digitized By Kerala Sahitya Akademi

അമർത്ത്യസത്ത്വവാൻ, ധീമാൻ, സത്യസന്ധൻ, മഹാശയൻ,
സർവ്വജ്ഞൻ, സർവ്വം കാണുന്നോനുമാണങ്ങു രാഘവ; ൮

ഏവംഗുണാഢ്യനായ് ജന്മനാശവിത്താകമങ്ങയെ
എത്ര ദുസ്സഹമായുള്ള ദുഃഖവും കീഴ്പ്പെടുത്തിടാ.
എനിക്കായ് ക്ഷുദ്രയാമമ്മ, ഞാനന്യത്ര വസിക്കവേ,
ചെയ്ത പാപമനിഷ്ടം മേ; കനിഞ്ഞരുളുകെന്നൽ നീ! ൯

ധർമ്മക്കെട്ടിൽപ്പെട്ടകയാലാണു കൊല്ലാത്തതിങ്ങു ഞാൻ,
ഈക്കുറക്കാരിയാം ദുഷ്ട മാതാവെത്തീവ്രദണ്ഡനാൽ!
കുലീനസൽക്കർമ്മി ദശരഥന്നിങ്ങു പിറന്നവൻ,
ധർമ്മാഭിജ്ഞനധർമ്മിഷ്ഠം കുത്സിതത്തൊഴിൽ ചെയ്കയാ? ൧൦

ഗുരു, കർമ്മി, നൃപൻ, വൃദ്ധൻ, മരിച്ചോന,ച്ഛനീ,ശപരൻ
എന്നോർത്തത്രേ പഴിയ്ക്കാത്തതച്ഛനെസ്സഭയിങ്കൽ ഞാൻ.
ധർമ്മാർത്ഥഹീനമാം പാപകർമ്മമീവിധമേതൊരാൾ
പെണ്ണിൻപ്രിയത്തിനായിട്ടു ചെയ്യും ധർമ്മജ്ഞ, ധാർമ്മികൻ? ൧൧

ബുദ്ധിമാറും വിപൽകാലേ ദേഹിയ്ക്കെന്നു പുരാ ശ്രുതി;
ഇതു ചെയ്താ, ശ്രുതി നൃപൻ പാരിൽ പ്രത്യക്ഷമാക്കിനാൻ!
ക്രോധാൽ മോഹാൽ സാഹസത്താലച്ഛൻ തെറ്റൊന്നു ചെയ്തു
കല്പിച്ചതു തിരുത്തണം, നൽകാര്യം കരുതിബ്ഭവാൻ! [പോയ്;
അച്ഛന്റെ തെറ്റു തീർത്തിടാനേതൊരുണ്ണി നിനയ്ക്കുമോ,
അവനത്രേ മകൻ പാരിൽ; മറിച്ചായാൽ മറിച്ചുതാൻ!
അത്തരം മകനാകങ്ങന്നി;—വിട്ടത്തെയ്ക്കു പറ്റൊലാ,
ഉലകിൽധീരർ നിന്ദിയ്ക്കുമാറച്ഛൻ ചെയ്ത ദുഷ്കൃതം. ൧൨

കൈകേയി, ഞാ,നച്ഛ,നഥ നമ്മൾതൻ മിത്രബാന്ധവർ,
പൌരന്മാർ, നാട്ടുകാർ, പാലിച്ചതാംകെല്ലാരെയും ഭവാൻ!
കാടെങ്ങാ, ക്ഷത്രമട്ടെങ്ങു? ജടയെങ്ങെ,ങ്ങു രക്ഷയും?
ഇതൊക്കെ പന്തികേടുള്ള തൊഴിൽ ചെയ്തിടൊലാ ഭവാൻ! ൧൩
ഇതാണൊന്നാമതാം ധർമ്മം ക്ഷത്രിയന്നഭിഷേചനം:
ഇതാണല്ലോ, പ്രജാരക്ഷയ്ക്കാവതൊന്നു മഹാമതേ.

Digitized By Kerala Sahitya Akademi

പ്രത്യക്ഷധർമ്മം വിട്ടെ,ന്തോ ഫലം ചേർപ്പോന്ന,ലക്ഷണം,
സന്ദിഗ്ദ്ധാനിശ്ചിതം ധർമ്മമാർ ചെയ്യും ക്ഷത്രജാതിയിൽ? ൧൦
ക്ലേശംകൊണ്ടുള്ള ധർമ്മംതാനാചരിയ്ക്കണമെങ്കിലോ,
നാലു ജാതിയെയും ധർമ്മാൽപ്പാററി ക്ലേശിച്ചുകൊൾക നീ!
നാലാശ്രമത്തിലും മീതെ ഗൃഹസ്ഥാശ്രമമെന്നുതാൻ
ചൊൽവൂ ധർമ്മജ്ഞരെ;-തെവ്വണ്ണം ത്യജിപ്പൂ നീ? ൧൧
ജ്ഞാനാൽ, സ്ഥാനാൽ,പ്പിറവിയാൽത്താഴെയല്ലോ ഭവാന്നു ഞാൻ
ആ ഞാനെങ്ങിനെ രക്ഷിയ്ക്കുമൂഴി,യങ്ങന്നിരിയ്ക്കവേ?
ധീഗ്ഗുണം താന്നാവർ,സ്ഥാനംകൊണ്ടും താഴ്ന്നോരു കുട്ടി ഞാൻ
ഇവിടത്തോടു വേർപെട്ടാൽപ്പാർപ്പാൻപോലുമശക്തനാം! ൧൪
ആടൽക്കൂടാതെയച്ഛൻെറ നാടിതെല്ലാമകണ്ടകം
രക്ഷിയ്ക്ക നിജധർമ്മത്താൽധർമ്മജ്ഞ, സഹബന്ധു നീ.
ഇങ്ങുതാനഭിഷേചിയ്ക്ക നിന്നെ,ച്ചേർന്നൊത്തു പൌരരും
മന്ത്രപൂർവ്വം വസിഷ്ഠാദിമന്ത്രജ്ഞൎത്ഥിഗ് ജനങ്ങളും. ൧൫
ഞങ്ങളാലഭിഷിക്തൻ നീ കാപ്പാൻ പൂകുകയോധ്യയിൽ,
ബലാൽപ്പാരുകൾ വെന്നിട്ടു വാനോരാലിന്ദ്രനാംവിധം.
കടം മൂന്നും തീർത്തു,മാററാന്മാരെ മർദ്ദിച്ചു,നന്മയിൽ
കൂററുകാർക്കിഷ്ടമെല്ലാം ചേർത്തി,ഞ്ഞെന്നെക്കാക്കുകങ്ങുതാൻ! ൧൬
ഇന്നാർയ്യ, നന്ദിയ്ക്കട്ടെ നിൻകൂററുകാരഭിഷേചനാൽ;
ഇന്നു പേടിച്ചു പായട്ടെ നിൻമാററാർ പത്തുദിക്കിനും!
എന്നമ്മയുടെ ദുഷ്കൃതം മായ്ചിന്നു മനുജർഷഭ,
പാപത്തിൽനിന്നു രക്ഷിയ്ക്കുകാർയ്യ താതനെയും ഭവാൻ! ൨൦
പണിഞ്ഞപേക്ഷിയ്ക്കുന്നേൻ ഞാൻ കനിഞ്ഞരുളുകെങ്കൽ നീ,
ഭൂതങ്ങളിൽ മഹേശൻപോലെ,ല്ലാബ്ബന്ധുജനത്തിലും!
ഇതുതള്ളിബ് ഭവാനിങ്ങുനിന്നരണ്യത്തിലേയ്ക്കു താൻ
പോകയാണെങ്കിലോ, ഞാനും പോരുമങ്ങയൊടൊപ്പമേ.'' ൨൧

തളർന്നിവണ്ണം ഭരതൻ പ്രണമ്രനായ്
പ്രസാദനംചെയ്ക നൃപൻ രഘൂദ്വഹൻ

Digitized By Kerala Sahitya Akademi

നിനച്ചതേയില്ല തിരിച്ചുപോകുവാൻ,
സുധീരനത്താതവചസ്സിൽ നില്പവൻ
'വിചിത്രമാ' രാഘവനെന്നുരപ്പു ക-
ണ്ടണഞ്ഞു മാൽ മോദവുമൊപ്പമാളുകൾ:
വരില്ലയോധ്യയ്ക്കിവനെന്നു മാഴ്കിനാർ,
സ്ഥിരപ്രതിജ്ഞാതത കണ്ടു ഹൃഷ്ടരായ്.
മനംമറന്നശ്രു പൊഴിച്ചു തായമാർ,
ഗണാഗ്ര്യരൃത്വിക്കുകൾ, പൌരരെന്നിവർ.
പുകഴ്ത്തിനാരമ്പുരതന്റെ വാക്കിനെ;-
പ്പണിഞ്ഞിരന്നാരൊരുമിച്ചു രാമനിൽ.

---

ഒരുന്നൂറ്ററൊന്നാം സൎഗ്ഗം: ഭരതാനുനയം.

---

ഏവമമ്പുരതൻ വീണ്ടും ചൊല്കവേ, ലക്ഷ്മണാഗ്രജൻ
മറുവാക്കോതിനാൻ ശ്രീമാൻ, ജ്ഞാതിമധ്യത്തിൽ മാനിതൻ:-
"കൈകേയിയിൽത്തരേഷ്ഠക്ഷ്മാപാലന്നാളിതൻ സുതൻ
ഭവാനിതുവിധം ചൊന്നതുചിതംതന്നെ കേവലം. ൨
എന്നാലനുജ, പണ്ടച്ഛൻ നിന്മാതാവിനെ വേൾക്കവേ
മാതാമഹനുകേറ്റാതി രാജ്യശുല്കമനുത്തമം;
ദേവാസുരാഹവത്തിങ്കൽ നിന്നമ്മയ്ക്കും നൃപൻ വരം
കൊടുത്തിരുന്നു, ശുശ്രൂഷാപ്രീതനായരചൻ പ്രഭു. ൪
അതിനാലാണിരുവരം, നിന്നമ്മ വരവർണ്ണിനി
രാജാവോടാണചൊല്ലിച്ചു യാചിച്ചതു യശസ്വിനി.
തവ നാടും നരവ്യാഘ്ര, മമ ദൂരപ്രയാണവും;
ഈ വരങ്ങളിവൾക്കേകിതാനുമന്നി, രിതൻ നൃപൻ. ൬
എന്നോടരുൾകയാൽ ചെയ്താനച്ഛനന്നു നരഷഭ,
വരമോനാൽപ്പതിന്നാലാണ്ടരണ്യത്തിൽ വസിയ്ക്കുവാൻ.
അതിനാൽശ്ശൂന്യമിക്കാട്ടു സീതാലക്ഷ്മണയുക്തനായ്
പുക്കേനെ, ച്ഛന്റെ നേർവാക്കിൽ നില്ലോനപ്രതിയോഗി ഞാൻ,



Digitized By Kerala Sahitya Akademi

നീയു,മങ്ങിനെ താനാകകൊണ്ടു, രാജേന്ദ്ര,താതനെ
സത്യപ്രതിജ്ഞനാക്കേണം വേഗത്തിലഭിഷിക്തനായ്.
എന്നിയ്ക്കായ് പ്രഭുരാജാവിൻ കടം ഭരത, തീൎക്ക നീ;
ധൎമ്മജ്ഞനാകമച്ഛനമമ്മയ്ക്കും നല്ക, തുഷ്ടിയെ. ൧൦
കേൾപ്പുണ്ടല്ലോ, ഗയയിൽവെച്ചുണ്ണി, പേർപുകഴും ഗയൻ
പിതൃയജ്ഞാന്തരത്തിങ്കൽപ്പണ്ടുചൊല്ലിയ ഗാഥകൾ:
'പുന്നാമനരകാൽ ത്രാണംചെയ്യുന്നു മകനച്ഛനെ;
അതിനാൽപ്പുത്രനെന്നോതും; പിതൃസംരക്ഷകൻ സുതൻ. ൧൧
നേടേണ,മറിവും നൽപ്പുണ്യമേറും വളരെ മക്കളെ:
പോന്നെങ്കിലോ ഗയയിലെയ്ക്കു,കൂട്ടത്തിങ്കൽ നിന്നൊരാൾ!'
ഇതു രാജൎഷിമാരെല്ലാം കൊണ്ടാടീ രാജനന്ദന;
രക്ഷിയ്ക്കുക നരശ്രേഷ്ഠ, നരകാലച്ഛനെ പ്രഭോ! ൧൨
പോകയോദ്ധ്യയ്ക്കു ഭരത; രഞ്ജിപ്പിയ്ക്കു ജനങ്ങളെ
ശത്രുഘ്നാന്വിതനായ് വീര, സൎവ്വദ്വിജരുമൊത്തു നീ.
ഞാനും താമസമേശാതെ ദണ്ഡകാടവി പൂകുവൻ,
ഈ മൈഥിലീലക്ഷ്മണരോടൊരുമിച്ചു മഹീപതേ. ൧൩

നീതന്നെ ഭരത, നരൎക്കു ഭൂപനാക,
രാജേന്ദ്രൻ, വിപിനമൃഗാവലിയ്ക്കു ഞാനും;
നീയിന്നേ രസമൊടു നൽപ്പുരിയ്ക്കു പോയ്ക്കൊൾ-
കീ; ഞാനും രസമൊടു ദണ്ഡകം ഗമിപ്പൻ.
മൂൎദ്ധാവിൽബ്ഭരത, ഭവാനു വെയ്ലു തട്ടാ-
തേറട്ടേ കുളിർതണലുള്ളാതപത്രം;
ഈ ഞാനോ, സുഖമൊടുമീയരണ്യവൃക്ഷ-
വ്രാതത്തിൻ പുരുതണലത്തിരുന്നുകൊൾവൻ. ൧൪
ശത്രുഘ്നൻ പടുമതി നിൻതുണയ്ക്കുനില്ക്കോൻ;
പേരാളും പെരിയ സുഹൃത്തു ലക്ഷ്മണൻ മേ;
നാലാൾ നാം ഭരത, സുപുത്രർ തമ്പുരാനെ-
പ്പാരം നേരുടയവനാക്കുകാ;-ടൽ വേണ്ടാ."

---

Digitized By Kerala Sahitya Akademi

## ഒരുനൂററെട്ടാം സർഗ്ഗം: ജാബാലിവാക്യം.

—(൦)—

ധർമ്മജ്ഞൻ രാമനാശ്വാസം ഭരതന്നുളവാക്കവേ,
ധർമ്മം വിട്ടീവിധം ചൊന്നാൻ ജാബാലിബ്ബ്രാഹ്മണോത്തമൻ:—
"കൊള്ളാം, രാഘവ, പാഴാകും ബുദ്ധിയിങ്ങിനെ തോന്നൊലാ
സൽബുദ്ധി ധീരനങ്ങയ്ക്കു, പാമരന്നെന്നപോലവേ! ൨
ആരാർക്കു ബന്ധു?-വാർക്കെന്തൊന്നോ,വെന്തൊന്നാലുണ്ടു ലഭ്യമായ്?
താനേ വന്നുപിറക്കുന്നു; താനേ ചാകുന്നു ദേഹികൾ.
അതിനാലി,ങ്ങമ്മയച്ഛനെന്നൊവൻ രാമ, സക്തനാം,
അവനേതാണ്ടൊരുന്മത്തനി;—ല്ലൊരാൾക്കുമൊരാളുമേ! ൪
ഗ്രാമാന്തരം പോകുമൊരാളെങ്ങാനും ചെന്നുപാർക്കയും,
പിറേറന്നപ്പാർപ്പിടം വിട്ടുപോകയും ചെയ്യുകില്ലയോ;
ഇവണ്ണംതന്നെ, മനുജർക്കച്ഛനമ്മ ഗൃഹം ധനം
കാകുത്സ്ഥ, പാർപ്പിടംമാത്രം; സക്തരാകില്ലിതിൽബ്ബുധർ. ൬
അതിനാലങ്ങു താതൻെറ നാടു വിട്ടു നരോത്തമ,
ആപത്തേറും വിഷമമാം ദുഃഖദുഷ്പഥമേറൊലാ.
നിജാഭിഷേകം ചെയ്തിട്ടു സമ്പത്തേറുമയോദ്ധ്യയിൽ:
അങ്ങയെക്കാത്തിരിക്കുന്നിതേ,കവേണിയുമായ്പ്പുരി! ൮
മികച്ച രാജഭോഗങ്ങൾ ഭുജിച്ചുംകൊണ്ടയോദ്ധ്യയിൽ
വിളയാടുക നീ, വിണ്ണിലിന്ദ്രൻ പോലെ നൃപാത്മജ!
നിനക്കാരദ്ദശരഥ,നാരദ്ദേഹത്തിനും ഭവാൻ?
ആ നൃപൻ വേറെ, നീ വേറെ;—യതിനാൽച്ചെയ്യുകെൻമൊഴി.
പ്രാണിക്കച്ഛൻ വെറുംവിത്തു: മാതാവിലൃതുവേളയിൽ
ചേന്ന ശുക്ലാസ്രമാണല്ലോ ജന്മഹേതു നരന്നിഹ.
പോയാനാ നൃപന,ദ്ദേഹം പോകേണ്ടും ദിക്കിലേക്കു താൻ;
ഇതു മർത്ത്യൻെറ പതിവാം; വെറുതേ വലയുന്നു നീ! ൧൦
അർത്ഥം വിട്ടും ധർമ്മിയിലാണല്ലൊ,ന്യനില്ലെ മേ:
കുഴങ്ങുമല്ലോ ചത്തിട്ടു,മിങ്ങു മാലേല്ക്കുമാവരവർ!

അഷ്ടകാപൈതൃകശ്രാദ്ധമെന്നൊ,രുമ്പെട്ടമാളുകൾ;
നോക്കു ചോററിൻെറ ചെലവ്! ചത്താളുണ്ണ കഴിയ്ക്കുമോ? ൧൪
ഒരാളിങ്ങുണ്ടതന്യൻെറ ദേഹത്തിൽച്ചെല്ലുമെങ്കിലോ,
പോയവനുട്ടിയാൽച്ചാത്തം വഴിച്ചോറായിടേണ്ടയോ?
മയക്കപ്പുസ്തകമിതു ലാഭാർത്ഥം പ്രാജ്ഞരാൽക്കൃതം:
'യജിയ്ക്ക, നല്ക, ദീക്ഷിയ്ക്ക, തപംചെയ്ക, ത്യജിയ്ക്കുക.' ൧൫
അതിനാൽ,പ്പരമില്ലെന്ന ബുദ്ധിക്കൊൾക മഹാമതേ;
പ്രത്യക്ഷം സ്വീകരിച്ചാലും പരോക്ഷം പിന്നിലാക്കി നീ!
ആസ്സർവലോകാദൃതമാം ബുദ്ധി മുന്നിർത്തിയിട്ടു നീ
രാജ്യത്തെയേററുവാങ്ങിയ്ക്ക ഭരതൻെറയപേക്ഷയാൽ." ൧൬

---

## ഒരുനൂററൊമ്പതാം സർഗ്ഗം: ജാബാലിവാക്യഖണ്ഡനം.

---

ജാബാലിവചനം കേട്ടു രാമൻ സത്യാത്മസത്തമൻ
തൻബുദ്ധി തെല്ലും ചലിയാതുരച്ചാനററ ഭക്തിയാൽ:-
"അങ്ങെന്നെൻപ്രിയസിദ്ധിയ്ക്കായിങ്ങു ചൊല്ലിയ ഭാഷിതം,
കാര്യം പോലാമകാര്യംതാൻ, പത്ഥ്യംപട്ടാമപത്ഥ്യവും! ൧
മര്യാദ കെട്ട മനുജൻ, ദുരാചാരസമന്വിതൻ,
നടപ്പു തെററായ്ക്കൊണ്ടുന്നാൻ സജ്ജനാദൃതനായ്വരാ.
കുലീനനോ ദുഷ്കുലനോ, വീരനോ ധീരമാനിയോ,
ശുദ്ധനോ ശുദ്ധികെട്ടോനോ, എന്നു കാട്ടാൻ നടപ്പുതാൻ. ൨
ആര്യമട്ടായുമനാര്യൻ, ശുദ്ധൻ പോലാമശുദ്ധിമാൻ,
സുശീലനൊത്ത ദുശ്ശീലൻ, സുലക്ഷണാഭനലക്ഷണൻ—
ഈമട്ടായ് ഞാൻ ശുഭം തള്ളി, ക്രിയാവിധിവിവർജ്ജിതം
ഈ ലോകസംഗരാധർമ്മം ധർമ്മം പോലാചരിയ്ക്കുകിൽ, ൩
ലോകം കെട്ടത്ത ദുർവൃത്തനെന്നു കാണും,നൊയെന്തൊരാൾ
ലോകത്തിൽബ്ബഹുമാനിയ്ക്കും, കാര്യാകാര്യമറിഞ്ഞവൻ?
ആർ താൻ നടപ്പുകെട്ടം ഞാനെന്നൊന്നാൽ വിണ്ണണഞ്ഞിടും,
പ്രതിജ്ഞ പാഴായ്പ്പോയിട്ടമാറിതിൻപടി ചെയ്യുകിൽ? ൪

Digitized By Kerala Sahitya Akademi

ഇച്ഛാളുകളെല്ലാമേ തോന്നുംപോലെ നടന്നിടും:
മന്നോർ നടക്കുംപോലല്ലോ നടന്നീടുന്നു നാട്ടുകാർ.
സത്യംതാൻ കനിവേറുന്ന രാജധർമ്മം സനാതനം;
സത്യപ്രധാനമേ നാടും; ലോകം സത്യത്തിൽ നില്പതാം. ൧൦
സത്യമേ ശ്രേഷ്ഠമെന്നോർപ്പൂ ദേവന്മാരൃഷിമാരുമേ;
അഗ്ര്യസ്ഥാനഗനാമല്ലോ, പാരിതിൽസ്സത്യമോതുവോൻ.
അസത്യം പറയുന്നോനോ, സർപ്പംപോലെ ഭയങ്കരൻ,
സത്യം പാരിൽപ്പരം ധർമ്മം, വിണ്ണിന്നും മുരടായ് സ്മൃതം. ൧൨
സത്യംതാനീശ്വരൻ ലോകേ; ലക്ഷ്മി സത്യസ്ഥയെപ്പൊഴും;
സത്യമേ മുരടൊക്കെയ്ക്കു;-മില്ല സത്യാൽ പരം പദം.
ദാനം, യജ്ഞം, തപം, ഹോമമിവയേതിൽ വിധിപ്പതോ,
ആ വേദം സത്യസംഭൃത;-മതിനാൽക്കൊൾക സത്യമേ. ൧൪
ഒരാൾ നാടുഭരിച്ചീടുമൊരാൾ വംശം ഭരിച്ചിടും:
ഒരാൾ നരകമാണ്ടീടു,മൊരാൾ വിണ്ണിൽസ്സുഖിച്ചിടും.
അതിനാൽ,സ്സത്യമാം താതാദേശം ചെയ്യാതിരിയ്ക്കയോ,
സത്യംകൊണ്ടാണചൊല്ലിയ്ക്കപ്പെട്ട ഞാൻ സത്യസംഗരൻ? ൧൬
ലോഭമോ മോഹമോ മൌഢ്യംതാനോ മൂലമിരുട്ടിലായ്
സത്യച്ചിറ പൊളിയ്ക്കാ, നേക്കച്ഛനോടേറ്റുചൊന്ന ഞാൻ!
അസത്യസന്ധനായുള്ള ചപലാസ്ഥിരചിത്തനെ
പിതൃദേവകൾ കൊണ്ടാടില്ലെന്നത്രേ, കേട്ടിരിപ്പു നാം. ൧൮
സത്യധർമ്മമിതാത്മാവിൽ പ്രവർത്തിപ്പതു കാണ്മു ഞാൻ;
സജ്ജനാർജ്ജിതമാം ഭാരമതിനാണാദരിപ്പതും.
വെറിയും, ദുരയും,ദുഷ്ടുമുള്ള പാപികളാൽധൃതം,
ധർമ്മവേഷാവൃതാധർമ്മം ക്ഷത്രധർമ്മം ത്യജിപ്പു ഞാൻ. ൨൦
മനസ്സിനാലുറപ്പിച്ചും നാക്കാലനൃതമോതിയും
കായത്താൽച്ചെയ്തു, ദുരിതം; മൂന്നുമാതിരി പാതകം
ഊഴി, പേർ, കീർത്തിയും, ശ്രീയും സത്യവാനെ വരിച്ചിടും;
വിണ്ണിങ്കലും പിതൃക്കളു;-മതിനാൽക്കൊൾക സത്യമേ. ൨൨

Digitized By Kerala Sahitya Akademi

ശ്രേഷ്ഠമെന്നോർത്തു, 'ശുഭമാമിതു ചെയ്തിടുകെ'ന്നു നീ
എന്നോടയുക്തിയിൽച്ചൊന്നതയുക്തംതന്നെയാസ്സുതം!
കാട്ടിൽപ്പാർപ്പിച്ചു നാടേറുക ചൊല്ലിയിട്ടിപ്പോളെങ്ങിനെ
ഭരതൻതൻ വാക്കു ചെയ്യും, താതാജ്ഞയെ വെടിഞ്ഞു ഞാൻ? പൂർ
സ്ഥിരപ്രതിജ്ഞതാനത്രേ ചെയ്തു ഞാൻ ഗുരുസന്നിധൌ;
അപ്പോൾസ്സന്തുഷ്ടിയും പൂണ്ടാൾ കൈകേയീദേവി നിർഭരം.
അതിനാൽ ഞാൻ വനേ വാണു ശുചിയായ് നിയതാശിയായ്
നൽപ്പൂകായ്കനിയാൽദ്ദേവപിതൃതർപ്പണകാരിയായ് ൨൭
സന്തുഷ്ടപഞ്ചേന്ദ്രിയനായ് ലോകയാത്ര നടത്തുവൻ,
പൊയ്യെന്ന്യേ ശ്രദ്ധയും പൂണ്ടു കാര്യാകാര്യവിവേകിയായ്.
ഇക്കർമ്മഭൂമിയിൽപ്പുക്കാൽച്ചെയ്യേണം ശുഭകർമ്മമേ:
അഗ്നിവായുശശാങ്കന്മാർ കർമ്മത്താൽ മേന്മ നേടിയോർ. ൨൮
നൂറുയാഗം കഴിച്ചത്രേ, വിണ്ണണഞ്ഞു സുരേശ്വരൻ;
കടുംതപങ്ങൾ ചെയ്തത്രേ, വാനിലേറി മഹർഷിമാർ."

അവൻെറയാ നാസ്തികയുക്തിവാദം
ശ്രവിച്ചു വീണ്ടും, സഹിയായ്കയാലേ
കഥിച്ചിതാ, വാക്കിൽ വെറുപ്പു വന്ന
കരാളതേജസ്സവനീന്ദ്രപുത്രൻ:- ൩൦

"സത്യം, തഥാ ധർമ്മപരാക്രമങ്ങൾ,
ദേഹിവ്രജത്തിൽക്കനിവി,ഷ്ടവാക്കും,
ദ്വിജാതിദേവാതിഥിപൂജയുംതാൻ
സത്തുക്കൾ വിണ്ണിൻവഴിയെന്നു ചൊൽവൂ.
ഈ വാസ്തവം വേണ്ടതുപോലറിഞ്ഞി-
ട്ടാണെ,കമത്യത്തൊടുമന്തണന്മാർ
ധർമ്മങ്ങളെല്ലാം വഴിപോലെ ചെയ്തു
ലോകാപ്തി തേടുന്നതു വീഴ്വയെന്ന്യേ. ൩൧
അച്ഛൻെറയച്ചെയ്തതു ചീത്തയായ്പ്പോയ്:
കൈക്കൊണ്ടുവല്ലോ മതി തെററിയോനെ,

Digitized By Kerala Sahitya Akademi

ഇപ്പൃഥിവിയും പൂണ്ടു നടക്കവേ വാനെ,-
ധർമ്മംവിട്ടും നാസ്തികനാം ഭവാനെ!
അബൌദ്ധനാം ചോരനമൊപ്പമാണി-
ങ്ങു;-ള്ളുന്നമേ നാസ്തികനെന്നതോർക്ക;
അതോർത്തുതിജ്ഞൻ പ്രജകൾക്കു പാരം
വിശങ്ക്യനാം നാസ്തികനോടിണങ്ങാ. ൩൪

നിൻപൂർവരും ശ്രേഷ്ഠതമാം ജനങ്ങൾ
ലോകദ്വയം കീഴിൽവരുത്തിയിട്ടും
അനേകപുണ്യക്രിയ ചെയ്തുതോർത്തു,
ഹുതം ഹുതം സ്വസ്തി പരിപ്പൂ വിപ്രർ.
സത്തുക്കളായ്ച്ചേർന്നവർ, ധാർമ്മികന്മാർ,
തേജസ്വിമാർ, മാനഗുണം മുഴുത്തോർ,
അഹിംസകന്മാര,മലാശയന്മാർ
മുനീന്ദ്രരത്രേ, പരിപൂജ്യർ പാരിൽ!'' ൩൫

ഏവം ചൊടിച്ചോതുമദീനസത്വ-
നാകം മഹാനാകിയ രാമനോടായ്
കഥിച്ചു വീണ്ടും, ഋഷ നീങ്ങമാറു
നല്ലോരു സത്യാസ്തികവാക്കു വിപ്രൻ:-
'അനാസ്തികൻ ഞാൻ, പറയില്ല നാസ്തിക-
പ്രവാദ;-മില്ലെന്നതുമില്ലൊരെണ്ണവും;
അവസ്ഥ പാർത്താസ്തികനായ് ച്ചമഞ്ഞിടും;
ഭവിയ്ക്കുമേ നാസ്തികനായി വീണ്ടുമേ. ൩൬

എനിയ്ക്കിതാ, വന്നിതു രാമ, നാസ്തിക-
പ്രഭാഷണത്തിൻസമയം പതുക്കവേ
ഇതിപ്പൊഴു,ങ്ങന്നു തിരിച്ചുപോരുവാൻ
കനിഞ്ഞിടാനായുരചെയ്തതാണു ഞാൻ.'

Digitized By Kerala Sahitya Akademi

## ഒരുന്നൂറ്റിപ്പത്താം സർഗ്ഗം: വസിഷ്ഠവാക്യം

—*—

രാമന്റെയരിശം കണ്ടിട്ടുരചെയ്താൻ വസിഷ്ഠനും:-
"ജാബാലിയുമറിഞ്ഞോനാണീ ലോകത്തിൻ ഗതാഗതം;
ഭവാൻ തിരിച്ചുപോരാനാണീവിധം ചൊന്നതിങ്ങിവൻ.
ലോകങ്ങളുടെയുൽപത്തി ലോകനാഥ, ധരിക്ക നീ: ൨
പാടേ വെള്ളം പരന്നേടത്തല്ലോ നിർമ്മിച്ചു ഭൂമിയെ;
ബ്രഹ്മാവതിങ്കൽനിന്നുണ്ടായ് സ്വയംഭൂവു സദൈവതൻ;
അതിൽനിന്നൂഴിയെയവൻ പന്നിയായ്ത്തീർന്നു പൊക്കിനാൻ;
പിന്നെത്തീർത്താൻ കൃതാത്മാക്കൾ പുത്രരൊത്തുലകൊക്കെയും. ൪
ബ്രഹ്മാവാകാശജന്മാവു ശാശ്വതൻ നിത്യനവ്യയൻ;
മരീചിയവിടെയ്ക്കുണ്ടായ്; മരീചിയ്ക്കുണ്ണി കശ്യപൻ;
വിവസ്വാൻ കശ്യപന്നുണ്ടായ്; വിവസ്വാന്റെ മകൻ മനു:
അവനാണാദ്യനാം രാജാവി;-ക്ഷ്വാകു മനുവിൻ മകൻ. ൬
അവന്നാണിസ്സമൃദ്ധോർവ്വിയാദ്യം നല്കിയതാ മനു;
ധരിക്കുകി,ക്ഷ്വാകുവവനയോദ്ധ്യയ്ക്കാദിമന്നവൻ.
ഇക്ഷ്വാകുവിൻ മകൻ ശ്രീമാൻ കുക്ഷിയെന്നു പുകഴ്ന്നവൻ;
വീരൻ വികുക്ഷിയാണല്ലോ, കുക്ഷിയ്ക്കുണ്ടായ നന്ദനൻ. ൮
വികുക്ഷിയ്ക്കു സുതൻ തേജസ്സുരം ബാണൻ പ്രതാപവാൻ;
ബാണന്നോ, പുകളേറീടുമനരണ്യൻ മഹാഭുജൻ.
അനാവൃഷ്ടി ഭവിച്ചീലാ, പഞ്ഞമില്ലി,ല്ല കള്ളനും,
അനരണ്യൻ സജ്ജനാഗ്ര്യൻ പെരുമാളായി വാഴ്കവേ. ൧൦
അനരണ്യങ്കൽനിന്നുണ്ടായ് പൃഥുമന്നൻ മഹാഭുജൻ;
ത്രിശങ്കുവപ്പൃഥുവിൽനിന്നുണ്ടായ് പെരിയ മന്നവൻ;
ആ വീരൻ സത്യവാക്യത്താൽ മെയ്യോടേ വിണ്ണുപൂകിനാൻ.
പുത്രൻ ത്രിശങ്കുവിന്നുണ്ടായ് ധുന്ധുമാരനുരുപ്രഥൻ.
യുവനാശ്വൻ സുതേജസ്വി താനത്രേ ധുന്ധുമാരനായ്.
യുവനാശ്വന്റെ സുതനായ് ശ്രീമാന്ധാതാവു ജാതനായ്;

Digitized By Kerala Sahitya Akademi

മാന്ധാതാവിൻെറ മകനോ, തേജസ്സേറും സുസന്ധി പോൽ.
രണ്ടാം സുസന്ധിപുത്രന്മാർ: ധ്രുവസന്ധി, പ്രസേനജിൽ; ൧൮
ധ്രുവസന്ധിയ്ക്കു പേരാളും ഭരതൻ ശത്രുനാശനൻ:
പിറന്നു പീനഭുജനാം ഭരതന്നസിതാഹ്വയൻ:
അദ്ദേഹത്തിന്നരികളായ്ത്തീൎന്നരിയയൽമന്നവർ:
ഹേഹയന്മാർ, താലജംഘർ, ശശബിന്ദുക്കരും ശൂരരും. ൧൯
അവരോടൊക്കെയമരിട്ടാ നൃപൻ നാടു വിട്ടുപോയ്,
മനോജ്ഞമാം മാമലമേൽ മുനിയായ് മരുവീടിനാൻ.
തദ്ഭാൎയ്യമാൎക്കു രണ്ടാൾക്കും ഗൎഭമുണ്ടായിരുന്നപോൽ;
ഗൎഭം പോക്കാനതിലൊരാൾ സപത്നിയ്ക്കേകിനാൾ ഗരം ൨൦
ഭാൎഗ്ഗവൻ ച്യവനൻ പാൎപ്പുണ്ടായിരുന്നു ഹിമാദ്രിയിൽ;
ആ മുനിയ്ക്കുടികെ ചെന്നു കാളിന്ദി കഴൽകൂപ്പിനാൾ.
പുത്രനുണ്ടാം വരം തേടുമവളോടോതിയാ ദ്വിജൻ:-
'പുത്രൻ ദേവി, നിനക്കുണ്ടാം മഹാൻ പാരിൽപ്പുകഴ്ന്നവൻ‌പോ
സുശീലൻ ധാൎമ്മികൻ വംശകൎത്താവരിനിഷൂദനൻ.'
വലംവെച്ചാ മുനിയോടു വിട വാങ്ങിസ്സഹൎഷയായ്
തിരിച്ചാൾ പാൎപ്പിടത്തെയ്ക്കു; ദേവി പെററാളനന്തരം,
പദ്മപത്രാക്ഷനായ്പ്പദ്മഗൎഭാസ്സാമൊരുണ്ണിയെ. ൨൨
ഗരം നല്കിയിരുന്നല്ലോ ഗൎഭം പോക്കാൻ സപത്നിയാൾ;
അഗ്ഗരത്തോടുമൊപ്പന്നവൻ സഗരസംജ്ഞനായ്.
യജ്ഞം ചെയ്തു കുഴിപ്പിച്ചാനത്രേ സഗരനാ നൃപൻ
വേലിയേററത്തിൽ നാട്ടാരെപ്പേടിപ്പിയ്ക്കും പയോധിയെ. ൨൪
അസമഞ്ജാഹ്വയൻ പുത്രൻ സഗരന്നെന്നു കേൾപ്പു നാം;
അപ്പാപിയെജ്ജീവനോടേ താതൻ നാടുകടത്തിനാൻ.
അസമഞ്ജൻെറ തനയനംശുമാനെന്ന വീൎയ്യവാൻ;
ദിലീപനംശുമാന്നുണ്ണി; ദിലീപന്നു ഭഗീരഥൻ. ൨൫
ഭാഗീരഥൻ കകുത്സാഖ്യൻ; കാകുത്സന്മാരവൻവഴി;
കകുത്സപുത്രൻ രഘുവാണ;വനെക്കൊണ്ടു രാഘവർ.



Digitized By Kerala Sahitya Akademi

തേജഃസ്സരും രഘുസുതൻ, പ്രവൃദ്ധൻ, നരഭോജനൻ,
കല്മാഷപാദൻ, സൌദാസനെന്നു മന്നിൽപ്പുകഴ്ന്നവൻ. ൧൯
കല്മാഷപാദന്നുളവായ് ശംഖാണാഭിധനാം മകൻ:
അവന്റെ വീര്യത്തിലിവൻ പടയോടേ മുടിഞ്ഞുപോയ്.
ശംഖണന്നുണ്ണായുണ്ടായ് ശൂരൻ ശ്രീമാൻ സുദർശനൻ;
സുദർശനന്നഗ്നിവർണ്ണൻ,അഗ്നിവർണ്ണന്നു ശീഘ്രഗൻ. ൨൦
ശീഘ്രഗന്നോ മരു സുതൻ;മരുപുത്രൻ പ്രശുശ്രുകൻ;
പ്രശുശ്രുകന്റെ മകനാണം,ബരീഷൻ മഹാദ്യുതി.
അംബരീഷന്റെ തനയൻ നഹുഷൻ സത്യവിക്രമൻ;
നഹുഷന്നുണ്ണി നാഭാഗൻ മികവേറിയ ധാർമ്മികൻ. ൨൧
അജൻ സുവ്രതനെന്നേവം രണ്ടാം നാഭാഗനന്ദനർ;
അജന്റെ പുത്രൻ,ധർമ്മാത്മാവാകും ദശരഥൻ നൃപൻ;
അവന്റെ മൂത്തമകനാം രാമനെന്നു പുകഴ്ന്ന നീ.
രാജൻ, കൈക്കൊൾക തൻനാട്ടു; രക്ഷിക്കുക ജനങ്ങളെ: ൨൪
ഇക്ഷ്വാകുക്കളിലൊട്ടുക്ക മൂത്താളാണൂഴി വാഴ്വാൻ;
ജ്യേഷ്ഠനുള്ളന്നു തമ്പിക്കില്ല,ന്നാണഭിഷേചനം.

സ്വകീയമാം രാഘവവംശധർമ്മമി-
പ്പോളൊന്നുടയ്ക്കായ്ക്ക സനാതനം ഭവാൻ,
പെരുത്തു രത്നം പുരനാട്ടുമൊത്ത-
ന്നിതപ്പനെപ്പോലെ ഭരിക്കു കീർത്തിമൻ." ൨൫

## ഒരുനൂററിപ്പതിനൊന്നാം സർഗ്ഗം: വസിഷ്ഠവാക്യപ്രതിഷേധം

വസിഷ്ഠൻ രാമനോടേവം ചൊല്ലി രാജപുരോഹിതൻ
അരുൾചെയ്തീടിനാൻ ധർമ്മം ചേർന്ന മറെറാന്നു വീണ്ടുമേ:-
"പിറന്ന മാനുഷന്നുണ്ടു ഗുരുക്കന്മാർകൾ മൂന്നുപേർ:
ആചാര്യ,നച്ഛൻ, കാകുത്സ്ഥ, മാതാവിങ്ങിനെ രാഘവ. ൧
അച്ഛനുൽപാദകൻ മാത്രം നരന്നു നരപുംഗവ;
അറിവേകുന്നിതാചാര്യന;തിനാലവനേ ഗുരു.

Digitized By Kerala Sahitya Akademi

ആചാര്യൻ നിന്റെയച്ഛന്നും നിനക്കും ഞാൻ പരന്തപ;
എൻവാക്കു ചെയ്യാലങ്ങയ്ക്കു പെടാ സന്മാർഗ്ഗലംഘനം. ൭
ഇതാ, തവ സദസ്യന്മാർ, ദ്വിജരും വത്സ,പൌരരും;
ധർമ്മമങ്ങിവരിൽച്ചെയ്യാൽപ്പെടാ സന്മാർഗ്ഗലംഘനം.
ധർമ്മിഷ്ഠവൃദ്ധമാതാവെശ്ശുശ്രൂഷിയ്ക്കാതിരിയ്ക്കൊലാ;
ഇവൾ ചൊന്നതു ചെയ്യാൽത്തെ പെടാ സന്മാർഗ്ഗലംഘനം. ൮
ഭരതൻ പ്രാർത്ഥനചെയ്തതു ചെയ്യാൽക്കകേതസംഭജ,
ആത്മലംഘകനാകാ നീ സത്യധർമ്മപരാക്രമ!”
വസിഷ്ഠൻ ഇരു ചാരേ വാരണവം മധുരമാംവിധം
ചൊന്നതിന്നുത്തരം ചൊന്നാൻ രാഘവൻ പുരുഷർഷഭൻ:— ൯
“മാതാപിതാക്കൾ പുത്രാർത്ഥമാററുന്നോററതിനേവനും
പകരംചെയ്യയെളുതല്ല,വർ ചെയ്യുതിന്നൊന്നിനും:—
മേത്തേപ്പിയ്ക്കും, കളിപ്പിയ്ക്കും, കഴിവുള്ളതു നല്കിടും,
എപ്പോഴുമോമനച്ചൊല്ലു ചൊല്ലും, പോററിവളർത്തിടും. ൧൦
എന്നെജ്ജനിപ്പിച്ചവനാണച്ഛൻ ദശരഥൻ നൃപൻ;
അവിടുത്തോടു ഞാൻ ചെയ്ത ശപഥം പാഴിലാകുമോ.”
രാമനേവം പറഞ്ഞാറെ ഭരതൻ ദുഃഖപൂർണ്ണനായ്
പരമോദാരനരികേ നില്ക്കും സൂതനൊടോതിനാൻ:— ൧൧
‘എനിയ്ക്കിങ്ങു നിലത്താശു വിരിയ്ക്കു ദർഭ സാരഥേ!
ആര്യ്യനെപ്രവേശിപ്പനെ,ന്നൽക്കനിയുവോളവും;
കടം കൊടുത്ത വിപ്രൻ പോലെ പട്ടിണിയായി കണ്ണുമൂടി ഞാൻ
കിടപ്പൻ ശാലതൻമുന്നിൽ, മടങ്ങിപ്പോരുവോളവും!’ ൧൨
സുമന്ത്രൻ രാമനെപ്പാർത്തന്നതു കണ്ടുഴലാണവൻ,
താൻതന്നേ കൊണ്ടുവന്നാങ്ങു വിരിച്ചാൻ ദർഭുഴിയിൽ.
അവനോടോതി തേജസ്വി രാമൻ രാജർഷിസത്തമൻ:-
‘ഉണ്ണീ, ഭരത, എന്തിന്നാണെന്നൽപ്പാടുകിടപ്പു നീ. ൧൩
ബ്രാഹ്മണനേകപാർശ്വത്താൽത്തടുക്കാമിങ്ങു മർത്ത്യരെ;
മൂർദ്ധാഭിഷിക്തർക്കില്ലല്ലോ വിധി, പാട്ടുകിടക്കുവാൻ.

Digitized By Kerala Sahitya Akademi

എഴുന്നേല്ക്കീ,ക്കഠിനമാം വ്രതം വിട്ടു നരർഷഭ;
അയോദ്ധ്യാസൽപുരിയ്ക്കിങ്ങുനിന്നുടൻ പോക രാഘവ! ൧൮
ഇരുന്നതന്നേ ഭരതൻ പൌരനാട്ടാരൊടൊക്കയും
ചോദിച്ചാൻ:-'നിങ്ങളെന്താണു നിർബ്ബന്ധിയ്ക്കാത്തതായ്യനെ?'
ആ മഹാനോടു ചൊന്നാരാപ്പൌരരും നാട്ടുകാരുമേ:-
'വിദിതൻ രാമനെങ്ങൾക്കു കാര്യമേ ചൊല്വു രാഘവൻ. ൨൦
ഈ മഹാഭാഗനച്ഛന്റെയരുളപ്പാടിൽ നില്ക്കയാം;
അതിനാൽത്തിരിയേ കൊണ്ടുപോവാനാവില്ല നമ്മളാൽ.'
അവർതൻ വാക്കു കേട്ടിട്ടു രാമനൊന്നുരിയാടിനാൻ:-
"ഇമ്മട്ടാണോർത്തുകൊണ്ടോക്ക ധർമ്മക്കണ്ണുള്ള കൂറുകാർ. ൨൨
ഇതു രണ്ടും ശ്രവിച്ചിട്ടു ചെമ്മേ ചിന്തിയ്ക്ക രാഘവ;
എഴുന്നേല്ക്ക മഹാബാഹോ; വെള്ളവും തൊട്ടുകൊന്നെയും'
അപ്പോളെഴുന്നേററു ജലം തൊട്ടുബ്ഭരതനോതിനാൻ:-
'കേട്ടാലും മേ സദസ്യന്മാർ മന്ത്രിമാരഥ പൌരരും: ൨൪
നാടച്ഛനോടപേക്ഷിച്ചീലേ;-ല്പിച്ചീലിവനമ്മയെ;
അയപ്പിച്ചതുമില്ലാ,ർദ്ധധർമ്മജ്ഞോത്തമരാമനെ.
തീർച്ചയായ്പ്പാർക്കണം, താതവാക്കും ചെയ്യേണമെങ്കിലോ,
ഞാൻതന്നേ പാർത്തിടുന്നുണ്ടു കാട്ടിലീരെഴുവത്സരം.' ൨൬
ആ ഭ്രാതാവിന്റെ നേർവാക്കാലത്ഭുതപ്പെട്ടു രാഘവൻ
ചൊല്ലിനാൻ പൌരനാട്ടാരെത്തൃക്കണ്ണാൽത്തിട്ടു ധാർമ്മികൻ:-
"എന്തെ,ന്നച്ഛനിരിയ്ക്കുമ്പോഴോ വിററു മേടിച്ചു,വെച്ചുവോ,
അതെനിയ്ക്കോ ഭരതനാ വസ്തു മാററിമറിയ്ക്കുവാൻ ൨൮
പകരംവെച്ചുകൂടാ ഞാൻ കാട്ടിൽപ്പാർപ്പിന്നു ഗർഹിതം;
കൈകേയി വേണമെന്ന ചൊന്നാളച്ഛൻ ചെയ്തതുമുത്തമം.
അറിവൻ, ഭരതൻ ക്ഷമാന്തൻ ഗുരുശുശ്രൂഷ ചെയ്യുവോൻ;
എല്ലാം നന്നായിവരു,മീ മഹാനാം സത്യസന്ധനിൽ! ൩൦
ഈ ധർമ്മശീലനാം ഭ്രാതാവൊത്തൂഴിയ്ക്കുററനാഥനായ്
വാഴുവൻ, കാട്ടിൽനിന്നങ്ങു തിരിയേ വന്നശേഷം ഞാൻ.

Digitized By Kerala Sahitya Akademi

വരിച്ചാൾ കൈകയി സ്വപത്നാട്ടു; തദ്രാഗം ചെയ്യ ഞാനു;
അതിനാലസ്വതം നീക്ഷകച്ഛനാം തമ്പുരാനു നീ" ൩൧

—*—

ഒരുനൂററിപ്പന്തിരണ്ടാം സർഗ്ഗം: പാദുകാദാനം.

—*—

അത്ര നിസ്തുല്യമഹസ്സോക്കം ഭ്രാതാക്കളുടെ സംഗമം
രോമാഞ്ചദം കണ്ടാശ്ചര്യപ്പെട്ടു ചേന്ന മഹർഷിമാർ:
മറഞ്ഞുനിന്നൃഷികളും,സിദ്ധന്മാരൃഷിമുഖ്യരും
ഭ്രാതാക്കളാമാപ്പെരിയ കാകുത്സന്മാരെ, വാഴ്ത്തിനാർ:- ൧
'ധന്യനീ,ധർമ്മപരരാം ധർമ്മജ്ഞക്ക്ച്ഛനായവൻ!
രണ്ടാളുടേയും സല്ലാപം കേട്ടു ഞങ്ങൾക്ക കൌതുകം.'
പിന്നീടൃഷികൾ ചിക്കെന്നു ദശഗ്രീവവധേച്ഛയാൽ
ചേന്നൊത്തു രാജർഷഭനാം ഭരതൻതന്നൊടോതിനാർ:- ൪
'അഭിജാത, മഹാകീർത്തെ, മഹാവൃത്ത, മഹാമതേ,
അച്ഛനോടാസ്ഥയുണ്ടെങ്കിൽക്കേൾക്കേണം രാമവാക്ക നീ.
എന്നെയ്ക്കുമച്ഛൻെറ കടം നീട്ടുമാറാക രാഘവൻ;
കൈകേയിതൻകടം വീട്ടിപ്പുക്കാൻ ദശരഥൻ; ദിവം!' ൩
ഇത്രമാത്രം പറഞ്ഞിട്ടു ഗന്ധർവ്വരൃഷിമുഖ്യരും
രാജർഷിമാരുമെപ്പേരും പോയാർ തൻതൻ വഴിയ്ക്കുടൻ.
അശ്രുതച്ചൊല്ലിനാലുള്ളം കുളിർത്തു ശുഭദശനൻ
മുഖം തെളിഞ്ഞൃഷികളെക്കൊണ്ടാടി തത്ര രാഘവൻ. ൨
ആ മെയ്യുഴഞ്ഞ ഭരതൻ കാകുത്സനൊടു പിന്നെയും
തൊഴുതോതീടിനാൻ, തൊണ്ടയിടറിക്കൊണ്ടിതിൻവിധം:-
"രാജധർമ്മവുമീ വംശധർമ്മക്രമവുമോർത്തു നീ
ചെയ്യുന്ന;മമ്മയും ഞാനുമപേക്ഷിച്ചതു രാഘവ. ൧൦
വലുതാം രാജ്യമൊററയ്ക്ക പാലിപ്പാൻ ശക്തനല്ല ഞാൻ,
ക്രൂരററ പൌരനാട്ടാരെ രഞ്ജിപ്പിയ്ക്കുന്നതിന്നുമേ.
ശേഷക്കാർ, നമ്മുടെ ഭടർ. സുഹൃത്തുക്കൾ, സഖാക്കളും,
കൃഷിക്കാർ കാറിനെപ്പോലെ നിന്നെത്താൻ കാത്തിരിയ്ക്കയാം.

Digitized By Kerala Sahitya Akademi

അതിനാൽ നാടു കൈക്കൊണ്ടിട്ടുറപ്പിയ്ക്കു മഹാമതേ:
നീ ശക്തനല്ലോ കാകുത്സ്ഥ, ലോകം രക്ഷിച്ചിടുന്നതിൽ!"
എന്നുണർത്തിച്ചു ഭരതൻ വീണാൻ ജ്യേഷ്ഠന്റെ കാല്ക്കളിൽ;
പാരം പ്രാർത്ഥിയ്ക്കയും ചെയ്താൻ രാമനോടേ പ്രിയംവദൻ. ൧൪

ആ മത്തഹംസസ്വരനെ, ശ്യാമനെ,ത്താമരാക്ഷനെ,
ഭ്രാതാവിനെത്തന്മടിയിൽ വെച്ചു രാഘവനോതിനാൻ:-
"സ്വതേ ബുദ്ധി നിനക്കുണ്ടു, പഠിപ്പാലുള്ള വായത്തും
തികച്ചും ശക്തനാണുണ്ണി ഭൂമി രക്ഷിച്ചുകൊള്ളുവാൻ. ൧൫

അമാത്യരും സുഹൃത്തുക്കൾ ധീമാന്മാർ മന്ത്രിമാരുമായ്
ആലോചിച്ചു നടത്തിക്കൊൾകെല്ലാവകാര്യവും ഭവാൻ.
ചന്ദ്രൻ നിശ്ശ്രീകനായേയ്ക്കാം;വിട്ടേയ്ക്കാം ഹിമവാൻ ഹിമം;
ആഴി തീരം കവിച്ചേയ്ക്കാം;-മില്ലാ താതപ്രതിജ്ഞ ഞാൻ! ൧൬

കാമമോ ലോഭമോ മൂലമിതു നിന്നമ്മ ചെയ്തുപോയ്;
അതുള്ളിൽ വെച്ചിടൊല്ലുണ്ണി; മാതാവിൽപ്പോലെ നില്ക്ക നീ!"
തേജസ്സാൽസ്സൂര്യസദൃശൻ പ്രതിപച്ചന്ദ്രദർശനൻ
കൌസല്യാസുതനീവണ്ണം ചൊല്ലു,ബ്ഭരതനോതിനാൻ: ൨൦

"പൊന്നണിപ്പാദുകകളിൽ വെച്ചു തൃക്കാല്ക്കളഗ്രജ:
ഇവയാണു,ലകിനെല്ലാം യോഗക്ഷേമം വരുത്തുവാൻ!"
അപ്പാദുകകളിൽക്കേറിയിറങ്ങി നരപുംഗവൻ
കൊടുത്താനതിതേജസ്വി മഹാനാം ഭരതന്നവൻ. ൨൧

പറഞ്ഞാൻ പാദുകകളെപ്പണിഞ്ഞാ, രാമനോടവൻ:-
"പതിന്നാലാണ്ടു മുഴുവൻ ജടാവല്ക്കലധാരിയായ്
കായ്കിഴങ്ങുണുമായ് വീര, പാർക്കുവൻ രഘുനന്ദന,
ഭവാന്റെ വരവും കാത്തു നഗരത്തിൻപുറത്തു ഞാൻ, ൨൪

രാജ്യതന്ത്രത്തെയീത്തൃപ്പാദുകയിൽച്ചേർത്തരിന്ദമ,
പതിന്നാലാണ്ടു ചെന്നിട്ടു പിറേറന്നു രഘുസത്തമ,
കണ്ടീലങ്ങയെയെന്നാലോ,ചാടുവൻ തീയ്യിലാശു ഞാൻ!"
'ഓ' എന്നേററിട്ടവനെയും ശത്രുഘ്നനെയുമാദരാൽ ൨൫

Digitized By Kerala Sahitya Akademi

കെട്ടിപ്പുണർന്നിട്ടീവണ്ണം ചൊന്നാൻ ഭരതനോടവൻ:—
'അമ്മ കൈകേയിയെക്കാക്കുക;-വളിൽക്കോപിയായ്ക്ക നീ;
എന്നാണ, സീതതന്നാണ, സത്യം രാഘവസത്തമ!'
എന്നോതിക്കണ്ണുനീർ തിങ്ങിപ്പിരിച്ചാനസ്സഗർത്ത്യനെ. ൨൯

സുധർമ്മവിത്താഗ്ര്യരതൻ പ്രതാപവാൻ
പണിഞ്ഞു കൈക്കൊണ്ടണിപാദുകാദ്വയം
മഹാഗജത്തിന്റെ പുറത്തു കേററിനാൻ;
വലത്തുവെച്ചാൻ വഴിപോലെ രാമനെ.
ക്രമത്തിലദ്ദേശികമന്ത്രിപൌരരാം
ജനത്തെ മാനിച്ചിരുതമ്പിമാരെയും
പിരിച്ചയച്ചാൻ രഘുവംശവർദ്ധനൻ,
ഹിമാദ്രി പോലേ നിജധർമ്മസുസ്ഥിരൻ. ൩൦

മാതാക്കൾ തൊണ്ടയ്ക്കിടർ പെട്ടു മാൽകൊ-
ണ്ടശക്തമാരായിതു യാത്ര ചൊല്വാൻ;
താൻതാൻ, കരഞ്ഞംബികമാരെയെല്ലാം
പണിഞ്ഞു പുക്കാൻ നിജശാല രാമൻ!

—: * :—

ഒരുനൂററിപ്പതിമൂന്നാം സർഗ്ഗം: ഭരതപ്രത്യാഗമനം.

---

ഭരതൻ പാദുകാദ്വന്ദ്വമേന്തിത്തലയിൽ വെച്ചുടൻ
തേരേറിനാൻ മുദിതനായശ്ശത്രുഘ്നനൊടൊക്കുടവേ.
വസിഷ്ഠവാമദേവന്മാർ,ജാബാലി സുദൃഢവ്രതൻ,
മുമ്പേ ഗമിച്ചാരെല്ലാരും മന്ത്രിമാർ മന്ത്രമാനിതർ. ൧

മന്ദാകിനീനൽപ്പുഴയും ചിത്രകൂടമഹാദ്രിയും
വലത്തിട്ടു കിഴക്കോട്ടായ് നടകൊണ്ടീടിനാരവർ.
രമ്യങ്ങൾ നാനാധാതുക്കൾ വളരെക്കണ്ടുകൊണ്ടുതാൻ
പോന്നാൻ സസൈന്യൻ ഭരതനതിന്നരികിലൂടവേ. ൨
കണ്ടാൻ ഭരതനച്ചിത്രകൂടത്തിന്നൊട്ടുടക്കലായ്,
മുനിയാമബ്ഭരദ്വാജൻ കുടികൊണ്ടീടുമാശ്രമം.

Digitized By Kerala Sahitya Akademi

ആയാത്മമം പുക്ക രഥം വിട്ടിറങ്ങി വണങ്ങിനാൻ
ബുദ്ധിമാനായ ഭരതൻ ഭരദ്വാജന്റെ കാല്ക്കളിൽ ൬
ഭരദ്വാജൻ ഭരതനോടഥ ചോദിച്ചു ഹൃഷ്ടനായ്:—
'കാൎയ്യം സാധിച്ചിതോ, വത്സ? രാമനെക്കണ്ടുകിട്ടിയോ?'
ഇപ്രകാരം ഭരദ്വാജൻ ധീമാൻ ചോദിച്ച വേളയിൽ
ഭരദ്വാജനൊടായ്ച്ചൊന്നാൻ ഭരതൻ ഭ്രാതൃവത്സലൻ:- ൮
"ഗുരുവും ഞാനുമൎത്ഥിയ്ക്കുംനേരത്തു ദൃഢവിക്രമൻ
പെരികെ പ്രീതനായ് രാമൻ വസിഷ്ഠനോടു ചൊല്ലിനാൻ:-
'നേരു രക്ഷിച്ചുകൊള്ളാം ഞാനെന്നച്ഛൻതൻ പ്രതിജ്ഞതാൻ
ഈരേഴുകൊല്ലമെന്നല്ലോ ചെയ്തതച്ഛൻ പ്രതിജ്ഞയെ.' ൧൦
ഇതു കേട്ടു മഹാപ്രാജ്ഞൻ വസിഷ്ഠനരിയാടിനാൻ,
വാക്യജ്ഞൻ വലുതാം വാക്ക വാഗ്മിയാം രാമനോടുടൻ:-
'നിൻപൊന്നണിപ്പാദുകകളിവ നല്കുക ഹൃഷ്ടനായ്
അയോധ്യയിൽ മഹാപ്രാജ്ഞ, യോഗക്ഷേമം വരുത്തുവാൻ.'
എന്നീ വസിഷ്ഠവാക്കാൽ, പ്രാങ്മുഖനായ് നിന്നു രാഘവൻ
ഇപ്പാദുകകളിൽക്കേറിത്തന്നാനെൻ പക്കൽ നാടിനായ്.
സുമഹായശനാം രാമൻ വിട തന്നു മടങ്ങി ഞാൻ
അയോധ്യയ്ക്കു ഗമിയ്ക്കുന്നേൻ, ഇപ്പാദുകകളംകൊണ്ടുടൻ." ൧൪
മഹാനാം ഭരതൻതന്റെ നല്ല വാക്കിതു കേട്ടക്കയാൻ
ഭരദ്വാജഷിയവനോടോതിനാനതിനന്മയിൽ:-
'ഇല്ലത്ഭുതം നരവ്യാഘ്ര, ശീലവൃത്താനപിതോത്തമ,
താന്നോടത്തു ജലം പോലെ, നിങ്കൽ ശ്രേയസ്സു നില്പതിൽ ൧൬
മരിച്ചിട്ടില്ലദോഷ്ണാനാമച്ഛൻ ദശരഥൻ തവ:
പുത്രനല്ലോ തനിയ്ക്കിത്ര ധൎമ്മജ്ഞൻ ധാൎമ്മികൻ ഭവാൻ!'
എവം ചൊന്ന മഹാത്മാവാമൃഷിയെത്തൊഴുതായവൻ
കാലു രണ്ടും പിടിച്ചിട്ടു യാത്ര ചൊല്വാനൊരുങ്ങിനാൻ. ൧൮
ഭരദ്വാജനെ മേന്മേലേ വലംവെച്ചു സമന്ത്രിയായ്
നടകൊണ്ടാനയോധ്യയ്ക്കു ഭരതൻ ശ്രീസമന്വിതൻ.

Digitized By Kerala Sahitya Akademi

യാനം വണ്ടിഗജാശ്വങ്ങൾ ചേർന്ന വിസ്തീർണ്ണസൈന്യവും
ഭരതൻതന്റെ പിറകേ മടങ്ങിപ്പോന്നിതങ്ങിനെ: ൨൦
അല തുള്ളുന്ന യമുനാദിവ്യപ്പുഴ കടന്നവർ
കണ്ടാരെപ്പേരുമാപ്പുണ്യജലമാം ഗംഗയാററിനെ.
രമ്യോദകാപൂർണ്ണമതും കടന്നിട്ടു സബാന്ധവൻ
ശൃംഗിവേരപുരം രമ്യം പുക്കാൻ പടയൊടൊപ്പമേ; ൨൨
ശൃംഗിവേരപുരം വിട്ടു കണ്ടാൻ വീണ്ടുമയോദ്ധ്യയെ
അച്ഛനും ജ്യേഷ്ഠനും വേർപെട്ടയോദ്ധ്യയതു കാൺകയാൽ
ഭരതൻ മാലിലുരുകിസ്സൂതനോടിതു ചൊല്ലിനാൻ:-
'സൂത, കാൺകിതു,ടിവോററിട്ടീയയോദ്ധ്യയൊളികെട്ടുപോയ് ൨൪
മോടിയും മോദവും വിട്ടും, മാലാണ്ടൊച്ചയടങ്ങിയും!'

—*—

ഒരുനൂററിപ്പതിനാലാം സർഗ്ഗം: ഭരതന്റെ
അയോദ്ധ്യാപ്രത്യാഗമനം.

—*—

സ്നിഗ്ദ്ധഗംഭീരരവമാം തേരിൽപ്പോന്നിട്ടു വിശ്രുതം,
മഹായശസ്സാം ഭരതൻ പ്രഭ പുക്കാനയോദ്ധ്യയിൽ:
പൂച്ചയും മൂങ്ങയും പാഞ്ഞു,മാളാനകളടങ്ങിയും,
ഇരുൾ പെട്ടു നിറം കെട്ടു കറുത്ത നിശ പോലെയും ൨
ശ്രീയാൽത്തിളങ്ങിടും രാഹുശത്രുവിൻ പ്രിയപത്നിയാൾ.
ഒററയ്ക്കുദ്യൽഗ്രഹാക്രാന്തയായ രോഹിണി പോലെയും;
വെള്ളംകലങ്ങിച്ചൂടാൻറ, വെയിലാൽത്തപ്തവിഹംഗമായ്
ലീനമീൻ നക്രഝഷമായ്, നേർത്താരരുവി പോലെയും; ൪
പുകക്കൂടാതെ പൊൻകാന്ത്യാ പൊങ്ങിനിന്നിട്ട,നന്തരം
ഹവിസ്സേകേന കെട്ടോരു യജ്ഞാഗ്നിജ്വാല പോലെയും;
ചട്ട പൊട്ടി,ക്കൊടിക്കാൽതേരശ്വേഭങ്ങളുടഞ്ഞതായ്,
വൻപോരിൽ വീരർ ചത്താപത്താപ്പെട്ട പട പോലെയും; ൬
നുരഞ്ഞിരച്ചുയർന്നിട്ടു, പിന്നെക്കാററടി നില്ക്കയാൽ
ഇരമ്പലററതായ്ത്തീർന്ന കടലിൻതിര പോലെയും;

പ്രാജ്ഞയാജകരും യജ്ഞോപകരണങ്ങളെല്ലാമൊഴിഞ്ഞതായ്,
സവനാവധിയിൽശ്ശൂന്യമററതാം വേദി പോലെയും; ൭
ഇളതാം പുല്ലുതിന്നാകൊണ്ടാലതന്നുള്ളിൽ നില്ക്കവെ
കാള വേർപെട്ട സോൽക്കണ്ഠം വലയും പശു പോലെയും;
മിന്നും ജാത്യോത്തമസ്നിഗ്ദ്ധ പദ്മരാഗാദികല്ലുകൾ
ഊരിപ്പോയോരു പുത്തുതാം ത്തുമുത്തിന്മാല പോലെയും; ൮
പുണ്യാന്തേ സഹസാ സ്ഥാനഭ്രഷ്ടയായ്ഗ്ഗഗനസ്ഥലാൽ
മന്നിൽ വീണു നിറം തീരെക്കെട്ട താരക പോലെയും;
പൂ തിങ്ങി മത്താളിരവം പൂണ്ടുനിന്നിട്ടു, വേനലിൽ
കാട്ടുതീയ്യാൽ വാട്ടമേററൊരരണ്യലത പോലെയും; ൯
പാതസ്സനക്കമില്ലാതായ്,ക്കച്ചോടങ്ങളും കുറഞ്ഞതായ്,
താരചന്ദ്രർ മറഞ്ഞഭ്രാവൃതമാം വാനു പോലെയും;
ഉടഞ്ഞ നിർമ്മദ്യശരാവങ്ങളും ചിന്നിത്തുറസ്സിലായ്.
മത്തർ വിട്ടു വെട്ടപ്പുറൊരാപാനസ്ഥലി പോലെയും; ൧൦
ഉടഞ്ഞ പാത്രങ്ങളുമായ് നിലം വിണ്ടു കഴിഞ്ഞതായ്
നീർതീർന്ന ചാഞ്ഞു വീണോരു തണ്ണീർപ്പന്തലു പോലെയും;
കലച്ചു,ചരടൊത്തു,ക്കുള്ളവരമ്പെയ്ത്തുറുക്കയാൽ
വില്ലിൽനിന്നൂഴിമേൽ വീണ വലുതാം ഞാണുപോലെയും; ൧൧
പോരാളി കേറിയോടിച്ചിട്ടഞ്ജസാ ശേഷികെട്ടതായ്,
മെയ്ക്കോപ്പഴിച്ചു വിട്ടോരു തൈപ്പെൺകുതിര പോലെയും;
നീർ വററിയുൽപ്പലപ്പൂവററാ,മവന്മീൻ നിറഞ്ഞതായ്
തീരപ്പരപ്പു വിണ്ടോരു കുളമെന്നതുപോലെയും. ൧൨
തുഷ്ടി കെട്ട മനുഷ്യൻെറ,കുറിക്കൂട്ടണിയാത്തതായ്,
മാലാൽ വരണ്ടാ,ഭരണം കെട്ടാത്തൊരുടൽ പോലെയും;
വളന്ന വർഷാകാലത്തു വാനാണ്ട പകലോനടെ
കാർകൊണ്ടലാൽ മൂടിയതാം കതിർ പോലെയുമുള്ളതിൽ. ൧൩
തേരിൽ മേവുന്ന ഭാതൻ ശ്രീമാൻ ദശരഥാത്മജൻ
പുള്ളിത്തേരു തെളിയ്ക്കുന്ന സൂതനോട്ടരിയാടിനാൻ:-

Digitized By Kerala Sahitya Akademi

“ഹാഹന്ത, കേൾക്കുന്നീലല്ലോ മുന്നേപ്പോലിന്നയോദ്ധ്യയിൽ,
പടഹമാറ്റൊലിക്കൊള്ളും ഗീതവാദിത്രനിസ്വനം! ൨൨

പടർന്ന മാല്യസൌരഭ്യം, സുഗന്ധദ്രവ്യഗന്ധവും,
അകിൽപ്പുകത്തൂമണവും വീശുന്നീലേതിടത്തുമേ!
ശ്രേഷ്ഠവാഹനനിർഘോഷം, സ്നിഗ്ധമാം ഹയശബ്ദവും,
മത്തമാതംഗരവവും, മഹത്താം രഥശബ്ദവും ൨൪

കേൾക്കുന്നീലിപ്പുരിയിലിന്നോ, രാമൻ വിട്ടുപോകയാൽ!
അകിൽ ചന്ദനഗന്ധങ്ങൾ, മികച്ച പൂമാലയും
യുവാക്കൾ ചേരുമാറാതായ്; രാമൻ പോയതിനാലലാൽ!
പുറത്തിറങ്ങിടുന്നില്ലാ ചിത്രമാല്യാഢ്യരാം നരർ; ൨൬

ഉത്സവങ്ങളുമില്ലാതായ്, രാമശോകാർത്തമാം പുരേ!
ന്യൂന,മെന്നാര്യനോടൊപ്പം പോയിതിപ്പുരിതൻ പ്രഭ;
മഴയാൽശ്ശുക്ലനിശ പോലയോദ്ധ്യയിതശോഭമായ്!
എന്നോ, മഹോത്സവം പോലെ വന്നണഞ്ഞെൻസഹോദരൻ

ഹർഷമേകമയോദ്ധ്യയ്ക്കു, വേനലിൽക്കാറു പോലവേ!
മോദി കൂട്ടം ചെറുപ്പക്കാർ ധാടിയോടേ നടപ്പവർ
ഇടചേർന്നു ലസിപ്പീലാ വമ്പാതകളയോദ്ധ്യയിൽ!”
എന്നൊക്കെച്ചൊല്ലിയുംകൊണ്ടു പുക്കാനച്ഛന്റെ മന്ദിരം, ൩൦

ആ നരേന്ദ്രന്റെ വേർപാടാൽസ്സിംഹഹീനഗുഹോപമം.

അമർത്ത്യർ കൈവിട്ടോരസൂര്യനാൾ കണ-
ക്കശോഭനം നിർജ്ജനമപ്പുരോദരം
പരക്കെ വീക്ഷിച്ചുഴൽ മൂത്തു കണ്ണുനീർ
പൊഴിച്ചുപോയി ഭരതൻ യതാശയൻ.

—(൦)—

## ഒരുനൂററിപ്പതിനഞ്ചാം സൎഗ്ഗം: നന്ദിഗ്രാമവാസം.

അമ്മമാരെപ്പുനരയോദ്ധ്യയിലാക്കിദ്ദൃഢവ്രതൻ
ഭരതൻ മാലിൽ വെന്തേവം ഗുരുക്കന്മാരൊടോതിനാൻ;-

Digitized By Kerala Sahitya Akademi

'നന്ദിഗ്രാമം ഗമിയ്ക്കുന്നേൻ; വിട നല്കുവിനേവരും:
രാമവിശ്ലേഷമാം ദുഃഖമെല്ലാമങ്ങിരുന്നു സഹിയ്ക്കുവൻ. ൬
വിൺ പൂകിയല്ലോ നൃപനെൻജ്യേഷ്ഠൻ കാട്ടിലിരിപ്പുമായ്;
രാമനെക്കാക്കുവൻ നാടിന്നു;-രചൻ,കീർത്തിമാനവൻ.'
മഹാനാം ഭരതൻതന്റെ ശുഭവാക്കിതു കേട്ടുടൻ
ചൊന്നാർ മന്ത്രികളെല്ലാരും വാദ്ധ്യാനായ വസിഷ്ഠനും:- ൭
'നല്ലാം ഭരത, വാക്കിതു നീ ചൊന്നതെന്തോതിയോ ഭവാൻ,
ഭ്രാതൃസ്നേഹത്തിനാലാ വാക്കുകൾക്കു ചൊന്നിരിപ്പതാം!
സദാ ബന്ധുക്കളിൽസ്സക്തനായ്സ്സൗഭ്രാത്രവർത്തിയായ്
സന്മാർഗ്ഗചാരിയാം നിൻ വാക്കിനെ നന്ദിയ്ക്കയില്ലെവൻ?' ൮
ഇച്ഛിച്ചവണ്ണം പ്രിയമാം മന്ത്രിവാക്കതു കേട്ടുടൻ,
സൂതനോടരുളിച്ചെയ്താൻ, 'രഥം മേ പൂട്ടുകെ'ന്നവൻ.
കളിത്ത മുഖമോടമ്മമാരെയെല്ലാം പണിഞ്ഞവൻ
തേരിൽക്കരേറിനാൻ ശ്രീമാൻ ശത്രുഘ്നനൊട്ടുകൂടവേ, ൯
തേരേറിയങ്ങു സാ പോയാർ മന്ത്ര്യുപാദ്ധ്യായയുക്തരായ്,
പാരം മോദേന ഭരതശത്രുഘ്നരിരുപേരുമേ.
മുന്നിലായി വസിഷ്ഠാദ്യർ ഗുരുബ്രാഹ്മണരേവരും
പോയാർ കിഴക്കോട്ടു;-അങ്ങല്ലോ നന്ദിഗ്രാമാഖ്യമാമിടം. ൧൦
വിളിച്ചിടാതെ,പ്പടയും ഗജാശ്വരഥസങ്കുലം
പുറപ്പെട്ടു ഭരതനോടൊപ്പം പൌരരുമേവരും!
തേരേറിവാണാധർമ്മിഷ്ഠൻ ഭരതൻ ഭ്രാതൃവത്സലൻ
നന്ദിഗ്രാമേ ജവാൽച്ചെന്നാൻ, മൂർദ്ധ്നി വിന്യസ്തപാദുകൻ. ൧൧
പിന്നെ നന്ദിഗ്രാമത്തിലണഞ്ഞപ്പരതൻ ദ്രുതം
തേർ വിട്ടിറങ്ങി, വാദ്ധ്യാന്മാരോടു ചൊന്നാനിതിൻവിധം:-
"ഈ രാജ്യ,മാര്യനെൻ പക്കൽസ്സൂക്ഷിപ്പാൻ തന്നിരിപ്പതാം;
യോഗക്ഷേമം വരുത്താനിപ്പോൾപ്പാദുകകരം തന്നെയാം.' ൧൨
ന്യാസമാം പാദുകകളെ മൂർദ്ധ്നി ചേർത്താർത്തിതപ്തനായ്
ചൊന്നാൻ പിന്നീടു ഭരതൻ നാട്ടാർക്കൂട്ടത്തൊടൊക്കെയും:-

Digitized By Kerala Sahitya Akademi

"പിടിപ്പൻ തൃക്കട ജവാലി, വയാൎയ്യന്റെ കാല്ക്കളാം;
ഈ ജ്യേഷ്ഠപാദുകകളാലത്രേ,ധൎമ്മാപ്തി നാട്ടിൽ, മേ! ൧൩

സ്നേഹാൽസ്സോദൎയ്യനേല്പിച്ചതല്ലോ ന്യാസമിതെൻവശം;
അതിതാ, വെച്ചുസൂക്ഷിപ്പൻ, രാമൻ വന്നെത്തിടുംവരെ;
ചിക്കെന്നെ വീണ്ടും താൻതന്നെ രാഘവങ്കലിണക്കി ഞാൻ
രാമന്റെയപ്പദം രണ്ടും കാണ്മൻ പാദുകയിട്ടതായ്! ൧൪

കാകുത്സ്ഥനോടു ചേൎന്നിട്ടു, ചുമടൊക്കെയിറക്കി, ഞാൻ
നാടാൎയ്യന്നു തിരിച്ചേകി,ഗ്ഗുരുശുശ്രൂഷ ചെയ്യുവൻ!
ഞാനിത്തൃപ്പാദുകകളാം ന്യാസവും, നാടു,യോധ്യയും
രാഘവങ്കൽസ്സമൎപ്പിച്ചു പാപമററവനാകുവൻ! ൨൦

രാമാഭിഷേകനാൾ മൎത്ത്യർ മോദാൽക്കോൾമയിർ കൊൾകവേ,
നാടിനെക്കാൾ നാലിരട്ടിയുണ്ടാം മേ പ്രീതികീൎത്തികൾ."
ഈ വിലാപേന വിവശൻ ഭരതൻ പുകളേറിയോൻ
നന്ദിഗ്രാമേ നാടു വാണാൻ മന്ത്രിമാരൊത്തു ദുഃഖിതൻ: ൨൨

മരത്തോൽ ജടയുംപൂണ്ടു മുനിവേഷത്തൊടാ പ്രഭു,
സസൈന്യൻ ഭരതൻ വീരൻ നന്ദിഗ്രാമത്തിൽ മേവിനാൻ;
രാമന്റെ വരവും കാത്തു ഭരതൻ ഭ്രാതൃവത്സലൻ
ഭ്രാതാവിൻവാക്കു ചെയ്യോനായ് നന്ദിഗ്രാമത്തിൽ മേവിനാൻ; ൨൪

പാദുകയ്ക്കഭിഷേകം ചെയ്താ, പ്രതിജ്ഞ കടന്നവൻ.
കാൎയ്യമെല്ലാമുണൎത്തിച്ചുപോന്നാൻ തൃപ്പാദുകാന്തികേ;
ശ്രീമാൻ ഭരതനന്നാൎയ്യപാദുകയ്ക്കഭിഷേചനം
ചെയ്തു,തിൻകീഴിലായ്നിന്നു രാജ്യം വാണാനനാരതം. ൨൩

അവൻ, തദാ വല്ലൊരുകാൎയ്യവും, മാ-
ണ്പേറിയന്നു കാണിയ്ക്കയുമെത്തിയെന്നാൽ,
അതാദിയിൽപ്പാദുകയോടുണൎത്തി-
ച്ച,നന്തരം, വേണ്ടതു ചെയ്തുപോന്നാൻ.

—*—

Digitized By Kerala Sahitya Akademi

## ഒരുനൂററിപ്പതിനാറാം സർഗ്ഗം: ഋഷിപ്രസ്ഥാനം

—*—

ഭരതൻ തിരിയേ പോന്നശേഷം, ധർമ്മവനസ്ഥിതൻ
രാമൻ കണ്ടു, ഭയത്താലുള്ളൊരുൽക്കണ്ഠ താപസരിൽ;
കാണായ്വന്നിതൊരുൽക്കണ്ഠ, ചിത്രകൂടാശ്രമസ്ഥലേ
മുമ്പു രാമനുമായ്ച്ചേർന്നു മോദിച്ച മുനിമാർകളിൽ. ൨

കൺകൊണ്ടും പുരികംകൊണ്ടും രാമനെക്കാട്ടി മെല്ലവേ
പേശിനാർ തമ്മിലോരോന്നു ശങ്കയോടേ രഹസ്യമായ്.
ഉൽക്കണ്ഠയവരിൽക്കണ്ടു തങ്കൽശ്ശങ്കിച്ചു രാഘവൻ:
ചോദിച്ചാൻ തൽകുലപതി മുനിയെത്തൊഴുതിങ്ങിനെ:- ൪

'മാററമെൻകീഴ്നടപ്പിന്നു കാണ്മീലല്ലീ?യിതെന്തുവാൻ:
വല്ലായ്മ കൊള്ളുന്നുണ്ടല്ലോ ഭഗവാനേ, തപസ്വികൾ?
പ്രമാദത്താൽത്തനിയ്ക്കൊത്തതല്ലാത്തപടി വല്ലതും
എൻതമ്പി ലക്ഷ്മണൻ ചെയ്യുകണ്ടതില്ലല്ലി താപസർ? ൬

എൻശുശ്രൂഷയ്ക്കു നിന്നിട്ടു, യുഷ്മച്ഛുശ്രൂഷണങ്ങളിൽ
തെററിപ്പീലല്ലി വൈദേഹി സദാധ്യുചിതവൃത്തിയെ?'
വയസ്സാലും തപസ്സാലും വൃദ്ധനാമൃഷി ചൊല്ലിനാൻ
വിറച്ചുംകൊണ്ടു, കരുണാശീലനാം രാമനോടിദം:- ൮

'ഭദ്രസ്വഭാവയെന്നും ഭദ്രതൽപര മൈഥിലി;
ഇളക്കമെങ്ങിവൾക്കുണ്ണീ, വിശേഷിച്ചു തപസ്ഥരിൽ?
ഇതൊന്നു നേരിടുന്നുണ്ടു താപസർക്കുഭമൂലമായ്;
ഈ രാക്ഷസഭയാലത്രേ സംസാരിപ്പൂ രഹസ്യമായ്: ൧൦

രാവണാനുജനുണ്ടിങ്ങു ഖരനെന്നൊരു രാക്ഷസൻ:
തച്ചാട്ടിനാൻ ജനസ്ഥാനാൽത്തപസ്വികളെയൊക്കയും;
ധൃഷ്ടൻ പോരിൽജ്ജയിയ്ക്കുന്നോനാളെത്തിന്നുന്ന ഘാതുകൻ
ഉണ്ണീ, കരുമ്പനദൃഷ്ടൻ സഹിപ്പീലാ ഭവാനെയും! ൧൨

എന്നതൊട്ടാശ്രമമിതിലുണ്ണീ താമസമാക്കിയോ,

Digitized By Kerala Sahitya Akademi

അന്നുതൊട്ടിട്ടൃഷികളെ ദ്രോഹിയ്ക്കുന്നുണ്ടു രാക്ഷസർ:
കാട്ടുന്നവരല്ലോ, വല്ലാത്ത നോട്ടമൊത്തു വിരൂപമായ്
അറപ്പും പേടിയും തോന്നും പലമട്ടുഗ്രവിഗ്രഹം; ൧൮
വഷളാമശുചിദ്രവ്യം വാരിവാരിയിട്ടുമങ്ങനെ സാ,
നേരെനിന്നു വലയ്ക്കുന്നു ചില താപസരെക്കഖലർ;
അതാതാശ്രമദേശത്തിലറിയാതെ പതുങ്ങിയും
ഋഷിമാരെ നശിപ്പിച്ചു വിളയാടുന്നു പാമരർ; ൧൯
സ്രുഗ്‌ഭാണ്ഡം വലിച്ചെറിഞ്ഞീടും, ഹോമകർമ്മം തുടങ്ങിയാൽ,
കുടങ്ങളുമുടച്ചീടും, ഹോമകർമ്മം തുടങ്ങിയാൽ·
അദ്ദുരാത്മാക്കളം തിണ്ടിടുമാത്രമങ്ങളം വെടിഞ്ഞിടാൻ,
മറെറങ്ങാനും ഗമിപ്പാനി, നൊന്നെ പ്രേരിപ്പൂ താപസർ ൨൦
തപസ്വിമാരിൽദ്ദുഷ്ടോപദ്രവമദ്ദുഷ്ടർ ചെയ്തിടും;
ഞങ്ങളീയാശ്രമം രാമ, വിട്ടുപോവുകയാണുടൻ.
ഇങ്ങുനിന്നതിദൂരെ കാണുന്നിയേറിയ നൽവനം,
പൂർവ്വാശ്രമംതാൻ, വൃകന്നോൻ വീണ്ടും കൂട്ടത്തൊടൊത്തു ഞാൻ.
ഖരൻ ഭവാങ്കലും വത്സ, നെറികേടു തുടങ്ങിടും;
ഞങ്ങളൊന്നിച്ചു പോന്നീടുകിങ്ങുനിന്നി,ഷ്ടമെങ്കിൽ നീ:
സദാ സുരക്ഷിതാസ്സുകിലും ശക്തനെങ്കിലും തവ രാഘവ,
ഭാര്യയൊത്തിവിടെപ്പാർക്കൽ സന്ദേഹദ, മനർത്ഥദ!' ൨൨
എന്നുരച്ചുസമുൽക്കണ്ഠയുക്തനാമത്തപസ്വിയെ
ആളായ്മിലുത്തരം ചൊല്ലിനിർത്താൻ രാമൻ നൃപാത്മജൻ:
കൊണ്ടാടി രാമനാശ്വാസം ചേർത്തു യാത്ര പറഞ്ഞുടൻ
കൂട്ടത്തൊടക്കുലപതിയാശ്രമം വിട്ടു പോയിനാൻ. ൨൩

അദ്ദേശാൽപ്പിൻചെന്നൃഷികളെയഴകിലയ-
ച്ചക്കാകുത്സ്ഥൻ കുലപതിയെ വണങ്ങിയുടൻ,
പാരം പ്രീതന്മാരവരനുമതി ചെയ്തർത്ഥം
പൊന്നോനായ്,പ്പാർപ്പാൻ നിജശുഭനിലയം പുക്കാൻ.

രാഘവൻ മുനിരഹിതമാശ്രമം
ക്ഷണമപി വിള വെടിഞ്ഞതില്ലവൻ;

Digitized By Kerala Sahitya Akademi

രാമനെസ്സതതമനഗതര-
ങ്ങാ,ഷമട്ടാൽത്തെളിവുടയ മുനികരം. ൨൩

---

## ഒരുന്തററിപ്പതിനേഴാം സർഗ്ഗം: അത്രിദശ്നം.

---

അത്താപസന്മാർ നടകൊണ്ടതിൽപ്പിന്നെ നിനച്ചതിൽ
രുചിച്ചീലവിടെപ്പാപ്പു രാമനു പല ഹേതുവാൽ:
'ഇങ്ങല്ലോ കണ്ടു ഭരതമാതൃപൌരജനത്തെ ഞാൻ;
അവരെപ്പററി മാൽകൊണ്ടോ സ്മൃതി നില്ക്കുന്നു മേ സദാ. ൨
ഇതിങ്കലാ മഹാത്മാവിന്റെയപ്പടനില്പിനാൽ,
ഗജവാജികരീഷത്താൽത്തുലോമുടവുമേററുപോയ്.
അതിനാൽ മററാരേടം പോകെ'ന്നുറച്ചിട്ടു രാഘവൻ
പുറപ്പെട്ടാൻ ജനകജാലക്ഷ്മണന്മാരൊടൊപ്പമേ. ൪
അത്ര്യാശ്രമം പുക്ക,വനെപ്പണിഞ്ഞു കീർത്തിമാനവൻ;
അവനെബ്ഭഗവാനത്രി കൈക്കൊണ്ടാൻ പുത്രതുല്യമാ.
അവന്നു താൻ താൻ വഴിപോലാതിഥ്യം സർവ്വമകിനാൻ;
സൌമിത്രി, ധന്യയാം സീതയിവരിൽസ്സാന്ത്വമാതിനാൻ. ൩
വന്ന പൂജിതയാം വൃദ്ധപത്നിയേയും വിളിച്ചുടൻ
കാട്ടിക്കൊടുത്താൻ ധർമ്മജ്ഞൻ സർവ്വഭൂതഹിതോദ്യതൻ:
ധന്യതാപസിയായ്‌ധർമ്മശീലയാമനസൂയയെ
പാർത്തു, 'വൈദേഹിയെക്കൈക്കൊൾകെ'ന്നുരച്ചാനൃഷിശേഖരൻ. ൮
അധർമ്മകൃത്താപസിയെപ്പററി രാമനൊടോതിനാൻ:-
'പത്താണ്ടു മഴയില്ലാഞ്ഞു പാർ ദഹിക്കെ നിരന്തരം
ഇവരാം കായ്കനിയുണ്ടാക്കി; ഗംഗയെയുമൊഴുക്കിനാരം.
ഇവരംക്കണ്ടുഗ്രമായുള്ള തപസ്സും നിയമങ്ങളും: ൧൦
പെരുംതപസ്സു ചെയ്തല്ലാ പതിനായിരമാണ്ടിവരം;
ഉണ്ണീ, വിഘ്നങ്ങളും നീങ്ങി,യനസൂയാവ്രതങ്ങളാൽ

Digitized By Kerala Sahitya Akademi

ദേവകാര്യത്തിനായിട്ടു കേവലം വെമ്പൽപൂണ്ടിവൾ
രാവാക്കീ പത്തുനാളു;—അയ്യോ,മ്മേ,പാലിവൾ, നിർമ്മല. ൧൬
ചെന്നുകാണട്ടെ വൈദേഹിയിവളെ,സ്സർവവന്ദ്യയെ,
തപസ്വിനിയെ,യെന്നെന്നും ക്രോധമേശാത്ത വൃദ്ധയെ:
ഇവൾ കർമ്മങ്ങളാൽപ്പാരിലനസൂയാഖ്യ പൂണ്ടവൾ.'

ഏവം കഥിയ്ക്കുമൃഷിയോടാവാമെന്നോതി രാഘവൻ ൧൭
ധർമ്മജ്ഞയാം സീതയോടീ മികച്ച മൊഴി ചൊല്ലിനാൻ:-
'കേട്ടില്ലേ, മുനിയിദ്ദേഹമിച്ചൊന്നതു നൃപാത്മജേ?
ആത്മശ്രേയസ്സിനായ്ച്ചെന്നു കാണ്ക താപസിയെ ദ്രുതം.'
ഹിതം നോക്കുന്ന രാമന്റെയിച്ചൊൽ കേട്ടിട്ടു മൈഥിലി ൧൮
ചെന്നണഞ്ഞീടിനാൾ ധർമ്മാഭിജ്ഞയാമത്രിപത്നിയെ:
ചുക്കിച്ചുളിഞ്ഞോൾ, കിഴവി, തലയാകെ നരച്ചവൾ,
വങ്കാററിൽ വാഴ പോലെല്ലായ്പ്പോഴും മെയ്വിറ പൂണ്ടവൾ—
ഇമ്മട്ടിലുള്ളാപ്പെരിയ സതിയാമനസൂയയെ ൧൯
വന്ദിച്ചാൾ സീത സശ്രദ്ധം; തൻ പേരുമുരിയാടിനാൾ.
ആഹ്ലാദയാം താപസിയെ വന്ദിച്ചു തൊഴുകയ്യോടേ
അനാമയത്തെച്ചോദിച്ചാളാഹ്ലാദം പൂണ്ടു മൈഥിലി.
ധന്യയാം സീതയെക്കണ്ടു ഹർഷിച്ചു ധർമ്മചാരിണി ൨൦
സാന്ത്വനം ചെയ്തുകൊണ്ടോതീ: "ഭാഗ്യം,ധർമ്മം നിനപ്പു നീ!
സീതേ, ബന്ധുക്കൾ, മാനം, സമ്പത്തിവ കൈവിട്ടതമ്പി, നീ
ഭാഗ്യം, പിന്തുടരുന്നല്ലോ കാടേററപ്പെട്ട രാമനെ!
പുരസ്ഥൻതാൻ വനസ്ഥൻതാൻ,പാപിതാൻ പുണ്യശാലിതാൻ,
ഭർത്താവാക്കിഷ്ടനാം, സ്ത്രീകൾക്കഗ്ര്യലോകങ്ങൾ കൈവരും.
ദുശ്ശീലൻതാൻ,ദരിദ്രൻതാൻ,കേവലം തോന്നിവാസിതാൻ,
സുശീലമാരാം സ്ത്രീകൾക്കു കണവൻ പരദൈവതം!
സീതേ, ഞാൻ കാണ്മതില്ലോർത്തിട്ടിതിലും നല്ല ബന്ധുവെ, ൨൧
എന്തിനും യോഗ്യനെ,ച്ചെയ്ത വൻതപസ്സിന്നു തുല്യനെ!
എന്നാലിഗ്ഗുണദോഷത്തെപ്പൊട്ടസ്ത്രീകളറിഞ്ഞിടാ.

കാമം കൊതിച്ചും ഭർത്താവെക്കീഴിൽവെച്ചും നടക്കകിൽ,
ദുഷ്കീർത്തി ധർമ്മച്യുതിയും പററിപ്പോവും വിദേഹജേ; ൨൪
അകാൎയ്യങ്ങൾക്ക കീഴ്പ്പെട്ടുള്ളോരാണമ്മട്ടുകാരികൾ.
നിന്മട്ടെവർ ഗുണം പൂണ്ടോർ പാരിൽ മേല്കീഴ കണ്ടവർ,
ആ സ്ത്രീകൾ, പുണ്യം ചെയ്യോരെപ്പോലെ വിണ്ണിൽ നടന്നിടും.

അതോർത്തിതിന്മട്ടിവനെപ്പതിവ്രതാ-
നിലയ്ക്ക ചേരുംപടി പിന്തുടൎന്നു നീ
പുലർത്തണം ഭർത്തൃസധർമ്മിണീപദം:
ലഭിയ്ക്കുമെന്നാൽത്തവ ധർമ്മകീർത്തികൾ.” ൨൫

—*—

### ഒരുന്നൂററിപ്പതിനെട്ടാം സർഗ്ഗം: സീതാനസൂയാസംവാദം.

—*—

അനസൂയയാകതിയിതു കേട്ടനസൂയ വിദേഹജ
അഭിനന്ദിച്ചു മറുവാക്കരുചെയ്താൾ പതുക്കവേ:—
“ആശ്ചൎയ്യമില്ലാ,യ്യയിതിൻവണ്ണമെന്നോടു ചൊല്വതിൽ;
അറിയാമിതെനിയ്ക്കും: പെൺജാതിയ്ക്കു കണവൻ ഗുരു. ൨
നടപ്പാർദ്ദ്യേ, വെടിഞ്ഞെയ്ക്കാമീയെൻകണവനെങ്കിലും,
രണ്ടെന്നില്ലാതെ ശുശ്രൂഷിയ്ക്കേണ്ടുമാളാമെനിയ്ക്കിവൻ;
പിന്നെയെന്തോ, ഗുണശ്ലാഘ്യൻ, കനിവുള്ളോൻ, ജിതേന്ദ്രിയൻ,
സ്ഥിരാനുരാഗൻ, ധർമ്മിഷ്ഠൻ, തായ്താതക്കൊപ്പമേ പ്രിയൻ? ൩
രാമനെമ്മട്ടു സേവിപ്പൂ കൌസല്യയെ മഹാബലൻ,
അമ്മട്ടുതന്നേ സേവിപ്പൂ മററുരാജ്ഞികൾതമ്മെയും.
ഒററക്കുറി നൃപൻ കണ്ട മാതാക്കളെയും നൃപപ്രിയൻ
സേവിപ്പു വീരൻ ധർമ്മജ്ഞനമ്മയെപ്പോലെ താഴ്മയിൽ! ൪
ഏവം ശൂന്യക്കൊടുംകാട്ടിലേയ്ക്കു പോരും ദശാന്തരേ,
മഹത്തായ് ശ്വശ്രു നിർദ്ദേശിച്ചതുമുൾക്കാമ്പിലുണ്ടു മേ;
മുന്നം വിവാഹസമയത്തഗ്നിയ്ക്കരികിൽവെച്ചുമേ
എന്നമ്മ തെളിച്ചയ്ച്ചു വാക്കുമുൾക്കാമ്പിലുണ്ടു മേ. ൫

Digitized By Kerala Sahitya Akademi

നിൻചൊല്ലതിനെയെല്ലാമേ പുത്രക്കി ധർമ്മചാരിണി!
സ്ത്രീയ്ക്കു വേറെ തപസ്സില്ല,പതിശുശ്രൂഷയെന്നിയേ.
സാവിത്രി പതിശുശ്രൂഷ ചെയ്തു വിണ്ണിൽസ്സുഖിയ്ക്കയാം;
ആമട്ടായ്പ്പതിശുശ്രൂഷകൊണ്ടു നീയും നേടിയങ്ങതും.

ആദ്രവിയാം രോഹിണിയും, സ്ത്രീവർഗ്ഗത്തിൽ മികച്ചവരം,
ഏണാങ്കനെന്നിയേ വാനിൽ കാണാകാ കാണിമാത്രവും.
ഇമ്മട്ടുള്ളുത്തമസ്ത്രീകൾ പാതിവ്രത്യമുറച്ചവർ
മാനിയ്ക്കപ്പെട്ടുപോരുന്നു, തൻ പുണ്യാലയർനാടതിൽ." ൧൨

വൈദേഹിയുടെ വാക്യങ്ങൾകേട്ടുൾ കളിത്തനസൂയയും
സീതതൻമൂർദ്ധനി മുകർന്നുംകളിപ്പിച്ചു ചൊല്ലിനാൾ:-
"നാനാവ്രതത്താൽക്കൈവന്ന വല്യതാം തപമുണ്ടു മേ;
അക്കെല്ലപ്പെട്ടത്താൽപക്ഷിപ്പൂൻ സീത, നിന്നോടു സുവ്രതേ: ൧൪

യുക്തവും ഭംഗിയുള്ളൊന്നുമല്ലോ നിൻവാക്ക മൈഥിലി;
തോഷിച്ചേൻ; തക്കതെന്തീ ഞാൻ തവ ചെയ്യേണ്ടു? ചൊല്ക,
അവൾതൻ വാക്ക കേട്ടിട്ടു വിസ്മയപ്പെട്ടു സസ്മിതം, [നീ."
'പോരു'മെന്നാൾ, തപശ്ശക്തിസായുക്തയോടു മൈഥിലി- ൧൬

ഇമ്മട്ടവൾ പറഞ്ഞപ്പോൾ ധർമ്മജ്ഞയതിതുഷ്ടയായ്:-
'ഹർഷം സഫലമാക്കുന്നേൻ ഹന്ത, സീതേ, നിനക്ക ഞാൻ:
ഇതാ, ദിവ്യോത്തമം മാല്യം, വസ്ത്രമാഭരണങ്ങളും,
അംഗരാഗം മികച്ചുള്ള കുറിക്കൂട്ടും വിദേഹജേ: ൧൮

ഞാനിത്തന്നതു നിന്നംഗങ്ങൾക്ക ശോഭ വളർത്തിടും;
ദിവ്യാംഗരാഗമുടലിൽപ്പൂശിയാൽ നീ വിദേഹജേ,
ശ്രീ നിത്യൻ വിഷ്ണുവെപ്പോലെ ശോഭിപ്പിയ്ക്കും മണാളനെ." ൨൦

അംഗരാഗം, വസനവും,മണിപ്പണ്ടങ്ങൾ, മാലയും,
എന്നീ മികച്ച സമ്മാനം കൈക്കൊണ്ടാൾ ജനകാത്മജ.
സമ്മാനമതു കൈക്കൊണ്ടു സീത, കീർത്തിമുഴുത്തവൾ
തൽപോധനയ്ക്കരികിലങ്ങിരുന്നാൾ തൊഴുകയ്യുമായ്. ൨൨

Digitized By Kerala Sahitya Akademi

ഇരിയ്ക്കുമജ്ജാനകിയോടനസൂയ ദൃഢവ്രത
ശ്രീരാമൽക്കഥയെപ്പറ്റിച്ചോദിപ്പാനായ്ത്തുടങ്ങിനാൾ:-
"സ്വയംവരത്തിൽവെച്ചാണു, നിന്നെപ്പുരാണു രാഘവൻ
സീതേ, നേടിയതെന്നായ്ക്കേട്ടിട്ടുണ്ടു കഥയൊന്നു ഞാൻ; ൨൪
വിസ്തരിച്ചിഹ കേൾക്കേണമെനിയ്ക്കക്കഥ മൈഥിലി;
അതന്നനുഭവപ്പെട്ടമട്ടിലൊട്ടുക്ക ചൊല്ക നീ."
വൈദേഹിയിതു കേട്ടിട്ടു ധർമ്മചാരിണിയോടുടൻ,
'എങ്കിലോ കേട്ടുകൊൾകെ'ന്നു, കഥ ചൊല്ലിത്തുടങ്ങിനാൾ:-൨൫
"മിഥിലാപതി ധർമ്മജ്ഞൻ വീരൻ ജനകനെന്നവൻ
ക്ഷത്രധർമ്മാഭിരതനായുഴി വാഴുന്നു നീതിയിൽ.
അദ്ദേഹം കരി കൈക്കൊണ്ടു നിലമൊന്നുഴുതീടവേ
ഭൂമിപിളർത്തുളവായ്വന്നോളാണുപോൽ നൃപപുത്രി ഞാൻ. ൨൫
വിതപ്പാൻ തുടരുമ്പോളജ്ജനകൻ ജനനായകൻ
പൊടി പൂണ്ടവളാമെന്നെക്കണ്ടെയാൽ വിസ്മയിച്ചുപോൽ
മക്കളില്ലായ്കയാൽ സ്നേഹാൽത്താൻതാനൊക്കത്തെടുത്തുടൻ,
'എൻപുത്രിയിവളെ'ന്നോതി, സ്നേഹവും വെച്ചിതെൻറമേൽ.
ഒരു ദിവ്യാകതിയും വാനത്തെന്നെപ്പറ്റിയുദിച്ചുപോൽ:
'ഇതു സത്യം, നരാധിശ, ധർമ്മത്താൽത്തവ പുത്രിതാൻ.'
അതിൽത്തെളിഞ്ഞു ധർമ്മാത്മാവെന്നച്ഛൻ മിഥിലാധിപൻ
സമൃദ്ധി നേടിനാൻ പാര,മെന്നെ നേടി നരാധിപൻ. ൬൨
ഏല്പിച്ചാൻ പുണ്യവാനാ,ശ താവും മഹിഷിതൻവശം;
എന്നെപ്പോററുകയുംചെയ്താൾ മാതൃസ്നേഹമിയന്നവൾ.
ഭർത്താവിനോടു ചേരേണ്ടും പ്രായം മേ കണ്ടു താതനോ,
ധനനാശാൽ ദരിദ്രൻ പോലാർത്തനായ്ച്ചിന്ത തേടിനാൻ:- ൬൪
'തുല്യങ്കൽനിന്നോ താന്നോനിൽനിന്നും ധിക്കാരമേററുപോം
കന്യാപിതാവു മന്നിങ്കലി,ന്ദ്രസന്നിഭനാകിലും.'
ധിക്കാരമതു തൻപാരേ വന്നതായ്ക്കണ്ടു മന്നവൻ
ചിന്താബ്ധിയാണു, തൊകൻപോലക്കരെയ്ക്കണയാതെയായ്!

Digitized By Kerala Sahitya Akademi

ഞാനയോനിജയെന്നോർത്തു ചിന്തചെയ്തിട്ടു ഭൂമിപൻ
കണ്ടീലെ,നിയ്ക്കു സമനായ്ച്ചേർച്ചയുള്ള മണാളനെ.
തോന്നി പിമ്പാ മനീഷിയ്ക്കു സന്തതം ചിന്തചെയ്കവേ,
'സ്വയംവരം നടത്തീടാം മകൾക്കായെ'ന്നൊരാശയം. ൩൮

വൻവില്ലൊന്നു മഹായജ്ഞേ മഹാനാം വരുണൻ മുദാ
അച്ഛന്നേകിയിരുന്നു, രണ്ടമ്പൊടുങ്ങാത്ത തൂണിയും.
നരക്കു ചാല്യമല്ലാ ചാപം, പണിപ്പെട്ടും കനത്തിനാൽ;
കുലപ്പാൻ ശക്തരായീലാ കിനാവിലുമതുഴിപർ! ൪൦

അതിൻ ചാരത്തു ചെന്നച്ഛൻ കഥിച്ചാൻ സത്യഭാഷിതൻ,
മുന്നോ ഷണിയ്ക്കയാൽ വന്ന മന്നോർക്കിടയിൽവെച്ചുതാൻ:-
'ഈ വില്ലെടുത്തേതു പുമാൻ ശരിയ്ക്കു കുലയേററുമോ,
അവൻെറ ഭാര്യയായീടു,മില്ല സംശയമെന്മകൾ.' ൪൨

കനത്താൽ മല പോലുള്ളാപ്പുള്ളിവിൽ കണ്ടു പാർത്ഥിവർ
വണങ്ങി നടകൊണ്ടാര,തനക്കാൻ കഴിയായ്കയാൽ!
നീണാൾ കഴിഞ്ഞതിൽപ്പിന്നീടി, മഹാദ്യുതി രാഘവൻ
വിശ്വാമിത്രനൊടൊന്നിച്ചു വന്നെത്തി ക്രതു കാണുവാൻ, ൪൪

ഭ്രാതാവാം ലക്ഷ്മണനുമായ് രാമൻ സത്യപരാക്രമൻ.
എന്നച്ഛനാൽസ്സൽക്കൃതനായ് വിശ്വാമിത്രൻ സുധാർമ്മികൻ
അച്ഛനോടോതിനാൻ രാമലക്ഷ്മണാഖ്യസഗർഭ്യരെ:-
'ഇവരോ, ദാശരഥികൾ വില്ലു കാണ്മാൻ കൊതിപ്പവർ; ൪൬

ദിവ്യമാം വില്ലു കാണിയ്ക്കു രാമനാം രാജപുത്രനെ.'
എന്നാ വിപ്രനുരച്ചപ്പോളാ വില്ലങ്ങു വരുത്തിനാൻ;
അതൊരൊററനിമേഷത്താൽ വളച്ചിട്ടി മഹാബലൻ
ഞാണിട്ടുകെട്ടിച്ചിക്കെന്നു വിദ്യ്വാൻ കുലയേററിനാൻ. ൪൮

അവൻ കുലയ്ക്കെ വില്ലക്കാൽ മദ്ധ്യേ രണ്ടായ് മുറിഞ്ഞുപോയ്;
അതിന്നുണ്ടായ് കൊടുംശബ്ദ,മിടിവാൾ വീണതിൻവിധം.
ഉടനങ്ങെന്നെ രാമന്നു നല്കുവാൻ തീർച്ചയാക്കിനാൻ
നൽത്തോയഭാജനമെടുത്തച്ഛൻ സത്യപ്രതിശ്രവൻ, ൫൦

Digitized By Kerala Sahitya Akademi

എന്നാൽ, നല്കപ്പെട്ടന്നെന്നെക്കൈക്കൊണ്ടീലന്നു രാഘവൻ,
പ്രാപ്തനയോദ്ധ്യേശന്റെ കന്യയിൽ ധീയാസ്കയാൽ.
ഉടനച്ഛൻ ദശരഥക്ഷ്മാപാലൻ വൃദ്ധനെ
ക്ഷണിച്ചിട്ടെന്നെ, വിദിതാത്മാവാം രാമന്നു നല്കിനാൻ. ൩൨
എൻ കനീയസിയാളാമൽസ്സാധ്വി, യൂർമ്മിളയും തദാ
നല്കപ്പെട്ടു ലക്ഷ്മണന്നു ഭാര്യയായ് സ്വയമച്ഛനാൽ.
ഇവണ്ണമാണേകിയതി, രാമന്നെന്നെ സ്വയംവരേ;
വീരപ്പുംസാം മണാളരാൽ ധർമ്മത്താലനുരക്ത ഞാൻ." ൩൪

ഒരുന്നൂററിപ്പത്തൊമ്പതാം സർഗ്ഗം: അത്ര്യാശ്രമനിർഗ്ഗമനം.

അമ്മഹാകഥ കേട്ടിട്ടു ധർമ്മജ്ഞയനസൂയയോ,
കെട്ടിപ്പിടിച്ചുതഴുകി മൂർദ്ധ്നി ചുംബിച്ചു സീതയെ.
"കഥിച്ചുവല്ലോ മധുരം, ചിത്രം, സ്ഫുടപദാക്ഷരം;
സ്വയംവരചരിത്രം നീ; കേട്ടുകൊണ്ടതൊക്കെ ഞാൻ; ൨
രസിച്ചേൻ നിന്റെ കഥയാൽത്തുലോം മധുരഭാഷിണി, ഞാൻ.
മറഞ്ഞു ശ്രീക്കതിരവൻ നല്ലല്പിനെ ഞാനൊട്ടിഹ:
കേൾപ്പൂ, പകലിരയ്ക്കായിട്ടകലെപ്പോയ പക്ഷികൾ
അന്തിയ്ക്കുറങ്ങുവാൻ കൂട്ടിൽപ്പൂകുമ്പോഴത്തെ നിസ്വനം. ൪
താപസിമാരാ നീരാടിക്കുടങ്ങളെയെടുത്തിതാ,
ഒപ്പം മടങ്ങിപ്പോരുന്നിതീറനാം വല്ക്കലത്തോടും.
മുനിമാരഗ്നിഹോത്രത്തെ വിധിപോലെ തുടർന്നതിൽ,
കപോതവർണ്ണമാം ധൂമം കാണ്മൂ കാററാലുയർന്നതായ്. ൬
പത്രം കുറഞ്ഞ വൃക്ഷങ്ങളി,ടവിട്ടുള്ളിടത്തിലും
പാടേ തിങ്ങിയപോലായി; മങ്ങിപ്പോയിതു ദിക്കുകൾ.
രാവിൽച്ചരിയ്ക്കും ജന്തുക്കൾ സഞ്ചരിയ്ക്കുന്നു നീളവേ;
ഇതാ, കിടക്കയായ് വേദിത്തിണ്ണകളാശ്രമമാനുകൾ. ൮
വന്നെത്തീ രാത്രിയും സീതേ, നക്ഷത്രങ്ങളണിഞ്ഞതായ്;
നിലാപ്പുതപ്പുമായ്ക്കാണാകുന്നു ചന്ദ്രൻ നഭസ്ഥലേ.

Digitized By Kerala Sahitya Akademi

പോയ്ക്കൊൾക, വിട നല്കുന്നേൻ: രാമാനുചരിയാക നീ;
ത്വദീയവാങ്മാധുരിയാൽപ്പരിതോഷിതയായി ഞാൻ. ൧൫
നീയൊന്നലങ്കരിച്ചാലും, ഞാൻ കാൺകെജ്ജനകാത്മജേ;
എന്നെക്കണ്ടേത്ത, രസിപ്പിയ്ക്കു ദിവ്യാലങ്കാരശോഭയാൽ!”
ആമട്ടലങ്കരിച്ചിട്ടസ്സീത ദേവസുതാഭയാൾ
അവളെത്താനുകമ്പിട്ടു പോന്നു രാമാങ്കലേയ്ക്കുതാൻ. ൧൬

കണ്ടാനമ്മട്ടണിഞ്ഞുള്ള സീതയെസ്സൂക്തികോവിദൻ;
ഹർഷിച്ചാനമ്മുനിസ്ത്രീതൻ സമ്മാനംകൊണ്ടു രാഘവൻ.
പിന്നീടെല്ലാമുണർത്തിച്ചു രാമനെസ്സീത മൈഥിലി:
മുനിസ്ത്രീയുടെ സമ്മാനം, വസ്ത്രാഭരണമാലകൾ. ൧൭
ഹർഷിച്ചു രാമനും, വൻതേരാളി ലക്ഷ്മണനും തുലോം,
നരദുർല്ലഭമാം സീതാസൽക്കാരമത്തു കാൺകയാൽ.
നന്ദിച്ചാപ്പുണ്യയാം രാത്രി ചന്ദ്രമണ്ഡലസന്മുഖൻ
സിദ്ധതാപസസൽക്കാരമേററു പാർത്താൻ രഘൂദ്വഹൻ. ൧൮

ആ രാവങ്ങു കഴിഞ്ഞാറേ യാത്ര ചൊന്നാർ നരർഷഭർ
സ്നാനവും ഹോമവും ചെയ്തു വനസ്ഥമുനിമാരൊടായ്.
ചൊന്നാരവരൊടാ,ക്കാട്ടുപുറവും ധാർമ്മികതാപസർ
അരക്കർമൂലമക്കാട്ടിൽ നടക്കാനുള്ളുപദ്രവം:- ൧൯
‘ആളെത്തിന്നുമരക്കന്മാർ നാനാമൈ പൂണ്ടു രാഘവ,
പാർക്കുന്നുണ്ടിപ്പെരുംകാട്ടിൽ,ച്ചോരയുണ്ണും മൃഗങ്ങളും.
എച്ചിലാൽത്താൻ,പ്രമാദാൽത്താൻ, ധർമ്മം ചെയ്യുന്ന താപസൻ
തീനായ്പ്പോമിപ്പെരുംകാട്ടില:-തു നിർത്തുക രാഘവ! ൨൦
ഇതേ വഴി,മുനീന്ദ്രർക്കു് കായ്കൾകൊണ്ടുവരാൻ വനേ;
ഇതിലേ ദുർഗ്ഗമാം കാട്ടിൽപ്പോകാമങ്ങയ്ക്കു രാഘവ.’

ഇതോതി വിപ്രർഷികൾ കൂപ്പുകയ്യൊടേ
സുമംഗളാശംസകൾ ചെയ്തു രാഘവൻ
വനം പ്രിയാലക്ഷ്മണരൊത്തു പൂകിനാൻ,
ദിനാധിപൻ കാർനിര പോലെ,രിന്ദമൻ. ൨൧

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi